1331

## പാർട്ടി ഭാരവാഹികൾക്കുള്ള
## പരിശീലനക്ലാസ്സുകൾ

# സിലബസ്സ്

320.07

...പാർ
കമ്മ്യൂണിസ്റ്റ് പാർട്ടിൻ...
കേരളാ സ്റ്റേററുകൗൺസിൽ.
പ്രസിദ്ധപ്പെടുത്തുന്നത്.

# പാർട്ടി ഭാരവാഹികൾക്കുള്ള
# പരിശീലനക്ലാസ്സുകൾ

4409

# സിലബസ്സ്

PG Library & Research Center

കമ്മ്യൂണിസ്റ്റ്പാർട്ടി
കേരളാ സ്റ്റേറ്റുകൗൺസിൽ
പ്രസിദ്ധപ്പെടുത്തുന്നതു്.

1961 നവംബർ

വില 1 രൂ.

# ഉള്ളടക്കം

320.07

അദ്ധ്യായം

1. മാർക്സിസത്തിന്റെ തത്വശാസ്ത്രം

2. ചരിത്രത്തിന്റെ ഭൗതികവ്യാഖ്യാനം

3. ഭരണകൂടവും വർഗ്ഗസമരവും വിപ്ലവവും

4. രാഷ്ട്രീയപ്രവർത്തനം: ഒരു ശാസ്ത്രവും കലയും

5. മാർക്സിസ്റ്റ് ധനശാസ്ത്രതത്വങ്ങൾ

6. സാമ്പത്തികാസൂത്രണം–വ്യത്യസ്തവർഗ്ഗങ്ങളുടെ വ്യത്യസ്തസമീപനം

7. നമ്മുടെ പഞ്ചവത്സരപദ്ധതികൾ

8. ഇന്ത്യൻ ഭരണഘടന

9. കമ്മ്യൂണിസ്റ്റ് പാർട്ടി

10. മോസ്കോപ്രഖ്യാപനവും സോവ്യറ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ പുതിയ പരിപാടിയും

11. കർഷകരംഗത്തെ പാർട്ടിയുടെ കടമകൾ

12. പാർട്ടിശാഖാസെക്രട്ടറിമാരുടെ ചുമതലകൾ

# അദ്ധ്യായം ഒന്നു്

## മാർക്സിസത്തിന്റെ തത്വശാസ്ത്രം

1. എന്തുചെയ്യാനും മടിക്കാത്തവരാണു് കമ്മ്യൂണിസ്റ്റുകാർ; വിപ്ലവത്തിന്റെ വിജയത്തിനു പ്രയോജനപ്പെടുന്നതെന്തും ന്യായമാണെന്നതാണവരുടെ അടിസ്ഥാനപ്രമാണം; സത്യം, ധർമ്മം, അഹിംസ മുതലായ തത്വങ്ങളിലൊന്നും അവർക്കു വിശ്വാസമില്ല; മാനുഷികമൂല്യങ്ങളും സദാചാരബോധവുമെല്ലാം അവർ തിരസ്കരിക്കുന്നു—ഇതൊക്കെയാണു് എതിരാളികൾ കമ്മ്യൂണിസ്റ്റ്പ്രസ്ഥാനത്തെപ്പററി പറയുന്നതു്.

ഇതാകട്ടെ, ഇന്നും ഇന്നലെയും തുടങ്ങിയതല്ല. ലോകകമ്മ്യൂണിസ്റ്റ്പ്രസ്ഥാനത്തിന്റെ ഉത്ഭവത്തോളംതന്നെ പഴക്കം ഈ പ്രചാരവേലയ്ക്കുമുണ്ടു്. മാർക്സും എംഗൽസുംചേർന്നു് തയ്യാറാക്കിയതും 1848-ൽ പ്രസിദ്ധീകരിച്ചതുമായ "കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോ" പുറത്തുവരുന്നതിനുമുമ്പു് നിലവിലിരുന്ന ഒരാരോപണമാണതു്. അതുകൊണ്ടാണു് "മാനിഫെസ്റ്റോ"വിന്റെ രണ്ടാമദ്ധ്യായത്തിൽ "സ്വാതന്ത്ര്യം, നീതി, സംസ്കാരം മുതലായ സനാതനസത്യങ്ങൾക്കെതിരാണു് കമ്മ്യൂണിസ"മെന്ന വാദത്തിനു മറുപടി പറയാൻ ഒട്ടേറെ ഖണ്ഡികകൾ അവർക്കുപയോഗിക്കേണ്ടിവന്നതു്.

"മാനിഫെസ്റ്റോ"വിനുശേഷമെഴുതപ്പെട്ട മാർക്സിന്റെയും എംഗൽസിന്റെയും ഗ്രന്ഥങ്ങളിലും ലേഖനങ്ങളിലുമെന്നപോലെതന്നെ പിന്നീടുള്ള മാർക്സിസ്റ്റുകാരുടെ കൃതികളിലും ഈ പ്രശ്നം പരാമർശിക്കപ്പെടേണ്ടിവന്നിട്ടുണ്ടു്. എന്തുകൊണ്ടെന്നാൽ "മാനിഫെസ്റ്റോ" എഴുതപ്പെട്ട കാലംമുതൽ ഇന്നേവരെ തുടർച്ചയായും സംഘടിതമായും നടത്തപ്പെട്ടുപോന്ന ഒരു പ്രചാരവേലയാണിതു്.

2. ഈ പ്രചാരവേലയ്ക്കടിസ്ഥാനമായി എതിരാളികളുപയോഗിക്കുന്നതു കമ്മ്യൂണിസ്റ്റ്പ്രസ്ഥാനത്തിനാധാരമായിനില്ക്കുന്ന തത്വശാസ്ത്രത്തെയാണു്; അഥവാ, ആ തത്വശാസ്ത്രത്തെപ്പററി ജനങ്ങളുടെ ഇടയിലുള്ള തെററിദ്ധാരണയെയാണു്.

ഭൗതികവാദമാണു് കമ്മ്യൂണിസ്റ്റ്പ്രസ്ഥാനത്തിന്നാധാരമായി നില്ക്കുന്ന തത്വശാസ്ത്രം.

ഭൗതികവാദത്തെപ്പററി ജനങ്ങളുടെയിടയിലുള്ള പൊതുധാരണയെന്താണു്? ആദർശധീരതയേയും തത്വദീക്ഷയേയും, മൗലികതത്വങ്ങളിൽ അടിയുറച്ചു നിന്നുകൊണ്ടുമാത്രം ജീവിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നതിന്റെ ആവശ്യകതയേയും നിഷേധിച്ചു ഭൗതികജീവിതത്തിൽമാത്രം ശ്രദ്ധിക്കുന്ന ഒരു ജീവിതവീക്ഷണമാണതു്. സ്വാർത്ഥപ്രേരിതവും ആഡംബരപൂർണ്ണവുമായി ജീവിക്കാനാണതു് ഓരോ വ്യക്തിയേയും പഠിപ്പിക്കുന്നതു്. എംഗൽസു പറയുന്നു:

"അടക്കാൻവയ്യാത്ത ബുഭുക്ഷ, കുടിച്ചുമറിയുന്ന സ്വഭാവം, കാമഭ്രാന്തു്, ഡംഭ്, പണക്കൊതി, ലാഭവാഞ്ഛ, ചൂതുകളി—ചുരുക്കത്തിൽ അറപ്പു ജനിപ്പിക്കുന്ന എന്തെല്ലാം ദുശ്ശീലങ്ങൾ സ്വകാര്യജീവിതത്തിൽ താൻതന്നെ പ്രകടിപ്പിക്കുന്നുണ്ടോ അതെല്ലാം—ഇതാണു ഭൗതികവാദമെന്ന പദംകൊണ്ടു ഒരു ബൂർഷ്വാബുദ്ധിജീവി മനസ്സിലാക്കുന്നതു്. ആത്മീയവാദം, അഥവാ ആദർശവാദം, കൊണ്ടാകട്ടെ അയാൾ മനസ്സിലാക്കുന്നതിതൊക്കെയാണു്: സൽസ്വഭാവങ്ങളിൽ വിശ്വാസം, "ലോകാസ്സമസ്താസ്സുഖിനോഭവന്തു" എന്ന മനോഭാവം; പൊതുവിൽ പറഞ്ഞാൽ,

"കൂടുതൽ നല്ല ഒരു ലോകം" സൃഷ്ടിക്കാനുള്ള വെമ്പൽ. ഈ തത്വങ്ങളിലെല്ലാം തനിക്കു വിശ്വാസമുണ്ടെന്നു മററുള്ളവരുടെ മുമ്പിൽ അയാരം വീമ്പു പറയും; എന്നാൽ താൻ കാണിക്കുന്ന "ഭൗതികമായ" വേണ്ടാതനങ്ങളുടെ ഫലമായി താൻ പാപ്പരാവുന്ന അവസരത്തിൽ മാത്രമേ അയാരം യഥാർത്ഥത്തിൽ അതിലെല്ലാം വിശ്വസിക്കുകയുള്ളു."

3. ഭൗതികവാദമെന്നുവെച്ചാൽ സുഖലോലുപതവും സ്വാർത്ഥതല്പരതയുമാണെന്ന ഈ ധാരണ യാഥാർത്ഥ്യത്തിൽനിന്നെത്രയോ അകന്നതാണ്. ഇതിനുള്ള പ്രത്യക്ഷോദാഹരണങ്ങളാണ് കഴിഞ്ഞ ഒരു നൂററാണ്ടിലധികംകാലത്ത് ലോകത്തിലെങ്ങുമുള്ള ലക്ഷോപലക്ഷം കമ്മ്യൂണിസ്ററുകാർ പ്രായോഗിക ജീവിതത്തിൽ പ്രദർശിപ്പിച്ചിട്ടുള്ളതു്: നിസ്സ്വാർത്ഥതയും ആദർശധീരതയും തത്വദീക്ഷയും ത്യാഗസന്നദ്ധതയും.

മാർക്സിൻേറയും ഏംഗൽസിൻേറയും കാലംമുതൽക്കുതന്നെ കമ്മ്യൂണിസ്ററുകാരുടെ ജീവിതം കഷ്ടപ്പാടുനിറഞ്ഞതായിരുന്നിട്ടുണ്ട്. ലോകാരംഭംമുതല്ക്കിതേവരെ മനുഷ്യസമുദായത്തിൽനിന്നുയൻവന്നിട്ടുള്ള പ്രഖ്യാതബുദ്ധിജീവികളിൽ വെച്ചേററവും പ്രതിഭാശാലികളിലും പ്രഖ്യാതരിലുംപെട്ട ഒരാളായ മാർക്സ് തൻെറ നിത്യജീവിതം നയിക്കുന്നതിൽ സഹിച്ച കഷ്ടപ്പാടുകാം അദ്ദേഹമൊരു കമ്മ്യൂണിസ്റ്റല്ലായിരുന്നുവെങ്കിൽ ഉണ്ടാവുമായിരുന്നില്ല. ബൂർഷ്വാബുദ്ധിജീവികളുടെ ഇടയിൽനിന്നുവന്ന കമ്മ്യൂണിസ്ററുകാരുടെ സ്ഥിതിയിതാണെങ്കിൽ തൊഴിലാളികളിൽനിന്നുയൻവന്ന കമ്മ്യൂണിസ്ററുകാർ പിരിച്ചുവിടലിനും തൊഴിലില്ലായ്മയ്ക്കും മററു സാമ്പത്തികദുരിതങ്ങാംക്കും സദാ ഇരയായിക്കൊണ്ടാണ് തങ്ങളുടെ പ്രവൎത്തനം നടത്തിപ്പോരുന്നതു്.

സാമ്പത്തികജീവിതത്തിലനുഭവിക്കേണ്ടിവരുന്ന ഈ ദുരിതങ്ങാംക്കുപുറമേ ഭരണകൂടത്തിൽനിന്നുള്ള നാനാതരം ആക്രമണങ്ങാംക്കും കമ്മ്യൂണിസ്ററുകാർ സദാ ഇരയാവുന്നു. അറസ്റ്റ്, ലോക്കപ്പുമർദ്ദനം, ഗുണ്ടാആക്രമണം, പോലീസ്സാക്രമണം, വെടിവെപ്പ്, തൂക്കുമരം— ഇതെല്ലാം പ്രതീക്ഷിച്ചുകൊണ്ടാണ് ഓരോ കമ്മ്യൂണിസ്റ്റുകാരനും തൻെറ ജീവിതത്തിൽ പ്രധാനഭാഗവും ചെലവഴിക്കുന്നതു്. ഇതിൻെറ ഫലമായാണ് "രക്തസാക്ഷികളുടെ പാർട്ടി"യെന്ന പേരു് ഓരോ രാജ്യത്തുമുള്ള കമ്മ്യൂണിസ്റ്റ്പാർട്ടിക്കു കിട്ടിയിട്ടുള്ളതു്.

ഇതേയവസരത്തിൽ പട്ടിണിയും പണിയില്ലായ്മയും പോലീസുമർദ്ദനവും കൂടാതെ സ്വന്തം സ്വാർത്ഥം നേടണമെന്ന ആഗ്രഹമ ഉള്ളവെങ്കിൽ അതിനുള്ള അവസരംനല്കി കമ്മ്യൂണിസ്റ്റ്കാരെ മെരുക്കിയെടുക്കാനുള്ള ഏപ്പാടുകളും ഭരണാധികാരിവൎഗ്ഗങ്ങളുണ്ടാക്കുന്നുണ്ട്. കമ്മ്യൂണിസ്റ്റ്പ്രസ്ഥാനത്തിൽനിന്നും വിട്ടുപോയി അതിനെ വഞ്ചിക്കാൻ തയ്യാറാവുന്നവക്കു പദവിയും സ്ഥാനമാനങ്ങളുമെല്ലാം ലോഭംകൂടാതെ കൊടുക്കാനവർ തയ്യാറാണ്.

ഈ സാഹചര്യത്തിൽ, ദുരിതമയമായ നിത്യജീവിതത്തിൽനിന്നും ഭരണകൂടം നടത്തുന്ന ആക്രമണത്തിൽനിന്നും രക്ഷകിട്ടുവാനും എതിരാളികാം എറിഞ്ഞു കൊടുക്കുന്ന അപ്പക്കഷണങ്ങാം പെറുക്കിത്തിന്നാനുംവേണ്ടി ഒരുപിടി "യൂഡാസുകാം" പ്രസ്ഥാനത്തെ വഞ്ചിച്ചിട്ടുണ്ടെങ്കിലും, പ്രസ്ഥാനത്തെ അടിച്ചമത്താനും അതിൻെറ അംഗങ്ങളെ മെരുക്കിയെടുക്കാനും എതിരാളികാംനടത്തിയ ശ്രമങ്ങളെയെല്ലാം ചെറുത്തുതോല്പിക്കാൻ പ്രസ്ഥാനത്തിനു കഴിഞ്ഞു. ആദർശധീരരും ത്യാഗസമ്പന്നരുമായ ലക്ഷോപലക്ഷം കമ്മ്യൂണിസ്റ്റ്കാർ തൊഴിലാളിവൎഗ്ഗത്തിൽനിന്നും മററു ധ്വാനിക്കുന്ന ബഹുജനങ്ങളിൽനിന്നും ബൂർഷ്വാബുദ്ധിജീവികളിൽനിന്നും ഉയൻവന്നു. തൂക്കുമരത്തെയും, വെടിയുണ്ടകളെയും മററു മർദ്ദനവിധാനങ്ങളെയുമെന്ന പോലെതന്നെ പലതരം പ്രലോഭനങ്ങളെയും തൃണവൽഗണിച്ചുകൊണ്ടു് പ്രസ്ഥാന

ത്തിന് സ്വന്തം ജീവിതമർപ്പിച്ച ഈ ത്യാഗമൂർത്തികളാണ് പ്രസ്ഥാനത്തിന്റെ സമ്പത്ത്.

4. ഒരുകാര്യംകൂടി ഇത്തരുണത്തിൽ ശ്രദ്ധേയമായിട്ടുണ്ട്. കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ നേതാക്കന്മാരും സാധാരണമെമ്പർമാരുമായ ആളുകളിൽ പലരെയുംസംബന്ധിച്ച് എതിരാളികൾതന്നെ ഇങ്ങനെ പറയുന്നതു കേൾക്കാം: "അയാൾ നല്ലൊരാളാണ്. പക്ഷേ എന്തുചെയ്യാം? കമ്മ്യൂണിസ്റ്റായിപ്പോയി!" കമ്മ്യൂണിസത്തെസംബന്ധിച്ച തങ്ങൾക്കുള്ള അടിസ്ഥാനപരമായ ധാരണകളൊന്നും ഈ വ്യക്തിക്കു ബാധകമല്ലെന്നാണല്ലോ ഇതിന്നർത്ഥം.

ഇങ്ങനെ പ്രശംസാർഹമായ ഗുണങ്ങളുള്ളൊരു വ്യക്തി ആക്ഷേപാർഹമായ അനവധി ദുർഗ്ഗുണങ്ങളുടെ വിളനിലമാണെന്നു പറയപ്പെടുന്ന ഒരു പ്രസ്ഥാനത്തിൽ അംഗമാകുന്നതെങ്ങനെ? സ്വാഭാവികമായുയർന്നുവരാവുന്ന ഒരു ചോദ്യമാണിത്. പക്ഷേ, അതു നമ്മുടെ ബൂഷ്വാബുദ്ധിജീവികളെ അലട്ടുന്നില്ല. എന്തുകൊണ്ടെന്നാൽ, തത്വവും പ്രയോഗവുംതമ്മിലുള്ള വൈരുദ്ധ്യം അവക്കു പുത്തരിയല്ല. എല്ലാ സൽഗുണങ്ങളുടെയും സൽസ്വഭാവങ്ങളുടെയും വിളനിലമായി തങ്ങൾ കണക്കാക്കുന്ന ആത്മീയവാദപരമായ ലോകവീക്ഷണവും മതതത്വങ്ങളെ ആസ്പദമാക്കിയുള്ള നിത്യജീവിതമംഗീകരിച്ചവർ കാട്ടിക്കൂട്ടുന്ന പേക്കൂത്തുകൾ അവർ കാണുന്നുണ്ടല്ലോ. ഇങ്ങനെ, തത്വശാസ്ത്രപരമായി ഭൗതികവാദത്തെ എതിർക്കുന്ന ആളുകൾ പ്രായോഗികജീവിതത്തിൽ സ്വാർത്ഥതല്പരരും, ആഡംബരപ്രിയരും, അക്രമപ്രവർത്തകരുമായിത്തീരുന്ന സ്ഥിതിക്ക് തത്വശാസ്ത്രപരമായി ഭൗതികവാദമംഗീകരിക്കുന്നവർ പ്രായോഗികജീവിതത്തിൽ നിസ്സ്വാർത്ഥരും ലളിതജീവിതക്കാരും ത്യാഗസന്നദ്ധരുമായിത്തീരുന്നതിലെന്താണതിശയിക്കാനുള്ളത്?

ബൂഷ്വാബുദ്ധിജീവികൾക്കു സ്വാഭാവികമായി തോന്നുന്ന ഈ വൈരുദ്ധ്യം—കമ്മ്യൂണിസ്റ്റുകാരംഗീകരിക്കുന്ന ഭൗതികവാദത്തിന്റെ തത്വശാസ്ത്രവും അവർ നിത്യജീവിതത്തിൽ പ്രദർശിപ്പിക്കുന്ന ആദർശധീരതയുംതമ്മിലും, ബൂഷ്വാബുദ്ധിജീവികളംഗീകരിക്കുന്ന ആത്മീയവാദത്തിന്റെ തത്വശാസ്ത്രവും പ്രായോഗികജീവിതത്തിൽ അവർ പ്രദർശിപ്പിക്കുന്ന സ്വാർത്ഥതല്പരതയും മററു ദുഃസ്വഭാവങ്ങളുംതമ്മിലുമുള്ള വൈരുദ്ധ്യം—അവരുടെ തത്വശാസ്ത്രത്തെയാകെ പരിഹാസപാത്രമാക്കുന്നു, എന്തുകൊണ്ടെന്നാൽ, വൈരുദ്ധ്യത്തിന്റേതായ ഈ പ്രശ്നത്തിനു പരിഹാരം കാണാൻ കഴിയാത്തപക്ഷം, അവരുടെ തത്വശാസ്ത്രപരമായ നിലപാട് പ്രായോഗികാനുഭവങ്ങളിൽനിന്നും പ്രായോഗികജീവിതത്തിൽനിന്നും അകന്നുനിൽക്കുന്ന ഒരനാവശ്യവസ്തുവായവശേഷിക്കും.

5. തത്വശാസ്ത്രവും പ്രായോഗികാനുഭവവുംതമ്മിലുള്ള ഈ വൈരുദ്ധ്യമാകട്ടെ, ബൂഷ്വാബുദ്ധിജീവികൾ കൃത്രിമമായുണ്ടാക്കിയതാണ്; ഭൗതികവാദത്തെസംബന്ധിച്ചു പൊതുവിലും, ഭൗതികവാദംകൊണ്ട് മാർക്സിസ്റ്റുകാരുദ്ദേശിക്കുന്നതെന്തെന്നതിനെക്കുറിച്ചു വിശേഷിച്ചും, ബൂഷ്വാബുദ്ധിജീവികൾക്കു സ്വയം ഉള്ളതും അവർ മററുള്ളവരിലുണ്ടാക്കാൻ ശ്രമിക്കുന്നതുമായ തെററുധാരണയിൽനിന്നാണീ വൈരുദ്ധ്യം ഉളവാവുന്നത്.

എന്താണ് ഭൗതികവാദത്തിന്റെ അർത്ഥം? ഭൗതികപദാർത്ഥങ്ങളാണ് ആശയമോ ആത്മാവോ അല്ല, പ്രപഞ്ചത്തിൽ ആദ്യമായുണ്ടായത് എന്ന അടിസ്ഥാനത്തിലുള്ള വീക്ഷണഗതിയുടെ പേരാണത്. നേരെമറിച്ച്, ആശയം അഥവാ ആത്മാവ് ആദ്യമുണ്ടായി, അതിന്റെ സൃഷ്ടിയാണ് ഭൗതികപദാർത്ഥങ്ങൾ, എന്ന അടിസ്ഥാനത്തിലുള്ള വീക്ഷണഗതിയെ ആശയവാദം അല്ലെങ്കിൽ ആത്മീയവാദം എന്ന പേരുകൊണ്ടറിയുന്നു.

(കുറിപ്പ്: **Idealism** എന്ന ഇംഗ്ലീഷുപദത്തിന്റെ തർജ്ജമയെന്ന നിലയ്ക്ക് ആദർശവാദം എന്ന പദം പലരും പ്രയോഗിക്കാറുണ്ട്. ഇതു് ഈ സന്ദർഭത്തിൽ തെററാണ്. **Idea** (ആശയം) എന്ന പദത്തിൽനിന്നാണ് **Ideal** (ആദർശം) എന്ന പദത്തിൽനിന്നല്ല, തത്വശാസ്ത്രപരമായി ചർച്ചയ്ക്കുപയോഗിക്കപ്പെടുന്ന **Idealism** വന്നിട്ടുള്ളതു. ഇന്ത്യൻ തത്വശാസ്ത്രത്തിന്റെ ധാരണകളനുസരിച്ച് ഇതിനെ ആത്മീയവാദമെന്നോ, പദാനുപദതർജ്ജമയെന്ന നിലയ്ക്ക് ആശയവാദമെന്നോ വിളിക്കാം. **Ideal** എന്ന പദത്തിൽനിന്നുണ്ടാവുന്ന **Idealism**-ത്തിനർത്ഥം ആദർശധീരത, ആദർശപ്രേമം എന്നാണ്.)

ഭൗതികവാദത്തിനും ആത്മീയവാദത്തിനും രണ്ടിനും പല ഉൾപ്പിരിവുകളും രൂപഭേദങ്ങളുമുണ്ട്.

ഉദാഹരണത്തിന് ആത്മീയവാദത്തിന്റെ ഒരു രൂപമായ ഹൈന്ദവ "മായാവാദം" ഭൗതികപദാർത്ഥങ്ങളുടെ അസ്തിത്വത്തെത്തന്നെ നിഷേധിക്കുന്നു. ഇക്കാണുന്ന പ്രപഞ്ചത്തിലുള്ള സകല ചരാചരവസ്തുക്കളും യഥാർത്ഥത്തിൽ ഇല്ലാത്തവയാണു; മനസ്സിന്റെ അഥവാ ആത്മാവിന്റെ, സൃഷ്ടിയാണ്; അവ നിലനില്ക്കുന്നുണ്ടെന്നു നമ്മുടെ അകത്തുള്ള "മായ" നിമിത്തം നമുക്കു തോന്നുകയാണ്—ഇതാണു വാദം.

അതുപോലെതന്നെ ഭൗതികവാദത്തിന്റെ പ്രണേതാക്കളിൽ പലരും ബോധം, ബുദ്ധി, വികാരവിചാരങ്ങൾ എന്നിവയെ തികച്ചും യാന്ത്രികമായി വ്യാഖ്യാനിക്കാൻ ശ്രമിക്കുന്നു. വിവിധഭാഗങ്ങൾ കൂട്ടിച്ചേർത്തുണ്ടാക്കിയ ഒരു യന്ത്രം അക്കൂടിച്ചേരലിന്റെ രൂപമനുസരിച്ച് ആവിയന്ത്രമോ മോട്ടോറോ മററോ ആയി പ്രവർത്തിക്കുന്നതുപോലെയാണ് വിവിധങ്ങളായ അംഗോപാംഗങ്ങൾ കൂട്ടിച്ചേർത്തു മനുഷ്യശരീരമുണ്ടാക്കിയാൽ അതിന്റെ ഫലമായി തലച്ചോറും ഹൃദയവും വഴി വികാരവിചാരങ്ങളുണ്ടാകുന്നതെന്നത്രെ ഇവരുടെ വാദം. ഈ വാദമനുസരിച്ചുനോക്കിയാൽ മഹാത്മാഗാന്ധിയും, മുഹമ്മദാലിജിന്നയും, മാസ്റ്റർ താരാസിങ്ങും, ഡാക്ടർ അംബെദ്ക്കറും, ഈ. വി. രാമസ്വാമിനായ്ക്കരും തമ്മിൽതമ്മിലും അവരിലോരോ ആളും അദ്ദേഹത്തിന്റെ അനുയായികളുംതമ്മിലുമുള്ള വ്യത്യാസത്തിനു കാരണം ഓരോരുത്തരുടെ ശരീരഘടനയിൽച്ചേർന്ന ഭൗതികപദാർത്ഥങ്ങളുടെ വ്യത്യാസമാണ്. ഈ സമീപനമംഗീകരിക്കുന്ന ഭൗതികവാദത്തെ യാന്ത്രികഭൗതികവാദമെന്നു വിളിക്കുന്നു.

6. മാർക്സിസംലെനിനിസമാകട്ടെ, എല്ലാത്തരത്തിലുമുള്ള ആത്മീയവാദത്തെയുമെന്നപോലെ യാന്ത്രികഭൗതികവാദത്തെയും തിരസ്കരിക്കുന്നു.

ആശയം, ആത്മാവ്, ബുദ്ധി, മനസ്സ്, ബോധം, മുതലായ ആത്മീയപ്രതിഭാസങ്ങളെ അതു നിഷേധിക്കുന്നില്ല; അവയെ യാഥാർത്ഥ്യങ്ങളായിത്തന്നെ അതംഗീകരിക്കുന്നു. പക്ഷേ അവയല്ല ആദ്യമുണ്ടായതു്, ഭൗതികപദാർത്ഥങ്ങളാണ്, എന്നതു സ്ഥാപിക്കുന്നു; ഭൗതികപദാർത്ഥങ്ങളുടെ സവിശേഷരൂപത്തിലുള്ള ബന്ധങ്ങളുടെയും പ്രവർത്തനത്തിന്റെയും ഫലമായാണ് ഈ ആത്മീയപ്രതിഭാസങ്ങൾ രൂപംപ്രാപിക്കുന്നതെന്നാണതു വാദിക്കുന്നതു്.

ഈ ആത്മീയപ്രതിഭാസങ്ങൾ ഉത്ഭവിക്കുന്നതു ഭൗതികപദാർത്ഥങ്ങളുടെ പ്രവർത്തനത്തിൽനിന്നാണെന്നതിനു സംശയമില്ല. പക്ഷേ യന്ത്രങ്ങളിൽ ആവിയും മോട്ടോർശക്തിയും വിദ്യുച്ഛക്തിയും മററുമുണ്ടായി യാന്ത്രികമായി പ്രവർത്തിക്കുന്നതുപോലെയല്ല ഉത്ഭവത്തിനുശേഷം അവ പ്രവർത്തിക്കുന്നതെന്നും മാർക്സിസം ലെനിനിസം ചൂണ്ടിക്കാണിക്കുന്നു. ഭൗതികപദാർത്ഥങ്ങളുടെ പ്രവർത്തനത്തിന്റെ ഫലമായി രൂപംപ്രാപിച്ചുകഴിഞ്ഞാൽപ്പിന്നെ ഭൗതികപദാർത്ഥങ്ങളുടെ പ്രവർത്തനം മനസ്സിലാക്കാനും ഒരതിർത്തിവരെ നിയന്ത്രിക്കാൻപോലും ആത്മീയപ്രതിഭാസങ്ങൾക്കു കഴിവുണ്ട്. ഈ പരമാർത്ഥം ചൂണ്ടിക്കാണിക്കുന്ന പ്രപഞ്ചവീക്ഷണത്തിന്റെ പേ

ളാണ് വൈരുദ്ധ്യാധിഷ്ഠിതമായ ഭൗതികവാദം. അതിന്റെ അടിസ്ഥാനതത്വങ്ങൾ 'മാർക്സിസം-ലെനിനിസത്തിന്റെ അടിസ്ഥാനതത്വങ്ങൾ" എന്ന ഗ്രന്ഥത്തിന്റെ ഒന്നാംഭാഗത്തു സംഗ്രഹിച്ചു ചേർത്തിട്ടുണ്ട്. അതിൽനിന്നു ഭൗതികപദാർത്ഥങ്ങളും ആത്മീയപ്രതിഭാസങ്ങളും തമ്മിലുള്ള ബന്ധം വിവരിക്കുന്നൊരു ഖണ്ഡികയാണ് താഴെ കൊടുക്കുന്നതു്.

"സങ്കീർണ്ണങ്ങളും വിവിധഗുണങ്ങളോടുകൂടിയവയുമായ ജ്ഞാനേന്ദ്രിയങ്ങളുമായി ബന്ധപ്പെട്ടുകിടക്കുന്ന മനുഷ്യമസ്തിഷ്കത്തിന്റെ പ്രവർത്തനങ്ങളിൽ നിന്നാണ് ബോധം ഉത്ഭവിച്ചതു്. അടിസ്ഥാനപരമായി അതു ഭൗതികലോകത്തിന്റെ പ്രതിഫലനമെന്ന നിലയ്ക്കാണ് പ്രത്യക്ഷപ്പെടുന്നതു്. വികാരശക്തി, ഗ്രഹണശക്തി, നിരീക്ഷണശക്തി, ചിന്താശക്തി, ധാരണാശക്തി, സംവേദനശക്തി, ഇച്ഛാശക്തി, എന്നിങ്ങനെ മനുഷ്യന്റെ മാനസികപ്രവർത്തനങ്ങളുടെ വിവിധവശങ്ങളെയുൾക്കൊള്ളുന്ന ബഹുമുഖമായ ഒരു ഗതിക്രമമാണു ബോധം. മസ്തിഷ്കം നല്ലനിലയിൽ പ്രവർത്തിക്കുന്നില്ലെങ്കിൽ ബോധത്തിന്റെ സാധാരണപ്രവർത്തനങ്ങൾ സാദ്ധ്യമാവില്ല. ലഹരികൊണ്ടോ, ദീനംകൊണ്ടോ മസ്തിഷ്കപ്രവർത്തനങ്ങൾക്കു കോട്ടംതട്ടിയാൽ യുക്തിയുക്തമായി ചിന്തിക്കാൻ കഴിയാതാവും. മനുഷ്യന്റെ മസ്തിഷ്കചർമ്മത്തിന്റെ പ്രവർത്തനങ്ങളുടെ താല്ക്കാലികവും ഭാഗികവുമായ ഒരു സ്തംഭനമാണ് ഉറക്കം. ചിന്ത നിന്നിരിക്കുന്നുവെന്നും ബോധം മങ്ങിയിരിക്കുന്നുവെന്നുമാണ് അതു കാണിക്കുന്നതു്.

ഭൗതികവാദത്തിന്റെ ശരിയായ നിലപാടാണിതു്. എന്നാൽ ഇതിന്റെ അർത്ഥം ചിന്ത മസ്തിഷ്കത്തിൽനിന്നും ആവിർഭവിച്ചു വേർപെട്ടുനില്ക്കുന്ന എന്തോ ഒന്നാണെന്നല്ല. ലാലാഗ്രന്ഥികൾ ഉമിനീരുല്പാദിപ്പിക്കുന്നതുപോലെ, മസ്തിഷ്കം ഉല്പാദിപ്പിക്കുന്ന ഒരു പ്രത്യേക വസ്തുവാണു ചിന്ത എന്നു 19-ാംനൂറ്റാണ്ടിലെ ജർമ്മൻ ബൂർഷ്വാ ഭൗതികവാദി കാറൽവോട്ട് നിർവ്വചിക്കുകയുണ്ടായി. മനസ്സ്, അല്ലെങ്കിൽ ബോധം അല്ലെങ്കിൽ ചിന്ത ഭൗതികപദാർത്ഥത്തിന്റെ ഒരു ഗുണവിശേഷം മാത്രമാണ്; ഒരു പ്രത്യേകതരത്തിലുള്ള ഭൗതികപദാർത്ഥമല്ല.

തത്വശാസ്ത്രത്തിന്റെ അടിസ്ഥാനപ്രശ്നം നിർണ്ണയിക്കുമ്പോൾ ബോധവും പദാർത്ഥവും തമ്മിലും ആത്മാവും പ്രകൃതിയും തമ്മിലുമുള്ള വൈരുദ്ധ്യങ്ങളെ നാം പരിശോധിക്കുന്നു. ബോധത്തെ ആശ്രയിക്കാതെ ബോധത്തിനുപുറത്തു സ്ഥിതിചെയ്യുന്നതിനെയെല്ലാം നാം ഭൗതികപദാർത്ഥമെന്നു പറയുന്നു. അപ്പോൾ ബോധത്തെ ഭൗതികപദാർത്ഥത്തിന്റെ ഒരു ഭാഗമായി കണക്കാക്കുന്നതു്, ഗൗരവമേറിയ ഒരു തെറ്റായിരിക്കും. ലെനിൻ ചൂണ്ടിക്കാണിക്കുന്നു: "ചിന്ത ഭൗതികമാണെന്നു പറയുന്നതു് ഭൗതികവാദത്തെയും ആത്മീയവാദത്തെയും തമ്മിൽ കൂട്ടിക്കുഴയ്ക്കുകയെന്ന തെറ്റായ വഴിയിലേക്കുള്ള ഒരു കാൽവെപ്പാണ്." യഥാർത്ഥത്തിൽ ചിന്ത ഭൗതികപദാർത്ഥംതന്നെയാണെങ്കിൽ പിന്നെ ചിന്തയും ഭൗതികപദാർത്ഥവും തമ്മിൽ യാതൊരു വ്യത്യാസവുമില്ലാതാവും; രണ്ടും ഒരുപോലെയാവും.

മാർക്സിസ്റ്റ് ഭൗതികവാദം ബോധത്തെ ഒരു ഭൗതികവസ്തുവായി കണക്കാക്കുന്നുവെന്നതു് മാർക്സിസത്തിന്റെ ശത്രുക്കൾ തുടർച്ചയായി ഉന്നയിച്ചുകൊണ്ടിരിക്കുന്ന ഒരാരോപണമാണ്. മാർക്സിസ്റ്റ് ഭൗതികവാദത്തെ എളുപ്പത്തിൽ "ഖണ്ഡിക്കാൻ"വേണ്ടിയാണ് അവരിങ്ങിനെ ചെയ്യുന്നതു്. ഇതൊരു പഴയ അടവാണ്. ആദ്യം എതിരാളിയിൽ അസംബന്ധങ്ങളും വിഡ്ഢിത്തരങ്ങളും ആരോപിക്കുക, എന്നിട്ടവരെ കഠിനമായി എതിർത്തുതോല്പിക്കുക!

യഥാർത്ഥത്തിൽ ബോധത്തെയും ഭൗതികപദാർത്ഥത്തെയും ഒന്നായി കാണുന്നതു് വൈരുദ്ധ്യാധിഷ്ഠിത ഭൗതികവാദത്തിന്റെ വീക്ഷണഗതിയല്ല; വികൃതഭൗതികവാദത്തിന്റെ വീക്ഷണഗതിയാണ്. ഇത്തരം വീക്ഷണഗതികൾക്കെതി

രായി മാർക്സിസ്റ്റ് ഭൗതികവാദം എല്ലായ്പോഴും പോരാടിപ്പോന്നിട്ടുണ്ട്. ഇപ്പോഴും പോരാടുന്നുമുണ്ട്. ഭൗതികബോധത്തിന്റെ പ്രതിഫലനമായ ബോധം ഭൗതിക പദാർത്ഥത്തിൽനിന്നും വ്യത്യസ്തമാണെന്നാണ് അതു ഇടവിടാതെ വാദിച്ചുപോന്നിട്ടുള്ളതു്.

എന്നാൽ, ബോധവും പദാർത്ഥവും തമ്മിലുള്ള ഈ വ്യത്യാസത്തെ ഉള്ളതിൽ കവിഞ്ഞു കാണുകയോ അതിനെ കേവലമായ ഒരകൽച്ചയായി കണക്കാക്കുകയോ ചെയ്യരുതു്. ബോധവും പദാർത്ഥവും തമ്മിൽ അത്തരമൊരകൽച്ചയുണ്ടെന്നുള്ളതു് മനോവൃത്തിപരമായ സമാന്തരവാദത്തിന്റ് (**Psycho Physical Parellelism**) ചെന്ന വാദഗതിയാണ്. ചിന്ത അല്ലെങ്കിൽ ബോധം ഭൗതികപ്രക്രിയകൾക്കു സമാന്തരങ്ങളായി തലച്ചോറിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന ഗതിക്രമങ്ങളാണെന്നും അവ ഭൗതികലോകത്തെ ആശ്രയിക്കുന്നില്ലെന്നുമാണ് ഈ ചിന്താഗതിക്കാർ വാദിക്കുന്നതു്. ശാസ്ത്രം ഈ വീക്ഷണഗതിക്കെതിരാണ്. മനുഷ്യന്റെ മാനസിക ജീവിതം അവന്റെ ശരീരഘടനയുടെ സജീവപ്രവൎത്തനങ്ങളുടെ ഒരു പ്രത്യേക വശം മാത്രമാണെന്നും അതു മസ്തിഷ്കത്തിന്റെ ഒരു പ്രത്യേക ചേഷ്ടയാണെന്നും ശാസ്ത്രം തെളിയിക്കുന്നു.

ബോധവും പദാർത്ഥവും തമ്മിൽ അകൽച്ചയുണ്ടെന്ന വാദത്തെ ചലനാത്മക ഭൗതികവാദം നിഷേധിക്കുന്നു. ശരീരത്തിനുള്ളിൽ അടങ്ങിനിന്നുകൊണ്ടു് അതിനെ നിയന്ത്രിക്കുന്നുവെന്ന് സങ്കല്പിക്കപ്പെടുന്ന ഏതോ അന്തരാത്മാവിന്റെ പ്രവൎത്തനങ്ങളായി ജീവിതപ്രതിഭാസങ്ങളെ വ്യാഖ്യാനിക്കുന്ന അതിപ്രാചീന കാലഘട്ടത്തിലെ പ്രാകൃതവും അജ്ഞതനിറഞ്ഞതുമായ ഒരു ചിന്താഗതിയാണിതു്.

മനോവൃത്തിയെ സംബന്ധിച്ച പ്രശ്നവുമായി ഇടപെടുമ്പോൾ അതായതു് ബോധത്തെയും ബോധത്തിന്റെ അവയവമായ മസ്തിഷ്കത്തേയും—ഭൗതികവും ശാരീരികവുമായ ഒരവയവമാണ് മസ്തിഷ്കം—കുറിച്ചു പരാമർശിക്കുമ്പോൾ, അവ തമ്മിലുള്ള വ്യത്യാസത്തെ എന്നപോലെ ബന്ധത്തെയും നാം കണക്കിലെടുക്കേണ്ടതുണ്ടു്. പക്ഷെ, അവ തമ്മിലുള്ള വ്യത്യാസത്തെ നാം മറന്നുകളയരുതു്. കാരണം, ബോധവും പദാർത്ഥവും ഒന്നുതന്നെയെന്ന വാദം നമ്മെ നേരിട്ടു് അസംബന്ധങ്ങളിലേയ്ക്കു നയിക്കും. എന്നാൽ അതേസമയത്തു് ബോധത്തെ മസ്തിഷ്കത്തിൽനിന്ന് അടൎത്തി കാണുകയുമരുതു്. എന്തെന്നാൽ, ബോധം മസ്തിഷ്കത്തിന്റെ—സവിശേഷരൂപത്തിൽ സംഘടിതമായ ഭൗതികപദാർത്ഥത്തിന്റെ—ഒരു ചേഷ്ടയാണ്.

7. ഭൗതികപദാർത്ഥങ്ങളും ആത്മീയപ്രതിഭാസങ്ങളുംതമ്മിലുള്ള ഈ ബന്ധം സാമൂഹ്യജീവിതത്തിലും പ്രതിഫലിക്കുന്നു. ഭൗതികപദാർത്ഥങ്ങളുടെ വളർച്ചയിൽ നിന്ന് ആത്മീയപ്രതിഭാസങ്ങളുണ്ടാകുന്നതുപോലെ സാമൂഹ്യജീവിതത്തിന്റെ ഭൗതികസാഹചര്യങ്ങളിൽനിന്ന് സാമൂഹ്യബോധവും സാമൂഹ്യസ്ഥാപനങ്ങളും സംസ്കാരവും ജന്മമെടുക്കുന്നു. ഇതെല്ലാം നടക്കുന്നതെങ്ങനെയെന്നു വിശദീകരിക്കുന്ന സാമൂഹ്യശാസ്ത്രത്തിന്റെ പേരാണ് ചരിത്രപരമായ ഭൗതികവാദം. അതിന്റെ അടിസ്ഥാനതത്വങ്ങൾ മേൽസൂചിപ്പിച്ച ഗ്രന്ഥത്തിന്റെ രണ്ടാംഭാഗത്തു് സംഗ്രഹിച്ചു ചേർത്തിട്ടുണ്ടു്. അതിൽ പറയുന്നു:

ചരിത്രപരമായ ഭൗതികവാദത്തിലെ പ്രാരംഭനിഗമനത്തെ മാർക്സ് ഇങ്ങനെ നിർവ്വചിച്ചു: "മനുഷ്യരുടെ ബോധം അവരുടെ നിലനില്പിനെ നിർണ്ണയിക്കുന്നില്ല; മറിച്ചു്, അവരുടെ നിലനില്പ് ബോധത്തെ നിർണ്ണയിക്കുന്നു." മററു വാക്കുകളിൽ പറഞ്ഞാൽ, പ്രകൃതിയിലെന്നപോലെ സമുദായത്തിലും നിലനില്പ്, അതായതു് ഭൗതികജീവിതം പ്രാഥമികമാണ്. ആത്മീയജീവിതത്തെ, ബോധത്തെ, നിർണ്ണയിക്കുന്ന ഘടകമാണതു്.

രാഷ്ട്രീയവും നിയമപരവുമായ സിദ്ധാന്തങ്ങളുടേയും ഒരു പ്രത്യേകസമുദായത്തിന്റെ മതപരവും തത്വശാസ്ത്രപരവും സദാചാരപരവുമായ വീക്ഷണഗതികളുടേയും ആകെത്തുകയാണ് സാമൂഹ്യബോധം എന്നും സാമൂഹ്യബോധത്തിൽ സാമൂഹ്യശാസ്ത്രം, കല, സാമൂഹ്യമനശ്ശാസ്ത്രം , (ഓരോ സമുദായത്തിന്റേയും തനതായ വികാരവിചാരങ്ങൾ, മനോഭാവങ്ങൾ, ആചാരമര്യാദകൾ തുടങ്ങിയവ) ഇവയെല്ലാം അടങ്ങിയിട്ടുണ്ട് എന്നും മാർക്സിസം പറയുന്നു.

ചരിത്രപരമായ ഭൗതികവാദം തെളിയിച്ചുകഴിഞ്ഞിട്ടുള്ളതുപോലെ, സമൂഹത്തിന്റെ മുഴുവൻ മുഖച്ഛായയേയും അതിന്റെ ഘടനയേയും വീക്ഷണഗതികളേയും സ്ഥാപനങ്ങളേയുമെല്ലാം നിർണ്ണയിക്കുന്ന സമൂഹത്തിന്റെ ഭൗതികജീവിതം എന്നുപറഞ്ഞാൽ വാസ്തവത്തിലെന്താണ്?

ഭക്ഷണം, വസ്ത്രം, പാർപ്പിടം തുടങ്ങി സ്വന്തം ജീവിതാവശ്യങ്ങൾക്കും സുഖസൗകര്യങ്ങൾക്കുംവേണ്ടി ജനങ്ങൾ നടത്തുന്ന അദ്ധ്വാനപ്രവർത്തനമാണ് സമൂഹത്തിന്റെ ഭൗതികജീവിതത്തിലെ പ്രധാനഘടകം. ഈ പ്രവർത്തനം ശാശ്വതവും സ്വാഭാവികവുമായ ഒരാവശ്യകതയാണ്. സമൂഹത്തിന്റെ നിലനിൽപുതന്നെ ഈ ആവശ്യോപാധിയെ ആശ്രയിച്ചുനില്ക്കുന്നു. ഏംഗെൽസ് പറയുന്നതുപോലെ മനുഷ്യർക്ക് ആദ്യമായി ഭക്ഷണം, പാനീയം, പാർപ്പിടം എന്നിവ കിട്ടണം; അതിനുശേഷംമാത്രമേ അവർക്കു രാഷ്ട്രീയകാര്യങ്ങൾ, ശാസ്ത്രം, കല, മതം എന്നിവയെ പിന്തുടരാൻസാധിക്കൂ.

8. വൈരുദ്ധ്യാധിഷ്ഠിതമായ ഭൗതികവാദവും അതിന്റെതന്നെ ഒരു സവിശേഷപ്രയോഗമായ ചരിത്രപരമായ ഭൗതികവാദവും, രണ്ടും പ്രകൃതിയേയും മനുഷ്യസമുദായത്തേയുംസംബന്ധിച്ച യാഥാർത്ഥ്യങ്ങൾ മനസ്സിലാക്കുവാൻ നമ്മെ സഹായിക്കുന്നു. പ്രകൃതിയും മനുഷ്യനും പ്രവർത്തിക്കുന്നതെങ്ങനെ, വളരുന്നതെങ്ങനെയെന്നു കാണിക്കുന്ന ചില വ്യക്തമായ നിയമങ്ങളും അതിൽനിന്നു കിട്ടുന്നു. അവയുടെ സഹായത്തോടെ ഇതിന്റെ തുടക്കത്തിലുന്നയിച്ച പ്രശ്നത്തിനു പരിഹാരം കണ്ടുപിടിക്കാൻ നമുക്കു ശ്രമിക്കാം. മാനുഷികമൂല്യങ്ങൾ, സദാചാരബോധം, സാമൂഹ്യ സാംസ്കാരികസ്ഥാപനങ്ങൾ മുതലായവയെ കമ്മ്യൂണിസ്റ്റുകാർ വീക്ഷിക്കുന്നതെങ്ങനെയെന്നു നമുക്കു പരിശോധിക്കാം.

9. പ്രകൃതിയിലും മനുഷ്യന്റെ വ്യക്തിപരമോ സാമൂഹ്യമോആയ ജീവിതത്തിലും കാണാൻകഴിയുന്ന വളർച്ചയെ ക്രമീകരിക്കുകയും നിയന്ത്രിക്കുകയുംചെയ്യുന്ന മുഖ്യമായ ചില മൗലികനിയമങ്ങളുണ്ട്. അവ താഴെ കൊടുക്കുന്നവയാണ്:

(എ) പ്രകൃതിയിലും മനുഷ്യജീവിതത്തിലും ആത്മീയപ്രതിഭാസങ്ങളിലുമുള്ള യാതൊന്നും ഒററപ്പെട്ടുനില്ക്കുന്നില്ല. ഓരോന്നും മററുപലവയുമായി ബന്ധപ്പെട്ടാണു നില്ക്കുന്നതു്. കാര്യകാരണബന്ധവും മററു പലരൂപത്തിലുമുള്ള പരസ്പരബന്ധങ്ങളുംകൊണ്ടു് അന്യോന്യം കൂട്ടിയിണക്കപ്പെട്ട ഒരു സമഗ്രയാഥാർത്ഥ്യമാണു പ്രപഞ്ചം.

(ബി) ഇങ്ങനെ പരസ്പരം ബന്ധപ്പെട്ടുകിടക്കുന്ന ഭൗതികപദാർത്ഥങ്ങളും ആത്മീയപ്രതിഭാസങ്ങളുമൊന്നും ഒരേസ്ഥലത്തു് ഒരേനിലയിൽ സദാ നില്ക്കുകയല്ല ചെയ്യുന്നതു്. അവ ഓരോന്നും സദാ മാറിക്കൊണ്ടിരിക്കുകയാണ്. മാററമില്ലാത്തതായി പ്രപഞ്ചത്തിലുള്ളതു് പ്രപഞ്ചമാകെ സദാ മാറിക്കൊണ്ടിരിക്കുന്നുവെന്ന യാഥാർത്ഥ്യംമാത്രമാണ്.

(സി) അനുസ്യൂതമായി തുടർന്നുകൊണ്ടിരിക്കുന്ന ഈ മാററത്തിനുപിന്നിലുള്ള മുഖ്യപ്രേരകശക്തി ഓരോ ഭൗതികപദാർത്ഥത്തിന്റേയും ആത്മീയപ്രതിഭാസത്തിന്റേയും ഉള്ളിൽത്തന്നെയുള്ള ആന്തരികവൈരുദ്ധ്യമാണ്. ഓരോന്നിനും അകത്തു പ്രവർത്തിക്കുന്ന വിരുദ്ധശക്തികളുടെ അന്യോന്യസംഘട്ടനമാണ് അവയിൽ

മാററങ്ങളുണ്ടാകുന്നതു്. ഈ മാററമാകട്ടെ ആദ്യമൊക്കെ പതുക്കെപ്പതുക്കെയും അളവിലുള്ള മാററംമാത്രമെന്നരൂപത്തിലും മാത്രമാണു നടക്കുന്നതു്. എന്നാൽ ഇത്തരത്തിൽ പതുക്കെപ്പതുക്കെ അളവിൽമാത്രമായിവരുന്ന മാററം ഒരുഘട്ടത്തിലെത്തിക്കഴിഞ്ഞാൽ പെട്ടെന്നുള്ള—വിപ്ലവകരമായ ഒരു മാററം വരുന്നു; അതാകട്ടെ, അളവിൽമാത്രമായൊതുങ്ങിനില്ക്കുന്നില്ല, ഗുണപരമായിത്തന്നെയുള്ള മാററം വന്നുചേരുന്നു. അങ്ങനെ അനവരതം നടന്നുകൊണ്ടിരിക്കുന്ന മാററങ്ങളുടെഫലമായി പ്രകൃതിയിലും മനുഷ്യജീവിതത്തിലും സാമൂഹ്യ-സാംസ്കാരികസ്ഥാപനങ്ങളിലുമെല്ലാം അപരിഷ്കൃതത്തിൽനിന്നു പരിഷ്കൃതത്തിലേക്കും, പിന്നോക്കാവസ്ഥയിൽനിന്നു മുന്നോക്കാവസ്ഥയിലേക്കും, താണപടിയിൽനിന്നു മേലേപ്പടികളിലേക്കുമുള്ള ഉയർച്ചയുണ്ടാവുന്നു. (ഇങ്ങനെ ആന്തരികവൈരുദ്ധ്യത്തെ ആസ്പദമാക്കി മാററവും വളർച്ചയും ഉയർച്ചയുമുണ്ടാവുന്നുണ്ടെന്നും ഈ വൈരുദ്ധ്യവും മാററവും വളർച്ചയും ഉയർച്ചയുമെല്ലാമുള്ളതു് ഭൌതികപ്രപഞ്ചത്തിലാണെന്നുമുള്ള യാഥാർത്ഥ്യം കണ്ടുപിടിക്കുന്നുണ്ടെന്നതിനാലാണു് മാർക്സിസം-ലെനിനിസത്തിന്റെ താത്വികനിലപാടിനെ "വൈരുദ്ധ്യാധിഷ്ഠിതഭൌതികവാദ"മെന്നു വിളിക്കുന്നതു്.)

10. പ്രകൃതിയേയും മനുഷ്യജീവിതത്തേയും ബാധിക്കുന്ന ഈ യാഥാർത്ഥ്യങ്ങൾ യാഥാർത്ഥ്യങ്ങളായിക്കാണാൻ ബൂർഷ്വാബുദ്ധിജീവികൾക്കു ധൈര്യമില്ല. നിലവിലുള്ള (മുതലാളിത്ത) സാമൂഹ്യവ്യവസ്ഥയുമായി അവർക്കുള്ള ബന്ധം അതിൽനിന്നു് അവരെ പിന്തിരിപ്പിക്കുന്നു.

മുതലാളിത്തവ്യവസ്ഥയ്ക്കടിസ്ഥാനമായി നിൽക്കുന്ന ഭൌതികസാഹചര്യങ്ങളും അതിനെ നിലനിർത്തുന്ന ഭരണകൂടവും, അതിനു സഹായകമായി വർത്തിക്കുന്ന സാമൂഹ്യ-സാംസ്കാരികസ്ഥാപനങ്ങളുമെല്ലാം ശാശ്വതമായി നിലനിൽക്കും; അതൊന്നും നശിച്ചുപോവുകയില്ല — ഇതാണു് ബൂർഷ്വാബുദ്ധിജീവികളുടെ ധാരണ.

ഉല്പാദനോപകരണങ്ങളിലുള്ള സ്വകാര്യസ്വത്തുടമ; അതിന്നാസ്പദമായി നില്ക്കുന്നരൂപത്തിലുള്ള വ്യക്തിസ്വാതന്ത്ര്യം; ഈ വ്യക്തിസ്വാതന്ത്ര്യത്തിന്റെ മറയ്ക്കുപിന്നിൽ നടക്കുന്ന ചൂഷണം; അതിനെ അരക്കിട്ടുറപ്പിക്കുന്ന നിയമസംഹിതയും ഭരണയന്ത്രവും; അതിന്നു ധാർമ്മികന്യായീകരണം നല്കുന്ന നീതിബോധപരമായ നിയമങ്ങൾ— ഇതൊക്കെ എന്നും നശിക്കാതെ നിലനില്ക്കുമെന്നാണു് അവർ കരുതുന്നതു്.

ഈ ധാരണകൾക്കെല്ലാം പൊതുരൂപം നൽകിക്കൊണ്ടു് അവർ പറയുന്നു: ലോകത്തിലെന്തെല്ലാം മാററം വന്നാലും ആ മാററത്തിനെല്ലാം അതീതമായി നില്ക്കുന്ന ചില സനാതനതത്വങ്ങളുണ്ടു്; എല്ലാക്കാലത്തേയ്ക്കും ബാധകമാവുന്ന ചില മാനുഷികമൂല്യങ്ങളുണ്ടു്—സത്യം, ധർമ്മം, അഹിംസ മുതലായവ. ഇവയെ നിഷേധിക്കുന്നുവെന്നതാണവർക്കു കമ്മ്യൂണിസ്റ്റുകാരുടെപേരിലുള്ള ആരോപണം.

11. യഥാർത്ഥത്തിലിങ്ങനെ സനാതനതത്വങ്ങളും ശാശ്വതമായ മാനുഷികമൂല്യങ്ങളുമുണ്ടോ? ചരാചരങ്ങളായ എല്ലാ വസ്തുക്കൾക്കും ബാധകമാണെന്നു ശാസ്ത്രകാരന്മാർ തെളിയിച്ചുകഴിഞ്ഞിട്ടുള്ള മാററം ഈ തത്വങ്ങളെയും മൂല്യങ്ങളെയും ഒഴിച്ചുനിർത്തിയിട്ടുണ്ടോ?

ഈ സനാതനതത്വങ്ങളും മാനുഷികമൂല്യങ്ങളും മുറുകെപ്പിടിച്ചു് അവയെ പ്രയോഗത്തിൽ വരുത്താൻ ശ്രമിച്ച ഒരു മഹാനാണു് മഹാത്മാ ഗാന്ധിയെന്നു പ്രസിദ്ധമാണു്. തന്റെ ആത്മകഥയ്ക്കു് അദ്ദേഹമിട്ട പേരുതന്നെ "സത്യാന്വേഷണപരീക്ഷകൾ" എന്നാണു്. എന്നാൽ, അദ്ദേഹത്തിന്റെ ജീവിതവും പ്രവർത്തനവുമാകെ പരിശോധിച്ചാൽ ഈ മാനുഷികമൂല്യങ്ങൾക്കു പിന്നിൽ ഭൌതികപ്രപഞ്ചത്തിന്റേതായ—ആത്മീയവാദികൾ നിന്ദ്യമായി കരുതുന്നതെങ്കിലും യഥാർത്ഥത്തിൽ

മനുഷ്യജീവിതത്തിൽ അതിപ്രധാനമായ സ്ഥാനം വഹിക്കുന്ന—പ്രശ്നങ്ങളാണ് പ്രവർത്തിച്ചിരുന്നതെന്നു കാണാം. ഇതു് സവിസ്തരമായും വിശദമായും "ഗാന്ധിജിയും ഗാന്ധിസവും"മെന്ന ഗ്രന്ഥത്തിൽ പ്രതിപാദിച്ചിട്ടുണ്ടു്.

ഗാന്ധിജിയെയെന്നപോലെതന്നെ ഇതിനുമുമ്പുണ്ടായിട്ടുള്ള പ്രവാചകന്മാരെയും ഈ നിലയ്ക്കാണു് മാർക്സിസ്ററുകാർ വിലയിരുത്തുന്നതു്. അവരംഗീകരിച്ചതും പ്രചരിപ്പിച്ചതുമായ ആശയങ്ങളെയും ആദർശങ്ങളെയും ആശയങ്ങളും ആദർശങ്ങളുമെന്നനിലയ്ക്കു മാത്രമല്ല അവർ പരിശോധിക്കുന്നതു്. അവ ജന്മമെടുത്ത സാഹചര്യങ്ങൾ മുഴുവനും മനസ്സിലാക്കി, എന്തുകൊണ്ടു് ഇന്നയിന്ന ആശയങ്ങൾ ഇന്നയിന്ന കാലഘട്ടങ്ങളിൽ ഇന്നയിന്ന രാജ്യങ്ങളിൽ രൂപംപ്രാപിച്ചുവെന്നു് വ്യാഖ്യാനിക്കുവാനാണവർ ശ്രമിക്കുന്നതു്. ഈ അടിസ്ഥാനത്തിൽ ചരിത്രസംഭവങ്ങളെ വ്യാഖ്യാനിക്കുന്ന രീതിയുടെ പേരാണു് ചരിത്രത്തിൻെറ ഭൗതികവ്യാഖ്യാനം.

# അദ്ധ്യായം രണ്ടു്

## ചരിത്രത്തിൻെറ ഭൗതികവ്യാഖ്യാനം

1. ചരിത്രപരമായ ഭൗതികവാദത്തിൻെറ, അഥവാ ചരിത്രത്തിൻെറ ഭൗതികവ്യാഖ്യാനത്തിൻെറ കേന്ദ്രമായി നില്ക്കുന്നതു് സാമൂഹ്യവ്യവസ്ഥയുടെ അടിത്തറയും ഉപരിഘടനയും തമ്മിലുള്ള ബന്ധത്തിൻെറ പ്രശ്നമാണു്. ഭൗതികപദാർത്ഥങ്ങളും ആത്മീയപ്രതിഭാസങ്ങളും തമ്മിലുള്ള ബന്ധത്തിൻെറ ഒരു സവിശേഷരൂപമാണതു്. അതിങ്ങനെ സംഗ്രഹിക്കാം:.

എ) മനുഷ്യസമുദായത്തിൻെറ സാമൂഹ്യജീവിതത്തിന്നടിസ്ഥാനമായി നില്ക്കുന്നതു് ഭക്ഷണം, വസ്ത്രം, ഭവനം മുതലായ ഉപഭോഗസാമഗ്രികൾ ഉല്പാദിപ്പിക്കുന്നതിനുവേണ്ടി മനുഷ്യൻ ചെയ്യുന്ന അദ്ധ്വാനമാണു്. എംഗത്സ് പറയുന്നു: മതം, കല, ശാസ്ത്രം, രാഷ്ട്രീയകാര്യങ്ങൾ ഇതിലെല്ലാം ഏർപ്പെടണമെങ്കിൽ അതിനുമുമ്പു് മനുഷ്യന്നു് തിന്നുകയും, കുടിക്കുകയും, ഉടുക്കുകയും, കിടക്കുകയും വേണം.

ബി) അദ്ധ്വാനിച്ചു പണിയെടുത്തു് ഉല്പാദനം വർദ്ധിപ്പിക്കണമെങ്കിൽ അതിന്നു് ഭൂമിയും മററു പ്രകൃതിവിഭവങ്ങളും മാത്രമുണ്ടായാൽ പോര; ഉല്പാദനം നടത്താനുപകരിക്കുന്ന പണിയായുധങ്ങളും ഉപകരണങ്ങളുംകൂടി വേണം.

സി) ഉല്പാദനോപകരണങ്ങളും പണിയായുധങ്ങളുമാകട്ടെ ചരിത്രപരമായി മാറിമാറി വരികയും വളരുകയും ചെയ്യുന്നു. കല്ലു്, പലതരം ലോഹങ്ങൾ, തീയും മററു ശക്തികളും (ആവി, മോട്ടോർ, വിദ്യുച്ഛക്തി, അണുശക്തി മുതലായവ)—ഇവയോരോന്നും ഓരോ ചരിത്രകാലഘട്ടങ്ങളിലാണുപയോഗിക്കപ്പെടുന്നതു്. ഇതിലോരോന്നുമുപയോഗിച്ചു് പലതരത്തിലുമുള്ള പണിയായുധങ്ങളും ഉല്പാദനോപകരണങ്ങളും ഉയർന്നുവരുന്നു. ഈ വളർച്ചയിലോരോഘട്ടവും പരസ്പരം കാര്യകാരണബന്ധത്തിൻെറ രൂപത്തിലാണു നടന്നുകൊണ്ടിരുന്നിട്ടുള്ളതു്.

ഡി) ഉല്പാദനോപകരണങ്ങളും പണിയായുധങ്ങളും വളരുന്നതുകൊണ്ടു മാത്രം ഉല്പാദനം പുരോഗമിക്കുകയോ അദ്ധ്വാനം കൂടുതൽ കാര്യക്ഷമമാവുകയോ

ചെയ്കയില്ല. അതോടൊപ്പം തൊഴിലെടുക്കുന്നവരുടെ ഉല്പാദനപരമായ അനുഭവവും വളൎന്നുവരണം; അതു വളൎന്നുകൊണ്ടിരിക്കുന്നുണ്ടു്,

ഇ) ഉപകരണങ്ങളും പണിയായുധങ്ങളും, അവ ഉപയോഗിക്കുന്ന ജനങ്ങളും അവരുടെ ഉല്പാദനപരമായ അനുഭവങ്ങളും കൂടിച്ചേൎന്നാൽ സമുദായത്തിൻെറ ഉല്പാദനശക്തികളായി.

എഫ്) ഇങ്ങനെ ഉപകരണങ്ങളും പണിയായുധങ്ങളും ഉല്പാദനാനുഭവവുമുപയോഗിച്ചു് ഉല്പാദനം നടത്തുന്നവർ തമ്മിൽത്തമ്മിൽ—ഉപകരണങ്ങളും പണിയായുധങ്ങളും കൈവശം വച്ചിട്ടുള്ളവരും അതു കൈവശമില്ലാതെ അദ്ധ്വാനിക്കുന്നവരും തമ്മിൽ—ഈ രണ്ടു മുഖ്യരൂപത്തിൽ മനുഷ്യസമുദായത്തിനകത്തു് പലവിധ ഉല്പാദനബന്ധങ്ങളുമുണ്ടു്.

ജി) ഉല്പാദനശക്തികളും ഉല്പാദനബന്ധങ്ങളും തമ്മിലുള്ള ഐക്യത്തിനാണു് ഉല്പാദനവ്യവസ്ഥയെന്നു് ചരിത്രപരമായ ഭൗതികവാദം വിളിക്കുന്നതു്.

എച്ച്) ഉല്പാദനവ്യവസ്ഥയുടെ വളൎച്ച ഒട്ടും ലളിതമായതല്ല, ഒററയായ നേർവഴിക്കുള്ളതല്ല. അതിൻെറ രണ്ടു ഘടകങ്ങൾ—ഉല്പാദനശക്തികളും ഉല്പാദനബന്ധങ്ങളും—തമ്മിൽ ഐക്യമുണ്ടായാലേ വ്യവസ്ഥ ശരിയാംവണ്ണം പ്രവൎത്തിക്കുകയുള്ളുവെന്നതു നേരാണു്; പക്ഷേ അവ തമ്മിൽ പലപ്പോഴും ഐക്യത്തെക്കാൾ വൈരുദ്ധ്യമാണു പ്രകടമാവുന്നതു്. ഇതിനുള്ള കാരണം രണ്ടിൻെറയും വളൎച്ചയിലുള്ള ഗതിവേഗവ്യത്യാസമാണു്. ഉല്പാദനശക്തികൾ കൂടുതൽ ത്വരിതമായും, വിപ്ലവപരമായും വളരുന്നു; ഉല്പാദനബന്ധങ്ങളാകട്ടെ, താരതമ്യേന പതുക്കെയും അടിസ്ഥാനപരമായല്ലാതെയും. ഇതിൻെറഫലമായി, ഒരുരീതിയിലുള്ള ഉല്പാദനവ്യവസ്ഥ വളൎച്ച പ്രാപിക്കുംതോറും അവ തമ്മിലുള്ള ഐക്യം കുറഞ്ഞുകുറഞ്ഞു വരികയും വൈരുദ്ധ്യം മൂൎച്ഛിക്കുകയും ചെയ്യുന്നു; വളൎന്നുവരുന്ന ഉല്പാദനശക്തികളുമായി പൊരുത്തപ്പെടുത്തത്തക്ക മൗലികവും വിപ്ലവകരവുമായ മാററം ഉല്പാദനബന്ധങ്ങളിലുണ്ടാകുന്നതാവശ്യമാണെന്ന നില വന്നുചേരുന്നു. അങ്ങനെ ഉല്പാദനബന്ധങ്ങൾ മാറുന്നു; ഉല്പാദനവ്യവസ്ഥതന്നെ മാറുന്നു.

ഐ) മുകളിൽ വിവരിച്ചതരത്തിലുള്ള ഉല്പാദനവ്യവസ്ഥയാണു് ഒരു കാലഘട്ടത്തിലാകെ നിലവിലുള്ള സാമൂഹ്യവ്യവസ്ഥയുടെ അടിത്തറ. ഈ അടിത്തറയുടെമീതെ ഉയൎന്നുവരുന്ന ഉപരിഘടനയാണു് ആ കാലഘട്ടത്തിൽ ബലത്തിലിരിക്കുന്ന ഭരണക്രമവും നിയമങ്ങളും സദാചാരബോധവും കുടുംബബന്ധങ്ങളും മററും. ഇതു രണ്ടും തമ്മിലുള്ള ബന്ധത്തെപ്പററി "മാർക്സിസം-ലെനിനിസത്തിൻെറ അടിസ്ഥാനതത്വങ്ങൾ" എന്ന ഗ്രന്ഥത്തിലിങ്ങനെ പറയുന്നു:

"ചരിത്രത്തിനറിയാവുന്ന ഓരോ സമുദായത്തിനും അതിൻേറതായ പ്രത്യേകാടിത്തറയും ആ അടിത്തറയ്ക്കനുയോജ്യമായ ഉപരിഘടനയുമുണ്ടു്.

സമുദായത്തിലെ സാമൂഹ്യവിഭജനം, അതിൻെറ വൎഗ്ഗപരമായ ഘടന, ആധിപത്യംവഹിക്കുന്ന സ്വത്തുടമാവകാശരൂപത്തെ ആശ്രയിച്ചിരിക്കുന്നു. ഈ വൎഗ്ഗഘടനയാകട്ടെ, മറിച്ചു്, സമുദായത്തിലെ രാഷ്ട്രീയ സ്ഥാപനങ്ങളുടേയും നീതിന്യായ നിലവാരങ്ങളുടേയും സ്വഭാവത്തെ നിൎണ്ണയിക്കുന്നു. സോഷ്യലിസ്റ്റ്‌വ്യവസ്ഥിതിയിൽ രാജകീയഭരണം അചിന്ത്യമാണു്. അടിമത്തവ്യവസ്ഥയിൽ പ്രായപൂൎത്തിവോട്ടവകാശം അസാദ്ധ്യമാണു്. ഫ്യൂഡലിസത്തിൻെറ ഉല്പാദനബന്ധങ്ങളിൽ, കീഴെ വിവരിക്കപ്പെടാൻപോകുന്നതുപോലെ, കൃഷിക്കാരൻ ഭൗതികമായി മാത്രമല്ല, വ്യക്തിപരമായും നിലമുടമയെ ആശ്രയിക്കേണ്ടിവരുന്നു. (അടിയാള്

സമ്പ്രദായം) കൃഷിക്കാരും നാട്ടുവാഴികളും തമ്മിലുള്ള നീതിന്യായപരമായ അസമത്വത്തിന്റെ രൂപത്തിലാണ് ഫ്യൂഡൽനിയമത്തിൽ ഇതു പ്രതിഫലിക്കുന്നത്. ഫ്യൂഡൽ നിലമുടമസ്ഥന് കൃഷിക്കാരന്റെ അദ്ധ്വാനഫലം തട്ടിയെടുക്കാൻ മാത്രമല്ല കഴിഞ്ഞിരുന്നത്; കൃഷിക്കാരന്റെ ജീവിതത്തിൽ എല്ലാത്തരത്തിലും ഇടപെടാനും അയാൾക്കു സാധിച്ചിരുന്നു. കൃഷിക്കാരനാകട്ടെ, സ്വന്തമായ യാതൊരധികാരാവകാശങ്ങളുമുണ്ടായിരുന്നില്ല.

മുതലാളിത്തോല്പാദനബന്ധങ്ങളിലേയ്ക്കുള്ള പരിവർത്തനം നീതിന്യായബന്ധങ്ങളിലും മാററങ്ങളുണ്ടാക്കി. നേരിട്ടുള്ള സമ്മർദ്ദങ്ങളുടേയും വ്യക്തിപരമായ ആശ്രയത്വത്തിന്റേയും സ്ഥാനത്ത് "വിശപ്പിന്റെ അച്ചടക്കം" നടപ്പിൽ വന്നു. അതു നീതിന്യായപരമായി പ്രതിഫലിച്ചതു തൊഴിലാളിയും മുതലാളിയും സമന്മാരാണെന്നുള്ള നിയമത്തിന്റെ ഔപചാരികമായ പ്രഖ്യാപനത്തിലാണ്. പക്ഷേ, ബൂർഷ്വാനിയമത്തിന്റെ അടിസ്ഥാനം സ്വകാര്യസ്വത്തുടമാവകാശക്രമമാണ്. അതിനാൽ, അതു പ്രഖ്യാപനംചെയ്യുന്ന സമത്വം, യഥാർത്ഥത്തിൽ, സ്വത്തുടമവർഗ്ഗങ്ങളുടെ ആധിപത്യത്തെ ശക്തിപ്പെടുത്തുക മാത്രമാണു ചെയ്യുന്നത്. ഇങ്ങനെ, രാഷ്ട്രീയവും നീതിന്യായപരവുമായ ബന്ധങ്ങൾ സാമ്പത്തിക ബന്ധങ്ങളിൽനിന്നുത്ഭവിക്കുന്നവയും അവയാൽ നിർണ്ണയിക്കപ്പെടുന്നവയുമാണ്. തത്വശാസ്ത്രപരവും മതപരവും സദാചാരപരവും കലാപരവുമായ സാമൂഹ്യാശയങ്ങൾ, സാമൂഹ്യധാരണകൾ മുതലായവയെ സംബന്ധിച്ചും ഇതുതന്നെ പറയാവുന്നതാണ്. ഉദാഹരണത്തിന് പ്രാകൃതകമ്മ്യൂണിസ്റ്റ്സമുദായത്തിൽ വിവിധഗണങ്ങൾക്കിടയിലെ യുദ്ധങ്ങളിൽ തടവുകാരായി പിടിക്കപ്പെട്ടവർ കൊല്ലപ്പെടുകയും ചിലപ്പോൾ ഭക്ഷിക്കപ്പെടുകയുമാണ് ചെയ്തിരുന്നതെന്നു നമുക്കറിയാം. പിന്നീട് അവരെ അടിമകളാക്കിമാററുകയെന്നതു സാധാരണമായിത്തീർന്നു. സാമൂഹ്യസദാചാരം ഇങ്ങിനെ കൂടുതൽ "സൗമ്യ"മായിത്തീർന്നതെന്തുകൊണ്ടാണ്? കാരണം, അദ്ധ്വാനത്തിന്റെ ഉൽപ്പാദനക്ഷമതയുടെ വളച്ച് മററുള്ളവരുടെ അദ്ധ്വാനത്തെ ഉപരിഹരിക്കാൻ—മനുഷ്യന് മനുഷ്യനെ ചൂഷണംചെയ്യാൻ—ഉള്ള സാദ്ധ്യത ഉളവാക്കിക്കഴിഞ്ഞിരുന്നു എന്നതുതന്നെ. ഈ സാമ്പത്തികാടിത്തറയിലാണ് അടിമത്തത്തിന്റെ കാലഘട്ടത്തിന്റെ പ്രത്യേകതകളായ പുതിയ ആചാരസമ്പ്രദായങ്ങളും പുതിയ വീക്ഷണഗതികളും ആവിർഭവിച്ചത്.

ഇതുപ്രകാരംതന്നെ, സോഷ്യലിസ്റ്റ്വ്യവസ്ഥിതിയിൻകീഴിൽ ഉൽപ്പാദനബന്ധങ്ങൾക്കുണ്ടാകുന്ന മാററങ്ങൾ സമുദായത്തിലെ അംഗങ്ങളുടെ വീക്ഷണഗതികളിലും ധാർമ്മികബോധത്തിലും പെരുമാററരീതിയിലുമെല്ലാം മൗലികമായ ഒരു മാററംവരുത്തുന്നു. മുതലാളിത്തവ്യവസ്ഥയിൽ ഒരു ഡാക്ടരുടെ അല്ലെങ്കിൽ ബാരിസ്റ്ററുടെ ഉപജീവനവൃത്തിയെപ്പോലെതന്നെ ഊഹക്കച്ചവടവും ഉപജീവനവൃത്തിയായി കണക്കാക്കപ്പെടുന്നു. ഏറിയാൽ അതിനു ചട്ടചിട്ടങ്ങളുടെ ചില നിയന്ത്രണങ്ങളുണ്ടായിരിക്കാം. (വൻകിടക്കാരായ ഊഹക്കച്ചവടക്കാർക്കനുകൂലമായും ചെറുകിടക്കാർക്കെതിരായും പ്രവർത്തിക്കുന്ന ചട്ടങ്ങൾ). പക്ഷേ, എല്ലായ്പ്പോഴും, ഊഹക്കച്ചവടം അതിന്റെ പ്രവർത്തനത്തിനുള്ള സ്ഥാപനങ്ങളെപ്പോലെതന്നെ (ഉദാ: സ്റ്റോക്ക് എക്സ്ചേഞ്ച്) നിയമവിധേയമാണ്. മററുള്ളവരുടെ അദ്ധ്വാനത്തെ ചൂഷണംചെയ്യുന്നതു നിയമവിധേയമായിട്ടുള്ള ഒരു സമുദായത്തിൽ, പണമാണ് ഏററവും വലിയ മൂല്യമെന്നു കരുതപ്പെടുന്ന ഒരു സമുദായത്തിൽ, മറിച്ചാവാൻ തരവുമില്ല. എന്നാൽ സോഷ്യലിസ്റ്റ്വ്യവസ്ഥിതിയിലാകട്ടെ, അത്തരം പ്രവർത്തനങ്ങൾ അസാന്മാർഗ്ഗികവൃത്തികളെന്നനിലയ്ക്ക് ആക്ഷേപിക്കപ്പെടുന്നുവെന്നു മാത്രമല്ല, നിയമപ്രകാരം ശിക്ഷാർഹവുമാണ്.

അടിത്തറയാണ് ഉപരിഘടനയെ നിർണ്ണയിക്കുന്നത് എന്നതിന്റെ അർത്ഥം അടിത്തറയിൽ, അതായത്, ഉൽപ്പാദനബന്ധങ്ങളിൽ, ഉണ്ടാകുന്ന ഓരോ മാററത്തിനുമനുസരിച്ച് ഉപരിഘടനയിലും മാററമുണ്ടാവുമെന്നാണ്; ഭരണകൂടം, നിയ

മം, രാഷ്ട്രീയബന്ധങ്ങൾ, സന്മാർഗ്ഗബോധം, പ്രത്യയശാസ്ത്രം തുടങ്ങിയ രംഗങ്ങളിലെല്ലാം മൗലികമായ മാററങ്ങളുണ്ടാകുമെന്നാണ്. ഉപരിഘടനയാകട്ടെ, ഉൽപ്പാദനബന്ധങ്ങളുടെമേൽ അങ്ങോട്ടും സ്വാധീനം ചെലുത്തുന്നു. അവയെ മാററിമറിക്കുന്നതിനെ ത്വരിതപ്പെടുത്താനോ താമസിപ്പിക്കാനോ അതിന്നു സാധിക്കും. ഉദാഹരണത്തിന്ന്, ആധുനികബൂർഷ്വാസിയുടെ രാഷ്ട്രീയസ്ഥാപനങ്ങളും (സർവ്വോപരി ഭരണക്രമം) അവരുടെ നിയമങ്ങളും പ്രത്യയശാസ്ത്രങ്ങളും മുതലാളിത്തപരമായ ഉടമാവകാശത്തെ കാത്തുരക്ഷിക്കുന്നതിൽ പ്രധാനമായ ഒരു പങ്കു വഹിച്ചുകൊണ്ടിരിക്കുന്നുവെന്നും പണ്ടേ കാലഹരണപ്പെട്ടുകഴിഞ്ഞ അതിനെ മാററി സോഷ്യലിസ്റ്റ് (പൊതു) ഉടമാവകാശം സ്ഥാപിക്കുന്നതിനെ താമസിപ്പിച്ചുകൊണ്ടിരിക്കുന്നുവെന്നും വളരെ വ്യക്തമാണ്.

വർഗ്ഗസങ്കീർണ്ണമായ ഏതു സമുദായത്തിലും ഭരണാധികാരവർഗ്ഗത്തിന്റെ ആശയങ്ങളും സ്ഥാപനങ്ങളുമാണ് ആധിപത്യം വഹിക്കുന്നത്. പക്ഷേ, അവ മാത്രമല്ല, മർദ്ദിതവർഗ്ഗക്കാരുടെ ആശയങ്ങളും സ്ഥാപനങ്ങളും ഉപരിഘടനയിലുൾപ്പെട്ടിട്ടുണ്ട്. അവ ഈ വർഗ്ഗങ്ങളെ സ്വന്തം താൽപ്പര്യങ്ങൾക്കുവേണ്ടി പോരാടാൻ സഹായിക്കുന്നു.

ഇങ്ങനെ ബൂർഷ്വാസമുദായം തൊഴിലാളികളെന്നും മുതലാളികളെന്നും രണ്ടായി വിഭജിക്കപ്പെട്ടിരിക്കുന്നുവെന്ന വസ്തുത ക്രമത്തിൽ രണ്ടു വർഗ്ഗങ്ങളുടേയും ബോധമണ്ഡലത്തിൽ പ്രതിഫലിക്കുന്നു. ഇതിന്റെ ഫലം ബൂർഷ്വാസിയുടെ വർഗ്ഗാശയങ്ങളോടും വർഗ്ഗസംഘടനകളോടുമൊപ്പം—അവരുടെ ഭരണക്രമം, രാഷ്ട്രീയപ്പാർട്ടികൾ, പ്രസ്സ് മുതലായവയോടൊപ്പം—സമുദായത്തിൽ തൊഴിലാളിവർഗ്ഗത്തിന്റെ പ്രത്യയശാസ്ത്രവും സംഘടനകളും ആവിർഭവിച്ചു വളരുന്നുവെന്നതാണ്. തൊഴിലാളികൾ ക്രമത്തിൽ തങ്ങളൊരു പ്രത്യേകവർഗ്ഗമാണെന്ന ബോധമുള്ളവരായിത്തീരുന്നു. തങ്ങളുടെ പൊതുതാല്പര്യങ്ങളെപ്പററിയും ആ താല്പര്യങ്ങളും മുതലാളികളുടെ താല്പര്യങ്ങളുംതമ്മിലുള്ള വൈരുദ്ധ്യത്തെപ്പററിയും അവർ മനസ്സിലാക്കാൻതുടങ്ങുന്നു. വർഗ്ഗതാല്പര്യങ്ങളെപ്പററിയുള്ള ബോധത്തിന്റെ ഫലമായി തൊഴിലാളികൾ മുതലാളികൾക്കെതിരായി യോജിച്ചു സമരംനടത്താൻവേണ്ടി ഒന്നിച്ചു സംഘടിക്കാൻതുടങ്ങുന്നു. തൊഴിലാളിവർഗ്ഗത്തിന്റെ മുന്നണിവിഭാഗം ഒരു രാഷ്ട്രീയപ്പാർട്ടിയായി സംഘടിക്കുന്നു; അദ്ധ്വാനിക്കുന്ന ജനവിഭാഗങ്ങളുടെ ട്രേഡ്യൂണിയനുകളും മററു ബഹുജനസംഘടനകളും കെട്ടിപ്പടുക്കപ്പെടുന്നു. രാഷ്ട്രീയപ്പാർട്ടി, ട്രേഡ്യൂണിയനുകൾ തുടങ്ങിയ വർഗ്ഗസംഘടനകളിൽ തൊഴിലാളിവർഗ്ഗത്തെ യോജിപ്പിച്ചണിനിരത്തുന്ന ബന്ധങ്ങൾ സ്ഥാപിക്കുന്നതിന്നുമുമ്പായി അവ ജനങ്ങളുടെ ബോധത്തിലൂടെ കടന്നുപോകേണ്ടതായിട്ടുണ്ട്. എന്തെന്നാൽ, തൊഴിലാളികൾ ഒരു പാർട്ടിയിൽ ചേരുന്നതു ബോധപൂർവ്വമായിട്ടാണ്; പ്രത്യയശാസ്ത്രപരമായ പരിഗണനകളെ മുൻനിർത്തിയും സ്വന്തം ഇഷ്ടമനുസരിച്ചുമാണ്. തൊഴിലാളികൾക്കിടയിൽ വർഗ്ഗപരമായ ഐകമത്യം വളരുന്നു. ആധിപത്യം വഹിക്കുന്ന ബൂർഷ്വാസന്മാർഗ്ഗബോധത്തിനെതിരായി തങ്ങളുടെ സ്വന്തമായ ഒരു സന്മാർഗ്ഗബോധം അവർ നേടിയെടുക്കുന്നു.

ഇങ്ങനെ, വർഗ്ഗബന്ധങ്ങളുടെ യഥാർത്ഥമായ അടിത്തറയിൽ വ്യത്യസ്തമായ ലോകവീക്ഷണഗതികളുടേയും സാമൂഹ്യമനഃസ്ഥിതികളുടേയും രാഷ്ട്രീയവും മററുമായ സംഘടനകളുടേയും സ്ഥാപനങ്ങളുടെയും, ചുരുക്കത്തിൽ, ഉപരിഘടനയുടെ എല്ലാ ഘടകങ്ങളുടേയും പൂർണ്ണമായ ഒരു സൗധം കെട്ടിയുയർത്തപ്പെടുന്നു.

യാതൊരു സമുദായത്തിലും അതിന്റെ വ്യത്യസ്തവശങ്ങളുടെ—ഉല്പാദനശക്തികൾ, സാമ്പത്തികവ്യവസ്ഥ, രാഷ്ട്രീയകാര്യങ്ങൾ, പ്രത്യയശാസ്ത്രം മുതലായവയുടെ—സംയോജനം യാദൃച്ഛികമായിട്ടല്ല സംഭവിക്കുന്നത്. ഉദാഹരണത്തിന്ന്, ഫ്യൂഡലിസത്തിന്റേതായ ഉല്പാദനബന്ധങ്ങൾ മുതലാളിത്തകാലഘട്ടത്തിലെ ഉല്പാ

ദനശക്തികളുമായി ഒന്നിച്ചുചേൎന്നുകൊണ്ടു് അടിമത്തവ്യവസ്ഥയിലെ പ്രത്യയശാസ്ത്രത്തെ ഒരുപരിഘടനയെന്നനിലയ്ക്കു വച്ചുപുലൎത്തുക—ഇതു് അസാദ്ധ്യമാണു്.

ഉല്പാദനശക്തികളുടെ സ്വഭാവവും അവയുടെ വളൎച്ചയുടെ നിലവാരവുമാണു് ഉല്പാദനത്തിന്റെ ഗതിക്രമത്തിൽ ജനങ്ങളേൎപ്പെടുന്ന ബന്ധങ്ങളെ മുൻകൂട്ടി നിൎണ്ണയിക്കുന്നതു്. ഈ ബന്ധങ്ങളുടെ അടിത്തറയിന്മേൽ ഒരു സവിശേഷരീതിയിലുള്ള രാഷ്ട്രീയവും പ്രത്യയശാസ്ത്രപരവുമായ ഉപരിഘടന പൊന്തിവരുന്നു. അതിനാൽ, ഓരോ സമുദായവും സാമൂഹ്യസാമ്പത്തികഘടനയെന്നു വിളിക്കപ്പെടുന്ന സമഗ്രമായ ഒരു ഘടനയാണു്; "അതായതു് സ്വന്തമായ ഉല്പാദനരീതിയും അടിത്തറയും ഉപരിഘടനയുമുള്ള സമുദായത്തിന്റെ ചരിത്രപരമായ ഒരു നിശ്ചിതരൂപമാണു്."

സാമൂഹ്യസാമ്പത്തികഘടനയെക്കുറിച്ചുള്ള സങ്കല്പം സമുദായത്തിന്റെ മുഴുവൻ ശാസ്ത്രത്തിനും വമ്പിച്ച പ്രാധാന്യമുള്ളതാണു്. സമൃദ്ധങ്ങളായ വിശദാംശങ്ങളും പ്രത്യേകതകളും അളവററ വൈവിധ്യങ്ങളോടുകൂടിയവയാണെങ്കിലും എല്ലാ ജനതകളും അടിസ്ഥാനപരമായി ഒരേപാതയിലൂടെതന്നെ സഞ്ചരിക്കുന്നതെന്തുകൊണ്ടാണെന്നു മനസ്സിലാക്കാൻ അതു നമ്മെ സഹായിക്കുന്നു. ഒരേതരത്തിലുള്ള ആഭ്യന്തരനിയമങ്ങളെ അനുസരിക്കുന്ന ഉല്പാദനശക്തികളുടെ വളൎച്ചയാണു്, അവസാനവിശകലനത്തിൽ ഓരോ ജനതയുടേയും ചരിത്രത്തെ രൂപപ്പെടുത്തുന്നതു്. നിശ്ചിതനിയമങ്ങളനുസരിച്ചു് ഒന്നിനുശേഷം മറെറാന്നായി സാമൂഹ്യസാമ്പത്തികരൂപവിധാനങ്ങൾ മാററപ്പെടുന്നതിലൂടെയാണു് സമുദായം വികസിക്കുന്നതു്. മാത്രമല്ല, കൂടുതൽ അഭിവൃദ്ധിപ്രാപിച്ച സാമൂഹ്യസാമ്പത്തികഘടനയോടുകൂടിയ ഒരു രാജ്യം മററു രാജ്യങ്ങൾക്കു് അവയുടെ ഭാവിയെങ്ങിനെയിരിക്കുമെന്നാണു കാണിച്ചുകൊടുക്കുന്നതു്. അതുപോലെതന്നെ, രണ്ടാമതു പറഞ്ഞ രാജ്യങ്ങൾ ആദ്യം പറഞ്ഞ രാജ്യത്തിനു് അതിന്റെ ഭൂതകാലത്തെയും കാണിച്ചുകൊടുക്കുന്നു.

സാമൂഹ്യസാമ്പത്തികഘടനയെക്കുറിച്ചുള്ള സിദ്ധാന്തം മനുഷ്യസമുദായത്തിന്റെ ചരിത്രത്തിൽനിന്നു നിഗൂഢതയുടെ മൂടുപടം ചീന്തിക്കളയുകയും അതിനെ എല്ലാവൎക്കും മനസ്സിലാക്കാൻ പററിയതാക്കിത്തീൎക്കയുംചെയ്യുന്നു. "ചരിത്രത്തെക്കുറിച്ചും രാഷ്ട്രവിജ്ഞാനത്തെക്കുറിച്ചുമുള്ള വീക്ഷണഗതികളിൽ മുമ്പു് ആധിപത്യം വഹിച്ചിരുന്ന അരാജകത്വവും ഉച്ഛൃംഖലതയും അത്ഭുതകരമാംവിധം സമഗ്രവും ഏകീകൃതവുമായ ഒരു ശാസ്ത്രീയസിദ്ധാന്തത്തിനു വഴിമാറിക്കൊടുത്തിരിക്കുന്നു. ഉല്പാദനശക്തികളുടെ വളൎച്ചയുടെ ഫലമായി സാമൂഹ്യജീവിതത്തിന്റെ ഒരു വ്യവസ്ഥയിൽനിന്നു കൂടുതൽ ഉയൎന്ന മറെറാരു വ്യവസ്ഥ വികസിച്ചുവരുന്നതെങ്ങനെയെന്നു് ആ സിദ്ധാന്തം നമുക്കു കാണിച്ചുതരുന്നു."

2. ഈ അടിസ്ഥാനപ്രമാണങ്ങളെ ആസ്പദമാക്കിയാണു് കമ്മ്യൂണിസ്റ്റ്കാർ രാഷ്ട്രീയപ്രശ്നങ്ങൾ പരിശോധിക്കുന്നതും രാഷ്ട്രീയനയങ്ങൾ രൂപീകരിക്കുന്നതും. അതുകൊണ്ടു് സാമൂഹ്യവ്യവസ്ഥയുടെ ഉപരിഘടനയുടെ ഭാഗമായ ഭരണകൂടത്തെയും, അതിനെ നിയന്ത്രിക്കുന്ന നിയമങ്ങളെയും, സാമൂഹ്യകുടുംബബന്ധങ്ങളെയും, അവയെ നിയന്ത്രിക്കുന്ന ആചാരവിചാരങ്ങളെയും മററും പററി കമ്മ്യൂണിസ്റ്റ്കാൎക്കുള്ള ധാരണയും ബോധവും ബൂൎഷ്വാബുദ്ധിജീവികൾക്കുള്ളതിൽനിന്നു വ്യത്യസ്തമാണു്.

ഉദാഹരണത്തിനു്, സ്വകാൎയ്യസ്വത്തുടമാവകാശം ബൂൎഷ്വാബുദ്ധിജീവിയെസംബന്ധിച്ചു് അലംഘനീയമായ ഒരു മൗലികാവകാശമാണു്. പാട്ടവും പലിശയും ലാഭവും തട്ടിയെടുത്തു ജീവിക്കുന്നതിൽ അധാൎമ്മികമായി യാതൊന്നും അയാൾ കാണുന്നില്ല. നേരേമറിച്ചു്, "പണിയെടുക്കാത്തവനു തിന്നാനുമില്ല" എന്ന നിയമത്തെയാണു് കമ്മ്യൂണിസ്റ്റ്കാർ തങ്ങളുടെ ധാൎമ്മികബോധത്തിനാസ്പദമായിക്ക

ണക്കാക്കുന്നതു്; മററൊരാൾ ചെയ്യുന്ന അദ്ധ്വാനത്തിന്റെ ഫലം തട്ടിയെടുത്തു ജീവിക്കുന്നതു് ബഹുമാനാർഹമായല്ല, അപമാനകരമായിട്ടാണ്, സോഷ്യലിസ്റ്റ് സമുദായം കണക്കാക്കുന്നതു്.

3. ധാർമ്മികനിലവാരവും മാനുഷികമൂല്യങ്ങളും സംബന്ധിച്ച് മനുഷ്യനുള്ള ധാരണയിൽ ഇതിനുമുമ്പും ഒട്ടേറെ മാററങ്ങൾ വന്നിട്ടുണ്ട്. നമ്മുടെ രാജ്യത്തുതന്നെ ബഹുഭാര്യാത്വം ചുരുങ്ങിയതോതിലാണെങ്കിലും ഇന്നും നിലവിലുണ്ട്; ജാതിസംബന്ധമായ ഉച്ചനീചത്വങ്ങൾ ഇന്നും പലരൂപത്തിലായി ശക്തിയായിത്തുടരുന്നുണ്ട്. ബഹുഭർത്തൃത്വത്തിന്റെതന്നെ ചില അവശിഷ്ടങ്ങൾ അങ്ങിങ്ങായി ഇന്നും കാണാം. ഇതിലൊന്നും എന്തെങ്കിലും അധാർമ്മികമായുണ്ടെന്നു കരുതാത്ത വലിയൊരു ജനവിഭാഗമാണ് അടുത്തകാലംവരെ നമ്മുടെ നാട്ടിലുണ്ടായിരുന്നതു്. എന്നാൽ, ബഹുഭർത്തൃത്വത്തെപ്പററി ഊഹിക്കാൻപോലും കഴിയാത്തവരും ബഹുഭാര്യാത്വത്തോടും ജാതിസംബന്ധമായ ഉച്ചനീചത്വങ്ങളോടും വിട്ടുവീഴ്ചചെയ്യാൻ തയ്യാറില്ലാത്തവരുമായ ഒരു തലമുറയാണിപ്പോൾ വളർന്നുവരുന്നതു്. ഇതുപോലെ സാമ്പത്തികരംഗത്തും സാംസ്കാരികരംഗത്തുമെല്ലാം സൽസ്വഭാവമേതു്, ദുഃസ്വഭാവമേതു് എന്നതിനെക്കുറിച്ചെല്ലാമുള്ള ധാരണകൾ—ഇവയുടെ ആകെത്തുകയ്ക്കുള്ള പേരാണല്ലോ "മാനുഷികമൂല്യങ്ങൾ"—നമ്മുടെയെല്ലാം കൺമുന്നിൽവെച്ചുതന്നെ മാറിമറിഞ്ഞുകൊണ്ടിരിക്കുകയാണ്.

4. ഇത്തരത്തിലുള്ള മാററങ്ങളിൽ ഇതേവരെ നടന്നതിനെക്കാളെല്ലാം പൂർണ്ണവും സമഗ്രവുമായ മാററമാണ്—മുതലാളിത്തത്തിൽനിന്നു സോഷ്യലിസത്തിലേക്കും അവിടെനിന്നു കമ്മ്യൂണിസത്തിലേക്കുമുള്ള മാററമാണ്—ഇന്നു ലോകത്തിൽ നടന്നുകൊണ്ടിരിക്കുന്നതു്. അതിന്റെ ഫലമായി "മാനുഷികമൂല്യങ്ങ"ളിലും അവയെ പ്രതിഫലിപ്പിക്കുന്ന സ്ഥാപനങ്ങളിലും വരുന്ന വിപ്ലവകരങ്ങളായ മാററങ്ങൾ രാഷ്ട്രീയപ്രവർത്തനത്തെ താത്വികമായും പ്രായോഗികമായും നിയന്ത്രിക്കുന്നതെങ്ങിനെയെന്നതാണ് പ്രശ്നം. അതു നമുക്ക് അടുത്ത ക്ലാസ്സുകളിൽ പരിശോധിക്കാം.

5. ചരിത്രപരമായ ഭൗതികവാദത്തിന്റേതായ ഈ വീക്ഷണത്തിന്റെ കേന്ദ്രമായി നില്ക്കുന്നതു ചൂഷക-ചൂഷിതവർഗ്ഗങ്ങൾ പരസ്പരം മത്സരിക്കുന്നൊരു സ്ഥിതിവിശേഷമാണു ലോകത്തിലെങ്ങും ഒട്ടനവധി നൂററാണ്ടുകളായി നിലനിന്നുവരുന്നതെന്നും, എന്നാൽ അതവസാനിക്കുന്നതിനുള്ള സാഹചര്യം ഇപ്പോൾ വളർന്നുവരികയാണെന്നുമുള്ള സിദ്ധാന്തമാണ്. ഈ സിദ്ധാന്തത്തിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നവയാണ്.

എ.) മനുഷ്യസമുദായത്തിന്റെ ചരിത്രത്തിന്റെ ആദ്യഘട്ടത്തിൽ, ചരിത്രാതീതമെന്നു വിളിക്കപ്പെടുന്ന കാലഘട്ടത്തിൽ, ചൂഷക-ചൂഷിത വ്യത്യാസമില്ലായിരുന്നു, അന്നത്തെ സാമൂഹ്യബന്ധങ്ങളാണു "മാവേലി നാടുവാണീടുംകാല"ത്തെക്കുറിച്ചു നമ്മുടെ നാട്ടിൽ പ്രചരിക്കുന്ന ഐതിഹ്യം കുറിക്കുന്നതു്, ഇതു കേരളത്തിൽ മാത്രമല്ല, ഇന്ത്യയുടെ മററു സംസ്ഥാനങ്ങളിലും ലോകത്തിലെ മററു രാജ്യങ്ങളിലും ചരിത്രാതീതകാലത്തുണ്ടായിരുന്ന ഒരു വ്യവസ്ഥയാണ്. ഇതിനു 'പ്രാചീനകമ്മ്യൂണിസ"മെന്നു പറയുന്നു.

ബി.) ഇത്തരമൊരു സാമൂഹ്യവ്യവസ്ഥ നിലവിൽവരാനുള്ള മുഖ്യകാരണം അന്നു് ഉല്പാദനശക്തികൾ വളരെ താണനിലവാരത്തിലാണു നിലനിന്നിരുന്നതെന്ന യാഥാർത്ഥ്യമാണ്. കൂട്ടായി താമസിച്ചിരുന്ന ഓരോ ജനസമുദായ(ഗോത്ര)ത്തിലേയും ഓരോ അംഗവും—ആണും പെണ്ണും ബാലികാബാലന്മാർപോലും—കഠിനമായും കൂട്ടായും പണിയെടുത്താൽ മാത്രമേ അങ്ങേയററം പരിമിതമായ അന്നത്തെ മനുഷ്യാവശ്യങ്ങൾപോലും സാധിക്കാൻ വേണ്ട ഉപഭോഗസാമഗ്രി

കളുണ്ടാക്കാൻ കഴിഞ്ഞിരുന്നുള്ളൂ. അതുകൊണ്ട്, ഒരാൾ ജോലിയെടുത്തു മററൊരാളെ തീററിപ്പോററലോ മററൊരാളുടെ അദ്ധ്വാനഫലം തട്ടിയെടുത്തു ജീവിക്കുന്ന ഒരു ജനവിഭാഗമോ അന്നുണ്ടായിരുന്നില്ല. "ഓരോ ആളും എല്ലാവർക്കുംവേണ്ടി, എല്ലാവരും ഓരോ ആൾക്കുംവേണ്ടി" എന്ന അടിസ്ഥാനത്തിൽ സമുദായമാകെ കൂട്ടായി പണിയെടുക്കുകയും, പണിചെയ്തുണ്ടാക്കുന്നതു കൂട്ടായി അനുഭവിക്കുകയുമാണു അന്നു ചെയ്തിരുന്നത്.

സി.) കാലക്രമേണ ഇതിലൊരു മാററം വന്നു. ഉല്പാദനശക്തികൾ വളരാൻ തുടങ്ങി. ഓരോ ആളുടേയും പരിമിതമായ ആവശ്യങ്ങൾ നിറവേററാൻ വേണ്ടതിലധികം സമ്പത്തുണ്ടാക്കാൻ ഓരോ ആൾക്കും കഴിയുമെന്നുവന്നു, ഒന്നിലധികം ആളുകൾ പണിയെടുത്തുണ്ടാക്കുന്ന സമ്പത്തുകൊണ്ടു പണിയൊന്നുമെടുക്കാത്ത ഒരാളെ തീററിപ്പോററാമെന്നുവന്നു. അങ്ങിനെ ചൂഷിത-ചൂഷകവർഗ്ഗങ്ങൾ നിലവിൽവരാനുള്ള സാഹചര്യമുണ്ടായി. പണിയെടുക്കുന്ന അടിമകളും പണിയെടുപ്പിക്കുന്ന ഉടമകളുമെന്ന രണ്ടു വിഭാഗങ്ങൾ-വർഗ്ഗങ്ങൾ-നിലവിൽവന്നു.

ഡി.) അതിൽപിന്നീട് ഇന്നേവരെയുള്ള ചരിത്രകാലഘട്ടത്തിൽ ഈ ചൂഷിത-ചൂഷകവർഗ്ഗങ്ങൾ നിലവിലിരുന്നിട്ടുണ്ട്. അടിമകളും ഉടമകളുമായിരുന്ന ആദ്യകാലത്തിങ്കൽ പിന്നീടതു അടിയാളരും യജമാനന്മാരുമെന്നായി മാറി. അതും കഴിഞ്ഞു കുറെക്കാലംചെന്നപ്പോൾ തൊഴിലാളികളും മുതലാളിമാരുമെന്നായി. ഈ മൂന്നുരൂപത്തിലുമുള്ള ചൂഷിത-ചൂഷക ബന്ധങ്ങൾക്കും അടിസ്ഥാനമായിനില്ക്കുന്ന സംഗതി ഉല്പാദനശക്തികളുടെ വളർച്ചയിൽ ഓരോ ഘട്ടത്തിലുമുള്ള നിലവാരമാണ്.

—അടിമകളെക്കൊണ്ടു നിർബ്ബന്ധമായി പണിയെടുപ്പിച്ചാൽ മാത്രമേ ഉടമകൾക്കു ജീവിക്കുവാൻ കഴിയുകയുള്ളൂ. അതുകൊണ്ടു, കന്നുകാലികളേയും പണിയായുധങ്ങളേയുംപോലെ മനുഷ്യരെ (അടിമകളെ)യും പൂർണ്ണ ഉടമാവകാശത്തിലുള്ള സ്വകാര്യസ്വത്തായി കണക്കാക്കുന്ന വ്യവസ്ഥയാണു നിലവിലുള്ളതു്: ഉടമയുടെ ഇഷ്ടംപോലെ അടിമയെ കൊല്ലുകപോലും ചെയ്യാം.

—ഇത്ര കർശ്ശനമായ നിർബ്ബന്ധമില്ലാതെതന്നെ ഒരതിർത്തിവരെ ബലപ്രയോഗം നടത്തുക, പക്ഷേ താരതമ്യേന കൂടുതൽ സ്വാതന്ത്ര്യമനുവദിക്കുക എന്നീ രണ്ടു മാർഗ്ഗങ്ങളും കൂട്ടിക്കലർത്തിക്കൊണ്ടു—ചൂഷിതവർഗ്ഗത്തെക്കൊണ്ടു പണിയെടുപ്പിക്കാം, അങ്ങിനെയായാലും ചൂഷകവർഗ്ഗത്തിന്റെ ആവശ്യങ്ങളും ആഡംബരങ്ങൾപോലും നടക്കും, എന്നു വരത്തക്കവിധം ഉല്പാദനശക്തികൾ വളർന്നുവന്നു. അങ്ങിനെ യജമാനന്റെ ജീവിതത്തോടു കൂട്ടിക്കെട്ടപ്പെട്ടതാണെങ്കിലും അടിയാളനും കൂടുതൽ സ്വാതന്ത്ര്യമനുവദിക്കുന്ന ഒരു ചൂഷിത-ചൂഷകബന്ധം നിലവിൽവന്നു.

—ഉല്പാദനശക്തികൾ പിന്നെയും വളർന്നു. പരസ്യവും നഗ്നവുമായ ബലപ്രയോഗത്തിന്റെ ലാഞ്ഛനപോലുമില്ലാത്ത—പ്രത്യക്ഷത്തിൽ ചൂഷക-ചൂഷിതവർഗ്ഗങ്ങൾ തമ്മിൽ പരിപൂർണ്ണസമത്വമുള്ള—ഒരു വ്യവസ്ഥയ്ക്കുകീഴിലും ചൂഷകവർഗ്ഗത്തിന്റെ ആവശ്യങ്ങളും ആഡംബരങ്ങൾപോലും സാധിക്കാൻ കഴിയത്തക്കവിധത്തിൽ ഉല്പാദനം നടത്താമെന്നായി. അങ്ങിനെ "സമത്വം, സ്വാതന്ത്ര്യം, സാഹോദര്യം" എന്നീ മുദ്രാവാക്യങ്ങൾ മുഴക്കിക്കൊണ്ടുള്ള ബൂർഷ്വാവ്യവസ്ഥ നിലവിൽവന്നു. എന്നാൽ ഈ വ്യവസ്ഥയ്ക്കുകീഴിലും ചൂഷക-ചൂഷിതവ്യത്യാസം നിലവിലുണ്ട്. അവർ തമ്മിൽ അസമത്വമുണ്ട്. (ഉല്പാദനോപകരണങ്ങളൊന്നുമില്ലാത്ത ഭൂരിപക്ഷവും അവയുടെ ഉടമാവകാശമുള്ള ന്യൂനപക്ഷവും.) പ്രത്യക്ഷവും നഗ്നവുമായിട്ടല്ലെങ്കിലും ചൂഷിതവർഗ്ഗത്തിന്റെമേൽ നിർബ്ബന്ധംചെലുത്തുന്ന "കൂലിഅടിമത്ത"മുണ്ട്. ന്യൂനപക്ഷമായ ചൂഷകവർഗ്ഗത്തിന്റെ ആവശ്യങ്ങളും ആഡംബരങ്ങളുമെല്ലാം നടക്കുമ്പോൾപ്പോലും ചൂഷിതവർഗ്ഗത്തിലൊരുവിഭാഗ

ത്തിന്ന പരിമിതമായ ആവശ്യങ്ങൾപോലും സാധിക്കത്തക്ക ജോലി കിട്ടുന്നില്ല; ജോലി കിട്ടുന്നവക്കാകട്ടെ അതിന്ന ന്യായമായ പ്രതിഫലവും കിട്ടുന്നില്ല.

ഈ.) മുതലാളിത്തവ്യവസ്ഥയ്ക്കു കീഴിൽ ഉല്പാദനശക്തികൾക്കുണ്ടാവുന്ന വളർച്ചയുടെ ഫലമായി ചൂഷക-ചൂഷിതവ്യത്യാസംതന്നെ തീരെ ഇല്ലാതാവത്തക്ക വിധം പൂർണ്ണമായ സമൃദ്ധിയും ഐശ്വര്യവുമുണ്ടാക്കാമെന്ന നിലവന്നിരിക്കുന്നു. പ്രാചീനകമ്മ്യൂണിസത്തിന്റെ കാലഘട്ടത്തിലുണ്ടായിരുന്നതിനേക്കാൾ എത്രയോ ഉയർന്ന ജീവിതനിലവാരത്തോടുകൂടി മനുഷ്യന്ന ജീവിക്കാമെന്നായിട്ടുണ്ട്. അതിന്നാവശ്യമായ ഉപഭോഗസാമഗ്രികൾ നിർമ്മിക്കുന്നതിന്നാകട്ടെ, അടിമത്തം, അടിയായ്മ, മുതലാളിത്തം എന്നീ വ്യവസ്ഥകൾക്കുകീഴിൽ നിലവിലിരുന്ന ചൂഷക-ചൂഷിത വ്യത്യാസം ആവശ്യമില്ലെന്നു മാത്രമല്ല അതൊരു തടസ്സംകൂടിയാണെന്നു വന്നിരിക്കുന്നു. ഒരുതരത്തിലുള്ള വഗ്ഗബന്ധങ്ങളിൽനിന്നു മറ്റൊന്നിലേയ്ക്കുള്ള മാററമല്ല, വർഗ്ഗസമുദായത്തിൽനിന്നു വർഗ്ഗരഹിതസമുദായത്തിലേക്കുള്ള മാററമാണു ചരിത്രത്തിന്റെ മുമ്പിലുള്ളതെന്നു വ്യക്തമായിരിക്കുന്നു.

# അദ്ധ്യായം മൂന്ന്

## ഭരണകൂടവും വിപ്ലവവും

1. ചൂഷക-ചൂഷിതവർഗ്ഗങ്ങൾ തമ്മിലുള്ള പരസ്പരബന്ധം സംബന്ധിച്ച് ഈ സിദ്ധാന്തവുമായി ബന്ധപ്പെട്ടതാണു ഭരണകൂടത്തേയും വിപ്ലവത്തേയും സംബന്ധിച്ച മാർക്സിസ്റ്റ്-ലെനിനിസ്റ്റ് സിദ്ധാന്തം

എന്താണു ഭരണകൂടം? പട്ടാളം, പോലീസ്, ജയിൽ മുതലായി ബലപ്രയോഗത്തിന്നാവശ്യമായ സ്ഥാപനങ്ങളും ഉപകരണങ്ങളും സൃഷ്ടിക്കാൻ സമുദായം നിർബ്ബന്ധിക്കപ്പെടുമ്പോൾ രൂപംകൊള്ളുന്ന ഒരു രാഷ്ട്രീയവ്യവസ്ഥയുടെ ആകെത്തുകയാണതു്. അതിനെ സംബന്ധിച്ച മാർക്സിസം-ലെനിനിസത്തിന്റെ നിലപാടു "മാർക്സിസം-ലെനിനിസത്തിന്റെ അടിസ്ഥാനതത്വങ്ങൾ" എന്ന ഗ്രന്ഥത്തിലിങ്ങനെ പറയുന്നു:—

ഭരണകൂടത്തിന്റെ നിലനിൽപ് വഗ്ഗങ്ങളുടെ നിലനിൽപുമായി ബന്ധപ്പെട്ടാണിരിക്കുന്നതെന്നു ചരിത്രം തെളിയിക്കുന്നു. മാനവസമുദായത്തിന്റെ വികാസത്തിന്റെ ആദ്യഘട്ടത്തിൽ വർഗ്ഗങ്ങളില്ലാത്ത പ്രാകൃതസാമൂഹ്യവ്യവസ്ഥയ്ക്കു കീഴിൽ ഭരണകൂടമുണ്ടായിരുന്നില്ല. സമൂഹത്തിലെ കാര്യങ്ങളെല്ലാം നോക്കി നടത്തിയിരുന്നതു സമൂഹം തന്നെയായിരുന്നു.

സ്വകാര്യസ്വത്തുടമസ്ഥതയും അതോടൊന്നിച്ച സാമ്പത്തികാസമത്വങ്ങളും നിലവിൽ വരികയും സമുദായം വിരുദ്ധവർഗ്ഗങ്ങളായി വേർപിരിയുകയും ചെയ്തപ്പോൾ പൊതുക്കാര്യങ്ങൾ നോക്കിനടത്തുന്ന സമ്പ്രദായത്തിന്നു മൗലികമായ മാററം വന്നു. സമൂഹത്തിലെ ഭൂരിപക്ഷം അംഗങ്ങളുടേയോ മുഴുവൻ ആളുകളുടേയോ യോജിപ്പിന്റെ അടിസ്ഥാനത്തിൽ ഈ പൊതുക്കാര്യങ്ങൾ തീരുമാനിക്കാൻ സാദ്ധ്യമല്ലാത്ത നിലവന്നു. ചൂഷകവഗ്ഗം മേധാവിത്വം കൈക്കലാക്കി. അവർ വെറുമൊരു ചെറിയ ന്യൂനപക്ഷമായിരുന്നതുകൊണ്ട് തങ്ങൾക്കുചേന്ന ഒരു വ്യവസ്ഥ

നിലനിറുത്താൻ സ്വന്തം സാമ്പത്തികശേഷിയേയും നേരിട്ടുള്ള ബലാല്ക്കാരത്തേയും അവക്കുപയോഗിക്കേണ്ടിവരുന്നു. ഇതിന്ന് ഒരു പ്രത്യേകോപകരണം—സായുധരായ ആളുകളടങ്ങിയ ഒരു സൈന്യം (പട്ടാളവും, പോലീസും), കോടതികൾ, ജയിലുകൾ മുതലായവ—ആവശ്യമായിത്തീർന്നു. ബലപ്രയോഗത്തിന്നുള്ള ഈ ഉപകരണം സമൂഹത്തിന്റെ മുഴുവൻ ഗുണത്തിന്നുപകരം ചൂഷകരായ ന്യൂനപക്ഷത്തിന്റെ മാത്രം താല്പര്യങ്ങൾക്കുവേണ്ടി നിലകൊള്ളുന്നവരുടെ കയ്യിലായി. ഇങ്ങനെ ഒരു വർഗ്ഗത്തിന്നു മറെറാരു വർഗ്ഗത്തിന്റെമേൽ ആധിപത്യം നിലനിറുത്താനുള്ള ഒരു യന്ത്രമെന്നനിലയ്ക്കു് ഭരണകൂടം സൃഷ്ടിക്കപ്പെട്ടു. സാമ്പത്തികമേധാവിത്വംവഹിക്കുന്ന വർഗ്ഗം ഈ യന്ത്രത്തിന്റെ സഹായത്തോടുകൂടി സാമൂഹ്യവ്യവസ്ഥയെ സ്വന്തം സൗകര്യത്തിന്നനുസരിച്ച് ഉറപ്പിച്ചുറപ്പിക്കുകയും, തങ്ങളുടെ വർഗ്ഗശത്രുക്കളെ നിശ്ചിതോല്പാദനരീതികളുടെ ചട്ടക്കൂട്ടിനുള്ളിൽ ബലാല്ക്കാരേണ ഒതുക്കിനിറുത്തുകയും ചെയ്യുന്നു. ഇക്കാരണത്താൽ ഒരു ചൂഷണാധിഷ്ഠിതസമുദായത്തിൽ ഭരണകൂടം അതിന്റെ ശരിയായ അർത്ഥത്തിൽ ചൂഷകവർഗ്ഗത്തിന്റേയോ ചൂഷകവർഗ്ഗങ്ങളുടേയോ സ്വേച്ഛാധിപത്യത്തെയാണ് പ്രതിനിധീകരിക്കുന്നതു്.

പൊതുവിൽ സമുദായത്തെ മുഴുവൻ സംബന്ധിച്ചേടത്തോളം ഭരണകൂടമെന്നുള്ള മേധാവിത്വവർഗ്ഗത്തിനുവേണ്ടി ഭരണവും സംവിധാനവും നടത്തുന്ന ഒരുപകരണമെന്നനിലയ്ക്കാണ് പ്രവർത്തിക്കുന്നതു്. മേധാവിവർഗ്ഗത്തിന്റെ ശത്രുക്കളെ സംബന്ധിച്ചേടത്തോളം (ചൂഷണാധിഷ്ഠിതമായ സമുദായത്തിൽ ഇവർ ജനസംഖ്യയുടെ ഭൂരിപക്ഷമായിരിക്കും.) ഭരണകൂടമെന്നതു് മർദ്ദനത്തിന്നും ആക്രമണത്തിന്നുമുള്ള ഒരുപകരണമാണ്.

അങ്ങിനെ ഭരണകൂടമെന്നതു് വർഗ്ഗവൈരുദ്ധ്യങ്ങളുടെ അവശ്യഫലമാണ്. വർഗ്ഗവൈരുദ്ധ്യങ്ങൾ വസ്തുനിഷ്ഠമായി എപ്പോഴൊക്കെ എവിടെയൊക്കെ എത്രത്തോളം യോജിക്കാൻവയ്യാത്ത നിലയാകുന്നുവോ അപ്പോഴൊക്കെ, അവിടെ ആവശ്യത്തിന്നുതക്കവിധം ഭരണകൂടമുയർന്നുവരുന്നു. സാമ്പത്തികാധിപത്യംവഹിക്കുന്ന വർഗ്ഗത്തിന്റെ രാഷ്ട്രീയാധികാരം—ഇതാണ് ഭരണകൂടത്തിന്റെ സത്തു്. അതിന്നു സമുദായവുമായുള്ള ബന്ധത്തിന്റെ സ്വഭാവമതാണ്. എന്നാലിതിന്നുപുറമേ അതിന്നു് വേറേയും ചില വിശേഷതകളുണ്ടു്.

എങ്കിലുമൊരുവർഗ്ഗത്തിന്റെ രാഷ്ട്രീയാധികാരം ഒരു നിശ്ചിത പ്രാദേശികാതിർത്തിക്കുള്ളിലും ആ അതിർത്തിക്കുള്ളിലെ ജനസംഖ്യയുടെ—പൗരന്മാരുടേയോ പ്രജകളുടേയോ—മേലും വ്യാപരിക്കുമ്പോൾമാത്രമേ അതിനെ ഭരണകൂടമെന്നു വിളിക്കാനാവൂ.

പ്രാദേശികവിസ്തീർണ്ണവും അതിലടങ്ങിയ ജനസംഖ്യയുടെ എണ്ണവും ഘടനയുമെല്ലാംതന്നെ തീർച്ചയായും ഭരണകൂടത്തിന്റെ അധികാരത്തേയും പലപ്പോഴും അതിന്റെ രൂപത്തേയും സ്വാധീനിക്കും. പക്ഷേ, ഭരണകൂടത്തിന്റെ കാതലായ സ്വഭാവം നിർണ്ണയിക്കുന്നതു് ഈവക സവിശേഷതകളൊന്നുമല്ല, അതിന്റെ വർഗ്ഗസ്വഭാവമാണ്.

## ഭരണകൂടത്തിന്റെ വ്യത്യസ്തരീതികളും രൂപങ്ങളും

ഭരണകൂടങ്ങളുടെ ചരിത്രം—പഴയ കാലത്തേയും പുതിയ കാലത്തേയും—നോക്കിയാൽ വൈവിധ്യപൂർണ്ണമായ ഒരു ചിത്രമാണ് നമുക്കു കിട്ടുക. അസ്സീറിയാ, ബാബിലോൺ, ഈജിപ്തു് തുടങ്ങിയ നാടുകളിലെ പഴയകാലത്തെ സ്വേച്ഛാധിപത്യഭരണങ്ങൾ, പുരാതനഗ്രീസ്, റോമാസാമ്രാജ്യം എന്നിവിടങ്ങളിലെ പ്രജായ

ത്തഭരണം, കീവുറൂസിലെ രാജവാഴ്ചകൾ, മദ്ധ്യകാലത്തെ ഏകഛത്രാധിപത്യഭരണങ്ങൾ, ആധുനികകാലത്തെ പാർലിമെൻററി റിപ്പബ്ളിക്കുകൾ, അവസാനമായി സോഷ്യലിസ്റ്റ്റിപ്പബ്ളിക്ക്–ഭരണക്രമങ്ങളുടെ വ്യത്യസ്തരീതികളും രൂപങ്ങളുമാണിവ.

ഓരോ ഭരണക്രമത്തിൻേറയും സമ്പ്രദായം അതു് ഏതുവർഗ്ഗത്തെ സേവിക്കുന്നുവെന്നതിനെ ആശ്രയിച്ചിരിക്കും; അതായതു്, അവസാന വിശകലനത്തിൽ അതു് ഓരോ പ്രത്യേക സമുദായത്തിൻേറയും സമ്പത്തികാടിത്തറയെ ആശ്രയിച്ചിരിക്കും. അതിനാൽ, ഓരോ ഭരണക്രമത്തിൻേറയും സമ്പ്രദായം അതിൻെറ സാമൂഹ്യവും സാമ്പത്തികവുമായ ചട്ടക്കൂട്ടിന്നനുസരിച്ചായിരിക്കും. അടിസ്ഥാനപരമായി മൂന്നുതരം ഭരണക്രമങ്ങളെയാണു് ചരിത്രം കണ്ടിട്ടുള്ളതു്. അടിമത്തം—നാട്ടുവാഴിത്തം—ബൂർഷ്വാഭരണക്രമങ്ങൾ. ഇവയ്ക്കെല്ലാം പൊതുവായുള്ള ഒരേ ഒരു സവിശേഷലക്ഷണം ചൂഷകമേധാവിത്വമാണു്. അതായതു്, ബഹുഭൂരിപക്ഷംവരുന്ന ചൂഷിതരുടെമേൽ ചെറിയൊരു ന്യൂനപക്ഷംവഹിക്കുന്ന ആധിപത്യം. തൊഴിലാളിവർഗ്ഗവും ഭൂരിപക്ഷംവരുന്ന എല്ലാ ജനവിഭാഗങ്ങളും, അല്ലെങ്കിൽ സമുദായം ഒന്നടങ്കം, അധികാരത്തിലിരിക്കുന്ന സോഷ്യലിസ്റ്റ് ഭരണക്രമം തികച്ചും പുതിയൊരു തരം ഭരണക്രമമാണു്.

ഭരണക്രമത്തിൻെറ സമ്പ്രദായം അതിൻെറ വർഗ്ഗസ്വഭാവത്തെയാണു് കുറിക്കുന്നതെങ്കിൽ, അതിൻെറ രൂപം ഭരണത്തിൻേറയും അധികാരശക്തിയുടേയും ഘടകങ്ങൾ എങ്ങിനെയാണു് സംഘടിപ്പിക്കപ്പെട്ടിട്ടുള്ളതെന്നും ഏതുതരം രാഷ്ട്രീയ വ്യവസ്ഥയാണു് സംരക്ഷിക്കപ്പെടുന്നതു് എന്നുമാണു് പ്രധാനമായും നമുക്കു് ചൂണ്ടിക്കാണിച്ചുതരുന്നതു്. ഉദാഹരണത്തിനു് പ്രായപൂർത്തിവോട്ടവകാശത്തിന്മേലധിഷ്ഠിതമായ ജനാധിപത്യസമ്പ്രദായത്തിൽനിന്നു ജനങ്ങളാൽ തെരഞ്ഞെടുക്കപ്പെട്ടവനല്ലാത്ത ഒരു വ്യക്തി (രാജാവോ, ചക്രവർത്തിയോ) ഭരണത്തലവനായിരിക്കുന്ന രാജവാഴ്ചയെ വേർതിരിച്ചുകാണിക്കുന്നതു് അതിലെ ഉന്നതാധികാരസ്ഥാനങ്ങളുടെ ഘടനാരൂപമാണു്. ഈ രണ്ടുരൂപങ്ങളുടേയും ചില അംശങ്ങളെ കൂട്ടായി ഉൾക്കൊള്ളുന്ന ചില ഭരണക്രമങ്ങളുണ്ടു്. ഉദാഹരണത്തിനു്, രാജാവിൻേറയോ ചക്രവർത്തിയുടേയോ അധികാരങ്ങൾ നിയമംമൂലം—അതായതു് ഭരണഘടനമൂലം—നിയന്ത്രിക്കപ്പെടുകയും തെരഞ്ഞെടുക്കപ്പെട്ട ഭരണാധികാരസ്ഥാപനങ്ങൾ ഭരണത്തിൽ കൂടുതൽ പ്രധാനമായ പങ്കു വഹിക്കുകയുംചെയ്യുന്ന ഭരണസമ്പ്രദായങ്ങളുണ്ടു്. ഇതിനു് ഭരണഘടനാവിധേയമായ രാജവാഴ്ച എന്നുപറയുന്നു.

ഭരണാധികാരിവർഗ്ഗം സ്ഥാപിക്കുന്ന രാഷ്ട്രീയവ്യവസ്ഥയിൽനിന്നു് ഭരണക്രമത്തിൻെറ രൂപത്തെ വേർപെടുത്തുക സാദ്ധ്യമല്ല. ഒരേരീതിയിലുള്ള ഭരണക്രമങ്ങളിൽതന്നെ പലതരം രാഷ്ട്രീയവ്യവസ്ഥകളുണ്ടാവാം. ഉദാഹരണത്തിനു് ബൂർഷ്വാഭരണക്രമം ജനാധിപത്യറിപ്പബ്ളിക്കിൻെറ രൂപത്തിൽ മാത്രമല്ല, ഭീകര ഫാസിസ്റ്റ്ഭരണത്തിൻെറ രൂപത്തിലും കാണപ്പെടാറുണ്ടു്. ഭരണക്രമത്തിൻെറ വിവിധ രൂപങ്ങളുടെ ഉത്ഭവവും വളർച്ചയും വികാസവും, അവയുടെ തകർച്ചയും പകരം മററു രൂപങ്ങളുടെ ആവിർഭാവവുമെല്ലാം ഒരിക്കലും യാദൃച്ഛികങ്ങളല്ല.

ഒരേതരത്തിലുള്ള ഭരണക്രമങ്ങൾക്കുള്ളിൽ കാണപ്പെടുന്ന ഈ രൂപവ്യത്യാസങ്ങൾ പ്രധാനമായും സാമ്പത്തികഘടനയിലെ വ്യത്യാസങ്ങളേയും വർഗ്ഗശക്തികൾ തമ്മിലുള്ള ബന്ധത്തേയും ഭരണാധികാരിവർഗ്ഗങ്ങൾക്കുള്ളിൽതന്നെയുണ്ടാവുന്ന വ്യത്യസ്തവിഭാഗങ്ങളേയും ആശ്രയിച്ചിരിക്കും.

നാട്ടുവാഴിപ്രഭുക്കൾക്കു് വ്യക്തിപരമായി വമ്പിച്ച രാഷ്ട്രീയസ്വാതന്ത്ര്യവും ബലഹീനമായൊരു കേന്ദ്രഗവണ്മെൻറുമുണ്ടായിരുന്ന വികേന്ദ്രീകൃതമായ ഭരണക്രമമാണു് ഫ്യൂഡൽ അനൈക്യത്തിൻെറ കാലഘട്ടത്തിലുണ്ടായിരുന്നതു്. അക്കാലത്തു് ഓരോ സ്റ്റേററിന്നും തികച്ചും സ്വയംപര്യാപ്തമായ ഒരു സമ്പദ്‌വ്യവസ്ഥയുണ്ടായിരു

ന്നെങ്കിലും അവ തമ്മിൽത്തമ്മിലുള്ള സാമ്പത്തികബന്ധങ്ങൾ വളരെ ദുർബലമായിരുന്നു. നാട്ടുവാഴിത്തം നശിക്കുകയും, ചരക്കിൻേറയും പണത്തിൻേറയും ബന്ധങ്ങളും വ്യത്യസ്തപ്രദേശങ്ങളും ഭരണക്കൂടങ്ങളും തമ്മിലുള്ള കെട്ടുപാടുകളും മററും വദ്ധിക്കുകയും, ബൂർഷ്വാസിയുടെ സാമ്പത്തികസ്വാധീനം ശക്തിപ്പെട്ടുകയും ചെയ്യാൻ തുടങ്ങിയതോടെ ഏകഛത്രാധിപത്യം അല്ലെങ്കിൽ കേവലമായ രാജവാഴ്ച (Absolute monarchy) എന്ന പേരിലറിയപ്പെടുന്ന കേന്ദ്രീകൃതമായ ഭരണക്കൂടം ആവിർഭവിച്ചു.

ദേശീയപാരമ്പര്യങ്ങൾ, രാഷ്ട്രീയസ്ഥാപനങ്ങളിൽ തുടർച്ചയായുണ്ടാവുന്ന വികാസങ്ങൾ, ജനങ്ങൾക്കിടയിലെ രാഷ്ട്രീയബോധത്തിൻെറ നിലവാരം, വിദേശരാജ്യങ്ങളുമായുള്ള ബന്ധങ്ങൾ (വിശേഷിച്ചും വിദേശങ്ങളിൽനിന്നുമുള്ള ആക്രമണഭീഷണിയുടെ തോതു്) തുടങ്ങിയ പല ഘടകങ്ങളും ഭരണക്കൂടത്തിൻെറ രൂപങ്ങളെ സ്വാധീനിക്കാറുണ്ടു്.

മാർക്സിസം-ലെനിനിസത്തിൻെറ ശാസ്ത്രം ഭരണക്കൂടത്തിൻെറ രൂപത്തിനു വലിയ പ്രാധാന്യം കല്പിക്കുന്നുണ്ടു്, ഉദാഹരണത്തിനു് ബൂർഷ്വാസി അധികാരത്തിലുള്ളേടത്തു്, കൂടുതൽ ജനാധിപത്യപരമായ ഒരു ഭരണരൂപം സാമൂഹ്യപുരോഗതിക്കും, ശാസ്ത്രീയവും സാംസ്കാരികവുമായ അഭിവൃദ്ധിക്കും, മർദ്ദനത്തിനും ചൂഷണത്തിനുമെതിരായ അദ്ധ്വാനിക്കുന്ന ബഹുജനങ്ങളുടെ സമരത്തിനുമെല്ലാം കൂടുതൽ അനുകൂലമായ സാഹചര്യങ്ങൾ നൽകുന്നു.

എന്നാൽ, ഒരു വർഗ്ഗത്തിനു് മററു വർഗ്ഗങ്ങളുടെമേൽ ആധിപത്യംവഹിക്കുവാനുള്ള ഉപകരണമെന്നനിലയ്ക്കുള്ള ചൂഷണാധിഷ്ഠിതമായ ഭരണക്കൂടത്തിൻെറ കാതലായ സ്വഭാവം മാററാൻ ഒരു രൂപത്തിനും, ഏററവുമധികം ജനാധിപത്യപരമായ രൂപത്തിനുപോലും സാദ്ധ്യമല്ല. ഈജിപ്തിൽ ഫറോ (Pharoah) എന്ന അനിയന്ത്രിതമായ ചക്രവർത്തിയുടെകീഴിൽ കിഴക്കൻ സ്വേച്ഛാധിപത്യത്തിൻെറ രൂപത്തിലാണു് അടിമത്തഭരണക്കൂടം ഉയർന്നുവന്നതു്. ഏതൻസിലതു ജനാധിപത്യത്തിൻെറ രൂപത്തിലായിരുന്നു. റോമിൽ അതു കുലീനന്മാരുടെ റിപ്പബ്ലിക്കായി; പിന്നീടു് സാമ്രാജ്യമായി. ഇങ്ങനെ രൂപത്തിൽ എന്തെല്ലാം വൈവിദ്ധ്യങ്ങളുണ്ടായാലും ഈ ഭരണക്കൂടങ്ങളുടെയെല്ലാം കാതൽ അടിമകളുടെമേൽ ഉടമകളുടെ മേധാവിത്വമായിരുന്നു.

## ബൂർഷ്വാഭരണക്കൂടം

ജനാധിപത്യറിപ്പബ്ലിക്, ഭരണഘടനാപരിധിയമായ രാജാധിപത്യം, ഫാസിസ്റ്റുമട്ടിലുള്ള തുറന്ന സ്വേച്ഛാധിപത്യം എന്നിങ്ങനെ ബൂർഷ്വാഭരണക്കൂടം തന്നെ പലരൂപത്തിലുമുണ്ടാകും. പക്ഷേ, ഏതുരൂപത്തിലായാലും, അതു് ബൂർഷ്വാസിയുടെകയ്യിലെ ഒരായുധമായിത്തന്നെ നിലനില്ക്കുന്നതുകൊണ്ടു് പ്രാഥമികമായി അതു തൊഴിലാളിവർഗ്ഗത്തെ കീഴടക്കിനിത്താനുള്ള ഒരായുധംതന്നെയാണു്.

ബൂർഷ്വാ ജനാധിപത്യഭരണക്കൂടം അതിനുമുമ്പുണ്ടായിരുന്ന ഭരണക്കൂടങ്ങളെ അപേക്ഷിച്ചു് മുമ്പോട്ടുള്ള ഒരു വലിയ കാൽവെയ്പായിരുന്നു. ബൂർഷ്വാവിപ്ലവം ജനങ്ങൾ വെറുത്തിരുന്ന കേവല രാജാധിപത്യത്തെ നശിപ്പിച്ചു. അതു് ഒരുതരം പ്രാതിനിധ്യഭരണവ്യവസ്ഥയും നീതിന്യായവിചാരണയും മററു ജനാധിപത്യസ്ഥാപനങ്ങളും നടപ്പിലാക്കി. ബഹുഭൂരിപക്ഷം ജനങ്ങളിൽനിന്നുള്ള സമ്മർദ്ദത്തിൻെറ ഫലമായി ബൂർഷ്വാഭരണഘടനകളിൽ ജനാധിപത്യത്തിൻെറ പല തത്വങ്ങളും ഉൾക്കൊള്ളിക്കപ്പെട്ടിട്ടുണ്ടു്.

എന്നാൽ, മുതലാളിത്തത്തിൻെറ സാമ്പത്തികവ്യവസ്ഥ തൊഴിലാളവർഗ്ഗ ചൂഷണം അവസാനിപ്പിക്കാതെ അതിൻെറ രൂപത്തിൽമാത്രം മാററംവരുത്തിയിട്ടു

ള്ളതുപോലെതന്നെ, ബൂർഷ്വാജനാധിപത്യവും ചൂഷകരുടെ രാഷ്ട്രീയാധികാരത്തിലെ ജനവിരുദ്ധസ്വഭാവത്തിൽ മാററമൊന്നും വരുത്തിയില്ല. ബൂർഷ്വാസി കൊണ്ടുവന്ന ജനാധിപത്യസ്ഥാപനങ്ങൾ വെറും ഔപചാരികംമാത്രമായിരുന്നതുകൊണ്ട് അതു യഥാർത്ഥത്തിൽ പ്രഖ്യാപിതാവകാശങ്ങളെ ഉപയോഗിക്കാൻ തൊഴിലാളിവർഗ്ഗത്തെ സഹായിച്ചില്ല. അതങ്ങിനെയല്ലാതെവരാൻ തരവുമില്ല. കാരണം, മുതലാളിത്ത സാമ്പത്തികവ്യവസ്ഥയ്ക്കു് യഥാർത്ഥത്തിലുള്ള സമത്വവും സ്വാതന്ത്ര്യവുമായി പൊരുത്തപ്പെട്ടുപോകാൻ സാദ്ധ്യമല്ല. ഏററവുമധികം ജനാധിപത്യപരമായ ബൂർഷ്വാഭരണക്രമംപോലും മുതലാളിത്തവ്യവസ്ഥയേയും സ്വകാര്യസ്വത്തുടമസമ്പ്രദായത്തേയും പരിശുദ്ധമായി കാത്തുരക്ഷിക്കുകയും അതിനെതിരായി സമരം പ്രഖ്യാപിക്കുന്ന തൊഴിലാളിബഹുജനങ്ങളെ അടിച്ചമർത്തുകയുംചെയ്യും.

ജനങ്ങൾ നേടിയെടുത്തിട്ടുള്ള ജനാധിപത്യസ്ഥാപനങ്ങളേയും, ജനാധിപത്യരൂപങ്ങളേയും പുറംതള്ളിക്കൊണ്ട് സാമ്രാജ്യത്ത ബൂർഷ്വാസി വ്യക്തിയുടെ അവകാശങ്ങളേയും സ്വാതന്ത്ര്യത്തേയും കവരുന്ന ഈ കാലഘട്ടത്തെ സംബന്ധിച്ചേടത്തോളം ഇതു പ്രത്യേകിച്ചും ബാധകമാണ്. 1922-43 കാലത്തു് ഇററലിയിലും, 1933-45 കാലത്തു് ജർമ്മനിയിലും നിലനിന്നിരുന്നതും സ്പെയിനിൽ ഇപ്പോഴും നിലനില്ക്കുന്നതുമായ ഫാസിസ്റ്റ്ഭരണക്രമം—അതായതു് ഏററവും വലിയ പിന്തിരിപ്പന്മാരും ആക്രമണകാരികളുമായ കുത്തകമുതലാളികളുടെ സ്വേച്ഛാധിപത്യം—ഇതിന്നു് വ്യക്തമായ തെളിവാണ്.

ജനാധിപത്യം കൈവെടിയാനുള്ള ബൂർഷ്വാസിയുടെ ആഗ്രഹത്തിനു് തൊഴിലാളിവർഗ്ഗത്തിൻേറയും അതിൻെറ മാർക്സിസ്റ്റ്പാർട്ടികളുടേയും നേതൃത്വത്തിലുള്ള ജനാധിപത്യ—സോഷ്യലിസ്റ്റ്ശക്തികളിൽനിന്നുള്ള എതിർപ്പിനെ നേരിടേണ്ടിവരുന്നു. ഈ എതിർപ്പു് കൂടുതൽ കൂടുതൽ സംഘടിതവും സുശക്തവുമായിത്തീരുന്നു.

2. ഇങ്ങനെ ബലപ്രയോഗം മുഖേന ചൂഷിതവർഗ്ഗത്തെ അടക്കിനിർത്തുക മാത്രമല്ല ചൂഷകവർഗ്ഗം ചെയ്യുന്നുള്ളു. അതോടൊപ്പംതന്നെ മതം, സാഹിത്യ-കലാസംഗീതാദിസാംസ്കാരികരൂപങ്ങൾ, ധാർമ്മികമൂല്യങ്ങളെക്കുറിച്ചുള്ള ധാരണകൾ എന്നിവയെ ഉപയോഗിച്ചു് ചൂഷിതവർഗ്ഗത്തിൽ ബഹുഭൂരിപക്ഷത്തെ സ്വന്തം സ്വാധീനശക്തിയിലൊതുക്കിനിറുത്താൻകൂടി അവർ ശ്രമിക്കുന്നു.

ഇതിന്നുവേണ്ട കഴിവു് ചൂഷകവർഗ്ഗത്തിന്നുണ്ടാവുന്നതിൽ അത്ഭുതപ്പെടേണ്ടതില്ല. എന്തുകൊണ്ടെന്നാൽ, സാംസ്കാരികവും ധാർമ്മികവുമായ രംഗങ്ങളിൽ പ്രവർത്തിക്കേണ്ട സമയവും അതിന്നാവശ്യമായ പരിശീലനവും കിട്ടാൻ ഭാഗ്യമുള്ളതു് ചൂഷകവർഗ്ഗങ്ങളിൽനിന്നുയർന്നുവന്ന വ്യക്തികൾക്കാണ്. തത്വജ്ഞാനികൾ, ശാസ്ത്രകാരന്മാർ, മതമേധാവികൾ, സാഹിത്യകാരന്മാർ, കലാകാരന്മാർ മുതലായ നിലകളിലേയ്ക്കുയരാൻ വേണ്ട സൗകര്യം ചൂഷിതവർഗ്ഗങ്ങളിൽപെട്ടവർക്കില്ല. അതുകൊണ്ടു് ചൂഷക-ചൂഷിതവ്യത്യാസം നിലവിൽവന്നതിൽപ്പിന്നീടുള്ള സാംസ്കാരികസ്ഥാപനങ്ങളും ധാർമ്മികമൂല്യങ്ങളുമെല്ലാം അതാതുകാലഘട്ടത്തിൽ, അതാതുരാജ്യത്തു്, മേധാവിത്വംവഹിക്കുന്ന വർഗ്ഗത്തിൻേറയോ വർഗ്ഗങ്ങളുടേയോ സവിശേഷതാല്പര്യങ്ങൾക്കു് ന്യായീകരണം നല്കുവാനാണുപകരിക്കുന്നതു്.

അതേയവസരത്തിൽ, ഒരു രൂപത്തിലുള്ള ചൂഷക-ചൂഷിതബന്ധത്തിൽ നിന്നു് മറെറാന്നു മറെറാന്നിലേയ്ക്കു് പരിവർത്തനംനടക്കുന്ന കാലഘട്ടത്തിൽ—ആ പരിവർത്തനത്തിൻെറ മുന്നോടിയായിട്ടുതന്നെ—സാംസ്കാരികസ്ഥാപനങ്ങളിലും ധാർമ്മികമൂല്യങ്ങളിലും മാററംവരുത്താൻ ശ്രമിക്കുന്ന പണ്ഡിതന്മാരും ബുദ്ധിജീവികളും ചൂഷകവർഗ്ഗങ്ങൾക്കകത്തുനിന്നുതന്നെ ഉയർന്നുവരാനിടയാവുന്നു. നേരെമറിച്ചു്, പഴയ സാംസ്കാരികസ്ഥാപനങ്ങളും ധാർമ്മികമൂല്യങ്ങളും നിലനിർത്താൻ ശ്രമിക്കുന്നവരും അപ്പോൾതന്നെയുണ്ടു്. ഈ രണ്ടുവിഭാഗങ്ങളും തമ്മിൽ രൂക്ഷമായ

സമരവും നടക്കുന്നു. പക്ഷേ, ചൂഷിത-ചൂഷകവ്യത്യാസം നിലനില്ക്കുന്നിടത്തോളംകാലം ഇത്തരം സാംസ്കാരികപരിവർത്തനങ്ങളെല്ലാം ചൂഷണവ്യവസ്ഥയിൽ കാലാനുകൂലമായ പരിഷ്കാരങ്ങൾ വരുത്താനല്ലാതെ അതിനെ അവസാനിപ്പിക്കുവാൻ സഹായിക്കുകയില്ല.

3. ചുരുക്കത്തിൽ, സ്വയം പണിയെടുത്ത് മററുള്ളവരെ തീററിപ്പോററാൻ നിർബന്ധിക്കപ്പെടുന്ന ചൂഷിതവർഗ്ഗം സാമ്പത്തികമായി ചൂഷണംചെയ്യപ്പെടുക മാത്രമല്ല രാഷ്ട്രീയമായി അടിച്ചമർത്തപ്പെടുകയും ചൂഷകവർഗ്ഗത്തിന്റെ സാംസ്കാരിക മേധാവിത്തത്തിന്നിരയാവുകയുംകൂടി ചെയ്യുന്നു. ജനാധിപത്യം; വ്യക്തിസ്വാതന്ത്ര്യം; പൗരസമത്വം; സത്യധർമ്മാദിമാനുഷികമൂല്യങ്ങൾ എന്നിവയുടെയെല്ലാം കാര്യത്തിൽപോലും (കൂലി, പാട്ടം, പലിശ മുതലായവയുടെ കാര്യത്തിലെന്നപോലെ) ചൂഷക-ചൂഷിതവർഗ്ഗങ്ങളുടെ വിരുദ്ധതാല്പര്യങ്ങൾ തമ്മിലിടയുന്നു. അവയോരോന്നുംതന്നെ സ്വന്തം വർഗ്ഗമേധാവിത്വം നിലനിർത്തുന്നതിനുള്ള ഉപായങ്ങളായാണ് ചൂഷകവർഗ്ഗം ഉപയോഗപ്പെടുത്തുന്നത്. ചൂഷക-ചൂഷിതവ്യത്യാസവും ചൂഷകവർഗ്ഗമേധാവിത്വവും നിലനില്ക്കുന്നകാലത്തോളം അതങ്ങനെ തുടരുകയും ചെയ്യും.

4. ഈ സ്ഥിതി അവസാനിപ്പിക്കാനുള്ള കളമൊരുക്കിയെന്നതാണ് മനുഷ്യസമുദായചരിത്രത്തിൽ മുതലാളിത്തവ്യവസ്ഥയ്ക്കുള്ള സവിശേഷസ്ഥാനത്തിന്നടിസ്ഥാനം.

ഇതിന്നുമുമ്പ് ചൂണ്ടിക്കാണിച്ചതുപോലെ ഉല്പാദനശക്തികൾ മുമ്പെന്നുമില്ലാത്തത്ര വളർന്നുകഴിഞ്ഞിരിക്കുന്നു; പ്രാചീനകമ്മ്യൂണിസത്തിൻകീഴിൽ ഊഹിക്കാൻപോലും കഴിയാതിരുന്നത്ര ഉയർന്ന നിലവാരത്തിൽ ജീവിക്കാനെല്ലാവർക്കും കഴിയുകയും എന്നാലതിന്ന് ചൂഷക-ചൂഷിതവ്യത്യാസത്തെ ആസ്പദമാക്കിയ വർഗ്ഗസമുദായം ആവശ്യമില്ലാതിരിക്കുകയുംചെയ്യുന്ന സാഹചര്യമുളവായിരിക്കുന്നു.

ഉല്പാദനശക്തികളിൽവന്ന ഈ വളർച്ച മാത്രമല്ല മുതലാളിത്തസമുദായം മനുഷ്യന്നു നൽകിയ സംഭാവന. അതോടൊപ്പംതന്നെ സാങ്കേതികപുരോഗതിയുടെ ഫലമായി വളർന്നുവന്ന ഈ സാദ്ധ്യതകൾ തികച്ചും ഉപയോഗപ്പെടുത്താൻ കഴിയുന്ന ഒരു സാമൂഹ്യശക്തിയേയും അത് സൃഷ്ടിച്ചിരിക്കുന്നു. ആ സാമൂഹ്യശക്തിയാണു തൊഴിലാളിവർഗ്ഗം. ഈ പുതിയ വർഗ്ഗത്തിന്റെ ഉയർച്ചയും വളർച്ചയും സമുദായചരിത്രത്തിലെന്തു പങ്കാണ് നിറവേററുന്നതെന്ന് "മാർക്സിസം-ലെനിനിസത്തിന്റെ അടിസ്ഥാനതത്വങ്ങ"ളിൽ ഇങ്ങനെ വിശദീകരിക്കുന്നു:

"തൊഴിലാളിവർഗ്ഗത്തിന്റെ ചരിത്രപരമായ കടമയെക്കുറിച്ചുള്ള മാർക്സിന്റെയും ഏംഗൽസിന്റെയും നിഗമനത്തിന്റെ അടിസ്ഥാനമെന്താണ്?

ഒന്നാമതായി, മുതലാളിത്തസമുദായത്തിലെ ഏററവുമധികം ചൂഷണം ചെയ്യപ്പെടുന്ന വർഗ്ഗമെന്നനിലയ്ക്ക് തൊഴിലാളിവർഗ്ഗം, സ്വന്തം ജീവിതസാഹചര്യങ്ങളുടെ ഫലമായിത്തന്നെ, മുതലാളിത്തവ്യവസ്ഥയുടെ ബദ്ധശത്രുവായും ഒരിക്കലും യോജിക്കാത്ത എതിരാളിയായും പരിണമിക്കുന്നു. ജീവൽപ്രധാനമായ സ്വന്തം വർഗ്ഗതാല്പര്യങ്ങൾ അവരെ മുതലാളിത്തത്തിന്നെതിരായ വിട്ടുവീഴ്ചയില്ലാത്ത സമരത്തിന്ന് നിർബ്ബദ്ധരാക്കിത്തീർക്കുന്നു. "ഇന്നു ബൂർഷ്വാസിയോടെതിരിടുന്ന സർവ്വവർഗ്ഗങ്ങളിലുംവച്ച് ഏററവുമധികം വിപ്ലവകാരിയായ വർഗ്ഗം തൊഴിലാളിവർഗ്ഗമാണെ"ന്ന് മാർക്സും ഏംഗൽസും ഊന്നി പ്രസ്താവിച്ചു.

രണ്ടാമതായി, ഉല്പാദനരംഗത്ത് തൊഴിലാളികൾക്കുള്ള സ്ഥാനം നോക്കുമ്പോൾ ഉല്പാദനത്തിന്റെ ഭൂതകാലവുമായിട്ടല്ല തൊഴിലാളികൾക്കു ബന്ധമുള്ളതെന്നും മറിച്ച് അതിന്റെ ഭാവിയുമായിട്ടാണെന്നും തൽഫലമായി സമുദായത്തിന്റെ

മുഴുവൻ ഭാവിയുമായി അവർക്കു ബന്ധമുണ്ടെന്നുമുള്ള യാഥാർത്ഥ്യത്തെയാണു മാർക്സും ഏംഗൽസും തങ്ങളുടെ വ്യാഖ്യാനത്തിന്നടിസ്ഥാനമാക്കിയെടുത്തതു്.

എന്നുവച്ചാലെന്താണർത്ഥം? അർത്ഥമിതാണു്: ഒന്നാമതു, മുതലാളിത്തത്തിന്റെ ഭൗതികാടിസ്ഥാനം—അതായതു് വൻകിടവ്യവസായം—തൊഴിലാളിവർഗ്ഗം ഒരു വർഗ്ഗമെന്ന നിലയ്ക്കു നിലനില്ക്കുന്നതിനെ തടയുകയോ അവരുടെ സുസ്ഥിതിയെ തുരങ്കംവയ്ക്കുകയോ ചെയ്യുന്നില്ലെന്നു മാത്രമല്ല, അതു് അവരുടെ എണ്ണം അധികരിപ്പിക്കുകയും അങ്ങനെ സമുദായത്തിൽ അവർക്കുള്ള പങ്കു വർദ്ധിപ്പിക്കുകയും ചെയ്യുന്നുണ്ടെന്നതാണു്.

എന്നുതന്നെയല്ല, ഉല്പാദനശക്തികളുടെ അഭിവൃദ്ധിയുടെ പ്രധാനമായ പ്രവണത തൊഴിലാളിവർഗ്ഗത്തിന്റെ താല്പര്യങ്ങളും അഭിനിവേശങ്ങളുമായി ഒത്തുയോജിച്ചുപോകുന്നവയാണു്. മുതലാളിത്തവ്യവസ്ഥയിൻകീഴിൽ ഉല്പാദനശക്തികളുടെ അഭിവൃദ്ധിയുടെ നിലവാരത്തിനു ഉല്പാദനോപാധികളുടെ സ്വകാര്യഉടമസ്ഥത ഉപേക്ഷിക്കേണ്ടതു് ഒരാവശ്യമായിത്തീരുന്നു. ഈ ചുമതല നിർവ്വഹിക്കേണ്ടതു് തൊഴിലാളിവർഗ്ഗമാണു്.

മുതലാളിത്തമവസാനിപ്പിക്കുന്നതിൽ മാത്രമല്ല, സോഷ്യലിസം നിലവിൽ വരുത്തുന്നകാര്യത്തിലും തൊഴിലാളിവർഗ്ഗത്തിനു പ്രസ്തനിഷ്ഠമായ താല്പര്യങ്ങളുണ്ടു്. മുതലാളിത്തത്തെ തള്ളിമാററിയശേഷം സോഷ്യലിസ്റ്റ വ്യവസ്ഥ സമുദായത്തിലെ ഉല്പാദനശക്തികൾക്കു വൻതോതിൽ അഭിവൃദ്ധിപ്പെടാനവസരംനൽകുന്നു.

മാർക്സും ഏംഗൽസും പറഞ്ഞതുപോലെ, തൊഴിലാളിവർഗ്ഗത്തിന്റെ ഉത്ഭവത്തിനും വളർച്ചയ്ക്കും വഴിവെച്ചുകൊണ്ടു് സ്വകാര്യഉടമസ്ഥത തന്നെത്താൻ മരണശിക്ഷയ്ക്കു വിധിക്കുകയും ആ വിധി തൊഴിലാളിവർഗ്ഗം നടപ്പിലാക്കുകയും ചെയ്യുന്നു. വാസ്തവംപറഞ്ഞാൽ, ഉല്പാദനോപാധികളിന്മേൽ യാതൊരവകാശവുമില്ലാത്ത ഒരേ ഒരു വർഗ്ഗം തൊഴിലാളിവർഗ്ഗമാണു. അതുകൊണ്ടു്, ഉല്പാദനോപാധികളെക്കുറിച്ചു വിശേഷിച്ചു് ഒരു വിലയും അവർ കല്പിക്കേണ്ടതില്ല. മാത്രമല്ല, ഉല്പാദനോപാധികളുടെ സ്വകാര്യഉടമസ്ഥത മുതലാളികൾ തൊഴിലാളിയെ ചൂഷണംചെയ്യുന്നതിന്നുള്ള അടിസ്ഥാനകാരണമായതുകൊണ്ടു് അതിനെ നീക്കംചെയ്തു് സാമൂഹ്യമായ ഉടമാവകാശം സ്ഥാപിക്കുകയെന്നതു മാത്രമാണു തൊഴിലാളിവർഗ്ഗത്തിന്റെ വിമോചനത്തിനുള്ള ഏകമാർഗ്ഗം.

മാർക്സിനേയും ഏംഗൽസിനേയും സംബന്ധിച്ചിടത്തോളം മുതലാളിത്തം നശിപ്പിച്ചു സോഷ്യലിസം പടുത്തുയർത്താൻ അധികാരപ്പെട്ട വർഗ്ഗം തൊഴിലാളിവർഗ്ഗമാണെന്ന നിഗമനത്തിനു കാരണമായ മറെറാരു പ്രധാനവസ്തുതയുണ്ടു്. ഇത്രയും മഹത്തരവും ചരിത്രപരവുമായ ഒരു ലക്ഷ്യം നിറവേററാനാവശ്യമായ ആയോധനഗുണങ്ങളുള്ള ഒരേയൊരുവർഗ്ഗം തൊഴിലാളിവർഗ്ഗമാണെന്ന യാഥാർത്ഥ്യമാണതു്.

എന്തൊക്കെയാണീ ഗുണവിശേഷങ്ങൾ? തൊഴിലാളിവർഗ്ഗത്തിന്റെകൂടെ സാധാരണ ബഹുജനങ്ങളുണ്ടെന്നതാണു് ഒന്നാമത്തെ ഗുണം. മുതലാളിത്തസമുദായത്തിൽ ഏററവും അധികം വേഗത്തിൽ വളർച്ചപ്രാപിക്കുന്നതും ഏററവുമധികം സംഖ്യാബലമുള്ളതുമായ ഒരു വർഗ്ഗമാണതു്.

പക്ഷേ, ഇതു മാത്രമല്ല സ്വന്തം അദ്ധ്വാനത്തിന്റെയും ജീവിതത്തിന്റെയും സ്വഭാവമെടുത്തുനോക്കുമ്പോൾ തൊഴിലാളിവർഗ്ഗത്തിന്നു് ഏററവും ഉയർന്ന തോതിൽ സംഘടിക്കാനുള്ള കഴിവുണ്ടു്. ഒരു കൂററൻ സ്ഥാപനത്തിൻകീഴിലെ പ്രവർത്തനപരിചയംമൂലം അവർക്കു സമഷ്ടിബോധവും കണിശമായ അച്ചടക്കം, കൂട്ടായ പ്രവ

ത്തനശീലം പരസ്പരസഹായസഹകരണം എന്നിവ പാലിക്കാനുള്ള കഴിവും സ്വായത്തമായിരിക്കും. ഈവക ഗുണങ്ങൾ അദ്ധ്വാനരംഗത്തു മാത്രമല്ല, സമരരംഗത്തും വളരെ വിലപ്പിടിച്ചതാണ്. സാധാരണ ബഹുജനപ്രസ്ഥാനങ്ങളെ സംബന്ധിച്ചിടത്തോളം—വിശേഷിച്ചും കർഷകപ്രസ്ഥാനങ്ങളെ സംബന്ധിച്ചിടത്തോളം—അനൈക്യവും ഒററപ്പെടലും ഒരു തീരാശാപമാണ്. ആയിരക്കണക്കിൽ തൊഴിലാളികളെ പട്ടണങ്ങളിലെ യന്ത്രശാലകളുടേയും ഫാക്ടറികളുടേയും മേൽപ്പുരയ്ക്കുകീഴിൽ ഒന്നിച്ചുചേർത്തുകൊണ്ട് മുതലാളികൾതന്നെ തൊഴിലാളികളെ മേല്പറത്ത അനൈക്യത്തിൽനിന്നും ഒററപ്പെടലിൽനിന്നും രക്ഷപ്പെടാൻ സഹായിക്കുന്നു. തൊഴിലാളികൾ മററുവർഗ്ഗത്തെക്കാളും ഉഷാറോടെ സംഘടനയ്ക്കും ഐക്യത്തിനുംവേണ്ടി സ്വയം ഉഴിഞ്ഞുവയ്ക്കാൻ മുൻകയ്യെടുക്കുന്നതിനുള്ള കാരണം ഇതാണ്.

അദ്ധ്വാനിക്കുന്ന എല്ലാവർഗ്ഗങ്ങളിലുംവച്ച് സ്വന്തം രാഷ്ട്രീയബോധം വളത്താനും പുരോഗമനപരവും ശാസ്ത്രീയവുമായ ഒരു ലോകവീക്ഷണഗതി അംഗീകരിക്കാനും ഏററവുമധികം കഴിവുള്ളതു് തൊഴിലാളിവർഗ്ഗത്തിന്നാണ്. വൻകിടവ്യവസായങ്ങളുടെ നടത്തിപ്പിനു മററു സമ്പദ്‌വ്യവസ്ഥയുടെ രൂപങ്ങൾക്കു വേണ്ടിവരുന്നതിനേക്കാൾ ഉയർന്ന വിദ്യാഭ്യാസം സിദ്ധിച്ച തൊഴിലാളികളാവശ്യമാണ്. തൊഴിലാളി രാഷ്ട്രീയബോധം സമ്പാദിക്കുന്നതു പ്രധാനമായും അദ്ധ്വാനത്തിലൂടെയും സമരത്തിലൂടെയും സിദ്ധിക്കുന്ന പരിചയത്തിൽനിന്നാണ്. പോരാത്തതിനു, ഏററവും നല്ല ബുദ്ധിജീവികൾ തൊഴിലാളിവർഗ്ഗത്തിൻെറ ചേരിയിലേയ്ക്കു വരികയും വിപ്ലവാത്മകവും ശാസ്ത്രീയവുമായ ഒരു ലോകവീക്ഷണഗതി നേടാനും വളത്താനും തൊഴിലാളിവർഗ്ഗത്തെ സഹായിക്കുകയും ചെയ്യുന്നു. കോടിക്കണക്കിലുള്ള തൊഴിലാളികൾക്കു് ഈ വീക്ഷണഗതി ലഭ്യമാകുന്നതോടുകൂടി അത്യത്ഭുതകരമായ ഒരു ശക്തിയായി പരിണമിക്കുന്നു.

എങ്കിലും, സമുദായത്തിലെ ഏററവുമധികം വിപ്ലവകാരികളും സമരവീര്യമുള്ളവരുമായ വർഗ്ഗം തൊഴിലാളികളാണ്.

മുതലാളിത്തം നശിപ്പിച്ചു സോഷ്യലിസം സ്ഥാപിക്കുകയെന്ന ചുമതല തൊഴിലാളിവർഗ്ഗത്തിനു ലഭിക്കാനുള്ള കാരണങ്ങളിതെല്ലാമാണ്.

ഇതിനെ ചരിത്രപരമായ ചുമതലയെന്നു വിളിക്കുന്നതു വെറുതെയൊന്നുമല്ല.

ചരിത്രത്തിൻെറ ഗതിക്രമത്തിന്നിടയിൽ അടിമയുടമകൾ, നാട്ടുവാഴിപ്രഭുക്കൾ, മുതലാളികൾ തുടങ്ങി വ്യത്യസ്തവർഗ്ഗങ്ങൾ സ്വയം സമുദായത്തിൻെറ നായകന്മാരായിത്തീർന്നിട്ടുണ്ട്. സ്വന്തം ആവശ്യങ്ങൾക്കും താല്പര്യങ്ങൾക്കും അനുസരിച്ച് സമുദായത്തെ അഴിച്ചുപണിഞ്ഞുകൊണ്ട് ഈ വർഗ്ഗങ്ങളോരോന്നും കൂടുതൽ പുരോഗമനപരമായ ഉല്പാദനരീതി നിലവിൽവരുത്താൻ സഹായിച്ചു. എന്നിട്ടും, സാമൂഹ്യനീതികളും അസമത്വങ്ങളും പിന്നേയും നിലനിന്നുപോന്നു. ഓരോപ്രാവശ്യവും ഒരുപിടി മർദ്ദകന്മാർ സമുദായത്തിൻെറ നായകത്വം വഹിച്ചു. പുരോഗതിയിലേയ്ക്കുള്ള ഓരോ കാൽവെയ്പും സമുദായത്തിലെ ഭൂരിപക്ഷംവരുന്ന അദ്ധ്വാനിക്കുന്ന സാധാരണജനങ്ങൾ സഹിച്ച അസാമാന്യമായ ദുരിതങ്ങളുടെ ഫലമായിരുന്നു.

തൊഴിലാളിവർഗ്ഗം സമുദായത്തിൻെറ നേതൃത്വമേറെറടുക്കുന്നതോടുകൂടി ഈ അനീതി എന്നന്നേയ്ക്കുമായി അവസാനിപ്പിക്കപ്പെടുന്നു. സ്വന്തം മോചനം നേടുന്നതോടൊപ്പംതന്നെ മനുഷ്യരാശിയെ മുഴുവനവർ മോചിപ്പിക്കുന്നു. അവർ സ്വന്തം ആശയാഭിലാഷങ്ങൾക്കനുസരിച്ച് സമുദായത്തെ പുതുക്കിപ്പണിതുകൊണ്ട് എല്ലാവർക്കും യഥാർത്ഥമായ സുഖവും സന്തുഷ്ടിയും നൽകുന്ന ഒരു പുതിയ

സമുദായം സൃഷ്ടിക്കുന്നു. ധനികരും ദരിദ്രരും, ചൂഷകരും ചൂഷിതരും, മർദ്ദകരും മർദ്ദിതരും എന്നിങ്ങനെ സമുദായത്തെ രണ്ടുവിഭാഗങ്ങളായി വിഭജിക്കാൻ കാരണമായ ഉല്പാദനോപാധികളുടെ സ്വകാര്യഉടമസമ്പ്രദായത്തെ—അതായത് സാമൂഹ്യനീതിയുടെ അസ്ഥിവാരത്തെ—തന്നെ എന്നെന്നേയ്ക്കുമായി പൊളിച്ചുകളയുക എന്നതു് തൊഴിലാളിവർഗ്ഗത്തിന്റെ കടമയാണ്. ഈ കടമ നിവ്വഹിച്ചുകൊണ്ടു മാത്രമേ ദാരിദ്ര്യത്തിൽനിന്നും ഭൂരിപക്ഷത്തിന് യാതൊരധികാരാവകാശങ്ങളുമില്ലാത്ത ഒരു സ്ഥിതിയിൽനിന്നും സമുദായത്തെ രക്ഷിക്കാനാവൂ.

കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോവിൽ മാർക്സും എംഗൽസും എഴുതി: "മുമ്പുണ്ടായിരുന്ന പ്രസ്ഥാനങ്ങളെല്ലാംതന്നെ ന്യൂനപക്ഷത്തിന്റെ പ്രസ്ഥാനങ്ങളോ അല്ലെങ്കിൽ ന്യൂനപക്ഷതാല്പര്യങ്ങൾ സംരക്ഷിക്കാൻവേണ്ടിയുള്ള പ്രസ്ഥാനങ്ങളോ ആയിരുന്നു. തൊഴിലാളിപ്രസ്ഥാനമാകട്ടെ, ബഹുഭൂരിപക്ഷത്തിന്റെ താല്പര്യങ്ങൾ സംരക്ഷിക്കാൻവേണ്ടി ബഹുഭൂരിപക്ഷം ജനങ്ങൾ ബോധപൂർവ്വം സ്വതന്ത്രമായി നടത്തുന്ന ഒരു പ്രസ്ഥാനമാണ്."

തൊഴിലാളിവർഗ്ഗത്തിന്റെ ചരിത്രപരമായ കടമയെക്കുറിച്ചുള്ള സിദ്ധാന്തം മാർക്സിസ്റ്റ് ലോകവീക്ഷണഗതിയുടെ ഏററവും മുഖ്യമായ വശമാണ്. മർദ്ദനവും ചൂഷണവും അനുഭവിക്കുന്ന സാധാരണ ജനങ്ങൾക്ക്, നീതിക്കും സ്വാതന്ത്ര്യത്തിനുംവേണ്ടിയുള്ള തങ്ങളുടെ അഭിലാഷങ്ങൾ നിറവേററാനുള്ള സാദ്ധ്യത ആദ്യമായി തെളിയിച്ചുകൊടുത്തതു് ഈ സിദ്ധാന്തമാണ്. ജനങ്ങൾക്ക് സ്വാതന്ത്ര്യവും, സുഖവും, സന്തുഷ്ടിയും നേടിക്കൊടുക്കാൻ കഴിവുള്ള സാമൂഹ്യശക്തിയേതെന്നു കണ്ടെത്താൻ സാധിക്കാത്തതുകൊണ്ടുമാത്രം പ്രസിദ്ധരായ പല വ്യക്തികൾക്കും സാമൂഹ്യപ്രസ്ഥാനങ്ങൾക്കും വഴിമുട്ടി ദുർഘടഘട്ടത്തിൽചെന്നു ചാടേണ്ടിവന്നിട്ടുണ്ട്. ചിലർ രാജാക്കന്മാരുടെ വിവേകത്തോടപേക്ഷിച്ചുനോക്കി. ശാസ്ത്രജ്ഞന്മാരുടേയും എഞ്ചിനീയർമാരുടേയും സൃഷ്ടിപരമായ ബുദ്ധിവൈഭവം സമുദായത്തെ രക്ഷിക്കുമെന്നും മററുചിലർ ആശിച്ചു. "വിമർശനാത്മകമായി ചിന്തിക്കുന്ന മഹാന്മാരെങ്കിലും എന്തെങ്കിലും അത്ഭുതവിദ്യ പ്രദർശിപ്പിക്കുമെന്നു വേറെ ചിലർ പ്രതീക്ഷിച്ചു. ഇതിലൊന്നുംപെടാത്ത ചിലർ മദ്ധ്യകാലത്തെ കൈവേലക്കാരുടെ സംഘങ്ങളിലൂടെ നാട്ടുകൂട്ടങ്ങളുടെ ഇടയിലുണ്ടായിരുന്ന ആചാരങ്ങളും ഗോത്രാധിപത്യത്തിലുള്ള കർഷകജീവിതവും വീണ്ടും വരുമെന്നാശിച്ചു. പക്ഷേ, ഈ ആശകളും അഭിലാഷങ്ങളുമെല്ലാം കുറേയധികം നിഷ്പ്രയോജനമായ പ്രയത്നത്തിലും പലപ്പോഴും നിരവധി മനുഷ്യാത്മാക്കളുടെ നഷ്ടത്തിലും മാത്രമാണ് ചെന്നുകലാശിച്ചതു്. മനുഷ്യരാശി സ്വന്തം ഹൃദയത്തിൽ ഏറെക്കാലമായി നട്ടുവളർത്തിവരുന്ന സുന്ദരസ്വപ്നമായ സോഷ്യലിസം യഥാർത്ഥ ജീവിതത്തിൽ സഫലമാക്കിത്തീർക്കാനുള്ള സാമൂഹ്യശക്തി ആവിർഭവിക്കുകയും അതു ശാസ്ത്രീയമായി സമർപ്പിക്കപ്പെടുകയുംചെയ്ത നിമിഷംമുതൽക്കുതന്നെ—മുതലാളിത്തസമുദായത്തിലെ തൊഴിലാളികൾക്കും മററു മർദ്ദിതവർഗ്ഗങ്ങളുടെ പ്രതിനിധികൾക്കും തൊഴിലാളിവർഗ്ഗത്തിന്റെ ചരിത്രപരമായ കടമ വ്യക്തമായ ആ നിമിഷംമുതൽക്കുതന്നെ—സോഷ്യലിസമെന്ന ആ സുന്ദരസ്വപ്നം മേലാൽ വെറുമൊരു അരൂപമായ ഭാവനാചിത്രമല്ലാതായിത്തീർന്നു.

അതുകൊണ്ടാണ് മാർക്സിസത്തിന്റെ ഉപജ്ഞാതാക്കളുടെ സേവനങ്ങളെ വിലയിരുത്തിക്കൊണ്ടു് ലെനിൻ ഇങ്ങനെ എഴുതിയതു്: "സോഷ്യലിസ്റ്റ്സമുദായം കെട്ടിപ്പടുക്കുന്നവനെന്നനിലയ്ക്കു് തൊഴിലാളിയുടെ ചരിത്രപരമായ പങ്കു് ചൂണ്ടിക്കാണിച്ചുതരുന്നുവെന്നതാണ് മാർക്സിന്റെ സിദ്ധാന്തത്തിലെ മുഖ്യവശം.

5. എന്നാൽ, ചരിത്രപ്രധാനമായ ഈ കടമ നിറവേററാൻ തൊഴിലാളിവർഗ്ഗത്തിനു കഴിയണമെങ്കിൽ സാമ്പത്തികരംഗത്തെന്നപോലെതന്നെ ആശയരംഗത്തുമുള്ള ചൂഷകവർഗ്ഗമേധാവിത്വത്തിന്നെതിരായി ബോധപൂർവ്വം സമരംനടത്താനതു തയ്യാറാവണം; അതിൽ തൊഴിലാളിസാമാന്യത്തിനു നേതൃത്വംനൽകാൻ

കെല്പുള്ള ഒരു മുന്നണിവിഭാഗമുണ്ടാവണം. എന്തുകൊണ്ടെന്നാൽ, മുകളിൽ വിവരിച്ച അനുകൂലസാഹചര്യങ്ങൾ നിമിത്തം ബഹുഭൂരിപക്ഷം ജനങ്ങളുടെ നേതൃത്വത്തിലേയ്ക്കു കയറാൻ കഴിവുള്ളൊരു വർഗ്ഗമാണെന്നിരുന്നാലും, തൊഴിലാളിവർഗ്ഗം ചൂഷകവർഗ്ഗങ്ങളുടേതായ ആശയവലയത്തിനുള്ളിലാണു ജീവിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നതു്. ബൂർഷ്വാവ്യവസ്ഥയുടെ ചട്ടക്കൂട്ടിനുപോലും നിരക്കാത്ത ജാതി-മത ചിന്തകൾപോലും നമ്മുടെ നാട്ടിലെ തൊഴിലാളിവർഗ്ഗത്തിന്നകത്തു സ്വാധീനംചെലുത്തുന്ന അനുഭവം നമുക്കുണ്ടല്ലോ. അതുപോലെതന്നെ ബൂർഷ്വാവർഗ്ഗമേധാവിത്വം നിലനിർത്താൻ സഹായിക്കുന്ന പാർലിമെൻററി വ്യവസ്ഥയെപ്പററിയുള്ള വ്യാമോഹങ്ങൾ, ബഹുഭൂരിപക്ഷംവരുന്ന അദ്ധ്വാനിക്കുന്നവരെ സംബന്ധിച്ചേടത്തോളം കൂടുതൽ ജനാധിപത്യപരമായ തൊഴിലാളിവർഗ്ഗമേധാവിത്വത്തെക്കുറിച്ചുള്ള തെററിദ്ധാരണകൾ മുതലായവയും തൊഴിലാളിവർഗ്ഗത്തിന്നകത്തു സ്വാധീനംചെലുത്തുന്നതായി നമുക്കറിയാം. ഇത്തരത്തിൽ ബൂർഷ്വാ ആശയഗതികളും അതിന്നനുസരിച്ച രാഷ്ട്രീയവീക്ഷണവും തൊഴിലാളിവർഗ്ഗത്തിന്നകത്തു കുത്തിച്ചെലുത്താൻ മുതലാളിവർഗ്ഗവും അതിൻെറ സ്തുതിപാഠകന്മാരായ സോഷ്യൽ ഡെമോക്രാററുമാരും ബോധപൂർവ്വം ശ്രമിക്കുന്നുമുണ്ടു്. ഈ സ്ഥിതിയിൽ ബൂർഷ്വാചിന്താഗതികൾക്കെതിരായി ബോധപൂർവ്വമായ സമരം നടത്തുന്നതിൽ കാണിക്കുന്ന എതു വീഴ്ചയും തൊഴിലാളിവർഗ്ഗത്തെ വളർത്തി ശക്തിപ്പെടുത്തുന്നതിന്നു തടസ്സമായിനില്ക്കും.

6. ആശയപരമായ സമരംകൊണ്ടുമാത്രവും തൊഴിലാളിവർഗ്ഗത്തിന്നു അതിൻെറ ചരിത്രപരമായ കടമ നിറവേററാൻ കഴിയുകയില്ല. ചൂഷകവർഗ്ഗങ്ങൾ കെട്ടിപ്പടുത്തുണ്ടാക്കിയിട്ടുള്ള ഭരണകൂടത്തിന്നെതിരായും നിരന്തരവും സംഘടിതവുമായ സമരം നടത്തേണ്ടിയിരിക്കുന്നു. എങ്കിൽമാത്രമേ ചൂഷിതവർഗ്ഗങ്ങളെ ബലപ്രയോഗംമൂലം അടക്കിനിറുത്തുന്ന ചൂഷകവർഗ്ഗങ്ങളെ അധികാരസ്ഥാനത്തുനിന്നു മാററി ചൂഷണവ്യവസ്ഥയവസാനിപ്പിക്കാൻ തൊഴിലാളിവർഗ്ഗത്തിന്നു കഴിയുകയുള്ളു.

7. ഇങ്ങനെ ഒരേസമയത്തു മൂന്നു രംഗങ്ങളിൽ—സാമ്പത്തികവും, ആശയപരവും, രാഷ്ട്രീയവുമായ രംഗങ്ങളിൽ—സമരം നടത്താൻ തൊഴിലാളിവർഗ്ഗം പഠിക്കണം. അവതമ്മിലുള്ള വ്യത്യാസവും പരസ്പരബന്ധവും സംബന്ധിച്ച "മാർക്സിസം-ലെനിനിസത്തിൻെറ അടിസ്ഥാനതത്വങ്ങ"ളിൽ പറയുന്നു:

## സാമ്പത്തികസമരം

തൊഴിലാളികളുടെ അദ്ധ്വാനത്തിൻേറയും ജീവിതത്തിൻേറയും പരിതഃസ്ഥിതികൾ മെച്ചപ്പെടുത്താനുള്ള സമരമാണു്, അതായതു് കൂലികൂട്ടാനും ജോലിസമയം കുറയ്ക്കാനും മററുമുള്ള സമരമാണു് സാമ്പത്തികസമരം. തൊഴിലാളികൾ തങ്ങളുടെ ആവശ്യങ്ങൾ മുന്നോട്ടുവയ്ക്കുകയും അവ സാധിച്ചുകിട്ടാഞ്ഞാൽ പണിമുടക്കങ്ങൾ നടത്തുകയുംചെയ്യുന്നു. ഇതാണു് പരക്കെ പ്രചാരത്തിലുള്ള സാമ്പത്തികസമരത്തിൻെറ രൂപം. സ്വന്തം സാമ്പത്തികതാല്പര്യങ്ങൾ സംരക്ഷിക്കാൻവേണ്ടി തൊഴിലാളിവർഗ്ഗം ട്രേഡ്യൂണിയനുകളും, പരസ്പരസഹായനിധികളും, മററു സംഘടനകളും കെട്ടിപ്പടുക്കുന്നു.

രാഷ്ട്രീയമായി ഏററവും കുറച്ചുമാത്രം അഭിവൃദ്ധിപ്പെട്ടിട്ടുള്ള തൊഴിലാളികൾപോലും തങ്ങളുടെ അടിയന്തിരസാമ്പത്തികതാല്പര്യങ്ങളെ സംരക്ഷിക്കേണ്ടതിൻെറ ആവശ്യകത മനസ്സിലാക്കുന്നു. അതുകൊണ്ടു് തൊഴിലാളിവർഗ്ഗപ്രസ്ഥാനം ആരംഭിക്കുന്നതുതന്നെ സാമ്പത്തികസമരങ്ങളിലൂടെയാണു്. ഇതിന്നർത്ഥം തൊഴിലാളിയുടെ വർഗ്ഗസമരത്തിൽ സാമ്പത്തികസമരത്തിൻെറ കാലം കഴിഞ്ഞുപോയി

എന്നല്ല. സുശക്തവും സുസംഘടിതവുമായ ഒരു തൊഴിലാളിവർഗ്ഗം നിലവിലുള്ള രാജ്യങ്ങളിൽപോലും ഇന്നും സാമ്പത്തികാവശ്യങ്ങളുടെ സംരക്ഷണം വർഗ്ഗസമര പ്രസ്ഥാനത്തിൽ നല്ല ഒരു പങ്കുവഹിക്കുന്നുണ്ട്.

ഒന്നാമതായി, സാമ്പത്തികസമരങ്ങൾവഴി മുതലാളിത്തപരിതഃസ്ഥിതികൾക്കു കീഴിൽതന്നെ തൊഴിലാളിവർഗ്ഗത്തിന്റെ സ്ഥിതി നന്നാക്കാനുള്ള സാദ്ധ്യതകളുണ്ടാകുന്നു. തൊഴിലാളികൾ ബൂർഷ്വാസിയിൽനിന്നു പ്രധാനപ്പെട്ട പല ആനുകൂല്യങ്ങൾ പിടിച്ചെടുത്തുകഴിഞ്ഞിട്ടുള്ള പല രാജ്യങ്ങളിലേയും അനുഭവങ്ങൾ ഇതു തെളിയിക്കുന്നുണ്ട്. അതിനാൽ തൊഴിലാളിവർഗ്ഗത്തിന്റെയും അദ്ധ്വാനിക്കുന്ന എല്ലാവരുടേയും അവകാശങ്ങൾക്കുവേണ്ടി എന്നെന്നും സമരംചെയ്തുകൊണ്ടിരിക്കുന്ന കമ്മ്യൂണിസ്റ്റ്കാർ അദ്ധ്വാനിക്കുന്നവരുടെ സാമ്പത്തികസമരത്തിനുവേണ്ടിയുള്ള സംഘടനയുടെകാര്യത്തിൽ പ്രത്യേകം ശ്രദ്ധചെലുത്തുന്നു.

രണ്ടാമതായി, സാമ്പത്തികാവശ്യങ്ങൾക്കുവേണ്ടിയുള്ള സമരമെന്നതു് ബഹുജനങ്ങളെ സമീപിക്കാനും അവക്കു മനസ്സിലാക്കിക്കൊടുക്കാനും ഏററവും അധികം എളുപ്പമുള്ള കാര്യമായതിനാൽ, അതു് ഏററവും വിപുലമായ തോതിൽ തൊഴിലാളികളെ പ്രസ്ഥാനത്തിലേക്കാകർഷിക്കും. അങ്ങിനെ അവക്കു് വർഗ്ഗബോധത്തെക്കുറിച്ചു പഠിക്കുവാനും മുതലാളിത്തവിരുദ്ധസമരം നടത്താനുമുള്ള ഒരു പഠനരംഗമായി അതുപകരിക്കും. ഈ സമരത്തെ അടിസ്ഥാനപ്പെടുത്തിക്കൊണ്ടുമാത്രമേ കൂടുതൽ ഉയന്നരൂപത്തിലുള്ള തൊഴിലാളിവർഗ്ഗപ്രസ്ഥാനങ്ങൾ വിജയകരമായി പടുത്തുയർത്താനാവൂ.

എന്നിരിക്കിലും, സാമ്പത്തികസമരത്തിനു് ചില നിശ്ചിതപരിധികളുണ്ട്. മുതലാളിത്തവ്യവസ്ഥയുടെ അടിത്തറയെ ബാധിക്കാൻ അതിനു് സാദ്ധ്യമല്ലാത്തതുകൊണ്ട് തൊഴിലാളികളുടെ അടിസ്ഥാനപരമായ സാമ്പത്തികതാല്പര്യത്തെ തൃപ്തിപ്പെടുത്താൻ, അതായതു് അവരെ ചൂഷണത്തിൽനിന്നും സ്വതന്ത്രമാക്കാൻ കഴിയുകയില്ല. മാത്രമല്ല, സാമ്പത്തികസമരങ്ങളുടെ വിജയങ്ങൾ രാഷ്ട്രീയനേട്ടങ്ങളെക്കൊണ്ടു് വീണ്ടും സുശക്തമാക്കിത്തീക്കാത്തപക്ഷം, അതു് എന്നും സുരക്ഷിതമായി നിലനില്ക്കാൻ വഴിയില്ല. ഈ ആനുകൂല്യങ്ങളെ തിരിച്ചുപിടിക്കാനും തൊഴിലാളിവർഗ്ഗത്തിന്റെ സാമ്പത്തികതാല്പര്യങ്ങൾക്കെതിരായ ഒരാക്രമണം അഴിച്ചുവിടാനുമുള്ള അവസരങ്ങളൊന്നും ബൂർഷ്വാസി പാഴാക്കില്ല.

അതുകൊണ്ടാണ് തൊഴിലാളിയുടെ സമരം താല്ക്കാലികമായ സാമ്പത്തികാവശ്യങ്ങൾക്കുവേണ്ടിയുള്ള സമരങ്ങളിൽമാത്രം ഒതുങ്ങിനില്ക്കുന്നേടത്തോളം തൊഴിലാളപ്രസ്ഥാനത്തിനു് ഗണ്യമായ നേട്ടങ്ങളുണ്ടാവില്ലെന്നു് മാർക്സിസം-ലെനിനിസം വാദിക്കുന്നതു്.

തൊഴിലാളിയുടെ താല്ക്കാലികതാല്പര്യങ്ങളെ സംരക്ഷിക്കുകയെന്ന ഇടുങ്ങിയ പരിധിവിട്ടു പുറത്തുകടന്നു് രാഷ്ട്രീയസമരമായി അഭിവൃദ്ധിപ്പെടുമ്പോൾ മാത്രമാണ് തൊഴിലാളിവർഗ്ഗത്തിന്റെ യഥാർത്ഥ വർഗ്ഗസമരമാരംഭിക്കുന്നതു്. ഇതിനു് ഒന്നാമതായി വേണ്ടതു്, രാജ്യത്തിലെ മുഴുവൻ തൊഴിലാളിവർഗ്ഗത്തിന്റേയും മുന്നണിവിഭാഗത്തളെയൊന്നിച്ചു് "മുഴുവൻ മുതലാളിവർഗ്ഗത്തിന്നെതിരായും അതിനെ പിന്താങ്ങുന്ന ഗവൺമെൻറിന്നെതിരായും" സമരമാരംഭിക്കുകയാണ്. (ലെനിൻ 9.)

## ആശയസമരം

**തൊഴിലാളിവർഗ്ഗം മറേറതു വർഗ്ഗത്തേയുംപോലെ സ്വന്തം താല്പര്യങ്ങൾക്കുവേണ്ടിയാണ് സമരം നടത്തുന്നതു്. ഈ താല്പര്യങ്ങൾ തൊഴിലാളിവർഗ്ഗത്തെ ചൂഷണത്തിനും മർദ്ദനത്തിനും ദുഷിച്ച ജീവിതപരിതഃസ്ഥിതികൾക്കും ഇരയാക്കുന്ന**

മുതലാളിത്തസമുദായത്തിലെ സാമ്പത്തികബന്ധങ്ങളിൽനിന്നും ഉടലെടുത്തവയാണ്. തൊഴിലാളിതാല്പര്യങ്ങൾ എന്നതു് ഏതെങ്കിലും തത്വജ്ഞാനിയുടെയോ പാർട്ടിയുടെയോ കണ്ടുപിടുത്തമൊന്നുമല്ല; അവ വസ്തുനിഷ്ഠമായി നിലനില്ക്കുന്ന യാഥാർത്ഥ്യങ്ങളാണ്.

പക്ഷേ, അതുകൊണ്ടു് തൊഴിലാളിവർഗ്ഗം ഒററയടിക്കു് യാന്ത്രികമായി സ്വന്തം താല്പര്യങ്ങളെക്കുറിച്ചു് ബോധമുള്ളവരായിത്തീരുമെന്നല്ല ഇവിടെ ഉദ്ദേശിക്കുന്നതു്. അദ്ധ്വാനിക്കുന്നവരുടെ ജീവിതപരിതഃസ്ഥിതികൾ തീർച്ചയായും, അവരിലോരോരുത്തരിലും ചില പ്രത്യേക മനോഭാവങ്ങളുണ്ടാക്കും. അവർ തുടർച്ചയായി അന്യായങ്ങളെയും സാമ്പത്തികവും സാമൂഹ്യവുമായ അസമത്വങ്ങളേയും നേരിട്ടുകൊണ്ടിരിക്കുകയാണ്; ഇതു് തൊഴിലാളികൾക്കിടയിൽ അസംതൃപ്തിയുടെയും കലശലായ പ്രതിഷേധത്തിന്റെയും അമർഷത്തിന്റെയും വികാരങ്ങളുണർത്തിവിടുന്നു. എങ്കിലും ഇത്തരം വികാരങ്ങൾ വർഗ്ഗതാല്പര്യങ്ങളെക്കുറിച്ചുള്ള ബോധത്തോളമെത്തുന്നില്ല. വർഗ്ഗബോധത്തെ ലെനിൻ നിർവ്വചിച്ചതിങ്ങനെയാണ്: "സ്വന്തം സ്ഥിതിഗതികൾ നന്നാക്കുവാനും സ്വാതന്ത്ര്യം നേടുവാനുമുള്ള ഒരേയൊരു മാർഗ്ഗം മുതലാളിമാരായ ഫാക്ടറിയുടമവർഗ്ഗത്തിന്നെതിരായി സമരംനടത്തൽ മാത്രമാണെന്നു് തൊഴിലാളികൾക്കു മനസ്സിലാവലാണ് വർഗ്ഗബോധം. മാത്രമല്ല, തൊഴിലാളികളുടെ വർഗ്ഗബോധമെന്നാൽ, ഏതെങ്കിലും പ്രത്യേക രാജ്യത്തിലെ എല്ലാ തൊഴിലാളികളുടേയും താല്പര്യങ്ങൾ ഒരുപോലെയാണെന്നും തങ്ങൾ സമുദായത്തിലെ മററെല്ലാ വർഗ്ഗങ്ങളിൽനിന്നും വേറിട്ടൊരു വർഗ്ഗമാണെന്നുമുള്ള സംഗതി തൊഴിലാളികൾക്കു മനസ്സിലാവും എന്നാണർത്ഥം."[10]

ഈ ബോധം ഓരോ തൊഴിലാളികളുടേയും മനസ്സിൽ സ്വയമേവ ഉണ്ടാവുകയില്ല.

എല്ലാററിനുമുപരി, തൊഴിലാളിക്കു് താനൊരു പ്രത്യേകവർഗ്ഗത്തിന്റെ പ്രതിനിധിയാണെന്നു് സ്വയം ബോദ്ധ്യപ്പെടുകയെന്നതു് അത്ര എളുപ്പമല്ല.

ഇഷ്ടികപ്പണിക്കാരൻ, എഞ്ചിൻഡ്രൈവർ, യന്ത്രപ്പണിക്കാരൻ, കൂലിവേലക്കാരൻ, നാവികൻ—ഇവർക്കെല്ലാം വ്യത്യസ്തങ്ങളായ അദ്ധ്വാനപരിതഃസ്ഥിതികളും പലപ്പോഴും വ്യത്യസ്തങ്ങളായ ജീവിതനിലവാരങ്ങളുമാണുള്ളതു്. പല രാജ്യങ്ങളിലും തൊഴിലാളിപ്രസ്ഥാനം കൈത്തൊഴിൽസംഘടനകളിലൂടെ വളർന്നുപോന്നുവെന്നതു് യാദൃച്ഛികമല്ല. കാരണം അവിടെയെല്ലാം തൊഴിലാളികളെ യോജിപ്പിച്ച തത്വം അവരുടെ തൊഴിൽ എന്ന പ്രത്യേകതയാണ്. ഉദാഹരണത്തിനു് ഒരേ റെയിൽവേലൈനിൽ പണിയെടുക്കുന്ന ഗാർഡുകൾ, സ്റ്റോക്കർമാർ, കപ്ലർമാർ ഇവരെയെല്ലാം വെവ്വേറെ ട്രേഡ്യൂണിയനുകളിൽ സംയോജിപ്പിക്കുവാൻ കഴിയും. ഈ യൂനിയനുകളുടെയെല്ലാം ലക്ഷ്യം മററുള്ളവരുടെ ചിലവിൽ തങ്ങളുടെ "സ്വന്തം" തൊഴിലാളികൾക്കു് ആനുകൂല്യങ്ങൾ നേടുകയെന്നതായിരുന്നിട്ടുമുണ്ടു്.

പക്ഷേ, ഇതുകൊണ്ടൊന്നും തീർന്നില്ല. മുതലാളിത്തസമുദായത്തിൽ ഒററപ്പെട്ട തൊഴിലാളിക്കു് തന്റെ മർദ്ദിതസ്വഭാവം ഒരുതരത്തിലും ശരിക്കു മനസ്സിലാവില്ല. അയാൾ തന്റെ സ്ഥിതി സ്വന്തം വ്യക്തിപരമായ പരാജയമാണെന്നു കരുതാനിടയുണ്ടു്. അപ്പോൾ സ്വന്തം കൂട്ടുകാരുടെ ചിലവിലായാലും എങ്ങിനെയെങ്കിലും "ലോകത്തു കഴിഞ്ഞുകൂടാനുള്ള" ശ്രമങ്ങളിലാണ് അയാളുടെ അസംതൃപ്തി പ്രകടമാവുന്നതു്. ഒരുപക്ഷേ ചിലരെല്ലാം ഈ ശ്രമത്തിൽ വിജയിച്ചേക്കാം. പക്ഷേ, കോടിക്കണക്കിലുള്ളവരുടെ സ്ഥിതി പഴയതുതന്നെയായി ശേഷിക്കുന്നു.

ചിലപ്പോൾ തൊഴിലാളികളുടെ കലശലായ പ്രതിഷേധം തെററായ എതിരാളികളുടെ നേക്കു് ഉയരാറുണ്ടു്. ഉദാ: 18-ം 19-ം നൂററാണ്ടുകളിലെ വ്യവസായവിപ്ലവക്കാലത്തു് യന്ത്രസാമഗ്രികൾ നശിപ്പിക്കുന്ന പ്രസ്ഥാനം (ലൂഡൈറ്ററ

കൾ) തൊഴിലാളികൾക്കിടയിൽ പ്രചാരത്തിലുണ്ടായിരുന്നു. പുതിയ യന്ത്രങ്ങളുപയോഗത്തിൽ വന്നതോടെ തങ്ങളുടെ ജീവിതം കൂടുതൽ വിഷമത്തിലാവുകയാണെന്നവർ കണ്ടു. എന്നാൽ നാശത്തിന്റെ വേരുകിടക്കുന്നതു് യന്ത്രങ്ങളിലല്ലെന്നും മറിച്ചു് ചൂഷണം വർദ്ധിപ്പിക്കാനും തൊഴിലാളികളെ നശിപ്പിക്കാനുംവേണ്ടി അവയെ ഉപയോഗിക്കുന്ന മുതലാളികൾ അവയുടെ ഉടമസ്ഥന്മാരായിത്തീർന്ന വസ്ഥയിലാണെന്നും അവക്കു മനസ്സിലായില്ല.

ഈ തൊഴിലാളികൾക്കു സ്വന്തം വർഗ്ഗതാല്പര്യങ്ങളെക്കുറിച്ചുള്ള ബോധമുണ്ടാവുന്നതിൽ അനുഭവപ്പെടുന്ന ബുദ്ധിമുട്ടുകളെ വർദ്ധിപ്പിക്കുന്ന മററു ഘടകങ്ങൾ ബൂർഷ്വാപ്രത്യയശാസ്ത്രത്തിന്റെ വിഷമയമായ സ്വാധീനശക്തിയും, അദ്ധ്വാനിക്കുന്ന ജനങ്ങളെ തെററിദ്ധരിക്കുകയെന്ന വ്യക്തമായ ലക്ഷ്യത്തോടുകൂടി ബൂർഷ്വാസി നടത്തുന്ന പ്രചരണവുമാണു്. വിശേഷിച്ചും ചൂഷണവ്യവസ്ഥ ഒരിക്കലും നശിപ്പിക്കാൻ കഴിയാത്തതാണെന്നും അനശ്വരമാണെന്നും ബൂർഷ്വാസിയുമായി ഒത്തുതീർപ്പിലും യോജിപ്പിലും കഴിഞ്ഞുകൊണ്ടു് തൊഴിലാളിവർഗ്ഗത്തിന്റെ സ്ഥിതി നന്നാക്കാൻ കഴിയുമെന്നും മററുമുള്ള ആശയങ്ങൾ പ്രചരിപ്പിക്കുകയും അദ്ധ്വാനിക്കുന്ന ജനങ്ങളുടെ അണികളെ ഛിദ്രിപ്പിക്കാൻവേണ്ടി കല്പിച്ചുകൂട്ടി ദേശീയ അഭിപ്രായവ്യത്യാസങ്ങളെക്കുറിച്ചു് പറഞ്ഞുപരത്തുകയും മററും ചെയ്തുകൊണ്ടു്, തൊഴിലാളികൾക്കിടയിൽ വർഗ്ഗബോധം വളരുന്നതിനെ എളുപ്പത്തിൽ തടയാൻ കഴിയും.

അതുകൊണ്ടു് തൊഴിലാളിക്കു വഗ്ഗബോധമുണ്ടാവുകയെന്നതു് സങ്കീർണ്ണമായ ഒരു ഗതിക്രമമാണു്. വേഗതയിലോ സാവധാനത്തിലോ, എളുപ്പത്തിലോ ബുദ്ധിമുട്ടോടുകൂടിയോ, ഇങ്ങനെ ഏതെങ്കിലും തരത്തിലതുണ്ടാവുന്നതു് വ്യത്യസ്തരാജ്യങ്ങളിലെ സമൂർത്തമായ സ്ഥിതിഗതികളെ അടിസ്ഥാനപ്പെടുത്തിയാണു്. മാർക്സ് പറഞ്ഞതുപോലെ, തൊഴിലാളിവർഗ്ഗം ഒരു പ്രത്യേകവഗ്ഗമെന്നനിലയ്ക്കു തങ്ങളുടെ അടിസ്ഥാനപരമായ താല്പര്യങ്ങൾ എവിടെയാണെന്നു മനസ്സിലാക്കിക്കഴിഞ്ഞ ബോധമുള്ള ഒരു വർഗ്ഗമെന്നനിലയ്ക്കു്, "തങ്ങൾക്കുവേണ്ടിയുള്ള വഗ്ഗമായിട്ടല്ലാതെ" "സ്വയം ഒരു വഗ്ഗമായി" നിലകൊള്ളുന്ന ചില രാജ്യങ്ങളിൽ ഈ ഗതിക്രമം വളരെ മന്ദഗതിയിലായിട്ടുണ്ടു്.

തൊഴിലാളികൾക്കു വർഗ്ഗബോധമുണ്ടാകാനുള്ള ഏററവുംനല്ല പരിശീലനമാർഗ്ഗം അടിയന്തിരതാല്പര്യങ്ങൾക്കുവേണ്ടിയുള്ള സമരങ്ങളടക്കമുള്ള ദൈനന്ദിനസമരമാണു്. പക്ഷെ, അതുകൊണ്ടു മതിയാവില്ല. തൊഴിലാള വർഗ്ഗത്തിന്റെ വർഗ്ഗബോധമൊരുയർന്ന നിലവാരത്തിലെത്തണമെങ്കിൽ ഒരു പ്രത്യേകരൂപത്തിലുള്ള, ഒരു പ്രത്യയശാസ്ത്രപരമായ സമരം ആവശ്യമാണു്.

തൊഴിലാളിവർഗ്ഗത്തിന്റെ പ്രത്യയശാസ്ത്രപരമായ സമരമെന്നുവെച്ചാൽ എല്ലാററിനുമുപരി തൊഴിലാളിവർഗ്ഗത്തിനു സ്വാതന്ത്ര്യത്തിലേക്കുള്ള മാർഗ്ഗം കാണിച്ചുകൊടുക്കത്തക്ക ഒരു ശാസ്ത്രീയസിദ്ധാന്തവും ലോകവീക്ഷണഗതിയും രൂപീകരിക്കുകയെന്നർത്ഥമാണു്. തൊഴിലാളികളുടെ അടിയന്തിരതാല്പര്യങ്ങൾക്കുവേണ്ടിയുള്ള സമരങ്ങൾ വിശേഷിച്ചും ട്രേഡ്യൂണിയൻസമരങ്ങൾ, സോഷ്യലിസ്റ്റ് വീക്ഷണഗതി സൃഷ്ടിക്കാൻ പര്യാപ്തമല്ല. ഏററവുമധികം വളർച്ചയെത്തിക്കഴിഞ്ഞിട്ടുള്ള തത്വശാസ്ത്രപരവും, സാമ്പത്തികവും, രാഷ്ട്രീയവുമായ സിദ്ധാന്തങ്ങളെ അടിസ്ഥാനപ്പെടുത്തിക്കൊണ്ടുമാത്രമേ സോഷ്യലിസത്തിന്റെ തത്വം സൃഷ്ടിക്കാനാവൂ. തൊഴിലാളിവർഗ്ഗവിമോചനത്തിനായി സ്വന്തം ജീവിതങ്ങളെയും സൃഷ്ടിപരമായ പ്രയത്നങ്ങളെയും മുഴുവൻ ഉഴിഞ്ഞുവച്ച ഉന്നതചിന്തകന്മാരായിരുന്ന മാർക്സും ഏംഗൽസും ഈ കടമ നിർവ്വഹിച്ചിരിക്കുന്നു. തൊഴിലാളിവർഗ്ഗത്തിന്റെ അടിസ്ഥാനതാല്പര്യങ്ങൾ—ചൂഷണത്തിൽനിന്നും സ്വയം മുക്തരാകേണ്ടതിന്റെ ആവശ്യകത, ആ ലക്ഷ്യം നേടാനുള്ള മാർഗ്ഗം, മുതലാളിത്തത്തിന്റെ

വിപ്ലവകരമായ തകർച്ച, സോഷ്യലിസം പടുത്തുയർത്തൽ, തൊഴിലാളിവർഗ്ഗപ്രസ്ഥാനത്തിൻെറ അടിസ്ഥാനപരമായ തന്ത്രങ്ങൾ, എന്നിവയെപ്പററിയെല്ലാം തികച്ചും ശാസ്ത്രീയമായി വിവരിക്കുന്ന ഒരു സിദ്ധാന്തം അവർ ആവിഷ്കരിച്ചിട്ടുണ്ടു്.

എന്നാൽ മാർക്സും ഏംഗൽസുംകൂടി ആവിഷ്കരിച്ച ശാസ്ത്രീയമായ തൊഴിലാളിവർഗ്ഗലോകവീക്ഷണഗതി പുതിയ ചുററുപാടുകളിലും, പുതിയ പരിതഃസ്ഥിതികളിലും, വരാൻപോകുന്ന ചരിത്രഘട്ടങ്ങളിലും, അദ്ധ്വാനിക്കുന്ന ബഹുജനങ്ങൾക്കു് നേരിടേണ്ടിവരാവുന്ന പ്രശ്നങ്ങളുടെ അറുത്തുമുറിച്ച ഉത്തരങ്ങളടങ്ങിയ ഒരു പട്ടികയൊന്നുമല്ല. ഈ ലോകവീക്ഷണഗതി തൊഴിലാളിവർഗ്ഗത്തിനു സോഷ്യലിസ്റ്റ്സമുദായം കെട്ടിപ്പടുക്കാനുള്ള തങ്ങളുടെ സമരത്തിൽ മൂർച്ചയേറിയ ഒരായുധമായുപയോഗിക്കാൻ കഴിയണമെങ്കിൽ അതിനെ തുടർച്ചയായി ദൃഢതരമാക്കുകയും വളർത്തുകയുംവേണം; പുതിയ ശാസ്ത്രീയതത്വങ്ങളേയും കോടിക്കണക്കിനു് ആളുകളുടെ വർഗ്ഗസമരങ്ങളിൽനിന്നുള്ള അനുഭവങ്ങളേയും വച്ചുകൊണ്ടു് അതിലേയ്ക്കു മുതൽക്കൂട്ടുണ്ടാക്കണം. തൊഴിലാളിവർഗ്ഗത്തിൻെറ മാർക്സിസ്റ്റ്-ലെനിനിസ്റ്റ് പാർട്ടികളെ സംബന്ധിച്ചിടത്തോളം സൃഷ്ടിപരമായ ഈ താത്വികപ്രവർത്തനം ഒരു പ്രധാന ഘടകമായിത്തന്നെ എന്നെന്നും അവശേഷിക്കും.

ഈ ശാസ്ത്രീയലോകവീക്ഷണഗതി ഭൂരിപക്ഷം തൊഴിലാളികൾക്കും സ്വായത്തമായെങ്കിൽ മാത്രമേ, അതിനു വിമോചനസമരത്തിൽ അതിൻേറതായ പങ്കുവഹിക്കുവാൻ സാധിക്കൂ. അതുകൊണ്ടാണു് തൊഴിലാളിവർഗ്ഗപ്രസ്ഥാനത്തിൽ തൊഴിലാളിയും മുതലാളിയും തമ്മിലുള്ള ബന്ധങ്ങളുടെ പരിധിക്കും സാമ്പത്തികസമരത്തിനും പുറമെ ഈ ശാസ്ത്രീയലോകവീക്ഷണഗതികൂടി ഉൾക്കൊള്ളിക്കേണ്ടതാവശ്യമായിത്തീരുന്നതു്. മാർക്സിസ്റ്റ്-ലെനിനിസ്റ്റ് പാർട്ടിയാണു് ഈ കടമ നിർവ്വഹിക്കുന്നതു്. ലെനിൻെറ നിർവ്വചനമനുസരിച്ചു് യഥാർത്ഥത്തിൽ തൊഴിലാളി പ്രസ്ഥാനവും സോഷ്യലിസ്റ്റ് ആശയങ്ങളും കൂടിച്ചേർന്നതാണു് പാർട്ടി.

സോഷ്യലിസ്റ്റ് ലോകവീക്ഷണഗതിയെന്ന മൂർച്ചയേറിയ ആയുധത്തെ ശത്രുക്കൾ വളച്ചൊടിച്ചു തൊഴിലാളിവർഗ്ഗത്തിൻെറ കയ്യിൽനിന്നും തട്ടിക്കൊണ്ടുപോകാതിരിക്കാൻവേണ്ടി എല്ലാ പരിതഃസ്ഥിതിയിലും അതിൻെറ പരിശുദ്ധി കാത്തുസൂക്ഷിക്കുകയെന്നതാണു് പ്രത്യയശാസ്ത്രപരമായ സമരത്തിൻെറ മറെറാരു പ്രധാനജോലി.

മാർക്സിസം-ലെനിനിസം ഒരു പ്രത്യയശാസ്ത്രപരമായ ശക്തിയായി വളർന്ന നിമിഷംമുതല്ക്കുതന്നെ തൊഴിലാളിവർഗ്ഗത്തിൻെറ ശത്രുക്കൾ അതിനുനേരേ യുദ്ധം തുടങ്ങിയിട്ടുണ്ടെന്നും, നേരിൽനിന്നുകൊണ്ടുമാത്രമല്ല, തൊഴിലാളിപ്രസ്ഥാനത്തിനുള്ളിൽ ചാരന്മാരെ ഉപയോഗിച്ചുകൊണ്ടു് ഉള്ളിൽനിന്നും അവർ യുദ്ധംനടത്തിവരികയാണെന്നും നമുക്കെല്ലാവർക്കുമറിയാം. മാർക്സിസത്തെ "നന്നാക്കാ"നെന്ന വ്യാജേന അതിനെ ബൂർഷ്വാസിക്കു ഗുണകരവും തൊഴിലാളികൾക്കു് ഉപയോഗശൂന്യവുമായരീതിയിൽ വളച്ചൊടിക്കാൻ അവർ സ്ഥിരമായി ശ്രമിച്ചുകൊണ്ടിരിക്കുന്നു. അവസരവാദികൾ, പരിഷ്ക്കരണവാദികൾ, തിരുത്തൽവാദികൾ തുടങ്ങിയ എല്ലാ കൂട്ടരും നടത്തുന്ന "സിദ്ധാന്തപരമായ" പ്രവർത്തനത്തിൻെറ ഉദ്ദേശ്യമിതാണു്. ഇവരെ എതിർത്തുതോല്പിക്കുകയെന്നതു രാഷ്ട്രീയബോധമുള്ള എല്ലാ തൊഴിലാളികളുടേയും വിശേഷിച്ചു മാർക്സിസ്റ്റ്-ലെനിനിസ്റ്റ് പാർട്ടികളുടേയും കടമയാണു്.

എന്നാൽ തൊഴിലാളിവർഗ്ഗത്തിൻെറ പ്രത്യയശാസ്ത്രപരമായ സമരം, തൊഴിലാളികൾക്കിടയിൽ വർഗ്ഗബോധം വളർത്തുക, അവർക്കിടയിൽ മാർക്സിസം ലെനിനിസം പ്രചരിപ്പിക്കുക എന്നീ പ്രവർത്തനങ്ങളിൽമാത്രം ഒതുങ്ങിനില്ക്കുന്നില്ല. തൊഴിലാളിവർഗ്ഗം വിമോചനസമരംനടത്തുന്നതൊററയ്ക്കല്ല; മറിച്ചു് അദ്ധ്വാനി

കുന്ന എല്ലാ ജനവിഭാഗങ്ങളുമായി യോജിച്ചുകൊണ്ട് അവരുടെയെല്ലാം മുൻപന്തിയിൽ നിന്നുകൊണ്ടാണ്. അതുകൊണ്ട് കൃഷിക്കാർ, പെററിബൂർഷ്വാസി, ബുദ്ധിജീവികൾ തുടങ്ങി തൊഴിലാളികളല്ലാത്ത ബഹുജനങ്ങളെ ബൂർഷ്വാആശയങ്ങളുടെ സ്വാധീനശക്തിയിൽനിന്ന് മോചിപ്പിച്ച് സോഷ്യലിസ്റ്റ് ആശയഗതികളിലേയ്ക്ക് ആകർഷിക്കുകയെന്നതു് തൊഴിലാളികളുടെ പ്രത്യയശാസ്ത്രപരമായ സമരത്തിന്റെ മറെറാരു പ്രധാന കടമയാണ്.

## രാഷ്ട്രീയസമരം

തൊഴിലാളിവർഗ്ഗസമരത്തിന്റെ ഏററവുമുയർന്ന രൂപമാണ് രാഷ്ട്രീയസമരം.

സാമ്പത്തികാവശ്യങ്ങൾക്കുവേണ്ടി വാദിക്കുന്നതിന്നിടയിലാണ് തൊഴിലാളികൾ രാഷ്ട്രീയസമരത്തിന്റെ ആവശ്യകത ആദ്യമായി അനുഭവപ്പെടുന്നതു്. പണിമുടക്കുകളെ തുരങ്കംവയ്ക്കാനും അടിച്ചമർത്താനും മുതലാളിമാരെ സഹായിക്കുകയും, ട്രേഡുയൂണിയനുകൾ തുടങ്ങിയ തൊഴിലാളിസംഘടനകളുടെ പ്രവർത്തനത്തെ തടയുകയും ചെയ്യുന്ന ബൂർഷ്വാഭരണക്രമം മുതലാളിയുടെ ഭാഗത്താണ്. അതുകൊണ്ടു മേലാളരുമായി സമരംനടത്തുന്നതോടൊപ്പംതന്നെ മുതലാളിവർഗ്ഗത്തിന്റെ മുഴുവനും താല്പര്യങ്ങളെ സംരക്ഷിക്കുന്ന ബൂർഷ്വാഭരണക്രമത്തേയും എതിർക്കാനും, തൊഴിലാളിവർഗ്ഗത്തെ അവരുടെ സ്വന്തം ജീവിതാനുഭവങ്ങൾതന്നെ പ്രേരിപ്പിക്കുന്നു.

പൂർണ്ണവളർച്ചയെത്തിയ രാഷ്ട്രീയസമരം സാദ്ധ്യമാകണമെങ്കിൽ തൊഴിലാളിവർഗ്ഗം, അല്ലെങ്കിൽ ചുരുങ്ങിയതു് അതിലെ പുരോഗമനവിഭാഗമെങ്കിലും, വർഗ്ഗബോധമുള്ളവരും സ്വന്തം വർഗ്ഗതാല്പര്യങ്ങളെ ശരിക്കു മനസ്സിലാക്കിക്കഴിഞ്ഞിട്ടുള്ളവരും ആയിരിക്കണം.

തൊഴിലാളിവർഗ്ഗം ബൂർഷ്വാഭരണക്രമത്തോടും അതിന്റെ പ്രവർത്തനങ്ങളോടുമെന്നപോലെതന്നെ ബൂർഷ്വാസമുദായത്തിലെ മററു വർഗ്ഗങ്ങളോടും ജനവിഭാഗങ്ങളോടും ബന്ധപ്പെട്ടിരിക്കുന്നു. അതിനാൽ തൊഴിലാളിവർഗ്ഗത്തിന്റെ രാഷ്ട്രീയസമരം ജീവിതത്തിന്റെ എല്ലാ തുറകളേയും ബാധിക്കുന്നു. ലെനിൻ എഴുതി:—"ക്രൂരത, മർദ്ദനം, അക്രമം, ചതി തുടങ്ങിയവയെ, ഓരോ സന്ദർഭത്തിലും ഒന്നൊഴിയാതെ അവ ഏതുവർഗ്ഗത്തെയാണു ബാധിക്കുന്നതെന്നു നോക്കാതെ നേരിടാൻ തൊഴിലാളിവർഗ്ഗത്തിനു പരിശീലനം ലഭിക്കാത്തേടത്തോളംകാലം തൊഴിലാളിവർഗ്ഗബോധം ഒരിക്കലും യഥാർത്ഥ രാഷ്ട്രീയബോധമായിത്തീരുകയില്ല." [11] തൊഴിലാളിവർഗ്ഗതാല്പര്യങ്ങൾ സംരക്ഷിക്കുകയെന്നതു്, പൊതുവിൽ ജനാധിപത്യാവകാശങ്ങൾക്കും, സ്വാതന്ത്ര്യങ്ങൾക്കുംവേണ്ടിയും, ബൂർഷ്വാസിയുടെ ജനവിരുദ്ധ വിദേശനയങ്ങൾക്കെതിരായും നിരവധി രാജ്യങ്ങളിൽ, ദേശീയസ്വാതന്ത്ര്യത്തിനുവേണ്ടിയും മററും നടക്കുന്ന എല്ലാത്തരം സമരങ്ങളുമായി വളരെയടുത്തു ബന്ധപ്പെട്ടാണിരിക്കുന്നതെന്നു ഇതിൽനിന്നും വ്യക്തമാകുന്നു.

ആധുനികകാലത്തെ സ്ഥിതിഗതികളിൽ വിശേഷിച്ചും, തൊഴിലാളിവർഗ്ഗത്തിന്റെ രാഷ്ട്രീയപ്രവർത്തനത്തെക്കുറിച്ചുള്ള ഈ നിർദ്ദേശങ്ങളെല്ലാംതന്നെ അങ്ങേയററം പ്രാധാന്യമേറിയവയാണ്. എന്നാൽ, രാഷ്ട്രീയസമരത്തിന്റെ എല്ലാ കടമകളും ഇതിലടങ്ങിയിട്ടുണ്ടെന്നു് അവകാശപ്പെടുന്നതു തെററായിരിക്കും. ലെനിൻ എഴുതി:—'വർഗ്ഗസമരം രാഷ്ട്രീയമേഖലയെക്കൂടി ഉൾക്കൊള്ളുമ്പോൾ മാത്രമേ അതു യഥാർത്ഥവും അചഞ്ചലവും പക്വവും ആകുന്നുള്ളുവെന്നു പറഞ്ഞതുകൊണ്ടായില്ല.... മാർക്സിസം വർഗ്ഗസമരത്തെ പൂർണ്ണവളർച്ചയെത്തിയതായും 'ദേശവ്യാപക'മായും അംഗീകരിക്കുന്നതു് അതു രാഷ്ട്രീയമേഖലയെ ഉൾക്കൊള്ളുകമാത്രം

ചെയ്യുമ്പോഴല്ല, മറിച്ച് അതു് രാഷ്ട്രീയമേഖലയുടെ കാതൽവരെ—ഭരണാധികാര വ്യവസ്ഥവരെ - ഇറങ്ങിച്ചെല്ലുമ്പോൾ മാത്രമാണ്.

ഒരു മാർക്സിസ്റ്റും ഒരു സാധാരണ മിതവാദിയും (ലിബറൽ) തമ്മിലുള്ള വ്യത്യാസമിതാണ്. മിതവാദി വർഗ്ഗസമരത്തെ അംഗീകരിക്കാൻ തയ്യാറാണ്. ഒരു നിശ്ചയത്തിന്മേൽ മാത്രം: വർഗ്ഗസമരത്തിൽ മുതലാളിത്തത്തെ പുറംതള്ളി ഭരണാധികാരം പിടിച്ചുപററാനുള്ള തൊഴിലാളിയുടെ സമരം പാടില്ല.

വർഗ്ഗങ്ങൾതമ്മിലുള്ള എല്ലാ സംഘട്ടനങ്ങളുടേയും മൂലകാരണം ഭൗതികവും സാമ്പത്തികവുമായ കാരണങ്ങളാണെന്നു കണ്ടിട്ടും മാർക്സിസ്റ്റ്-ലെനിനിസ്റ്റ് സിദ്ധാന്തം എന്തുകൊണ്ട് രാഷ്ട്രീയസമരത്തിനു സാമ്പത്തികസമരത്തേക്കാൾ പ്രാധാന്യംകൊടുക്കുന്നുവെന്നും തൊഴിലാളിവർഗ്ഗസമരത്തിന്റെ ഏററവും ഉയർന്നരൂപമായി രാഷ്ട്രീയസമരത്തെ വേറിട്ടുകാണുകയും, എല്ലാ വർഗ്ഗസമരത്തേയും രാഷ്ട്രീയമായി കാണുകയും ചെയ്യുന്നതെന്തുകൊണ്ടാണെന്നും മേല്പറഞ്ഞതിൽനിന്നും വ്യക്തമാണല്ലോ. സാമ്പത്തികവും പ്രത്യയശാസ്ത്രപരവുമായ സമരങ്ങൾ അവസാനലക്ഷ്യങ്ങളല്ല. അവ രണ്ടും പ്രാധാന്യമുള്ളവതന്നെയെങ്കിലും അവയ്ക്കു തൊഴിലാളികളുടെ കൂടുതലുയർന്ന രാഷ്ട്രീയലക്ഷ്യങ്ങൾ, കടമകൾ എന്നിവയേക്കാൾ പ്രാധാന്യം കുറവാണ്. തൊഴിലാളിയുടെ അടിസ്ഥാനപരമായ സാമ്പത്തികാവശ്യത്തെ—അതായത് ചൂഷണത്തിൽനിന്നുള്ള സ്വാതന്ത്ര്യത്തെ—സമ്പാദിക്കാനുള്ള ഒരേ ഒരു മാർഗ്ഗം രാഷ്ട്രീയസമരമാണ്.

തൊഴിലാളിവർഗ്ഗം രാഷ്ട്രീയസമരംനടത്തുന്നതു് അന്നന്നു നിലവിലുള്ള പരിതഃസ്ഥിതികൾക്കനുസരിച്ച് വിവിധരീതിയിലാണ്. പ്രകടനങ്ങൾ, പണിമുടക്കങ്ങൾ (അതായത്—ഏതെങ്കിലും രാഷ്ട്രീയാവശ്യത്തെ മുൻനിറുത്തിയുള്ള പണിമുടക്കങ്ങൾ) തെരഞ്ഞെടുപ്പുപ്രചരണം, പാർലമെൻററിനടപടികൾ, തുടങ്ങി സായുധകലാപംവരെ അതു നീണ്ടുപോകുന്നു. രാഷ്ട്രീയസമരത്തിന്റെ ലക്ഷ്യങ്ങൾക്കും മാർഗ്ഗങ്ങൾക്കും വ്യത്യസ്തങ്ങളായ കൂടുതലുയർന്നരൂപത്തിലുള്ള തൊഴിലാളിവർഗ്ഗസംഘടനയും, എല്ലാററിനുംമീതെ തൊഴിലാളിവർഗ്ഗത്തിന്റെ രാഷ്ട്രീയപ്പാർട്ടിയും ഉണ്ടാകേണ്ടതാവശ്യമായിവരുന്നു. അനുഭവങ്ങൾ തെളിയിച്ചിട്ടുള്ളതുപോലെ അത്തരമൊരു പാർട്ടിയുടെ ആവിർഭാവം, തൊഴിലാളിപ്രസ്ഥാനത്തിന്റെ ചരിത്രത്തിൽ ഒരു സ്വാഭാവികപ്രതിഭാസമാണ്. രാഷ്ട്രീയസമരത്തിനു ദേശവ്യാപകമായതോതിൽ മാത്രമല്ല, സാർവ്വദേശീയാടിസ്ഥാനത്തിൽത്തന്നെ തൊഴിലാളിവർഗ്ഗങ്ങളുടേയും അദ്ധ്വാനിക്കുന്ന എല്ലാ ജനവിഭാഗങ്ങളുടേയും യോജിച്ച പ്രവർത്തനങ്ങൾ ആവശ്യമാണ്.

8. ത്രിമുഖമായ ഈ സമരം നടത്തുമ്പോൾ തൊഴിലാളിവർഗ്ഗം മുന്നോട്ടുവയ്ക്കുന്ന രണ്ടു ലക്ഷ്യങ്ങളുണ്ട്. ചൂഷക-ചൂഷിതവ്യത്യാസമവസാനിപ്പിക്കുന്നതിന്റെ പ്രാരംഭമെന്നനിലയ്ക്കു ചൂഷകവർഗ്ഗത്തെ അധികാരസ്ഥാനത്തുനിന്നും മാററി ചൂഷിതവർഗ്ഗത്തെ അധികാരസ്ഥാനത്തേക്കുയർത്തുകയെന്ന അടിയന്തിരലക്ഷ്യം; ചൂഷക ചൂഷിതവ്യത്യാസം തികച്ചും ഇല്ലാതാക്കി പൂർണ്ണസമത്വം നിലവിൽവരുത്തുകയെന്നതിന്റെ ലക്ഷ്യം.

ഇതിലാദ്യത്തേതിൽ ഭരണകൂടമുണ്ട്. തോല്പിക്കപ്പെട്ടതെങ്കിലും വേരറുക്കപ്പെട്ടുകഴിഞ്ഞിട്ടില്ലാത്ത ചൂഷകവർഗ്ഗത്തിന്റെ അവശിഷ്ടങ്ങൾക്കെതിരായി ബലപ്രയോഗംനടത്തുന്നതിന്റെ ആവശ്യകതയില്ലാതായിട്ടില്ല. രണ്ടാമത്തേതിലാകട്ടെ, ചൂഷിതവർഗ്ഗത്തിന്റെ അവസാനാവശിഷ്ടംപോലും തുടച്ചുമാററപ്പെട്ടുകഴിഞ്ഞിരിക്കുന്നു; അതുകൊണ്ട് അവിടേയും ബലപ്രയോഗം നടത്തേണ്ടയാവശ്യമില്ല; ഭരണകൂടം സ്വയം ഇല്ലാതാവുന്നു.

ആദ്യത്തെ കാലഘട്ടത്തിൽ ഉപഭോഗസാമഗ്രികളുടെ വിതരണം സൗജന്യമാക്കത്തക്ക സമൃദ്ധിയായ ഉല്പാദനം നടക്കുന്നില്ല. അതുകൊണ്ട്, ഓരോരുത്തർക്കും ഇഷ്ടമുള്ളത്ര ഉപഭോഗസാമഗ്രികളെടുത്തനുഭവിക്കാൻവയ്യ. ഉപഭോഗസാമഗ്രികളുടെ വിതരണത്തിൽ വില, പണം, കൈമാററം മുതലായവയുടേതായ നിയന്ത്രണമേർപ്പെടുത്തണം. രണ്ടാമത്തെ കാലഘട്ടത്തിലാകട്ടെ, ഉപഭോഗസാമഗ്രികൾ സമൃദ്ധിയായി കിട്ടാനാവുന്നു; അവയുടെ വിതരണത്തിൽ വില, പണം, കൈമാററം മുതലായവയുടേതായ നിയന്ത്രണത്തിന്റെ ആവശ്യമില്ല.

ആദ്യത്തെ ഘട്ടത്തിന് ഒരുകാര്യത്തിൽ ബൂർഷ്വാവ്യവസ്ഥയുമായി, സാദൃശ്യമുണ്ട്—ഒരു ജനവിഭാഗത്തിന്റെമേൽ മററൊന്നു മേധാവിത്വം വഹിക്കുന്നുവെന്ന കാര്യത്തിൽ. എന്നാൽ അതിൽതന്നെ മുഖ്യമായ ഒരു വ്യത്യാസവുമുണ്ട്. ഒരു ചെറിയ ന്യൂനപക്ഷംമാത്രം വരുന്ന ചൂഷകവർഗ്ഗം ബഹുഭൂരിപക്ഷംവരുന്ന ചൂഷിതവർഗ്ഗത്തിന്റെമേൽ സാമ്പത്തികചൂഷണവും രാഷ്ട്രീയമർദ്ദനവും ആശയപരമായ മയക്കവിദ്യാപ്രയോഗവും നടത്തുകയാണു ബൂർഷ്വാവ്യവസ്ഥയ്ക്കുകീഴിൽ നടക്കുന്നതു; വർഗ്ഗരഹിതസമുദായത്തിലേയ്ക്കുള്ള പരിവർത്തനഘട്ടത്തിലാകട്ടെ ബഹുഭൂരിപക്ഷം "ന്യൂനപക്ഷ"ത്തിന്റെ മേലാണു മേധാവിത്വം വഹിക്കുന്നതു്. ഇതിനാണു "തൊഴിലാളിവർഗ്ഗസർവ്വാധിപത്യ"മെന്നു പറയുന്നതു്. അതിന്റെ രൂപഭേദങ്ങളാണു സോവിയററു് ജനാധിപത്യവും ജനകീയജനാധിപത്യവും. അതിന്നിനിയും മററു രൂപങ്ങൾ വരാനിടയുണ്ടു്. പക്ഷേ, സോവ്യററു ജനാധിപത്യത്തിനും ജനകീയജനാധിപത്യത്തിനും പുതുതായുയർന്നുവരാനിടയുള്ള മററു രൂപങ്ങൾക്കുമെല്ലാം പൊതുവിലൊരു സവിശേഷതയുണ്ടു്—അവയെല്ലാം ചൂഷിതഭൂരിപക്ഷം ചൂഷകന്യൂനപക്ഷത്തിന്റെ അവശിഷ്ടങ്ങളുടെമേൽ ഏററക്കുറച്ചിലുകളോടുകൂടി ബലപ്രയോഗംനടത്തി വർഗ്ഗരഹിതസമുദായനിർമ്മാണം നടത്തുന്നുവെന്നതാണതു്.

ഭൂരിപക്ഷം ന്യൂനപക്ഷത്തിന്റെമേൽ മേധാവിത്വം വഹിക്കുകയെന്ന അർത്ഥത്തിലുള്ള ഈ തൊഴിലാളിവർഗ്ഗമേധാവിത്വംപോലും രണ്ടാമത്തെഘട്ടത്തിലാവശ്യമില്ലാതായിത്തീരുന്നു.

9. ഇതിലാദ്യത്തെ ഘട്ടം 1917-ൽ റഷ്യയിൽ തുടങ്ങിവച്ചു. അതു പിന്നീടു മററു രാജ്യങ്ങളിലേയ്ക്കു വ്യാപിച്ചു. അങ്ങിനെ ലോകത്തിന്റെ മൂന്നിലൊന്നുഭാഗമുൾക്കൊള്ളുന്ന സോഷ്യലിസ്റ്റ്ചേരി നിലവിൽവന്നു. രണ്ടാമത്തെ ഘട്ടത്തിലേയ്ക്കുള്ള പരിവർത്തനത്തിലേയ്ക്കു് ഒരു പ്രധാന കാൽവെയ്പാണു സോവ്യററ് കമ്മ്യൂണിസ്റ്റ്പാർട്ടിയുടെ പുതിയ പരിപാടി. ആ പരിപാടിയുടെ മുഖവുരയിൽത്തന്നെ പറയുന്നതുപോലെ:

10. ഈ പുതിയ വർഗ്ഗരഹിതസമുദായത്തിന് അതിന്റേതായ ഒരു സദാചാരബോധമുണ്ട്. അതു ബൂർഷ്വാവ്യവസ്ഥയുടേതിൽനിന്നു വ്യത്യസ്തമായതിനാൽ അതു ബൂർഷ്വാസിക്കു സ്വീകാര്യമാവുകയില്ല. എന്നാൽ, മനുഷ്യന്റെ സർവ്വതോമുഖമായ വളർച്ചയുടെ ദൃഷ്ടികോണിലൂടെ നോക്കുമ്പോൾ ബൂർഷ്വാസദാചാരബോധത്തേക്കാളെത്രയോ ഉയർന്നതാണതെന്നു കാണാം. പുതിയ സോവ്യററുപരിപാടി പറയുന്നു:

"കമ്മ്യൂണിസത്തിലേയ്ക്കുള്ള പരിവർത്തനത്തിനിടയ്ക്കു സമുദായത്തിന്റെ ധാർമ്മികപ്രമാണങ്ങൾ അധികമധികം പ്രധാനങ്ങളായിത്തീരും; അതനുസരിച്ച് ധാർമ്മികബോധഘടകത്തിന്റെ പ്രവർത്തനമേഖല വിപുലപ്പെടുകയും മനുഷ്യർതമ്മിലുള്ള ബന്ധങ്ങളിൽ ഭരണനിയന്ത്രണത്തിനുള്ള സ്ഥാനം കുറയുകയും ചെയ്യുന്നു. കമ്മ്യൂണിസ്റ്റ്ജീവിതരീതിയുടെ അടിസ്ഥാനചട്ടങ്ങളെ നിഷ്കർഷിച്ച് നടപ്പിലാക്കുകയും വളർത്തുകയും ചെയ്യുന്നതിലേയ്ക്കു നയിക്കുന്ന, പൌരന്മാരുടെ ബോധപൂർവ്വമായ സ്വയംശിക്ഷണത്തിന്റെ എല്ലാ രൂപങ്ങളേയും പാർട്ടി പ്രോത്സാഹിപ്പിക്കും.

"ചൂഷകന്മാരുടെ വർഗ്ഗപരമായ സദാചാരത്തെ കമ്മ്യൂണിസ്റ്റ്കാർ തിരസ്കരിക്കുന്നു; പഴയ ലോകത്തിന്റെ തലതിരിഞ്ഞതും സ്വാർത്ഥപൂർണ്ണവുമായ അഭിപ്രായങ്ങൾക്കും സദാചാരങ്ങൾക്കും നേരേ എതിരായി, അവർ കമ്മ്യൂണിസ്റ്റ്സദാചാരബോധത്തെ വളർത്തുന്നു. കമ്മ്യൂണിസ്റ്റ്സദാചാരം ഏററവും ശ്രേഷ്ഠവും ഏററവും നീതിയുക്തവുമായ സദാചാരമാണ്; കാരണം, അതു് പണിയെടുക്കുന്ന മാനവസമുദായത്തിന്റെ ഒട്ടാകെ താല്പര്യങ്ങളേയും ആദർശങ്ങളേയും പ്രകടിപ്പിക്കുന്നു. ചൂഷകന്മാരുടെ അധികാരശക്തിയിൻകീഴിൽ ദുർവ്യാഖ്യാനിക്കപ്പെട്ടതോ നിർല്ലജ്ജം ചവിട്ടിമെതിക്കപ്പെട്ടതോ ആയ സദാചാരതത്വങ്ങളുടെയും നീതിയുടേയും പ്രാഥമികമാനദണ്ഡങ്ങളെ, കമ്മ്യൂണിസം ഒരുപോലെ വ്യക്തികൾക്കിടയിലും ജനതകൾക്കിടയിലുമുള്ള ബന്ധങ്ങളെ നിയന്ത്രിക്കുന്ന അലംഘ്യചട്ടങ്ങളാക്കി മാററുന്നു. മനുഷ്യന്റെ ദുഃസ്വഭാവങ്ങൾക്കും സാമൂഹ്യ ർദ്ദനത്തിനുമെതിരായി നടത്തിയ പോരാട്ടത്തിന്നിടയ്ക്കു യുഗാന്തരങ്ങളിലൂടെ ബഹുജനങ്ങൾ ആവിഷ്കരിച്ചുണ്ടാക്കിയ മനുഷ്യസദാചാരത്തിന്റെ അടിസ്ഥാനപ്രമാണങ്ങളെ ഉൾക്കൊള്ളുന്നതാണ് കമ്മ്യൂണിസ്റ്റ് സദാചാരം. തൊഴിലാളിവർഗ്ഗത്തിന്റെ വിപ്ലവകരമായ സദാചാരം തൊഴിലാളവർഗ്ഗത്തിന്റെ ധാർമ്മികപുരോഗതിയെ സംബന്ധിച്ചേടത്തോളം പ്രത്യേകപ്രാധാന്യമുള്ളതാണ്. സോഷ്യലിസ്റ്റ്-കമ്മ്യൂണിസ്റ്റ് നിർമ്മാണം പുരോഗമിക്കുന്നതോടുകൂടി, കമ്മ്യൂണിസ്റ്റ്സദാചാരത്തെ പുതിയ പ്രമാണങ്ങളും പുതിയ ഒരു ഉള്ളടക്കവും മുതൽക്കൂട്ടുന്നു."

11. വ്യക്തികൾക്കു സമുദായത്തെക്കുറിച്ചുള്ള സ്ഥാനത്തെക്കുറിച്ചും പുതിയ സോവ്യററുപരിപാടിക്കു പറയാനുള്ളതു് പ്രധാനമാണ്. ചൂഷിതവർഗ്ഗത്തിന്നനുഭവിക്കേണ്ട ചൂഷണാമർദ്ദനങ്ങൾക്കുള്ള മറയായി ചൂഷകവർഗ്ഗം പ്രസംഗിക്കുന്ന വ്യക്തിസ്വാതന്ത്ര്യവും വ്യക്തിമഹത്വവുമല്ല, ചൂഷണ-മർദ്ദനങ്ങളിൽനിന്നു സ്വാതന്ത്ര്യംനേടിയ വ്യക്തിയുടെ മഹത്വമാണ്, കമ്മ്യൂണിസ്റ്റ്സമുദായം സൃഷ്ടിക്കുന്നതെന്നു് അതു വ്യക്തമാക്കുന്നു. നോക്കുക:

"കമ്മ്യൂണിസത്തിൻകീഴിൽ എല്ലാ ആളുകൾക്കും സമുദായത്തിൽ തുല്യസ്ഥാനമായിരിക്കും; ഉല്പാദനോപകരണങ്ങളോടു് അവക്കു് ഒരേബന്ധമാണുണ്ടായിരിക്കുക; ജോലിചെയ്യുന്നതിന്റേയും സാമൂഹ്യസമ്പത്തു് വിതരണംചെയ്യുന്നതിന്റേയും ഒരേ ഉപാധികൾ എല്ലാവർക്കും ബ ധകമായിരിക്കും; പൊതുക്കാര്യങ്ങൾ കൊണ്ടുനടത്തുന്നതിൽ എല്ലാവരും സജീവമായി പങ്കെടുക്കും. പൊതുതാല്പര്യങ്ങളും വ്യക്തിതാല്പര്യങ്ങളും തമ്മിലുള്ള ഐക്യത്തിന്റെ അടിസ്ഥാനത്തിൽ വ്യക്തിയും സമുദായവും തമ്മിൽ സമഞ്ജസമായ ബന്ധങ്ങൾ സ്ഥാപിക്കപ്പെടുന്നതാണ്. ജനങ്ങളുടെ ആവശ്യങ്ങൾ, അവ എത്രതന്നെ വൈവിദ്ധ്യംനിറഞ്ഞതാണെങ്കിൽത്തന്നേയും, പരിപൂർണ്ണമായും വളർച്ചയെത്തിയ ആളുകളുടെ ആരോഗ്യപൂർണ്ണവും യുക്തിയുക്തവുമായ ആവശ്യങ്ങളായിരിക്കും പ്രകടിപ്പിക്കുന്നതു്."

12. അതായതു്, സാമ്പത്തികവും ഭൗതികവുമായ രംഗങ്ങളിൽ മാത്രമല്ല, സാംസ്കാരികവും ആത്മീയവുമായ രംഗങ്ങളിൽപ്പോലും ബൂർഷ്വാവ്യവസ്ഥയെക്കാൾ മെച്ചപ്പെട്ട ഒരു ലക്ഷ്യം മുന്നിൽ വെച്ചിട്ടാണു കമ്മ്യൂണിസ്റ്റ്പ്രസ്ഥാനം പ്രവർത്തിക്കുന്നതു്. അതാകട്ടെ, ഒരു പ്രായോഗികലക്ഷ്യമാണെന്നു് അധികമധികം വ്യക്തമായി വരികയുമാണ്.

# അദ്ധ്യായം നാലു്

## രാഷ്ട്രീയപ്രവർത്തനം—ഒരു ശാസ്ത്രവും കലയും

1. സോവിയററ്കമ്മ്യൂണിസ്റ്റ്പാർട്ടിയുടെ ഇരുപതാംകോൺഗ്രസ് 1956-ൽ കൂടിയതു് ലോകകമ്മ്യൂണിസ്റ്റ്പ്രസ്ഥാനത്തിനകത്തും പുറത്തും വലിയ ഒച്ചപ്പാടുണ്ടാക്കി. മൂന്നു ദശാബ്ദക്കാലത്തോളം പാർട്ടിയുടേയും സോവിയററ്ഗവണ്മെന്റിന്റേയും അനിഷേദ്ധ്യനേതാവായംഗീകരിക്കപ്പെട്ടിരുന്ന സ: സ്റ്റാലിൻ സോവിയററ് കമ്മ്യൂണിസ്റ്റ്പാർട്ടിക്കും ലോകകമ്മ്യൂണിസ്റ്റ്പ്രസ്ഥാനത്തിനും മഹത്തായ സംഭാവനകൾ നൽകിയിട്ടുണ്ടെങ്കിലും അദ്ദേഹമവതരിപ്പിച്ചിരുന്ന തത്വങ്ങളിൽച്ചിലതു് തെററായിരുന്നുവെന്നും; അദ്ദേഹത്തിന്റെ നേതൃത്വത്തിൽ തെററായ പല അംശങ്ങളും അടങ്ങിയിരുന്നുവെന്നും കോൺഗ്രസ്സ് പ്രഖ്യാപിച്ചു. ഈ തെററുകളുടെ ഉറവിടമേതാണെന്നും കോൺഗ്രസ്സ് ചൂണ്ടിക്കാണിച്ചു. ജനങ്ങളുടെ അനുഭവങ്ങൾക്കും അഭിപ്രായങ്ങൾക്കും വേണ്ട പ്രാധാന്യം നൽകിക്കൊണ്ടു്, നയരൂപീകരണത്തിൽ ജനങ്ങളെക്കൂടി പങ്കെടുപ്പിച്ചുകൊണ്ടു്, നയാവിഷ്കരണത്തിലും അതിനുശേഷമുള്ള പ്രായോഗികപ്രവർത്തനത്തിലും നേതൃത്വത്തിനു പററാവുന്ന തെററുകൾ തിരുത്തുന്നതിൽ ജനങ്ങൾക്കുള്ള പങ്കു മനസ്സിലാക്കിക്കൊണ്ടു പ്രവർത്തിക്കുന്നതിനുപകരം നേതാവിന്റെ—സ: സ്റ്റാലിന്റെ—അപ്രമാദിത്വത്തെ അടിസ്ഥാനമാക്കിയ ഒരു പ്രവർത്തനരീതിയാണംഗീകരിക്കപ്പെട്ടിരുന്നതു്.

2. 20-ാംകോൺഗ്രസ്സിന്റെ പ്രാധാന്യം ഇവിടംകൊണ്ടവസാനിക്കുന്നില്ല. യുദ്ധവും സമാധാനവും സോഷ്യലിസവും തമ്മിലുള്ള ബന്ധത്തേയും, മുതലാളിത്തത്തിൽനിന്നു് സോഷ്യലിസത്തിലേയ്ക്കുള്ള പരിവർത്തനത്തിൽ സമാധാനപരവും അല്ലാത്തതുമായ മാർഗ്ഗങ്ങൾക്കുള്ള പങ്കിന്റെ ഏററക്കുറച്ചിൽ മുതലായ ചില മൗലികതാത്വികപ്രശ്നങ്ങളെ സംബന്ധിച്ചു് മാർക്സിസം-ലെനിനിസത്തിനുള്ള നിലപാടുകളെയും രണ്ടാംലോകമഹായുദ്ധത്തിനുശേഷമുള്ള സ്ഥിതിഗതികളുടെ വെളിച്ചത്തിൽ പുനഃപരിശോധിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ചില പുതിയ ധാരണകളുണ്ടാക്കുകയുംകൂടി കോൺഗ്രസ് ചെയ്തു.*

3. ഇതുരണ്ടുമായപ്പോൾ ലോകത്തിലെങ്ങുമുള്ള വിരുദ്ധന്മാർ അങ്ങേയററം സന്തോഷിച്ചു. ലോകകമ്മ്യൂണിസ്റ്റ്പ്രസ്ഥാനത്തിന്നകത്തു് ആശയക്കുഴപ്പവും, അഭിപ്രായവ്യത്യാസവും, വഴക്കും, ഭിന്നിപ്പുമെല്ലാം വളർന്നുവരും; അങ്ങിനെ പ്രസ്ഥാനം തകർന്നുപോവുകയോ ക്ഷീണിക്കുകയെങ്കിലുമോ ചെയ്യും—ഇതായിരുന്നു അവരുടെ പ്രതീക്ഷ. അതിനൊത്തു പ്രസ്ഥാനത്തിന്നകത്തില്ലാത്ത അഭിപ്രായവ്യത്യാസങ്ങളുണ്ടെന്നു വരുത്തിത്തീർക്കാനും ഉള്ളവയെത്തന്നെ പെരുപ്പിച്ചു കാണിക്കാനും, ആശയവിനിമയത്തിലൂടെയുണ്ടാകുന്ന അഭിപ്രായൈക്യമെല്ലാം ഒപ്പിക്കലാണെന്നു വരുത്തിത്തീർക്കാനുമെല്ലാം ഒരു സംഘടിതശ്രമം അവർ നടത്തി. അതവർ ഇന്നും തുടർന്നുവരുന്നു. സോവിയററ്പാർട്ടിയിൽ സ്റ്റാലിൻപക്ഷപാതികളും സ്റ്റാലിൻവിരോധികളുമെന്നു് രണ്ടു വിഭാഗമുണ്ടെന്ന കെട്ടുകഥ പ്രചരിപ്പിക്കുക; ചില മൗലികപ്രശ്നങ്ങളിന്മേൽ സോവിയററ് ചൈനീസ് പാർട്ടികൾ തമ്മിലും, ലോകകമ്മ്യൂണിസ്റ്റ്പ്രസ്ഥാനത്തിനകത്തു പൊതുവിലും നടന്ന ആശയവിനിമയത്തെ ലോകനേതൃത്വത്തിനകത്തു നടക്കുന്ന ഒരു ഗ്രൂപ്പുമത്സരമായി ചിത്രീകരിക്കുക; 1957-ലും '60-ലും നടന്ന മോസ്കോസമ്മേളനങ്ങളിൽ ലോകകമ്മ്യൂണിസ്റ്റ്പ്രസ്ഥാനം ഏകകണ്ഠമായംഗീകരിച്ച നയപ്രഖ്യാപനങ്ങൾക്കകത്തുപോലും ഭിന്നിപ്പിന്റെ ബീജമടങ്ങിയിട്ടുണ്ടെന്നു വരുത്തിത്തീർക്കാൻ ശ്രമിക്കുക; സോഷ്യലിസ്റ്റ്ചേരിയിലുള്ള വിവിധ രാജ്യങ്ങളിലെ ഗവണ്മെന്റുകൾ പരസ്പരമുണ്ടാക്കുന്ന (ഉദാ: സോവിയററ്-കൊറി

യൻ) സന്ധികൾപോലും സോവിയററ്-ചൈനീസ് ഗവൺമെൻറുകളും പാർട്ടികളും തമ്മിലുള്ള മത്സരത്തിൻെറയും വടംവലിയുടേയും ദൃഷ്ടാന്തമായി ചിത്രീകരിക്കുക; യഥാർത്ഥത്തിലില്ലാത്ത "രഹസ്യസക്കലവ"കളുണ്ടെന്നു സ്ഥാപിക്കാൻ നോക്കുക—ഇതെല്ലാമവർ ചെയ്തു. ലോകകമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിൻെറ പിന്നിലണിനിരന്നിട്ടുള്ള ജനലക്ഷങ്ങളിലൊരു വിഭാഗത്തെയെങ്കിലും അമ്പരപ്പിക്കാനും അവരിലാശയക്കുഴപ്പം പരത്താനും ഇതു സഹായിക്കുമെന്നാണവരാശിച്ചതു്.

4. ഈ ആശകൾക്കും പ്രതീക്ഷകൾക്കുമെല്ലാം എതിരായാണു് കാര്യങ്ങൾ നീങ്ങിക്കൊണ്ടിരിക്കുന്നതു് സ: സ്റ്റാലിൻെറ തെററുകൾ ചൂണ്ടിക്കാണിക്കാൻ സോവിയററുപാർട്ടി മുതിന്നതു്, സോഷ്യലിസ്റ്റ് ജനാധിപത്യത്തിൻെറ അടിസ്ഥാനത്തിൽ കൂട്ടായി പ്രവർത്തിക്കുന്ന ഒരു നേതൃത്വം കെട്ടിപ്പടുക്കാനായിരുന്നു; മാത്രമല്ല, സ: സ്റ്റാലിൻെറ നേതൃത്വത്തിൽ കോട്ടങ്ങളുണ്ടായിരുന്നതുപോലെതന്നെ നേട്ടങ്ങളുമുണ്ടായിരുന്നു; ഈ നേട്ടങ്ങളാണു് സോവിയററുയൂണിയനിലെ സോഷ്യലിസ്റ്റ് നിർമ്മാണത്തെ കാര്യക്ഷമമാക്കിയതും ഫാസിസ്റ്റ് വിരുദ്ധയുദ്ധത്തിൽ ചുവപ്പുപടയെ വിജയിപ്പിച്ചതും. ഈ നേട്ടങ്ങൾ കൂടുതലുറപ്പിച്ചു് സോവിയററുയൂണിയനേയും ലോകകമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തേയും അധികമധികം ശക്തിപ്പെടുത്തണമെങ്കിൽ സ: സ്റ്റാലിനിൽ പ്രകടമായ കുറവുകൾക്കും ദൗർബ്ബല്യങ്ങൾക്കുമെതിരായി സമരം നടത്തുകയും അവ ആവർത്തിക്കാതിരിക്കുവാൻ നോക്കുകയുംവേണം—ഇതെല്ലാം ഇന്നു ലോകകമ്മ്യൂണിസ്റ്റ് പ്രസ്ഥാനമാകെ അംഗീകരിച്ചിരിക്കുന്നു. 20-ാം കോൺഗ്രസ്സിലാവിഷ്ക്കരിക്കപ്പെട്ട പുതിയ മൗലികതത്വങ്ങളാകട്ടെ സമഗ്രവും സനിഷ്കൃഷ്ടവുമായ ചർച്ചയ്ക്കുശേഷം കൂടുതൽ വ്യക്തതയോടുകൂടി തെററിദ്ധാരണകൾക്കും ദുർവ്യാഖ്യാനങ്ങൾക്കും ഇടംനൽകാത്ത നിലയിൽ, അംഗീകരിക്കപ്പെട്ടിരിക്കുന്നു. മാത്രമല്ല, പുതിയ പ്രശ്നങ്ങൾ മുന്നോട്ടുവരികയോ; വിവിധങ്ങളായ സമീപനങ്ങൾ നിമിത്തം ലോകകമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്നകത്തു് അഭിപ്രായവൈവിധ്യം പ്രത്യക്ഷപ്പെടുകയോ ചെയ്യുമ്പോൾ ആശയാനുഭവവിനിമയംമുഖേന അഭിപ്രായൈക്യമുണ്ടാക്കാനുള്ള രീതിയും ആവിഷ്ക്കരിക്കപ്പെട്ടിരിക്കുന്നു. ഇതിൻെറയെല്ലാം ഫലമായി മുമ്പെന്നത്തെക്കാളും വിപുലമായ ബഹുജനാടിസ്ഥാനവും അതോടൊപ്പം തന്നെ മുമ്പെന്നത്തേക്കാളും ദൃഢമായ ഐക്യവും പ്രസ്ഥാനത്തിന്നുണ്ടാവുകയും അതു് ലോകത്തിൻെറ ജനസംഖ്യയിൽ മൂന്നിലൊരുഭാഗംവരുന്ന പന്ത്രണ്ടു രാജ്യങ്ങളിലെ ഗവൺമെൻറുകൾ തമ്മിലുള്ള ഐക്യമെന്ന രൂപം കൈക്കൊള്ളുകയും ചെയ്തിരിക്കുന്നു.

5. ഇങ്ങനെ വിരുദ്ധന്മാരുടെ പ്രതീക്ഷയെ എല്ലാം പൊളിച്ചു് സ്വയം ശക്തിപ്പെടാൻ ലോകകമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്നു കഴിഞ്ഞതു് താഴെപ്പറയുന്ന കാരണങ്ങളാലാണു്:

ഒന്നാമതു്, തങ്ങളുടെ പ്രവർത്തനത്തിന്നടിസ്ഥാനമായി കമ്മ്യൂണിസ്റ്റുകാരംഗീകരിക്കുന്നതു് മാർക്സിസം-ലെനിനിസമാണു്; ഏററവും ശാസ്ത്രീയമായ ഒരു പ്രപഞ്ചവീക്ഷണമാണു്. ലോകകമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിൻെറ വിവിധ ഘടകങ്ങളിലോരോന്നും അതിൻെറ മൗലികതത്വങ്ങളിൽ അടിയുറച്ചുനില്ക്കുന്നു.

രണ്ടാമതു്, മാർക്സിസം-ലെനിനിസത്തിൽ അടിയുറച്ചുനില്ക്കുകയെന്നതിൻെറയർത്ഥം മാർക്സും ഏംഗൽസും ലെനിനും എഴുതിയ ഓരോ പുസ്തകത്തിലുമുള്ള ഓരോ വാചകവും വേദവാക്യമാണെന്നതരത്തിൽ മുറുകെ പിടിക്കുകയല്ല. പിന്നെയോ? അവരംഗീകരിച്ച മൗലികശാസ്ത്രീയവീക്ഷണരീതിയുപയോഗിച്ചും കാലദേശാവസ്ഥാഭേദങ്ങളിലോരോന്നിൻെറയും സവിശേഷതകൾ തികച്ചും കണക്കിലെടുത്തും തൊഴിലാളിവർഗ്ഗതാല്പര്യങ്ങൾ സംരക്ഷിക്കാനാവശ്യമായ എല്ലാ നടപടികളുമെടുത്തിട്ടാണു്. മറെറാരുവിധത്തിൽ പറയുകയാണെങ്കിൽ മാർക്സിസം-

ലെനിനിസത്തെ ഒരു "വരട്ടുവാദതത്വശാസ്ത്ര"മായധഃപതിപ്പിച്ചിട്ടില്ല, അതിൻെറ അടിസ്ഥാനതത്വങ്ങളെ ക്രിയാത്മകമായി വളർത്തിയിട്ടാണ്.

മൂന്നാമതു്, അതുകൊണ്ടു് ലോകകമ്മ്യൂണിസ്റ്റ്പ്രസ്ഥാനത്തിനകത്തു നിരന്തരമായി നടക്കുന്ന ഒരു ദ്വിമുഖസമരമുണ്ടു്—ഒരുവശത്തു് മാർക്സിസത്തെ വരട്ടുവാദശാസ്ത്രമായധഃപതിപ്പിക്കാൻ നടക്കുന്ന ശ്രമത്തിന്നെതിരായും മറുവശത്തു് മാർക്സിസം-ലെനിനിസത്തിൻെറ മൗലികതത്വങ്ങളെത്തന്നെ നിഷേധിക്കുന്നതിന്നെതിരായുമുള്ള സമരം.

നാലാമതു്, ഇങ്ങനെ, മാർക്സിസം-ലെനിനിസത്തെ സൃഷ്ടിപരമായി വളർത്താൻ ശ്രമിച്ചതിൻെറ ഫലമായി മാർക്സിൻേറയും ഏംഗൽസിൻേറയും ലെനിൻേറയും കാലത്തിനുശേഷവും വളർന്നുകൊണ്ടിരിക്കുന്ന ഒരു സയൻസാണ് മാർക്സിസം-ലെനിനിസം. 1917-നുശേഷം സോവിയററയൂണിയനിലും, മംഗോളിയയിലും 1945-നുശേഷം കിഴക്കൻ യൂറോപ്പിൽ; 1949-നുശേഷം ചൈനയിലും വിയററ്നാമിലും കൊറിയയിലും—ഇങ്ങനെ സോഷ്യലിസ്റ്റ്നിർമ്മാണം നടത്താൻ തുടങ്ങിയ രാജ്യങ്ങളുടെ സോഷ്യലിസ്റ്റ്നിർമ്മാണാനുഭവങ്ങൾ മുഴുവൻ വിലയിരുത്തിക്കൊണ്ടു് മുതലാളിത്തത്തിൽനിന്നും സോഷ്യലിസത്തിലേയ്ക്കും സോഷ്യലിസത്തിൽനിന്നു കമ്മ്യൂണിസത്തിലേയ്ക്കുമുള്ള പരിവർത്തനം സംബന്ധിച്ചു് മാർക്സിസ്റ്റ്-ലെനിനിസ്റ്റ് സിദ്ധാന്തങ്ങളെ കൂടുതൽ വിപുലവും സമൃദ്ധവുമാക്കാനവർക്കു കഴിഞ്ഞു. അതുപോലെതന്നെ വളർച്ചയെത്തിയ മുതലാളിത്തരാജ്യങ്ങളിൽ കുത്തകമുതലാളിമേധാവിത്വവും ഭരണകൂടവും തമ്മിൽ ഇഴുകിപ്പിടിച്ചു് ഇടത്തരം ബൂർഷ്വാവിഭാഗങ്ങളെപ്പോലും പാപ്പരീകരിക്കുന്നതിൻേറയും, അതിന്നെതിരായി ജനങ്ങൾ അണിനിരക്കുന്നതിൻേറയും അനുഭവങ്ങളുടെ വെളിച്ചത്തിൽ കുത്തകമുതലാളിത്തത്തിന്നെതിരായ സമരത്തെ സംബന്ധിച്ചും വിലയേറിയ പല പുതിയ സംഭാവനകളും നൽകാനവർക്കു കഴിഞ്ഞു. ഏഷ്യാ, ആഫ്രിക്ക, ലാററിനമേരിക്ക എന്നീ ഭൂഖണ്ഡങ്ങളിൽ നടക്കുന്ന സ്വാതന്ത്ര്യസമരങ്ങളുടെ അനുഭവം വേണ്ടതുപോലെ വിലയിരുത്തി അതിനെസംബന്ധിച്ചു് മാർക്സിസം-ലെനിനിസത്തിനു് അമൂല്യമായ പല വിലപ്പെട്ടകളും നൽകാനവർക്കു കഴിഞ്ഞു. എല്ലാററിനും മീതെ, ഇതിനുമുമ്പു് ചൂണ്ടിക്കാണിച്ചതുപോലെ, അണുശക്തിപ്രയോഗത്തിൻെറ വിനാശകരമായ ഭവിഷ്യത്തുക്കളെക്കുറിച്ചു് ജനങ്ങൾക്കുണ്ടായിക്കൊണ്ടിരിക്കുന്ന ബോധവും അതിൻെറ അടിസ്ഥാനത്തിലുയർന്നുവന്ന ലോകസമാധാനപ്രസ്ഥാനവും വിലയിരുത്തി മറെറാരു ലോകമഹായുദ്ധമൊഴിവാക്കാനും സോഷ്യലിസ്റ്റ്വിപ്ലവത്തിൽ സമാധാനപരമായ മാററങ്ങളംഗീകരിക്കാനുമുള്ള സാദ്ധ്യതകളെ സംബന്ധിച്ചും പല പുതിയ ധാരണകളുമുണ്ടായിയിരിക്കുന്നു.

അഞ്ചാമതു്, ഇങ്ങനെ സൃഷ്ടിപരമായി വളർത്തപ്പെട്ടുകൊണ്ടിരിക്കുന്ന മാർക്സിസം-ലെനിനിസത്തിനു രാഷ്ട്രീയപ്രവർത്തനത്തെ ഒരു ശാസ്ത്രവും കലയുമായുയർത്താൻ കഴിഞ്ഞിരിക്കുന്നു. അതു സംബന്ധിച്ച "മാർക്സിസം-ലെനിനിസത്തിൻെറ അടിസ്ഥാനതത്വങ്ങൾ" ഇങ്ങനെ പറയുന്നു:

## 4. മാർക്സിസ്റ്റ്ലെനിനിസ്റ്റ്നയം—ഒരു ശാസ്ത്രമെന്ന നിലയ്ക്കും കലയെന്ന നിലയ്ക്കും

കമ്മ്യൂണിസ്റ്റ്പാർട്ടികൾക്കു് തങ്ങളുടെ നയങ്ങളെ ശാസ്ത്രീയാടിസ്ഥാനത്തിൽ രൂപവല്ക്കരിക്കാൻ കഴിയുമെന്നതാണു് അവരുടെ ശക്തിയുടെ മുഖ്യമായ ഒരുറവിടം.

ഇതിൻെറ അർത്ഥം, ഒന്നാമതായി, മാർക്സിസം-ലെനിനിസത്തിൻെറ സിദ്ധാന്തങ്ങളെ സ്വായത്തമാക്കിയ കമ്മ്യൂണിസ്റ്റ്കാർക്കു് തൊഴിലാളിവർഗ്ഗത്തിൻെറ താല്പ

ഷ്യങ്ങളെ കാത്തുരക്ഷിക്കുന്ന കാര്യത്തിൽ സാമൂഹ്യവളർച്ചയുടെ വസ്തുനിഷ്ഠമായ നിയമങ്ങളെപ്പററിയുള്ള, പ്രത്യേകിച്ച്, വർഗ്ഗസമരത്തിൻെറ നിയമങ്ങളെപ്പററിയുള്ള, ജ്ഞാനത്തിൻെറ അടിസ്ഥാനത്തിൽ പ്രവർത്തിക്കാൻ കഴിയുമെന്നാണ്. ഓരോ ഘട്ടത്തിലേയും ഓരോ സമൂർത്തപരിതഃസ്ഥിതിയിലേയും വർഗ്ഗശക്തികളുടെ പരസ്പരബന്ധങ്ങളെ അവർ കണക്കിലെടുക്കുന്നു. ലെനിൻ എഴുതി:

"ഏതെങ്കിലുമൊരു സമുദായത്തിലെ എല്ലാ വർഗ്ഗങ്ങളുടേയും പരസ്പരബന്ധങ്ങളുടെ ആകത്തുകയെക്കുറിച്ചുള്ള വസ്തുനിഷ്ഠമായ പരിഗണനയും ആ സമുദായത്തിൻെറ വളർച്ചയുടെ വസ്തുനിഷ്ഠമായ ഘട്ടത്തെക്കുറിച്ചും ആ സമുദായവും മററു സമുദായങ്ങളും തമ്മിലുള്ള ബന്ധങ്ങളെക്കുറിച്ചുമുള്ള പരിഗണനയും മാത്രമാണ് മുന്നണി വർഗ്ഗത്തിൻെറ ശരിയായ നയങ്ങളുടെ അടിസ്ഥാനമായിത്തീരുന്നത്. അതേസമയത്തുതന്നെ എല്ലാ വർഗ്ഗങ്ങളും എല്ലാ രാജ്യങ്ങളും പരിഗണിക്കപ്പെടുന്നത് മാററമില്ലാത്തവയെന്നനിലയ്ക്കല്ല, മാറിക്കൊണ്ടിരിക്കുന്നവയെന്ന നിലയ്ക്കാണ്; അതായത് നിശ്ചലാവസ്ഥയിലല്ല, ചലനാവസ്ഥയിലാണ്. (ഓരോവർഗ്ഗത്തിൻെറയും നിലനില്പിൻെറ സാമ്പത്തികോപാധികളാണ് അവയുടെ നിയമങ്ങളെ നിർണ്ണയിക്കുന്നത്." 43

ഒരു ശാസ്ത്രമെന്ന നിലയ്ക്കും ഒരു കലയെന്ന നിലയ്ക്കുമുള്ള കമ്മ്യൂണിസ്റ്റ്പാർട്ടികളുടെ നയങ്ങളുടെ ചില പൊതുപ്രശ്നങ്ങളെപ്പററിയാണ് താഴെ പ്രതിപാദിക്കുന്നത്. ഈ നയങ്ങളുടെ പ്രായോഗികനിർവ്വഹണത്തെപ്പററിയും അവയുടെ ഏററവും മുഖ്യമായ പ്രശ്നങ്ങളെപ്പററിയും അടുത്ത അദ്ധ്യായങ്ങളിൽ പ്രതിപാദിക്കപ്പെടുന്നതായിരിക്കും.

## രാഷ്ട്രീയമായ തന്ത്രവും അടവും

ഒരു മാർക്സിസ്റ്റ്-ലെനിനിസ്റ്റ് പാർട്ടിയുടെ പ്രവർത്തനങ്ങൾ പാർട്ടിനേതൃത്വം അപ്പപ്പോൾ തോന്നുംപോലെ നടപ്പിൽവരുത്തുന്ന താൽക്കാലികനടപടികളല്ല. ഏതെങ്കിലുമൊരു പരിതഃസ്ഥിതിയിൽ സമരത്തിൻെറ ഘട്ടത്തെക്കുറിച്ചുള്ള ശാസ്ത്രീയവിശകലനത്തിൻെറ അടിസ്ഥാനത്തിൽ പാർട്ടി തയ്യാറാക്കിയ രാഷ്ട്രീയലൈനിൻെറ വ്യക്തമായ പ്രകടനങ്ങളാണ്. രാഷ്ട്രീയഭാഷയിൽ അടവ് (Tactics) തന്ത്രം (Strategy) എന്നീ പദങ്ങൾ ഈ ലൈനിനെ സൂചിപ്പിക്കാൻവേണ്ടിയാണുപയോഗിക്കപ്പെടുന്നത്.

പ്രത്യേകമായ സമൂർത്തസാഹചര്യങ്ങളാൽ നിർണ്ണയിക്കപ്പെടുന്ന താരതമ്യേന ഒരു ചുരുങ്ങിയ കാലഘട്ടത്തിലേക്കുള്ള രാഷ്ട്രീയലൈനനെയാണ് അടവ് എന്ന പദംകൊണ്ടു സാധാരണ വിവക്ഷിക്കുന്നത്. തന്ത്രം എന്ന പദമാകട്ടെ, ചരിത്രപരമായ ഒരു നീണ്ട കാലഘട്ടത്തെയാകെ മുഴുവനുമുള്ള ലൈനിനെ കുറിക്കുന്നു. പക്ഷേ, ഇത്തരത്തിലുള്ള ഒരു വിഭജനം എല്ലായ്പോഴും സൃഷ്ടിക്കപ്പെട്ടിരുന്നില്ല. പഴയ തൊഴിലാളിപ്രസ്ഥാനത്തിൽ (ഒക്ടോബർ വിപ്ലവത്തിനുമുമ്പ്) അടവ് എന്ന പദത്തിൽ പാർട്ടിയുടെ എല്ലാ നയങ്ങളും, അവ ഏതു കാലയളവിനുള്ളിൽ നടപ്പാക്കാനുള്ളവയാണെന്നു നോക്കാതെ, ഉൾപ്പെടുത്തപ്പെട്ടിരുന്നു.

അങ്ങനെയാണ് ലെനിൻ ഈ പദത്തെ ഉപയോഗിച്ചത്. തൊഴിലാളിവർഗ്ഗസമരങ്ങളിൽ നേതൃത്വത്തിൻെറ താരതമ്യേന അതിവേഗം മാറിക്കൊണ്ടിരിക്കുന്ന കടമകളും (ഇടുങ്ങിയഅർത്ഥത്തിൽ അടവ്) ഒരു ചരിത്രഘട്ടത്തിലാകെ നീണ്ടുകിടക്കുന്ന കടമകളും ഈ പദംകൊണ്ടു കുറിക്കപ്പെട്ടിരുന്നു. ഉദാഹരണത്തിന്, 'ജനാധിപത്യവിപ്ലവത്തിൽ സോഷ്യൽ ഡമോക്രസിയുടെ രണ്ടു തന്ത്രങ്ങൾ' എന്ന തൻെറ പുസ്തകത്തിൽ റഷ്യയിൽ ബൂർഷ്വാജനാധിപത്യവിപ്ലവത്തിൻെറ ഒരുക്ക

ങ്ങൾ നടത്താനും അതു നടപ്പിൽ വരുത്താനുമുള്ള ഒരു കാലഘട്ടത്തിലേയ്ക്കു മുഴുവനുമായി ആസൂത്രണംചെയ്യപ്പെട്ട പാർട്ടിയുടെ പൊതുലൈൻ എന്ന അർത്ഥത്തിലാണ് ലെനിൻ അടവ് എന്ന പദമുപയോഗിച്ചത്. സൈനികരംഗത്തിൽനിന്നു കടം വാങ്ങപ്പെട്ട തന്ത്രം എന്ന പദത്തെ വളരെ അപൂർവ്വമായേ ലെനിൻ ഉപയോഗിക്കുകയുണ്ടായുള്ളു. ഒക്ടോബർവിപ്ലവത്തിനുശേഷമുള്ള കാലഘട്ടത്തിൽ സഹോദരപ്പാർട്ടികളുടെ നയങ്ങളെക്കുറിച്ച് പ്രതിപാദിച്ച ചില കൃതികളിൽ മാത്രമാണ് അദ്ദേഹം പാർട്ടി തന്ത്രം എന്നുപയോഗിച്ചത്. എന്നാൽ, അപ്പോഴും അടവിനെ തന്ത്രത്തിൽനിന്നു വേർതിരിച്ചു കാണിക്കേണ്ടതാവശ്യമാണെന്ന് അദ്ദേഹം കരുതിയല്ല.

ഇന്ന് കമ്മ്യൂണിസ്റ്റ്കാർ നിലവിലുള്ള വർഗ്ഗങ്ങളുടെ പരസ്പരബന്ധങ്ങളെ പ്രാരംഭസ്ഥാനമായെടുത്തുകൊണ്ട് ഒരു പ്രത്യേകചരിത്രകാലഘട്ടത്തിന്റെ ഏററവും സാമാന്യമായ കടമകൾ ചെയ്തുതീർക്കാൻ നിർദ്ദേശിക്കുന്ന പാർട്ടിയുടെ പൊതുലൈനിന്റെ പ്രശ്നംവരുമ്പോളാണ് തന്ത്രത്തെപ്പററി അല്ലെങ്കിൽ തന്ത്രപരമായ ലൈനിനെപ്പററി പ്രതിപാദിക്കുന്നത്. ഈ അർത്ഥത്തിൽ, ഒരു വശത്ത് ഒരു പ്രത്യേകചരിത്രഘട്ടത്തിലെ പ്രധാന കടമ നിർവ്വഹിക്കാൻ ഇടവിടാതെ പരിശ്രമിക്കേണ്ടതിന്റെ ആവശ്യകതയെപ്പററി ഊന്നാൻവേണ്ടിയും മറുവശത്ത് "ഘട്ടങ്ങളെ എടുത്തുചാടാനുള്ള" ഇടതുപക്ഷപ്രവണതയെ തടയാൻവേണ്ടിയും പാർട്ടിയുടെ തന്ത്രപരമായ ലൈൻ നടപ്പിൽവരുത്തേണ്ടതിന്റെ പ്രാധാന്യത്തെപ്പററി പറയുന്നത് തീർച്ചയായും ഉചിതംതന്നെയാണ്, എന്നാൽ, പാർട്ടിയുടെ രാഷ്ട്രീയതന്ത്രത്തെപ്പററി പറയുമ്പോൾ സൈനികശാസ്ത്രത്തിന്റെ രംഗത്തിൽനിന്നുള്ള ഉദാഹരണങ്ങൾ കൊണ്ട് വഴിതെററിപ്പോകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുണ്ട്. കാരണം, രാഷ്ട്രീയതന്ത്രവും സൈനികതന്ത്രവും തമ്മിൽ മൗലികമായ വ്യത്യാസമുണ്ട്.

രാഷ്ട്രീയകാര്യങ്ങളിൽ സജ്ജീകൃതമായ സൈന്യങ്ങളെയല്ല, സാമൂഹ്യവർഗ്ഗങ്ങളേയും സാമൂഹ്യശക്തികളെയുമാണ് നമുക്കു കൈകാര്യംചെയ്യാനുള്ളത്. അവയിൽ ചിലതു സംഘടിതവും മററുള്ളത് അസംഘടിതവുമായിരിക്കാം. ചിലത് ബോധപൂർവ്വമായും മററുചിലത് ബോധപൂർവ്വമല്ലാതെയുമാണ് പ്രവർത്തിക്കുന്നത് എന്നുവരാം. ഒരു സേനാനായകനു തന്റെ നിയന്ത്രണത്തിൽ എല്ലാ ശക്തികളും തയ്യാറായിരിക്കുന്നു. അവയെ ഇഷ്ടംപോലെ എടുത്തുപയററാം. ആവശ്യമുള്ളടത്ത് കരുതൽസൈന്യങ്ങളെ വിനിയോഗിക്കാം. സൈനികമായ കാര്യസാധകത്വം മാത്രമേ പരിഗണിക്കേണ്ടതുള്ളു. ഇത്തരം സാദ്ധ്യതകളൊന്നും രാഷ്ട്രീയനേതാക്കന്മാർക്കില്ല. സംഭവഗതികളിൽ പങ്കെടുക്കുന്ന വർഗ്ഗങ്ങളും ശക്തികളും സൈന്യങ്ങളോ കരുതൽപ്പടകളോ അല്ല. അവയോരോന്നും പ്രവർത്തിക്കുന്നതു ഒരു സേനാനായകന്റെ കല്പനയനുസരിച്ചല്ല, ഒരു നിശ്ചിതമുഹൂർത്തത്തിൽ സ്വന്തം താല്പര്യമെന്തെന്നു നോക്കിയിട്ടാണ്. എന്നല്ല, സ്വന്തം താല്പര്യമെന്താണെന്ന് അവ സ്വയം നിശ്ചയിക്കുകയാണു ചെയ്യുന്നത്. സൈനികനേതൃത്വവുമായി താരതമ്യപ്പെടുത്തുമ്പോൾ രാഷ്ട്രീയനേതൃത്വത്തിന്റെ കടമയെ വളരെയധികം സങ്കീർണ്ണമാക്കിത്തീർക്കുന്ന മററു പല കാര്യങ്ങളുമുണ്ട്. രാഷ്ട്രീയതന്ത്രമെന്ന പദമുപയോഗിക്കുമ്പോൾ ഇതെല്ലാം മനസ്സിലുണ്ടായിരിക്കണം.

മുതലാളിത്തസാഹചര്യങ്ങളിൽ പാർട്ടിയുടെ രാഷ്ട്രീയതന്ത്രം ആവിഷ്കരിക്കുമ്പോൾ ഒന്നാമതായി, നിശ്ചിതഘട്ടത്തിൽ തൊഴിലാളിവർഗ്ഗത്തിന്റെ പ്രധാന കടമയെന്തെന്നും ആ ഘട്ടത്തിൽ ഏതു പ്രധാനശത്രുവിനെതിരായിട്ടാണ് കേന്ദ്രീകരിക്കേണ്ടതു എന്നും ആ ശത്രുവിന്റെ ചെറുത്തുനില്പിനെ നേരിടാൻ അദ്ധ്വാനിക്കുന്ന മുഴുവൻ ജനങ്ങളുടേയും വർഗ്ഗവിദ്വേഷവും ആവേശവും എത്രത്തോളമുണ്ടെന്നും കൃത്യമായി നിർണ്ണയിക്കേണ്ടതാവശ്യമാണ്.

രണ്ടാമതായി, നടുക്കുനില്ക്കുന്ന ഏററവും വലിയ ജനവിഭാഗത്തോടുള്ള പാർട്ടിയുടെ നിലപാടെന്തെന്ന് കൃത്യമായി നിർണ്ണയിക്കേണ്ടതാവശ്യമാണ്. ഈ

വിഭാഗം പ്രധാനശത്രുവിനോട് എതിർപ്പിന്റെ ഒരു നിലപാടാണംഗീകരിക്കുന്നത് എന്നിരിക്കിലും, സ്വന്തം വർഗ്ഗതാല്പര്യങ്ങളുടെ ഇരട്ടസ്വഭാവംകാരണം അവർ അപായകരമായ രാഷ്ട്രീയച്ചാഞ്ചാട്ടവും ഒത്തുതീർപ്പിനുള്ള വ്യഗ്രതയും കാണിക്കുന്നു; ചിലപ്പോൾ ശത്രുവുമായി നേരിട്ട് കൂട്ടുകെട്ടുകളുണ്ടാക്കുകയുംചെയ്യുന്നു.

റഷ്യൻവിപ്ലവത്തിന്റെ ഒന്നാംഘട്ടത്തിൽ പ്രസ്ഥാനത്തിന്റെ പ്രധാന ലക്ഷ്യം സ്വേച്ഛാധിപത്യത്തെ മറിച്ചിടലാണ് എന്നു ലെനിൻ നിർവ്വചിച്ചു. തൊഴിലാളിവർഗ്ഗത്തിനു് നിർവ്വഹിക്കാനുള്ള രണ്ടു കടമകളെ അദ്ദേഹം മുന്നോട്ടു വെച്ചു: "സ്വേച്ഛാധിപത്യത്തിന്റെ (പ്രധാനശത്രുവിന്റെ) എതിർപ്പിനെ ബലം പ്രയോഗിച്ച് തകർക്കുകയും ബൂർഷ്വാസിയുടെ ചാഞ്ചാട്ടത്തെ സ്തംഭിപ്പിക്കുക"യും ചെയ്യുക.[44] ബോൾഷെവിക്കുകാർ ഈ രണ്ടു കടമകളെയും അംഗീകരിച്ചു. മെൻഷെവിക്കുകാരാകട്ടെ, രണ്ടാമത്തെ കടമയെ അംഗീകരിക്കാൻ കൂട്ടാക്കാതിരിക്കുകയും അങ്ങനെ വലതുപക്ഷഅവസരവാദത്തിന്റെ ചളിക്കുണ്ടിലേയ്ക്കു് വഴുതിവീഴുകയുംചെയ്തു.

റഷ്യൻവിപ്ലവത്തിന്റെ രണ്ടാംഘട്ടത്തിൽ ലെനിൻ ബൂർഷ്വാസിയെ മറിച്ചിടലാണ് പ്രധാനലക്ഷ്യമെന്നു് നിർവ്വചിക്കുകയും തൊഴിലാളിവർഗ്ഗത്തിന്നു് നിർവ്വഹിക്കാനുള്ള കടമകളെ മുന്നോട്ടുവെയ്ക്കുകയുംചെയ്തു: "ബൂർഷ്വാസിയുടെ (പ്രധാന ശത്രു) എതിർപ്പിനെ ബലംപ്രയോഗിച്ചു തകർക്കുക"യും "കൃഷിക്കാരുടെയും പെററിബൂർഷ്വാസിയുടേയും ചാഞ്ചാട്ടത്തെ സ്തംഭിപ്പിക്കുക"യുംചെയ്യുക.[45] ബോൾഷെവിക്കുകാർ ഈ രണ്ടു കടമകളും നിർവ്വഹിക്കാൻ സന്നദ്ധരായി. അവർ ഒരു കടമമാത്രം നിർവ്വഹിക്കാൻ മുതിരുകയോ രണ്ടാമത്തെ കടമയാണ് കൂടുതൽ പ്രധാനമെന്നു കണക്കാക്കുകയോ ചെയ്തിരുന്നുവെങ്കിൽ വിപ്ലവത്തിന്നു് ഗൗരവമായ ഹാനിതട്ടുമായിരുന്നു.

മൂന്നാമതായി, തന്ത്രപരമായ ലൈൻ ആവിഷ്കരിക്കുമ്പോൾ പ്രസ്ഥാനത്തിന്റെ നിലവിലുള്ള ഘട്ടത്തിൽ തൊഴിലാളിവർഗ്ഗത്തിന്റെ സഖ്യശക്തികളേതൊക്കെയാണെന്നു് കൃത്യമായി നിർണ്ണയിക്കേണ്ടതാവശ്യമാണ്. എന്നാൽ, തൊഴിലാളിവർഗ്ഗത്തിന്റെ സഖ്യശക്തികളെ സ്വന്തം ഇഷ്ടമനുസരിച്ച് "ഉപയോഗിക്കാ"നും യുദ്ധരംഗത്തിൽ ഒരു സേനാനായകൻ തന്റെ കരുതൽപ്പടയെയെന്നപോലെ സ്വതന്ത്രമായി എടുത്തുപയററാനും പററിയ പാർട്ടിയുടെ കരുതൽസൈന്യങ്ങളെന്ന നിലയ്ക്കു കാണരുതു്. രാഷ്ട്രീയകാര്യങ്ങളിൽ തന്ത്രപരമായ നേതൃത്വത്തെ കരുതൽ സൈന്യങ്ങളെ ഉപയോഗപ്പെടുത്തുന്ന പ്രശ്നമാക്കി ചുരുക്കുക എന്നുവെച്ചാൽ, മുതലാളിത്തരാജ്യങ്ങളിൽ വർഗ്ഗയുദ്ധങ്ങൾക്കു തയ്യാറെടുക്കുന്നതിന്നത്യാവശ്യമായ കടമയിൽനിന്നു്, അതായതു് തൊഴിലാളികളുമായും അദ്ധ്വാനിക്കുന്ന മററു ജനവിഭാഗങ്ങളുമായും കമ്മ്യൂണിസ്റ്റ്പാർട്ടിക്കുള്ള ബന്ധങ്ങളെ ഇടവിടാതെ ഊട്ടിയുറപ്പിക്കുക എന്ന പ്രശ്നത്തിൽനിന്നു്, സോഷ്യലിസ്റ്റ്പാർട്ടികളുമായും ട്രേഡ്യൂണിയനുകൾ തുടങ്ങിയ ബഹുജനസംഘടനകളുമായും പ്രവർത്തനൈക്യം കെട്ടിപ്പടുക്കുക എന്ന കടമയിൽനിന്നു്, ശ്രദ്ധതിരിച്ചുവിടുക എന്നർത്ഥമാണ്. ഓരോ കമ്മ്യൂണിസ്റ്റ്പാർട്ടിയും അയൽരാജ്യങ്ങളിലെ തൊഴിലാളിപ്രസ്ഥാനത്തിന്റെയും കോളണികളിലെ വിപ്ലവപ്രസ്ഥാനങ്ങളുടെയും സ്വതന്ത്രമായ പങ്കിനെ അംഗീകരിക്കുകയുംകൂടിചെയ്യുന്നു. സ്വന്തം രാജ്യത്തിലെയോ മററതെങ്കിലും രാജ്യത്തിലേയോ വിപ്ലവത്തിന്റെ വെറും "കരുതൽസൈന്യങ്ങ"ളായി അവ കണക്കാക്കപ്പെടുന്നില്ല. സാമ്രാജ്യവിരുദ്ധവിമോചനപ്രസ്ഥാനത്തിന്റെ വ്യത്യസ്തവിഭാഗങ്ങളോട് മററതെങ്കിലുമൊരു നിലപാടാണെടുക്കുന്നതു് എങ്കിൽ അതു് കമ്മ്യൂണിസ്റ്റ്കാരുടെ സിദ്ധാന്തങ്ങൾക്കും അവരുടെ രാഷ്ട്രീയ-സദാചാരബോധത്തിനും എതിരായിരിക്കുമെന്നു മാത്രമല്ല, ഈ സഖ്യശക്തികളെ നഷ്ടപ്പെടുത്തുക എന്ന ആപത്തു സൃഷ്ടിക്കുകയുംചെയ്യും.

# രാഷ്ട്രീയനേതൃത്വത്തിന്റെ കല

നയങ്ങൾ ഒരു ശാസ്ത്രം മാത്രമല്ല, ഒരു കലകൂടിയാണ് എന്ന് ലെനിൻ പറയുകയുണ്ടായി. ഇതിന്റെ അർത്ഥം പരിതഃസ്ഥിതിയെക്കുറിച്ചുള്ള ശരിയായ, ശാസ്ത്രീയമായ, ഒരു വിശകലനം മാത്രമല്ല, ആ ലൈൻ നടപ്പിൽവരുത്താനാവശ്യമായ വമ്പിച്ച കഴിവും വൈദഗ്ദ്ധ്യവും യഥാർത്ഥകലാബോധവും രാഷ്ട്രീയനേതൃത്വത്തിനുണ്ടായിരിക്കണമെന്നാണ്. ഇത്തരം വൈദഗ്ദ്ധ്യമില്ലെങ്കിൽ ഏററവും നല്ല രാഷ്ട്രീയലൈൻകൊണ്ടുപോലും യാതൊരു കാര്യവുമില്ല. ഏതെങ്കിലുമൊരു പ്രത്യേകഘട്ടത്തിലെ പ്രധാനലക്ഷ്യത്തിനുവേണ്ടിയും പ്രധാനശത്രുവിന്നെതിരായുമുള്ള സമരം സംഘടിപ്പിക്കാൻ പാർട്ടിക്കു കഴിവില്ലെങ്കിൽ ആ ലക്ഷ്യത്തെക്കുറിച്ചും ആ ശത്രുവിനെക്കുറിച്ചുമുള്ള ശരിയായ തീരുമാനം ഉപയോഗശൂന്യമായിരിക്കും. തൊഴിലാളിവർഗ്ഗത്തിന്റെ സഖ്യശക്തികളേതെന്ന് കൃത്യമായി നിർണ്ണയിക്കാൻ സാധിക്കും. പക്ഷേ, അവരെ സ്വാധീനിച്ചണിനിരത്താനും അവരുടെ സമരത്തെ സംഘടിപ്പിച്ചു നയിക്കാനും പാർട്ടിക്കു കഴിവില്ലെങ്കിൽ അതുകൊണ്ട് വല്ല പ്രയോജനവുമുണ്ടാകുമോ?

അപ്പോൾ, രാഷ്ട്രീയനേതൃത്വത്തിന്ന് അറിവുണ്ടായാൽ മാത്രം പോരാ, ആ അറിവ് പ്രയോഗിക്കാനുള്ള കഴിവുകൂടി വേണം. ആ കഴിവ്, ആ വൈദഗ്ദ്ധ്യം, പാർട്ടിക്കു സമ്പാദിക്കാൻ സാധിക്കുന്നതെങ്ങനെയാണ്?

തീർച്ചയായും താത്വികപഠനങ്ങൾകൊണ്ടു മാത്രമായില്ല. വിശാലമായ സ്വന്തം അനുഭവങ്ങളിൽനിന്നു മാത്രമേ ഓരോ പാർട്ടിക്കും രാഷ്ട്രീയനേതൃത്വത്തിന്റെ കല സ്വായത്തമാക്കാൻ കഴിയൂ. ഒരു വിപ്ലവപ്പാർട്ടിയെസംബന്ധിച്ചിടത്തോളം, ക്ലേശങ്ങളും പരീക്ഷണങ്ങളും വിജയാപജയങ്ങളുംനിറഞ്ഞ പ്രായോഗികസമരത്തിന്റെ വിദ്യാലയത്തോട് കിടപിടിക്കാൻ കഴിവുള്ള മററു യാതൊരു വിദ്യാലയവുമില്ല.

എന്നാൽ, ഇതിന്റെയൊക്കെ അർത്ഥം ഓരോ പാർട്ടിയും അനിവാര്യമായും ഓരോ കാര്യത്തെപ്പററിയും സ്വന്തമായ അനുഭവം നേടണമെന്നും സ്വന്തം പരാജയങ്ങളിലൂടെ മാത്രമേ അതിനു പഠിക്കാൻ കഴിയൂ എന്നുമല്ല. മററു പാർട്ടികളുടെയും സാർവ്വദേശീയവിപ്ലവപ്രസ്ഥാനത്തിന്റേയും അനുഭവങ്ങളെ സശ്രദ്ധമായും വിദഗ്ദ്ധമായും പഠിച്ചുപയോഗപ്പെടുത്തിയാൽ രാഷ്ട്രീയകാര്യങ്ങളുടെ കല കൂടുതൽ വേഗത്തിൽ പഠിക്കാനും പരാജയങ്ങളുടെയും തെററുകളുടേയും എണ്ണം വളരെ കുറയ്ക്കാനും കഴിയും. രാഷ്ട്രീയനേതൃത്വത്തിന്റെ കലയെപ്പററി പഠിക്കാനാഗ്രഹിക്കുന്നവർക്ക് ഈ അനുഭവങ്ങളെ സാമാന്യവല്ക്കരിച്ചുകൊണ്ടെഴുതപ്പെട്ട ഗ്രന്ഥങ്ങൾ ഒരമൂല്യമായ സഹായമായിരിക്കും. ഇക്കാര്യത്തിൽ ലെനിന്റെ "ഇടതുപക്ഷകമ്മ്യൂണിസം ഒരു ബാലാരിഷ്ടം" എന്ന സുപ്രസിദ്ധഗ്രന്ഥം സവിശേഷമായ പ്രാധാന്യമർഹിക്കുന്നു. സാർവ്വദേശീയ കമ്മ്യൂണിസ്റ്റ്പ്രസ്ഥാനത്തിന്ന് അതെല്ലായ്പോഴും വമ്പിച്ച പ്രാധാന്യമുള്ള ഒരു ഗ്രന്ഥമാണ്.

രാഷ്ട്രീയനേതൃത്വത്തിന്റെ കലയിലടങ്ങിയിട്ടുള്ള അടിസ്ഥാനപരമായ പ്രവർത്തനങ്ങളെന്തൊക്കെയാണ്?

അതിലടങ്ങിയിട്ടുള്ളത് മുഖ്യമായും ബഹുജനങ്ങൾക്കിടയിൽ പ്രവർത്തിക്കാനുള്ള കഴിവാണ്. ജീവിതത്തെയാകെ അദ്ധ്വാനിക്കുന്ന ജനങ്ങളുടെ താല്പര്യങ്ങളുമായി കൂട്ടിയിണക്കിയിട്ടുള്ളവരും അവരുടെ അഭിലാഷങ്ങളിൽ ഭാഗഭാക്കാകുന്നവരും അവരോട് നിസ്സ്വാർത്ഥമായി കൂറുകാണിക്കുന്നവരുമായ നേതാക്കന്മാർക്കും പാർട്ടികൾക്കും മാത്രമേ ഈ കടമ വിജയകരമായി ചെയ്തുതീർക്കാൻ കഴിയൂ.

പ്രചാരവേലകൊണ്ടും പ്രക്ഷോഭംകൊണ്ടും മാത്രം ബഹുജനങ്ങളെ സജീവമായ സമരങ്ങളിലേയ്ക്കാകർഷിക്കാൻ കഴിയുകയില്ല എന്നതാണ് രാഷ്ട്രീയകലയുടെ ഒരു ലെനിനിസ്റ്റ്തത്വം. അതിന് അവരുടെ സ്വന്തം രാഷ്ട്രീയാനുഭവങ്ങൾ കൂടി വേണം. "സ്വന്തം അനുഭവങ്ങൾ അവക്കു പഠിപ്പിച്ചുകൊടുക്കുന്നതെന്തോ അതുമായി പാർട്ടികളുടെ ഉപദേശം പൊരുത്തപ്പെടുന്നില്ലെങ്കിൽ കോടിക്കണക്കിലുള്ള ജനങ്ങൾ ആ ഉപദേശത്തെ ഒരിക്കലും ചെവിക്കൊള്ളുകയില്ല" 45 എന്നു ലെനിൻ പറയുന്നു. അപ്പോൾ ബഹുജനങ്ങളുടെ അനുഭവങ്ങളേയും അവരുടെ വർഗ്ഗബോധത്തിന്റെ നിലവാരത്തേയും കണക്കിലെടുത്തുകൊണ്ട് അവരെ അന്തിമലക്ഷ്യങ്ങൾക്കുവേണ്ടിയുള്ള സമരത്തിൽ അണിനിരത്താൻ പററിയ മാർഗ്ഗങ്ങളും രീതികളും ഉപയോഗിയ്ക്കുന്നതിലാണ് രാഷ്ട്രീയനേതൃത്വത്തിന്റെ കല കിടക്കുന്നതു്. യാഥാർത്ഥ്യങ്ങൾതന്നെ ബഹുജനങ്ങളെ പഠിപ്പിച്ചുകഴിയുന്നതുവരെ നിഷ്ക്രിയമായി കാത്തുനില്ക്കാൻ പാർട്ടിക്കു സാധ്യമല്ല. ശരിയായ നിഗമനങ്ങളിലെത്തിച്ചേരുന്നതിന് അവരെ സഹായിക്കാൻ പാർട്ടിക്കു കഴിയണം. ബഹുജനങ്ങളെ അവരുടെ സ്വന്തം അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ നിർണ്ണായകസമരത്തിലേയ്ക്കു കൊണ്ടുവരാനുള്ള കഴിവ് എന്നാണ് ലെനിൻ ഇതിനെ പരാമർശിക്കുന്നതു്.

തങ്ങൾ ദിനംപ്രതി അഭിമുഖീകരിക്കുകയും തങ്ങളെ നേരിട്ട് ബാധിക്കുകയുംചെയ്യുന്ന വസ്തുസ്ഥിതികളിലൂടെയാണ് ചുററുപാടുമുള്ള യാഥാർത്ഥ്യങ്ങളെ ബഹുജനങ്ങൾ നോക്കിക്കാണുന്നതു്. അതിനാൽ, ബഹുജനങ്ങളുടെ അടിയന്തിര സാമ്പത്തികതാല്പര്യങ്ങൾക്കും രാഷ്ട്രീയതാല്പര്യങ്ങൾക്കും വേണ്ടിയുള്ള സമരങ്ങളെ നയിച്ചുകൊണ്ടും അദ്ധ്വാനിക്കുന്ന വിവിധ ജനവിഭാഗങ്ങൾക്ക് അടിയന്തിരമായി വേണ്ടിവരുന്ന ആവശ്യങ്ങളുന്നയിച്ചുകൊണ്ടും ആ ആവശ്യങ്ങൾ നേടാൻവേണ്ടി സമരംചെയ്തുകൊണ്ടും മാത്രമേ അദ്ധ്വാനിക്കുന്ന ജനങ്ങളെ മുതലാളിത്തത്തിനെതിരായ സമരത്തിൽ അണിനിരത്താൻ പാർട്ടികൾക്കു സാധിക്കുകയുള്ളൂ.

അടിസ്ഥാനപ്രശ്നങ്ങളിൽ അഭിപ്രായവ്യത്യാസമുള്ളവരടക്കം ആരൊക്കെയായി ഐക്യം കെട്ടിപ്പടുക്കാൻ സാധ്യതയുണ്ടോ അവരുടെ പരിശ്രമങ്ങളേയും തങ്ങളുടെ സ്വന്തം പരിശ്രമങ്ങളേയും കൂട്ടിയോജിപ്പിക്കാനുള്ള നേതൃത്വത്തിന്റെ കഴിവും രാഷ്ട്രീയനേതൃത്വകലയുടെ ഒരു പ്രധാന ഭാഗമാണ്. വിഷമംപിടിച്ചതാണെങ്കിലും മുഖ്യമായ ഒരു കാര്യമാണിതു്. അടുത്ത അദ്ധ്യായത്തിൽ കൂടുതൽ വിശദമായി ഇതു വ്യക്തമാക്കപ്പെടുന്നതാണ്.

ഏതെങ്കിലുമൊരു സവിശേഷസന്ദർഭത്തിനു പററിയ സമരരൂപങ്ങളെ ശരിയ്ക്കു തെരഞ്ഞെടുക്കാനും ആ രൂപങ്ങളെ അതിവേഗത്തിലും അപ്രതീക്ഷിതമായും മാററുന്നതിനു തയ്യാറാവാനുമുള്ള കഴിവുകൂടി രാഷ്ട്രീയനേതൃത്വകലയിലുൾപ്പെടുന്നു.

ഒരു പാർട്ടി സമരരൂപങ്ങളെ ശരിക്കു തെരഞ്ഞെടുക്കേണ്ടതെങ്ങിനെയെന്നു മനസ്സിലാക്കുകയും നിലവിലുള്ള പരിതഃസ്ഥിതികൾക്കനുയോജ്യമായ ഒരു രാഷ്ട്രീയ ലൈൻ രൂപവൽക്കരിക്കുകയും ചെയ്യുന്നുവെങ്കിൽ ആ പാർട്ടിയ്ക്ക് ഊർജ്ജസ്വലതയോടെ പ്രവർത്തിക്കാനും ഏററവുമധികം കെട്ടിപ്പിണഞ്ഞവയും വിഷമംപിടിച്ചവയുമായ സാഹചര്യങ്ങളിൽപ്പോലും വ്യക്തമായ ഫലങ്ങൾ നേടിയെടുക്കാനും സാധിക്കും.

ലെനിനിസ്റ്റ്മാതൃകയിലുള്ള ഒരു പാർട്ടി അദ്ധ്വാനിക്കുന്ന ജനങ്ങളിൽ വിപ്ലവാവേശമുളവാക്കുകയും ശത്രുക്കളുടെ എതിർപ്പിനെ ദുർബ്ബലമാക്കുകയും ചെയ്യുന്ന ഒരു സന്ദർഭം സ്വയം വന്നുചേരാൻവേണ്ടി—ആ 'മഹത്തായ മുഹൂർത്ത'ത്തിനുവേണ്ടി—ഒരിക്കലും കയ്യുംകെട്ടി കാത്തിരിക്കുകയില്ല. ഒട്ടുംതന്നെ അനുകൂലമല്ലാത്ത സാഹചര്യങ്ങളിൽപ്പോലും സജീവമായ രാഷ്ട്രീയസമരങ്ങൾക്കുവേണ്ടി ബഹുജന

ങ്ങൾക്കിടയിൽ സജീവപ്രവർത്തനങ്ങൾ നടത്താനുള്ള സാദ്ധ്യതകളെ അതു തിരഞ്ഞു കണ്ടുപിടിക്കുന്നു. ഇങ്ങിനെ പാർട്ടി സ്വന്തം നിലയുറപ്പിക്കുകയും, അതിലും പ്രധാനമായി, നിർണ്ണായകസമരത്തിന്റെ മുഹൂർത്തത്തെ വളരെയടുത്തേയ്ക്കു കൊണ്ടുവരികയും ആ മുഹൂർത്തത്തിനുവേണ്ടി സ്വയം തെയ്യാറെടുക്കുക മാത്രമല്ല, അദ്ധ്വാനിക്കുന്ന ജനങ്ങളുടെ വിപുലവിഭാഗങ്ങളെ തയ്യാറെടുപ്പിക്കുകയുംചെയ്യുന്നു. വിപ്ലവത്തിനു മാന്ദ്യം നേരിടുന്ന ഘട്ടങ്ങളിൽപ്പോലും ഭാവിവിജയങ്ങളുടെ അടിത്തറ പാവുകയും ആ വിജയങ്ങളെ ആസന്നമാക്കുകയും ചെയ്യുന്ന മാർഗ്ഗങ്ങളും സമരരൂപങ്ങളും കണ്ടെത്താനുള്ള കഴിവിലാണ് ഏററവുമുയന്ന രാഷ്ട്രീയനേതൃത്വകല സ്ഥിതിചെയ്യുന്നതു്. ഇതിന്റെ ഒരൊന്നാംതരം ഉദാഹരണമാണ് 1905-1907-ലെ വിപ്ലവത്തെത്തുടർന്നുണ്ടായ തിരിച്ചടിയുടെ കാലത്തു് റഷ്യൻ കമ്മ്യൂണിസ്റ്റ്കാരവലംബിച്ച ലെനിനിസ്റ്റ് നയം. വിപ്ലവം പരാജയപ്പെട്ടാൽ എങ്ങിനെ പ്രവർത്തിയ്ക്കണമെന്നു് അക്കാലത്തു് പാർട്ടി കാണിച്ചുതന്നു. ആ അവസരത്തിൽ ലെനിൻ ഇങ്ങിനെ എഴുതി:

"വിപ്ലവപ്പാർട്ടികൾ തങ്ങളുടെ വിദ്യാഭ്യാസം പൂർത്തിയാക്കണം. ആക്രമണം നടത്താൻ അവർ പഠിച്ചുകഴിഞ്ഞിട്ടുണ്ടു്. ആ ജ്ഞാനത്തോടൊപ്പം ശരിക്കു പിന്മാറേണ്ടതെങ്ങിനെയെന്നതിനെപ്പററിയുള്ള ജ്ഞാനവും കൂട്ടിച്ചേർക്കണമെന്നും ആക്രമിക്കാനുള്ള ശരിയായ മാർഗ്ഗവും പിന്മാറാനുള്ള ശരിയായ മാർഗ്ഗവും പഠിക്കാതെ വിജയം സാദ്ധ്യമല്ലെന്നും മനസ്സിലാക്കാനുള്ള സമയമാണിതു്—കടുത്ത സ്വന്തം അനുഭവങ്ങളിലൂടെ വിപ്ലവകാരിയായ വർഗ്ഗത്തിനു് ഇതു മനസ്സിലാക്കിക്കൊടുക്കേണ്ടതുണ്ടു്." 47

## പ്രധാനമായ കണ്ണി കണ്ടെത്താനുള്ള കഴിവു്

പരിഹാരം കാണാൻ പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ട പ്രധാന പ്രശ്നങ്ങളെ വേർതിരിച്ചു കാണാനുള്ള കഴിവിലുമുണ്ടു് രാഷ്ട്രീയനേതൃത്വത്തിന്റെ ശാസ്ത്രവും കലയും.

രാഷ്ട്രീയസംഭവങ്ങൾ പരസ്പരം ബന്ധപ്പെട്ടവയാണ്. പക്ഷേ, അവ എല്ലായ്പ്പോഴും കെട്ടിപ്പിണഞ്ഞുകിടക്കുന്നു. അവയെ ഒരു ചങ്ങലയോടുപമിക്കാമെന്നു ലെനിൻ പറയുകയുണ്ടായി. ഒരു വ്യത്യാസമേയുള്ളു. കണ്ണികളുടെ തുടർച്ചയും ആകൃതിയും കൂട്ടിയിണക്കലും ഒരു കൊല്ലനുണ്ടാക്കുന്ന ചങ്ങലയുടേതുപോലെ അത്ര ലളിതമല്ല. ഒരു സാധാരണചങ്ങലയിൽ എല്ലാ കണ്ണികളും ഒരുപോലെയാണ്. രാഷ്ട്രീയജീവിതത്തിലാകട്ടെ, അടിസ്ഥാനപ്രശ്നങ്ങളും ഉപപ്രശ്നങ്ങളും രണ്ടാംകിടപ്രശ്നങ്ങളുമുണ്ടു്. "മുഴുവൻ ചങ്ങലയേയും പിടിക്കാനും അടുത്ത കണ്ണിയിലേയ്ക്കു കടക്കാനുള്ള ദൃഢമായ ഒരുക്കങ്ങൾ നടത്താനുംവേണ്ടി ഓരോ സവിശേഷമുഹൂർത്തത്തിലും എല്ലാ ശക്തിയോടുംകൂടി മുറുക്കിപ്പിടിയ്ക്കേണ്ട പ്രത്യേക കണ്ണിയേതാണെന്നു മനസ്സിലാക്കാൻ കഴിയണം." 48

സാർഭരണത്തെ മറിച്ചിട്ടതിനുശേഷം യുദ്ധത്തിൽനിന്നു് വിപ്ലവകരമായി പിൻവലിയുക എന്നതായിരുന്നു റഷ്യയിലെ നിർണ്ണായകമായ കണ്ണി. ഫെബ്രുവരിവിപ്ലവം കഴിഞ്ഞ ഉടനെ ഭൂരിപക്ഷക്കാരായ ബഹുജനങ്ങൾ ഒരു രാജ്യരക്ഷായുദ്ധത്തിന്നൊരുങ്ങുകയാണ് ചെയ്തതു്. യുദ്ധത്തിന്റെ സ്വഭാവം മാറിയിരിക്കുന്നുവെന്നും അതൊരു സാമ്രാജ്യയുദ്ധമല്ലാതായിക്കഴിഞ്ഞിരിക്കുന്നുവെന്നും അവർ വിശ്വസിച്ചു. പക്ഷേ, അത്തരം വ്യാമോഹങ്ങൾ അടിസ്ഥാനരഹിതങ്ങളാണെന്നു ലെനിൻ ചൂണ്ടിക്കാണിച്ചു. ബൂർഷ്വാസി അധികാരത്തിലിരിക്കുന്നേടത്തോളംകാലം യുദ്ധം ഒരു സാമ്രാജ്യയുദ്ധംതന്നെയായിരിക്കും. അതുകൊണ്ടു് സമാധാനം സ്ഥാപിക്കാൻ ഒരു സോഷ്യലിസ്റ്റ് വിപ്ലവമല്ലാതെ മററു യാതൊരു മാർഗ്ഗവുമില്ല.

ഇക്കാര്യം ബഹുജനങ്ങൾക്ക് ആദ്യം മനസ്സിലായില്ല. എങ്കിലും വിപ്ലവമാണ് ഒരേ പോംവഴിയെന്ന നിഗമനത്തിലേയ്ക്കു സംഭവഗതികൾതന്നെ ബഹുജനങ്ങളെ നയിക്കുമെന്ന് പാർട്ടിക്ക് ഉറച്ച വിശ്വാസമുണ്ടായിരുന്നു. ഈ തീരുമാനത്തിലെത്തിച്ചേരാൻ ബഹുജനങ്ങളെ സഹായിക്കുന്നതിനുവേണ്ടിയാണ് പാർട്ടി എല്ലാ പ്രവർത്തനങ്ങളേയും കേന്ദ്രീകരിച്ചതു്.

യുദ്ധം തുടരുന്നതിൽ താല്പര്യമുള്ള വർഗ്ഗമാണ് തങ്ങൾ എന്ന് പൂർണ്ണമായും സ്വയം തുറന്നുകാണിക്കാൻ ബൂർഷ്വാസിക്ക് ആറുമാസക്കാലമേ വേണ്ടിവന്നുള്ളു. അപ്പോഴാണ് ബഹുജനങ്ങളുടെ ബോധത്തിൽ ഒരു വഴിത്തിരിവുണ്ടായതു്. സായുധകലാപത്തിലൂടെ ബൂർഷ്വാസിയെ മറിച്ചിട്ടാൽ മാത്രമേ യുദ്ധമവസാനിപ്പിക്കാൻ കഴിയൂ എന്നവർക്ക് ബോദ്ധ്യമായി. ലെനിൻ പറയുന്നു:—"യുദ്ധത്തിൽനിന്ന് പിൻവലിഞ്ഞുപോരാൻ വിപ്ലവകാരിയായ റഷ്യയ്ക്കു സാധിച്ചു. അതിനു വമ്പിച്ച പരിശ്രമങ്ങൾ വേണ്ടിവന്നു. പക്ഷേ, ബഹുജനങ്ങളുടെ മുഖ്യമായ ആവശ്യത്തെ നാം കണക്കിലെടുത്തു. അതുകൊണ്ടാണു വിജയമുണ്ടായതു്."

വിനാശകരമായ ഒരു യുദ്ധത്തിന്റെ ആപത്തു് ലോകത്തെ ഭീഷണിപ്പെടുത്തിക്കൊണ്ടിരിക്കുകയും രാഷ്ട്രങ്ങളുടെമേൽ ഒരു ഫാസിസ്റ്റ്ഭരണക്രമം അടിച്ചേല്പിക്കാൻവേണ്ടി സാർവ്വദേശീയപിന്തിരിപ്പന്മാർ വീണ്ടും സജീവമായി പരിശ്രമിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്ന ഇക്കാലത്തു് സമാധാനത്തെയും ജനാധിപത്യത്തെയും കാത്തുരക്ഷിക്കാൻവേണ്ടിയുള്ള സമരമാണ് മുതലാളിത്തരാജ്യങ്ങളിലെ കമ്മ്യൂണിസ്റ്റ്പാർട്ടികളുടെ നയങ്ങളിലെ മുഖ്യമായ കണ്ണി.

രാജ്യത്തിലെ സവിശേഷമായ പരിതഃസ്ഥിതിയെ കണക്കിലെടുത്തുകൊണ്ടു് ഏതു മുഖ്യപ്രശ്നം പരിഹരിച്ചാലാണോ തൊഴിലാളിവർഗ്ഗത്തിന്റെ അന്തിമലക്ഷ്യത്തിലേയ്ക്കു് കൂടുതലടുക്കാൻ കഴിയുക, ആ പ്രശ്നത്തെ വേർതിരിച്ചുകാണാൻ ഓരോ പാർട്ടിക്കും കഴിവുണ്ടാക്കിക്കൊടുത്തതു് യാഥാർത്ഥ്യത്തെക്കുറിച്ചുള്ള മാർക്സിസ്റ്റ് വിശകലനവും ബഹുജനങ്ങളുമായുള്ള ഉററ ബന്ധങ്ങളുമാണ്.

6. രാഷ്ട്രീയപ്രവർത്തനത്തെ ഒരു ശാസ്ത്രവും കലയുമായി കണക്കാക്കുന്ന മാർക്സിസ്റ്റ്-ലെനിനിസ്റ്റ്വീക്ഷണത്തിന്റെ കേന്ദ്രമായിനില്ക്കുന്നതു് തൊഴിലാളിവർഗ്ഗൈക്യമാണ്. എന്തുകൊണ്ടെന്നാൽ, പട്ടാളം, പോലീസ്, കോടതി, ജയിൽ മുതലായി ബലപ്രയോഗത്തിനുപകരിക്കുന്ന ഉപകരണങ്ങളും മതസംഘടന, വിദ്യാലയങ്ങൾ, പത്രമാസികാദിപ്രസിദ്ധീകരണങ്ങൾ, റേഡിയോ മുതലായ പ്രചരണോപകരണങ്ങളും കൈവശമുള്ള ബൂർഷ്വാസിയെ നേരിടാൻ തൊഴിലാളിവർഗ്ഗത്തിന്ന് ഐക്യമല്ലാതെ മററുപായമൊന്നുമില്ല.

തൊഴിലാളിവർഗ്ഗൈക്യത്തിന്ന് മുഖ്യമായി രണ്ടു രൂപങ്ങളുണ്ടു്: ഭാഗികാവശ്യങ്ങൾ നേടിയെടുക്കാൻവേണ്ടി മിക്കവാറും സാമ്പത്തികരംഗത്തു് ഒതുങ്ങിനില്ക്കുന്ന ട്രേഡ്യൂണിയനൈക്യം; കൂടുതൽ മൗലികമായതും ഭരണാധികാരിവർഗ്ഗത്തിന്റെ അടിസ്ഥാനനയങ്ങളിൽതന്നെ മാററംവരുത്താനുദ്ദേശിക്കപ്പെട്ടതുമായി തൊഴിലാളിവർഗ്ഗരാഷ്ട്രീയപ്പാർട്ടികൾ തമ്മിലുണ്ടാകുന്ന രാഷ്ട്രീയൈക്യം. ഇതിലാദ്യത്തേതു് നിലവിലുള്ള ബൂർഷ്വാസാമൂഹ്യവ്യവസ്ഥയുടെ നാലതിരുകൾക്കകത്തുനിന്നുകൊണ്ടുതന്നെ വരുത്താവുന്ന പരിഷ്കാരങ്ങൾക്കുവേണ്ടിയുള്ളതാണെങ്കിൽ രണ്ടാമത്തേതു് ആ വ്യവസ്ഥയിൽതന്നെ മാററംവരുത്താനുള്ളതാണ്. രണ്ടിലും ഒരതിർത്തിവരെ സാമ്പത്തിക-രാഷ്ട്രീയപ്രശ്നങ്ങൾ കലർന്നിരിക്കുമെങ്കിലും ആദ്യത്തേതിൽ സാമ്പത്തികത്തിന്ന് മുൻതൂക്കമുണ്ടായിരിക്കും; രണ്ടാമത്തേതിലാകട്ടെ, സാമ്പത്തികപ്രശ്നങ്ങൾതന്നെ രാഷ്ട്രീയപ്രശ്നങ്ങളുടെ ഭാഗമായാണ് പ്രത്യക്ഷപ്പെടുക.

തൊഴിലാളിവർഗ്ഗൈക്യം കെട്ടിപ്പടുക്കുന്നതിനുള്ള ഏററവും വലിയ തടസ്സം വലതുപക്ഷസോഷ്യലിസ്റ്റ്കാരുടെ നിലപാടാണ്. അവരെടുക്കുന്ന താത്വികന്യ

ലപാട്ട് ബൂർഷ്വാസാമൂഹ്യവ്യവസ്ഥയെ നിലനിത്തുകയെന്നതാണ്. അതിന്റെ അടിസ്ഥാനപരമായ ചട്ടക്കൂട്ട് പൊളിക്കുന്നതിന്ന് മാത്രമല്ല, ആ ചട്ടക്കൂട്ടിന്നകത്തു വരുത്താവുന്ന പരിഷ്ക്കാരങ്ങൾക്കുവേണ്ടിയായാലും തൊഴിലാളിവർഗ്ഗത്തിന്റെ സമരപരമായ ഐക്യം കെട്ടിപ്പടുക്കുന്നതിന്നുപോലും എതിരായ രൂപത്തിലാണവർ "ജനാധിപത്യപരമായ സോഷ്യലിസ"മംഗീകരിക്കുന്നതു്. അവരുടെ രാഷ്ട്രീയആവനാഴിയിലെ ഏററവും മുഖ്യമായ അസ്ത്രമാവട്ടെ, കമ്മ്യൂണിസ്റ്റ്‌വിരോധമാണുതാനും. അതുകൊണ്ട്, ഐക്യം പൊളിക്കുകയെന്ന സോഷ്യൽ ഡെമോക്രാററിക്കുനയത്തിന്നെതിരായി ആശയപരവും രാഷ്ട്രീയവുമായ സമരം നടത്താൻ കമ്മ്യൂണിസ്റ്റ്‌പ്രസ്ഥാനത്തിന്ന് ബാദ്ധ്യതയുണ്ട്.

പക്ഷേ, സോഷ്യൽ ഡെമോക്രാററിക്കുസ്വാധീനത്തിലുള്ള തൊഴിലാളികളുമായി സൗഹാർദ്ദം സ്ഥാപിക്കുന്നതിനുള്ള സാദ്ധ്യതകൾ വളൎന്നുവരികയാണ്. ബ്രിട്ടീഷ് ലേബർപാർട്ടിനേതാക്കളിലൊരാളായിരുന്ന പ്രൊഫസർ കോളിന്റെ അഭിപ്രായത്തിൽ നാലു കാര്യത്തിൽ സോഷ്യൽ ഡെമോക്രസിയും കമ്മ്യൂണിസവും തമ്മിൽ ഐകരൂപ്യത്തിന്നും അന്യോന്യം സഹകരണത്തിന്നും അടിസ്ഥാനമുണ്ട്.

തുടർന്ന്, കമ്മ്യൂണിസ്റ്റ്‌കാരുടേയും സോഷ്യലിസ്റ്റ്‌കാരുടേയും വീക്ഷണഗതികൾ ചുരുങ്ങിയതു് നാലു കാര്യങ്ങളിലെങ്കിലും യോജിക്കുന്നുണ്ടെന്ന് പ്രൊഫസർ കോൾ പറയുന്നു: 1) സമുദായത്തിലെ ഏററവും പ്രധാനപ്പെട്ട ഉല്പാദനോപാധികൾ പൊതുവുടമയിലായിരിക്കണമെന്നും, അവ സമുദായത്തിന്റെ മുഴുവൻ താല്പര്യങ്ങൾക്കായി ഉപയോഗിക്കപ്പെടണമെന്നുമുള്ള ആവശ്യം—അതായതു്, മുതലാളിത്തത്തെ മാററി പകരം സോഷ്യലിസം സ്ഥാപിക്കണമെന്ന ആവശ്യം—കമ്മ്യൂണിസ്റ്റ്‌കാൎക്കും സോഷ്യലിസ്റ്റ്‌കാർക്കും പൊതുവിലുള്ളതാണ്. 2) ഉയർന്ന നിലവാരത്തിലുള്ള സുഖസൗകര്യങ്ങളും, വിദ്യാഭ്യാസം, പൊതുജനാരോഗ്യം, സാമൂഹ്യസംരക്ഷണം എന്നിവയ്ക്കു് വിശാലമായ അവസരങ്ങളുമുള്ള ഒരു സമുദായം കെട്ടിപ്പടുക്കാനാണ് കമ്മ്യൂണിസ്റ്റ്‌കാരും സോഷ്യലിസ്റ്റ്‌കാരും പണിപ്പെടുന്നതു്. 3) മററുള്ളവരുടെ അദ്ധ്വാനത്തിന്മേൽ ജീവിക്കാൻ ഒരുത്തനും അവകാശമില്ലെന്ന കാര്യത്തിൽ, അതായതു് ചൂഷണം അവസാനിക്കണമെന്ന കാര്യത്തിൽ, രണ്ടുകൂട്ടരും യോജിക്കുന്നു. 4) ഒരു പുതിയ സമുദായം കെട്ടിപ്പടുക്കുകയെന്നതു് തൊഴിലാളിവർഗ്ഗത്തിന്റെ ചുമതലയാണെന്ന കാര്യം രണ്ടുപേർക്കും ബോദ്ധ്യമുണ്ട്.

ഇതിന്നു ക്ഷമാപൂർവ്വവും സാഹോദര്യപൂർണ്ണവുമായ ഒരു സമീപനമംഗീകരിക്കുന്നതു കമ്മ്യൂണിസ്റ്റ്‌കാരുടെ കടമയാണ്. "മാർക്സിസം-ലെനിനിസത്തിന്റെ അടിസ്ഥാനതത്വങ്ങൾ" പറയുന്നു:

തൊഴിലാളിപ്രസ്ഥാനത്തിലെ പിളപ്പന്മാരായ വലതുപക്ഷക്കാർ ഒരു ആവരണമെന്നനിലയ്ക്കുപയോഗിക്കുന്ന പരിഷ്ക്കരണവാദതത്വശാസ്ത്രത്തെ പരാജയപ്പെടുത്തേണ്ടതു് സ്വന്തം കടമയാണെന്ന് കമ്മ്യൂണിസ്റ്റ്‌കാർ കരുതുന്നു. എന്നാൽ, പരിഷ്ക്കരണവാദത്തെ തോല്പിക്കുന്ന പണി അത്ര എളുപ്പമൊന്നുമല്ല. പരിഷ്ക്കരണവാദതത്വങ്ങൾക്കുപിന്നിൽ വെറും തെററുകൾ മാത്രമല്ല കമ്മ്യൂണിസ്റ്റ്‌കാർ കാണുന്നതു്. ബഹുജനങ്ങളുടെ ആഗ്രഹാഭിലാഷങ്ങളെക്കൊണ്ടു ചൂതാടുന്ന ഒരു സമ്പ്രദായംകൂടി അവയുടെ പിന്നിലുണ്ടെന്ന് അവർ മനസ്സിലാക്കുന്നു.

സ്വന്തം ജീവിതരീതിയും സമുദായത്തിന്റെ മേലേക്കിടയിൽ വർത്തിക്കുന്ന സ്ഥാപിതതാല്പര്യക്കാരുടെ ജീവിതരീതിയും തമ്മിലുള്ള വമ്പിച്ച അന്തരം സൂക്ഷിച്ചു നിരീക്ഷിക്കുകയും, അനിയന്ത്രിതമായ പോലീസുമേധാവിത്വവും അദ്ധ്വാനിക്കുന്നവരുടെ അധികാരങ്ങളിന്മേലുള്ള കയ്യേററവും നേരിട്ടനുഭവിക്കുകയും ചെയ്യുന്ന ബഹുജനങ്ങൾ ഒരു ജനാധിപത്യവ്യവസ്ഥിതിയും സാമൂഹ്യസമത്വവും നിലവിൽ വരുത്താൻ സ്വാഭാവികമായിത്തന്നെ പരിശ്രമിക്കുന്നു. എന്നാൽ, നൂതനമായ ഒരു യഥാൎത്ഥ ജനാധിപത്യജീവിതത്തിലേയ്ക്കുള്ള ശരിയായ വഴിയേതെന്ന് കണ്ടെ

ത്താൻ പലപ്പോഴും അവർക്ക് കഴിയുന്നില്ല. പടിഞ്ഞാറൻ യൂറോപ്യൻരാജ്യങ്ങളിലും അമേരിക്കയിലും മററും പ്രാബല്യത്തിലുള്ള ബൂർഷ്വാജനാധിപത്യത്തെക്കുറിച്ചുള്ള വ്യാമോഹങ്ങൾ അദ്ധ്വാനിക്കുന്ന ജനങ്ങളിൽ പലരിലും ധാരാളം നിലനില്ക്കുന്നുണ്ട്. അവരിലധികംപേരും സോഷ്യലിസത്തിലേക്കുള്ള ഒരെളുപ്പവഴി തിരഞ്ഞുപിടിക്കാൻ ശ്രമിക്കുകയാണ്. വർഗ്ഗസംഘട്ടനങ്ങളോ, സമരമോ ഒന്നും കൂടാതെ, ജീവിതത്തിലിതേവരെ ശീലിച്ചുപോന്ന കീഴ്നടപടികൾക്കൊന്നിനും പെട്ടെന്നൊരു കോട്ടവും തട്ടാത്തവിധത്തിലുള്ള ഒരു പുതിയ വഴിയാണവർ തേടുന്നത്. പരിഷ്കരണവാദികൾ ഈ സന്ദർഭത്തെ ചൂഷണംചെയ്തുകൊണ്ട് സ്വന്തം സിദ്ധാന്തങ്ങളെ അദ്ധ്വാനിക്കുന്ന ജനങ്ങളുടെമേൽ കൗശലപൂർവ്വം വെച്ചുകെട്ടുകയും അങ്ങിനെ അവരുടെ വർഗ്ഗബോധം വളരുന്നതിനെ തടയുകയും ചെയ്യുന്നു.

അടുത്ത ഏതാനും ദശാബ്ദങ്ങളിലായി സോഷ്യൽ ഡെമോക്രാററിക് പാർട്ടികളുടെ സാമൂഹ്യമായ ഘടനയിൽ മാററംവന്നിട്ടുണ്ടെന്നകാര്യവും ഓർമ്മിക്കേണ്ടതുണ്ട്. അവരുടെ അണികളിൽ തൊഴിലാളികൾ കുറഞ്ഞുകുറഞ്ഞുവരികയും ഇടത്തരക്കാരും ഓഫീസുദ്യോഗസ്ഥന്മാരും ബൂർഷ്വാബുദ്ധിജീവികളും കൂടിക്കൂടിവരികയും ചെയ്യുന്നു. ഉദാഹരണത്തിന്, ഫ്രഞ്ചു സോഷ്യലിസ്റ്റ്പാർട്ടിയിൽ തൊഴിലാളികളുടെ എണ്ണം നാലിലൊന്നിൽ കൂടുതലില്ല.

പരിഷ്കരണവാദസിദ്ധാന്തങ്ങൾക്ക് ഭരണവൃത്തങ്ങളുടെ പിൻബലമുണ്ടെന്നതാണ് പ്രധാനകാര്യം. ബൂർഷ്വാസിക്ക് ഈ സിദ്ധാന്തങ്ങളെക്കുറിച്ചു ഭയമില്ല. പലപ്പോഴും അവർ സ്വമേധയാ ഈ സിദ്ധാന്തങ്ങളെ പ്രചരിപ്പിക്കാനനുവദിക്കുകയും സ്വന്തം പത്രപംക്തികളിൽ അവയെ പ്രശംസിക്കുകയും ചെയ്യുന്നു. അതേസമയത്ത് അവർ കമ്മ്യൂണിസ്റ്റ്വീക്ഷണഗതികളുള്ളവരെ ശിക്ഷിക്കുകയും ചെയ്യുന്നു. പരിഷ്കരണവാദത്തിന്റെ പ്രത്യയശാസ്ത്രജ്ഞന്മാരെ ഗവണ്മെൻറുദ്യോഗങ്ങളിൽ കയററിവിടാൻപോലും ഭരണാധികാരികൾ ഭയപ്പെടുന്നില്ല; അതേസമയത്ത് കമ്മ്യൂണിസ്റ്റ്കാരെ അത്തരം ഉദ്യോഗങ്ങളിൽനിന്ന് തരംകിട്ടിയാലുടനെ പിരിച്ചുവിടുകയും ചെയ്യുന്നു. മാത്രമല്ല, ചിലപ്പോഴെല്ലാം സോഷ്യൽ ഡെമോക്രാററുകാർക്ക് തങ്ങളുടെ "സോഷ്യലിസ്റ്റ്" പരീക്ഷണങ്ങൾ നടത്താനും അവർ അനുവാദം നൽകാറുണ്ട്. ഈ പരീക്ഷണങ്ങൾ അവരുടെ വർഗ്ഗമേധാവിത്വത്തിന്റെ അടിത്തറയെ പ്രതികൂലമായി ബാധിക്കുകയില്ലെന്നു മാത്രമല്ല, പലപ്പോഴും അതിനെ ശക്തിപ്പെടുത്തുകയുംചെയ്യും; അതേസമയത്തുതന്നെ ബഹുജനങ്ങൾക്കിടയിലുള്ള പരിഷ്കരണവാദപരമായ വ്യാമോഹങ്ങളുടെ നിലനില്പിനെ ബൂർഷ്വാസി പിന്താങ്ങുന്നു.

പരിഷ്കരണവാദത്തിന്റെ പ്രത്യയശാസ്ത്രത്തെ പരാജയപ്പെടുത്തണമെങ്കിൽ നമ്മുടെ മുദ്രാവാക്യങ്ങൾ വെറുതെയങ്ങിനെ ആവർത്തിച്ചുകൊണ്ടിരുന്നാൽ പോരാ. ക്ഷമയോടുകൂടി ജനങ്ങളെ പറഞ്ഞു ബോദ്ധ്യപ്പെടുത്തുകയും സൗഹാർദ്ദപൂർവ്വം അഭിപ്രായങ്ങൾ കൈമാറുകയും വേണം. സോഷ്യൽഡെമോക്രാററുകാരനായ ഒരു തൊഴിലാളിയുടെനേരെ ജ്ഞാനോപദേശസ്വരമോ അധികാരസ്വരമോ കൈക്കൊള്ളുന്നതും, വിശേഷിച്ച് അയാളുടെ വിശ്വാസപ്രമാണങ്ങളുടെനേരെ അവഗണനയോ പരിഹാസഭാവമോ കാണിക്കുന്നതും അനുവദനീയമല്ല. സോഷ്യലിസ്റ്റ്കാരുമായി നടത്തപ്പെടുന്ന വാദപ്രതിവാദങ്ങൾ തുറന്ന ചർച്ചകളായിരിക്കണം. അല്ലാതെ അസുഖകരമായ പദപ്രയോഗങ്ങളാവരുത്.

കമ്മ്യൂണിസ്റ്റ്കാർ സോഷ്യൽ ഡെമോക്രാററുകാരായ തൊഴിലാളി-ബഹുജനങ്ങൾക്കിടയിൽ പ്രവർത്തിച്ചുകൊണ്ട് പരിഷ്കരണവാദികളുടെ "ജനാധിപത്യസോഷ്യലിസം" തുടങ്ങിയ സിദ്ധാന്തങ്ങൾ തെററാണെന്ന് തുറന്നുകാണിക്കുകയും ചരിത്രപ്രധാനമായ വിജയങ്ങൾ നേടിക്കഴിഞ്ഞിട്ടുള്ള മാർക്സിന്റെയും ലെനിന്റെയും ശാസ്ത്രീയസോഷ്യലിസത്തെക്കുറിച്ച് അവർക്കു മനസ്സിലാക്കിക്കൊടുക്കു

കയും വേണം. പത്രപംക്തികളിലൂടെയുള്ള തുറന്ന ചർച്ചകൾ വഴിയായും സോഷ്യലിസ്റ്റ് പ്രവർത്തകരുമായുള്ള സംഭാഷണങ്ങളിലൂടെയും അവരുടെ കമ്മ്യൂണിസത്തിന്നെതിരായ വിപ്രതിപത്തികളെ മാച്ചുകളയാനും, മാർക്സിസം-ലെനിനിസത്തിന്റെ തത്വങ്ങൾ അദ്ധ്വാനിക്കുന്ന ജനങ്ങളുടെ ജീവൽപ്രധാനങ്ങളായ താല്പര്യങ്ങൾക്ക് യോജിച്ചവയാണെന്ന് അവർക്കു മനസ്സിലാക്കിക്കൊടുക്കാനും കമ്മ്യൂണിസ്റ്റ്കാർക്ക് കഴിയും.

സാമ്രാജ്യത്വബൂർഷ്വാസിയുടെ കിങ്കരന്മാരായിക്കഴിയുന്നവരെ തൊലിയുരിച്ചുകാണിക്കുന്ന അതേ അവസരത്തിൽത്തന്നെ, മുതലാളിത്തം അവസാനിപ്പിക്കാൻവേണ്ടി ആത്മാർത്ഥമായി അത്യദ്ധ്വാനം ചെയ്യുകയും, അദ്ധ്വാനിക്കുന്ന ജനങ്ങളുടെ ജീവിതരീതി നന്നാക്കുന്നതിന്നും, ലോകസമാധാനത്തിന്നും, ജനാധിപത്യത്തിന്നും, സോഷ്യലിസത്തിന്നുംവേണ്ടി പോരാടുകയും ചെയ്യുന്ന എല്ലാ സോഷ്യൽ ഡെമോക്രാറ്റുകാരുമായും സഹകരിക്കാൻ കമ്മ്യൂണിസ്റ്റ്കാർ സന്നദ്ധരാണ്.

7. ട്രേഡ്‌യൂണിയനൈക്യവും തൊഴിലാളിവർഗ്ഗപ്പാർട്ടികൾ തമ്മിലുള്ള രാഷ്ട്രീയൈക്യവും കെട്ടിപ്പടുക്കുന്നതുകൊണ്ടുമാത്രം കുത്തകമുതലാളിത്തവ്യവസ്ഥയെ എതിർത്തു തോല്പിക്കുവാൻ കഴിയുകയില്ല. അവയെ ആസ്പദമാക്കിക്കൊണ്ട് അതിനേക്കാളെത്രയോ വിപുലമായ ഒരു ജനാധിപത്യൈക്യം കെട്ടിപ്പടുക്കുന്നതു് ഒഴിക്കാൻവയ്യാത്ത ഒരാവശ്യമാണ്. എണ്ണത്തിൽ തൊഴിലാളിവർഗ്ഗത്തേക്കാൾ എത്രയോ കൂടുതലുള്ള മററനവധി ജനവിഭാഗങ്ങളെക്കൂടി ഈ ജനാധിപത്യൈക്യത്തിലണിനിരത്താനുള്ള സാഹചര്യമാണ് കുത്തകമുതലാളിത്തത്തിന്റെ പ്രവർത്തനത്തിന്റെ ഫലമായി വളർന്നുവന്നിട്ടുള്ളതു്. "മാർക്സിസം-ലെനിനിസത്തിന്റെ അടിസ്ഥാനതത്വങ്ങൾ" പറയുന്നു:

ജനസംഖ്യയിലെ പലപല അഭിപ്രായഗതിക്കാരായ വിഭാഗങ്ങളും തൊഴിലാളിവർഗ്ഗവും തമ്മിലുള്ള കൂട്ടായ പ്രവർത്തനത്തിന് ഇന്നത്തെപ്പോലെ ഇത്രയധികം അനുകൂലമായ സാഹചര്യങ്ങൾ മുൻപുണ്ടായിട്ടില്ല. പത്താമദ്ധ്യായത്തിൽ കാണിച്ചതുപോലെ മുതലാളിത്തത്തിന്റെ പൊതുകുഴപ്പത്തിന്റെ ഇന്നത്തെ ഘട്ടത്തിൽ അദ്ധ്വാനവും മൂലധനവും തമ്മിലുള്ള സർവ്വപ്രധാനമായ വർഗ്ഗവൈരുദ്ധ്യത്തോടൊപ്പം ഒരുപിടി കുത്തകക്കാരും ജനസംഖ്യയിലെ ശേഷിച്ച ഭൂരിപക്ഷവും തമ്മിലുള്ള വൈരുദ്ധ്യം കൂടുതൽ സ്പഷ്ടമായി വരികയാണ്. ഭരണകൂടത്തെ കൂടുതൽ കൂടുതൽ സ്വന്തം അധീനത്തിലാക്കുകയും മർദ്ദനമുറകൾ വിപുലീകരിക്കുകയും ചെയ്തുകൊണ്ട് അധികമധികം ജനവിഭാഗങ്ങളെ തങ്ങൾക്കെതിരായി കുത്തിപ്പൊക്കുകയാണ് കുത്തകമുതലാളിത്തം ചെയ്യുന്നതു്. കുത്തകമുതലാളിത്തം തൊഴിലാളികളുടേയും കൃഷിക്കാരുടേയും മാത്രമല്ല ഇടത്തരക്കാരുടേയും ചില ബൂർഷ്വാവിഭാഗങ്ങളുടെതന്നെയും താല്പര്യങ്ങളുടെനേരെ കയ്യേററം നടത്തുന്നുണ്ട്. ഈ സാമൂഹ്യവിഭാഗങ്ങളുടെ അടിയന്തിരതാല്പര്യങ്ങൾക്കുപുറമേ രാഷ്ട്രത്തിന്റെ മുഖ്യതാല്പര്യങ്ങൾ പോലും അപകടത്തിലാവുകയാണ്. ജനാധിപത്യവാദികളും, രാജ്യസ്നേഹികളും, ശാന്തിവാദികളുമായ എല്ലാവരും, ചുരുക്കത്തിൽ ജനാധിപത്യത്തിന്റെയും ദേശീയസ്വാതന്ത്ര്യത്തിന്റെയും ആദർശങ്ങളോട് കൂറുപുലർത്തുന്ന എല്ലാ ആളുകളും, കുത്തകക്കാരുടെ പിന്തിരിപ്പൻസ്വേച്ഛാധിപത്യപ്രവണതകളും ഒരു പുതിയ യുദ്ധഭീഷണിയും വളർന്നുവരുന്നതു കണ്ടു് വളരെയധികം അസ്വസ്ഥരായിത്തീർന്നിട്ടുണ്ട്."

ഈ അനുകൂലസാഹചര്യം തികച്ചും ഉപയോഗിക്കുന്നതുസംബന്ധിച്ച് "അടിസ്ഥാനതത്വങ്ങൾ" തുടർന്ന് ഇങ്ങനെ വ്യക്തമാക്കുന്നു:

"കുത്തകമുതലാളികളുടെ മർദ്ദനമുറകൾക്കെതിരായി വ്യത്യസ്തജനവിഭാഗങ്ങളെ ഏകോപിപ്പിക്കാനാവശ്യമായ വസ്തുനിഷ്ഠമായ സാഹചര്യങ്ങൾ പൂർത്തിയായാൽ പിന്നെ ഏററവുമധികം വിപ്ലവകാരിയായ തൊഴിലാളിവർഗ്ഗപ്പാർട്ടിയുടെ പ്രവർത്തനവും, വ്യത്യസ്തരാഷ്ട്രീയ-സാമൂഹ്യസംഘടനകളുമായും പ്രസ്ഥാനങ്ങളുമായും

യോജിപ്പുണ്ടാക്കാനുള്ള കഴിവുമാണ് കേന്ദ്രപ്രാധാന്യമുള്ള കാര്യം. ജനകീയശക്തികളുടെ സമരൈക്യവും സംഘടനാപരമായ ഐക്യവും സ്വമേധയാ വന്നുചേരില്ല.

കമ്മ്യൂണിസത്തിൽനിന്ന് വളരെ അകന്നുനില്ക്കുന്നവരും കമ്മ്യൂണിസ്റ്റ്‌വിരോധം പിടികൂടിയവരുമടങ്ങിയ നാനാവിധത്തിലുള്ള സാമൂഹ്യശക്തികൾ തമ്മിൽ സഹകരണം സ്ഥാപിക്കുകയെന്നതു് സങ്കീർണ്ണമായ ഒരു ജോലിയാണ്. അതിന് ക്ഷമയും സാമർത്ഥ്യവും ആവശ്യമാണ്. ഇക്കാര്യത്തിൽ പിന്തിരിപ്പൻശക്തികളുടെ കുത്തിത്തിരിപ്പുകളെയും, ബൂർഷ്വാ-പെററിബൂർഷ്വാ ഗ്രൂപ്പുകളുടെ ചാഞ്ചാട്ടങ്ങളേയും പ്രസ്ഥാനത്തെ മുഴുവൻ സ്വന്തം താല്പര്യങ്ങൾക്കടിമപ്പെടുത്താനുള്ള അവരുടെ ശ്രമങ്ങളേയും എല്ലാം നേരിടേണ്ടതുണ്ട്.

ജനാധിപത്യശക്തികൾക്കിടയിൽ പ്രവർത്തനൈക്യം നേടുന്നകാര്യത്തിൽ താഴെപ്പറയുന്ന ഘടകങ്ങൾ ഏററവുമധികം പ്രാധാന്യമർഹിക്കുന്നുണ്ടെന്ന് വ്യത്യസ്തരാജ്യങ്ങളിലെ അനുഭവം തെളിയിക്കുന്നു.

അത്തരമൊരു പ്രവർത്തനൈക്യം നേടുന്നതിനുള്ള ഒന്നാമത്തെ ഉറപ്പ് <u>സുശക്തവും ഏകീകൃതവുമായ ഒരു തൊഴിലാളിപ്രസ്ഥാനമാണ്.</u> സമാധാനത്തിനും ജനാധിപത്യത്തിനുംവേണ്ടി ഇന്നു പോരാടുന്ന എല്ലാം ആളുകളും ശരിയായ അർത്ഥത്തിൽ തൊഴിലാളിവർഗ്ഗത്തിന്റെ <u>സഖ്യശക്തികളല്ല.</u> സമാധാനത്തിനും ജനാധിപത്യത്തിനുംവേണ്ടിയുള്ള സമരത്തിൽ അവർ പങ്കെടുക്കുന്നുണ്ടെന്നതു് ശരിതന്നെ. പക്ഷേ, കമ്മ്യൂണിസ്റ്റ്കാരുമായുള്ള സ്ഥിരമായ സഹകരണത്തിന്റെ പ്രശ്നം വരുമ്പോൾ അവർ ചാഞ്ചാടാൻതുടങ്ങുകയും വളരെ എളുപ്പത്തിൽ ഔദ്യോഗികപ്രചരണങ്ങൾക്കിരയായിത്തീരുകയുംചെയ്യുന്നു.

ഇത്തരം സാമൂഹ്യശക്തികളുമായി പ്രവർത്തനൈക്യം സ്ഥാപിക്കാൻ പ്രചരണവും പ്രക്ഷോഭവും മാത്രം മതിയാവില്ല. ഒന്നാമതായി ജനങ്ങളുടെ അവസാനവിജയത്തിൽ എല്ലാ ദേശീയജനാധിപത്യവിഭാഗങ്ങൾക്കും ഉറച്ച വിശ്വാസമുളവാകത്തവണ്ണം തൊഴിലാളിവർഗ്ഗപ്രസ്ഥാനം അത്രയധികം സുശക്തവും സുസംഘടിതവുമായിരിക്കണം. രണ്ടാമതായി മററു സാമൂഹ്യവിഭാഗങ്ങളുടെയും വർഗ്ഗങ്ങളുടേയും ന്യായവും നീതിയുക്തവുമായ താല്പര്യങ്ങളെ സ്വന്തം താല്പര്യങ്ങളെയെന്നപോലെ കാത്തുസൂക്ഷിക്കുന്നുണ്ടെങ്കിൽ മാത്രമേ അവരുടെ വിശ്വാസവും പിന്തുണയും നേടാൻ തൊഴിലാളിവർഗ്ഗത്തിന് സാധിക്കൂ.

ഇതിന് തൊഴിലാളിവർഗ്ഗത്തിന്റെ പാർട്ടിക്ക് പല മാർഗ്ഗങ്ങളുമുണ്ട്. പാർലിമെന്റിൽ കൂലിക്കാർ, കൈവേലക്കാർ, ശില്പികൾ, ചെറുകിടകച്ചവടക്കാർ തുടങ്ങിയവർക്കനുകൂലമായ പരിഷ്കാരങ്ങൾക്കും നേട്ടങ്ങൾക്കുംവേണ്ടി അവർ വാദിക്കുന്നു. കർഷകരുടെയും റിപ്പബ്ലിക്കൻകാരുടെയും, റാഡിക്കൽകക്ഷിക്കാരുടേയും മററു ജനാധിപത്യവാദികളുടേയും പാർട്ടികളുടെ അടിയന്തിരാവശ്യങ്ങളെപ്പററി അവർ സൂക്ഷ്മം പഠിക്കുകയും അദ്ധ്വാനിക്കുന്ന ജനങ്ങളുടെ താല്പര്യങ്ങൾക്കനുയോജ്യമായ ആവശ്യങ്ങൾക്ക് പിന്തുണനല്കുകയുംചെയ്യുന്നു. അദ്ധ്വാനിക്കുന്നവരുടെ ആശയാഭിലാഷങ്ങൾക്കു യോജിച്ചതും അവരുടെ ജീവിതരീതി നന്നാക്കാനുദ്ദേശിക്കപ്പെട്ടതുമായ ഏതു നിർദ്ദേശത്തേയും—അതു് മുന്നോട്ടുവച്ച ആൾ കർഷകനേതാവോ, ഡെമോക്രാററിക്ക്പാർട്ടിനേതാവോ, പസിഫിസ്റ്റ് (ശാന്തിവാദി)നേതാവോ ആരായിരുന്നാലും ശരി—കമ്മ്യൂണിസ്റ്റ്പാർട്ടി പിന്താങ്ങും.

അദ്ധ്വാനിക്കുന്ന എല്ലാം ആളുകളുമായും സൗഹാർദ്ദബന്ധങ്ങളുറപ്പിച്ചുകൊണ്ടും അവരുടെ താല്പര്യങ്ങൾക്കുവേണ്ടി ഏററവുമധികം വീറോടെ അചഞ്ചലമായി വാദിക്കുന്നവരെന്ന സൽപ്പേര് സമ്പാദിച്ചുകൊണ്ടും തൊഴിലാളിവർഗ്ഗം പിന്തിരിപ്പൻബൂർഷ്വാസിക്കെതിരായ സമരത്തിൽ വിജയം സുനിശ്ചിതമാക്കുന്നു.

## സഹകരണത്തിന്നുള്ള ശരിയായ രംഗം തെരഞ്ഞെടുക്കൽ

തൊഴിലാളിവർഗ്ഗത്തിന്റെ വിപ്ലവപ്പാർട്ടിക്ക് അവരുടെ സഖ്യശക്തികളോട് തങ്ങളുടെ സ്വന്തം നിബന്ധനകളിന്മേൽ സഹകരിക്കണമെന്നാവശ്യപ്പെടാൻവയ്യ. തൊഴിലാളിവർഗ്ഗത്തിന്റെ ആവശ്യകതകളെയും പ്രത്യേകതാല്പര്യങ്ങളേയും നിമിഷനേരത്തേയ്ക്കെങ്കിലും കൈവെടിയാതെ, അവയെ അങ്ങേയററം തൃപ്തിപ്പെടുത്താൻ പരിശ്രമിച്ചുകൊണ്ടുതന്നെ, സഖ്യശക്തികളാവാൻ സാദ്ധ്യതയുള്ള വിഭാഗങ്ങൾക്കുകൂടി സ്വീകാര്യമായ പൊതുവിലുള്ള ആവശ്യങ്ങളാവിഷ്കരിക്കാൻ പാർട്ടി പരിശ്രമിക്കുന്നു. കുത്തകകളുടെ മർദ്ദനങ്ങളെ ചെറുക്കുകയെന്നതു് മററു സാമൂഹ്യശക്തികൾക്കും താല്പര്യമുള്ള കാര്യമായതുകൊണ്ട് പൊതുവിലുള്ള ആവശ്യങ്ങൾ കണ്ടെത്താൻ താരതമ്യേന എളുപ്പമാണ്. പക്ഷേ ഇക്കാര്യത്തിലും എല്ലാ ജനങ്ങളിലും ഒററയടിക്ക് യോജിപ്പു കൈവരുത്തുക സാദ്ധ്യമല്ല എന്ന് അനുഭവങ്ങൾ തെളിയിക്കുന്നു. യോജിച്ച പ്രവർത്തനത്തിനുള്ള പരിപാടി ഭാഗികപ്രശ്നങ്ങളിന്മേൽനിന്നു തുടങ്ങി ക്രമാനുഗതമായി സാവകാശത്തിൽ മാത്രമേ ആവിഷ്കരിക്കാനാവൂ—സഹകരിക്കുന്ന ഓരോ പാർട്ടിക്കും മററു് പാർട്ടികളുടെ ഉദ്ദേശശുദ്ധിയെക്കുറിച്ച് ബോദ്ധ്യമാവാനും പരസ്പരവിശ്വാസം നേടാനും ഇതു് സഹായിക്കും. പരസ്പരവിശ്വാസം അത്യന്താപേക്ഷിതമാണ്. അതില്ലാതെ യാതൊരുവിധ ഐക്യമുന്നണിക്കും നിലനില്ക്കാനാവില്ല.

## വിട്ടുവീഴ്ചകൾചെയ്യാനും സൗജന്യങ്ങളനുവദിച്ചുകൊടുക്കാനുമുള്ള കഴിവ്

വിഭിന്നവർഗ്ഗശക്തികൾ തമ്മിൽ സഹകരണം സംഘടിപ്പിക്കാനാഗ്രഹിക്കുന്ന ഒരു തൊഴിലാളിവർഗ്ഗപ്പാർട്ടിയെ സംബന്ധിച്ചേടത്തോളം വളരെ പ്രാധാന്യമേറിയ ഒരു ഗുണമാണിതു്. തൊഴിലാളിവർഗ്ഗത്തിന്റെ വർഗ്ഗബോധമുള്ള മുന്നണിപ്പടയ്ക്കു് ഈ കഴിവു് ഒഴിച്ചുകൂടാൻവയ്യാത്ത ഒരാവശ്യകതയാണെന്നു് ലെനിൻ മനസ്സിലാക്കിയിരുന്നു. ഈ ഗുണമില്ലാത്തപക്ഷം അദ്ധ്വാനിക്കുന്ന ജനങ്ങളുടെ വിവിധസംഘടനകളുമായോ, അനിവാര്യമായും ചാഞ്ചാടുകയും അസ്ഥിരതകാണിക്കുകയുംചെയ്യുന്ന ഇടത്തരക്കാരുമായോ ഒരു സഖ്യമുണ്ടാക്കുക സാദ്ധ്യമേയല്ലെന്നു് അദ്ദേഹം പറഞ്ഞു. അദ്ദേഹം എഴുതുന്നു: "ഇതു് മനസ്സിലാക്കാൻ സാധിക്കാത്തവർക്ക് മാർക്സിസം-ലെനിനിസത്തിന്റെയോ പൊതുവിൽ ശാസ്ത്രീയമായ ആധുനികസോഷ്യലിസത്തിന്റെയോ ഒരു കണികപോലും മനസ്സിലാക്കാൻ കഴിയില്ല."

മാർക്സിസ്റ്റ് പ്രത്യയശാസ്ത്രത്തിൽനിന്നുദിക്കുന്ന ഏതെങ്കിലും തത്വങ്ങളെ ബലികഴിക്കാതെതന്നെ തൊഴിലാളിവർഗ്ഗത്തിന്റെ വിപ്ലവപ്പാർട്ടി ഐക്യമുന്നണിയിൽ ചേരുന്ന മററു സാമൂഹ്യ-രാഷ്ട്രീയശക്തികളുടെ നീതിപൂർവ്വകമായ താല്പര്യങ്ങൾ കണക്കിലെടുക്കുകയും ചുററുപാടുകളോട് ഇണങ്ങാനുള്ള കഴിവു പ്രദർശിപ്പിക്കുകയും ചെയ്യുന്നു. വിട്ടുവീഴ്ചകളും സൗജന്യങ്ങളുമെല്ലാം തൊഴിലാളിവർഗ്ഗത്തിന്റെ മുന്നണിപ്പടയുടെ വർഗ്ഗബോധത്തിന്റെ പൊതുനിലവാരത്തെ താഴ്ത്തുന്നതിനു പകരം ഉയർത്തുകയും, സമരംനടത്താനും വിജയിക്കാനുമുള്ള കഴിവു് വർദ്ധിപ്പിക്കുകയുംചെയ്യണമെന്നതു മാത്രമാണ് പ്രധാനമെന്നു ലെനിൻ നിർദ്ദേശിച്ചു.

പ്രായോഗികമായി ഇതെങ്ങനെയിരിക്കും? മുതലാളിത്തത്തെ തള്ളിമാററി പകരം നിലവിൽവരുന്ന പുതിയ സാമൂഹ്യക്രമത്തിന്റെ കാതലായ ഒരു തത്വം—അതായതു് സോഷ്യലിസത്തിന്റെ ഏററവും പ്രധാനതത്വങ്ങളിലൊന്നു്—സ്വകാ

ശ്യു ഉടമസ്ഥതയിലുള്ള മുതലാളിത്തവ്യവസായങ്ങൾ ദേശസാല്ക്കരിക്കണമെന്നതാണ്. എന്നാൽ, ഈ തത്വം പ്രായോഗികമായി പലവഴിക്കും നിർവ്വഹിക്കാം. മുതലാളികളുടെ പക്കൽനിന്ന് അവർ ചൂഷണംചെയ്തു സമ്പാദിച്ച സ്വത്ത് മുഴുവൻ പിടിച്ചെടുക്കാനുള്ള അവകാശം വിജയിയായ തൊഴിലാളിവർഗ്ഗത്തിനുണ്ടെങ്കിലും, കുത്തകക്കാർക്കെതിരായ സമരത്തിൽ ബൂർഷ്വാസിയിലെ ചില വിഭാഗങ്ങൾ ചെയ്തുകൊടുത്ത സഹായസഹകരണങ്ങളെ മാനിച്ചുകൊണ്ട് ഇക്കാര്യത്തിൽ ചില വിട്ടുവീഴ്ചകൾ ചെയ്യുമെന്നുവരും. വിപ്ലവത്തിനുശേഷം ഇടത്തരം ബൂർഷ്വാസിക്ക് അവരുടെ സ്വത്തുക്കൾ തുടർന്ന് കൈവശംവെയ്ക്കാൻ അനുവാദം കൊടുത്തേയ്ക്കും. ഒരു ജനകീയഭരണക്രമം ഇടത്തരം ബൂർഷ്വാസിയെ പലവിധത്തിലും (കടങ്ങൾ, അസംസ്കൃതപദാർത്ഥങ്ങൾ, നികുതിയിളവുകൾ, ഉറച്ച ഒരു മാർക്കറ്റ് തുടങ്ങിയവവഴി) സഹായിച്ചേക്കാനും ഇടയുണ്ട്. പിന്നീട്, ദേശീയസമ്പദ്‌വ്യവസ്ഥയുടെ മുഴുവൻ ദേശസാല്ക്കരണവും പൂർത്തിയാക്കുന്ന പ്രശ്നമുത്ഭവിക്കുമ്പോൾ ഉടമസ്ഥന്മാരുടെ നീതിപൂർവ്വകമായ താല്പര്യങ്ങൾ കണക്കിലെടുത്തുകൊണ്ട് സാവകാശത്തിൽ സമാധാനപൂർവ്വമായിത്തന്നെ, ഉദാഹരണത്തിന്, ഉല്പാദനോപാധികൾ അവരുടെ പക്കൽനിന്ന് നഷ്ടപരിഹാരം കൊടുത്തു വാങ്ങിയിട്ടോ മറ്റോ, സ്റ്റേറ്റ് ഇതു നിർവ്വഹിച്ചേക്കും.

കമ്മ്യൂണിസ്റ്റ്കാർ സഹകരണം നിർദ്ദേശിക്കുന്നതു വളരെ ആത്മാർത്ഥമായിത്തന്നെയാണെന്ന് ഇതു വീണ്ടും തെളിയിക്കുന്നു.

പൂർത്തിയാക്കാനാവാത്ത യാതൊരു വാഗ്ദാനവും അവർ നൽകുന്നില്ല. തൊഴിലാളിവർഗ്ഗത്തിൻെറ വിജയത്തിനുശേഷം തങ്ങളുടെ സഖ്യശക്തികൾക്കു നൽകാൻ കഴിയുമെന്നുറപ്പുള്ള കാര്യങ്ങൾമാത്രമേ അവർ ഐക്യമുന്നണിയുടെ പരിപാടിയിലുൾക്കൊള്ളിക്കുന്നുള്ളു. അവരുടെ വിട്ടുവീഴ്ചകളും ഒത്തുതീർപ്പുകളുമെല്ലാം ഒരു നിശ്ചിതാടിസ്ഥാനത്തിൽ മാത്രമാണ്. ഈ അടിസ്ഥാനമാകട്ടെ, ഒരു ജനാധിപത്യമുന്നണിയിൽ സഖ്യശക്തികളോടൊരുമിച്ചുകൊണ്ട് സോഷ്യലിസം കെട്ടിപ്പടുക്കാമെന്ന കാഴ്ചപ്പാടിന്നനുസരിച്ച ഒന്നാണുതാനും. കമ്മ്യൂണിസ്റ്റ്കാരുടെ ഈ മാർഗ്ഗം ജനാധിപത്യൈക്യമെന്ന നയത്തിൻെറ വിജയത്തിന് വളരെ അത്യാവശ്യവുമാണ്.

രാഷ്ട്രീയരംഗത്തിൽ അയവു പ്രകടിപ്പിക്കുന്ന അതേസമയത്തുതന്നെ കമ്മ്യൂണിസ്റ്റ്പാർട്ടികൾ പൊതുദേശീയപ്രസ്ഥാനത്തിൽ ചെന്നു ലയിക്കാനും അങ്ങിനെ തങ്ങളുടെ സ്വതന്ത്രമായ നിലനില്പ് നഷ്ടപ്പെടുത്താനും, ഒടുവിൽ ജനാധിപത്യശക്തികളുടെ ഐക്യംപോലും ശിഥിലമാക്കാനും ഇടവരുത്തുന്ന തത്വവിരുദ്ധമായ ഇടപാടുകളിൽ ഏർപ്പെടാൻ തയ്യാറാകുന്ന തിരുത്തൽവാദികളെ ഉറച്ചുനിന്ന് എതിർക്കുന്നതാണ്.

രാഷ്ട്രീയമായ ഒരു യോജിപ്പിലെത്തിക്കഴിഞ്ഞാൽ പിന്നെ തൊഴിലാളിവർഗ്ഗപ്പാർട്ടി അടിയന്തിരമായും ആ യോജിപ്പിനെ സംഘടനാപരമായി ഉറപ്പിക്കാൻ ശ്രമിക്കുന്നു. ഐക്യമുന്നണി ഒരു വമ്പിച്ച ശക്തിയായിത്തീരുന്നതു് അതിലെ സഖ്യശക്തികൾ തങ്ങളുടെ ലക്ഷ്യങ്ങളിൽ ഐക്യം പ്രഖ്യാപിച്ചുകൊണ്ട് അടങ്ങിയൊതുങ്ങിയിരിക്കാതെ ഒരു യോജിച്ച സംഘടന (ദേശീയമുന്നണി, ദേശീയ ജനാധിപത്യൈക്യമുന്നണി തുടങ്ങിയവപോലുള്ള ഏതെങ്കിലും സംഘടന) കെട്ടിപ്പടുക്കാനും ആ സംഘടനയുടെ ചട്ടക്കൂട്ടിനുള്ളിൽനിന്നുകൊണ്ട് യോജിച്ചു പ്രവർത്തിക്കാനും തീരുമാനിച്ചൊരുങ്ങുമ്പോൾ മാത്രമാണ്. ഇതിന്ന് യോജിച്ച നയം കൂട്ടായി നടപ്പിൽവരുത്താനും കൂട്ടായി അംഗീകരിച്ച തീരുമാനങ്ങളെ ഐക്യമുന്നണിയിൽ സഹകരിക്കുന്ന എല്ലാ പാർട്ടികളും അനുസരിക്കുമെന്നതിനുള്ള ഒരുറപ്പുണ്ടാക്കാനും വേണ്ടി എല്ലാ ശക്തികളേയും കൂട്ടിയിണക്കി പ്രവർത്തിക്കുന്ന ഒരു സംഘടന അത്യാവശ്യമാണ്. എന്നാൽ, ഇതോടുകൂടി ഐക്യമുന്നണിയിൽ പങ്കുകൊള്ളുന്ന പാർട്ടി

കളുടെയും സ്ഥാപനങ്ങളുടേയും രാഷ്ട്രീയവും സംഘടനാപരവുമായ സ്വാതന്ത്ര്യം അവസാനിക്കുന്നില്ല.

നിസ്വാത്ഥവും സജീവവുമായ സമരങ്ങൾ, രാഷ്ട്രീയലൈൻ ശരിയായിരിക്കൽ, ഓരോ സന്ദർഭത്തിലും സ്ഥിതിഗതികളെ കൃത്യമായി വിലയിരുത്താനും ബഹുജനങ്ങൾക്ക് എളുപ്പത്തിൽ മനസ്സിലാവുന്ന മുദ്രാവാക്യങ്ങൾ മുമ്പോട്ടുവയ്ക്കാനുമുള്ള കഴിവ്—ഇതൊക്കെയാണ് ഒരു തൊഴിലാളിവർഗ്ഗ-മാർക്സിസ്റ്റ്പാർട്ടിയെ ജനാധിപത്യച്ചേരിയുടെ മുന്നണിപ്പടയാക്കിത്തീർക്കുന്നത്. ചുരുക്കിപ്പറഞ്ഞാൽ, ഒരു തൊഴിലാളിവർഗ്ഗപ്പാർട്ടിക്ക് നേതൃത്വംവഹിക്കാനുള്ള സ്വാധീനശക്തി ലഭിക്കുന്നതു് പുറമേനിന്നുള്ള സമ്മർദ്ദത്തിന്റേയോ അനുശാസനങ്ങളുടേയോ ഫലമായിട്ടല്ല. മറിച്ച്, അതിന്റെതന്നെ രാഷ്ട്രീയപ്രവത്തനങ്ങളുടെ ഫലമായിട്ടാണ്. പാർട്ടി ഒരു ശരിയായ നയം പിന്തുടൻകൊണ്ടിരുന്നാൽ ജനങ്ങളൊന്നടങ്കം അതിന്റെ ശബ്ദം ശ്രദ്ധിക്കാൻതുടങ്ങും; അങ്ങനെ അതിന്റെ അന്തസ്സ് വളരെവേഗം വദ്ധിക്കും. മററ് രാഷ്ട്രീയപ്പാർട്ടികളും ഗ്രൂപ്പുകളും അതിന്റെ നേതൃത്വപരമായ സ്വാധീനശക്തിയെ സ്വമേധയാ സമ്മതിച്ചുകൊടുക്കും. അങ്ങനെ ഐക്യമുന്നണിയുടെ നയം ആവിഷ്കരിക്കുന്നതിൽ അതിന്റെ അഭിപ്രായം നിർണ്ണായകമായിത്തീരുകയുംചെയ്യും.

ജനാധിപത്യച്ചേരിയുടെ വിജയത്തിനുശേഷം ബൂർഷ്വാപാർട്ടികളുടെ വലതുപക്ഷം അടിയന്തിരമായ സാമൂഹ്യപരിഷ്കരണങ്ങൾ നടപ്പിൽവരുത്തുന്നതിനെ തടയാൻവേണ്ടി തൊഴിലാളിവർഗ്ഗപ്പാർട്ടിയെ നേതൃത്വത്തിൽനിന്നു തള്ളിമാററാൻ ശ്രമിച്ചേയ്ക്കുമെന്ന് ജനകീയജനാധിത്യനാടുകളിലെ അനുഭവങ്ങൾ പറയുന്നു. മാർക്സിസ്റ്റ്തൊഴിലാളിപ്പാർട്ടി ബൂർഷ്വാഡെമോക്രാററിക്ക്പാർട്ടികളിലെ ഭൂരിപക്ഷം അംഗങ്ങളുടെ അനുഭാവം ഒരിക്കൽ സമ്പാദിച്ചുകഴിഞ്ഞാൽ, പിന്നെ, അവരുടെയിടയിലെ വലതുപക്ഷനേതാക്കന്മാരെ ഒററപ്പെടുത്താനും ജനാധിപത്യച്ചേരിയുടെ ഐക്യം ദൃഢമായി ഉറപ്പിക്കാനും, മൗലികമായ സാമൂഹ്യപരിവത്തനത്തിന്റെ പാതയിലൂടെ പ്രയാണമാരംഭിക്കാനും അതിനു് സാധിക്കുമെന്നും പ്രസ്തുത നാടുകളിലെ അനുഭവങ്ങൾതന്നെ തെളിയിക്കുന്നുണ്ട്.

ജനാധിപത്യച്ചേരിയിൽ മാർക്സിസ്റ്റ്പാർട്ടിക്ക് നേതൃത്വമുണ്ടായതുകൊണ്ട് അതിനു് അനുശാസനകളോ കല്പനകളോ നൽകാൻ അധികാരമുണ്ടെന്നത്ഥമില്ല. അതിനു് ഭൂരിപക്ഷമുള്ളപ്പോൾപോലും സ്വന്തം തീരുമാനങ്ങളെ മററുള്ളവരുടെമേൽ അടിച്ചേല്പിക്കാതെ കായ്യങ്ങൾ വിശദീകരിച്ചു ബോദ്ധ്യമാക്കിക്കൊടുത്തുകൊണ്ട് ഏകകണ്ഠമായ സമ്മതം നേടാൻ അതു് പരിശ്രമിക്കുന്നു. പാർട്ടി അതിന്റെ സഖ്യശക്തികളുടെ നീതിയുക്തമായ താല്പര്യങ്ങളെ ഗൗനിക്കാതെ തന്നിഷ്ടംപോലെ പ്രവത്തിക്കുന്നപക്ഷം, അതിനു് സഖ്യശക്തികളെ നഷ്ടപ്പെടേണ്ടതായിവരും. അതു് ഒററപ്പെട്ടുപോവുകയും അങ്ങനെ ജനാധിപത്യച്ചേരിയുടെ ലക്ഷ്യം നിറവേററുന്നതിൽ പരാജയപ്പെടുകയുംചെയ്യും. പിന്തിരിപ്പൻപ്രചാരവേലക്കാർ ഊന്നിപ്പറയുന്നതുപോലെ ജനാധിപത്യമുന്നണിയിലെ സ്വന്തം കൂട്ടുകാരെ താല്ക്കാലികമായി ഉപയോഗപ്പെടുത്തിയശേഷം പിന്നീടു് അവഗണിക്കുന്ന സമ്പ്രദായത്തിൽ കമ്മ്യൂണിസ്റ്റ്കാർക്കു് താല്പര്യമില്ല. നേരേമറിച്ച്, എല്ലാ ജനാധിപത്യപരമായ പ്രശ്നങ്ങൾക്കും യഥാത്ഥമായ പരിഹാരം കാണുവാനും, ഭൂരിപക്ഷം ജനവിഭാഗങ്ങളുടേയും ന്യായമായ ആവശ്യങ്ങൾ കഴിയുന്നത്ര ഭംഗിയായി നേടിയെടുക്കാനും—ഇതു് വാസ്തവത്തിൽ സോഷ്യലിസ്റ്റ്വ്യവസ്ഥിതിയിലേ സാദ്ധ്യമാവൂ—വേണ്ടി അവരുടെ കൂടെത്തന്നെ മുമ്പോട്ടുപോകാനാണ് കമ്മ്യൂണിസ്റ്റ്കാരാഗ്രഹിക്കുന്നതു്. ജനാധിപത്യച്ചേരികളുള്ളിൽ പാർട്ടിപ്രവത്തനത്തിന്റെ ഏററവും ശരിയായ പ്രവത്തനരീതി കായ്യങ്ങൾ പറഞ്ഞു് ബോദ്ധ്യപ്പെടുത്തിക്കൊടുക്കലാണ്. പാർട്ടിക്കു് കൂട്ടുകാരുടെ ചാഞ്ചാട്ടങ്ങളേയോ അസ്ഥിരതയേയോ വിമർശിക്കാൻപാടില്ലെന്നു് ഇതിന്നത്ഥമില്ല; അണികൾക്കിടയിൽ പ്രകടമാംവിധം ഐക്യത്തിന്റെ ശത്രുക്കളായി പ്രവത്തിക്കുന്നവക്കെതിരായി ഉറച്ച സമരം നടത്തരുതെന്നർത്ഥമില്ല.

പെററിബൂർഷ്വാജനവിഭാഗങ്ങളുടെ എല്ലാ ആവശ്യങ്ങളേയും പാർട്ടി പിന്താങ്ങുകയില്ലെന്ന വസ്തുതയേയും കമ്മ്യൂണിസ്റ്റ്കാർ മറച്ചുവെയ്ക്കുന്നില്ല. തൊഴിലാളിവർഗ്ഗത്തിന്ന് പ്രസ്തുത ജനവിഭാഗങ്ങളുമായി പൊതുവിൽ ചില താല്പര്യങ്ങളുണ്ടെങ്കിലും അതേസമയത്തുതന്നെ അവയ്ക്കു തമ്മിൽ പല വ്യത്യാസങ്ങളുമുണ്ട്. കമ്മ്യൂണിസ്റ്റ്കാർ ഇതു് മുൻകൂട്ടി കാണുകയും, ആവശ്യംവരുമ്പോൾ, തൊഴിലാളിവർഗ്ഗത്തിന്ന് സ്വീകാര്യമല്ലാത്ത ഈ പ്രത്യേകാവശ്യങ്ങളെക്കുറിച്ചുള്ള സ്വന്തം നിലപാടെന്തെന്ന് ഉറച്ചു പ്രഖ്യാപിക്കുകയുംചെയ്യുന്നു. വിട്ടുവീഴ്ചകളിലൂടെയല്ല ഐക്യം സമ്പാദിക്കുന്നതു്. മറിച്ച് തൊഴിലാളിവർഗ്ഗത്തിന്റെ സഖ്യശക്തികളുടെ ന്യായമായ ആവശ്യങ്ങളെ അചഞ്ചലമായി പിന്താങ്ങുകയും, അതേസമയത്തുതന്നെ സഖ്യശക്തികളുടെ ചാഞ്ചാട്ടങ്ങൾക്കെതിരായി—അതായതു് ജനകീയഐക്യമുന്നണിയുടെ പൊതുലക്ഷ്യങ്ങളെ അപകടപ്പെടുത്തുന്ന ചാഞ്ചാട്ടങ്ങൾക്കെതിരായി—സമരം നടത്തുകയുംചെയ്തുകൊണ്ടാണ് ഐക്യം സമ്പാദിക്കുന്നതു്.

വിഭാഗീയവാദത്തിനും (Sectarianism) വലതുപക്ഷ അവസരവാദത്തിനുമെതിരായി ഉറച്ചുനിന്നു പോരാടാത്തപക്ഷം ജനാധിപത്യൈക്യമെന്ന നയം നടപ്പിലാക്കുക സാദ്ധ്യമല്ല. വിപുലമായ ഒരൈക്യമുന്നണി സൃഷ്ടിക്കുന്നഅവസരത്തിൽ ഇടതുപക്ഷവിഭാഗീയവാദികൾ വിശേഷിച്ചും ആപല്ക്കാരികളായിരിക്കും; കാരണം അവർ മററു ജനവിഭാഗങ്ങളുടെ ന്യായമായ താല്പര്യങ്ങളെ ഗൗനിക്കാനിഷ്ടപ്പെടാത്തതുകൊണ്ട് തൊഴിലാളിവർഗ്ഗത്തിന്റെ ഏററവും നല്ല സഖ്യശക്തികളെപ്പോലും ശത്രുക്കളാക്കിമാററും. എന്നാൽ, ഐക്യമുന്നണി രൂപീകരിച്ചുകഴിഞ്ഞാൽ പിന്നെ വലതുപക്ഷഅവസരവാദവും മറെറാരുവിധത്തിൽ ആപല്ക്കരമായിത്തീരും; കാരണം, അതു് ബൂർഷ്വാസിയിൽപ്പെട്ട സഖ്യശക്തികളുടെ ആവശ്യങ്ങൾക്ക് പൂർണ്ണമായി വഴങ്ങിക്കൊടുത്തുകൊണ്ട് തൊഴിലാളിവർഗ്ഗവിപ്ലവപ്പാർട്ടിയുടെ സ്വതന്ത്രമായ നിലനില്പ് ദുർബലപ്പെടുത്തുകയും അങ്ങനെ ബൂർഷ്വാദേശീയതത്തിന്റെ നിലപാടിലേയ്ക്കു് വഴുതിവീഴാനിടവരുത്തുകയുംചെയ്യും.

പശ്ചിമയൂറോപ്യൻനാടുകളിൽ വിശേഷിച്ചും ജനാധിപത്യൈക്യമെന്ന നയം നടപ്പിലാക്കുന്ന പണി വളരെയധികം വിഷമകരമാണ്. കാരണം അവിടെ കമ്മ്യൂണിസ്റ്റ്‌വിരോധം ഇപ്പോഴും ശക്തിയായി നിലനില്ക്കുന്നുണ്ട്. പോരാത്തതിന് പശ്ചിമയൂറോപ്യൻബൂർഷ്വാസിയെപ്പോലെ വളരെയധികം കൗശലവും തഴക്കവും ഉള്ള ഒരെതിരാളിയെയാണ് തൊഴിലാളിവർഗ്ഗത്തിന്ന് നേരിടാനുള്ളതു്. ഈ രാജ്യങ്ങളിൽ ഏററവുമധികം "ജനാധിപത്യ"പരവും "സമാധാനപരവു"മായ പദപ്രയോഗങ്ങൾകൊണ്ട് ബഹുജനങ്ങളെ വഞ്ചിക്കുന്നതിൽ പ്രാവീണ്യംനേടിയ കാപട്യം നിറഞ്ഞ നിരവധി ബൂർഷ്വാപ്പാർട്ടികൾ കമ്മ്യൂണിസ്റ്റ്‌പാർട്ടിയെ എതിർക്കുന്നുണ്ട്. ഇങ്ങനെയൊക്കെയാണെങ്കിൽപോലും ഭരണത്തിലിരിക്കുന്ന മുതലാളിത്തകുത്തകകൾക്കെതിരായി ദേശവ്യാപകവും സുശക്തവുമായ ഒരു ജനാധിപത്യമുന്നണി കെട്ടിപ്പടുക്കാൻ കമ്മ്യൂണിസ്റ്റ്‌പാർട്ടികൾ നിരന്തരം പരിശ്രമിച്ചുകൊണ്ടിരിക്കുകയാണ്. ഈ ജനാധിപത്യമുന്നണി യുദ്ധത്തിലേയ്ക്കും ഫാസിസത്തിലേയ്ക്കുമുള്ള മാർഗ്ഗം തടയുകയും സാമൂഹ്യപുരോഗതിയിലേയ്ക്കുള്ള മാർഗ്ഗം തുറക്കുകയുംചെയ്യും.

8. ഈ ജനാധിപത്യൈക്യത്തിന്റെ ജീവനായിനില്ക്കുന്നതു് തൊഴിലാളിവർഗ്ഗവും കൃഷിക്കാരും തമ്മിലുള്ള ഐക്യമാണ്. ഈ ഐക്യം കെട്ടിപ്പടുക്കുന്നതിനനുകൂലമായ സാഹചര്യമുണ്ടാവുന്നതു് താഴെ പറയുന്ന കാരണങ്ങളാലാണ്:

— ചരിത്രത്തിന്റെ ഒരു ദശാഘട്ടത്തിൽ ഫ്യൂഡൽസാമൂഹ്യവ്യവസ്ഥയ്ക്കെതിരായ സമരത്തിൽ ബൂർഷ്വാസി മുൻനിന്നിരുന്നു. ആ വ്യവസ്ഥയെ തകർത്തുനശിപ്പിക്കുകയെന്ന വിപ്ലവകരമായ കടമ അന്ന് ബൂർഷ്വാസി നിറവേററിയിരുന്നു. ഇന്നാകട്ടെ, അതുചെയ്യാൻ ബൂർഷ്വാസിക്കു കഴിവോ സന്നദ്ധതയോ

ഇല്ല. സ്വന്തം വർഗ്ഗതാല്പര്യങ്ങൾക്കനുഗുണമായ ചില "പരിഷ്കാര"ങ്ങൾ വരുത്തുക; അതു് ഫ്യൂഡൽമേധാവികളുമായി ഒരു ഒത്തുതീർപ്പുണ്ടാക്കിയിട്ടു് — ഇതാണു് ബൂർഷ്വാസി ചെയ്യുന്നതു്. (ഉദാ: ഇന്ത്യയിലെ ഭൂനിയമപരിഷ്കാരം.) അതുകൊണ്ടു് ഫ്യൂഡൽവിരുദ്ധവിപ്ലവം വിട്ടുവീഴ്ചകൂടാതെ പൂർത്തിയാക്കുന്നതിൽ താല്പര്യമുള്ള വർഗ്ഗങ്ങൾ തൊഴിലാളികളും കൃഷിക്കാരുമാണു്.

— ഫ്യൂഡൽവ്യവസ്ഥയിൽനിന്നു മാത്രമല്ല മുതലാളിത്തകുത്തകകളിൽനിന്നുകൂടി കൃഷിക്കാർ ആക്രമണ-ചൂഷണങ്ങളനുഭവിക്കേണ്ടിവരുന്നുണ്ടു്. ചില രാജ്യങ്ങളെസംബന്ധിച്ചേടത്തോളം കൃഷിക്കാർക്കു് അനുഭവിക്കേണ്ടിവരുന്ന മുഖ്യമായ ആക്രമണ-ചൂഷണങ്ങൾതന്നെ മുതലാളിത്തകുത്തകകളുടേതാണു്. അതുകൊണ്ടു്, ഫ്യൂഡൽവ്യവസ്ഥയെ തകർക്കുന്നതോടൊപ്പംതന്നെ മുതലാളിത്തം കുത്തകാധിപത്യരൂപം കൈക്കൊള്ളാനനുവദിക്കാതിരിക്കുകയുംചെയ്യുന്നതിൽ രണ്ടു വർഗ്ഗങ്ങളും ഒരേപോലെ താല്പര്യമുള്ളവരാണു്.

അതുകൊണ്ടു്,

## കമ്മ്യൂണിസ്റ്റ്കാർ കർഷകരുടെ സജീവ താല്പര്യങ്ങൾക്കുവേണ്ടി വാദിക്കുന്നവരാണു്

കാർഷികപ്രശ്നത്തെസ്സംബന്ധിച്ചുള്ള കമ്മ്യൂണിസ്റ്റ്പാർട്ടിയുടെ നയം ഈ പ്രശ്നത്തിന്റെ വസ്തുനിഷ്ഠമായ ഉള്ളടക്കത്തിൽ നമ്മുടെ കാലത്തുണ്ടായിട്ടുള്ള പ്രസ്തുത മാററങ്ങളെ കണക്കിലെടുത്തുകൊണ്ടുള്ളതാണു്. അതേസമയത്തുതന്നെ അതു് വ്യത്യസ്തരാജ്യങ്ങളിലെ കൃഷിക്കാരുടെ സ്ഥിതിഗതികളിലെ പ്രത്യേക സ്വവിശേഷതകളെ അടിസ്ഥാനപ്പെടുത്തിക്കൊണ്ടുള്ളതുമാണു്.

നാടുവാഴിത്താവശിഷ്ടങ്ങൾ ഗണ്യമായതോതിൽ നിലവിലുള്ള രാജ്യങ്ങളിൽ കൃഷിക്കാർ രണ്ടുതരം ആക്രമണങ്ങളെ നേരിടേണ്ടിവരുന്നുണ്ടു്. ഒരുവശത്തു് ജന്മിത്വമർദ്ദനം, മറുവശത്തു് "സ്വദേശീയ"രോ "വിദേശീയ"രോ ആയ കുത്തകമുതലാളികളിൽനിന്നുള്ള ആക്രമണം.

നല്ലപോലെ അഭിവൃദ്ധിപ്രാപിച്ചുകഴിഞ്ഞ മുതലാളിത്തരാജ്യങ്ങളിൽ എല്ലാ കർഷകവിഭാഗങ്ങളുടേയും മുമ്പിലുള്ള പ്രധാനപ്പെട്ട അക്രമി കുത്തകമുതലാളിത്തമാണു്. കൃഷികത്തൊഴിലാളികളുടേയും മററു തൊഴിലുകളിലേർപ്പെട്ട തൊഴിലാളികളുടേയും അവകാശങ്ങൾ സമീകരിക്കുക, "വിലവിടവു്" അവസാനിപ്പിക്കുക, പാട്ടവും നികുതിയും കുറയ്ക്കുക, അദ്ധ്വാനിക്കുന്നവരുടെ കൂലി വർദ്ധിപ്പിച്ചും എല്ലാ രാജ്യങ്ങളുമായും സാധാരണഗതിയിലുള്ള കച്ചവടബന്ധങ്ങൾ പുനഃസ്ഥാപിച്ചും കാർഷികോല്പന്നങ്ങളുടെ വിപണി വികസിപ്പിക്കുക തുടങ്ങി കൃഷിക്കാരുടേയും കൃഷികത്തൊഴിലാളികളുടേയും ആവശ്യങ്ങളെ പിന്താങ്ങി കാത്തുരക്ഷിക്കേണ്ടതു് തങ്ങളുടെ ഒഴിച്ചുകൂടാൻവയ്യാത്ത കടമയാണെന്നു് കമ്മ്യൂണിസ്റ്റ്-തൊഴിലാളിപ്പാർട്ടികൾ കരുതുന്നു. ജർമ്മൻ ഫെഡറൽ റിപ്പബ്ലിക്കു്, സ്പെയിൻ, ജപ്പാൻ തുടങ്ങിയ പല രാജ്യങ്ങളിലേയും കൃഷിക്കാർ, തങ്ങളുടെ ഭൂപ്രദേശങ്ങളെ അമേരിക്കൻ യുദ്ധത്താവളങ്ങൾക്കും വിമാനത്താവളങ്ങൾക്കുംവേണ്ടി പിടിച്ചടക്കുന്നതിന്നെതിരായ ചെറുത്തുനില്പു് ശക്തിപ്പെടുത്തിക്കൊണ്ടിരിക്കുന്നുണ്ടു്. "യുദ്ധമല്ല, ഭൂമിയാണു് ഞങ്ങൾക്കു വേണ്ടതു്" എന്ന മുദ്രാവാക്യത്തിനു കർഷകർക്കിടയിൽ പ്രചാരം വർദ്ധിച്ചുവരികയാണു്.

കമ്മ്യൂണിസ്റ്റ്കാർ ഓരോ പ്രത്യേക രാജ്യങ്ങളിലേയും കൃഷിക്കാരുടെ പൊതുസ്ഥിതിയെ മാത്രമല്ല, ഓരോ വ്യത്യസ്തമേഖലകളിലെ കൃഷിക്കാരുടെ പ്രത്യേക സ്ഥിതികളേയും ശ്രദ്ധിച്ചു മനസ്സിലാക്കുന്നു. ഉദാഹരണത്തിനു്, വടക്കൻ ഇററ

ലിയിൽ ഭൂമിക്കുള്ള ക്ഷാമം കടുത്ത ഒരു പ്രശ്നമായിത്തീർന്നിട്ടുണ്ട്. അതുകൊണ്ട്, ഇററലിയിലെ കമ്മ്യൂണിസ്റ്റ്കാർ ഭൂമിയ്ക്കുവേണ്ടിയുള്ള കർഷകരുടെ സമരത്തിൽ അവരെ സഹായിക്കുകയെന്നതു് പരമപ്രാധാന്യമുള്ള കാര്യമായി കണക്കാക്കുന്നു. മുതലാളിത്തരീതിയിലുള്ള നിരവധി കൂററൻ കാർഷികസ്ഥാപനങ്ങളുള്ള വടക്കൻ ഇററലിയിൽ (ഫ്റാൻസിലെ പല പ്രദേശങ്ങളിലേയും സവിശേഷതയിതാണ്) കാർഷികത്തൊഴിലാളികളുടെ ജീവൽപ്രധാനമായ കാര്യങ്ങൾ സംരക്ഷിക്കുകയെന്നതാണ് പരമവും പ്രധാനവുമായ കർത്തവ്യം; കൂലിവർദ്ധനവിന്നും, മെച്ചപ്പെട്ട തൊഴിൽസൌകര്യങ്ങൾക്കും, തൊഴിലില്ലായ്മ പരിഹരിക്കുന്നതിന്നും മററും മററുമായി കർഷകസമരങ്ങൾ സംഘടിപ്പിക്കലും അവയെ സഹായിക്കലും എല്ലാം ഇതിലുൾപ്പെടുന്നു.

കർഷകരുടെ ആവശ്യങ്ങൾക്കുവേണ്ടി വാദിക്കുന്ന കാര്യത്തിൽ പാർലിമെൻററി സമരരൂപങ്ങളുപയോഗിക്കുന്നതു് വളരെ നല്ലതാണെന്ന് കമ്മ്യൂണിസ്റ്റ്കാർ കരുതുന്നു. ഇക്കാര്യത്തിൽ ഇററലിയിലേയും ഫ്റാൻസിലേയും കമ്മ്യൂണിസ്റ്റ്പാർട്ടികൾക്ക് വളരെയേറെ പരിചയം സിദ്ധിച്ചുകഴിഞ്ഞിട്ടുണ്ട്. ഇററാലിയൻ കമ്മ്യൂണിസ്റ്റ്കാർ നിലവിലുള്ള പാട്ടക്കുടിയാന്മാർക്കനുകൂലമായി കാർഷികകരാറുകളിലെ വ്യവസ്ഥകൾ ഭേദഗതിചെയ്തുകിട്ടാനും പാട്ടനിയന്ത്രണമേർപ്പെടുത്താനും മററുമായി പാർലിമെൻറിനുള്ളിൽ ചുറുചുറുക്കോടെ അനുസ്യൂതമായ സമരം നടത്തിക്കൊണ്ടിരിക്കുകയാണ്. 1946-ൽ, ഫ്റാൻസിലെ കോൺസ്റ്റിററുവെൻറ് അസംബ്ലി അവിടുത്തെ കമ്മ്യൂണിസ്റ്റ്പാർട്ടിയുടെ പാർലിമെൻററിഗ്രൂപ്പിൻെറ നിർബ്ബന്ധത്തിന്ന് വഴങ്ങുകയും പാട്ടങ്ങളെ നിയന്ത്രിച്ചുകൊണ്ട് കൃഷിക്കാർക്കും പങ്കുപാട്ടക്കാർക്കും ഗുണകരമായ ഒരു നിയമം അംഗീകരിക്കുകയും ചെയ്തു. ഇററലിയിലേയും ഫ്റാൻസിലേയും കമ്മ്യൂണിസ്റ്റ്പാർട്ടികൾ തങ്ങളുടെ പാർലിമെൻറിനെക്കൊണ്ട് കൃഷിക്കാർക്കനുകൂലമായ പല നിയമങ്ങളും അംഗീകരിപ്പിക്കുന്നതിൽ വിജയിച്ചിട്ടുണ്ട്.

കഷകരുടെ താല്പര്യങ്ങൾക്കുവേണ്ടിയുള്ള സമരത്തിൽ കമ്മ്യൂണിസ്റ്റ്കാർക്ക് പല പല വിഷമതകളേയും തടസ്സങ്ങളേയും തരണംചെയ്യേണ്ടതായിട്ടുണ്ട്. ബൂർഷ്വാപാർട്ടികളും ഗ്രൂപ്പുകളും, മിക്ക രാജ്യങ്ങളിലേയും കത്തോലിക്കാസഭയും, കഷകരെ സ്വന്തം സ്വാധീനത്തിൽ നിലനിർത്താൻവേണ്ടി തങ്ങളാലാവുന്നതെല്ലാം ചെയ്യുകയും, അവർക്കിടയിൽ നുണപ്രചരണം നടത്തുകയും, തൊഴിലാളിവർഗ്ഗത്തേയും കമ്മ്യൂണിസ്റ്റ്പാർട്ടിയേയുംകുറിച്ച് അപവാദങ്ങൾ പരത്തുകയും ചെയ്യുന്നു. തൊഴിലാളിവർഗ്ഗവും കർഷകവർഗ്ഗവും തമ്മിൽ ഒരു സഖ്യമുണ്ടാക്കുകയോ അതു് ശക്തിപ്പെടുത്തുകയോ ചെയ്യുന്നതിനേയും ഉൾനാടുകളിൽ കമ്മ്യൂണിസ്റ്റ്പാർട്ടികളുടെ സ്വാധീനം പരക്കുന്നതിനേയും തടയാനവർ പരിശ്രമിക്കുന്നു. ഉൾനാടുകളിലെ കമ്മ്യൂണിസ്റ്റ്പാർട്ടികൾക്ക് തങ്ങളുടെ പ്രവൃത്തി നിർവ്വഹിക്കുന്നതിൽ ബുദ്ധിമുട്ടുകളുണ്ടാവാൻ മറെറാരു കാരണംകൂടിയുണ്ട്. കഷകസംഘടനകളിൽ ഗണ്യമായൊരുവിഭാഗം, ഉദാഹരണത്തിന്ന് വടക്കേഅമേരിക്കയിലും (യു. എസ്. എ., കാനഡ) ഇററലിയൊഴികെയുള്ള പശ്ചിമയൂറോപ്യൻ നാടുകളിലുമെല്ലാം കഷകപ്രസ്ഥാനം കുത്തകമുതലാളിത്തവുമായി ബന്ധപ്പെട്ട പിന്തിരിപ്പൻപാർട്ടികളുടേയും ഗ്രൂപ്പുകളുടേയും സ്വാധീനവലയത്തിലാണെന്ന വസ്തുതയാണതു്.”

9. തൊഴിലാളിവർഗ്ഗൈക്യം (അതിൻെറ രണ്ടു രൂപത്തിലും), തൊഴിലാളി കഷക-വർഗ്ഗൈക്യം — ഇതു് രണ്ടും ലോകത്തിലെ എല്ലാ രാജ്യങ്ങളിലും ഒരുപോലെ വേണ്ടതാണ്. അതു രണ്ടും കെട്ടിപ്പടുത്താൽപ്പിന്നെ അവയുടെ അടിസ്ഥാനത്തിൽ വളർന്നുകൊണ്ടുവരാവുന്ന വിശാലമായ ജനാധിപത്യൈക്യത്തിന്ന വിവിധരാജ്യങ്ങളിൽ വിവിധരൂപങ്ങളുണ്ട്. ഓരോ രാജ്യത്തിന്നും അതിൻേറതായ സവിശേഷതകളുണ്ടെങ്കിലും അവയെ മുഖ്യമായി രണ്ടിനത്തിൽപ്പെടുത്താം:

—ഇപ്പോഴും കൊളോണിയൽ മേധാവിത്വത്തിൻകീഴിലുള്ളതോ അടുത്ത കാലത്തുമാത്രം സ്വാതന്ത്ര്യം നേടിയതോ ആയ രാജ്യങ്ങൾ.

—കുറേക്കാലമായി സ്വതന്ത്രമായി നില്ക്കുന്നവയും വളർച്ചപ്രാപിച്ച മുതലാളിത്തവ്യവസ്ഥ സ്ഥാപിച്ചതുമായ രാജ്യങ്ങൾ.

ഇതിലാദ്യത്തെയിനത്തിൽപ്പെടുന്ന രാജ്യങ്ങളെ വിദേശമേധാവിത്വത്തിന്റെ എല്ലാ രൂപങ്ങൾക്കും അവശിഷ്ടങ്ങൾക്കുമെതിരായ ദേശാഭിമാനവിഭാഗങ്ങളെ മുഴുവൻ യോജിപ്പിച്ചണിനിരത്തുന്ന കടമയാണ് കമ്മ്യൂണിസ്റ്റ്പ്രസ്ഥാനത്തിനുള്ളതു്. വിദേശമേധാവിത്വത്തിന്നെതിരായ ഈ സമരം ജയിക്കുന്നതിന്നാകട്ടെ, സാമ്പത്തികവും സാംസ്കാരികവുമായ പിന്നോക്കനിലയവസാനിപ്പിച്ച് വ്യവസായവല്ക്കരണത്തിലൂടെ ദേശീയപുനർന്നിർമ്മാണം നടപ്പിലാക്കാൻ വേണ്ട നടപടികളെടുക്കണം. ഇതെല്ലാമടങ്ങുന്ന ഒരു പരിപാടിയാണ് 1960-ലെ മോസ്കോ പ്രസ്താവന ആവിഷ്കരിച്ചതു്.

രണ്ടാമത്തെയിനത്തിൽപ്പെടുന്ന രാജ്യങ്ങളിലാകട്ടെ, സ്വന്തം ("സ്വദേശി") കുത്തകമുതലാളിമാരും അവരുടെ സാർവ്വദേശീയ കൂട്ടാളികളായ വിദേശകുത്തകമുതലാളിമാരുംകൂടി നാട്ടിന്റെ സ്വാഭാവികപുരോഗതി—സ്വൈരജീവിതംപോലും—അസാദ്ധ്യമാക്കുന്നതിന്നെതിരായി, പുരോഗമനവാദികളും ജനാധിപത്യവാദികളുമായ ജനവിഭാഗങ്ങളെ മുഴുവൻ അണിനിരത്തുന്ന കടമയാണ് കമ്മ്യൂണിസ്റ്റ്കാർക്കുള്ളതു്. ഇതു് മുഖ്യമായും മൂന്നുരൂപം കൈക്കൊള്ളുന്നു: കുത്തകമുതലാളിമാരുടെ സാമ്പത്തികാക്രമത്തിൽനിന്നു രക്ഷകിട്ടാൻ മറ്റെല്ലാം ജനവിഭാഗങ്ങളും നടത്തുന്ന പരിശ്രമം; വിദേശകുത്തകകളുടെ ആക്രമണംനിമിത്തം സ്വന്തം ദേശീയപരമാധികാരംപോലും നഷ്ടപ്പെടാനിടയാകുന്ന സാഹചര്യം ഇല്ലാതാക്കാനുള്ള പരിശ്രമം; മുതലാളിത്തകുത്തകകളുടെ താല്പര്യം സംരക്ഷിക്കുന്നതിന്നേർപ്പെടുത്തുന്ന ഫാസിസ്റ്റ് ഭരണവ്യവസ്ഥയ്ക്കെതിരായ സമരം. ഇതെല്ലാം ചേർന്ന ഒരു പരിപാടിയും മോസ്കോ പ്രസ്താവന ആവിഷ്കരിച്ചിട്ടുണ്ട്.

10. ഈ രണ്ടുതരം പരിപാടികൾ തമ്മിലുള്ള മുഖ്യമായ വ്യത്യാസം ഇതാണ്: ആദ്യത്തേതിൽ വിപ്ലവത്തിന്റെ ശക്തികളെ കേന്ദ്രീകരിക്കുന്നതു വിദേശമേധാവിത്വത്തിന്റെ അവശിഷ്ടങ്ങൾക്കും സാമ്പത്തിക-സാമൂഹ്യ-സാംസ്കാരികരംഗങ്ങളിലുള്ള പിന്നോക്കനിലയ്ക്കുമെതിരായാണ്; രണ്ടാമത്തേതിലാകട്ടെ, സ്വന്തം നാട്ടിലുള്ള മുതലാളിത്തകുത്തകകൾക്കെതിരായാണ്. അതുകൊണ്ട്, ആദ്യത്തേതിൽ ദേശാഭിമാനപരമായ വികാരങ്ങളുള്ള ഒരൊറ്റ വ്യക്തിയേയും ഒഴിച്ചുനിർത്താത്ത ഒരു വിശാലഐക്യമുന്നണിയാണ് കെട്ടിപ്പടുക്കുന്നതു്; രണ്ടാമത്തേതിലാകട്ടെ, കുത്തകമുതലാളിമാരെ എതിർക്കുകയെന്ന ഉദ്ദേശത്തോടെ രൂപീകരിക്കപ്പെടുന്ന മുന്നണിയായതിനാൽ അത്ര വിശാലമല്ല.

എന്നാൽ, ആദ്യത്തെ മുന്നണിയിൽതന്നെ ബൂർഷ്വാസിക്കുള്ള പങ്ക് രണ്ടു മുഖ്യപരിമിതികൾക്കു വിധേയമാണ്; (i) ഈയിനത്തിൽപ്പെട്ട പല രാജ്യങ്ങളിലേയും ബൂർഷ്വാസിക്കു സാമ്രാജ്യാധിപത്യവുമായി ഗാഢമായ സാമ്പത്തികബന്ധമുണ്ട്; വിദേശകുത്തകകളുമായി തങ്ങളുണ്ടാക്കിയ കരാറുകൾ തുടരുകയും അവയിലെ വ്യവസ്ഥകൾക്കനുസരിച്ചു കൊള്ളലാഭമടിക്കാനവരെ അനുവദിക്കുകയും ചെയ്യുന്നതിൽ താല്പര്യമുള്ളവരാണവർ. (ii) ഇത്തരം വൈദേശിക കെട്ടുപാട് ഒന്നുമില്ലെങ്കിൽപ്പോലും ദേശീയപുനർന്നിർമ്മാണം നടത്തുന്നതും മുതലാളിത്തവ്യവസ്ഥയുടെ അടിസ്ഥാനതത്വങ്ങളെ ആസ്പദമാക്കിയാവണമെന്നാണവരാഗ്രഹിക്കുന്നതു്. ഇതാകട്ടെ, ബൂർഷ്വാസിയൊഴിച്ചുള്ള എല്ലാ ജനവിഭാഗങ്ങളുടേയും താല്പര്യങ്ങൾക്കും ആഗ്രഹാഭിലാഷങ്ങൾക്കുമെതിരാണ്.

കൊളോണിയലിസത്തിന്റെ നുകം വലിച്ചെറിഞ്ഞ രാജ്യങ്ങളിലെ ജനങ്ങളെ അഭിമുഖീകരിക്കുന്ന മൗലികപ്രശ്നങ്ങളിലൊന്ന്, അവർ ഏതു മാർഗ്ഗ

മാണ് വികസനത്തിനുവേണ്ടി സ്വീകരിക്കുന്നത്—മുതലാളിത്തത്തിന്റെ മാർഗ്ഗമോ അതോ മുതലാളിത്തേതരമായ മാർഗ്ഗമോ എന്നതാണ്.

മുതലാളിത്തത്തിന് അവക്ക് എന്താണ നൽകാൻ കഴിയുക?

ജനങ്ങളെ സംബന്ധിച്ചിടത്തോളം ദുരിതത്തിന്റേയും കഷ്ടപ്പാടിന്റേയും മാർഗ്ഗമാണ് മുതലാളിത്തം. അത് സത്വരസാമ്പത്തികപുരോഗതിക്കുറപ്പു നല്കുകയില്ല, ദാരിദ്ര്യത്തെ ഉൻമൂലനാശം ചെയ്യുകയില്ല. അതിന്റെ കീഴിൽ സാമൂഹ്യ അസമത്വം അധികമാവുന്നു. ഗ്രാമപ്രദേശങ്ങളിലെ മുതലാളിത്തപരമായ വളച്ച് കൃഷിക്കാരെ ഇനിയും കൂടുതൽ പാപ്പരാക്കും. തൊഴിലാളികൾക്കാകട്ടെ, രണ്ടിലൊരു മാർഗ്ഗമേയുള്ളൂ; ഒന്നുകിൽ മുതലാളികളെ കൂടുതൽ ധനികരാക്കുവാൻ എല്ലുനുറുങ്ങെ പണിയെടുക്കുക, അല്ലെങ്കിൽ തൊഴിലില്ലാത്തവരുടെ പട്ടാളത്തിൽ ചേരുക. കൂററൻ മുതലാളികളുമായുള്ള മത്സരത്തിൽ ചെറുമുതലാളികൾ തകരും. സംസ്കാരത്തിന്റേയും വിദ്യാഭ്യാസത്തിന്റേയും നേട്ടങ്ങൾ സാധാരണജനങ്ങൾക്ക് ലഭിക്കുകയില്ല. സ്വന്തം ബുദ്ധിശക്തി വിൽക്കുവാൻ ബുദ്ധിജീവികൾ നിർബന്ധിതരാകും.

സോഷ്യലിസത്തിനു ജനങ്ങൾക്ക് എന്തു നല്കുവാൻ കഴിയും?

ജനങ്ങളുടെ സ്വാതന്ത്ര്യത്തിന്റേയും സന്തുഷ്ടിയുടേയും പാതയാണ് സോഷ്യലിസം. ത്വരിതമായ സാമ്പത്തിക-സാംസ്കാരിക വളർച്ച അതിന്റെ കീഴിൽ നടക്കുന്നു. നൂററാണ്ടുകൾകൊണ്ടല്ല, ഒരു തലമുറയുടെ ആയുഷ്ക്കാലത്തിനുള്ളിൽ ത്തന്നെ പിന്നോക്കനിലയിലുള്ള ഒരു രാജ്യത്തെ വ്യാവസായികരാജ്യമായി അത് രൂപാന്തരപ്പെടുത്തുന്നു. നൈസർഗ്ഗികമായിത്തന്നെ ആസൂത്രിതസോഷ്യലിസ്റ്റ് സമ്പദ്‌വ്യവസ്ഥ പുരോഗതിയും സമൃദ്ധിയും ഉണ്ടാക്കുന്ന ഒന്നാണ്. മനുഷ്യൻ മനുഷ്യനെ ചൂഷണംചെയ്യുന്ന രീതി അവസാനിപ്പിക്കുന്നതോടെ സാമൂഹ്യമായ അസമത്വം ഇല്ലാതാവുന്നു. തൊഴിലില്ലായ്മ നിശ്ശേഷം അപ്രത്യക്ഷമാവുന്നു. സോഷ്യലിസം എല്ലാ കൃഷിക്കാർക്കും ഭൂമി നൽകുന്നു; കൃഷി വികസിപ്പിക്കുവാൻ അവരെ സഹായിക്കുന്നു; സ്വമേധയായുള്ള സഹകരണത്തിന്റെ അടിസ്ഥാനത്തിൽ അവരുടെ അദ്ധ്വാനശക്തിയെ കൂട്ടിച്ചേർക്കുന്നു; പുതിയ കാർഷികയന്ത്രോപകരണങ്ങളുടേയും കൃഷിശാസ്ത്രത്തിന്റേയും നേട്ടങ്ങളെ അവക്ക് എത്തിച്ചുകൊടുക്കുന്നു. കൃഷിക്കാരന്റെ അദ്ധ്വാനം കൂടുതൽ ഉല്പാദനക്ഷമമാകുന്നു. ഭൂമിതന്നെ കൂടുതൽ ഫലപുഷ്ടിയിഷ്ടമായിത്തീരുന്നു. തൊഴിലാളിവർഗ്ഗത്തിനും എല്ലാ അദ്ധ്വാനിക്കുന്ന ജനവിഭാഗത്തിനും ഉന്നതമായ സാംസ്കാരികനേട്ടങ്ങളും വിദ്യാഭ്യാസവും സോഷ്യലിസത്തിന്റെ കീഴിൽ ലഭ്യമാകുന്നു. സോഷ്യലിസം ഇരുട്ടിൽനിന്നും അറിവില്ലായ്മയിൽനിന്നും ജനങ്ങളെ ഉയർത്തുന്നു; നവീനസംസ്കാരത്തിലേയ്ക്കു് അവക്കു പ്രവേശനം നൽകുന്നു. ജനങ്ങളുടെ നന്മയ്ക്കായി ക്രിയാത്മകമായ പ്രവത്തനങ്ങളിൽ ഏർപ്പെടുവാൻ ബുദ്ധിജീവികൾക്ക് സുലഭമായ സൗകര്യങ്ങളുണ്ടാവുന്നു.

ജനങ്ങൾതന്നെ തീരുമാനിക്കണം അവർ ഏതു പാതയിൽക്കൂടി പോവാനാണാഗ്രഹിക്കുന്നുവെന്നു്. ലോകശക്തികളുടെ ഇന്നത്തെ ബലാബലവും ലോക സോഷ്യലിസ്റ്റ്‌വ്യവസ്ഥയിൽനിന്നു ശക്തിമത്തായ പിന്തുണ കിട്ടാനുള്ള യഥാർത്ഥസാദ്ധ്യതകളും നോക്കുമ്പോൾ പണ്ട് കോളനികളായിരുന്ന രാജ്യങ്ങളിലെ ജനങ്ങൾക്ക് അവരുടെ താല്പര്യങ്ങൾക്കനുസൃതമായ ഒരു തീരുമാനം ഈ പ്രശ്നത്തിന്ന് എടുക്കാവുന്നതാണ്. ഓരോ രാജ്യത്തിലേയും വർഗ്ഗശക്തികളുടെ ബലാബലത്തെ ആശ്രയിച്ചിരിക്കും അവരുടെ തീരുമാനം. വികാസത്തിന്റെ മുതലാളിത്തേതരമാർഗ്ഗം സ്വീകരിക്കുമെന്നതിനുറപ്പുണ്ടാക്കുന്നത് തൊഴിലാളിവർഗ്ഗത്തിന്റേയും ജനസാമാന്യത്തിന്റേയും സമരങ്ങളാണ്, പൊതുജനാധിപത്യപ്രസ്ഥാനമാണ്. രാജ്യത്തിലെ ബഹുഭൂരിപക്ഷം ജനങ്ങളുടെ താല്പര്യങ്ങൾക്കനുസൃതമാണ് ആ പാത. ഈ

മാർഗ്ഗം സ്വീകരിക്കാൻ ദേശീയമുതലാളികളിൽനിന്ന് ചില വിട്ടുവീഴ്ചകൾ ആവശ്യമായിത്തീരും. എന്നാൽ ആ വിട്ടുവീഴ്ചകൾ രാജ്യത്തിൻെറയാകമാനം താല്പര്യങ്ങൾക്കുവേണ്ടിയുള്ളവയാണ്. വികാസത്തിൻെറ മുതലാളിത്തപരമല്ലാത്ത മാർഗ്ഗം സ്വീകരിക്കപ്പെടുകയാണെങ്കിൽ എല്ലാം ജനവിഭാഗങ്ങൾക്കും അവരുടെ ശക്തികളെ ദേശീയതാല്പര്യത്തിന്നായി ഉപയോഗപ്പെടുത്തുവാൻ കഴിയും.

ദേശീയജനാധിപത്യഭരണകൂടങ്ങൾ സ്ഥാപിക്കുകയും വളർത്തുകയും ചെയ്യുന്നതുകൊണ്ട്, അവികസിതരാജ്യങ്ങളിലെ ജനതകളുടെ മുമ്പിൽ വിശാലമായ സാദ്ധ്യതകൾ തുറക്കുന്നു. പരിപൂർണ്ണമായ ദേശീയസ്വാതന്ത്ര്യവും വിശാലമായ ജനാധിപത്യവും നേടാനും സാമ്രാജ്യവിരുദ്ധ-ഫ്യൂഡൽവിരുദ്ധവിപ്ലവം പൂർത്തിയാക്കാനും സമരംചെയ്യുന്ന, എല്ലാ പുരോഗമന-ദേശാഭിമാനശക്തികളുടേയും ഒരു സഖ്യമാണ് ദേശീയജനാധിപത്യത്തിൻെറ രാഷ്ട്രീയമായ അടിസ്ഥാനം.

ബഹുജനങ്ങളുടെ വർഗ്ഗബോധവും ദേശീയബോധവും ക്രമപ്രവൃദ്ധമായി വളരുക എന്നതു് സാമൂഹ്യവളർച്ചയുടെ ഇന്നത്തെ കാലഘട്ടത്തിൻെറ ഒരു പ്രത്യേകതയാണ്. ദേശീയപരമാധികാരം എന്ന ആശയത്തെ ദുർവ്യാഖ്യാനിക്കുന്നതിൽ സാമ്രാജ്യത്വം ഇപ്പോഴും പിടിച്ചുനിൽക്കുന്നു; അതിൻെറ മുഖ്യമായ ഉള്ളടക്കത്തെ കവർന്നെടുക്കുകയും ദേശീയമായ സ്വാർത്ഥത വളർത്തുവാനും, ദേശീയമായ ഏകാന്തതയുടെ സ്പിരിററ് കുത്തിക്കയററുവാനും ദേശീയവൈരുദ്ധ്യങ്ങൾ വളർത്തുവാനുമുള്ള ഒരുപകരണമായും സാമ്രാജ്യത്വം ആ ആശയത്തെ ഉപയോഗപ്പെടുത്തുന്നു. ജനാധിപത്യശക്തികളാകട്ടെ, ദേശീയപരമാധികാരം സ്ഥാപിക്കുന്നതുതന്നെ ജനങ്ങളുടെ സമത്വത്തിൻെറ പേരിലും, സാമൂഹ്യപുരോഗതിക്കുവേണ്ടിയും, അവരുടെ ഇടയിൽ കൂടുതൽ സൗഹാർദ്ദവും പരസ്പരധാരണയും അന്യോന്യസഹായവും കൂടുതലടുത്ത ബന്ധങ്ങളും വളർത്തുന്നതിനുമാണ്. അതിൻെറ ജനാധിപത്യപരമായ അർത്ഥത്തിൽ ദേശീയപരമാധികാരം എന്ന ആശയം കൂടുതൽ സ്ഥിരപ്രതിഷ്ഠമാവുന്നു. അതിനു വർദ്ധിച്ച പ്രാധാന്യം കിട്ടുകയും സമുദായത്തിൻെറ പുരോഗമനപരമായ വളർച്ചയിൽ അതു് ഒരു പ്രധാനഘടകമായിത്തീരുകയും ചെയ്യുന്നു.

അതുകൊണ്ട്, ദേശീയപുനർനിർമ്മാണകാര്യത്തിലംഗീകരിക്കേണ്ട മാർഗ്ഗമേതാണെന്ന കാര്യത്തിൽ ബൂർഷ്വാസിയോടു മുഴുവനും, വിദേശമേധാവിത്വത്തിന്നെതിരായ സമരത്തിൻെറ കാര്യത്തിൽ വൈദേശികക്കൂട്ടുകെട്ടുകളുള്ള ബൂർഷ്വാവിഭാഗങ്ങൾക്കുമെതിരായി സമരം നടത്താതെ ദേശീയപുനർജന്മം സംബന്ധിച്ച കടമ നിറവേററാൻ ഈ ഇനത്തിൽപ്പെട്ട രാജ്യങ്ങളിലെ കമ്മ്യൂണിസ്ററപ്രസ്ഥാനത്തിനു കഴിയില്ല.

രണ്ടാമത്തെ മുന്നണിയിലാകട്ടെ, കുത്തകമുതലാളിത്തത്തിന്നെതിരായി സർവ്വതോമുഖമായ സമരം സംഘടിപ്പിക്കുന്നതു് അനുപേക്ഷണീയമാണ്.

ഇതുരണ്ടും വിജയകരമായി നടത്തണമെങ്കിലോ, എല്ലാം ജനവിഭാഗങ്ങളിലും വ്യാപിപ്പിക്കാൻ ബൂർഷ്വാസി ശ്രമിക്കുന്ന പിന്തിരിപ്പൻ ആശയഗതികൾക്കെതിരായി സംഘടിതവും നിരന്തരവുമായ സമരം നടത്തണം.

ഇന്നത്തെ ലോകത്തിൽ രണ്ടു പ്രത്യയശാസ്ത്രങ്ങൾതമ്മിൽ—കമ്മ്യൂണിസ്റ്റ്-ബൂർഷ്വാതത്വശാസ്ത്രങ്ങൾ തമ്മിൽ—ഘോരമായ ഒരു സമരം നടക്കുകയാണ്. മുതലാളിത്തത്തിൽനിന്നു സോഷ്യലിസത്തിലേയ്ക്കുള്ള പരിവർത്തനത്തിൻെറ ചരിത്രപരിണാമഗതി മനുഷ്യരാശിയുടെ ആത്മീയജീവിതത്തിലുണ്ടാക്കുന്ന പ്രതിഫലനമാണ് ഈ സമരം.

തൊഴിലാളിവർഗ്ഗത്തിൻെറ വിപ്ലവപരമായ സാർവ്വലൗകികവീക്ഷണത്തിന്, ഈ ചരിത്രപരമായ നവീനകാലഘട്ടം പുത്തൻ വിജയങ്ങൾ പ്രദാനം

ചെയ്തിരിക്കുകയാണ്. പുരോഗമനചിന്താഗതിയുള്ള മാനവരാശിയുടെ ബുദ്ധിയെ മാർക്സിസം-ലെനിനിസം ആകർഷിച്ചുകഴിഞ്ഞിരിക്കുന്നു.

ബൂർഷ്വാസിദ്ധാന്തങ്ങളും ചിന്താഗതികളും ചരിത്രത്തിന്റെ പരീക്ഷണത്തെ അതിജീവിക്കുന്നതിൽ പരാജയപ്പെട്ടിരിക്കുന്നു. ജീവിതം മുന്നോട്ടുവെയ്ക്കുന്ന പ്രശ്നങ്ങൾക്കു ശാസ്ത്രീയമായ ഒരു മറുപടി പറയാൻ അവയ്ക്കൊരിക്കലും കഴിഞ്ഞിട്ടില്ല; ഇന്നും കഴിയുന്നില്ല. ബൂർഷ്വാസിയുടെ കാലടികളെ പിന്തുടരുന്നതിന് ബഹുജനങ്ങളെ പ്രേരിപ്പിക്കുവാൻ ഉതകുന്ന ആശയങ്ങൾ ഇനി മുന്നോട്ടുവെയ്ക്കുവാൻ അതിനു സാദ്ധ്യമല്ല. ബൂർഷ്വാപ്രത്യയശാസ്ത്രം ഗുരുതരമായ ഒരു കുഴപ്പത്തിൽ അകപ്പെട്ടിരിക്കുകയാണ്.

ജനസാമാന്യത്തിന്റെ മനസ്സിൽ വിപ്ലവപരമായ മാററം വരുക എന്നതു് സുദീർഘവും സങ്കീർണ്ണവുമായ ഒരു പ്രക്രിയയാണ്. ലോകസോഷ്യലിസ്ററവ്യവസ്ഥിതി കൂടുതൽ കൂടുതൽ വിജയങ്ങൾ നേടുകയും, ലോകമുതലാളിത്തം കൂടുതൽ കൂടുതൽ കുഴപ്പത്തിലാവുകയും, വർഗ്ഗസമരം കൂടുതൽ തീക്ഷ്ണമാവുകയും ചെയ്യുംതോറും കമ്മ്യൂണിസത്തിനു വേണ്ടിയുള്ള സമരത്തിൽ ജനസാമാന്യത്തെ ഒന്നിച്ചണിനിരത്തുന്നതിൽ മാർക്സിസ്റ്റ്-ലെനിനിസ്റ്റ് ആശയങ്ങൾക്കുള്ള പങ്ക് കൂടുതൽ പ്രാധാന്യമുള്ളതായിത്തീരുന്നു. തൊഴിലാളിവർഗ്ഗത്തിന്റെ വർഗ്ഗസമരത്തിൽ ആശയസമരം ഏററവും പ്രധാനപ്പെട്ട ഒരു ഘടകമാണ്.

കമ്മ്യൂണിസത്തെയും അതിന്റെ മഹത്തായ ആശയങ്ങളേയും കരിതേച്ചുകാണിക്കുവാനും മുതലാളിത്തത്തെ സംരക്ഷിക്കുവാനുംവേണ്ടി സാമ്രാജ്യത്വപിന്തിരിപ്പൻശക്തികൾ, ജനങ്ങളുടെമേൽ ആശയപരമായ സ്വാധീനം ചെലുത്തുന്നതിനു കഴിവുള്ള എല്ലാ മാർഗ്ഗങ്ങളും ഉപയോഗിക്കുന്നുണ്ട്. സാമ്രാജ്യത്വത്തിന്റെ ആശയപരവും രാഷ്ട്രീയവുമായ പ്രധാന ആയുധം കമ്മ്യൂണിസ്ററവിരോധമാണ്—അതായതു്, സോഷ്യലിസ്ററവ്യവസ്ഥയെപ്പററി അപവാദം പരത്തുകയും കമ്മ്യൂണിസ്ററപാർട്ടികളുടെ ലക്ഷ്യത്തെയും നയത്തെയും മാർക്സിസ്റ്റ്സിദ്ധാന്തങ്ങളേയും ദുർവ്യാഖ്യാനം ചെയ്യുകയുമാണ്. കമ്മ്യൂണിസ്ററവിരോധത്തിന്റെ പേരിൽ പുരോഗമനപരവും വിപ്ലവപരവുമായ എല്ലാററിനേയും എതിർക്കുവാനും, നശിപ്പിക്കുവാനും, അദ്ധ്വാനിക്കുന്ന ജനസഞ്ചയത്തിന്റെ അണികളിൽ പിളപ്പുണ്ടാക്കുവാനും, സമരം ചെയ്യുവാനുള്ള തൊഴിലാളിവർഗ്ഗത്തിന്റെ കരുത്തിനെ—മനഃസ്ഥൈര്യത്തെ—സ്തംഭിപ്പിക്കുവാനും, സാമ്രാജ്യത്വപിന്തിരിപ്പൻശക്തികൾ ശ്രമിക്കുന്നു. ഈ കറുത്ത കൊടിക്കീഴിലാണ് സാമൂഹ്യപുരോഗതിയുടെ എല്ലാ ശത്രുക്കളും, കുത്തകമേധാവിത്വവും, സൈനികശക്തികളും, ഫാസിസ്റ്റുകളും, പിന്തിരിപ്പൻ മതപൗരോഹിത്യവും, കൊളോണിയൽമേധാവികളും, ഭൂപ്രഭുക്കളും എന്നുവേണ്ട, സാമ്രാജ്യത്വപിന്തിരിപ്പൻശക്തികളുടെ എല്ലാ താത്വിക-രാഷ്ട്രീയവക്താക്കളും ഒന്നിച്ചണിനിരന്നിട്ടുള്ളതു്. ബൂർഷ്വാപ്രത്യയശാസ്ത്രത്തിന്റെ അധഃപതനത്തിന്റെ അവസാനഘട്ടത്തെയാണ് കമ്മ്യൂണിസ്റ്റ്‌വിരോധം കുറിക്കുന്നതു്.

ജനസാമാന്യത്തെ ആത്മീയമായ അടിമത്തത്തിൻകീഴിൽ നിർത്തുവാൻ, മുതലാളിത്തത്തെ കൂടുതൽ ഭംഗിയുള്ളതാക്കിക്കാണിക്കുവാനും, ബൂർഷ്വാവ്യവസ്ഥയുടെ ചൂഷകസ്വഭാവത്തെ മറച്ചുവെയ്ക്കുവാനും ഉപകരിക്കുന്ന പുതിയ "സിദ്ധാന്തങ്ങൾ" ബൂർഷ്വാവ്യവസ്ഥയുടെ സംരക്ഷകന്മാർ ആവിഷ്ക്കരിക്കുന്നു. ആധുനികമുതലാളിത്തത്തിന്റെ രൂപംതന്നെ മാറിയെന്നും, സ്വകാര്യസ്വത്തു് "സാർവ്വജനീനമാക്കി ലോപിപ്പിക്കുകയും" മൂലധനംതന്നെ, "ജനായത്ത"മാവുകയും ചെയ്തുകഴിഞ്ഞ "ജനകീയമുതലാളിത്ത"മായി അതു് മാറിക്കഴിഞ്ഞിരിക്കുന്നുവെന്നും, വർഗ്ഗങ്ങളും വർഗ്ഗസമരങ്ങളും ഇല്ലാതായിക്കഴിഞ്ഞിരിക്കുന്നുവെന്നും, "വരുമാനങ്ങൾ എല്ലാവർക്കും തുല്യമായി"ത്തീർന്നുകൊണ്ടിരിക്കുന്നുവെന്നും, സാമ്പത്തികക്കുഴപ്പങ്ങൾ മാറിക്ക

ഴിഞ്ഞുവെന്നും അവർ വാദിക്കുന്നു. മുതലാളിത്തവ്യവസ്ഥയിൻകീഴിൽ വൈരുദ്ധ്യങ്ങളും സംഘട്ടനങ്ങളും കൂടുതൽ വളരുമെന്നും, അതിനകത്തെ വർഗ്ഗസമരം കൂടുതൽ തീക്ഷ്ണമാവുമെന്നുമുള്ള മാർക്സിസ്റ്റ്-ലെനിനിസ്റ്റ്തത്വം എത്രമാത്രം ശരിയാണെന്ന് നവീനമുതലാളിത്തത്തിൻെറ വളർച്ച യഥാർത്ഥത്തിൽ തെളിയിക്കുകയാണു ചെയ്യുന്നതു്."

11. എല്ലാം വിഭാഗങ്ങളിലുംപെട്ട രാജ്യങ്ങളിൽ—സോഷ്യലിസ്റ്റ്‌രാജ്യങ്ങളിലെന്നപോലെതന്നെ മുതലാളിത്തരാജ്യങ്ങളിലും, സാമ്രാജ്യാധിപത്യം നിലനിറുത്തുന്ന മുതലാളിത്തരാജ്യങ്ങളിലെന്നപോലെതന്നെ കൊളോണിയൽ അടിമത്തമനുഭവിക്കുന്ന രാജ്യങ്ങളിലും, അടുത്തകാലത്തു് സ്വാതന്ത്ര്യം നേടിയവയിലെന്നപോലെതന്നെ കുറേക്കാലമായി സ്വാതന്ത്ര്യമനുഭവിക്കുന്ന രാജ്യങ്ങളിലും—കമ്മ്യൂണിസ്റ്റ്പ്രസ്ഥാനത്തിന്നു നിറവേററാനുള്ള മുഖ്യകടമയാണ് വിനാശകാരിയായ ഒരു മൂന്നാംലോകമഹായുദ്ധം ഇളക്കിവിടാൻ സാർവ്വദേശീയ മുതലാളികുത്തകക്കാർ നടത്തുന്ന ശ്രമത്തിന്നെതിരായ സമരം.

അണുശക്തിയുപയോഗിച്ചു നടത്തുന്ന യുദ്ധത്തിൻെറ വിനാശകാരിയായ സ്വഭാവംനിമിത്തം അതൊഴിവാക്കാൻ ബഹുഭൂരിപക്ഷം ജനങ്ങളാഗ്രഹിക്കുന്നുണ്ടെന്നുമാത്രമല്ല, യുദ്ധക്കൊതിയന്മാരെ നിലയ്ക്കുനിറുത്താൻ വേണ്ട കഴിവു് സോവിയററ്യൂണിയനും അതിൻെറകൂടെ നില്ക്കുന്ന സോഷ്യലിസ്റ്റ്കോയ്മകൾക്കും ഉണ്ടെന്ന നിലകൂടി വന്നിരിക്കുന്നു. പോരെങ്കിൽ, "ചേരിചേരാനയ"മെന്നു പറയപ്പെടുന്ന നിഷ്പക്ഷനിലപാടംഗീകരിക്കുന്ന—യുദ്ധച്ചേരിയുടെയും സാമ്രാജ്യാധിപത്യത്തിൻെറയും കുത്തിത്തിരിപ്പുകളെ പരിമിതമായെങ്കിലും—എതിർക്കുന്ന ഡസൻകണക്കിനു് രാജ്യങ്ങൾ ഉയർന്നുവന്നിരിക്കുന്നു. ഇതിൻെറ ഫലമായി നയതന്ത്രപരമായി അധികമധികം ഒറെറപ്പെട്ടുവരുന്ന സാമ്രാജ്യകോയ്മകൾക്കു് തങ്ങളുടെ നയം നടപ്പിൽ വരുത്താൻ വിഷമമായിരിക്കുന്നു.

യുദ്ധം അഴിച്ചുവിടാനുള്ള തങ്ങളുടെ ശ്രമം സാമ്രാജ്യക്കോയ്മകൾ ഉപേക്ഷിച്ചിരിക്കുന്നുവെന്നോ ഉപേക്ഷിക്കുമെന്നോ ഇപ്പറഞ്ഞതിന്നർത്ഥമില്ല. ലോകസംഘർഷാവസ്ഥ നിലനിർത്താനും സംഘട്ടനങ്ങളുണ്ടാക്കാനുമുള്ള എല്ലാ ശ്രമങ്ങളും അവർ തുടർന്നുകൊണ്ടിരിക്കുന്നുമുണ്ടു്. ഏതവസരത്തിലും ഒരു യുദ്ധമായി മാറത്തക്ക സ്ഥിതിഗതികൾ അവർ സൃഷ്ടിച്ചുകൊണ്ടിരിക്കുന്നുണ്ടു്. സാമ്രാജ്യാധിപത്യവ്യവസ്ഥ നിലനില്ക്കുന്ന കാലത്തോളം ഇതു തുടരുകയുംചെയ്യും. എന്നാൽ, ഈ ശ്രമങ്ങളെയെല്ലാം പരാജയപ്പെടുത്താനുള്ള കഴിവു് സമാധാനവാദികളായ ലോകജനതയ്ക്കുണ്ടായിരിക്കുന്നു.

12. ചുരുക്കത്തിൽ, ലോകസമാധാനം, ജനാധിപത്യം, ദേശീയസ്വാതന്ത്ര്യവും പരമാധികാരവും എന്നിവ സംരക്ഷിക്കുന്നതിനുവേണ്ടി അവയോരോന്നിലും താല്പര്യമുള്ള ജനവിഭാഗങ്ങളെ മുഴുവൻ അണിനിരത്താനാണ് കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം ശ്രമിക്കുന്നതു്.

ഇതിലോരോന്നിലുമുണ്ടാവുന്ന വിജയം, ആ ഒരതിർത്തിവരെ കുത്തകമുതലാളിത്തത്തേയും സാമ്രാജ്യാധിപത്യത്തേയും ക്ഷീണിപ്പിക്കുകയാണു ചെയ്യുന്നതു്; ആ നിലയ്ക്കു് അതോരോന്നും സാർവ്വലൗകികമായ സോഷ്യലിസ്റ്റ് സമുദായസ്ഥാപനത്തിനുവേണ്ടി നടക്കുന്ന സമരത്തെ ശക്തിപ്പെടുത്തുന്നു.

അതേയവസരത്തിൽ, ഈ ഓരോ രംഗത്തിലും പൂർണ്ണവും അവസാനവുമായി വിജയം കൈവരിക്കാൻ കഴിയണമെങ്കിൽ സാർവ്വദേശീയമായും, ഓരോ രാജ്യത്തിനകത്തുമുള്ള കുത്തകമുതലാളിമേധാവിത്വമവസാനിക്കണം. അതുകൊണ്ടു്, സോഷ്യലിസത്തിനുവേണ്ടി നടക്കുന്ന സമരത്തിലുണ്ടാവുന്ന ഓരോ വിജയ

വും—അതെത്ര ചെറുതായിരുന്നാലും—സമാധാനത്തിനും ജനാധിപത്യത്തിനും ദേശീയസ്വാതന്ത്ര്യ-പരമാധികാരങ്ങൾക്കുമുള്ള സമരത്തെ ആ ഒരതിർത്തിവരെ ശക്തിപ്പെടുത്തുന്നു.

13. ഈ സാഹചര്യത്തിൽ മുതലാളിത്തത്തിൽനിന്നും സോഷ്യലിസത്തിലേയ്ക്കുള്ള പരിവർത്തനത്തേയും, പരിവർത്തനകാലഘട്ടത്തിലുണ്ടാവുന്ന ഭരണക്രമത്തേയും സംബന്ധിച്ച മാർക്സിസ്റ്റ്-ലെനിനിസ്റ്റ് സിദ്ധാന്തത്തിൻെറ വിശദാംശങ്ങളെ സംബന്ധിച്ചിടത്തോളം ചില പുതിയ ധാരണകളുണ്ടായിരിക്കുന്നു. എന്നാൽ ആ സിദ്ധാന്തത്തിൻെറ സാരാംശത്തെ സംബന്ധിച്ചിടത്തോളം യാതൊരു വ്യത്യാസവുമില്ല.

സാരാംശം മാറാതെ വിശദാംശങ്ങളിൽ മാററംവന്നിട്ടുള്ള മുഖ്യകാര്യങ്ങളാണ് താഴെ കൊടുക്കുന്നതു്:

— വൻകിട ബൂഷ്വാസിയുടെ സ്വത്തു് പ്രതിഫലം കൊടുക്കാതെ പിടിച്ചടക്കിക്കൊണ്ടുമാത്രമേ സോഷ്യലിസ്റ്റ്സാമൂഹ്യവ്യവസ്ഥയ്ക്കടിസ്ഥാനമിടാൻ കഴിയുകയുള്ളുവെന്ന ധാരണയിൽ ഒരു മാററംവന്നിട്ടുണ്ട്. സോവിയററുകമ്മ്യൂണിസ്ററുപാർട്ടിയുടെ പുതിയ കരടുപരിപാടിയിൽ പറയുന്നതുപോലെ, "സോഷ്യലിസത്തിൻെറ ശക്തികൾ വളരുകയും, തൊഴിലാളിവർഗ്ഗപ്രസ്ഥാനം ശക്തിപ്പെടുകയും, മുതലാളിത്തത്തിൻെറ നില തളരുകയും ചെയ്യുമ്പോൾ, ചില രാജ്യങ്ങളിൽ മാർക്സും ലെനിനും ദീർഘദർശനംചെയ്തതുപോലെ, ഉല്പാദനോപകരണങ്ങൾ തങ്ങളുടെ കയ്യിൽനിന്ന് തൊഴിലാളിവർഗ്ഗം വിലയ്ക്കു വാങ്ങുന്നതു് ബൂഷ്വാസിക്കും, ബൂഷ്വാസിയെ പ്രതിഫലംകൊടുത്തു് 'പിരിച്ചുവിടുന്ന തൊഴിലാളിവർഗ്ഗത്തിനും കൂടുതൽ സ്വീകാര്യമായ ഒരു അവസ്ഥ ആവിർഭവിച്ചുവെന്നുവരാം." അതായതു്, "പ്രതിഫലമില്ലാതെ"യെന്ന വിശദാംശത്തെ സംബന്ധിച്ചിടത്തോളം വിട്ടുവീഴ്ചചെയ്യാവുന്ന സ്ഥിതിഗതികൾ ചില രാജ്യങ്ങളിൽ ചിലപ്പോളുള്ളവായേക്കും. എന്നാൽ, പ്രതിഫലം ഒരതിർത്തിവരെ കൊടുത്തിട്ടായാലും ഉല്പാദനോപകരണങ്ങൾ മുഴുവനും പടിപടിയായി പൊതുഉടമയിൽ കൊണ്ടുവരികയെന്ന സിദ്ധാന്തത്തിൽ യാതൊരു മാററവുമില്ല. ഈ സിദ്ധാന്തത്തെയാണ് ബ്രിട്ടീഷ് ലേബർപാർട്ടിയെപ്പോലുള്ള വലതുപക്ഷ സോഷ്യൽ ഡെമോക്രാററിക്കുപാർട്ടികളുടെ നേതാക്കന്മാരെതിർക്കുന്നതു്. അതുതന്നെയാണ് നമ്മുടെ നാട്ടിൽ ആവഡിസോഷ്യലിസത്തിൻെറ പ്രണേതാക്കളും പറയുന്നതു്.

— മുതലാളിത്തത്തിൽനിന്ന് സോഷ്യലിസത്തിലേയ്ക്കുള്ള പരിവർത്തനത്തിൽ പാർലമെൻററിമാർഗ്ഗത്തിനുള്ള സ്ഥാനത്തെ സംബന്ധിച്ച നിലപാടാണ് കമ്മ്യൂണിസത്തെ വലതുപക്ഷ സോഷ്യൽ ഡെമോക്രസിയിൽനിന്നു വേർതിരിക്കുന്നതു്. പാർലമെൻററി ഭരണവ്യവസ്ഥ തട്ടിത്തകർത്തു് തൊഴിലാളിവർഗ്ഗത്തിൻെറ സവിശേഷതകളുള്ള ഒരു പുതിയ ഭരണവ്യവസ്ഥ നിലവിൽ വരുത്തണം, അതിന് വർഗ്ഗസമരത്തിൻെറ ഏററവും ഉയർന്ന രൂപമായ ആഭ്യന്തരയുദ്ധത്തിന് തൊഴിലാളിവർഗ്ഗം തയ്യാറാവണം—ഇതായിരുന്നു കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിൻെറ ധാരണ. ഇതിൻേറയും വിശദാംശങ്ങളിൽ മാററം വരുത്തിയിരിക്കുന്നു. സോവിയററുകമ്മ്യൂണിസ്റ്റ്പാർട്ടിയുടെ പരിപാടിയിൽപ്പറയുന്നതുപോലെ, "ഭൂരിപക്ഷം ജനങ്ങളുടെ പിന്തുണയോടും, മുതലാളികളുമായി സന്ധിചെയ്യുകയെന്ന നയം ഉപേക്ഷിക്കുവാൻ കഴിയാത്ത അവസരവാദികളെ സുദൃഢമായി ചെറുത്തുകൊണ്ടും തൊഴിലാളിവർഗ്ഗത്തിന്, പിന്തിരിപ്പൻ ജനവിരുദ്ധശക്തികളെ തോല്പിക്കുവാനും, പാർലമെൻറിൽ സുശക്തമായ ഭൂരിപക്ഷം നേടുവാനും, മുതലാളിത്തത്തിൻെറ വർഗ്ഗതാല്പര്യസംരക്ഷണത്തിനുള്ള ഉപകരണമെന്നനിലയിൽനിന്ന് തൊഴിലാളിവർഗ്ഗത്തെ സേവി

ക്കുന്ന ഒരുപകരണമാക്കി പാർലമെൻററിനെ രൂപാന്തരപ്പെടുത്താനും, പാർലമെൻറിനുപുറത്ത് വിപുലമായ ഒരു ബഹുജനസമരം അഴിച്ചുവിട്ട് പിന്തിരിപ്പൻശക്തികളുടെ എതിർപ്പിനെ തകർത്ത് സമാധാനപരമായ സോഷ്യലിസ്റ്റ് വിപ്ലവത്തിനുവേണ്ട സാഹചര്യങ്ങൾ സൃഷ്ടിക്കുവാനും സാധിക്കുന്നതാണ്." ക്രുററൻ മുതലാളിത്തകുത്തകകൾക്കും പിന്തിരിപ്പൻശക്തികൾക്കുമെതിരായി, ദൂരവ്യാപകമായ സാമൂഹ്യപരിഷ്കാരങ്ങൾക്കും സോഷ്യലിസത്തിനും സമാധാനത്തിനുംവേണ്ടി, തൊഴിലാളികളുടേയും കൃഷിക്കാരുടേയും വർഗ്ഗസമരം വിപുലപ്പെടുത്തുകയും തുടർച്ചയായി വളർത്തിക്കൊണ്ടുവരികയും ചെയ്താൽമാത്രമേ ഇതു സാദ്ധ്യമാവുകയുള്ളൂ.

— മററൊരു പ്രശ്നം തൊഴിലാളിവർഗ്ഗസർവ്വാധിപത്യത്തെക്കുറിച്ചുള്ളതാണ്. ഇക്കാര്യത്തിൽ എവിടെയാണ് മാററമുള്ളത്, എവിടെ മാററമില്ല എന്നു മാർക്സിസം-ലെനിനിസത്തിൻെറ അടിസ്ഥാനതത്വങ്ങളിൽ ഇങ്ങനെ വ്യക്തമാക്കിയിരിക്കുന്നു:

## തൊഴിലാളിസർവ്വാധിപത്യത്തിൻെറ ബഹുവിധരൂപങ്ങൾ

ഓരോ രാജ്യത്തിൻേറയും വിമോചനസമരത്തിൽനിന്നാണ് തൊഴിലാളിവർഗ്ഗഭരണം ഉടലെടുക്കുന്നത്. അത് ഈ സമരത്തിൻെറ പ്രത്യേകസ്വഭാവങ്ങളും സാഹചര്യങ്ങളുമായി പൊതുവിൽ ബന്ധപ്പെട്ടിരിക്കും. അതുകൊണ്ടാണ് വ്യത്യസ്തരാജ്യങ്ങളിലെ തൊഴിലാളിവർഗ്ഗഭരണം വ്യത്യസ്തരൂപങ്ങൾ കൈക്കൊള്ളുന്നത്. ലെനിൻ എഴുതി: "എല്ലാ രാജ്യങ്ങളും സോഷ്യലിസത്തിലെത്തും. അതനിവാര്യമാണ്. പക്ഷേ എല്ലാം എത്തുന്നത് ഒരിക്കലും ഒരേമാതിരിയാവില്ല. ജനാധിപത്യത്തിൻെറ ഒരു പ്രത്യേകരൂപത്തിനും, തൊഴിലാളിവർഗ്ഗസർവ്വാധിപത്യത്തിൻെറ ഒരു പ്രത്യേകതരത്തിനും, സാമൂഹ്യജീവിതത്തിൻെറ വിവിധവശങ്ങളിൽ സോഷ്യലിസ്റ്റ്പരിവർത്തനങ്ങൾ നടപ്പിലാവുന്നതിൻെറ തോതിനും അതു സ്വന്തമായി എന്തെങ്കിലും സംഭാവനചെയ്യും." 20

കുറച്ചുമാത്രം തൊഴിലാളികളും ഭൂരിഭാഗം കർഷകജനങ്ങളും ഉള്ള ഒരു അവികസിതരാജ്യത്തിൽ തൊഴിലാളിവർഗ്ഗസർവ്വാധിപത്യം വിജയിക്കുന്നത് ഒരു കാര്യം. ജനസംഖ്യയിലെ സിംഹഭാഗം തൊഴിലാളികളാകത്തക്കവിധം ഉയർന്ന തോതിൽ വികസിച്ചുകഴിഞ്ഞിട്ടുള്ള ഒരു രാജ്യത്തിൽ അത് വിജയിക്കുന്നത് മററൊരു കാര്യം. രാജകീയവാഴ്ച നിലനിന്നിരുന്നൊരു രാജ്യത്തെ തൊഴിലാളിസർവ്വാധിപത്യം ഒരുതരത്തിലാണെങ്കിൽ ശതാബ്ദത്തോളം നീണ്ടുനിന്നുപോന്ന പാർലമെൻററിപാരമ്പര്യങ്ങളുള്ള രാജ്യങ്ങളിൽ അത് മററൊരുതരത്തിലായിരിക്കും.

തൊഴിലാളിസർവ്വാധിപത്യത്തിൻെറ രൂപം വിപ്ലവത്തിലെ വർഗ്ഗബന്ധങ്ങളേയും സമരത്തിൻെറ രൂക്ഷതയേയും ആശ്രയിച്ചിരിക്കും. ഭരണാധികാരിവർഗ്ഗം കലശലായി ചെറുത്തുനിൽക്കുകയും, വിപ്ലവം ഉഗ്രസ്വഭാവം കൈക്കൊള്ളുകയും ചെയ്യുന്നപക്ഷം ബൂർഷ്വാസിക്കാശ്രയമായിത്തീരാവുന്ന പഴയ രാഷ്ട്രീയസ്ഥാപനങ്ങളെയെല്ലാം നശിപ്പിച്ചുകളയാൻ തൊഴിലാളിവർഗ്ഗം നിർബ്ബന്ധരായിത്തീരും. നേരെമറിച്ച്, വിപ്ലവത്തിൻെറ ഗതിക്രമത്തിന്നിടയ്ക്ക്, അധികാരം തൊഴിലാളിവർഗ്ഗത്തിൻെറ കൈകളിലേയ്ക്ക് സമാധാനപരമായി മാറത്തക്കവിധം പിന്തിരിപ്പൻശക്തികൾ അത്രയ്ക്ക് ബലഹീനമാണെങ്കിൽ, പഴയ അധികാരസ്ഥാപനങ്ങളിൽ ചിലതിനെ—ഉദാഹരണത്തിന് പാർലമെൻറുപോലുള്ള ചിലതിനെ—

സോഷ്യലിസ്റ്റ്നിർമ്മാണത്തിന്റെ താല്പര്യങ്ങൾക്കു ചേരുന്ന തരത്തിൽ പുനഃസംഘടിപ്പിച്ചുകൊണ്ടു് ഉടൻപ്രയോഗിക്കാവുന്നതാണു്.

വിപ്ലവത്തിനുശേഷം സ്ഥാപിക്കപ്പെടുന്ന രാഷ്ട്രീയജനാധിപത്യത്തിന്റെ രൂപം വിപ്ലവത്തിന്റെ പ്രേരകശക്തികളുടെ സ്വഭാവത്തെ ആശ്രയിച്ചിരിക്കും. തൊഴിലാളിവർഗ്ഗത്തിന്റെ സമരമുന്നണി എത്രത്തോളം വിശാലമാണോ അത്രത്തോളം ചുരുക്കം ജനവിഭാഗങ്ങളുടെനേക്കുമാത്രമേ അക്രമം പ്രയോഗിക്കേണ്ടിവരികയുള്ളു. തൊഴിലാളിജനാധിപത്യത്തിന്റെ വികാസം അത്രയ്ക്കും വിശാലമായിരിക്കുകയുംചെയ്യും.

എന്നാൽ, വസ്തുനിഷ്ഠമായ ഈ ഘടകങ്ങൾക്കു് എത്രകണ്ടു് പ്രാധാന്യമുണ്ടെങ്കിലും ശരി, ബഹുജനങ്ങളുടെ വിപ്ലവാത്മകവും നിർമ്മാണാത്മകവുമായ പ്രവർത്തനങ്ങളും മാർക്സിസ്റ്റ്-ലെനിനിസ്റ്റ് പാർട്ടികളുടെ വർഗ്ഗബോധത്തോടുകൂടിയ പ്രവർത്തനങ്ങളും, അതിമഹത്തായൊരു പങ്കു വഹിക്കുന്നു. ഈ പാർട്ടികൾ തൊഴിലാളിസർവ്വാധിപത്യമെന്ന തത്വത്തോടു ക്രൂരംപുലർത്തുന്നുവെങ്കിലും അതിന്റെ ഏതെങ്കിലും സമൂർത്തമായ രൂപത്തെ ഒരാരാധനാവസ്തുവാക്കി മാററുന്നില്ല. ഏതെങ്കിലുമൊരു രൂപം എല്ലാ പരിതഃസ്ഥിതികളിലും യാന്ത്രികമായി പ്രയോഗിക്കാവുന്നതാണെന്നു് അവർ കരുതുന്നില്ല. അധ്വാനിക്കുന്നവരുടെ രാഷ്ട്രീയാധികാരത്തിനുള്ള രൂപങ്ങളാവിഷ്കരിക്കുമ്പോൾ അതാതു രാജ്യത്തിലെ വിപ്ലവതൊഴിലാളിപ്പാർട്ടികൾ സാർവ്വദേശീയതൊഴിലാളിപ്രസ്ഥാനത്തിന്റെ അനുഭവങ്ങളേയും, സ്വന്തം നാട്ടിനുള്ളിലെ സാഹചര്യങ്ങളേയും ദേശീയസവിശേഷതകളേയുമെല്ലാം ശ്രദ്ധാപൂർവ്വം പരിഗണിക്കുന്നു.

## സോവിയററു ഭരണാധികാരം

ലോകത്തിലെ ഒന്നാമത്തെ തൊഴിലാളിവർഗ്ഗസർവ്വാധിപത്യം സ്ഥാപിക്കപ്പെട്ടതു് റഷ്യയിലായിരുന്നു. തൊഴിലാളികൾ, കൃഷിക്കാർ, പട്ടാളക്കാർ എന്നിവരുടെ പ്രതിനിധികളടങ്ങിയ സോവിയററുകളുടെ രൂപത്തിലാണതു് സ്ഥാപിക്കപ്പെട്ടതു്. തൊഴിലാളിവർഗ്ഗസമരത്തിന്റെ ആവശ്യങ്ങളിൽനിന്നാണു് ഭരണകൂടത്തിന്റെ ഈ രൂപം ഉത്ഭവിച്ചതു്. ബഹുജനങ്ങൾ സ്വയം സൃഷ്ടിച്ചതാണതു്.

1904—07-ലെ ഒന്നാംറഷ്യൻവിപ്ലവക്കാലത്താണു് സോവിയററുകൾ രൂപീകരിക്കപ്പെട്ടതു്. 1917 ഫെബ്രുവരിയിലെ ബൂർഷ്വാ ജനാധിപത്യവിപ്ലവം വിജയിച്ച ഉടനെതന്നെ അവ വീണ്ടും രൂപീകരിക്കപ്പെട്ടു. ഈ പ്രാവശ്യം അതു് ഏതാനും പട്ടണങ്ങളിൽമാത്രമല്ല രാജ്യത്തങ്ങോളമിങ്ങോളം ഉയർന്നുവന്നു. തൊഴിലാളിപ്രതിനിധികൾ മാത്രമടങ്ങിയ സോവിയററുകളായിട്ടല്ല, തൊഴിലാളികൾ, പട്ടാളക്കാർ, കൃഷിക്കാർ എന്നിവരുടെയെല്ലാം പ്രതിനിധികളടങ്ങിയ സോവിയററുകളായിട്ടാണു് അവ ജന്മംപൂണ്ടതു്. 1917-ലെ ഒക്ടോബർവിപ്ലവത്തിനുശേഷം അധികാരം പൂർണ്ണമായി അവർ കൈവശപ്പെടുത്തി.

മാർക്സിസം-ലെനിനിസം ആവിഷ്കരിച്ച തൊഴിലാളിസർവ്വാധിപത്യതത്വങ്ങളെ ആദ്യമായി പ്രയോഗത്തിൽ വരുത്തുകയും, തൊഴിലാളിഭരണകൂടത്തേയും ബൂർഷ്വാഭരണകൂടത്തേയും തമ്മിൽ വേർതിരിക്കുന്ന പ്രത്യേകസ്വഭാവങ്ങൾ എന്തെല്ലാമെന്നു് ആദ്യമായി വെളിപ്പെടുത്തുകയും ചെയ്തതു് സോവിയററുഭരണമാണു്. അതേസമയത്തു് റഷ്യയിലെ സോഷ്യലിസ്റ്റ്നിർമ്മാണത്തിന്റെ സാഹചര്യങ്ങളുടേതായ നിരവധി സവിശേഷസ്വഭാവങ്ങളെക്കൂടി അതു് പ്രതിഫലിപ്പിക്കുന്നുണ്ടു്. സാമ്പത്തികമായി പിന്നണിയിൽ കിടന്നിരുന്ന ഒരു രാജ്യത്താണു്—ശതാബ്ദങ്ങളായി നാടുവാഴി-രാജവാഴ്ചയുടെ മേധാവിത്വത്തിൻകീഴിൽ കിടന്നി

രുന്ന ഒരു രാജ്യത്താണ്—സോവിയറ്റുഭരണം നിലവിൽ വന്നിട്ടുള്ളതെന്ന വസ്തുത സോവിയറ്റുഭരണാധികാരത്തിന്മേൽ സ്വാധീനംചെലുത്താതിരിക്കാൻ നിർവ്വാഹമില്ല.

മുതലാളിത്തഭരണത്തെ ആദ്യമായി തട്ടിനീക്കിയ റഷ്യൻതൊഴിലാളിവർഗ്ഗത്തിന് പുറന്തള്ളപ്പെട്ട വർഗ്ഗങ്ങളുടെ അമർഷംനിറഞ്ഞ പ്രതിരോധത്തെ നേരിടേണ്ടിവന്നു. വളരെക്കാലത്തോളം, സോവിയറ്റുയൂണിയൻ മുതലാളിത്തലോകമെന്ന ശത്രുവിനെ ഒററയ്ക്കു നേരിട്ടു. അതുകൊണ്ടാണ്, ലെനിൻ പറഞ്ഞതുപോലെ, റഷ്യയിലെ തൊഴിലാളിവർഗ്ഗസർവ്വാധിപത്യം "അതിന്റെ ഏററവും അയവററ രൂപത്തിൽ"തന്നെ സ്ഥാപിക്കേണ്ടിവന്നതു്. മുതലാളിത്തത്തിൽനിന്ന് സോഷ്യലിസത്തിലേയ്ക്കുള്ള പരിണാമഘട്ടത്തിൽ സോവിയറ്റുയൂണിയനിലെ തൊഴിലാളിവർഗ്ഗത്തിന് ജനാധിപത്യത്തെസ്സംബന്ധിച്ചിടത്തോളംതന്നെ ചില നിയന്ത്രണങ്ങൾ, വിശേഷിച്ചും, കൃഷകരുടെ വോട്ടവകാശം എടുത്തുകളഞ്ഞുകൊണ്ടുള്ള നിയന്ത്രണം, നടപ്പിലാക്കേണ്ടിവന്നതും ഈ അസാധാരണ പരിതഃസ്ഥിതികൾമൂലമാണ്. എന്നിട്ടും, വോട്ടവകാശം നിഷേധിക്കപ്പെട്ടവരുടെ എണ്ണം എത്രയോ തുച്ഛമായിരുന്നുവെന്ന് ഇവിടെ ചൂണ്ടിക്കാണിക്കേണ്ടതുണ്ടു്.

സോവിയറ്റുകളുടെ പ്രത്യേകതകളെന്തെല്ലാമാണ്? പ്രതിജ്ഞാബദ്ധമായ വർഗ്ഗസംഘടനകളായിരുന്നു അവ. തൊഴിലാളികൾ, കൃഷിക്കാർ, അവരുടെ കൂടെ ചേർന്നിട്ടുള്ള അദ്ധ്വാനിക്കുന്ന ബുദ്ധിജീവികൾ എന്നിവർക്കുമാത്രമേ അതിലേയ്ക്കു് തെരഞ്ഞെടുക്കപ്പെടാനും തെരഞ്ഞെടുക്കാനുമുള്ള ശരിയായ അവസരം നല്കപ്പെട്ടിരുന്നുള്ളൂ. ഇടക്കാലഘട്ടത്തിൽ സോവിയറ്റുകളിലേയ്ക്കുള്ള തെരഞ്ഞെടുപ്പ് പ്രാദേശികാടിസ്ഥാനത്തിലായിരുന്നില്ല; ഫാക്ടറികളിലും പട്ടാളത്തിലും ഗ്രാമത്തിലും മററുമായി ജോലിയുടെ അടിസ്ഥാനത്തിലായിരുന്നു.

ജനസംഖ്യയിൽ ഭൂരിപക്ഷവും കൃഷിക്കാരായ പഴയ റഷ്യയെപ്പോലുള്ള ഒരു പെററിബൂർഷ്വാരാജ്യത്തു് പട്ടണങ്ങളിൽനിന്നും സോവിയറ്റുകളിലേയ്ക്കുള്ള പ്രാതിനിധ്യത്തിന്റെ വിഹിതം ഉൾനാട്ടുകളിൽനിന്നുള്ളതിനേക്കാൾ വ്യത്യസ്തമായിരുന്നു. ന്യൂനപക്ഷമായിരുന്ന തൊഴിലാളിവർഗ്ഗത്തിന് കൃഷകരെ നയിക്കാൻ, കുറച്ചു കാലത്തേയ്ക്കു്, രാഷ്ട്രീയമായ ചില പ്രത്യേകാവകാശങ്ങൾ ആവശ്യമായിരുന്നു.

നൂറായിരക്കണക്കിലുള്ള തൊഴിലാളികൾ സോവിയറ്റുകൾവഴിയായി രാജ്യതന്ത്രത്തിൽ പ്രായോഗികപരിശീലനം നേടി. സോവിയറ്റുകൾ നിലവിൽ വന്ന് ആദ്യത്തെ പത്തുകൊല്ലങ്ങൾക്കുള്ളിൽ ഡെപ്യൂട്ടികളെന്ന നിലയ്ക്കും; എക്സിക്യൂട്ടീവ് കമ്മിററിമെമ്പർമാരെന്ന നിലയ്ക്കും കോൺഗ്രസ്സിലേയ്ക്കുള്ള ഡെലിഗേററുകളെന്ന നിലയ്ക്കും മററുമായി ഏതാണ്ട് ഒന്നേകാൽകോടി ആളുകൾ അതിൽ പങ്കുവഹിക്കുകയുണ്ടായി.

സോവിയറ്റുഭരണം എല്ലാ ദേശീയജനവിഭാഗങ്ങൾക്കും വേറിട്ടുപോകാനും സ്വതന്ത്രമായ ഭരണകൂടങ്ങൾ സ്ഥാപിക്കാനുമുള്ള അവകാശമുൾപ്പെടെയുള്ള സ്വയംനിർണ്ണയാവകാശമുണ്ടെന്നു പ്രഖ്യാപിച്ചു. മാത്രമല്ല, എല്ലാ ജനതകളുമടങ്ങിയ, സ്വതന്ത്രവും സമാവകാശമുള്ളതുമായ ഒരു ഫെഡറേഷൻ രൂപീകരിച്ചുകൊണ്ട് പരമാർത്ഥത്തിൽ ഈ സ്വാതന്ത്ര്യത്തിനുറപ്പുനല്കുകയും ചെയ്തു. 1922-ൽ നിലവിൽവന്ന സോവിയറ്റുസോഷ്യലിസ്റ്റ്റിപ്പബ്ളിക്കുകളുടെ യൂനിയൻ ദേശീയജനവിഭാഗങ്ങൾക്കിടയിൽ യഥാർത്ഥസ്വാതന്ത്ര്യത്തിന്റേയും സമത്വത്തിന്റേയും അടിസ്ഥാനത്തിൽ പടുത്തുയർത്തപ്പെട്ടതാണ്.

ഉൾനാട്ടുകളിലെ വർഗ്ഗസമരത്തിന്റെ വളർച്ച സോവിയറ്റുകളുടെ രാഷ്ട്രീയനേതൃത്വത്തിന് ഒരു ഏകപാർട്ടിവ്യവസ്ഥ രൂപീകരിക്കുന്നതിലേയ്ക്കു് വഴിതെളിയിച്ചു. 1917 ഫെബ്രവരിക്കും ഒക്ടോബറിനുമിടയ്ക്കുള്ള കാലഘട്ട

ത്തിൽ കമ്മ്യൂണിസ്റ്റ്പാർട്ടി സോവിയററിലും മററു പൊതുജനസംഘടനകളിലും ഭൂരിപക്ഷം നേടിക്കഴിഞ്ഞിരുന്നു. സമാധാനവും, ഭൂമിയും, സ്വാതന്ത്ര്യവും, ആഴത്തിലിറങ്ങിച്ചെല്ലുന്ന സാമൂഹ്യപരിവത്തനങ്ങളും മററും നേടാനുതകുന്ന, യാഥാർത്ഥ്യബോധത്തോടുകൂടിയ ഒരു പരിപാടിയുള്ള ഒരേയൊരു പാർട്ടി അതാണെന്നും പ്രസ്തുത പരിപാടി നടപ്പിൽവരുത്താനുള്ള കഴിവും അതിനു മാത്രമേയുള്ളുവെന്നും തൊഴിലാളിവർഗ്ഗത്തിനു ബോദ്ധ്യമായി. മററെല്ലാ പാർട്ടികൾക്കും ബഹുജനപിന്തുണ നഷ്ടപ്പെട്ടു.

ഭൂരിപക്ഷം ജനങ്ങളുടേയും പിന്തുണയുണ്ടായിരുന്നെങ്കിൽക്കൂടി അധികാരസ്ഥാനങ്ങളിൽനിന്ന് മററു പാർട്ടികളെയെല്ലാം പുറന്തള്ളണമെന്നോ അവയെ നിരോധിക്കണമെന്നോ കമ്മ്യൂണിസ്റ്റ്പാർട്ടിക്കുദ്ദേശമുണ്ടായിരുന്നില്ല. 1917 നവംബറിൽ ലെനിൻ പറഞ്ഞു: "........ഞങ്ങൾക്കൊരു സോവിയററു സങ്കരഗവണ്മെൻറാണ വേണ്ടിയിരുന്നതു്. ഞങ്ങൾ സോവിയററിൽനിന്ന് ആരേയും പുറത്താക്കിയില്ല."[21]

ഉൾനാട്ടുകളിൽ കടുത്ത വർഗ്ഗസമരം പൊട്ടിപ്പുറപ്പെട്ടതിനാൽ രാഷ്ട്രീയശക്തികൾക്ക് ഒന്നുകിൽ തൊഴിലാളിവർഗ്ഗത്തിന്നെതിരായി ബൂർഷ്വാസിയുടെ ഭാഗത്തു ചേരുകയോ അല്ലെങ്കിൽ ബൂർഷ്വാസിക്കെതിരായി തൊഴിലാളിവർഗ്ഗത്തിൻെറ ഭാഗത്തു ചേരുകയോ, രണ്ടിലൊന്നു ചെയ്യേ കഴിയൂ എന്ന നില വന്നുചേർന്നു. പെററിബൂർഷ്വാപാർട്ടികൾ ഓരോന്നോരോന്നായി എതിർവിപ്ലവച്ചേരിയിൽ ചേർന്നു. സോഷ്യലിസ്റ്റ്-റവല്യൂഷണറി പാർട്ടിയിലെ ഇടതുപക്ഷം മാത്രമാണ് തെല്ലൊന്നു ശങ്കിച്ചതു്. അവരെക്കൂടി ഗവണ്മെൻറിൽ പങ്കെടുപ്പിക്കുവാൻ കമ്മ്യൂണിസ്റ്റ്പാർട്ടി ശ്രമിച്ചു. 1917 ഡിസംബറിൽ ഈ പാർട്ടിയുടെ ഏഴു പ്രതിനിധികൾ സോവിയററുഗവണ്മെൻറിൽ പങ്കുചേർന്നു. എങ്കിലും, 1918 ജൂലായിൽ ഇടതുപക്ഷസോഷ്യലിസ്റ്റ്‌വിപ്ലവകാരികൾ ഒരെതിർവിപ്ലവമാരംഭിച്ചു. തൊഴിലാളിവർഗ്ഗതാല്പര്യങ്ങൾക്കനുയോജ്യമായ ലക്ഷ്യങ്ങൾക്കുവേണ്ടി സമരംനടത്തുന്ന ഒരേയൊരു പാർട്ടി കമ്മ്യൂണിസ്റ്റ്പാർട്ടി മാത്രമായിത്തീർന്നു. അങ്ങിനെ, റഷ്യയിൽ തൊഴിലാളിവർഗ്ഗസർവ്വാധിപത്യത്തിനുണ്ടായിരുന്ന ഏകകക്ഷിഭരണസ്വഭാവം അവിടുത്തെ വർഗ്ഗസമരത്തിൻെറ സമൂർത്തമായ പരിതഃസ്ഥിതികളുടെ ഫലമായിട്ടുണ്ടായതാണ്.

തൊഴിലാളിവർഗ്ഗത്തിൻെറ വർഗ്ഗസർവ്വാധിപത്യത്തിനുള്ള ഉത്തമോദാഹരണമാണ് സോവിയററുഭരണം. തീച്ചയായും ഈ സർവ്വാധിപത്യത്തിൻെറ ഫലമായിട്ടു മാത്രമാണ് അഭ്യന്തരയുദ്ധത്തെ നേരിട്ടു വിജയിക്കാനും, ഇടപെടലുകാരെ തോല്പിക്കാനും, സാമ്പത്തികമായ അരാജകത്വം പരിഹരിക്കാനും, ഒരൊററ രാജ്യത്തുമാത്രമായി സോഷ്യലിസം കെട്ടിപ്പടുക്കാനും "അടിത്തട്ടിൻെറയടിത്തട്ടിൽ കിടന്നിരുന്ന" ഒരു ജനതയെ സമകാലികസാംസ്കാരികനിലവാരത്തിലേക്കുയത്തുവാനുമെല്ലാം സാധിച്ചതു്.

## ജനകീയജനാധിപത്യം

സാർവ്വദേശീയവിമോചനപ്രസ്ഥാനത്തിൻെറ വളർച്ചയുടെ ഫലമായി അദ്ധ്വാനിക്കുന്ന ജനങ്ങളുടെ അധികാരത്തിൻെറ പുതിയൊരു രൂപം ഉയർന്നുവന്നിട്ടുണ്ട്—ജനകീയജനാധിപത്യം. രണ്ടാംലോകമഹായുദ്ധത്തിനുശേഷം യൂറോപ്പിൻെറയും ഏഷ്യയുടേയും മദ്ധ്യഭാഗത്തും തെക്കുകിഴക്കൻഭാഗങ്ങളിലും ഈ ഭരണരൂപം സ്ഥാപിതമായി. അടിസ്ഥാനപരമായ സമ്പ്രദായങ്ങൾ സോവിയററുഭരണരൂപത്തിൻേറതുപോലെത്തന്നെയാണെങ്കിലും ജനകീയജനാധിപത്യത്തിനു സ്വന്തമായ സവിശേഷതകൾ പലതുമുണ്ട്.

സോവിയററുകൾ ആവിർഭവിച്ച കാലത്ത് റഷ്യയിലുണ്ടായിരുന്നതിൽനിന്നും വിഭിന്നമായ ഒരു നിലപാടിൽ വർഗ്ഗശക്തികൾ അണിനിരന്ന പരിതഃസ്ഥിതികളിലാണ് ജനകീയജനാധിപത്യം ഉത്ഭവിച്ചത്. പോളണ്ട്, ചെക്കോസ്ലോവാക്യ, ഹംഗറി, റുമേനിയ, ബൾഗേറിയ, യൂഗോസ്ലാവിയ എന്നീ രാജ്യങ്ങളിലെല്ലാം ഫാസിസ്റ്റ്‌വിരുദ്ധയുദ്ധകാലത്ത് ഫാസിസത്തിന്നെതിരായ ജനാധിപത്യശക്തികളെല്ലാംകൂടി ഒരൈക്യമുന്നണി സൃഷ്ടിച്ചു. തുടക്കംമുതൽക്കുതന്നെ നേതൃത്വപരമായൊരു പങ്കുവഹിച്ചിരുന്ന തൊഴിലാളിവർഗ്ഗം, എല്ലാ സാമൂഹ്യപതനത്തിലുമുള്ള കൃഷിക്കാർ, പട്ടണനിവാസികളിലെ ഇടത്തരക്കാർ, രാജ്യസ്നേഹികളായ ബുദ്ധിജീവികൾ, ഇടത്തരം ബൂർഷ്വാസിക്കിടയിലെ ഗണ്യമായൊരു വിഭാഗം—ഇവരൊക്കെ അതിലുംപ്പെട്ടിരുന്നു.

വിപ്ലവത്തിന്റെ സാമൂഹ്യാടിസ്ഥാനം കൂടുതൽ വിപുലമായപ്പോൾ തൊഴിലാളിവർഗ്ഗാധികാരത്തിന് പുതിയൊരു രൂപത്തിലുള്ള ഭരണക്രമം ആവശ്യമായിത്തീർന്നു. തൊഴിലാളിവർഗ്ഗസർവ്വാധിപത്യത്തിന്റെ കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നതിനുള്ള ജനാധിപത്യപരമായ ഈ പുതിയ രൂപമാണ് ജനകീയജനാധിപത്യം. ഇതിന്റെ അവിർഭാവം മുതലാളിത്തത്തിന്റെ പൊതുക്കുഴപ്പത്തിന്റെ ഇന്നത്തെ ഘട്ടത്തിൽ നിലവിലുള്ള പരിതഃസ്ഥിതികളിൽ വേരൂന്നിയിരിക്കുന്നു. മുതലാളിത്തലോകത്തിൽ നടക്കുന്ന വർഗ്ഗപരിണാമങ്ങളെ—വൻകിട മൂലധനം തുടർച്ചയായി ഒററപ്പെട്ടുകൊണ്ടുവരികയും, ബഹുജനങ്ങൾ തൊഴിലാളിവർഗ്ഗത്തിനു ചുററും അണിനിരക്കുകയും ജനാധിപത്യകടമകളും സോഷ്യലിസ്റ്റ്‌കടമകളും കൂടുതൽ കൂടുതൽ ഒന്നായിത്തീരുകയും ചെയ്യുന്നതിനെ—അതു പ്രതിഫലിപ്പിക്കുന്നു.

ജനകീയജനാധിപത്യം സോവിയററുഭരണത്തെപ്പോലെ തുടക്കംമുതല്ക്കുതന്നെ തൊഴിലാളിസർവ്വാധിപത്യത്തിന്റെ കടമകൾ നിർവ്വഹിക്കാൻ ആരംഭിച്ചില്ല. ചില രാജ്യങ്ങളിൽ വിപ്ലവത്തിന്റെ ആദ്യഘട്ടത്തിൽ കമ്മ്യൂണിസ്റ്റ്-വർക്കേഴ്സ് പാർട്ടികൾക്ക് പാർലിമെൻറുകളിലോ സങ്കരഗവൺമെൻറുകളിലോ ഒരുറച്ച ഭൂരിപക്ഷമുണ്ടായിരുന്നില്ല. ബഹുജനങ്ങളുടെമേൽ അവക്കു വമ്പിച്ച സ്വാധീനശക്തിയുണ്ടായിരുന്നുവെങ്കിലും കൃഷിക്കാരിൽ ഗണ്യമായൊരുവിഭാഗവും ബുദ്ധിജീവികളും, ഇടത്തരക്കാരും മററു പാർട്ടികൾക്ക് പിന്തുണ നൽകി.

ജനകീയഭരണക്രമം ആദ്യഘട്ടത്തിൽ ഒരു തൊഴിലാളിസർവ്വാധിപത്യഭരണക്രമമായിരുന്നില്ല. അതു ഫാസിസത്തിനും നാട്ടിനുള്ളിൽത്തന്നെയുള്ള ഫാസിസത്തിന്റെ പാദസേവകർക്കുമെതിരായ ഒരു ജനകീയജനാധിപത്യശക്തിയായിരുന്നു. അതിന്റെ വർഗ്ഗസത്തയെക്കുറിച്ച് പറയുകയാണെങ്കിൽ അത് തൊഴിലാളിവർഗ്ഗത്തിന്റെയും കൃഷിക്കാരുടേയും കൂട്ടായ വിപ്ലവ-ജനാധിപത്യ-സർവ്വാധിപത്യമല്ലാതെ മറെറാന്നുമല്ലായിരുന്നു. "ജനാധിപത്യവിപ്ലവത്തിൽ സോഷ്യൽ ഡെമോക്രസിയുടെ രണ്ടു തന്ത്രങ്ങൾ" എന്ന തന്റെ പുസ്തകത്തിൽ ലെനിൻ ഇതിനെപ്പററി പറഞ്ഞിട്ടുണ്ട്. ചരിത്രപരിതഃസ്ഥിതികളുടെ പ്രത്യേകതകളെ പ്രതിഫലിപ്പിക്കുന്നതരത്തിൽ ഈ സർവാധിപത്യം ഒരു പുതിയ രൂപത്തിൽ ഇവിടെ പ്രത്യക്ഷപ്പെട്ടുവെന്നേയുള്ളു. ജനകീയജനാധിപത്യവിപ്ലവം വിജയിച്ചയുടനെ അതു ഭരണാധികാരത്തിൽ മററു വർഗ്ഗങ്ങളേയും കൂട്ടുചേരുവാനനുവദിച്ചുവെങ്കിലും ജനാധിപത്യക്കൂട്ടുകക്ഷിയിൽ തൊഴിലാളിവർഗ്ഗം ആരംഭംമുതല്ക്കുതന്നെ നേതൃത്വപരമായ ഒരു പങ്കാണ് വഹിച്ചുപോന്നത്. പരിണാമഘട്ടത്തിനു ചേന്ന വെറുമൊരു ഇടക്കാലഭരണക്രമമായിരുന്നു ഇതു്. ജനാധിപത്യച്ചേരിക്കുള്ളിൽ വർഗ്ഗശക്തികൾ തമ്മിലുള്ള ബന്ധത്തേയും, അധ്വാനിക്കുന്ന ജനങ്ങളും വലതുപക്ഷബൂർഷ്വാഘടകങ്ങളും തമ്മിലുള്ള വർഗ്ഗസമരത്തിന്റെ അനന്തരഫലങ്ങളേയും ആശ്രയിച്ചാണ് അതിന്റെ ഭാവി നിലകൊണ്ടതു്.

ദേശീയവിമോചനലക്ഷ്യം നേടിക്കഴിഞ്ഞപ്പോൾ അതേവരെ തൊഴിലാളിവർഗ്ഗവുമായി സഹകരിച്ചുപോന്ന ബൂർഷ്വാസിക്കിടയിലെ വലതുപക്ഷഗ്രൂപ്പ്

തൊഴിലാളിവർഗ്ഗത്തെ ഗവൺമെൻറിൽനിന്നും പുറന്തള്ളാനും രാജ്യത്തെ ബൂർഷ്വാരീതിയിലുള്ള അഭിവൃദ്ധിയുടെ മാർഗ്ഗത്തിലേയ്ക്കു തിരിക്കാനും ശ്രമിച്ചു. ബൂർഷ്വാസിക്കു കൂടുതൽ ശക്തിയുള്ള ചില രാജ്യങ്ങളിൽ—ഉദാഹരണത്തിന് ചെക്കോസ്ലോവാക്യ—അതു് പരസ്യമായ അട്ടിമറിപ്പണി നടത്തി അധികാരം പിടിച്ചു പററാൻ ശ്രമിച്ചു. എന്നാൽ, പൊതുജനങ്ങളുടെ പിന്തുണയെ ആശ്രയിച്ചിരുന്ന തൊഴിലാളിവർഗ്ഗം ഈ പരിശ്രമങ്ങളെയെല്ലാം നിഷ്ഫലമാക്കിക്കൊണ്ടു് സോഷ്യലിസത്തിലേയ്ക്കു മുന്നേറുന്ന ബഹുജനപ്രസ്ഥാനത്തിൻെറ നേതൃത്വമേറെറടുത്തു. തൊഴിലാളിവർഗ്ഗപ്പാർട്ടികളുടെ മുൻകയ്യോടുകൂടി സോഷ്യലിസ്റ്റ്രീതിയിലുള്ള അടിസ്ഥാനപരമായ പരിഷ്കരണങ്ങൾ നടപ്പിലാക്കപ്പെട്ടു. ജനസംഖ്യയിലെ എല്ലാം വിഭാഗങ്ങളും കമ്മ്യൂണിസ്റ്റുകാർക്കു് പരിപൂർണ്ണമായ പിന്തുണ നൽകി. ജനാധിപത്യച്ചേരികളിൽ തൊഴിലാളിവർഗ്ഗവും അതിൻെറ പാർട്ടികളും മുഴുവൻനേതൃത്വവുമേറെറടുത്തു. തന്നിമിത്തം ജനകീയജനാധിപത്യഭരണക്രമം തൊഴിലാളിസർവ്വാധിപത്യത്തിൻെറ കർത്തവ്യങ്ങൾ പൂർത്തിയാക്കാനാരംഭിച്ചു.

ജനകീയജനാധിപത്യത്തിന്നാസ്പദമായ വർഗ്ഗശക്തികളുടെ വിപുലമായ സഖ്യം രാഷ്ട്രീയജനാധിപത്യം വിപുലമാക്കാൻ സഹായകമായിത്തീർന്നു. ദേശീയവഞ്ചകരും ഫാസിസ്റ്റക്രമികളുടെ പാദസേവകരുമായ വളരെ ചുരുക്കംപേരുടെ കാര്യത്തിൽ മാത്രമേ രാഷ്ട്രീയാധികാരങ്ങൾ നിരോധിക്കപ്പെട്ടിരുന്നുള്ളു. കൃഷിക്കാർ, പട്ടണത്തിലെ പെററിബൂർഷ്വാസി, ബുദ്ധിജീവികൾ, മററു ജനാധിപത്യശക്തികൾ തുടങ്ങിയവരെസ്സംബന്ധിച്ചേടത്തോളം ആരംഭംമുതല്ക്കുതന്നെ ജനാധിപത്യാവകാശങ്ങൾ അനുവദിക്കപ്പെട്ടിരുന്നു.

ചൈനയിലെ ജയകീയഭരണത്തിന്നു് ഇതിലും വിശാലമായ ഒരടിസ്ഥാനമുണ്ടായിരുന്നു. അവിടുത്തെ ദേശീയവിമോചനപ്രസ്ഥാനം രൂപപ്പെട്ടതു് ജാപ്പ് വിരുദ്ധയുദ്ധകാലത്താണു്. തൻമൂലം ഈ പ്രസ്ഥാനം നിരവധി ദേശീയബൂർഷ്വകളടക്കം ജനസംഖ്യയിലെ എല്ലാ വിഭാഗങ്ങളേയും ഉൾക്കൊണ്ടിരുന്നു. ചൈനീസ്സ് ജനകീയറിപ്പബ്ളിക്ക് സ്ഥാപിതമായതോടുകൂടി തൊഴിലാളിവർഗ്ഗത്തിൻെറ സഖ്യശക്തികളായ ജനാധിപത്യവാദികൾ മുഴുവൻ ക്രമേണ സോഷ്യലിസത്തിന്നു് പിന്തുണനൽകാൻ തുടങ്ങി.

തൊഴിലാളിവർഗ്ഗനേതൃത്വത്തിൽ അദ്ധ്വാനിക്കുന്നവരുടെ ഭരണാധികാരത്തിൻെറ രണ്ടുരൂപങ്ങളെന്നനിലയ്ക്കു് സോവിയററുകളും ജനകീയ ജനാധിപത്യവും തമ്മിൽ അടിസ്ഥാനപരമായി സാമ്യതയുണ്ടെങ്കിലും; അവയാവിർഭവിച്ച ചരിത്രപരമായ പരിതഃസ്ഥിതികളുടെ പ്രത്യേക സവിശേഷതകളുടെ ഫലമായി അവയ്ക്കുതമ്മിൽ വ്യത്യാസങ്ങളുമുണ്ടു്.

ഈ വ്യത്യാസങ്ങളെന്തൊക്കെയാണു്? ഒന്നാമതു്, ജനകീയ ജനാധിപത്യരാജ്യങ്ങളിൽ മാർക്സിസ്റ്റ്പാർട്ടിയുടെ നേതൃത്വത്തിൽ ഒരു ബഹുകക്ഷിസമ്പ്രദായം കാത്തുരക്ഷിക്കപ്പെടുന്നു. റഷ്യയിൽ തൊഴിലാളിവിപ്ലവത്തെ ബൂർഷ്വാസിയുടേയും ജന്മികളുടേയും പാർട്ടികൾക്കു പുറമേ പെററിബൂർഷ്വാപാർട്ടികളും എതിർത്തപ്പോൾ, ചൈനയിലും മററു പല ജനകീയജനാധിപത്യരാജ്യങ്ങളിലും ഈ പാർട്ടികളിൽ മിക്കവയും വിപ്ലവത്തിൻെറ സോഷ്യലിസ്റ്റ്ഘട്ടത്തിൻെറ പുരോഗതിയെ സഹായിച്ചു. അവർ തൊഴിലാളിവർഗ്ഗത്തിൻേറയും അതിൻെറ മാർക്സിസ്റ്റ്-ലെനിനിസ്റ്റ് പാർട്ടിയുടേയും നേതൃത്വം അംഗീകരിച്ചുകൊണ്ടു്, സോഷ്യലിസ്റ്റ്പന്ഥാവിലൂടെയുള്ള സാമൂഹ്യപുരോഗതിയെ ത്വരിതപ്പെടുത്താൻ അതിൻെറകൂടെനിന്നു് പ്രവർത്തിക്കുന്നു. ഉദാഹരണത്തിന്നു്, ചെക്കോസ്ലോവാക്യയിലെ സോഷ്യലിസ്റ്റ് പാർട്ടി, പീപ്പിൾസ്പാർട്ടി, സ്ലോവാക്ക് ഫ്റീഡംപാർട്ടി, സ്ലോവാക്ക് റീകൺസ്ട്രക്ഷൻ പാർട്ടി തുടങ്ങിയവയും, പോളണ്ടിലെ യുണൈറഡ് പെസൻറ്സ് പാർട്ടിയും ഡെമോക്രാററിക്ക്പാർട്ടിയും എല്ലാം ഇത്തരം പാർട്ടികളാ

ണ്. ജർമ്മൻജനാധിപത്യറിപ്പബ്ലിക്കിലെ ദേശീയമുന്നണിയിൽ തൊഴിലാളിവർഗ്ഗപാർട്ടികൾക്കു പുറമേ പല ബൂർഷ്വാജനാധിപത്യപാർട്ടികളുമുണ്ട്. മിക്ക രാജ്യങ്ങളിലും ഈ പാർട്ടികളുടെയെല്ലാം പ്രതിനിധികൾ കൂട്ടുഗവർമ്മെൻറിലെ അംഗങ്ങളാണ്. രുമേനിയയിലേയും അൽബേനിയയിലേയും വിപ്ലവപരമായ അഭിവൃദ്ധിയുടെ സവിശേഷസ്വഭാവംമൂലം അവിടെ ഒരു ഏകകക്ഷിഭരണം രൂപീകരിക്കാനിടയായി. ചൈനയിൽ കമ്മ്യൂണിസ്റ്റ്പാർട്ടിക്കു പുറമേ, ദേശീയബൂർഷ്വാസിയിലൊരുഭാഗവും പട്ടണത്തിലെ പെററിബൂർഷ്വാസിയുമടങ്ങുന്ന ക്രമിന്താങ്ങിൻെറ വിപ്ലവക്കമ്മിററി, ഡെമോക്രാററിക്ക് നേഷണൽ കൺസ്ട്രക്ഷൻ അസോസിയേഷൻ—ഇതിലെ അംഗങ്ങൾ പ്രധാനമായും വ്യവസായത്തിലും കച്ചവടത്തിലുമേർപ്പെട്ട ബൂർഷ്വാസിയും അവരോടു ബന്ധപ്പെട്ട സാങ്കേതികബുദ്ധിജീവികളും മററുമാണ്—ഡെമോക്രാററിക്ക് ലീഗ്, ദി അസോസിയേഷൻ ഫോർ പ്രൊമോട്ടിങ്ങ് ഡെമോക്രസി, പെസൻറ്സ് ആൻഡ് വർക്കേഴ്സ് ഡെമോക്രാററിക്ക് പാർട്ടി തുടങ്ങിയ പല പാർട്ടികളുമുണ്ട്.

രണ്ടാമത്, ജനകീയജനാധിപത്യനാടുകളിലെ കമ്മ്യൂണിസ്ററുതൊഴിലാളിപാർട്ടികൾ തങ്ങളുടെ നേതൃത്വപരമായ പങ്കു നിർവ്വഹിക്കുന്നതു് സോവിയററ്യൂണിയനിലെപ്പോലെ, ട്രേഡുയൂണിയനുകൾ വഴിയായോ മററു പൊതുജനസംഘടനകൾവഴിയായോ മാത്രമല്ല; തൊഴിലാളികൾ, കൃഷിക്കാർ, പെററിബൂർഷ്വാസി, ബുദ്ധിജീവികൾ തുടങ്ങിയവരുടെ സംഘടനാപരമായ സഖ്യത്തിൻെറ പുതിയ രൂപമായ പോപ്പുലർഫ്രണ്ടുവഴിയായും അവർ പ്രവർത്തിക്കുന്നു. ഭരണാധികാരം പിടിച്ചുപററാനുള്ള സമരത്തിന്നിടയിൽ ഉത്ഭവിച്ച ദേശീയമുന്നണികൾ സോഷ്യലിസ്ററുനിർമ്മാണകാലഘട്ടത്തിലും തുടർന്നു നിലനിൽക്കുന്നു. ചെക്കോസ്ലോവാക്യയിൽ ചെക്കുകാരുടേയും സ്ലോവാക്കുകാരുടേയും ദേശീയമുന്നണി. ബൾഗേറിയായിലെ ഫാദർലണ്ടുഫ്രണ്ട്, ആൽബേനിയായിലെ ഡെമോക്രാററിക്ക്ഫ്രണ്ട്, ജി. ഡി. ആറിലെ നാഷണൽഫ്രണ്ട് തുടങ്ങിയവ ഇതിന്നുദാഹരണങ്ങളാണ്.

മൂന്നാമതായി, ഭരണയന്ത്രം സംഘടിപ്പിക്കപ്പെടുന്നതിലുള്ള ചില പ്രത്യേകതകൾ വഴിയായും ജനകീയജനാധിപത്യത്തെ വേർതിരിച്ചറിയാം. പുതിയൊരു ഭരണാധികാരം സൃഷ്ടിക്കുന്ന അവസരത്തിൽ ദേശീയപ്രാതിനിധ്യത്തിൻെറ പഴയ രൂപങ്ങൾതന്നെയാണ് മിക്കരാജ്യങ്ങളും ഉപയോഗിച്ചതു്. ഇവയിൽ ചിലതു് പരമ്പരാഗതമായി നിലവിലുള്ള പാർലമെൻററിസ്ഥാപനങ്ങളെ പുനസ്സംഘടിപ്പിച്ചതായിരുന്നു. ഉദാഹരണത്തിന്ന്, ചെക്കോസ്ലോവാക്യയിലെ നാഷണൽ അസംബ്ലി, പോളണ്ടിലെ സെജം തുടങ്ങിയവ.

ജനകീയജനാധിപത്യനാടുകളിൽ പഴയ ഭരണക്കൂടത്തെ പൊളിച്ചുനീക്കുന്ന പണി മറെറാരുവിധത്തിലാണ് നിർവ്വഹിക്കപ്പെട്ടതു്. ഇവയിൽ ചില രാജ്യങ്ങളിൽ ഫാസിസ്ററുകാരെ രക്ഷിച്ച (പട്ടാളം, പോലീസ് തുടങ്ങി) പഴയ ഭരണയന്ത്രത്തിൻെറ ഏററവും വലിയ പിന്തിരിപ്പൻവശം ജനാധിപത്യപരിവർത്തനങ്ങളുടെ കാലത്തുതന്നെ നിഷ്ക്കാസനം ചെയ്യപ്പെടുകയും ഒരു പുതിയ ജനാധിപത്യഭരണയന്ത്രം പടുത്തുയർത്തപ്പെടുകയും ചെയ്തുകഴിഞ്ഞിരുന്നു. ഇതിനെത്തുടർന്ന് പിന്നീട് സോഷ്യലിസ്ററുനിർമ്മാണത്തിൻെറ ആവശ്യങ്ങൾക്കുതകുന്നവിധത്തിൽ ഭരണയന്ത്രമാകമാനം ക്രമേണ അഴിച്ചുപണിയപ്പെട്ടു.

ജനകീയജനാധിപത്യരാജ്യങ്ങളിൽ പലതിലേയും ദേശീയകക്ഷിയിൽ ബൂർഷ്വാസിയിലെ വിവിധഭാഗങ്ങളെല്ലാം പങ്കുചേർന്നുവെന്ന കാര്യം ഒരു പുതിയ പ്രശ്നം സൃഷ്ടിച്ചു—പഴയ ചൂഷകവർഗ്ഗവുമായി സഹകരണം സംഘടിപ്പിക്കുകയും അതേ അവസരത്തിൽത്തന്നെ അവർക്ക് പുനഃപരിശീലനം നൽകുകയും വേണ്ടിവന്നുവെന്നതാണ് ഈ പുതിയ പ്രശ്നം.

ബൂർഷ്വാസിയുമായി യോജിച്ചുപോവുകയും അതേസമയത്തുതന്നെ അവരുടെ ചാഞ്ചാട്ടങ്ങൾക്കെതിരായി സമരംനടത്തുകയും ചെയ്യുകയെന്ന ഒരു നയം പിന്തുടർന്നതുവഴി ചൈനീസ് ജനകീയറിപ്പബ്ലിക്കിന് രസകരമായ പല അനുഭവങ്ങളുമുണ്ടായിട്ടുണ്ട്. കോമിന്താങ്ങ് ഭരണത്തിനും അതിനെ പിന്താങ്ങിനിന്നിരുന്ന അമേരിക്കൻ സാമ്രാജ്യത്വത്തിനുമെതിരായി വളരെക്കാലത്തോളം നീണ്ടുനിന്ന ഒരു സായുധസമരത്തിന്റെ ഫലമായിട്ടാണ് അവിടുത്തെ തൊഴിലാളിവർഗ്ഗം അധികാരം പിടിച്ചെടുത്തതെന്ന് നമുക്കറിവുള്ളതാണ്. അവിടുത്തെ ദേശീയ ബൂർഷ്വാസിയിൽ ഗണ്യമായൊരുവിഭാഗം ദേശീയജനാധിപത്യവിപ്ലവത്തെ അനുകൂലിച്ചിരുന്നു. സോഷ്യലിസ്റ്റ് നിർമ്മാണത്തിന്റെ കാലഘട്ടത്തിലും തൊഴിലാളിവർഗ്ഗവും ബൂർഷ്വാസിയിലൊരുവിഭാഗവും തമ്മിലുള്ള സഹകരണം തുടർന്നുപോന്നു. ബൂർഷ്വാഉടമസ്ഥതയിലായിരുന്ന സ്വത്തുക്കളെ സാമൂഹ്യസ്വത്തുക്കളാക്കി മാററുവാനുപയോഗിച്ച മാർഗ്ഗങ്ങൾ സോഷ്യലിസ്റ്റ് നിർമ്മാണത്തിന്റെ താല്പര്യങ്ങളെയെന്നപോലെതന്നെ തൊഴിലാളിവർഗ്ഗത്തിന്റെ കൂട്ടുകാരുടെ താല്പര്യങ്ങളെയും കണക്കിലെടുത്തുകൊണ്ടുള്ളവയായിരുന്നു. സ്റ്റേററുമൂലധനവും സ്വകാര്യമൂലധനവും കൂട്ടിച്ചേർന്നുകൊണ്ട് ജോയിൻറ്സ്റ്റോക്കുകമ്പനികൾ സ്ഥാപിച്ചതു് ഇതിനുദാഹരണമാണ്. ബൂർഷ്വാസിയുടെ ഉല്പാദനോപാധികളിലൊരുഭാഗം സ്റ്റേററ് വിലയ്ക്കുവാങ്ങുന്നു. എന്നിട്ട്, സ്വകാര്യവ്യവസായപ്രവർത്തനത്തെ നിയന്ത്രിക്കുകയും ക്രമേണ മുതലാളിത്തമേഖലയെ സോഷ്യലിസ്റ്റ് മേഖലയാക്കി മാററുകയും ചെയ്യുവാൻ പററിയ ഒരു നയം ഭരണകൂടം കൈക്കൊള്ളുന്നു. ഇതേസമയത്തുതന്നെ ജനസംഖ്യയിലെ ബൂർഷ്വാവിഭാഗത്തിന് സാമ്പത്തികകാര്യങ്ങൾ നടത്തിക്കുന്നതിലുള്ള പരിചയത്തേയും, അവരുടെ സാങ്കേതികവിജ്ഞാനത്തേയുംമററും കഴിയുന്നത്ര പ്രയോജനപ്പെടുത്തിക്കൊണ്ട് ബൂർഷ്വാസിയെ സമുദായത്തിന് പ്രയോജനകരമായ തൊഴിലിലേയ്ക്കാകർഷിക്കുകയും അവർക്ക് പുതിയൊരു സംസ്കാരം നൽകുകയും ചെയ്യുന്നു.

വർഗ്ഗസമാധാനവും വർഗ്ഗസഹകരണവും നിലനിൽക്കുന്ന കാവ്യാത്മകമായ ഒരന്തരീക്ഷത്തിലാണ് ചൈനയിലും മററു ജനകീയജനാധിപത്യരാജ്യങ്ങളിലും പ്രസ്തുത സോഷ്യലിസ്റ്റ് പരിവർത്തനങ്ങൾ നടന്നതെന്നു വാദിക്കുന്നതു് തെററായിരിക്കും. പഴയ ബൂർഷ്വാസമുദായത്തിന്റെയും പുതിയ സോഷ്യലിസ്റ്റ് സമുദായത്തിന്റെയും ശക്തികളും പാരമ്പര്യങ്ങളും തമ്മിലുള്ള സമരം ജീവിതത്തിന്റെ എല്ലാ രംഗങ്ങളിലും നടക്കുന്നുണ്ട്. ചൈനയിലെ വലതുപക്ഷഘടകങ്ങളുടെ പടപ്പുറപ്പാടുകളും, ഹംഗറിയിൽ പരസ്യമായി നടന്ന പ്രതിവിപ്ലവകലാപവും, പോളണ്ടിൽ പുരോഹിതന്മാരും റിവിഷണിസ്റ്റുകാരും 1956-57-ൽ നടത്തിയ സോഷ്യലിസ്റ്റ്‌വിരുദ്ധപ്രവർത്തനങ്ങളുമെല്ലാം അതാണു വ്യക്തമാക്കുന്നതു്.

തൊഴിലാളിവിപ്ലവത്തിൽ റഷ്യയിലുണ്ടായിരുന്നതിനേക്കാൾ വിശാലമായ ഒരടിസ്ഥാനമുണ്ടാക്കാൻ സാദ്ധ്യമാണെന്ന് ജനകീയജനാധിപത്യരാജ്യങ്ങളിലെ അനുഭവങ്ങൾ തെളിയിക്കുന്നുണ്ട്. നേതൃത്വം തൊഴിലാളിവർഗ്ഗത്തിന്റെ മാർക്സിസ്ററുപാർട്ടിയുടെ കയ്യിലാവുന്നപക്ഷം ബഹുകക്ഷിവ്യവസ്ഥ നിലനിത്തിക്കൊണ്ടുതന്നെ ദേശീയപ്രതിനിധിസ്ഥാപനങ്ങൾവഴി സോഷ്യലിസത്തിലേയ്ക്കുള്ള പരിവർത്തനം നേടാൻ കഴിയുമെന്ന് പ്രായോഗികമായി തെളിയിക്കപ്പെട്ടിരിക്കുന്നു.

## തൊഴിലാളിവർഗ്ഗാധികാരം മററു രൂപങ്ങളിലും ആകാം

സോവിയററ്യൂണിയനിലേയും ജനകീയജനാധിപത്യരാജ്യങ്ങളിലേയും അനുഭവങ്ങളും, മുതലാളിത്തനാട്ടുകളിലെ തൊഴിലാളിപ്രസ്ഥാനത്തിന്റെ അനുഭ

വങ്ങളുമെല്ലാം ഒരുകാര്യം വ്യക്തമാക്കുന്നു: ഭാവിയിൽ തൊഴിലാളിവർഗ്ഗസർവ്വാധിപത്യത്തിന്റെ പുതിയ രൂപങ്ങളോ, അല്ലെങ്കിൽ സർവ്വാധിപത്യത്തിന്റെ ചുമതലകൾ നിർവ്വഹിക്കുന്ന ഒരു ജനാധിപത്യത്തിന്റെ പുതിയ രൂപങ്ങളോ ഉയർന്നുവരുമെന്നു കരുതുന്നതിൽ തെററില്ല.

തൊഴിലാളിഭരണകൂടത്തിന്റെ അടിസ്ഥാനപരമായ സ്വഭാവങ്ങൾ എല്ലായിടത്തും ഒന്നുതന്നെയാണെന്ന വസ്തുതയെ സോവിയററുഭരണാധികാരവും, ജനകീയ ജനാധിപത്യവും സ്ഥിരീകരിക്കുന്നു.

എന്നാൽ, ചരിത്രം എപ്പോഴും സാമാന്യേനയല്ലാതെ അതിന്റെ വിശദാംശങ്ങളിൽ ആവർത്തിക്കപ്പെടാറില്ല. തന്മൂലം മററു രാജ്യങ്ങളിൽ സോഷ്യലിസത്തിലേയ്ക്കുള്ള പരിവർത്തനം നടക്കുമ്പോൾ തൊഴിലാളിവർഗ്ഗാധികാരത്തിന്റെ പുതിയ പുതിയ രൂപങ്ങൾ ഉയർന്നുവന്നേയ്ക്കാം.

ഇതെങ്ങിനെയാണു സാദ്ധ്യമാവുന്നത്?

ഒന്നാമതു്, ഇന്നത്തെക്കാലത്തു്, കുത്തകബൂർഷ്വാസി, പെററിബൂർഷ്വാസിയുടേയും ഇടത്തരം ബൂർഷ്വാസിയുടേയും ചില വിഭാഗങ്ങളടക്കമുള്ള മുഴുവൻ സമുദായത്തിന്നുമെതിരായതുകൊണ്ടു് മുമ്പത്തേക്കാൾ വിശാലമായ സാമൂഹ്യ-രാഷ്ട്രീയസഖ്യങ്ങൾക്കുള്ള അടിസ്ഥാനം നിലവിലുണ്ടു്. അതുകൊണ്ടു് ഭാവിയിലുണ്ടാകാൻ പോകുന്ന സോഷ്യലിസ്റ്റ് വിപ്ലവങ്ങളിൽനിന്നും ഉയർന്നുവരുന്ന തൊഴിലാളിവർഗ്ഗാധികാരത്തിന്നു് ഇന്നത്തേതിലും കൂടുതൽ വിശാലമായ ഒരു സാമൂഹ്യാടിസ്ഥാനമുണ്ടായേക്കും. അതനുസരിച്ചു് ബലപ്രയോഗത്തിന്റെ രംഗവും ചുരുക്കാൻ കഴിയും. അങ്ങനെയാണെങ്കിൽ ഇടക്കാലഘട്ടത്തിൽത്തന്നെ കൂടുതൽ വിപുലമായ ജനവിഭാഗങ്ങൾക്കു് ജനാധിപത്യം ബാധകമാക്കാൻ കഴിയും. അങ്ങിനെ, വിശാലമായ രാഷ്ട്രീയകൂട്ടുകെട്ടുകളുടെ ഫലമായി, ഒരു രൂപത്തിലല്ലെങ്കിൽ മറെറാരു രൂപത്തിൽ, ഉയർന്നുവരുന്ന ഭരണാധികാരത്തിന്നു് ഗണ്യമായ തോതിലുള്ള ബലപ്രയോഗമൊന്നും കൂടാതെതന്നെ പിന്തിരിപ്പൻഘടകങ്ങളെ ഒതുക്കിനിർത്താനും ഒററപ്പെടുത്താനും സാദ്ധ്യമാകുന്ന ഒരു നില വന്നുചേരാൻ തികച്ചും ന്യായമുണ്ടു്.

കൂടുതൽ വിശാലമായ വർഗ്ഗസഖ്യങ്ങളുടെ അടിസ്ഥാനത്തിൽ വളർന്നുവരുന്ന പുതിയ ജനാധിപത്യരൂപങ്ങൾക്കു് തീർച്ചയായും പുതിയ ഗുണവിശേഷങ്ങളുണ്ടാകും. മാത്രമല്ല, ഈ ഭരണകൂടങ്ങളെല്ലാം തുടക്കംമുതൽക്കുതന്നെ തൊഴിലാളിസർവ്വാധിപത്യത്തിന്റെ കർത്തവ്യങ്ങൾ നിർവ്വഹിച്ചുതുടങ്ങിയേതീരു എന്നില്ല. തൊഴിലാളിവർഗ്ഗസർവ്വാധിപത്യം <u>പരിപാടിയിലുൾക്കൊള്ളിക്കപ്പെടേണ്ട</u> ഒരു സിദ്ധാന്തമാണെന്ന കാര്യം ശരിതന്നെ. എന്നാൽ, അതു് ഇന്നത്തെ <u>അടിയന്തിരാവശ്യമാ</u>യിത്തീരണമെന്നില്ല. തൊഴിലാളിവർഗ്ഗത്തിന്റെ വിപ്ലവപ്പാർട്ടികൾ എപ്പോഴും തൊഴിലാളിസർവ്വാധിപത്യത്തിന്നുവേണ്ടി വാദിക്കുന്നവരായിത്തന്നെ നിലകൊള്ളുന്നുവെങ്കിലും, പ്രവർത്തനത്തിന്നുള്ള ഒരു മുദ്രാവാക്യമെന്ന നിലയ്ക്കു് ഈ സർവ്വാധിപത്യം സ്ഥാപിക്കാനുള്ള ചുമതലയിലേർപ്പെടുന്നതു് അതിന്നുള്ള സാഹചര്യങ്ങൾ പരിപക്വമാവുമ്പോൾ മാത്രമാണു്; സോഷ്യലിസ്ററുവിപ്ലവത്തിന്നുള്ള എല്ലാ പരിതഃസ്ഥിതികളും സൃഷ്ടിക്കപ്പെട്ടതിന്നുശേഷം മാത്രമാണു്. ചൈനയിലും, മററു ജനകീയജനാധിപത്യരാജ്യങ്ങളിലും വിദേശീയസാമ്രാജ്യത്വത്തിന്നെതിരായ വിപ്ലവം നടക്കുന്ന കാലത്താണു് ജനകീയജനാധിപത്യഭരണത്തിന്നു സർവ്വാധിപത്യത്തിന്നുള്ള ആവശ്യം മുന്നോട്ടു വയ്ക്കപ്പെട്ടതു്. ഈ കർമ്മപരിപാടി ഏററവും ന്യായമായിരുന്നുവെന്നു തെളിയിക്കപ്പെടുകയും ചെയ്തു.

ശതാബ്ദങ്ങളായി ജനാധിപത്യപാരമ്പര്യങ്ങൾ നിലനിന്നുപോരുന്ന രാജ്യങ്ങളിൽ തൊഴിലാളിവർഗ്ഗസർവ്വാധിപത്യം അല്ലെങ്കിൽ, തത്തുല്യമായ ജനാധിപത്യം പാർലിമെന്ററിറിപ്പബ്ലിക്കിന്റെ രൂപത്തിലായെന്നും വരാം. ജനാധി

പത്യപ്രേമികളും രാജ്യസ്നേഹികളുമായ ശക്തികളോടു കൂട്ടുചേർന്നുകൊണ്ട് വൻകിട മുതലാളിമാരുടെ സ്വത്തുക്കളെ ദേശസാൽക്കരിക്കാനും മററു സോഷ്യലിസ്ററു പരിവർത്തനങ്ങൾ നടപ്പിലാക്കാനും തയ്യാറുള്ള ഒരു പാർലിമെൻറിൽ സമാധാനപരമായി ഭൂരിപക്ഷം നേടുന്നതിൽ തൊഴിലാളിവർഗ്ഗം വിജയിക്കുന്നപക്ഷം അവർക്ക്, ഒരു പഴയ ബൂർഷ്വാജനാധിപത്യസ്ഥാപനമായ ഇതേ പാർലിമെൻറിനെത്തന്നെ ജനഹിതത്തിനുള്ള ഒരു യഥാർത്ഥ ഉപകരണമാക്കി മാററാവുന്നതാണ്. തൊഴിലാളിവർഗ്ഗത്തിൻെറയും മററദ്ധ്വാനിക്കുന്നവരുടേയും സഹായത്തോടുകൂടി പാർലിമെൻറിൽ ഉറച്ച ഭൂരിപക്ഷം നേടാൻ കഴിയുന്നപക്ഷം അതു് മൗലികമായ സോഷ്യലിസ്ററുപരിവർത്തനങ്ങൾ നടപ്പിലാക്കാനാവശ്യമായ പരിതഃസ്ഥിതികളുളവാക്കും.

പാർലിമെൻററിസം എന്നതുകൊണ്ടുദ്ദേശിക്കപ്പെടുന്നതു് ഒരു ബഹുകക്ഷിവ്യവസ്ഥയും പ്രതിപക്ഷവും മററുമാണെന്നും തൊഴിലാളിവർഗ്ഗസർവ്വാധിപത്യത്തിൽ ഇവ പരിപൂർണ്ണമായും ഒഴിവാക്കപ്പെടുമെന്നുംമററും റിവിഷണിസ്റ്റുകാർ വാദിക്കാറുണ്ട്. സുശക്തമായ പാർലിമെൻററിപാരമ്പര്യങ്ങളുള്ള രാജ്യങ്ങളിൽ തൊഴിലാളിസർവ്വാധിപത്യത്തിൻെറ ആവശ്യകത നിഷേധിക്കാൻ അവരെടുക്കുന്ന ഒരടവാണിതു്.

ബഹുകക്ഷിവ്യവസ്ഥയേയും പ്രതിപക്ഷത്തേയും കുറിച്ചുള്ള അവരുടെ ഈ വാദം വെറും ഒഴികഴിവാണ്. സോഷ്യലിസ്റ്റുനിർമ്മാണകാലഘട്ടത്തിൽ ഒരു ബഹുകക്ഷിവ്യവസ്ഥ നിലനിർത്താൻ കഴിയുമെന്നു ജനകീയജനാധിപത്യനാടുകളുടെ അനുഭവങ്ങൾ തെളിയിക്കുന്നുണ്ട്. തൊഴിലാളിവർഗ്ഗപ്പാർട്ടികളെയെല്ലാം ഒന്നിച്ചുചേർക്കേണ്ടതത്യാവശ്യമാണെന്നു് അതു തെളിയിച്ചിട്ടുണ്ടെന്നതു് ശരിതന്നെ. എന്നാൽ, സോഷ്യലിസ്റ്റുവിപ്ലവം നടക്കുന്ന പരിതഃസ്ഥിതികളിൽ രാഷ്ട്രീയപ്പാർട്ടികളുടെ അഭിവൃദ്ധിക്കുള്ള ഒരേയൊരു മാർഗ്ഗം ഇതുമാത്രമാണെന്നു കരുതാൻ പാടില്ല. പരിവർത്തനകാലഘട്ടത്തിൽ മററു പാർട്ടികൾക്കും മാർക്സിസ്റ്റുപാർട്ടിയുടെകൂടെ നില്ക്കാം. പക്ഷേ ഒന്നുമാത്രം: അവ കുത്തകമുതലാളിഭരണത്തെ പുറന്തള്ളാനും സോഷ്യലിസ്ററുനിർമ്മാണമെന്ന നയത്തെ സഹായിക്കാനുംവേണ്ടി നിലകൊള്ളുന്നവയായിരിക്കണം. ഇത്തരം അവസരങ്ങളിൽ എല്ലാ പാർട്ടികളേയും തങ്ങൾ പ്രതിനിധാനം ചെയ്യുന്ന ജനവിഭാഗങ്ങളേയുമെല്ലാം സോഷ്യലിസ്റ്റുനിർമ്മാണത്തിൽ സജീവമായി പങ്കെടുപ്പിക്കുകയും, അവരോടു് അയവേറിയ ഒരു സഹകരണനയം കൈക്കൊള്ളുകയും ചെയ്യുകയെന്നതാണ് തൊഴിലാളിവർഗ്ഗപ്പാർട്ടിയുടെ ചുമതല. അടിസ്ഥാനപരമായ കാര്യങ്ങളിൽ അവയ്ക്കുതമ്മിൽ ഐക്യമുണ്ടെങ്കിലും, തീർച്ചയായും രാഷ്ട്രീയമായ അഭിപ്രായഭിന്നതകൾ ഉയർന്നുവന്നേയ്ക്കാം; പക്ഷേ അതെല്ലാം ജനാധിപത്യപരമായ മാർഗ്ഗങ്ങളിലൂടെ പരിഹരിക്കാവുന്നതാണ്.

ഏഷ്യയിലേയും തെക്കേ അമേരിക്കയിലേയും ആഫ്രിക്കയിലേയും മദ്ധ്യപൗരസ്ത്യദേശത്തേയും രാജ്യങ്ങളിലെ വിമോചനപ്രസ്ഥാനങ്ങൾ അവയുടെ പ്രത്യേകസ്വഭാവങ്ങളിലും ദേശീയപാരമ്പര്യങ്ങളിലുമെല്ലാം പരസ്പരം വളരെ വ്യത്യസ്തങ്ങളാണെങ്കിലും അവ തൊഴിലാളിവർഗ്ഗരാഷ്ട്രീയാധികാരത്തിൻെറ പുതിയ രൂപങ്ങൾ ഉയർത്തിക്കൊണ്ടുവരുമെന്നതിന്നു് യാതൊരു സംശയവുമില്ല. ലെനിൻ എഴുതി: "കൂടുതൽ വിപുലമായ ജനസംഖ്യയും, കൂടുതൽ വിശാലമായ വൈവിധ്യങ്ങളടങ്ങിയ സാമൂഹ്യപരിതഃസ്ഥിതികളുമുള്ള പൗരാണികരാജ്യങ്ങളിലെ വിപ്ലവങ്ങളിൽ ഉടനുണ്ടാവാനിടയുള്ള സംഭവവികാസങ്ങൾ തീർച്ചയായും റഷ്യൻവിപ്ലവത്തേക്കാളധികം സവിശേഷതകൾ പ്രകടിപ്പിക്കും." [21]

വിപ്ലവത്തിൻെറ പുതിയ മാർഗ്ഗത്തിൻെറ സാദ്ധ്യതയെക്കുറിച്ചും തൊഴിലാളിവർഗ്ഗഭരണകൂടത്തിൻെറ പുതിയ രൂപങ്ങളെക്കുറിച്ചും ശ്രദ്ധാപൂർവ്വം പഠിക്കുന്ന അതേസമയത്തുതന്നെ ചരിത്രഗതി തൊഴിലാളിവർഗ്ഗത്തെ കൂടുതൽ ഖണ്ഡിതമായ

മാർഗ്ഗങ്ങൾ കൈക്കൊള്ളാൻ നിർബ്ബന്ധിച്ചേക്കുമെന്നും അവരതിഷ്ടപ്പെട്ടില്ലെങ്കിലും വേണ്ടിവന്നാലതുപയോഗിക്കാൻ എപ്പോഴും അവർ തയ്യാറായിരിക്കേണ്ടതുണ്ടെന്നുമുള്ള വസ്തുത മാർക്സിസ്റ്റ്-ലെനിനിസ്റ്റുകാർ ഒരിക്കലും മറക്കാറില്ല.

പക്ഷേ, ഓരോ രാജ്യത്തും മുതലാളിത്തത്തിൽനിന്ന് സോഷ്യലിസത്തിലേയ്ക്കുള്ള പരിവർത്തനം നടക്കുന്നതു് ഏതു രൂപത്തിലായാലും ശരി, അതു് ചില പൊതുനിയമങ്ങൾക്കു് വിധേയമായിരിക്കും. കമ്മ്യൂണിസ്റ്റ്‌വർക്കേഴ്സ് പാർട്ടികളുടെ പ്രതിനിധിയോഗത്തിലെ പ്രഖ്യാപനം ചൂണ്ടിക്കാണിക്കുന്നതുപോലെ, തൊഴിലാളിവിപ്ലവം നടത്തുകയും തൊഴിലാളിസർവ്വാധിപത്യം സ്ഥാപിക്കുകയും ചെയ്യുന്നതിൽ തൊഴിലാളിവർഗ്ഗത്തിന്റേയും അതിന്റെ പാർട്ടിയുടേയും നേതൃത്വം, തൊഴിലാളിവർഗ്ഗം കർഷകബഹുജനങ്ങളുമായും അദ്ധ്വാനിക്കുന്ന മറ്റു ജനവിഭാഗങ്ങളുമായും സഖ്യത്തിലേർപ്പെടൽ, സോഷ്യലിസത്തിന്റെ നേട്ടങ്ങളെ ആഭ്യന്തരശത്രുക്കളുടേയും ബാഹ്യശത്രുക്കളുടേയും ആക്രമണങ്ങളിൽനിന്നു കാത്തുസൂക്ഷിക്കൽ തുടങ്ങിയവയാണ് അവയിൽ പ്രാധാന്യമർഹിക്കുന്നവ.

തൊഴിലാളിസർവ്വാധിപത്യം സോഷ്യലിസ്റ്റ്‌രീതിയിൽ സമ്പദ്‌വ്യവസ്ഥയെ പുനഃസംഘടിപ്പിക്കുന്നതു് ഏതെല്ലാം നിയമങ്ങളെ അടിസ്ഥാനപ്പെടുത്തിക്കൊണ്ടാണെന്നു് അടുത്ത അദ്ധ്യായത്തിൽ വിവരിക്കപ്പെടുന്നതാണ്.

14. മുകളിൽപ്പറഞ്ഞവിധം മാർക്സിസം-ലെനിനിസത്തിന്റെ അടിസ്ഥാനതത്വങ്ങളിൽ ഉറച്ചുനില്ക്കുകയും വിശദാംശങ്ങളെ സംബന്ധിച്ചേടത്തോളം കാലദേശാവസ്ഥകൾക്കനുസരിച്ചു മാറ്റംവരുത്തുകയും ചെയ്യുന്നതു വിജയകരമാവണമെങ്കിൽ ഒരുവശത്തു വരട്ടുവാദചിന്താഗതിയേയും മറുവശത്തു തിരുത്തിയെഴുതൽവാദഗതിയേയും ഉറച്ചുനിന്നെതിർത്തു തോല്പിക്കാൻ ഓരോ കമ്മ്യൂണിസ്റ്റ്‌പാർട്ടിയും തയ്യാറാവേണ്ടിയിരിക്കുന്നു.

തൊഴിലാളിവർഗ്ഗത്തിന്റെ സമരം വികസിക്കുംതോറും ബൂർഷ്വാപ്രത്യയശാസ്ത്രം അതിന്റെ നിറം മാറ്റുന്നു. മുതലാളിത്തത്തെ ന്യായീകരിക്കുന്ന പ്രാകൃതരൂപത്തിലുള്ള പ്രത്യയശാസ്ത്രത്തിന്റെ സ്ഥാനത്തു് അതിനെ സംരക്ഷിക്കുന്നതിനുള്ള പരിഷ്കൃതസമ്പ്രദായങ്ങൾ നിലവിൽവരുന്നു. എന്നാൽ, ഇതുകൊണ്ടു് ബൂർഷ്വാപ്രത്യയശാസ്ത്രത്തിന്റെ സാരാംശത്തിനു മാറ്റംവരുന്നില്ല. അതുപോലെതന്നെ അവസരവാദം, അതെന്തുരൂപം കൈക്കൊണ്ടാലുംശരി എല്ലായ്പോഴും ഒളിഞ്ഞും തെളിഞ്ഞും തൊഴിലാളിവർഗ്ഗത്തെ മുതലാളിത്തവുമായി പൊരുത്തപ്പെടുത്തുന്നതിനെ, ഭരണാധികാരിവർഗ്ഗങ്ങളുടെ താല്പര്യങ്ങളുമായി തൊഴിലാളിപ്രസ്ഥാനത്തെ ഇണക്കുന്നതിനെയാണ് ലക്ഷ്യമാക്കുന്നതു്. തൊഴിലാളിവർഗ്ഗത്തിന്റെ വിപ്ലവപരമായ ലോകവീക്ഷണത്തെ, മാർക്സിസം-ലെനിനിസത്തെ, തിരുത്തുന്നതിനു് അവസരവാദികൾ തുടർച്ചയായ ശ്രമങ്ങൾ നടത്താൻ ഇതുതന്നെയാണ് കാരണം.

തിരുത്തൽവാദം "തൊഴിലാളിവർഗ്ഗത്തിന്മേലുള്ള ബൂർഷ്വാസ്വാധീനത്തിന്റേയും തൊഴിലാളികളെ ബൂർഷ്വാസി ദുഷിപ്പിക്കുന്നതിന്റേയും ഏറ്റവും പ്രധാനമായ പ്രതിഫലനമാണ്; അല്ലെങ്കിൽ ഏറ്റവും പ്രധാനമായ പ്രതിഫലനങ്ങളിലൊന്നാണ്" എന്നു് വി. ഐ. ലെനിൻ ചൂണ്ടിക്കാണിച്ചു.

മാർക്സിസ്റ്റ്-ലെനിനിസ്റ്റ് സിദ്ധാന്തത്തിന്റെ എല്ലാ അടിസ്ഥാനനിഗമനങ്ങളെയും "തിരുത്താൻ", കൂടുതൽ കൃത്യമായി പറഞ്ഞാൽ വികൃതമാക്കാൻ, തിരുത്തൽവാദത്തിന്റെ പ്രത്യയശാസ്ത്രജ്ഞർ ശ്രമിക്കുന്നു. ഈ പരിശ്രമങ്ങളെസ്സംബന്ധിച്ചു് 10-ാം അദ്ധ്യായത്തിൽ പരാമർശിച്ചിട്ടുണ്ടു്. അവയെപ്പറ്റി ഇനിയും ആവർത്തിച്ചാവർത്തിച്ചു് പ്രതിപാദിക്കുന്നതായിരിക്കും. എന്നാൽ, അവർ തങ്ങളുടെ ആക്രമണങ്ങളുടെ ഒരു പ്രധാന ഉന്നമായി തിരഞ്ഞെടുത്തിട്ടുള്ളതു് പാർട്ടിയെ സംബന്ധിച്ചുള്ള ലെനിന്റെ സിദ്ധാന്തമാണ്.

തിരുത്തൽവാദികളുടെ താത്വികവും പ്രായോഗികവുമായ പരിശ്രമങ്ങൾ, അവസാനവിശകലനത്തിൽ, എല്ലായ്പ്പോഴും പാർട്ടിയെ നശിപ്പിക്കുകയോ അതിനെ ഒരു മിതവാദിസംഘടനയാക്കി രൂപാന്തരപ്പെടുത്തുകയോ ചെയ്യാനുള്ള ഉദ്യമത്തിന് വിധേയമായിരുന്നിട്ടുണ്ട്. ചില ചരിത്രപരമായ സാഹചര്യങ്ങളിൽ ഈ ഉദ്ദേശം മറച്ചുവയ്ക്കപ്പെടുന്നപോലുമില്ല. മററു ചില സാഹചര്യങ്ങളിലാകട്ടെ അതു് പ്രച്ഛന്നമാണ്.

ഒന്നാംറഷ്യൻവിപ്ലവത്തിന്റെ പരാജയത്തിനുശേഷം പാർട്ടിക്കെതിരായി "ഒരു തുലഞ്ഞ കാര്യമെന്ന നിലയ്ക്കു് ഉപേക്ഷിക്കപ്പെടേണ്ട" ഒരു സംഘടനയാണതു് എന്നു വാദിച്ചുകൊണ്ടു് തിരുത്തൽവാദികൾ ഒരു പ്രക്ഷോഭണമാരംഭിച്ചു. അതിന്റെ സ്ഥാനത്തു് പാർട്ടിയില്ലാത്ത വിപുലമായൊരു നിഷ്പക്ഷസംഘടന— ഒരു "തൊഴിലാളിലീഗ്"—സ്ഥാപിക്കണമെന്നു് അവർ നിർദ്ദേശിച്ചു. പ്രതിലോമകാരികളുടെ ആക്രമണങ്ങളുടെ ഫലമായുണ്ടായ ഉദാസീനത, അമ്പരപ്പ്, വിപ്ലവവീക്ഷണമില്ലായ്മ എന്നിവ പ്രതിഫലിപ്പിച്ചുകൊണ്ടു് പിരിച്ചുവിടൽവാദികൾ (റഷ്യൻ തൊഴിലാളിപ്രസ്ഥാനത്തിന്റെ ചരിത്രത്തിൽ അന്നത്തെ തിരുത്തൽവാദികൾ ആ പേരിലാണറിയപ്പെട്ടിരുന്നതു്.) പാർട്ടിയെ പിരിച്ചുവിട്ടു് അതിന്റെ സ്ഥാനത്തു് ബൂർഷ്വാസിക്കുമാത്രമല്ല സ്വേച്ഛാധിപത്യത്തിനുകൂടി സ്വീകാര്യമായ ഒരവ്യക്തസംഘടന രൂപീകരിക്കണമെന്നു് അവരാവശ്യപ്പെട്ടു. വിപ്ലവകാരികളായ മാർക്സിസ്റ്റ്കാർ ആ സന്ദർഭത്തിൽ പിരിച്ചുവിടൽവാദികളെ രാഷ്ട്രീയമായി ഉന്മൂലനംചെയ്തില്ലായിരുന്നുവെങ്കിൽ ഏറെത്താമസിയാതെ ആരംഭിച്ച പുതിയ വിപ്ലവ വേലിയേററത്തിന്റെ ഘട്ടത്തിലേയ്ക്കു് അസംഘടിതരായും തങ്ങളുടെ ഉശിരൻ നേതാവായ ബോൾഷെവിക്കുപാർട്ടിയില്ലാതെയും പ്രവേശിക്കാൻ തൊഴിലാളിവർഗ്ഗം നിർബദ്ധമാകുമായിരുന്നു.

ആധുനികതിരുത്തൽവാദത്തിന്റെ ഏററവും സഹജമായ ലക്ഷണങ്ങൾ കമ്മ്യൂണിസ്റ്റ് വർക്കേഴ്സ് പാർട്ടികളുടെ (1957 നവമ്പർ) സമ്മേളനത്തിന്റെ പ്രഖ്യാപനത്തിൽ കുറിച്ചിട്ടുണ്ടു്. പ്രസ്തുത പ്രഖ്യാപനത്തിൽ ഇങ്ങനെ പറയുന്നു

"ആധുനികതിരുത്തൽവാദം മാർക്സിസം-ലെനിനിസത്തിന്റെ മഹത്തായ സിദ്ധാന്തങ്ങളുടെമേൽ ചളി പുരട്ടാൻ ശ്രമിക്കുന്നു; അവ പഴഞ്ചനാണെന്നു പ്രഖ്യാപിക്കുന്നു. സാമൂഹ്യപുരോഗതിയെ സംബന്ധിച്ചിടത്തോളം അവയുടെ പ്രാമുഖ്യം നഷ്ടപ്പെട്ടിരിക്കുന്നുവെന്ന ആരോപണമുന്നയിക്കുന്നു. മാർക്സിസത്തിന്റെ വിപ്ലവപരമായ സാരാംശത്തെ നശിപ്പിക്കാൻ, തൊഴിലാളിവർഗ്ഗത്തിന്നിടയിലും പൊതുവിൽ തൊഴിലെടുക്കുന്ന ജനങ്ങൾക്കിടയിലും സോഷ്യലിസത്തിലുള്ള വിശ്വാസത്തിന്റെ അടി തുരക്കാൻ, തിരുത്തൽവാദികൾ പരിശ്രമിക്കുന്നു. ഒരു തൊഴിലാളിവിപ്ലവത്തിന്റേയും മുതലാളിത്തത്തിൽനിന്നു് സോഷ്യലിസത്തിലേയ്ക്കുള്ള പരിവർത്തനഘട്ടത്തിൽ തൊഴിലാളിവർഗ്ഗസർവ്വാധിപത്യത്തിന്റേയും, ചരിത്രപരമായ ആവശ്യകതയെ അവർ നിഷേധിക്കുന്നു. മാർക്സിസ്റ്റ്-ലെനിനിസ്റ്റ് പാർട്ടിയുടെ നേതൃത്വപരമായ പങ്കിനെ നിഷേധിക്കുന്നു. തൊഴിലാളിവർഗ്ഗസാർവ്വദേശീയത്വത്തിന്റെ തത്വങ്ങൾ തള്ളിക്കളയുകയും പാർട്ടിസംഘടനയുടെ ലെനിനിസ്റ്റ് തത്വങ്ങളെ, എല്ലാററിലും ഉപരിയായി ജനാധിപത്യകേന്ദ്രീകരണത്തിന്റെ തത്വങ്ങളെ, ഉപേക്ഷിക്കാനാവശ്യപ്പെടുകയും ചെയ്യുന്നു; കമ്മ്യൂണിസ്റ്റ്പാർട്ടിയെ ഒരു ഉശിരൻ വിപ്ലവസംഘടനയിൽനിന്നു് ഒരുതരം വാദപ്രതിവാദസംഘമാക്കി മാററാനാവശ്യപ്പെടുന്നു." 50

ഇക്കാലത്തു് പാർട്ടിയെ പിരിച്ചുവിടണമെന്നു് തിരുത്തൽവാദികൾ എല്ലായ്പ്പോഴും പരസ്യമായി ആവശ്യപ്പെടാറില്ല; ഉൾപ്പാർട്ടിജനാധിപത്യം വികസിപ്പിക്കാനെന്ന വ്യാജേന അവർ പാർട്ടിഅച്ചടക്കം ഇല്ലാതാക്കാൻ നോക്കുന്നു. (ഭൂരിപക്ഷം അംഗീകരിച്ചിട്ടുള്ള തീരുമാനങ്ങൾ വകവയ്ക്കാതിരിക്കുവാനുള്ള അവകാശവും

ന്യൂനപക്ഷത്തിന് ലഭിക്കാൻവേണ്ടി.) പക്ഷെ ഇതിന്റെ അർത്ഥം പാർട്ടിയുടെ പ്രവർത്തനൈക്യം തകർക്കുകയും വിവിധഗ്രൂപ്പുകൾ തമ്മിലുള്ള സമരത്തിന്റെ രംഗമായി പാർട്ടിയെ രൂപാന്തരപ്പെടുത്തുകയും ചെയ്യുകയെന്നതാണ്.

മുരട്ടുവാദത്തിനും സിദ്ധാന്തമാത്രവാദത്തിനുമെതിരായിട്ടാണ് തങ്ങൾ സമരംചെയ്യുന്നത് എന്ന് തിരുത്തൽവാദികൾ നടിക്കാറുണ്ട്. കാലഹരണംവന്ന പ്രമാണങ്ങളുടെ സ്ഥാനത്ത് പുതിയവ സ്വീകരിക്കുന്നത് മാർക്സിസത്തിന്റെ തന്നെ സിദ്ധാന്തമാണെന്നു ചൂണ്ടിക്കാണിച്ചുകൊണ്ടാണ് മാർക്സിസത്തെ യഥാർത്ഥത്തിൽ നിഷേധിക്കുന്നതിനെ അവർ മറച്ചുപിടിക്കുന്നത്.

എന്നാൽ കാലഹരണപ്പെട്ട സിദ്ധാന്തങ്ങളുടെ സ്ഥാനത്ത് പുതിയ മാർക്സിസ്റ്റ്നിഗമനങ്ങൾ സ്വീകരിക്കലും മാർക്സിസം-ലെനിനിസത്തിന്റെ ആത്മാർത്ഥമായ അടിസ്ഥാനതത്വങ്ങളെ റദ്ദാക്കലും തമ്മിൽ പൊതുവായിട്ടൊന്നുമില്ല. മാർക്സിസത്തെ വികസിപ്പിക്കുന്നു എന്ന കപടനാട്യത്തോടെ മാർക്സിസത്തെ നിഷേധിക്കുന്നു എന്നതുതന്നെയാണ് തിരുത്തൽവാദത്തിന്റെ ആപത്ത്. കമ്മ്യൂണിസ്റ്റ്പാർട്ടി സംഘടനാപ്രശ്നങ്ങളുൾപ്പെടെ എല്ലാ പ്രശ്നങ്ങളിലും തിരുത്തൽവാദത്തിന്നെതിരായ സമരത്തെ തങ്ങളുടെ ഏററവും പ്രധാനവും സ്ഥിരവുമായ കടമകളിലൊന്നായി കണക്കാക്കുന്നത് സ്വാഭാവികമാണ്.

## മുരട്ടുവാദവും വിഭാഗീയവാദവും ജനങ്ങളിൽനിന്നൊററപ്പെടുന്നതിലേക്കു നയിക്കുന്നു

കമ്മ്യൂണിസ്റ്റ്പാർട്ടികൾ തിരുത്തൽവാദത്തിന്നെതിരായിമാത്രമല്ല വിഭാഗീയവാദത്തിന്നെതിരായിട്ടുകൂടി സമരം നടത്തണം. പുറമേയ്ക്ക് തിരുത്തൽവാദവും വിഭാഗീയവാദവും പരസ്പരവിരുദ്ധങ്ങളാണ്. എന്നാൽ, യഥാർത്ഥത്തിൽ, വളരെ "ഇടത്തോട്ടാം"യും വിപ്ലവപരമായും പ്രകടമാക്കുന്ന വിഭാഗീയവാദവും പാർട്ടിയെ ദുർബ്ബലമാക്കാനാണ് സഹായിക്കുന്നതു്.

രാഷ്ട്രീയജീവിതത്തിലെ എല്ലാത്തരം പ്രശ്നങ്ങൾക്കും ഒരു പരിഹാരം നല്കുന്നു എന്ന മട്ടിൽ വിവിധ താത്വികനിഗമനങ്ങളോടും സാങ്കേതികപ്രയോഗങ്ങളോടുമുള്ള ഒരു മുരട്ടുമനോഭാവത്തെ അടിസ്ഥാനപ്പെടുത്തിയതാണ് വിഭാഗീയവാദം. മുരട്ടുവാദികൾ യഥാർത്ഥജീവിതം പഠിച്ചു മനസ്സിലാക്കുന്നതിനുപകരം മുൻകൂട്ടി തയ്യാറാക്കിയ ഒരു പദ്ധതിയിൽനിന്ന് ആരംഭിക്കുകയും വസ്തുതകൾ പദ്ധതിയുമായി യോജിക്കുന്നില്ലെങ്കിൽ അവയെ വിഗണിക്കുകയും ചെയ്യുന്നു.

മുരട്ടുവാദമെന്നാൽ യാഥാർത്ഥ്യവുമായുള്ള ബന്ധം നഷ്ടപ്പെടലാണ്. മുരട്ടുവാദത്തിനെതിരായി സമരംചെയ്യാതിരുന്നാൽ പാർട്ടി ജീവിതവുമായി ബന്ധമില്ലാത്ത ഒരു വിഭാഗീയസംഘടനയായിത്തീരുന്നു.

ഇന്നലെയോട്ട്, മാറിയ പരിതഃസ്ഥിതികളുമായി പൊരുത്തമില്ലാതായിത്തീർന്നിട്ടുള്ള നയങ്ങളോടും സംഘടനാരൂപങ്ങളോടും, ഒട്ടിപ്പിടിച്ചു നിൽക്കാനുള്ള ശ്രമങ്ങൾ, ലെനിൻ പറഞ്ഞ "വിപ്ലവപരമായ അലസതയുടെ നയങ്ങളാണ്".[51] എല്ലാ കമ്മ്യൂണിസ്റ്റ്പാർട്ടികളുടെയും പ്രവർത്തനം ഈ ലെനിനിസ്റ്റ് നിഗമനത്തിന്റെ സാധുതയെ നിരവധി ഉദാഹരണങ്ങളാൽ തെളിയിച്ചിട്ടുണ്ട്.

പരാജയപ്പെട്ടുവെങ്കിലും ഒന്നാംറഷ്യൻവിപ്ലവത്തിന് സാറിസത്തിൽനിന്ന് പിടിച്ചുപററാൻകഴിഞ്ഞ നിയമപരമായ സാദ്ധ്യതകൾ ഉപയോഗപ്പെടുത്താനുള്ള വൈമനസ്യത്തിന്റെ രൂപത്തിലാണ് റഷ്യയിൽ വിഭാഗീയവാദം പ്രത്യക്ഷപ്പെട്ടത്. "പാർട്ടിയെക്കാൾ കൂടുതൽ വിപ്ലവകാരികളായി" സ്വയം കരുതിയ

പാർട്ടിമെമ്പർമാർ, സ്റ്റേററ്ഡ്യൂമയിൽ പങ്കെടുക്കുന്നതിനെയും ട്രെയിഡ്യൂണിയനുകളിലും പരസ്പരസഹായ ഇൻഷൂറൻസ് സംഘങ്ങളിലും പ്രവർത്തിക്കുന്നതിനെയും എതിർത്തു. ബഹുജനങ്ങൾക്കിടയിൽ ബുദ്ധിമുട്ടി പ്രവർത്തിക്കുന്നതിനുപകരം അഭിമാനത്തോടെ അകന്നുനിന്നുകൊണ്ട് ഒരു പുതിയ വിപ്ലവക്കുഴപ്പത്തിനുവേണ്ടി കാത്തിരിക്കാനാണ് അവരിഷ്ടപ്പെട്ടതു്.

ഒക്ടോബർവിപ്ലവത്തിനുശേഷം മുതലാളിത്തരാജ്യങ്ങളിൽ രൂപവൽക്കരിക്കപ്പെട്ട പല കമ്മ്യൂണിസ്റ്റ്പാർട്ടികളും ആരംഭത്തിൽ വിഭാഗീയ സ്വഭാവമുള്ള തെററുകൾ ചെയ്യുകയുണ്ടായി. അന്ന് വി. ഐ. ലെനിൻ ഇതിനെ "ഇടതുപക്ഷ" കമ്മ്യൂണിസത്തിന്റെ ഒരു ബാലാരിഷ്ടമെന്ന് വിളിച്ചു. പിന്തിരിപ്പന്മാരുടേയും അവസരവാദികളുടേയും നേതൃത്വത്തിലുള്ള ട്രേഡ്യൂണിയനുകളിലും ബൂർഷ്വാ പാർലമെൻറുകളിലും പങ്കെടുക്കാനും ആവശ്യമുള്ളപ്പോൾ വിട്ടുവീഴ്ചകൾ ചെയ്യാനും [illegible]വൽ അയവുള്ള അടവുകൾ ഉപയോഗിക്കാനും വിസമ്മതിക്കുന്നതിലാണ് ഈ തെററുകൾ പ്രകടമായിക്കണ്ടതു്.

വിഭാഗീയവാദത്തിന്റെ പ്രകടനങ്ങളെ ഇന്നും ചെറുക്കേണ്ടതായിട്ടുണ്ട്. വിഭാഗീയവാദത്തിന്റെ സത്ത കിടക്കുന്നതു് ബഹുജനങ്ങളിൽനിന്ന് ഒറ്റപ്പെടുന്നതിലും ലഭ്യമായ സന്ദർഭങ്ങൾ ഉപയോഗിക്കാൻ കഴിയാത്തതിലും, ജീവിതത്തെ നേരിടുന്ന സുപ്രധാനപ്രശ്നങ്ങളിൽനിന്ന് ഒഴിഞ്ഞുമാറാനുള്ള യത്നത്തിലുമാണ്. തിരുത്തൽവാദം പാർട്ടിയെ മുതലാളിത്തവുമായി പൊരുത്തപ്പെടുത്താനാണ് നോക്കുന്നതെങ്കിൽ വിഭാഗീയവാദം മുതലാളിത്തവുമായി വിജയകരമായ സമരം നടത്തുക അസാദ്ധ്യമാക്കിത്തീർക്കുംവിധം ബഹുജനങ്ങളുമായുള്ള പാർട്ടിയുടെ ബന്ധങ്ങൾ മുറിച്ചുകളയുകയാണ് ചെയ്യുന്നതു്. അതുകൊണ്ട് വിഭാഗീയവാദം എന്തുരൂപത്തിൽ പ്രകടിപ്പിക്കപ്പെട്ടാലുംശരി, അതിനെതിരായി സമരംചെയ്യാതെ പാർട്ടിയെ ശക്തിപ്പെടുത്തുക സാദ്ധ്യമല്ല.

മോസ്കോയിൽവെച്ചുചേർന്ന കമ്മ്യൂണിസ്റ്റ്‌വർക്കേഴ്സ് പാർട്ടികളുടെ പ്രതിനിധികളുടെ അണികളിൽ തിരുത്തൽവാദത്തെയും മുരട്ടുവാദത്തെയും ഉറപ്പോടെ ചെറുക്കുന്നതിന്റെ ആവശ്യകതയെ ഊന്നുകയുണ്ടായി. യോഗത്തിന്റെ പ്രഖ്യാപനം പറയുന്നു:—"മുരട്ടുവാദത്തെ അധിക്ഷേപിക്കുമ്പോൾതന്നെ തൊഴിലാളിവർഗ്ഗത്തിന്റെ വിപ്ലവപരമായ ഓജസ്സിനെ തളർത്തുകയും മുതലാളിത്തത്തെ നിലനിർത്താനോ പുനഃപ്രതിഷ്ഠിക്കാനോ ആവശ്യപ്പെടുകയും ചെയ്യുന്ന ബൂർഷ്വാപ്രത്യയശാസ്ത്രത്തിന്റെ പ്രതിഫലനമായ തിരുത്തൽവാദം അഥവാ വലതുപക്ഷ അവസരവാദമാണ് ഇന്നത്തെ മുഖ്യമായ ആപത്തെന്ന് കമ്മ്യൂണിസ്റ്റ്പാർട്ടികൾ വിശ്വസിക്കുന്നു. എന്നാൽ ഒരു പാർട്ടിയുടെയല്ലെങ്കിൽ മറെറാന്നിന്റെ വളർച്ചയുടെ വ്യത്യസ്തഘട്ടങ്ങളിൽ മുരട്ടുവാദവും വിഭാഗീയവാദവും മുഖ്യമായ ആപത്തായതീരാം. ഒരു പ്രത്യേക സന്ദർഭത്തിൽ ഏതാപത്താണ് കൂടുതൽ വലിയ ഭീഷണിയെന്ന് അതാതു കമ്മ്യൂണിസ്റ്റ്പാർട്ടികളാണ് തീർച്ചയാക്കേണ്ടതു്."

# അദ്ധ്യായം അഞ്ച്

## മാർക്സിസ്റ്റ് ധനതത്വശാസ്ത്രങ്ങൾ

### 1. ധനശാസ്ത്രം എന്നാൽ എന്ത്?

സാമൂഹ്യബന്ധങ്ങളെപ്പററിയും സാമൂഹ്യോൽപ്പാദനവ്യവസ്ഥയുടെ നിയമങ്ങളെപ്പററിയും പ്രതിപാദിക്കുന്ന ശാസ്ത്രത്തിനാണ് ധനശാസ്ത്രം എന്നു പറയുന്നതു്.

പ്രാചീനകാലത്തും ധനശാസ്ത്രചിന്തകളുണ്ടായിരുന്നു. പക്ഷേ, മുതലാളിത്തത്തിന്റെ വരവോടുകൂടിയാണ് അതൊരു പ്രത്യേകശാസ്ത്രമെന്ന നിലയ്ക്കു് രൂപം പ്രാപിച്ചതു്. ആദാം സ്മിത്ത്, റിക്കാർഡോ മുതലായവരാണ് മുതലാളിത്തത്തിന്റെ ആരംഭകാലത്തെ ഏററവും വലിയ ധനശാസ്ത്രജ്ഞന്മാർ. ഫ്യൂഡലിസത്തിന്നെതിരായ ഒരായുധമെന്ന നിലയ്ക്കാണ് അവർ ധനശാസ്ത്രത്തെ ഉപയോഗിച്ചതു്. പല വിലപിടിച്ച തത്വങ്ങളും അവരുന്നയിച്ചു. പക്ഷേ അവരുടെ ശാസ്ത്രത്തിന് ചില പരിമിതികളും ദൌർബല്യങ്ങളുമുണ്ടായിരുന്നു. ഒന്നാമതായി, അവർ മുതലാളിത്തത്തിന്റെ അനിവാര്യമായ വൈരുദ്ധ്യങ്ങളുടെ പ്രാധാന്യം മനസ്സിലാക്കിയില്ല. രണ്ടാമതായി, സാമൂഹ്യവളർച്ചയുടെ ഒരു ഘട്ടമെന്ന നിലയ്ക്കല്ല, ഒരു ശാശ്വതമായ സാമൂഹ്യവ്യവസ്ഥയെന്ന നിലയ്ക്കാണ് അവർ മുതലാളിത്തത്തെ കണ്ടതു്.

ഇത്തരം ദൌർബല്യങ്ങളെ പരിഹരിച്ചുകൊണ്ടു് മാർക്സും ഏംഗൽസും ധനശാസ്ത്രത്തെ കൂടുതൽ പുഷ്ടിപ്പെടുത്തി. മുതലാളിത്തത്തിന്റെ ഉത്ഭവം, വളർച്ച എന്നിവയെ ശാസ്ത്രീയമായി വിശകലനംചെയ്തുകൊണ്ടു് അതിന്റെ തകർച്ചയും സോഷ്യലിസത്തിന്റെ വിജയവും അനിവാര്യമാണെന്നു് അവർ തെളിയിച്ചു.

അങ്ങനെ മാർക്സിസ്റ്റ് ധനശാസ്ത്രം മുതലാളിത്തത്തിന്നെതിരായ ഒരായുധമായിത്തീർന്നു.

2. മുതലാളിത്തോൽപ്പാദനത്തിന് രണ്ടു സാഹചര്യങ്ങളാവശ്യമാണ്: (1) ഉല്പാദനോപാധികൾ മുതലാളികളുടെ സ്വകാര്യസ്വത്താവണം. (2) മററുള്ളവരുടെ കയ്യിൽ ഉല്പാദനോപാധികൾ അല്ലാതാകണം. ഉല്പാദനോപാധികൾ സ്വന്തമായി ഉപയോഗിച്ചുപോന്ന അനേകം ചെറുകിട ഉല്പാദകന്മാരുടെ നാശത്തിൽ നിന്നാണ് മുതലാളിത്തം ഉയർന്നുവന്നതു്.

3. ചരക്കുല്പാദനത്തിന്റെ ഏററവും ഉയർന്ന രൂപമാണ് മുതലാളിത്തം. മുതലാളിത്തവൈരുദ്ധ്യങ്ങളുടെ ബീജം ചരക്കിലടങ്ങിയിരിക്കുന്നു. അതുകൊണ്ടു് ചരക്കിന്റെ വിശകലനത്തോടുകൂടിയാണ് മാർക്സ് മുതലാളിത്തോല്പാദനവ്യവസ്ഥയുടെ വിശകലനം ആരംഭിക്കുന്നതു്.

കൈമാററത്തിനുവേണ്ടിയുള്ള ഉല്പാദനമാണ് ചരക്കുല്പാദനം. ഒരാൾ തന്റെ സ്വന്തം ഉപയോഗത്തിനുവേണ്ടി ഉല്പാദിപ്പിക്കുന്ന സാധനം ചരക്കല്ല.

ചരക്കിന്റെ ഇരട്ടസ്വഭാവം: ഉപയോഗമൂല്യവും കൈമാററമൂല്യവും. അതു് മററുള്ളവർക്ക് ഉപയോഗത്തിനുള്ളതാവണം; അതു കൊടുത്താൽ അതിന്റെ കൈമാററമൂല്യമടങ്ങിയ മറേറതെങ്കിലും ചരക്ക് പകരം കിട്ടണം. വെറുതെ കൊടുക്കുന്നതിന് കൈമാററമെന്നു പറയില്ല.

ചരക്ക് അതിലടങ്ങിയ അധ്വാനത്തിന്റെ സമൂർത്തരൂപമെന്നനിലയ്ക്കു് ഒരു മൂല്യമാണ്. ആ മൂല്യത്തിന്റെ പ്രത്യക്ഷരൂപമാണ് കൈമാററമൂല്യം.

ചരക്കിന്റെ ഇരട്ടസ്വഭാവം അതുല്പാദിപ്പിക്കാനാവശ്യമായ അധ്വാനത്തിന്റെ ഇരട്ടസ്വഭാവത്തിന്റെ ഫലമാണ്; സമൂർത്തമായ അധ്വാനവും കേവലമായ അധ്വാനവും. മേശ, ഫൗണ്ടൻപെൻ, തുണി മുതലായവയുണ്ടാക്കാൻ പ്രത്യേകസ്വഭാവത്തോടുകൂടിയ സമൂർത്തമായ അധ്വാനം ആവശ്യമാണ്. (മേശയുണ്ടാക്കാൻ ചെലവിടുന്നതരത്തിലുള്ള അധ്വാനംകൊണ്ട് ഫൗണ്ടൻപേനയുണ്ടാക്കാൻ പററില്ല.) പക്ഷേ, അതേസമയത്തുതന്നെ കൈമാററത്തിനുള്ള ഒരു മൂല്യമെന്ന നിലയ്ക്കു് സമൂർത്തമായ അധ്വാനത്തെയല്ല, പൊതുവിലുള്ള, കേവലമായ അധ്വാനംമാത്രമാണ് പരിഗണിക്കപ്പെടുന്നതു്. കൈമാററമൂല്യത്തെ നിർണ്ണയിക്കുന്നതു് ചരക്കിലടങ്ങിയ അധ്വാനമാണ്. ഓരോ ചരക്കുമുണ്ടാക്കാനാവശ്യമായ അധ്വാനമല്ല, ശരാശരി സാമൂഹ്യാധ്വാനം. (ധനശാസ്ത്രം, പേജ് 386 നോക്കുക.)

അധ്വാനക്ഷമത വർധിച്ചാൽ അധ്വാനസമയം ചുരുങ്ങും. അതോടൊപ്പം മൂല്യവും കുറയുന്നു.

കൈമാററബന്ധങ്ങളുടെ പിന്നിൽ സാമൂഹ്യാധ്വാനവിഭജനം നിലകൊള്ളുന്നു. മാർക്കററിലെ പരസ്പരബന്ധങ്ങളിലൂടെയാണ് അവ പ്രകടമാകുന്നതു്.

4. പണം.

ആദ്യം നേരിട്ടുള്ള കൈമാററമായിരുന്നു. കൈമാററത്തിന്റെ വളർച്ചയോടുകൂടി എല്ലാ ചരക്കുകളുടേയും പൊതുസമാനരൂപമെന്ന നിലയ്ക്കു് പ്രവർത്തിക്കുന്ന ഒരു പ്രത്യേകചരക്ക് ഉയർന്നുവന്നു, അതാണ് പണം. ആദ്യം പശു, തോൽ മുതലായവ പണമായി ഉപയോഗിക്കപ്പെട്ടിരുന്നു. ക്രമത്തിൽ സ്വർണ്ണം, വെള്ളി തുടങ്ങിയ ലോഹങ്ങൾ ഉപയോഗിക്കപ്പെട്ടു. പിന്നീടാണ് നാണ്യങ്ങൾ ഉപയോഗിക്കപ്പെടാൻ തുടങ്ങിയതു്.

മററെല്ലാ ചരക്കുകളുടേയും മൂല്യങ്ങളെ അളക്കാനുള്ള ഉപകരണമാണ് പണം. ചരക്കിന്റെ മൂല്യത്തെ പണക്കണക്കിൽ പ്രകടിപ്പിക്കുന്നതിനെ വിലയെന്നും പറയുന്നു.

വിനിമയത്തിന്റെ മധ്യവർത്തിയെന്ന നിലയ്ക്കു് എത്രത്തോളം പണം വേണോ അത്രത്തോളമുണ്ടായിരിക്കണം. കൂടുതലായാൽ വില വർധിക്കും. കുറഞ്ഞാൽ വില കുറയും.

കടലാസ്സുപണം യഥാർത്ഥമൂല്യമുള്ള ലോഹപ്പണത്തെ പ്രതിനിധീകരിക്കുന്നു. വിനിമയത്തിന്റെ മധ്യവർത്തിയെന്ന നിലയ്ക്കു് ആവശ്യമായിവരുന്ന സ്വർണ്ണത്തിന്റെ തുകയ്ക്കു് സമമാവണം. കൂടുതൽ നോട്ടടിച്ചാൽ വില വർധിക്കും. ആവശ്യത്തിൽ കൂടുതൽ നോട്ടടിക്കുന്നതുകൊണ്ടാണ് ഇൻഫ്ളേഷൻ ഉണ്ടാകുന്നതു്.

5. മൂല്യനിയമം:—വ്യത്യസ്തചരക്കുകളിലടങ്ങിയ മൂല്യങ്ങളുടെ തോതനുസരിച്ചാണ്, എന്നുവച്ചാൽ, ചരക്കുകളുടെ ഉല്പാദനത്തിന്നാവശ്യമായ ശരാശരി സാമൂഹ്യാധ്വാനത്തിന്റെ തോതനുസരിച്ചാണ്, കൈമാററം നടക്കുന്നതു്. എന്നാൽ വിലകളും മൂല്യങ്ങളും എല്ലായ്പ്പോഴും ഒന്നായിക്കൊള്ളണമെന്നില്ല. ഡിമാണ്ടിലും സപ്ലൈയിലുമുണ്ടാകുന്ന മാററങ്ങൾക്കനുസരിച്ച് വില മൂല്യത്തേക്കാൾ കൂടുകയോ കുറയുകയോ ചെയ്യാം. ഡിമാൻഡ് വർധിച്ചാൽ വില കയറും. സപ്ലൈ വർധിച്ചാൽ വില ചുരുങ്ങും. അതുപോലെ ഡിമാൻഡ് കുറഞ്ഞാൽ വിലയിടിയുകയും സപ്ലൈ കുറഞ്ഞാൽ വില വർധിക്കുകയും ചെയ്യും. എങ്കിലും മൂല്യത്തിന്റെ അടുത്തേയ്ക്കു് നീങ്ങിക്കൊണ്ടിരിക്കാനുള്ള ഒരു പ്രവണതയാണ് വിലയ്ക്കുള്ളതു്. വില മൂല്യത്തേക്കാൾ കൂടിയാൽ ഉല്പാദനവർധനവിന്നു പ്രചോദനം ലഭിക്കുന്നു. അങ്ങിനെ സപ്ലൈ വർധിക്കുന്നു. അവസാനം വില താഴുന്നു. അതുപോലെ വില മൂല്യത്തേക്കാൾ കുറഞ്ഞാൽ ഉല്പാദനം വെട്ടിക്കുറയ്ക്കപ്പെടുന്നു. അങ്ങിനെ സപ്ലൈ

ഡിമാൻറിനേക്കാൾ കുറയുന്നു. അതിൻെറ ഫലമായി വില വീണ്ടും വർദ്ധിക്കുന്നു. ഇങ്ങിനെ മാക്കററിലെ മത്സരങ്ങളിലൂടെയാണ് മൂല്യനിയമം പ്രവർത്തിക്കുന്നത്. വിലകളുടെ കയററമിറക്കങ്ങളുടെ ഫലമായി ശക്തിയുള്ളവർ നിലയുറപ്പിക്കുകയും ശക്തികുറഞ്ഞവർ പാപ്പരാവുകയും ചെയ്യുന്നു. ശക്തിയുള്ളവർ ഉല്പാദനോപകരണങ്ങൾ പരിഷ്കരിച്ച് ചരക്കുകളുടെ മൂല്യം കുറയ്ക്കുകയും അങ്ങിനെ കുറഞ്ഞ വിലയ്ക്കു വിററ് മത്സരത്തിൽ ജയിക്കുകയും ചെയ്യുന്നു.

6. ധനസംഭരണത്തിനുള്ള ഒരുപകരണമാണ് ചരക്ക്. ആദ്യകാലത്ത് മദ്ധ്യവർത്തിമാത്രമായിരുന്നു. പിന്നീട് പണം സമ്പാദിക്കാനുള്ള ചരക്കുല്പാദനമാവിർഭവിച്ചു. ഇവിടെയാണ് മുതലാളിത്തം തുടങ്ങുന്നത്.

ചരക്ക്—പണം—ചരക്ക്.

പണം—ചരക്ക്—പണം.

മുതലാളി പണമിറക്കി ചരക്കുല്പാദിപ്പിച്ച് അതു വിററ് വീണ്ടും പണമാക്കുന്നു. അവസാനം കിട്ടുന്ന പണം ആദ്യമിറക്കിയതിനേക്കാൾ കൂടുതലാണ്.

കാരണം?

ഉപഭോഗത്തിലൂടെ പുതിയ മൂല്യത്തിൻെറ ഉറവിടമായിത്തീരുക എന്ന പ്രത്യേകഗുണത്തോടുകൂടിയ ഒരു ചരക്ക് —അതായത് തൊഴിലാളിയുടെ അദ്ധ്വാനശക്തി—ഉപയോഗിക്കപ്പെടുന്നു. അദ്ധ്വാനശക്തിയുടെ സഹായത്തോടെ മിച്ചമൂല്യം ഉല്പാദിപ്പിക്കപ്പെടുന്നു.

7. അദ്ധ്വാനശക്തിയുടെ മൂല്യത്തിനുള്ള പ്രതിഫലം അദ്ധ്വാനശക്തിയിൽനിന്നു പിഴിഞ്ഞെടുക്കാൻ കഴിയുന്ന മൂല്യത്തേക്കാൾ കുറവായിരിക്കും. വ്യത്യാസം: പ്രതിഫലം കൊടുക്കാതെ ലഭിക്കുന്ന അദ്ധ്വാനം; മിച്ചമായ അദ്ധ്വാനം.

ആവശ്യമായ അദ്ധ്വാനസമയവും മിച്ചമായ അദ്ധ്വാനസമയവും. മിച്ചമായ അദ്ധ്വാനസമയംകൊണ്ട് ഉല്പാദിപ്പിച്ച മൂല്യം മിച്ചമൂല്യം. മിച്ചമൂല്യത്തിൻെറ ഉല്പാദനമാണ് മുതലാളിത്തചൂഷണത്തിൻെറ കാതൽ. മിച്ചമൂല്യത്തെ ഉല്പാദിപ്പിക്കുന്ന മൂല്യത്തിന്നാണ് മൂലധനമെന്നു പറയുന്നത്. (എല്ലാ ഉപകരണങ്ങളും മൂലധനമല്ല.)

മൂലധനം : തൊഴിലാളി-മുതലാളിബന്ധത്തെ—ചൂഷണബന്ധത്തെ—കുറിക്കുന്നു.

8. മിച്ചമൂല്യത്തിൽനിന്നാണ് ലാഭമുണ്ടാകുന്നത്.

അദ്ധ്വാനശക്തിയുടെ വിലയാണ് കൂലി. (അദ്ധ്വാനത്തിൻെറ വിലയല്ല) മുതലാളി കൂലികുറയ്ക്കാനാഗ്രഹിക്കുന്നു. തൊഴിലാളി അതു വർദ്ധിപ്പിക്കാൻ. കൂലിവർദ്ധനവ് വർഗ്ഗസമരങ്ങളുടെ ഫലം.

മിച്ചമൂല്യം വർദ്ധിപ്പിക്കാൻ രണ്ടുവഴികൾ:

(1) അദ്ധ്വാനസമയം കൂട്ടുക. (2) ഉല്പാദനക്ഷമത വർദ്ധിപ്പിക്കുക.

ലാഭം മുതലാളിത്തോല്പാദനത്തിൻെറ പ്രചോദനശക്തി.

9. മിച്ചമൂല്യവും വ്യവസായത്തിലൊട്ടാകെയുള്ള മൂലധനവും തമ്മിലുള്ള തോതാണ് ലാഭനിരക്ക്.

ഒട്ടാകെയുള്ള മൂലധനത്തിന്നു രണ്ടു ഭാഗങ്ങൾ: (1) സ്ഥിരമൂലധനം. (കെട്ടിടം, യന്ത്രങ്ങൾ, അസംസ്കൃതസാമഗ്രികൾ എന്നിവയുടെ മൂല്യം.) (2) വർദ്ധമാനമൂലധനം. (അദ്ധ്വാനശക്തിയുടെ മൂല്യം.) വർദ്ധമാനമൂലധനത്തിൽനിന്ന് മിച്ച

മൂല്യം. സ്ഥിരമൂലധനവും വര്‍ദ്ധമാനമൂലധനവും തമ്മിലുള്ള തോതു് മൂലധനത്തിന്റെ അവയവഘടനയെ നിര്‍ണ്ണയിക്കുന്നു.

താഴ്ന്ന മൂലധനഘടനയോടുകൂടിയ വ്യവസായത്തില്‍ (സ്ഥിരമൂലധനം കുറവും വര്‍ദ്ധമാനമൂലധനം കൂടുതലും) മിച്ചമൂല്യം കൂടുതല്‍.

കൂടുതല്‍ മിച്ചമൂല്യം നേടാന്‍ മൂലധനനിക്ഷേപത്തിലുള്ള മത്സരം, ഇറക്കുന്ന മൂലധനത്തിന്റെ തോതനുസരിച്ചു് തുല്യമായ ലാഭമില്ലെങ്കില്‍ മൂലധനം ഇറക്കില്ല.

10. ലാഭനിരക്കുകളുടെ സമീകരണത്തില്‍നിന്നു് ശരാശരി ലാഭനിരക്കു്.

മുതലാളിത്തസമുദായത്തില്‍ ഉല്പാദനവിലയാണു് ചരക്കിന്റെ വിലയെ നിര്‍ണ്ണയിക്കുന്നതു്.

ഉല്പാദനവില = ഉല്പാദനച്ചെലവു് + ശരാശരി ലാഭം.

പ്രത്യേകചരക്കിന്റെ വില അതിന്റെ മൂല്യത്തേക്കാള്‍ കൂടുതലോ കുറവോ ആവാം. പക്ഷേ, എല്ലാ ചരക്കുകളുടേയും ഉല്പാദനവിലകളുടെ ആകെത്തുക അവയുടെ മൂല്യങ്ങളുടെ ആകെത്തുകയാവും. (ഉദാഹരണത്തിനു് അടിസ്ഥാനതത്വങ്ങള്‍ പേജു് 407.)

11. വ്യവസായത്തില്‍നിന്നുള്ള മിച്ചമൂല്യം ലാഭവും പലിശയും ഫാക്ടറി സ്ഥലത്തിന്റെ പാട്ടവുമായി വിഭജിക്കപ്പെടുന്നു.

ബാങ്കറുടെ പലിശയും വ്യവസായമുതലാളിയുടെ ലാഭവും, ഇറക്കുന്ന പണത്തിന്റെ തോതനുസരിച്ചു്.

12. പുനരുല്പാദനം.

സാധാരണപുനരുല്പാദനവും വിപുലീകൃതപുനരുല്പാദനവും.

മുതലാളിത്തത്തില്‍ വിപുലീകൃതപുനരുല്പാദനം. അതായതു് ഓരോ ഉല്പാദനമുറയിലും കൂടുതല്‍ കൂടുതല്‍ മൂലധനമിറക്കുന്നു.

ചരക്കുകളുടെ പുനരുല്പാദനത്തിലൂടെ മുതലാളിത്തചൂഷണബന്ധങ്ങള്‍ പുനരുല്പാദിപ്പിക്കപ്പെടുന്നു.

13. രണ്ടു വ്യവസായഭാഗങ്ങള്‍: ഉല്പാദനോപകരണങ്ങള്‍ നിര്‍മ്മിക്കുന്ന വ്യവസായങ്ങളും (I) ഉപഭോഗസാമഗ്രികള്‍ നിര്‍മ്മിക്കുന്ന വ്യവസായങ്ങളും (II).
ഓരോ വിഭാഗത്തിലും ഒട്ടാകെയുള്ള ഉല്പാദനത്തിന്റെ ആകെത്തുകയ്ക്കു് മൂല്യക്കണക്കില്‍ 3 ഭാഗങ്ങള്‍:

1. ഉപയോഗിച്ചുതീര്‍ത്ത സ്ഥിരമൂലധനത്തെ തിരികെവെയ്ക്കുക.

2. വര്‍ദ്ധമാനമൂലധനത്തെ തിരികെ വെയ്ക്കുക.

3. മിച്ചമൂല്യം.

സാധാരണ പുനരുല്പാദനത്തില്‍ മിച്ചമൂല്യം മുഴുവന്‍ ഉപഭോഗത്തിന്നായി ചെലവാക്കുന്നു. മൂലധനമായി മാറുന്നില്ല.

എല്ലാ ചരക്കും വിററഴിയണമെങ്കില്‍ ഒന്നാംവിഭാഗവും (I) രണ്ടാംവിഭാഗവും (II) തമ്മില്‍ നിശ്ചിതമായ ബന്ധം വേണം.

സാധാരണ പുനരുല്പാദനത്തില്‍,
I-ലെ വര്‍ദ്ധമാനമൂലധനത്തിന്റേയും മിച്ചമൂല്യത്തിന്റേയും ആകെത്തുക II-ലെ സ്ഥിരമൂലധനത്തിനു തുല്യമാവണം.

I (വ+മി)=II സ്ഥി.

വിപുലീകൃത പുനരുല്പാദനത്തിൽ ഓരോ ഉല്പാദനമുറയിലും മൂലധന വൎദ്ധനവ്.

I-ലെ വൎദ്ധമാനമൂലധനത്തിന്റെയും മിച്ചമൂല്യത്തിന്റെയും ആകത്തുക II-ലെ സ്ഥിരമൂലധനത്തേക്കാൾ കൂടുതലാവണം. എന്നാലേ കൂടുതലാവശ്യമായി വരുന്ന യന്ത്രങ്ങൾ സപ്ലൈചെയ്യാൻ കഴിയൂ.

I (വ+മി) > II സ്ഥി.

വ്യത്യാസം മൂലധനസംഭരണത്തിനുള്ള മിച്ചം.

മൂലധനനിക്ഷേപം വൎദ്ധിക്കുംതോറും സ്ഥിരമൂലധനത്തിന്റെ പങ്ക് വൎദ്ധിക്കുകയും വൎദ്ധമാനമൂലധനത്തിന്റെ പങ്കു ചുരുങ്ങുകയും ചെയ്യുന്നു.

ഓരോ വിഭാഗത്തിലും വൎദ്ധമാനമൂലധനത്തിന്റെയും മിച്ചമൂല്യത്തിന്റെയും ആകെത്തുകയെക്കാൾ കൂടുതലായിരിക്കും സ്ഥിരമൂലധനം.

I-ലെ സ്ഥിരമൂലധനത്തിന്റെ വളർച്ച II-ലെ സ്ഥിരമൂലധനത്തിന്റെ വളർച്ചയെ കവച്ചുവെയ്ക്കണം.

I കൂടുതൽ വേഗം വികസിക്കണം. എന്നാലേ പുനരുല്പാദനത്തിന്നാവശ്യമായ പുതിയ യന്ത്രസാമഗ്രികൾ നിൎമ്മിക്കാൻ കഴിയൂ.

II-ലെ ഉല്പാദനോപകരണങ്ങളുടെ വളർച്ചയുടെ തോതു് I-ലേതിനേക്കാൾ കുറവായിരിക്കണം. ഉപഭോഗസാമഗ്രികളുടെ ഉല്പാദനം അതിലും കുറവായിരിക്കണം. മററു വാക്കുകളിൽ പറഞ്ഞാൽ വിപുലീകൃതപുനരുല്പാദനത്തിൽ കൂടുതൽ കൂടുതൽ മൂലധനകേന്ദ്രീകരണമുണ്ടാകുന്നു.

14. മുതലാളിത്തത്തിൽ പ്ലാനനുസരിച്ച് I-ഉം II-ഉം തിട്ടപ്പെടുത്താൻ കഴിയില്ല. കാരണം, ഉല്പാദകന്മാർ സ്വതന്ത്രന്മാർ. ലാഭമാണ് പ്രചോദനശക്തി. പുനരുല്പാദനത്തിലെ വൈരുദ്ധ്യങ്ങൾ, പൊരുത്തമില്ലായ്മ, പൊരുത്തക്കേട് സാമ്പത്തികകുഴപ്പത്തിലൂടെ പ്രത്യക്ഷപ്പെടുന്നു. ലാഭത്തിനുവേണ്ടി മൂലധനകേന്ദ്രീകരണം. ഉല്പാദനോപകരണങ്ങളുടെ വൎദ്ധനവ്. പക്ഷേ, അതിന്നനുസരിച്ച് ക്രയശക്തി വളരുന്നില്ല.

അമിതോല്പാദനം, വിലയിടിവ്, പുതിയ കമ്പോളം വെട്ടിപ്പിടിക്കാനുള്ള വെമ്പൽ, ഉല്പാദനം വെട്ടിച്ചുരുക്കൽ, തൊഴിലില്ലായ്മ, കൂലികുറയ്ക്കൽ, ചെറുകിടക്കാരുടെ തകർച്ച.

ഉല്പാദനത്തിന്റെ സാമൂഹ്യസ്വഭാവവും വിനിയോഗത്തിന്റെ സ്വകാൎയ്യസ്വഭാവവും തമ്മിലുള്ള വൈരുദ്ധ്യത്തിന്റെ പ്രകടനം.

മാന്ദ്യത്തിൽ കുന്നുകൂടിയ ചരക്ക് മെല്ലെമെല്ലെ വില്ക്കുന്നു. ഉപകരണങ്ങൾ പരിഷ്കരിക്കുന്നു. ഉല്പാദനക്ഷമത വൎദ്ധിപ്പിക്കുന്നു. അതിന്റെ ഫലമായി മെല്ലെ മെല്ലെ ഉല്പാദനോപകരണങ്ങൾക്ക് ഡിമാൻറുണ്ടാകുന്നു. കമ്പോളം പുനരുദ്ധരിക്കപ്പെടുന്നു. വീണ്ടും അഭിവൃദ്ധി. വീണ്ടും കുഴപ്പവും മാന്ദ്യവും.

സാമ്പത്തികകുഴപ്പങ്ങൾ മുതലാളിത്തത്തിൽ അനിവാൎയ്യം.

15. സാമ്രാജ്യാധിപത്യം: കുത്തകമുതലാളിത്തം, ഇത്തിക്കണ്ണിമുതലാളിത്തം, മൃതപ്രായമുതലാളിത്തം.

സാമ്രാജ്യാധിപത്യത്തിന്റെ അഞ്ചു സവിശേഷതകളെപ്പററി ലെനിൻ (അടിസ്ഥാനതത്വങ്ങൾ, പേജ് 430 നോക്കുക.)

മത്സരം കുത്തകയെ സൃഷ്ടിക്കുന്നു. പക്ഷേ, കുത്തക മത്സരമവസാനിപ്പിക്കുന്നില്ല.

ലോകത്തിന്റെ വിഭജനം പൂർത്തിയാകുന്നു. 1876-നും 1914-നും ഇടയ്ക്കുണ്ടായ മാററങ്ങൾ. (അടിസ്ഥാനതത്വങ്ങൾ, പേജ് 445-446)

മുതലാളിത്തത്തിന്റെ അസമമായ വളർച്ചയും ലോകത്തെ മാററിപ്പങ്കിടാനുള്ള പരിശ്രമങ്ങളും. (പേജ് 448)

സാമ്രാജ്യയുദ്ധം.

ഇത്തിക്കണ്ണിമുതലാളിത്തം: ഉല്പാദനവളർച്ചയെ തടയാനുള്ള പ്രവണത.

പലിശ വാങ്ങിത്തിന്നുന്നവരുടെ വളർച്ച.

രാഷ്ട്രീയപിന്തിരിപ്പത്തം.

തൊഴിലാളിമാടമ്പിത്തം.

മൃതപ്രായമായ മുതലാളിത്തം.

വൈരുദ്ധ്യങ്ങൾ മൂർച്ഛിക്കുന്നു.

16. മുതലാളിത്തത്തിന്റെ പൊതുകുഴപ്പം, കുഴപ്പം സഹജസ്വഭാവം.

പൊതുകുഴപ്പം മുതലാളിത്തത്തെയാകെ ബാധിക്കുന്നു.

ലോകത്തിന്റെ ആറിലൊരുഭാഗത്ത്, സോഷ്യലിസം ഉയർന്നുവന്നതിന്റെ ഫലമായി മുതലാളിത്തത്തിന്റെ വൈരുദ്ധ്യങ്ങൾ മൂർച്ഛിക്കുന്നു.

ആക്രമണവാസനകൾ വർദ്ധിക്കുന്നു.

17. പൊതുകുഴപ്പത്തിലെ പുതിയ ഘട്ടം:

1. പല രാജ്യങ്ങളും മുതലാളിത്തം കൈവിട്ട് സോഷ്യലിസം സ്വീകരിച്ചു. വളരുന്ന സോഷ്യലിസവും തളരുന്ന മുതലാളിത്തവും. സാർവ്വലൗകിക ബലാബലത്തിൽ മാററം.

2. കോളണിവ്യവസ്ഥ ശിഥിലമായി.

3. അമേരിക്കൻ സാമ്രാജ്യത്വവും മററു സാമ്രാജ്യത്വങ്ങളും തമ്മിലുള്ള വൈരുദ്ധ്യം.

4. വളർച്ചയെത്തിയ മുതലാളിത്തരാജ്യങ്ങളിലെ വൈരുദ്ധ്യം മൂർച്ഛിക്കൽ.

5. വർഗ്ഗവൈരുദ്ധ്യങ്ങൾ മൂർച്ഛിക്കുന്നു.

18. സ്റ്റേററ കുത്തകമുതലാളിത്തം. വൈരുദ്ധ്യങ്ങളിൽനിന്നു രക്ഷപ്പെടാൻ.

ഭരണയന്ത്രം ഏററവും വലിയ കുത്തകക്കമ്പനികളുടെ കയ്യിൽ.

കുത്തകകൾക്ക് സ്റ്റേററിന്റെ സഹായമില്ലാതെ നിൽക്കാൻവയ്യാ.

കുത്തകമുതലാളിശക്തികളുടേയും ഭരണകൂടാധികാരങ്ങളുടേയും സംയോജനം.

ചൂഷണം വർദ്ധിക്കുന്നു. ജനങ്ങളിൽനിന്നു പിഴിഞ്ഞെടുക്കുന്ന പണത്തിന്റെ പ്രധാനഭാഗം കുത്തകകളുടെ കയ്യിലെത്തുന്നു. (യുദ്ധസാമഗ്രികൾ വാങ്ങുന്ന വകയിലും മററുമായി.)

19. സ്റ്റേററ് കുത്തകമുതലാളിത്തവും സ്റ്റേററ്മുതലാളിത്തവും തമ്മിലുള്ള വ്യത്യാസം. ഇന്ത്യയിലേത്തു് പുരോഗമനപരം: സാമ്രാജ്യത്വത്തിന്നെതിരായ പങ്കു്, സ്വാതന്ത്ര്യമുറപ്പിക്കൽ. സാമ്രാജ്യത്വരാജ്യങ്ങളിൽ പിന്തിരിപ്പൻ; സ്വാതന്ത്ര്യത്തിന്നെതിരു്.

20. സാമ്രാജ്യത്വം മുതലാളിത്തത്തിന്റെ അവസാനഘട്ടം.

സ്റ്റേററ്കുത്തകമുതലാളിത്തം സോഷ്യലിസത്തിന്റെ വസ്തുനിഷ്ഠവും ആത്മനിഷ്ഠവുമായ ഉപാധികൾ സൃഷ്ടിക്കുന്നു.

ചരിത്രപരമായി കാലഹരണംവന്ന വ്യവസ്ഥ.

പഴയതു് പുതിയതിന്നു വഴിമാറിക്കൊടുക്കണം. ചരിത്രനിയമം.

കുറിപ്പു്: ഈ ക്ലാസ്സിൽ മുതലാളിത്തത്തിന്റെ ധനശാസ്ത്രത്തെപ്പററിമാത്രമേ പ്രതിപാദിച്ചിട്ടുള്ളു. സോഷ്യലിസത്തിന്റെ ധനശാസ്ത്രം മനസ്സിലാക്കാൻ മാർക്സിസത്തിന്റെ അടിസ്ഥാനതത്വങ്ങൾ വായിക്കുക.

[വായിക്കേണ്ട പുസ്തകങ്ങൾ: 1. മാർക്സിസത്തിന്റെ അടിസ്ഥാനതത്വങ്ങൾ: മൂന്നാംഭാഗം, ധനശാസ്ത്രം. 2. ധനശാസ്ത്രത്തിന്റെ അടിസ്ഥാനതത്വങ്ങൾ. 3. സാമ്രാജ്യാധിപത്യം (ലെനിൻ) 4. നാണയപ്രശ്നം. 5. പണംമുതൽ നയാപൈസവരെ.]

# അദ്ധ്യായം ആറു്

## സാമ്പത്തികാസൂത്രണം

പ്രധാനമന്ത്രിമുതൽ കീഴോട്ടു് പലരും ആവർത്തിച്ചാവർത്തിച്ചു പറയാറുണ്ടു്: "മാർക്സിസം പഴഞ്ചനായിരിക്കുന്നു."

അവർക്കാർക്കും മാർക്സിന്റെ നേരെ ബഹുമാനക്കുറവൊന്നുമില്ല. മനുഷ്യസമുദായം സൃഷ്ടിച്ചിട്ടുള്ള എണ്ണംപറഞ്ഞ ബുദ്ധിജീവികളിൽവെച്ചു് ഏററവുമധികം ബഹുമാനമർഹിക്കുന്ന ചുരുക്കംപേരിലൊരാളാണദ്ദേഹമെന്ന കാര്യത്തിൽ അവർക്കു തർക്കമില്ല.

പക്ഷേ, അദ്ദേഹം ജീവിച്ചിരുന്ന കാലത്തിന്റേതിൽനിന്നു സ്ഥിതിഗതികളാകെ മാറിയിരിക്കുന്നുവെന്നാണവർ വാദിക്കുന്നതു്. മാർക്സിന്റെ കാലത്തു് വിപ്ലവകരമായിരുന്ന ആശയങ്ങൾ പഴഞ്ചനാകത്തക്കവണ്ണം ലോകം പുരോഗമിച്ചുകഴിഞ്ഞിരിക്കുന്നുവെന്നവർ അവകാശപ്പെടുന്നു.

ഇതിന്റെ പ്രാധാന്യം മനസ്സിലാക്കാൻ കഴിയാതെ, ഒരു നൂററാണ്ടുമുമ്പത്തെ സ്ഥിതിഗതികളെ അടിസ്ഥാനപ്പെടുത്തിനിന്നു് മാർക്സ് ആവിഷ്ക്കരിച്ച തത്വങ്ങളെന്നുള്ള ഉന്നം മുറുകെപ്പിടിക്കുകയാണു് കമ്മ്യൂണിസ്ററുകാർ ചെയ്യുന്നതു്; അതുകൊണ്ടു്, "വിപ്ലവകാരികളാണെന്നു പറയപ്പെടുന്ന" കമ്മ്യൂണിസ്ററുകാർ "പിന്തിരിപ്പന്മാ"രാണു്—ഇതാണു വാദം.

# മാർക്സിസത്തിന്റെ ഹൃദയം

എന്നാൽ, ഇവരുടെ നിർഭാഗ്യത്തിന്ന് സുദീർഘവും സൂക്ഷ്മവുമായ ഗവേഷണത്തിന്റേയും പരിശോധനയുടേയും പരിണതഫലമായി മാർക്സ് ചെന്നെത്തിയ നിഗമനം തികച്ചും ശരിയാണെന്ന് തെളിയിക്കുന്ന സംഭവവികാസങ്ങളാണ് കഴിഞ്ഞ ഒരു നൂററാണ്ടുകാലത്തു നടന്നിട്ടുള്ളത്.

മാർക്സിന്റെ മുഖ്യമായ നിഗമനങ്ങൾ താഴെ കൊടുക്കുന്നവയാണ്:

—മുതലാളിത്തവ്യവസ്ഥയിൽ അന്തർല്ലീനമായി ഒരു ആന്തരികവൈരുദ്ധ്യമുണ്ട്; സാമൂഹ്യമായ ഉല്പാദനവും വ്യക്തിപരമായ വിതരണോപഭോഗങ്ങളും തമ്മിലുള്ള വൈരുദ്ധ്യം.

—ഈ വൈരുദ്ധ്യത്തിന്റെ ബഹിഃപ്രകടനമാണ് 1825 മുതല്ക്കു തുടങ്ങിയതും, അതിൽപ്പിന്നീട് ഏതാണ്ട പതിപ്പത്തുകൊല്ലത്തിലൊരിക്കൽ ആവൎത്തിച്ചു പോന്നതുമായ ആനുകാലിക സാമ്പത്തികക്കുഴപ്പങ്ങൾ.

—ഈ ആനുകാലികക്കുഴപ്പങ്ങളോരോന്നും പരിഹരിക്കപ്പെടുന്നു: അധഃപതനത്തിന്റെ അടിത്തട്ടിലെത്തുക, അവിടെനിന്നു മെല്ലെ മെല്ലെ ഉയൎന്നു പൊന്താൻ തുടങ്ങുക, ഉയൎച്ചയുടെ ഗതിവേഗവും ഊക്കും കൂടുക, സമൃദ്ധിയും ഐശ്വൎയ്യവും കളിയാടുന്ന ഒരു സ്ഥിതിയുളവാക്കുക—ഈ പ്രക്രിയ ഓരോ കുഴപ്പത്തിന്നുംശേഷം നടക്കുന്നു. പക്ഷെ, ചക്രം വീണ്ടും തിരിയുന്നു; സമൃദ്ധിയുടേയും ഐശ്വൎയ്യത്തിന്റെയും മൂൎദ്ധന്യാവസ്ഥയിൽനിന്നു ക്രമേണ കീഴോട്ടിറങ്ങി, അധോഗതിയുടെ ഗതിവേഗവും ഊക്കും കൂടിക്കൂടിവന്ന്, അവസാനം പഴയതുപോലെ അധഃപതനത്തിന്റെ അടിത്തട്ടിലെത്തുന്നു. ക്രമമായി നടന്നുപോരുന്ന ഈ പ്രക്രിയയുടെ പേരാണ് "ചാക്രികക്കുഴപ്പം" (ചക്രംപോലെ അധഃപതനത്തിൽനിന്നു മേലോട്ടും സമൃദ്ധിയിൽനിന്നു കീഴോട്ടും തിരിയുന്നു എന്ന അൎത്ഥത്തിൽ.)

—ഓരോ തവണത്തേയും ചാക്രികക്കുഴപ്പത്തിന്നു പരിഹാരം കാണുമ്പോൾ മുതലാളിത്തവ്യവസ്ഥയ്ക്കകത്തുള്ള ആന്തരികവൈരുദ്ധ്യത്തിന്നു പരിഹാരം കാണുന്നില്ലെന്നുമാത്രമല്ല, അതു കൂടുതൽ മൂൎച്ഛിക്കുകതന്നെ ചെയ്യുന്നു: ഉല്പാദനം സാമൂഹ്യമായും വിതരണോപഭോഗങ്ങൾ വ്യക്തിപരവുമായിത്തന്നെ നടക്കുന്നതിന്റെ ഫലമായി രണ്ടുതരം മുഖ്യപൊരുത്തക്കേടുകൾ മൂൎച്ഛിച്ചരൂപത്തിൽ പ്രത്യക്ഷപ്പെടുന്നു: (i) ഉല്പാദിപ്പിക്കപ്പെടുന്ന സ്വത്തുക്കളും അതു വാങ്ങി ഉപയോഗിക്കേണ്ടവരായ ബഹുഭൂരിപക്ഷം ജനങ്ങളുടെ ക്രയശക്തിയും തമ്മിലുള്ള പൊരുത്തക്കേട്; (ii) ഉല്പാദനോപകരണങ്ങൾ നിൎമ്മിക്കുന്ന സാമ്പത്തികശാഖയും (ഇതിന്നു മാർക്സ് "ഒന്നാംശാഖ"യെന്നു പേരിട്ടിരിക്കുന്നു) അതിലുണ്ടാക്കുന്ന ഉല്പാദനോപകരണങ്ങൾ വാങ്ങി ഉപയോഗിച്ച് ഉപഭോഗച്ചരക്കുകളുണ്ടാക്കുന്ന സാമ്പത്തികശാഖയും (ഇതിന്റെ പേർ "രണ്ടാംശാഖ"യെന്നാണ്) തമ്മിലുള്ള പൊരുത്തക്കേട്.

—ഈ രണ്ടു പൊരുത്തക്കേടുകളും തീൎക്കാനുള്ള ഒറ്റവഴി ഉല്പാദനമെന്നപോലെതന്നെ വിതരണോപഭോഗങ്ങൾകൂടി സാമൂഹ്യമായ അടിസ്ഥാനത്തിൽ പുനസ്സംഘടിപ്പിക്കുകയാണ്. ഒന്നാംശാഖയിലുണ്ടാക്കുന്ന ഉല്പാദനച്ചരക്കുകളെത്രയെന്നു നിശ്ചയിക്കുന്നതു് രണ്ടാംശാഖയുടെ പ്രവൎത്തനത്തിന്ന് ഉല്പാദനച്ചരക്കുകളെത്ര ആവശ്യമുണ്ടെന്നു പരിശോധിച്ചിട്ടായിരിക്കുക; രണ്ടാംശാഖയിലുണ്ടാക്കുന്ന ഉപഭോഗച്ചരക്കുകളെത്രയായിരിക്കണമെന്നു നിശ്ചയിക്കുന്ന ഉപഭോക്താക്കളുടെ ക്രയശക്തിയെ കണക്കിലെടുത്തിട്ടായിരിക്കുക—ഇതുരണ്ടുമാണാവശ്യം. ഇതു രണ്ടും നടത്തണമെങ്കിലോ, ഉല്പാദന-വിതരണോപഭോഗങ്ങളുടെ പ്രവൎത്തനം സാമൂഹ്യമായി നിൎണ്ണയിക്കപ്പെടുന്ന ഒരു പദ്ധതിയനുസരിച്ച തോതിലുമായിരിക്കണം.

—ഇതിനു തടസ്സമായി നിൽക്കുന്ന മുഖ്യഘടകം ഉല്പാദനോപകരണങ്ങളുടെ സ്വകാര്യഉടമയാണ്. അതു നിലനില്ക്കുന്ന കാലത്തോളം വൻകിട സ്വത്തുടമസ്ഥന്മാർക്ക് കിട്ടേണ്ട ലാഭമാണ്, ഉല്പാദനവിതരണോപഭോഗങ്ങൾ തമ്മിലും ഉല്പാദനത്തിൻെറ രണ്ടു ശാഖകളും തമ്മിൽതമ്മിലുമുള്ള പൊരുത്തമല്ല, സാമ്പത്തികപ്രവൎത്തനത്തിൻെറ അടത്തറയായിനിൽക്കുക. അതുകൊണ്ട് ഓരോ ആനുകാലികകുഴപ്പത്തിൻെറയും ഫലമായി പണക്കാർ കൂടുതൽ പണക്കാരും പാവപ്പെട്ടവർ കൂടുതൽ പാവപ്പെട്ടവരുമായിത്തീരുന്നു. മാത്രമല്ല, ഓരോ ആനുകാലികകുഴപ്പവും മുമ്പത്തേതിനേക്കാൾ ആഴമേറിയതും ബഹുഭൂരിപക്ഷം ജനങ്ങളെ സംബന്ധിച്ചേടത്തോളം വേദനാജനകവുമായിത്തീരുന്നു.

## ലോകമുതലാളിത്തകുഴപ്പവും കാരണങ്ങളും

മാർക്സിൻെറ ഈ നിഗമനത്തെ അവജ്ഞയോടെ തള്ളിക്കളഞ്ഞിരുന്ന പലർക്കും 1929-ലെ ലോകസാമ്പത്തികകുഴപ്പം ഭയങ്കരമായ ഒരു പ്രഹരമായിരുന്നു.

1825-ൽ തുടങ്ങിയതും ഏതാണ്ട് പത്ത് പന്ത്രണ്ടുകൊല്ലം കൂടുമ്പോൾ ആവൎത്തിച്ചുപോന്നതുമായ ആനുകാലികകുഴപ്പങ്ങളുടെ ഒരു തുടർച്ചമാത്രമായിരുന്നില്ല 1929-ലേതു്. ലോകമുതലാളിത്തത്തിൻെറ അടിത്തറയാകെ പിടിച്ചുകലുക്കിയ ഒരു കുഴപ്പമാണതു്. അതിൻെറ മുഖ്യസവിശേഷതകൾ പരിശോധിച്ചുകൊണ്ട് സോവിയററുകമ്മ്യൂണിസ്റ്റ്പാർട്ടിയുടെ 17-ാം കോൺഗ്രസ്സിൽ കേന്ദ്രക്കമ്മററിയുടെ നിർദ്ദേശമനുസരിച്ച് സ: സ്റ്റാലിൻ സമർപ്പിച്ച റിപ്പോർട്ടിൽ ഇങ്ങനെ പറഞ്ഞു:

"ഇതേവരെയുണ്ടായതിനേക്കാളെല്ലാം കൂടുതൽകാലം നീണ്ടുനിന്ന ഒരു കുഴപ്പമാണെന്നതാണ്, ഇപ്പോൾ മുതലാളിത്തരാജ്യങ്ങളിലുള്ള സാമ്പത്തികക്കുഴപ്പത്തിനു മുമ്പുള്ള കുഴപ്പങ്ങളിൽനിന്നെല്ലാമുള്ള വ്യത്യാസം: മുമ്പെല്ലാം ഒരു കുഴപ്പം ഒന്നോ രണ്ടോ കൊല്ലമേ നീണ്ടുനിന്നിരുന്നുള്ളു. ഇത്തവണത്തേതാകട്ടെ, തുടങ്ങിയിട്ട് അഞ്ചാംവർഷമാണിതു്. അതു് തുടരുന്ന ഓരോ കൊല്ലവും മുതലാളിത്തരാജ്യങ്ങളിലെ സമ്പദ്‌വ്യവസ്ഥയെ തകർത്തുകൊണ്ടിരിക്കുന്നു. മുമ്പ് സംഭരിക്കപ്പെട്ടുവെച്ചിരുന്ന മേദസ്സെല്ലാം ഉരുക്കിക്കളഞ്ഞുകൊണ്ടിരിക്കുന്നു. എല്ലാ കുഴപ്പങ്ങളേയുംകാൾ കഠിനമായതാണ് ഇതെന്നതിൽ അത്ഭുതത്തിനിടയില്ല.

"ഇങ്ങിനെ മുമ്പൊരിക്കലുമുണ്ടായിട്ടില്ലാത്തത്ര കാലത്തോളം ഈ കുഴപ്പം നീണ്ടുനില്ക്കാനുള്ള കാരണങ്ങളെന്തെല്ലാമാണ്?

"ഒന്നാമതു്, എല്ലാ മുതലാളിത്തരാജ്യങ്ങളെയും ഒന്നൊഴിയാതെ ബാധിച്ച ഒരു വ്യാവസായ കക്കുഴപ്പമാണിതു്. മററു രാജ്യങ്ങളുടെ ചെലവിൽ സ്വന്തം കുഴപ്പത്തിനു പരിഹാരമാൎഗ്ഗമാരായാൻ ഒരു രാജ്യത്തിനും കഴിവില്ലാത്ത ഒരു സ്ഥിതിയാണിന്നുള്ളതു്.

"രണ്ടാമതു്, വ്യാവസായികക്കുഴപ്പത്തോടുചേൎന്ന് ഒരു കാർഷികക്കുഴപ്പവും പ്രത്യക്ഷപ്പെട്ടിരിക്കുന്നു. ഇതാകട്ടെ, ഒന്നൊഴിയാതെ എല്ലാ കാർഷിക-അർദ്ധകാർഷികരാജ്യങ്ങളെയും ബാധിച്ചിട്ടുമുണ്ട്. അതുകൊണ്ട്, വ്യാവസായികക്കുഴപ്പം കൂടുതൽ സങ്കീർണ്ണവും അഗാധവുമായിത്തീരാതിരിക്കാൻ നിവൃത്തിയില്ല.

"മൂന്നാമതു്, കാർഷികക്കുഴപ്പം കൃഷിയെമാത്രമല്ല ബാധിച്ചതു്. പിന്നെയോ? കാലിവളൎത്തലടക്കം എല്ലാ കാർഷികരംഗങ്ങളേയും അതു ബാധിച്ചു. യന്ത്രോപകരണങ്ങൾക്കു പകരം കൈത്തൊഴിലുകൾ, ട്രാക്ടറുകൾക്കുപകരം കുതിരകൾ എന്നിവയെ ഉപയോഗിക്കാൻ തുടങ്ങി. കൃത്രിമവളങ്ങളുപയോഗിക്കുന്നതു് കാര്യമായ തോതിൽ കുറയ്ക്കുകയോ പൂൎണ്ണമായും വേണ്ടെന്നു വെയ്ക്കുകപോലുമോ ചെയ്യാൻ

തുടങ്ങി; ഇങ്ങിനെ കൂടുതൽ തീക്ഷ്ണമായിത്തീർന്ന കാർഷികക്കുഴപ്പം വ്യാവസായികക്കുഴപ്പത്തെത്തന്നെ കൂടുതൽ കാലദൈർഘ്യമുള്ളതാക്കിത്തീർത്തു.

“നാലാമത്, വ്യവസായരംഗത്ത് മേധാവിത്വം വഹിക്കുന്ന കുത്തകക്കാർ ചരക്കുകളുടെ വിലനിലവാരം അമിതമായുയർന്നതോതിൽ നിർത്താൻ ശ്രമിക്കുന്നു. ഇതു കുഴപ്പത്തെ കൂടുതൽ വേദനാജനകമാക്കുകയും ചരക്കു വിററഴിയുന്നതിനെ തടയുകയും ചെയ്യുന്നു.

“അവസാനവും സർവ്വപ്രധാനവുമായി, വ്യാവസായികക്കുഴപ്പം പൊട്ടിപ്പുറപ്പെട്ടതു മുതലാളിത്തത്തിന്റെ പൊതുക്കുഴപ്പത്തിന്റെ സാഹചര്യങ്ങളിലാണ്. (ഒന്നാംലോകമഹാ)യുദ്ധത്തിനും ഒക്ടോബർവിപ്ലവത്തിനും മുമ്പുണ്ടായിരുന്ന ശക്തിയും സുസ്ഥിരത്വവുമൊന്നും ഇന്നു മുതലാളിത്തത്തിനു സ്വന്തം മാതൃഭൂമിയിലോ കൊളോണിയൽ-ആശ്രിതരാജ്യങ്ങളിലോ ഇല്ല; ഉണ്ടാവാനും വയ്യ. മുതലാളിത്തരാജ്യങ്ങളിലെ വ്യവസായങ്ങളോരോന്നിലും ഉല്പാദനക്കഴിവിന്റെ ഒരംശം ഉപയോഗിക്കാതെ കിടക്കുകയെന്ന സ്ഥിതി സാമ്രാജ്യത്വയുദ്ധത്തിന്റെ അനന്തരഫലമായി തുടർന്നുകൊണ്ടിരിക്കുകയാണ്; ദശലക്ഷക്കണക്കിൽ തൊഴിലില്ലാത്തവരുള്ള സ്ഥിതിയിൽനിന്നു മുതലാളിത്തവ്യവസായത്തിനു രക്ഷപ്പെടാൻ നിവൃത്തിയില്ല.

“ഇതെല്ലാമാണ് ഇന്നത്തെ വ്യാവസായികക്കുഴപ്പത്തിന്റെ കാലദൈർഘ്യത്തിന്നിടയാക്കുന്ന സാഹചര്യങ്ങൾ. അവ നിമിത്തമാണ് ഈ കുഴപ്പം ഉല്പാദനത്തിന്റെയും വ്യാപാരത്തിന്റേയും വൃത്തത്തിൽമാത്രമായൊതുങ്ങിനില്ക്കാതെ പണമിടപാട്, നാണയം, കടബാദ്ധ്യതകൾ മുതലായ രംഗങ്ങളിൽക്കൂടി വ്യാപിച്ച് വിവിധ രാജ്യങ്ങൾതമ്മിലും ഓരോ രാജ്യത്തുമുള്ള വിവിധ സാമൂഹ്യവിഭാഗങ്ങൾ തമ്മിലുമുള്ള പരസ്പരബന്ധങ്ങളെ ഭേദിക്കാൻപോലും ഇടവരുത്തിയിട്ടുള്ളത്.”

## രണ്ടു ലോകങ്ങൾ:
## സോഷ്യലിസ്റ്റും മുതലാളിത്തവും

ഇത്ര തീക്ഷ്ണവും അഗാധവുമായ സാമ്പത്തികക്കുഴപ്പം മുതലാളിത്തലോകത്തെ ബാധിച്ചിരുന്നയവസരത്തിൽതന്നെയാണ് സോഷ്യലിസത്തിന്റെ സാദ്ധ്യതകളും മേന്മയും പ്രത്യക്ഷമാകത്തക്കവിധം സോവിയററ്യൂണിയൻ (ഒന്നാം) പഞ്ചവത്സരപദ്ധതി ആവിഷ്കരിച്ചു നടപ്പിൽവരുത്താൻ തുടങ്ങിയത്.

നിലവിലുള്ള മുതലാളിത്തവ്യവസ്ഥയുടേയും, ഭാവിയിൽ വരാനിരിക്കുന്ന സോഷ്യലിസ്റ്റ്‌വ്യവസ്ഥയുടേയും സവിശേഷതകളെ താത്വികമായി വിശകലനം ചെയ്ത് മാർക്സു ചെന്നെത്തിയ നിഗമനം—ആന്തരികവൈരുദ്ധ്യങ്ങൾ നിമിത്തം തകർന്നുപോവുന്ന മുതലാളിത്തത്തിന്റെ ശവക്കുഴിതോണ്ടുന്ന തൊഴിലാളിവർഗ്ഗം ഒരു പുതിയ സാമൂഹ്യവ്യവസ്ഥക്കടിത്തറയിട്ടു മുന്നേറുന്നതിനെസ്സംബന്ധിച്ച നിഗമനം—തികച്ചും ശരിയാണെന്ന് പ്രായോഗികാനുഭവം തെളിയിക്കാൻ തുടങ്ങി. 1929-നു ശേഷമുള്ള 5 കൊല്ലക്കാലത്തു സോവിയററ്യൂണിയന്റേയും മുഖ്യമുതലാളിരാജ്യങ്ങളിലെയും വ്യാവസായികോല്പാദനത്തോത് എങ്ങിനെ പുരോഗമിപ്പിച്ചുവെന്നു കാണിക്കുന്ന കണക്കാണു താഴെ കൊടുക്കുന്നത്:

## വ്യാവസായികോല്പാദനം

| | 1929 | 1930 | 1931 | 1932 | 1933 |
|---|---|---|---|---|---|
| സോവിയററയൂണിയൻ | 100·0 | 129·7 | 161·9 | 184·7 | 201·6 |
| അമേരിക്ക | 100·0 | 80·7 | 68·1 | 53·8 | 64·9 |
| ഇംഗ്ലണ്ട് | 100·0 | 92·4 | 83·8 | 83·8 | 86·4 |
| ജർമ്മനി | 100·0 | 88·3 | 71·7 | 59·8 | 66·8 |
| ഫ്രാൻസ് | 100·0 | 100·7 | 89·2 | 69·1 | 77·4 |

1933-നു ശേഷവും മുതലാളിത്ത-സോഷ്യലിസ്റ്റ്ഘടകങ്ങൾ തമ്മിലുള്ള ഈ അന്തരം വളർന്നുവന്നു. രണ്ടാംലോകമഹായുദ്ധത്തിനുമുമ്പ് സോവിയററ യൂണിയനിൽ മാത്രമോ, യുദ്ധാനന്തരം പുതുതായുയർന്നുവന്ന എല്ലാ സോഷ്യലിസ്റ്റ് രാജ്യങ്ങളുമടക്കമുള്ള സോഷ്യലിസ്റ്റ്ചേരിയിൽപെട്ട ഏതെങ്കിലും രാജ്യത്തോ, മുതലാളിത്തരാജ്യങ്ങളിലേതുപോലെ ആനുകാലികക്കുഴപ്പങ്ങളില്ല. സമൃദ്ധിയും ഐശ്വര്യവും കഴിഞ്ഞാൽ മാന്ദ്യവും കുഴപ്പവും. അതു കഴിഞ്ഞാൽ വീണ്ടും സമൃദ്ധിയും ഐശ്വര്യവും—ഈ നിലയ്ക്കാണു മുതലാളിത്തം 'പുരോഗമി'ക്കുന്നതെങ്കിൽ, മാന്ദ്യവും കുഴപ്പവുമില്ലാതെ അനുസ്യൂതം വളരുകയാണു സോഷ്യലിസം ചെയ്യുന്നത്.

രണ്ടാംലോകമഹായുദ്ധത്തിനുശേഷം അമേരിക്കയിൽ 4 തവണ മാന്ദ്യവും കുഴപ്പവും പൊട്ടിപ്പുറപ്പെടുകയുണ്ടായി. (1948-49-ൽ; 1953-54-ൽ; 1957-58-ൽ; 1960-61-ൽ.) സോവിയററയൂണിയനിലാകട്ടെ, യാതൊരു മാന്ദ്യവും കുഴപ്പവുമില്ല.
1957-ലെ വ്യാവസായികോല്പാദനം 1913-ലേതിന്റെ 2·3 ഇരട്ടിയാണ് അമേരിക്കയിൽ. സോവിയററയൂണിയനിലോ? 9·5 ഇരട്ടി.

സോവിയററയൂണിയനും അമേരിക്കയും തമ്മിലുള്ള ഈ അന്തരം സോഷ്യലിസ്റ്റ്ചേരിയേയും മുതലാളിത്തചേരിയാകേയും തമ്മിലുമുണ്ട്. ഒരൊററ സോഷ്യലിസ്റ്റ്രാജ്യത്തിനും വ്യാവസായികമാന്ദ്യമോ കുഴപ്പമോ നേരിടേണ്ടിവന്നിട്ടില്ല. മുതലാളിത്തരാജ്യങ്ങൾക്കാകട്ടെ, ഓരോന്നിനും ഒന്നിലധികംതവണ കുഴപ്പപരിതഃസ്ഥിതി നേരിടേണ്ടിവന്നിട്ടുണ്ട്. വ്യാവസായികോല്പാദനത്തെക്കുറിച്ച് പറകയാണെങ്കിൽ, 1937-ലേതു് 100 ആണെന്നു കണക്കാക്കുന്നപക്ഷം, മുതലാളിത്തരാജ്യങ്ങൾക്കെല്ലാംകൂടി 1957 ആയപ്പോഴേക്കും അതു 202 ആയി ഉയർത്താനേ കഴിഞ്ഞുള്ളു. സോഷ്യലിസ്റ്റ്രാജ്യങ്ങളുടെ മൊത്തം വ്യാവസായികോല്പാദനമാകട്ടെ, 100-ൽ നിന്ന് 867 ആയുയർന്നു.

## ബൂർഷ്വാധാരണയുടെ അടി തകരുന്നു

മാർക്സിസമല്ല, മുതലാളിത്തമാണ് പഴഞ്ചനായതെന്ന് ഇതിൽനിന്നു വ്യക്തമാവുന്നുണ്ടല്ലോ.

പ്രത്യക്ഷവും പൂർണ്ണവുമായിട്ടല്ലെങ്കിൽ പരോക്ഷവും ഭാഗികവുമായിട്ടല്ലെങ്കിലും ഈ പരമാർത്ഥമംഗീകരിക്കാൻ ബൂർഷ്വാപണ്ഡിതന്മാരും പ്രചാരകന്മാരും തന്നെ ഇപ്പോൾ നിർബന്ധിക്കപ്പെട്ടിരിക്കുന്നു. "വെറും ഭൗതികകാര്യങ്ങ"ളെടുത്തു പരിശോധിച്ചാൽ സോഷ്യലിസ്റ്റ്വ്യവസ്ഥ മെച്ചപ്പെട്ടതായിരിക്കാം, പക്ഷേ അതിൽ ധാർമ്മികമൂല്യങ്ങൾക്ക് സ്ഥാനമില്ല. വ്യക്തി സമുദായത്തിന്നടിമപ്പെടുത്തപ്പെടുന്നു എന്നൊക്കെയാണല്ലോ ഇപ്പോൾ അവരുടെ വാദം; ജനാധിപത്യവ്യവസ്ഥ നിലനിർത്തിക്കൊണ്ടുള്ള സാമ്പത്തികപുനർനിർമ്മാണത്തിന്, കാര്യക്ഷമതയെസ്സംബന്ധി

ച്ചിടത്തോളം ഏകാധിപത്യവ്യവസ്ഥയ്ക്കില്ലാത്ത പല പരിമിതികളും ഉണ്ടെന്നും അവർ ചൂണ്ടിക്കാട്ടുന്നു. സാമ്പത്തികപുനർനിർമ്മാണമടക്കമുള്ള "ഭൗതികകാര്യ"ങ്ങളിൽ കൂടുതൽ കാര്യക്ഷമമാണെങ്കിലും ധാർമ്മികമൂല്യങ്ങളില്ലാത്ത സോഷ്യലിസ്റ്റ് വ്യവസ്ഥ സ്വീകരിക്കാൻ വയ്യെന്നതാണവരുടെ നിലപാട്.

മാത്രമല്ല, സമ്പദ്‌വ്യവസ്ഥയെസ്സംബന്ധിച്ച് ബൂർഷ്വാപണ്ഡിതന്മാർ മുമ്പാവിഷ്കരിച്ചിരുന്ന തത്വങ്ങളിലും ബൂർഷ്വാവർഗ്ഗമംഗീകരിച്ചിരുന്ന പ്രായോഗികപ്രവർത്തനക്രമത്തിലുംതന്നെ പ്രധാനമായ ചില മാററങ്ങൾ വന്നുകഴിഞ്ഞിട്ടുണ്ട്. ബൂർഷ്വാധനശാസ്ത്രത്തിൻെറ അടിത്തറയായി കണക്കാക്കപ്പെട്ടിരുന്ന "പൂർണ്ണമായ വ്യക്തിസ്വാതന്ത്ര്യ"മെന്ന തത്വം—ഉല്പാദനവിതരണോപഭോഗങ്ങളിൽ സമുദായവും ഭരണകൂടവും ഇടപെടാൻ പാടില്ലെന്ന തത്വം—സാമ്പത്തികജീവിതത്തിൽ സമുദായവും ഭരണകൂടവും പരിമിതമായ തോതിലിടപെട്ട് സാമ്പത്തികപുരോഗതിയെ സഹായിക്കണമെന്ന തത്വത്തിന് വഴിമാറിക്കൊടുത്തിരിക്കുന്നു. ദേശീയ വരുമാനം അതിൽനിന്ന് ഓരോ വർഷവും മിച്ചംവെയ്ക്കുന്ന സംഖ്യ, അതു മൂലധനമാക്കിമാററാൻ കൂടുതൽ കാര്യക്ഷമമായി ഉല്പാദനം നടത്താനുള്ള പദ്ധതി, ഉല്പാദനത്തിൻെറ വർദ്ധനവും ഉപഭോഗത്തിൻെറ വളർച്ചയും തമ്മിലുള്ള പൊരുത്തം, സാമ്പത്തികപുരോഗതിയും തൊഴിലെടുത്തു ജീവിക്കുന്നവരുടെ എണ്ണവും തമ്മിലുള്ള ബന്ധം മുതലായ പ്രശ്നങ്ങൾ വ്യക്തികളുടെ ഇഷ്ടത്തിന്നനുസരിച്ചു നീങ്ങിക്കൊണ്ടിരിക്കുകയല്ല, അവയിലെല്ലാം സമുദായവും ഭരണകൂടവും സജീവമായി ഇടപെടുന്നുണ്ട് എന്നു വന്നിരിക്കുന്നു. സാമ്പത്തികാസൂത്രണം—പ്ലാനിങ്ങ്—സോഷ്യലിസ്റ്റ്‌രാജ്യങ്ങളിൽ മാത്രമല്ല മുതലാളിത്തരാജ്യങ്ങളിൽക്കൂടിയുണ്ടെന്നായിരിക്കുന്നു. ചുരുക്കത്തിൽ മാർക്സിയൻധനതത്വശാസ്ത്രത്തിൻെറ തത്വങ്ങളും സോഷ്യലിസ്റ്റ് സാമൂഹ്യവ്യവസ്ഥയിലെ പ്രായോഗികസാമ്പത്തികനടപടികളും ഒരതിത്തിവരെ അംഗീകരിക്കാൻ ബൂർഷ്വാസി നിർബ്ബന്ധിക്കപ്പെട്ടിരിക്കുന്നു.

ഈ മാററമുണ്ടായതാവട്ടെ, 1929-33 കാലഘട്ടത്തിലായിരുന്നുതാനും. 1929-ൽ പൊട്ടിപ്പുറപ്പെട്ട മുതലാളിത്തലോകസാമ്പത്തികക്കുഴപ്പവും, 1928-ൽ തുടങ്ങി ക്രമാനുഗതമായി പുരോഗമിച്ചുകൊണ്ടിരുന്ന സോവിയററ് പഞ്ചവത്സരപദ്ധതിയും, ബൂർഷ്വാധനശാസ്ത്രകാരന്മാരുടേയും ബൂർഷ്വാരാജ്യതന്ത്രജ്ഞന്മാരുടേയും ആത്മസംതൃപ്തി നിറഞ്ഞ സമീപനത്തിൻെറ അടിയാകെ തകർത്തു. മുതലാളിത്തസാമൂഹ്യവ്യവസ്ഥയെ പരിശോധിച്ചു മനസ്സിലാക്കുന്നതിന്ന് ഇതുവരെ അംഗീകരിച്ചിരുന്നതല്ലാത്ത പുതിയൊരു സമീപനം ആവശ്യമാണെന്നു വന്നു. അതനുസരിച്ചു സമുദായത്തിൻെറയും ഭരണകൂടത്തിൻെറയും പ്രവർത്തനവും നവീകരിക്കേണ്ടി വന്നു.

## റൂസ്‌വെൽട്ടും കെയ്ൻസും

മുതലാളിത്തസാമൂഹ്യവ്യവസ്ഥയുടെ നിലനില്പിന്നുതന്നെ ആവശ്യമായ ഈ ജോലി നിറവേററിയ ബൂർഷ്വാധനശാസ്ത്രകാരന്മാരിൽ മുഖ്യസ്ഥാനമലങ്കരിക്കുന്നത് ജെ. എം. കെയിൻസ് എന്ന ബ്രിട്ടീഷ് ധനശാസ്ത്രപണ്ഡിതനാണ്. അതേ ജോലി ചെയ്ത ബൂർഷ്വാരാജ്യതന്ത്രജ്ഞൻ അമേരിക്കൻ പ്രസിഡൻറ് ഫ്രാങ്ക്ലിൻ റൂസ്‌വെൽട്ടും.

ലോകസാമ്പത്തികക്കുഴപ്പം അതിൻെറ മൂർദ്ധന്യാവസ്ഥയിലെത്തിയിരുന്ന ഘട്ടത്തി(1932)ലാണ് റൂസ്‌വെൽട്ട് അമേരിക്കൻ പ്രസിഡൻറായി തിരഞ്ഞെടുക്കപ്പെട്ടത്. ആ കുഴപ്പത്തിനു പരിഹാരമുണ്ടാക്കലായിരുന്നു അദ്ദേഹത്തിൻെറ തിരഞ്ഞെടുപ്പുപരിപാടയിലെ മുഖ്യമായ ഇനം. ലക്ഷക്കണക്കിൽ തൊഴിലില്ലാത്തവർ അലഞ്ഞുനടക്കുന്നു. യന്ത്രങ്ങളും മററുല്പാദനോപകരണങ്ങളും അവയുടെ ഉല്പാ

ദനക്കഴിവു മുഴുവനുപയോഗിക്കാൻ കഴിയാതെ കിടക്കുന്നു; ഉപഭോഗസാമഗ്രികൾ വാങ്ങാനാളില്ലാതെ കെട്ടിക്കിടക്കുകയും നശിപ്പിക്കേണ്ടിവരികയും ചെയ്യുന്നു. ഇതിനെല്ലാമൊരു പോംവഴി കാണുമെന്നു കരുതിയാണ് അമേരിക്കൻജനത റൂസ്‌വെൽട്ടിനെ പ്രസിഡൻറാക്കിയതു്.

അമേരിക്കൻ ജനതയുടെ ഈ പ്രതീക്ഷകൾ ഫലിപ്പിക്കാൻവേണ്ടി പ്രസിഡൻറ് റൂസ്‌വെൽട്ടും അദ്ദേഹത്തിൻെറ ഉപദേശകന്മാരുംകൂടി ആവിഷ്ക്കരിച്ച പരിപാടിയാണ് "ന്യൂഡീൽ" എന്നു് ഇംഗ്ലീഷിൽ വിളിക്കപ്പെട്ട നവീനവ്യവസ്ഥ. അതിൻെറ പ്രാഥമികമായ ലക്ഷ്യം മുതലാളിത്തവ്യവസ്ഥയെ കുഴപ്പത്തിൽനിന്നു രക്ഷിക്കുകയാണ്. പക്ഷേ, ലക്ഷ്യം സാധിക്കുന്നതിനുവേണ്ടി അതംഗീകരിക്കുന്ന പ്രായോഗികപദ്ധതി, മുതലാളിത്തവ്യവസ്ഥയുടെ അനുപേക്ഷണീയഘടകങ്ങളായി കണക്കാക്കപ്പെട്ടിരുന്ന അനിയന്ത്രിതമായ മുതലാളിത്തചൂഷണത്തിലൊരയവുവരുത്തുകയാണ്. അതുകൊണ്ടുതന്നെ, ഏററവും പിന്തിരിപ്പന്മാരായ കുത്തകമുതലാളിമാരതിനെ എതിർത്തു. പുരോഗമനവിഭാഗങ്ങൾ അതിനു സ്വാഗതമരുളി. അവരുടെ സഹായത്തോടെ റൂസ്‌വെൽട്ട് മുന്നോട്ടുപോയി.

ഇതിലദ്ദേഹത്തിന്നാവശ്യമായ ഉപദേശവും സഹായവും നൽകിയ ധനശാസ്ത്രപണ്ഡിതനാണ് ജെ. എം. കെയിൻസ്. ഒരു ബ്രിട്ടീഷ് ധനശാസ്ത്രപണ്ഡിതനായറിയപ്പെട്ടിരുന്ന കെയിൻസിനെ പ്രസിഡൻറ് റൂസ്‌വെൽട്ട് അമേരിക്കയിലേയ്ക്കു് ക്ഷണിക്കുകയും അദ്ദേഹത്തിൻെറ ഉപദേശം തേടുകയും ചെയ്തു. അങ്ങിനെ പ്രസിഡൻറ് റൂസ്‌വെൽട്ടൊരുക്കിയ രാഷ്ട്രീയപശ്ചാത്തലത്തിൽ കെയിൻസ് നടത്തിയ സാമ്പത്തികഗവേഷണങ്ങളിൽനിന്ന് അമേരിക്കൻമുതലാളിത്തത്തിനു മാത്രമല്ല, മുതലാളിത്തസാമൂഹ്യവ്യവസ്ഥയ്ക്കാകെ ലോകസാമ്പത്തികക്കുഴപ്പത്തിൽനിന്നു രക്ഷപ്പെടാൻ കഴിയുമെന്ന ഒരു വിശ്വാസവും അതിന്നു പ്രയോജനപ്പെടുന്നതെന്നു തോന്നുന്ന പരിപാടിയും രൂപമെടുത്തു.

## കെയിൻസിൻെറ സംഭാവന

ബൂഷ്വാധനശാസ്ത്രത്തിൻെറ വളർച്ചയിൽ പ്രധാനമായ ഒരു കാൽവെയ്പ്പാണ് "കെയിൻസിസ"മെന്ന പേരിൽ അറിയപ്പെടുന്ന സിദ്ധാന്തങ്ങൾ. "തൊഴിൽ സൌകര്യങ്ങളെയും പലിശയെയും പണത്തെയും സംബന്ധിച്ച പൊതുസിദ്ധാന്ത"മെന്ന പേരിൽ കെയിൻസെഴുതിയതും 1936-ൽ പ്രസിദ്ധീകരിച്ചതുമായ ഗ്രന്ഥം ബൂഷ്വാധനശാസ്ത്രത്തിൻെറ അടിത്തറയെയാകെ പിടിച്ചുകുലുക്കി.

കെയിൻസിന്നുമുമ്പുള്ള ബൂഷ്വാധനശാസ്ത്രപണ്ഡിതന്മാരുടെ അഭിപ്രായത്തിൽ, മുതലാളിത്തസാമൂഹ്യവ്യവസ്ഥയിൽ സ്വതേ യാതൊരു കുഴപ്പവുമില്ല; താല്ക്കാലികമായ ചില കുഴപ്പങ്ങളുണ്ടാവാമെങ്കിലും അതെല്ലാം സ്വയം പരിഹരിക്കപ്പെട്ടുകൊള്ളും.

ചരക്കുകളുടെ ഉല്പാദനം കൂടുതലും, അതു വാങ്ങാൻ മുമ്പോട്ടുവരുന്ന ആളുകൾ കുറയുമെന്ന സ്ഥിതിയും, ചിലപ്പോൾ, താല്ക്കാലികമായിവന്നേക്കും. പക്ഷേ, അതു വന്നാലുടനെ ഉല്പാദകന്മാർ അതു കണക്കിലെടുത്തു് ഉല്പാദനം കുറയ്ക്കും; വാങ്ങാനുള്ളതിൻെറ കണക്കനുസരിച്ച് താണതോതിലേയ്ക്കെത്തുന്നതുവരെ ഈ ഉല്പാദനം കുറയ്ക്കൽനടപടി തുടരും; അങ്ങനെ ആ കുഴപ്പം തീരും.

അതുപോലെതന്നെ, സാധനങ്ങൾ വാങ്ങാനുള്ളതിൻെറ തോതനുസരിച്ച് വേണ്ടത്ര ഉല്പാദനമില്ലാത്ത സ്ഥിതി ചിലപ്പോൾ വരും. അപ്പോൾ വില വർദ്ധിക്കും. ആ സ്ഥിതി വന്നാലുടൻ അതു കണക്കിലെടുത്തു് ഉല്പാദനം വർദ്ധിപ്പിക്കാൻ ഉല്പാദകന്മാർ മുതിരും; ഉപഭോക്താക്കളുടെ ആവശ്യം മുഴുവൻ പൂർണ്ണമായി സാധിക്കത്തക്ക ചരക്കുകളുണ്ടാവുകയെന്ന സ്ഥിതിയെത്തുന്നതുവരെ ഈ ഉല്പാദനവർദ്ധന തുടരും; അങ്ങനെ ആ കുഴപ്പം തീരും.

ഇങ്ങനെ ഓരോ തവണയും പൊട്ടിപ്പുറപ്പെടുന്ന ഓരോ കുഴപ്പവും സ്വയം തീരത്തക്ക രീതിയിലാണ് സാമ്പത്തികനിയമങ്ങൾ പ്രവർത്തിക്കുന്നതെന്ന ധാരണയാണ് കെയിൻസിന്റെ കാലംവരെ ബൂർഷ്വാധനശാസ്ത്രകാരന്മാർക്കുണ്ടായിരുന്നതു്.

ഇതിലൊരു മാററംവരുത്തിയതാണ് "കെയിൻസിസ"ത്തിന്റെ സംഭാവന. മുതലാളിത്തസാമൂഹ്യവ്യവസ്ഥയിൽ അടിസ്ഥാനപരമായ ഒരു പൊരുത്തക്കേടുണ്ടെന്നും അതു് കാലംചെല്ലുന്തോറും മൂർഛിച്ചുവരികയാണെന്നും കെയിൻസു ചൂണ്ടിക്കാണിച്ചു. ഈ പൊരുത്തക്കേടിന്റെ ഉത്ഭവസ്ഥാനം, ദേശീയവരുമാനത്തിൽനിന്നു ദേശീയചിലവു കഴിച്ചു് മിച്ചസംഖ്യമുഴുവൻ മൂലധനമാക്കി മാററുന്നതിനുള്ള കഴിവുകേടാണെന്നാണ് അദ്ദേഹത്തിന്റെ അഭിപ്രായം. മിച്ചംവരുന്ന സഖ്യമുഴുവൻ പുനരുല്പാദനപരമായി മുടക്കാൻ കഴിയാതെവരുമ്പോൾ തൊഴിലില്ലായ്മ വ്യാപിക്കും; അതു് ഉപഭോഗച്ചരക്കുകളുടെ വില്പനയെക്കൂടി ബാധിക്കും; അങ്ങനെ സാമ്പത്തികക്കുഴപ്പവും മാന്ദ്യവും പടർന്നുപിടിക്കും ഇതു കൂടാതെകഴിയണമെങ്കിൽ, മൂലധനം മുടക്കുന്നതിനു പ്രോത്സാഹനവും പ്രേരണയും നൽകത്തക്ക പ്രായോഗികനടപടികളുമായി ഭരണകൂടം സാമ്പത്തികജീവിതത്തിൽ ക്രിയാത്മകമായി ഇടപെടണം—ഇതാണു് "കെയിൻസിസ"ത്തിന്റെ കാതലായ ഭാഗം.

ഉല്പാദനത്തിന്റെ ഒന്നും രണ്ടും ശാഖകൾതമ്മിൽ പൊരുത്തക്കേടുണ്ടാവുന്നതാണ് ചാക്രികക്കുഴപ്പത്തിന്റെ കാരണമെന്ന മാർക്സിയൻസിദ്ധാന്തവുമായി സാദൃശ്യമുള്ള ഒന്നാണ് ഈ കെയിൻസിയൻസിദ്ധാന്തമെന്നു കാണാൻ പ്രയാസമില്ല. ഭരണകൂടത്തിന്റെ സഹായമില്ലാതെ കുഴപ്പത്തിൽനിന്നു രക്ഷപ്പെടാൻ കഴിയില്ലെന്ന വാസ്തവം തുറന്നുപറഞ്ഞുവെന്നതാണ് അതേവരെയുണ്ടായിരുന്ന ബൂർഷ്വാധനശാസ്ത്രപണ്ഡിതന്മാരിൽനിന്നു കെയിൻസിനെ വേർതിരിക്കുന്നതു്. അക്കാര്യത്തിലതിനു മാർക്സിസവുമായി അടുപ്പമാണ്.

എന്നാൽ, മാർക്സിസവും കെയിൻസിസവും തമ്മിലുള്ള സാദൃശ്യവും അടുപ്പവും ഇതോടെ അവസാനിക്കുന്നു. ഇതിനേക്കാൾ കൂടുതൽ പ്രധാനമായ അടുത്ത പ്രശ്നത്തിലേയ്ക്കു കടന്നുകഴിയുമ്പോൾ—ഭരണകൂടം സജീവമായി ഇടപെടുന്നതെന്തിനുവേണ്ടിയാണെന്ന പ്രശ്നമുന്നയിക്കുമ്പോൾ—അവതമ്മിൽ അകന്നുപോവുന്നു. ഭരണകൂടം ഇടപെട്ടു് മുതലാളിത്തസാമൂഹ്യവ്യവസ്ഥയെ രക്ഷിക്കുകയാണു വേണ്ടതു്, അതു സാദ്ധ്യമാണ് എന്നു കെയിൻസു വാദിക്കുന്നു. മാർക്സിസമോ? മുതലാളിത്തത്തെ രക്ഷിക്കാനുള്ള ഏതു നടപടിയും കുഴപ്പം പരിഹരിക്കുന്നതിനു പകരം അതു് കുറേക്കൂടി മൂർഛിക്കാൻ സഹായിക്കുകയേയുള്ളുവെന്നാണു വാദിക്കുന്നതു്.

## ന്യൂഡീലും അതിനുശേഷവും

"കെയിൻസിസം" രൂപമെടുത്തുകഴിഞ്ഞതിൽപ്പിന്നീടുള്ള കാൽനൂററാണ്ടുകാലത്തെ അനുഭവം മാർക്സിസത്തിന്റെ നിലപാടിനെ തികച്ചും ന്യായീകരിക്കുന്നു.

റൂസ്‌വെൽററ് ഉൽഘാടനംചെയ്ത "ന്യൂഡീ"ലിസത്തിനു് അമേരിക്കൻ മുതലാളിത്തത്തെ കുഴപ്പത്തിൽനിന്നു രക്ഷപ്പെടുത്താൻ കഴിഞ്ഞില്ല. 1929-ൽ തുടങ്ങിയ കുഴപ്പം 1933-ഓടുകൂടി അവസാനിക്കുകയും 1933-മുതൽക്കു് ഒരു സാമ്പത്തികപുനരുത്ഥാനം തുടങ്ങുകയും ചെയ്തുവെങ്കിലും, 1937-ൽ വീണ്ടും ഒരു കുഴപ്പം തുടങ്ങി. 1929–33-ലെന്നപോലെ 1937-39-ലും അമേരിക്കയിലും മററു മുതലാളിത്തരാജ്യങ്ങളിലും മാന്ദ്യവും കുഴപ്പവു വന്ന അവസരത്തിൽ സോവിയററ്യൂണിയൻ ക്രമാനുഗതമായ വളർച്ച പ്രാപിച്ചുകൊണ്ടിരിക്കുകയായിരുന്നു.

മാത്രമല്ല, മുതലാളിത്തലോകത്തിൽത്തന്നെ യുദ്ധസന്നാഹങ്ങൾ കൂട്ടുകയും വെട്ടിപ്പിടുത്തയുദ്ധങ്ങൾക്കുവേണ്ടി ദേശീയസാമ്പത്തികവ്യവസ്ഥയെ മുഴുവൻ തയ്യാറാക്കുകയും ചെയ്തുകൊണ്ടിരുന്ന ജർമ്മനി, ഇററലി, ജപ്പാൻ എന്നീ രാജ്യങ്ങളിൽ, അമേരിക്ക, ബ്രിട്ടൻ മുതലായ പുരോഗമന-ജനാധിപത്യനയമംഗീകരിക്കുന്ന രാജ്യങ്ങളെ അപേക്ഷിച്ച്, സാമ്പത്തികക്കുഴപ്പത്തിനു തീക്ഷ്ണത കുറവുമായിരുന്നു. ഇതു വ്യക്തമാക്കുന്ന കണക്കാണ് താഴെ കൊടുക്കുന്നതു്:

## വ്യാവസായികോല്പാദനം

(1929-ൽ 100 എന്ന കണക്കനുസരിച്ച്)

| | 1934 | 1935 | 1936 | 1937 | 1938 |
|---|---|---|---|---|---|
| അമേരിക്ക | 66·4 | 75·6 | 88·1 | 92·2 | 72·0 |
| ബ്രിട്ടൻ | 98·8 | 105·8 | 115·9 | 123·7 | 112·0 |
| ഫ്രാൻസ് | 71·0 | 67·4 | 79·3 | 82·8 | 70·0 |
| ഇററലി | 80·0 | 93·8 | 87·5 | 99·6 | 96·0 |
| ജർമ്മനി | 79·8 | 94·0 | 106·3 | 117·2 | 125·0 |
| ജപ്പാൻ | 128·7 | 141·8 | 151·1 | 170·8 | 165·0 |
| സോവിയററ്യൂണിയൻ | 238·3 | 293·4 | 382·3 | 424·0 | 477·0 |

(സോവിയററ് കമ്മ്യൂണിസ്റ്റ്പാർട്ടിയുടെ 18-ാംകോൺഗ്രസിൽ സ: സ്റ്റാലിൻ ചെയ്ത റിപ്പോർട്ടിൽനിന്ന്)

ഈ കണക്കുകൾ വിശദീകരിച്ചുകൊണ്ട് സ: സ്റ്റാലിൻ ചൂണ്ടിക്കാണിച്ചു:

"കുഴപ്പങ്ങളില്ലാത്തതും വ്യവസായം തുടർച്ചയായി പുരോഗമിച്ചുകൊണ്ടിരിക്കുന്നതുമായ ഒരൊററ രാജ്യം സോവ്യററ്യൂണിയനാണെന്ന് ഇതിൽനിന്ന് വ്യക്തമാവുന്നു.

"അമേരിക്ക, ബ്രിട്ടൻ, ഫ്രാൻസ് എന്നീ രാജ്യങ്ങളിൽ ഗൗരവാവഹമായ ഒരു സാമ്പത്തികക്കുഴപ്പം തുടങ്ങിയിരിക്കുന്നുവെന്നും ഇതിൽനിന്നു വ്യക്തമാവുന്നു.

"സമ്പദ്‌വ്യവസ്ഥയുടെ സൈനികവൽക്കരണത്തിൽ ജർമ്മനിയുടെ മുൻഗാമികളായിരുന്ന ഇററലിയിലും ജപ്പാനിലും 1938 ആയപ്പോഴേയ്ക്കുതന്നെ വ്യവസായം കീഴോട്ടുപോകാൻ തുടങ്ങിക്കഴിഞ്ഞു.

"ഇററലിയും ജപ്പാനും ചെയ്തതിൽപിന്നീടുമാത്രം സമ്പദ്‌വ്യവസ്ഥയെ സൈനികവൽക്കരിക്കാൻ തുടങ്ങിയ ജർമ്മനിയിൽ ചെറിയതോതിലാണെങ്കിലും വ്യവസായത്തിന്റെ ഗതി മേലോട്ടാണ്—ഇററലിയിലും ജപ്പാനിലും അടുത്തസമയംവരെ അങ്ങിനെയായിരുന്നുവല്ലോ."

രണ്ടാംലോകമഹായുദ്ധത്തിനുശേഷവും ഈ സ്ഥിതി തുടർന്നു. ഇതിനുമുമ്പു ചൂണ്ടിക്കാണിച്ചതുപോലെ, 1945-നും 1961-നുമിടയ്ക്കു് അമേരിക്കയിൽ നാലു തവണയും, മററ മുതലാളിത്തരാജ്യങ്ങളിൽ അതിനെക്കാൾ ഏററക്കുറച്ചിലുകളോടു കൂടിയും, മാന്ദ്യവും കുഴപ്പവും പ്രത്യക്ഷപ്പെട്ടു. സോവിയററ്യൂണിയനിലും മററ സോഷ്യലിസ്റ്റ്‌രാജ്യങ്ങളിലുമാകട്ടെ, മാന്ദ്യത്തിന്റേയോ കുഴപ്പത്തിന്റേയോ ലാഞ്ഛനപോലുമില്ല. മാന്ദ്യവും കുഴപ്പവുമില്ലാത്ത കൊല്ലങ്ങളിൽപോലും സോഷ്യലിസ്റ്റ് രാജ്യങ്ങളുടെ ഉല്പാദനവർദ്ധനാതോതിന്റെ നാലിലൊന്നു മാത്രമേ മുതലാളിത്തരാജ്യങ്ങളിലുള്ളു.

ഇതിലും ഗൗരവമായ മറെറാരു പരമാർത്ഥംകൂടി രണ്ടാംലോകമഹായുദ്ധത്തിനുശേഷമുള്ള കാലത്തെ മുതലാളിത്തക്കുഴപ്പത്തിന്റെ പരിശോധനയിൽനിന്നു

വ്യക്തമാവും. 1933—39 കാലത്തു ഫാസിസ്റ്റ്‌രാജ്യങ്ങളിലെന്നപോലെ, 1945-നുശേഷം അമേരിക്ക, ബ്രിട്ടൻ മുതലായ രാജ്യങ്ങളിലും സാമ്പത്തികക്കുഴപ്പത്തിന്റെ തീക്ഷ്ണത കുറയ്ക്കുന്ന ഒരു മുഖ്യഘടകം സാമ്പത്തികവ്യവസ്ഥയുടെ സൈനികവൽക്കരണമാണ്. ഈ സാമ്രാജ്യകോയ്മകളോരോന്നും സ്വന്തം പട്ടാളച്ചെലവ് വർദ്ധിപ്പിക്കുന്നുവെന്നു മാത്രമല്ല, ശീതസമരപരിപാടികളിൽ പങ്കാളിയായ മററു രാജ്യങ്ങളുടെ പട്ടാളച്ചെലവ് വർദ്ധിപ്പിക്കാൻവേണ്ട "സഹായ"വും നൽകുന്നു; ഇതിന്‌വേണ്ടി പ്രതിവർഷം കോടിക്കണക്കായ പണം "പൊതുമേഖല"യിൽ ചെലവാക്കുന്നു. പൊതുമേഖലയിൽ നടക്കുന്ന ഈ ചിലവില്ലായിരുന്നുവെങ്കിൽ യുദ്ധാനന്തരസാമ്പത്തികക്കുഴപ്പം ഇതിനേക്കാൾ എത്രയോ അധികം മൂർച്ഛിച്ച രൂപം കൈക്കൊള്ളുമായിരുന്നു.

## മൂന്നു സമീപനങ്ങൾ; മൂന്നു നയങ്ങൾ

ഈ അനുഭവങ്ങളുടെ വെളിച്ചത്തിൽ, മനുഷ്യസമുദായത്തിന്റെ സാമ്പത്തികപുരോഗതിയെസംബന്ധിച്ച മൂന്നു കാഴ്ചപ്പാടുകളും അതനുസരിച്ച നയപരമായ മൂന്നു സമീപനങ്ങളുമുണ്ട്.

ഒന്ന്. മാർക്സിയൻതത്വമനുസരിച്ച് ഉല്പാദനോപകരണങ്ങൾ മുഴുവൻ ക്രമേണ ക്രമേണയായി പൊതുഉടമയിൻകീഴിൽ കൊണ്ടുവരികയെന്ന പൊതു അടിസ്ഥാനത്തിൽ, സ്വത്തുടമവർഗ്ഗങ്ങൾക്കെതിരായി തൊഴിലാളിവർഗ്ഗനേതൃത്വത്തിൽ നടക്കുന്ന സോഷ്യലിസ്റ്റ് സാമ്പത്തികാസൂത്രണം.

രണ്ട്. 1932-നുശേഷം അമേരിക്കയിൽ പ്രസിഡൻറ് റൂസ്‌വെൽട്ട് നടപ്പിൽവരുത്തിയ "ന്യൂഡീ"ലും രണ്ടാംലോകമഹായുദ്ധത്തിനുശേഷം ഒട്ടേറെ പിന്നണിരാജ്യങ്ങളിൽ തുടങ്ങിവെച്ചിട്ടുള്ള ദേശീയപുനർനിർമ്മാണപരിപാടികളിലും ചെയ്തതുപോലെ, വൻകിട കുത്തകമുതലാളിമാരേയും വിദേശമേധാവിത്വത്തെയും ഒരതിർത്തിവരെ നിയന്ത്രിക്കുന്നതെങ്കിലും മുതലാളിത്തത്തിന്റെ മൗലികചട്ടക്കൂട്ടിനകത്തുമാത്രംനിന്നു പ്രവർത്തിക്കുന്ന ബൂർഷ്വാസാമ്പത്തികാസൂത്രണം.

മൂന്ന്. രണ്ടാംലോകമഹായുദ്ധത്തിനുമുമ്പ് ഫാസിസ്റ്റ്‌രാജ്യങ്ങളും യുദ്ധാനന്തരം അമേരിക്കയടക്കമുള്ള മുതലാളിത്തരാജ്യങ്ങളും ചെയ്തതുപോലെ, സമ്പദ്‌വ്യവസ്ഥയുടെ സൈനികവൽക്കരണംമുഖേന സാമ്പത്തികക്കുഴപ്പത്തിന്റെ ഊക്കും ആഴവും കുറയ്ക്കാൻ ശ്രമിക്കുന്ന കുത്തകമുതലാളിസാമ്പത്തികാസൂത്രണം.

ഈ മൂന്നു സമീപനത്തിനും പൊതുവേ ഉള്ളതാണ് ആസൂത്രിതസമ്പദ്‌വ്യവസ്ഥ! സ്വകാര്യമൂലധനത്തിന്റെ സ്വതന്ത്രപ്രവർത്തനമല്ല, ഭരണകൂടത്തിന്റെ സജീവ ഇടപെടലോടുകൂടി നടക്കുന്ന പ്ലാനിംഗാണ്, സമുദായപുരോഗതിക്കാവശ്യമെന്നു മൂന്നു സമീപനവുമംഗീകരിക്കുന്നു. പക്ഷേ, ആസൂത്രിതസമ്പദ്‌വ്യവസ്ഥയെയും അതിനുള്ള ഉപകരണമായ ഭരണകൂടത്തേയും മൂന്നു സമീപനക്കാർ ഉപയോഗിക്കുന്നതു് മൂന്നു വ്യത്യസ്തലക്ഷ്യങ്ങൾക്കുവേണ്ടിയാണ്, മൂന്നു വ്യത്യസ്തവർഗ്ഗങ്ങളുടെ താല്പര്യങ്ങൾ നിലനിർത്താനാണ്.

—ആദ്യത്തെ സമീപനം ബൂർഷ്വാവർഗ്ഗത്തിനെതിരായും സോഷ്യലിസ്റ്റ് സമുദായത്തിലൂടെ കമ്മ്യൂണിസത്തിലേക്ക് നീങ്ങാൻവേണ്ടിയുമാണ്.

—രണ്ടാമത്തേതു് മൗലികമായി നോക്കിയാൽ, ബൂർഷ്വാവർഗ്ഗതാല്പര്യം നിലനിർത്താനും അതുകൊണ്ടു് സോഷ്യലിസത്തിനെതിരായുമാണ് പ്രവർത്തിക്കുന്നതു്. പക്ഷേ, അതു് ഒരതിർത്തിവരെ വൻകിട കുത്തകമുതലാളിത്തത്തിനെതിരായി നീങ്ങുന്നു—കൊളോണിയൽ-പിന്നണി രാജ്യങ്ങളിൽ വിദേശമേധാവിത്വത്തിനു

തിരായും, അതുകൊണ്ടു് പലപ്പോഴും, ആദ്യത്തെ സമീപനവുമായി ഒരതിർത്തിവരെ ഇതിനെ യോജിക്കാൻ കഴിയും.

—മൂന്നാമത്തേതും മൗലികമായി നോക്കിയാൽ രണ്ടാമത്തേതിന്റെ ലക്ഷ്യങ്ങളോടുകൂടിത്തന്നെയാണു് പ്രവർത്തിക്കുന്നതു്. എന്നാൽ, മൗലികമായ ആ ചട്ടക്കൂട്ടിനുള്ളിൽ നിന്നുകൊണ്ടു് എണ്ണത്തിൽ ഭൂരിപക്ഷംവരുന്ന ബൂർഷ്വാവിഭാഗങ്ങളെക്കൂടി പാപ്പരാക്കുന്ന ഒരു നയമാണതിനുള്ളതു്.

അതുകൊണ്ടു്, ചെറുകിടക്കാരും ഇടത്തരക്കാരുമായ മുതലാളിമാരടക്കമുള്ള ഭൂരിപക്ഷം ജനങ്ങളിൽനിന്നു് സങ്കുചിതമായ കുത്തകമുതലാളിവിഭാഗത്തെ ഒററപ്പെടുത്താനാണു് ഇതു സഹായിക്കുന്നതു്. അതുകൊണ്ടു്, തൊഴിലാളിവർഗ്ഗവും കമ്മ്യൂണിസ്റ്റ്പാർട്ടിയും രണ്ടാമത്തെ അടിസ്ഥാനത്തിൽ സാമ്പത്തികാസൂത്രണം നടത്തുന്ന ഗവണ്മെൻറുകളുടെനേരെ അംഗീകരിക്കേണ്ട സമീപനമിതാണു്: കുത്തകമുതലാളിത്തത്തേയും വിദേശമേധാവിത്വത്തേയും എതിർക്കുകയെന്ന കാര്യത്തിൽ സഹകരിക്കുക; മുതലാളിത്തസാമൂഹ്യവ്യവസ്ഥയുടെ ആന്തരികവൈരുദ്ധ്യവും അതിന്റെ ഫലമായി ജനങ്ങളനുഭവിക്കേണ്ടിവരുന്ന ദുരിതങ്ങളും മൂടിവയ്ക്കാനുള്ള ശ്രമത്തെ എതിർത്തു തോല്പിക്കുക.

# അദ്ധ്യായം ഏഴ്

## നമ്മുടെ പഞ്ചവത്സരപദ്ധതികൾ

1. കമ്മ്യൂണിസ്റ്റ്കാരേയും സോഷ്യലിസ്റ്റ്കാരേയും മററിടതുപക്ഷരാഷ്ട്രീയക്കാരേയുംകുറിച്ചു് എതിരാളികൾ പറഞ്ഞുപരത്തുന്ന ആക്ഷേപങ്ങളിലൊന്നു് "അവർ റഷ്യയിലേയ്ക്കു നോക്കുന്നു"വെന്നാണല്ലോ. എന്നാൽ, അവർ മാത്രമല്ല, ദേശീയവാദികളിൽ ബഹുഭൂരിപക്ഷവും ഒരുകാലത്തു് റഷ്യൻവിപ്ലവത്തേയും, സോവിയററുയൂണിയനിൽ തുടങ്ങി വിജയകരമായി നടത്തുന്ന പഞ്ചവത്സരപദ്ധതികളേയും ഔൽസുക്യപൂർവ്വം നോക്കിക്കൊണ്ടിരുന്നു. യഥാർത്ഥം പറയുകയാണെങ്കിൽ, ഇന്നത്തെ ഇന്ത്യയുടെ മുഖ്യസവിശേഷതകളിലൊന്നായി ഭരണകക്ഷിക്കാരവകാശപ്പെടുന്ന ഇന്ത്യൻ പഞ്ചവത്സരപദ്ധതികൾക്കുള്ള ആശയാടിസ്ഥാനമുളവായതുതന്നെ സോവിയററുയൂണിയനിൽ 1928-ൽ തുടങ്ങി 1933-ലവസാനിച്ച ഒന്നാംപഞ്ചവത്സരപദ്ധതിയുടെ വിജയത്തിൽനിന്നാണു്.

2. ലോകമുതലാളിത്തത്തെ ബാധിച്ച പൊതുകുഴപ്പം; അതിന്റെ ഭാഗമായി ഇന്ത്യയിലും അതിഭയങ്കരമായ ഒരു കാർഷികക്കുഴപ്പം വളർന്നു ബഹുഭൂരിപക്ഷം നാട്ടുകാരുടെ ജീവിതം ദുരിതമയമായിത്തീർന്നതു്; ഇന്ത്യൻ സമ്പദ് വ്യവസ്ഥയുമായി അടുത്ത ബന്ധമുള്ള ബ്രിട്ടനിൽ വ്യവസായക്കുഴപ്പവും വ്യാപാരക്കുഴപ്പവും നാണയക്കുഴപ്പവും മൂർച്ഛിച്ചു് അതിനു പരിഹാരം കാണാൻ അവിടത്തെ ഗവണ്മെൻറിന്നെടുക്കേണ്ടിവന്ന നടപടികൾ—ഇതെല്ലാം നേരിട്ടനുഭവിച്ചുകൊണ്ടിരുന്ന ഇന്ത്യൻ ജനതയാണു് സോവിയററുയൂണിയനിലെ പഞ്ചവത്സരപദ്ധതിക്കുണ്ടായ അത്ഭുതാവഹമായ വിജയത്തെക്കുറിച്ചു കേൾക്കാൻ തുടങ്ങിയതു്. നാട്ടുകാരുടെയിടയിൽ പൊതുവിലും പുരോഗമനവാദികളായ രാഷ്ട്രീയപ്രവർത്തകരുടെയിടയിൽ വിശേഷിച്ചും സോഷ്യലിസ്റ്റാശയഗതികൾ പരത്താനിതു സ്വാഭാവികമായി സഹായിച്ചു.

ഈ ചിന്താഗതികളുടെ വളർച്ചയെ മീറത്തുഗൂഢാലോചനക്കേസ്സും മററു മർദ്ദനനടപടികളുംമുഖേന തടയാമെന്നു ബ്രിട്ടീഷ് ഭരണാധികാരികൾ കരുതിയതിനു നേരെ എതിരായി 1933-ൽ ഇന്ത്യൻ കമ്മ്യൂണിസ്റ്റ്പാർട്ടിയുടെ അഖി

ലേന്ത്യാ കേന്ദ്രനേതൃത്വം സംഘടിതമായി; 1934-ൽ സോഷ്യലിസത്തിൽ വിശ്വസിക്കുന്ന കാൺഗ്രസ്സ്കാരുടെ സംഘടനയെന്ന നിലയ്ക്ക് കാൺഗ്രസ്സ്സോഷ്യലിസ്റ്റ്പാർട്ടി രൂപം പ്രാപിച്ചു; കാൺഗ്രസ്സ്സോഷ്യലിസ്ററുപാർട്ടിക്കു വെളിയിൽത്തന്നെ തങ്ങൾ സോഷ്യലിസ്റ്റ്കാരാണെന്നു പരസ്യമായി പ്രഖ്യാപിക്കുന്ന കാൺഗ്രസ്സുകാരുണ്ടെന്ന നില വന്നു.

സോഷ്യലിസ്റ്റാശയഗതികൾക്കുണ്ടായ ഈ വളർച്ചയോടൊപ്പംതന്നെ സംഘടിതതൊഴിലാളിപ്രസ്ഥാനവും മുമ്പെന്നത്തേക്കാളുമധികം ശക്തിയായും ഏകീകൃതമായും മുന്നോട്ടുനീങ്ങി. മൂന്നായി ഭിന്നിച്ചുകിടന്നിരുന്ന അഖിലേന്ത്യാ ട്രേഡ്‌യൂണിയൻ സംഘടനകളെ ഒന്നാക്കി യോജിപ്പിച്ച് ഏകീകൃതമായ ഒരു അഖിലേന്ത്യാ ട്രേഡ്‌യൂണിയൻകാൺഗ്രസ് (എ. ഐ. ടി. യു. സി.) 1935-ൽ നിലവിൽ വന്നു. നാട്ടിൻപുറങ്ങളിലാണെങ്കിൽ, പാട്ടം, പലിശ, നികുതി എന്നീ ത്രിവിധ ചൂഷണങ്ങളവസാനിപ്പിച്ചു കൃഷിക്കാർക്കാശ്വാസം നൽകുന്നതിനു വേണ്ടി പ്രവർത്തിക്കുന്ന ഒരു അഖിലേന്ത്യാ കിസാൻസഭ 1936-ൽ ജന്മമെടുത്തു. ഈ വിവിധ ശക്തികളെയെല്ലാം ഏകോപിപ്പിച്ച് ഒരൊററ ഏകീകൃതസാമ്രാജ്യവിരുദ്ധമുന്നണി കെട്ടിപ്പടുക്കുക; ആ മുന്നണിക്കകത്ത് സോഷ്യലിസ്റ്റാശയഗതികൾക്കും സോഷ്യലിസ്റ്റ് രാഷ്ട്രീയശക്തികൾക്കും നേതൃത്വം കിട്ടാറാക്കുക എന്നീ കാര്യങ്ങൾ ചെയ്യാനാണ് തങ്ങൾ ശ്രമിക്കുന്നതെന്നു കമ്മ്യൂണിസ്റ്റ്കാരും കാൺഗ്രസ് സോഷ്യലിസ്റ്റ്കാരും അസന്ദിഗ്ദ്ധമാംവിധം പ്രഖ്യാപിച്ചു.

3 ഇങ്ങനെ സോഷ്യലിസ്റ്റാശയഗതി സ്വീകരിച്ച് അതിനൊത്ത രാഷ്ട്രീയപ്രവർത്തനപരിപാടി ആവിഷ്കരിക്കാനാണ് അദ്ധ്വാനിക്കുന്ന ബഹുജനങ്ങൾക്കും അവരുടെ പ്രാതിനിധ്യംവഹിക്കുന്ന രാഷ്ട്രീയപ്രവർത്തകന്മാർക്കും സോവിയററുയൂണിയന്റെ വളർച്ച ആവേശം നൽകിയതെങ്കിൽ, ബ്രിട്ടീഷ് ഭരണത്തിൻകീഴിൽ വളർച്ചമുട്ടിനിൽക്കുന്ന ഇന്ത്യൻ സമ്പത്‌വ്യവസ്ഥയെ അതിന്റെ പിന്നോക്കാവസ്ഥയിൽനിന്നു കരകയററി വികസിപ്പിക്കാൻ കഴിയുമെന്ന വിശ്വാസം ബൂർഷ്വാസിയിൽ വളർത്താനും അതു സഹായിച്ചു. ഒരു തലമുറയ്ക്കുമുമ്പ് മിക്കവാറും ഇന്ത്യയുടേതുപോലെതന്നെ പിന്നോക്കനിലയിൽ കിടന്നിരുന്ന ഒരു രാജ്യമാണു സാറിസ്ററുറഷ്യ. അതിപ്പോൾ പരിഷ്കൃതവും വ്യവസായവൽകൃതവുമായ രാജ്യങ്ങളെപ്പോലെ വളർച്ചയെത്തിയ ഒരു രാജ്യമായി മാറിക്കൊണ്ടിരിക്കുകയാണെന്നവർ കണ്ടു. ഇതിനു സഹായിച്ചതു സോവിയററുയൂണിയനിലെ ആസൂത്രിതസമ്പത്‌വ്യവസ്ഥ, അല്ലെങ്കിൽ പ്ലാനിങ്ങ് ആണ്; നാമും അതു സ്വീകരിക്കേണ്ടതാണെന്നു അതന്ന അഭിപ്രായം അവരുടെയിടയിൽ പരന്നു.

—1936-ൽ സർ എം. വിശ്വേശ്വരയ്യയുടെ "ഇന്ത്യയ്ക്കൊരു ആസൂത്രിതസമ്പത്‌വ്യവസ്ഥ"യെന്ന ഗ്രന്ഥം പ്രസിദ്ധീകൃതമായി. "ഓരോ സംസ്ഥാനത്തിലും ചുരുങ്ങിയതു് ഒരു ഘനവ്യവസായവും ലഘുവ്യവസായശാഖയിൽപ്പെട്ട കുറെ വൻകിടവ്യവസായങ്ങളും സ്ഥാപിക്കുക"യെന്ന ഉദ്ദേശത്തോടെ അതിവേഗം നാട്ടിന്റെ സമ്പത്‌വ്യവസ്ഥയെ വ്യവസായവൽക്കരിക്കണമെന്ന നിർദ്ദേശമാണാ ഗ്രന്ഥത്തിൽ ശ്രീ: വിശ്വേശ്വരയ്യ പുറപ്പെടുവിച്ചതു്.

—1937-ൽ ഏഴു സംസ്ഥാനങ്ങളിൽ കോൺഗ്രസ്സ്മന്ത്രിസഭകൾ അധികാരമേറെറടുത്തതിനെത്തുടർന്ന് ആസൂത്രിതസമ്പത്‌വ്യവസ്ഥയ്ക്കുവേണ്ടിയുള്ള പ്രവർത്തനം കുറേക്കൂടി പുരോഗമിച്ചു. 1938-ൽ കോൺഗ്രസ്സെടുത്ത മുൻകൈയുടെ ഫലമായി പണ്ഡിററ് ജവഹർലാൽ നെഹ്റു പ്രസിഡന്റും, പ്രൊഫസർ കെ. ടി. ഷാ സെക്രട്ടറിയുമായി ഒരു നാഷണൽ പ്ലാനിങ്ങ്കമ്മിററി രൂപംപ്രാപിച്ചു. 1939-ൽ രണ്ടാംലോകമഹായുദ്ധം പൊട്ടിപ്പുറപ്പെട്ടതോടുകൂടി പ്ലാനിങ്ങ്കമ്മിററിയുടെ പ്രവർത്തനം നിറുത്തിവയ്ക്കേണ്ടിവന്നു; എങ്കിലും സമ്പത്‌വ്യവസ്ഥയുടെ വിവിധ ശാഖകളിലോരോന്നിനെയും കുറിച്ചു ചില പ്രാഥമികപഠനങ്ങൾ നടത്താൻ കമ്മിററിക്കും അതിൻകീഴിൽ നിയമിതമായ സബ്കമ്മിററികൾക്കും കഴിഞ്ഞു.

—രണ്ടാംലോകമഹായുദ്ധം അതിന്റെ അവസാനഘട്ടത്തിലേക്കു കടന്നതോടുകൂടി—യുദ്ധത്തിനുശേഷമുള്ള ഇന്ത്യൻ രാഷ്ട്രീയജീവിതത്തിലും ഭരണത്തിലും തങ്ങൾക്കു ഗണ്യമായ സ്വാധീനശക്തിയുണ്ടാവുമെന്നു ബൂർഷ്വാസിക്കു ബോദ്ധ്യപ്പെടാൻ തുടങ്ങിയതോടുകൂടി—ആസൂത്രിതസമ്പത്‌വ്യവസ്ഥയെന്ന ആശയത്തിനു പ്രായോഗികരൂപംനല്കാനുള്ള അവരുടെ ശ്രമവും ജാഗ്രത്തായി നടന്നു. ഇന്ത്യൻ മുതലാളിമാരിൽവച്ചേററവും പ്രമാണിമാരായ ടാററയും ബിർളയുമടക്കമുള്ള ഒരു ബോംബെ ഗ്രൂപ്പ് 15 കൊല്ലംകൊണ്ട് ഇന്ത്യയെയാകെ വ്യവസായവൽക്കരിക്കാനുള്ള ഒരു പദ്ധതിയുടെ രൂപരേഖ തയ്യാറാക്കി. "ബോംബെ പ്ലാനെ"ന്ന പേരി

ലറിയപ്പെടുന്ന ആ പദ്ധതി പ്രസിദ്ധീകരിക്കപ്പെട്ടതിനെത്തുടർന്ന് എം. എൻ. റോയിയുടെ "പീപ്പിൾസ് പ്ലാൻ", ശ്രീമന്നാരായണന്റെ "ഗാന്ധിയൻ പ്ലാൻ" മുതലായ പല രൂപരേഖകളും പുറത്തുവന്നു. പദ്ധതിസംബന്ധിച്ച ചർച്ച പത്രപംക്തികളിലും പ്രസംഗമണ്ഡപങ്ങളിലും സർവസാധാരണമായിത്തീർന്നു.

4. ബൂർഷ്വാവൃത്തങ്ങളിൽ ചർച്ചാവിഷയമായിത്തീർന്ന ഈ പദ്ധതികൾ സോവിയററുയൂണിയനിൽ നടപ്പിൽവന്ന പദ്ധതികളിൽനിന്നു വിഭിന്നവും അവയ്ക്കു കടകവിരുദ്ധമായതുമാണ്. എന്തുകൊണ്ടെന്നാൽ, സോവിയററുപ്ലാനിങ്ങധികൃതന്മാർ ചെയ്യുന്നതുപോലെ, മുതലാളിത്തത്തിൽനിന്നു സോഷ്യലിസത്തിലേക്കും കമ്മ്യൂണിസത്തിലേക്കുമുള്ള പരിവർത്തനത്തിനുള്ള ഉപാധിയും ഉപകരണവുമായല്ല ഇന്ത്യൻ ബൂർഷ്വാസി പ്ലാനിങ്ങിനെ കാണുന്നത്. പിന്നെയോ? ബ്രിട്ടീഷ്ഭരണത്തിൻകീഴിൽ വളർച്ചമുട്ടിനില്ക്കുന്ന ഇന്ത്യൻ സമ്പത്ത്വ്യവസ്ഥയെ അർദ്ധകൊളോണിയൽ-പിന്നോക്കനിലയിൽനിന്നുദ്ധരിച്ച് വ്യവസായവല്ക്കരണത്തിലൂടെ അതിനെ അഭിവൃദ്ധിപ്പെടുത്താനാണ്; ഫ്യൂഡൽസാമൂഹ്യബന്ധങ്ങൾ മുറിച്ചു ബൂർഷ്വാസാമൂഹ്യബന്ധങ്ങൾ നിലവിൽവരുത്താനാണ്.

സോവിയററുപ്ലാനിങ്ങിന്റെ ഫലമായി മുതലാളി-തൊഴിലാളിബന്ധത്തിന്റെ വേരററുപോകുന്നു; ചൂഷണരഹിതമായ ഒരു വ്യവസ്ഥയിലേക്കു സമുദായം പുരോഗമിക്കുന്നു. ഇന്ത്യൻ ബൂർഷ്വാപ്ലാനിങ്ങിന്റെ ഫലമായിട്ടാകട്ടെ, മുതലാളി-തൊഴിലാളിബന്ധം വളർന്നുശക്തിപ്പെടുകയാണ്, ബൂർഷ്വാചൂഷണവ്യവസ്ഥ കൂടുതൽ ഉറയ്ക്കുകയാണു ചെയ്യുന്നത്.

5. ആശയപരമായി നോക്കിയാൽ "കെയിനിസ"ത്തിന്റേതായ കാഴ്ചപ്പാടാണ് ഇന്ത്യൻ ബൂർഷ്വാപ്ലാനിങ്ങിനുള്ളത്. സോവിയററുപ്ലാനിങ്ങിനടിസ്ഥാനമായി നിൽക്കുന്ന മാർക്സിസം-ലെനിനിസം വ്യക്തമാക്കുന്നതുപോലെ, ബൂർഷ്വാഉല്പാദനവ്യവസ്ഥയ്ക്ക് ഒരു ആന്തരികവൈരുദ്ധ്യമുണ്ടെന്ന് ഇന്ത്യൻ ബൂർഷ്വാപ്ലാനിങ്ങിന്റെ പ്രണേതാക്കൾ സമ്മതിക്കുന്നില്ല. കെയിനിസത്തിന്റെ ഉപദേശമനുസരിച്ചു മൂലധനംമുടക്കുന്നതിലും അതിന്നാധാരമായി നിൽക്കുന്ന വിലത്തോതിലും ഗവണ്മെന്റിന്റേതായ നിയന്ത്രണമേർപ്പെടുത്തിയാൽ ആനുകാലികമായി പൊട്ടിപ്പുറപ്പെടുന്ന ഏതു കുഴപ്പവും പരിഹരിക്കാമെന്നാണവർ വിശ്വസിക്കുന്നത്.

മാത്രമല്ല, സോവിയററുയൂണിയനിൽ ചെയ്യുന്നതുപോലെയും മാർക്സിസം-ലെനിനിസം നിർദ്ദേശിക്കുന്നതുപോലെയും ഉല്പാദനോപകരണങ്ങൾ മുഴുവൻ പടിപടിയായി പൊതുഉടമയിൻകീഴിൽ കൊണ്ടുവന്നുകൊണ്ടുള്ള സോഷ്യലിസ്റ്റ്പ്ലാനിങ്ങുമാർഗ്ഗം അവലംബിക്കുന്നത് "ഇന്ത്യയുടെ പാരമ്പര്യത്തിനു വിപരീത"മാണെന്നും അവർ വാദിക്കുന്നു. തങ്ങളാവിഷ്കരിക്കുന്ന പദ്ധതികൾക്കുള്ള മൌലികദൌർബല്യം ചൂണ്ടിക്കാണിച്ച് അതു പരിഹരിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്ന മാർക്സിസ്റ്റ്-ലെനിനിസ്റ്റ്കാരെ "റഷ്യൻ മാതൃക കണ്ണുംപൂട്ടി അനുകരിക്കാൻ ശ്രമിക്കുന്നവ"രെന്നാക്ഷേപിക്കാനും അവർ മടിക്കുന്നില്ല.

6. ഇന്ത്യൻ ബൂർഷ്വാപ്ലാനിങ്ങിന്റെയും മാർക്സിസം-ലെനിനിസത്തിന്റെയും സമീപനങ്ങൾ തമ്മിൽ അടിസ്ഥാനപരമായ ഈ വ്യത്യാസമുണ്ടെങ്കിലും ഒരു കാര്യത്തിൽ അവതമ്മിൽ യോജിപ്പുണ്ട്—ആസൂത്രിത സമ്പത്ത്വ്യവസ്ഥമുഖേനമാത്രമേ ഇന്ത്യയ്ക്കു പുരോഗതിയുണ്ടാക്കാൻ കഴിയുകയുള്ളുവെന്ന കാര്യത്തിൽ. അതിലാണ് 1947-വരെ ഇന്ത്യയിൽ നേരിട്ടുള്ള ഭരണാധികാരഭാരം വഹിച്ചിരുന്നവരും അതിനുശേഷം പരോക്ഷമായ സാമ്പത്തികനിയന്ത്രണംമുഖേന ഇവിടെ ആധിപത്യം നടത്താൻ ശ്രമിക്കുന്നവരുമായ ബ്രിട്ടീഷ് സാമ്രാജ്യാധിപതികളുമായി ബൂർഷ്വാസിയടക്കമുള്ള ഇന്ത്യൻജനതയ്ക്കു ഉഗ്രമായ എതിർപ്പുള്ളത്. ശരിയായതും പൂർണ്ണവുമായ വ്യവസായവല്ക്കരണത്തിന്റെ പാതയിലേക്കു കയറാൻ ഇന്ത്യയെ അനുവദിക്കാതിരിക്കുകയെന്ന വ്യക്തമായ നയമാണ് സാമ്രാജ്യവാദികളനുസരിക്കുന്നതെങ്കിൽ അവരുടെ ആ നയത്തെ എതിർത്തുതോല്പിക്കുന്നതിനാണ് ബൂർഷ്വാസിയടക്കമുള്ള ഇന്ത്യൻജനത ആഗ്രഹിക്കുന്നതും പ്രവർത്തിക്കുന്നതും.

7. രണ്ടാംലോകമഹായുദ്ധത്തിന്റെ അവസാനഘട്ടമായപ്പോഴേക്ക് ആസൂത്രിതസമ്പത്ത്വ്യവസ്ഥയെന്ന ആശയം ഇന്ത്യൻജനതയിൽ വ്യാപിച്ചുകഴിഞ്ഞിരുന്നുവല്ലോ. ആ സ്ഥിതിക്ക് ആ ആശയത്തെ നേരിട്ടെതിർക്കാൻ ബ്രിട്ടീഷ് ഭരണാധികാരികൾക്കും നിവൃത്തിയില്ലെന്നായി. അതുകൊണ്ടവരും ടാററാ-ബിർളാ പ്രഭൃതികളുടെ "ബോംബെപ്ലാൻ" പുറത്തുവന്നകാലത്ത് "യുദ്ധാനന്തരവികസനപദ്ധതികൾ" തയ്യാറാക്കാൻ തുടങ്ങിയിരുന്നു. മാത്രമല്ല, യുദ്ധമ

വസാനിക്കുകയും ഇന്ത്യയടക്കമുള്ള കുറെ ഏഷ്യൻരാജ്യങ്ങൾക്കു സ്വാതന്ത്ര്യമനുവദിച്ചുകൊടുക്കാൻ ബ്രിട്ടൻ നിർബ്ബന്ധിക്കപ്പെടുകയും ചെയ്തതിനെത്തുടർന്നു്, പുതുതായി സ്വാതന്ത്ര്യംനേടിയ ഈ രാജ്യങ്ങൾക്കെല്ലാം വികസനപരിപാടികൾ തയ്യാറാക്കുന്നതിനു ബ്രിട്ടൻതന്നെ മുൻകയ്യെടുത്തു. അതിനുവേണ്ടി കൊളമ്പിൽ വച്ചു് ആ രാജ്യങ്ങളുടെ ഒരു സമ്മേളനം കൂടി "കൊളമ്പുപദ്ധതി"യെന്ന ഒരു പൊതുപദ്ധതിയംഗീകരിച്ചു.

8. യുദ്ധാനന്തരകാലഘട്ടത്തിലുളവായ പുതിയ സ്ഥിതിഗതികളെ നേരിട്ടു് സ്വന്തം ലോകമേധാവിത്വം പരമാവധി നിലനിറുത്താൻ സാമ്രാജ്യാധിപത്യം നടത്തുന്ന ഈ ശ്രമം, പ്രത്യക്ഷത്തിൽ, മുമ്പു് അവർ അനുസരിച്ചുപോന്നിരുന്ന നയത്തിൽനിന്നു വ്യത്യാസപ്പെട്ടതായിരുന്നു.

ഇന്ത്യയെ വെറുമൊരു കൃഷിപ്രധാനരാജ്യമാക്കി നിലനിറുത്താനാണു് മുമ്പവർ ശ്രമിച്ചിരുന്നതു്. ആ ശ്രമത്തിന്റെ ഫലമായാണു് 1930-നുമുമ്പു ലെൻലിത്ത്ഗോപ്രഭുവിന്റെ ആദ്ധ്യക്ഷത്തിൽ ഒരു രാജകീയ ഇന്ത്യൻ കൃഷിക്കമ്മീഷനെ നിയോഗിച്ചു റിപ്പോർട്ടുവരുത്തിയതു്. അതിന്റെ ഭാഗമായിത്തന്നെയാണു് അതേ ലിൻലിത്ത്ഗോപ്രഭുവിനെ 1935-ൽ ഇന്ത്യാ വൈസറോയിയായി നിയമിച്ചു് ഇങ്ങോട്ടയച്ചതു്.

ആ നയം അതേപടി നടപ്പിൽവരുത്താൻ കഴിയാത്ത ഒരു സ്ഥിതി, യുദ്ധകാലത്തും യുദ്ധാനന്തരവർഷങ്ങളിലും, ഇന്ത്യയിലും മറ്റേഷ്യൻരാജ്യങ്ങളിലും വളർന്നുതുടങ്ങിയിരുന്നു. ഭാഗികമായിട്ടെങ്കിലും വ്യവസായവല്ക്കരണത്തിന്റെ അംശങ്ങൾക്കൊള്ളുന്ന വികസനപദ്ധതികൾ മാത്രമേ ഏഷ്യൻരാജ്യങ്ങളെ തൃപ്തിപ്പെടുത്തുള്ളുവെന്നു് വ്യക്തമായിക്കഴിഞ്ഞിരുന്നു. അതേയവസരത്തിൽ, വ്യവസായവല്ക്കരണത്തിലേക്കുള്ള പ്രാഥമികമായ ചില കാൽവയ്പുകൾ വയ്ക്കുന്ന പക്ഷം ഈ ഏഷ്യൻരാജ്യങ്ങളിലെ ബൂർഷ്വാസിയെ സ്വന്തം സ്വാധീനവലയത്തിൽ നിറുത്താൻ കഴിഞ്ഞേക്കുമെന്ന ഒരാശയും സാമ്രാജ്യമേധാവികൾക്കുണ്ടായിരുന്നു.

അങ്ങിനെ, പ്രത്യക്ഷവും രാഷ്ട്രീയവുമായ മേധാവിത്വത്തിനുപകരം പരോക്ഷവും സാമ്പത്തികവുമായ മേധാവിത്വം ഏഷ്യയിൽ നിലനിറുത്താനുള്ള ശ്രമമായാണു് ബ്രിട്ടൺ "കൊളമ്പുപദ്ധതി"യാവിഷ്കരിക്കുന്നതിൽ മുൻകയ്യെടുത്തതു്.

9. ബ്രിട്ടീഷ്നേതൃത്വത്തിലുള്ള ഈ പദ്ധതി നടപ്പിൽവരാൻ തുടങ്ങിയതോടുകൂടി അമേരിക്കയും അതിൽ സജീവമായിടപെട്ടു. ബ്രിട്ടന്റെ പ്രത്യക്ഷമായ രാഷ്ട്രീയമേധാവിത്വത്തിനുതട്ടുന്ന ഉലച്ചിലിൽനിന്നു സ്വയം മുതലെടുക്കാനുള്ള വ്യഗ്രതയിൽ "കൊളമ്പുപദ്ധതി"യുടെ വിജയത്തിനാവശ്യമായ സഹായസഹകരണങ്ങൾ നല്കാൻ അമേരിക്ക മുമ്പോട്ടുവന്നു.

10. ഈ സാഹചര്യത്തിലാണു് ഇന്ത്യയുടെ 1-ാംപഞ്ചവത്സരപദ്ധതി തയ്യാറാക്കപ്പെട്ടതു്. അതിന്റെ ഉത്ഭവവും ആശയപരമായ അടിസ്ഥാനവും രണ്ടും നോക്കിയാൽ, മാർക്സിസം-ലെനിനിസം നിർദ്ദേശിക്കുന്നതരത്തിലുള്ള സോഷ്യലിസ്റ്റ്പ്ലാനിങ്ങിൽനിന്നുമാത്രമല്ല, സർ എം. വിശ്വേശ്വരയ്യയുടെ ഗ്രന്ഥത്തിലും "ബോമ്പെപ്ലാനിലും" നിർദ്ദേശിച്ച പ്ലാനിങ്ങിൽനിന്നുകൂടിയും വിഭിന്നമായ ഒരു പദ്ധതിയാണതെന്നു കാണാം. "കൊളമ്പുപദ്ധതി" തയ്യാറാക്കപ്പെട്ട സമ്മേളനത്തിലേക്കുവേണ്ടി ഇന്ത്യാഗവണ്മെന്റു് തയ്യാറാക്കിയ കരടുരേഖകളിൽനിന്നാണു് 1-ാംപദ്ധതി ഉടലെടുത്തതു്. അതു് വ്യവസായവല്ക്കരണത്തിലല്ല, കാർഷികപുരോഗതിയിലാണു് ഊന്നൽ കൊടുത്തിരുന്നതെന്നു് അതിന്റെ പ്രണേതാക്കൾ തന്നെ തുറന്നുസമ്മതിച്ചിരുന്നു.

11. ഇത്തരത്തിൽ തികച്ചും അതൃപ്തികരമായ ഒരു പദ്ധതി തയ്യാറാക്കാൻ ആദ്യത്തെ "നാഷണൽപ്ലാനിങ്ങ് കമ്മിററി"യുടെ അദ്ധ്യക്ഷനായിരുന്ന പണ്ഡിററ്നെഹ്റുവിന്റെ നേതൃത്വത്തിലുള്ള ഇന്ത്യാഗവണ്മെന്റു് നിർബന്ധിക്കപ്പെട്ടതിനുള്ള കാരണമായി പറയാറുള്ളതു് അന്നത്തെ വിഷമംനിറഞ്ഞ സാഹചര്യങ്ങളാണു്. സ്വാതന്ത്ര്യലബ്ധിയും അതോടൊപ്പം നടന്ന ഇന്ത്യാവിഭജനവും അഭയാർത്ഥിപ്രശ്നം, ഭക്ഷ്യക്കമ്മി മുതലായ പലവിഷമപ്രശ്നങ്ങളും സൃഷ്ടിച്ചു, അവയ്ക്കു പരിഹാരംകാണലായിരുന്നു അന്നത്തെ അടിയന്തിരകടമ; വ്യവസായവല്ക്കരണത്തിലേക്കു് ശ്രദ്ധതിരിക്കാനന്നു കഴിഞ്ഞിരുന്നില്ല. ഈ ന്യായമാണു് സാധാരണ പറഞ്ഞുകേൾക്കാറു്. ഇതു ഭാഗികമായ ഒരു സമാധാനംമാത്രമേ ആകുന്നുള്ളു. ഇതോടൊപ്പംപറയേണ്ട മറ്റൊരു സംഗതികൂടിയുണ്ടു്. ബ്രിട്ടൺ, ബ്രിട്ട

നോട്ട ഒരതിർത്തിവരെ സഹകരിയ്ക്കുകയും ഒരതിർത്തിവരെ മത്സരിക്കുകയുംചെയ്യുന്ന അമേരിക്ക എന്നീ സാമ്രാജ്യകോയ്മകളോട്ട് സഹകരിച്ചുകൊണ്ടു് ഇന്ത്യയുടെ വികസനവും സ്വന്തം വർഗ്ഗതാല്പര്യങ്ങൾ നിലനിറുത്തലും സാദ്ധ്യമാണെന്ന ഒരു കണക്കുകൂട്ടലാണു് അന്നു് ഇന്ത്യൻബൂർഷ്വാസിക്കുണ്ടായിരുന്നതു്. അതനുസരിച്ചുള്ള ഒരു വിദേശനയമാണു് കോൺഗ്രസ്സ്ഗവണ്മെൻറു് തുടർന്നുപോന്നതു്. ഈ നയത്തിൻെറ പ്രതിഫലനംകൂടിയാണു് "കൊളമ്പൊപദ്ധതി"മുഖേന സാമ്രാജ്യവാദികൾ നിർദ്ദേശിച്ച കൃഷിവികസനപ്രധാനമായ ഒരു കാഴ്ചപ്പാടോടുകൂടിയ ഒന്നാംപഞ്ചവത്സരപദ്ധതി.

12. ഒന്നാംപഞ്ചവത്സരപദ്ധതി നടപ്പിൽവരാൻതുടങ്ങിയപ്പോഴേയ്ക്കുതന്നെ ഈ കാഴ്ചപ്പാടിലാകെ മാററംവരുത്താൻ ഇന്ത്യൻഭരണാധികാരികൾ നിർബന്ധിക്കപ്പെടാൻതുടങ്ങി. സാമ്രാജ്യവാദികളുടെ സഹായത്തോടെ കാര്യമെല്ലാം സാധിക്കാമെന്ന വ്യാമോഹത്തിനു് ഇളക്കംതട്ടി. അതോടൊപ്പം സോഷ്യലിസ്റ്റ്രാജ്യങ്ങളുമായി സൗഹാർദ്ദബന്ധം വളർന്നു. ബാന്ദുങ്ങ്സമ്മേളനം വിദേശനയത്തിൽ ഒരു വഴിത്തിരിവായിരുന്നുവെങ്കിൽ, രണ്ടാംപദ്ധതി തയ്യാറാക്കുന്നകാര്യത്തിൽ സോവ്യററുയൂണിയനടക്കമുള്ള സോഷ്യലിസ്റ്റ്രാജ്യങ്ങളിൽനിന്നു കിട്ടിയ സഹായസഹകരണങ്ങൾ ആഭ്യന്തരസാമ്പത്തികനയങ്ങളുടെ കാര്യത്തിലും ഒരു വഴിത്തിരിവായിരുന്നു. ത്വരിതമായ വ്യവസായവല്ക്കരണം, അതിൻെറ കേന്ദ്രബിന്ദുവായി ഘനവ്യവസായസൃഷ്ടി, മുഖ്യ വ്യവസായശാഖകൾ പൊതുമേഖലയിലാക്കുന്ന നയം മുതലായവയുൾക്കൊള്ളുന്ന രണ്ടാംപദ്ധതിയുടെ രൂപരേഖ തയ്യാറായി.

13. ഇതു സോഷ്യലിസത്തിലേക്കുള്ള ഒരു പ്രധാനകാൽവെയ്പാണെന്നു കോൺഗ്രസ്സുകാരവകാശപ്പെട്ടു. ആ പേരിൽതന്നെ കുത്തകമുതലാളപ്രതിനിധികൾ രണ്ടാംപദ്ധതിയുടെ അടിസ്ഥാനത്തെത്തന്നെ എതിർത്തു. മാർക്സിസ്റ്റ്-ലെനിനിസ്റ്റുകാരാകട്ടെ, അതിൻെറ ബൂർഷ്വാവർഗ്ഗസ്വഭാവത്തിൽനിന്നുളവാകുന്ന രണ്ടു വശങ്ങൾ—ക്രിയാത്മകവും നിഷേധാത്മകവുമായ വശങ്ങൾ—ചൂണ്ടിക്കാണിച്ചു. സാമ്രാജ്യാധിപത്യത്തിൻെറയും ഫ്യൂഡലിസത്തിൻെറയും മുറുക്കിപ്പിടുത്തത്തിനയവുവരുത്തി സാമ്പത്തിക വികസനത്തിന്നടിത്തറയിടുന്നതാണെന്ന പരിധിവരെ അതിനുള്ള ക്രിയാത്മകത്വം, ബൂർഷ്വാസാമൂഹ്യവ്യവസ്ഥയുടെ അടിസ്ഥാനനിയമങ്ങൾക്കനുസരിച്ചാണതു പ്രവർത്തിക്കുന്നതെന്നതിനാൽ അതിൽനിന്നുളവാകുന്ന എല്ലാ വൈരുദ്ധ്യങ്ങളും ഇന്ത്യൻ സാമ്പത്തികജീവിതത്തിലും പ്രകടമാവുന്നുണ്ടെന്ന അർത്ഥത്തിലുള്ള നിഷേധാത്മകത്വവും. അങ്ങനെ പിന്നീടു് സ്വതന്ത്രപ്പാർട്ടിക്കു രൂപംനൽകിയ വൻകിടമുതലാളിവിഭാഗങ്ങളുടെയും ഫ്യൂഡൽ മേധാവികളുടെയും ആക്രമണത്തിൽനിന്നു പദ്ധതിയെ രക്ഷിക്കുന്നതോടൊപ്പം, പദ്ധതിയുടെ ബൂർഷ്വാവർഗ്ഗസ്വഭാവത്തിൽനിന്നുളവാകുന്ന കുറവുകളും ദൗർബല്യങ്ങളും ചൂണ്ടിക്കാണിച്ചു തിരുത്താനാണു് മാർക്സിസ്റ്റ്-ലെനിനിസ്ററുകാർ ശ്രമിക്കുന്നതു്.

14. കോൺഗ്രസ്സ്ഗവണ്മെൻറു് തയ്യാറാക്കിക്കഴിഞ്ഞ, പത്തരക്കൊല്ലക്കാലം നടപ്പിൽവരുത്തിക്കഴിഞ്ഞ ആസൂത്രിതസമ്പത്ത്വ്യവസ്ഥയെക്കുറിച്ചു് മാർക്സിസ്റ്റ്-ലെനിനിസ്റ്റുകാർക്കു് പറയാനുള്ളതു കമ്മ്യൂണിസ്റ്റ്പാർട്ടിയുടെ തെരഞ്ഞെടുപ്പുപ്രകടനപത്രികയിലിങ്ങനെ പറഞ്ഞിരുന്നു:

"രണ്ടു പഞ്ചവത്സരപദ്ധതികൾ പൂർത്തിയാവുന്നതും മൂന്നാംപഞ്ചവത്സരപദ്ധതി ആരംഭിക്കുന്നതും നമ്മുടെ രാജ്യം കണ്ടു. നമ്മുടെ ദേശീയസമ്പദ്വ്യവസ്ഥയെ ശക്തിപ്പെടുത്താൻ സഹായകമായ ഓരോ നടപടിയേയും കമ്മ്യൂണിസ്റ്റുകാരായ ഞങ്ങൾ പിൻതാങ്ങിയിട്ടുണ്ടെന്നു മാത്രമല്ല, രണ്ടാംപഞ്ചവത്സരപദ്ധതിയിൽ അത്തരത്തിലുള്ള ക്രിയാത്മകങ്ങളായ അംശങ്ങളുണ്ടെന്നു് ഊന്നിപ്പറയുകയും ചെയ്തിട്ടുണ്ടു്. പൊതുമേഖലയുടെ വളർച്ച, മൂന്നു് ഉരുക്കുനിർമ്മാണശാലകളുടെ ആവിർഭാവം, മെഷീനുകൾ ഉണ്ടാക്കുന്ന വ്യവസായങ്ങളുടെ വളർച്ച, പല ഇറിഗേഷൻ പ്രോജക്റ്റുകൾ, വൈദ്യുതശക്തിയുല്പാദനപ്രോജക്ററുകൾ, ഇതുവരെയും നാം ഇറക്കുമതിചെയ്തിരുന്ന പല സാധനങ്ങളുടെയും ഉല്പാദനം—ഇവയൊക്കെ നമ്മുടെ നേട്ടങ്ങളിൽപ്പെടുന്നു. ഇവക്കു പുറമേ മററു ചില നേട്ടങ്ങളും നമുക്കു ചൂണ്ടിക്കാണിക്കാനുണ്ടു്.

സോവിയററുയൂണിയനും ഇതരസോഷ്യലിസ്റ്റ്രാജ്യങ്ങളുമായി നമ്മുടെ രാജ്യം ഉണ്ടാക്കിയിട്ടുള്ള സഹകരണബന്ധങ്ങൾ നമ്മുടെ സമ്പദ്വ്യവസ്ഥക്കു് നേടാൻകഴിഞ്ഞ ഈ പുരോഗതിയെ അത്യധികം സഹായിച്ചിട്ടുണ്ടു്. ഈ സഹകരണം, ഇന്ത്യയുടെ ദേശീയതാല്പര്യത്തിന്നത്യാവശ്യമാണെന്നു് ഞങ്ങളുടെ പാർട്ടി വാദിച്ചുപോന്നിട്ടുണ്ടു്. സ്റ്റേററ്മേഖലയിൽ ഘനവ്യവസായങ്ങളും

അടിസ്ഥാനവ്യവസായങ്ങളും വളർത്തിക്കൊണ്ടുവരുന്ന കാര്യത്തിൽ, ഇതു് ഒരു സുപ്രധാനഘടകമായിത്തീർന്നിട്ടുണ്ടു്.

എങ്കിലും നമ്മുടെ രാജ്യത്തു് ഇന്നു നിലവിലുള്ള, മൊത്തത്തിലുള്ള രാഷ്ട്രീയ-സാമ്പത്തികസ്ഥിതിയുടെ യാഥാർത്ഥ്യങ്ങളിൽനിന്നു കണ്ണടച്ചുകളയാൻ ഇതിടയാക്കിക്കൂടാത്തതാണു്.

തങ്ങളുടെ നയങ്ങൾകൊണ്ടു് വ്യവസായവും കൃഷിയും വളരെ വേഗത്തിൽ വളർച്ചയടയുമെന്നു കോൺഗ്രസ്സ്നേതാക്കന്മാരും ഗവണ്മെന്റും ഉച്ചൈസ്തരം ഉൽഘോഷിച്ചു. എന്നാൽ ഈ വളർച്ച വളരെയധികം അസ്ഥിരവും ഏററക്കുറച്ചിലോടുകൂടിയതുമാണു്. ഐക്യരാഷ്ട്രസഭവഴി നടത്തിയ സർവ്വേയിൽനിന്നു മനസ്സിലാവുന്നതു്, നമ്മുടെ സമ്പദ്ഘടനയുടെ വളർച്ചയുടെ തോതു് വളരെ പതുക്കെയാണെന്നാണു്. അതു് സോഷ്യലിസ്റ്റ്രാജ്യങ്ങളേക്കാളും, ജപ്പാൻ, ഇററലി തുടങ്ങിയ മുതലാളിത്തരാജ്യങ്ങളേക്കാളും മന്ദഗതിയിലുള്ളതാണെന്നു മാത്രമല്ല, ഇറാക്കു്, വെനിസ്വല തുടങ്ങിയ പിന്നോക്കനിലയിലുള്ള രാജ്യങ്ങളെക്കാളും പതുക്കെയാണു്. രണ്ടു പഞ്ചവത്സരപദ്ധതികൾ കഴിഞ്ഞതിനുശേഷവും ഇന്ത്യയുടെ ആളോഹരി ശരാശരിവരുമാനം ലോകത്തിൽവച്ചു് ഏററവും ചുരുങ്ങിയ എണ്ണങ്ങളിലൊന്നാണെന്നും, അതിന്റെ വളർച്ചയുടെ വേഗത ഏററവും കുറഞ്ഞ ലക്ഷ്യങ്ങളിലേയ്ക്കുകൂടി എത്തിക്കഴിഞ്ഞിട്ടില്ലെന്നുമുള്ള വസ്തുതയെപ്പററി മിക്കവാറും കോൺഗ്രസ്സ്നേതാക്കന്മാർ മിണ്ടാറേയില്ല.

ഈ തുച്ഛമായ വളർച്ചയുടെ വിതരണംതന്നെ, ധനികനും ദരിദ്രനും തമ്മിലുള്ള അന്തരത്തെ കൂടുതലാക്കുന്നവിധത്തിലാണു നടക്കുന്നതു്. തൊഴിലില്ലായ്മ തുടർച്ചയായി വർദ്ധിച്ചുവരികയാണു്. ലാഭക്കൊതിയന്മാരുടെ കൊള്ളലാഭം വർദ്ധിക്കുകയും സാധാരണജനതയുടെ ഭാരിച്ച കഷ്ടതകൾ വർദ്ധിക്കുകയും ചെയ്യത്തക്കവിധത്തിൽ സാധനങ്ങളുടെ വില ക്രമാതീതമായി ഉയർന്നുകൊണ്ടിരിക്കുകയാണു്. കൂററൻ കുത്തകമുതലാളികൾ കൂടുതൽ ധനികരാവുമ്പോൾ, ജീവിതച്ചിലവിന്റെ വർദ്ധനവിന്നനുസരിച്ചു കൂലിക്കൂടുതൽ ലഭിക്കാതെ തൊഴിലാളിവർഗ്ഗം നരകിക്കുകയാണു്.

അസംതൃപ്തി നാടാകെ പരക്കുകയും വമ്പിച്ച സമരങ്ങൾ പൊട്ടിപ്പുറപ്പെടുകയുംചെയ്യുന്നു. അവയെ മർദ്ദനംകൊണ്ടു് അടിച്ചമർത്തുവാൻ ഗവണ്മെന്റു മുതിരുന്നു. ഇതുകാരണം അനിവാര്യമായി വളരുന്ന നൈരാശ്യത്തെ ചൂഷണം ചെയ്യുവാൻ പാത്തിരിപ്പൻ പ്രതിലോമശക്തികൾ ഒരുങ്ങിയിരിക്കയാണു്. അവരുടെ ഉദ്ദേശ്യം ദേശീയൈക്യത്തെ തകർക്കുകയും നമ്മുടെ ദേശീയപ്രസ്ഥാനത്തിന്റെ വിലയേറിയ പാരമ്പര്യങ്ങളെ ഇല്ലാതാക്കുകയുമാണല്ലോ.

കോൺഗ്രസ്സ്ഗവണ്മെന്റു് അനുവർത്തിച്ചുപോന്ന നയങ്ങൾനിമിത്തമാണു് ഇത്തരത്തിലുള്ള ഒരു സ്ഥിതിവിശേഷം ഉളവായിട്ടുള്ളതെന്നു കമ്മ്യൂണിസ്റ്റ് പാർട്ടി ദൃഢമായി വിശ്വസിക്കുന്നു. നമ്മുടെ ദേശീയപ്രസ്ഥാനം എന്തിനുവേണ്ടിയൊക്കെ നിലകൊണ്ടുവോ, എന്തിനുവേണ്ടിയൊക്കെ സമരം ചെയ്തുവോ, അവയ്ക്കൊക്കെ കടകവിരുദ്ധങ്ങളാണു് ഈ നയങ്ങൾ.

സോഷ്യലിസ്റ്റാശയങ്ങൾ, കോൺഗ്രസ്സിന്റെ അനുയായികളടക്കമുള്ള ജനസഞ്ചയത്തെ വമ്പിച്ചതോതിൽ ആകർഷിക്കുന്നുണ്ടെന്നു മനസ്സിലാക്കി, കോൺഗ്രസ്സ്നേതാക്കന്മാർ സോഷ്യലിസമാണു് തങ്ങളുടെ ലക്ഷ്യമെന്നു പ്രഖ്യാപിക്കുന്നുണ്ടു്. എന്നാൽ ശാസ്ത്രീയസോഷ്യലിസ്റ്റാശയങ്ങളെ വികൃതമാക്കുവാനും മങ്ങിക്കാനും, ജനസാമാന്യത്തെ ജനാധിപത്യസമരങ്ങളിൽനിന്നു ഒഴിവാക്കിനിർത്തുവാനുമുള്ള സമർത്ഥമായ ഒരു തന്ത്രംമാത്രമാണിതു്. മുതലാളിമാരും അവരുടെ രാഷ്ട്രീയപ്രതിനിധികളും, ഇന്നു ജനങ്ങളെ സമീപിക്കുമ്പോൾ, മുതലാളിത്തം എന്ന പേർ പറയാൻകൂടി ലജ്ജിക്കത്തക്കവിധത്തിൽ മുതലാളിത്തം അധഃപതിച്ചുകഴിഞ്ഞു; അതിന്റെ പേർതന്നെ അത്ര വഷളായിത്തീർന്നിരിക്കുന്നു.

എന്നാൽ കോൺഗ്രസ്സ് സോഷ്യലിസം കെട്ടിപ്പടുക്കുന്നില്ല എന്നതല്ല ഞങ്ങൾക്കു് കോൺഗ്രസ്സിന്റെപേരിലുള്ള പരാതി. കാരണം, രാഷ്ട്രാധികാരം തൊഴിലാളിവർഗ്ഗത്തിന്റെയും കൃഷിക്കാരുടെയും കയ്യിലാവുന്നതിനുപകരം മുതലാളിവർഗ്ഗത്തിന്റെ കയ്യിലിരിക്കുമ്പോൾ സോഷ്യലിസം എങ്ങിനെ പടുത്തുയർത്താൻ കഴിയും? മുതലാളിത്തത്തിന്റെ ഭരണത്തെ തകർത്തെറിഞ്ഞു്, രാഷ്ട്രാധികാരം തൊഴിലാളിവർഗ്ഗത്തിന്റെ നേതൃത്വത്തിലുള്ള അദ്ധ്വാനിക്കുന്ന ജനങ്ങളുടെ കയ്യിൽമാറിയാൽ മാത്രമേ, ഒരു പ്രോളിറേററിയൻ ജനകീയരാഷ്ട്രം ഉയർന്നുവന്നാൽ മാത്രമേ, സോഷ്യലിസം കെട്ടിപ്പടുത്തു തുടങ്ങുവാൻ കഴിയുകയുള്ളു.

തീർച്ചയായും, സോഷ്യലിസംതന്നെയാണ് നമ്മുടെ ലക്ഷ്യം. എന്തുകൊണ്ടെന്നാൽ സോഷ്യലിസത്തിന്റെകീഴിൽ മാത്രമേ, മനുഷ്യനെ ചൂഷണംചെയ്യുന്ന സമ്പ്രദായം അവസാനിക്കൂ; സോഷ്യലിസത്തിനുമാത്രമേ തൊഴിലില്ലായ്മയേയും പട്ടിണിയേയും ദാരിദ്ര്യത്തെയും ഇല്ലാതാക്കാനാവൂ.

എന്നാൽ ഇന്ത്യയുടെ വികാസത്തിന്റെ ഇന്നത്തെ ഘട്ടത്തിൽ, ബ്രിട്ടീഷ് ഭരണത്തിന്റെ അവശിഷ്ടങ്ങളെ തുടച്ചുനീക്കുവാനും ജനസാമാന്യത്തിന്റെ ജീവിതനിലവാരം ഉയർത്തുവാനും, ത്വരിതമായ ദേശീയപുരോഗതിയുടെ രാജപാതയിൽ നാടിനെ കയററിവിടുവാനും വേണ്ട നടപടികൾ എടുക്കുന്നതിന്ന് തങ്ങളുടെ കയ്യിലുള്ള വമ്പിച്ച അധികാരത്തെയും സൗകര്യങ്ങളേയും ഉപയോഗിക്കുന്നില്ല എന്നാണ്, കോൺഗ്രസ്സിന്റെനേരെയുള്ള ഞങ്ങളുടെ പരാതി.''

15. അങ്ങിനെ ഇന്ത്യയിലും പ്ലാനിങ്ങിനോടു മൂന്നു വ്യത്യസ്തവർഗ്ഗങ്ങൾക്കു മൂന്നു വ്യത്യസ്തസമീപനങ്ങളുണ്ട്.

(എ) ബൂർഷ്വാസാമൂഹ്യവ്യവസ്ഥയുടെ വളർച്ചയെ സഹായിക്കുന്നതിനുപോലും തടസ്സം നില്ക്കുന്ന ഫ്യൂഡൽമേധാവികളും സാമ്രാജ്യകുത്തകകളുമായി കനത്തബന്ധം സ്ഥാപിച്ച മുതലാളിവിഭാഗങ്ങളംഗീകരിക്കുന്ന സമീപനം: ഒന്നുകിൽ പ്ലാനിങ്ങിനെത്തന്നെ ഒന്നടങ്കം എതിർക്കുക, അല്ലെങ്കിൽ ത്വരിതമായ വ്യവസായവൽക്കരണത്തെയും അതിനു സഹായകമായ ഘനവ്യവസായസൃഷ്ടിയെയും എതിർക്കുകയെങ്കിലും ചെയ്യുക,

(ബി) ബൂർഷ്വാസാമൂഹ്യവ്യവസ്ഥയുടെ വളർച്ചയെ സഹായിക്കുന്നതും, എന്നാൽ, സാമ്രാജ്യത്വ-ഫ്യൂഡൽ ബന്ധങ്ങൾ മുറിച്ചുകളയാതെ നാടൻ കുത്തകമുതലാളിമാരുടെ വളർച്ചയ്ക്കു കളമൊരുക്കുന്നതുമായ ബൂർഷ്വാസമീപനം;

(സി) ബൂർഷ്വാസാമൂഹ്യവ്യവസ്ഥയുടേതായ ആന്തരികവൈരുദ്ധ്യങ്ങൾക്കുള്ള അടിസ്ഥാനകാരണങ്ങൾതന്നെ ഇല്ലാതാക്കത്തക്കവിധത്തിൽ സാമ്രാജ്യാധിപത്യത്തിന്നും ഫ്യൂഡൽമേധാവിത്വത്തിന്നും നാടൻ കുത്തകകൾക്കുമെതിരായി സുശക്തമായ നടപടികളെടുത്തുകൊണ്ട് നടപ്പിൽവരുത്തുന്ന മാർക്സിസ്റ്റ്-ലെനിനിസ്ററുസമീപനം.

ഇതിൽ മൂന്നാമത്തേതുമാത്രമേ നമ്മുടെ എല്ലാ പ്രശ്നങ്ങൾക്കും പരിഹാരമുണ്ടാക്കാൻ നമ്മെ സഹായിക്കുകയുള്ളു.

# അദ്ധ്യായം എട്ട്

# ഇന്ത്യയുടെ ഭരണഘടന

## 1. ആവിർഭാവം

ബൂർഷ്വാവിപ്ലവങ്ങളുടെ ഫലമായി ബൂർഷ്വാവർഗ്ഗം അധികാരത്തിൽവന്നതോടെ ഭരണഘടനകളും ഉണ്ടായി. ഇരുപതാംനൂററാണ്ടിൽ തൊഴിലാളിവർഗ്ഗം അധികാരത്തിൽവന്നതോടെ സോഷ്യലിസ്റ്റ് ഭരണഘടനകളും ആവിർഭവിച്ചു. ഒന്നാമത്തേതിന് അമേരിക്ക, ഫ്റാൻസ് എന്നീ രാജ്യങ്ങളും, രണ്ടാമത്തേതിന്നു സോവ്യററ്യൂണിയൻ, ചൈന എന്നീ രാജ്യങ്ങളും ദൃഷ്ടാന്തങ്ങളാണ്.

രണ്ടാം ലോകമഹായുദ്ധത്തിനുശേഷം ഇന്ത്യയിൽ ദേശീയസമരത്തിന്റെ വേലിയേററമാണ് നാം കണ്ടതു്. തൊഴിലാളികൾ, കൃഷിക്കാർ, ഇടത്തരക്കാർ,

ഗവണ്മെൻറുജീവനക്കാർ എല്ലാം ഇതിൽ പങ്കാളികളായിരുന്നു. ഒടുവിലാണ് ഐ. എൻ. എ. കലാപമുണ്ടായത്. സാമ്രാജ്യസേനയുടെ അടിത്തറ ഇളകിയെന്ന പ്രഖ്യാപനമായിരുന്നു അത്. ബ്രിട്ടീഷ്സാമ്രാജ്യത്വം ഇതോടെ വളരെയധികം ഭയപ്പെട്ടു അവർ അധികാരക്കൈമാററത്തിനു നിർബന്ധിതരായി. അങ്ങനെയാണ് അധികാരം ബൂർഷ്വാസിയുടെ കയ്യിൽ വന്നത്.

1946 മേയ് 16-ാംതീയതിയാണ് ഇന്ത്യയിൽ ഭരണഘടനാനിർമ്മാണസമിതി വേണമെന്നു ബ്രിട്ടൻ അംഗീകരിച്ചത്. അക്കൊല്ലം ജൂലൈ 1-ാംതീയതി ശ്രീ: ബി. എൻ. റാവുവിനെ ഇന്ത്യാഗവണ്മെൻറിൻെറ ഭരണഘടനാ ഉപദേശകനായി നിശ്ചയിച്ചു. നാട്ടുരാജാക്കന്മാരെയും മുസ്ലിംലീഗിനെയും വശത്താക്കി ഭരണഘടനാനിർമ്മാണശ്രമങ്ങളെ തുരങ്കംവയ്ക്കാൻ ഈ ഘട്ടത്തിലും ബ്രിട്ടൻ ശ്രമിക്കുന്നുണ്ടായിരുന്നു. ഏതായാലും 1916 ഡിസംബർ 9-ാംതീയതി ഭരണഘടനാനിർമ്മാണസമിതിയുടെ പ്രഥമയോഗം ഡെൽഹിയിൽ സമ്മേളിച്ചു. പക്ഷേ, മുസ്ലിംലീഗ് അതിൽ സഹകരിച്ചില്ല. 1947 ആഗസ്റ്റ് 15-ന് ഇന്ത്യയെന്നും പാകിസ്ഥാനെന്നും രണ്ടായി പിരിഞ്ഞതോടെയാണ് ഭരണഘടനാനിർമ്മാണശ്രമങ്ങൾ ത്വരിതപ്പെട്ടത്.

ഈ വിഭജനത്തോടെ ഭരണഘടനാനിർമ്മാണസമിതിയിൽ ഉണ്ടായിരുന്ന ഏക തൊഴിലാളിവർഗ്ഗപ്രതിനിധിയായ സഃ സോമനാഥലഹരിയുടെ അംഗത്വം നഷ്ടപ്പെട്ടു. തൽഫലമായി തൊഴിലാളിവർഗ്ഗത്തിൻെറ അഭിപ്രായങ്ങൾ സമിതിയിൽ കൊണ്ടുവരാൻ ആളില്ലാതായി. ഡോക്ടർ അംബെദ്ക്കറുടെ അദ്ധ്യക്ഷതയിലുള്ള ഒരു ഡ്രാഫ്റ്റിംഗ്കമ്മിററിയാണ് കരടുഭരണഘടന 1918-ൽ തയ്യാറാക്കിയത്. 1949 നവംബർ 26-ാംതീയതി ഭരണഘടന പാസ്സാവുകയും 1950 ജനവരി 26-ാംതീയതിമുതൽ നടപ്പിൽവരികയുമുണ്ടായി. അതിൽ ആകെ 95 വകുപ്പുകളും 8 പട്ടികകളുമാണ് അടങ്ങിയിട്ടുള്ളത്. കഷ്ടിച്ച് മൂന്നുകൊല്ലംകൊണ്ടാണ് നമ്മുടെ ഭരണഘടന നിർമ്മിച്ചത്.

## 2. ഭരണഘടനയുടെ രൂപം

ഇന്ത്യ സംസ്ഥാനങ്ങളുടെ (സ്റ്റേററുകളുടെ) ഒരു ഐക്യരാജ്യമാണെന്നാണ് ഭരണഘടനയിൽ വ്യവസ്ഥചെയ്തിട്ടുള്ളത്. അംഗീകരിച്ച കാലത്തു എ. ബി. സി. എന്നിങ്ങനെ മൂന്നുതരം സ്റ്റേററുകളും സ്റ്റേററുതലവന്മാരായി ചില രാജപ്രമുഖന്മാരും ഉണ്ടായിരുന്നു. പക്ഷേ ഇന്നിപ്പോൾ ആ നില ഇല്ലാതായി. ഇപ്പോൾ ആകെ 15 സ്റ്റേററുകളും 6 യൂണിയൻപ്രദേശങ്ങളുമാണുള്ളത്.

ബ്രിട്ടീഷുകാർ തയ്യാറാക്കിയ 1935-ലെ ഇന്ത്യാആക്ടിനെ അവലംബമാക്കിക്കൊണ്ടാണ് സ്റ്റേററുകളുടെയും കേന്ദ്രത്തിൻെറയും അധികാരാവകാശങ്ങൾ തിട്ടപ്പെടുത്തിയത്. തന്മൂലം സ്റ്റേററുകൾക്ക സാധാരണ ഫെഡറൽവ്യവസ്ഥയിലുള്ള പദവി സിദ്ധിച്ചിട്ടില്ല. പാർലമെൻറിനും സംസ്ഥാനനിയമസഭകൾക്കും ഇന്നിന്ന കാര്യങ്ങളിൽ നിയമനിർമ്മാണം നടത്താം എന്നു വ്യവസ്ഥചെയ്യുന്ന മൂന്നു ലിസ്റ്റുകൾ ഭരണഘടനയിൽ എഴുതിച്ചേർത്തിട്ടുണ്ട്. മൂന്നുതരം ലിസ്റ്റുകളാണുള്ളത് പാർലിമെൻറ് നിയമനിർമ്മാണം നടത്തേണ്ട വിഷയങ്ങൾ യൂണിയൻലിസ്റ്റിലും, സംസ്ഥാനനിയമസഭകൾ ചെയ്യേണ്ടവ സ്റ്റേററുലിസ്റ്റിലും, രണ്ടു സഭകൾക്കും ഒരുപോലെ നിയമനിർമ്മാണംചെയ്യാവുന്നവ കൺകറൻറുലിസ്റ്റിലുമാണ് ചേർത്തിട്ടുള്ളത്. ഇതിലൊന്നുംപെടാത്ത വിഷയങ്ങൾ ഉണ്ടെങ്കിൽ അവയെക്കുറിച്ചും നിയമനിർമ്മാണം ചെയ്യാനുള്ള അധികാരം പാർലിമെൻറിനാണ്. യൂണിയൻലിസ്റ്റിൽ രാജ്യരക്ഷ, പട്ടാളം, വിദേശകാര്യം, പൗരത്വം, റെയിൽവേ, ഷിപ്പിംഗ്, എർവെയ്സ്, പോസ്റ്റ് ആൻഡ് ടെലഗ്രാഫ്, നാണയം, റിസർവ്വ്ബാങ്ക്, വിദേശവ്യാപാരം, ബാങ്കിംഗ്, ഇൻഷ്വറൻസ്, തൂക്കവും അളവും, ഖനിജങ്ങൾ, സെൻസസ്സ്, ആദായനികു

തി (കാർഷികാദായനികുതി ഒഴികെ), ചുങ്കം, കോർപ്പറേഷൻനികുതി, എസ്റ്റേററ്ഡ്യൂട്ടി തുടങ്ങിയ 96 ഇനങ്ങളും, സ്റ്റേററ് ലിസ്റ്റിൽ പോലീസ്, ജയിൽ, പ്രാദേശികഭരണം, പൊതുജനാരോഗ്യം, വിദ്യാഭ്യാസം, ഗതാഗതം, കൃഷി, വനസംരക്ഷണം, നിലനികുതി, കാർഷികാദായനികുതി, വില്പനനികുതി തുടങ്ങിയ 66 ഇനങ്ങളും, കൺകറൻറ ലിസ്റ്റിൽ ക്രിമിനൽനിയമം, കരുതൽതടങ്ങൽനടപടി, വിവാഹം, ട്രേഡ് യൂണിയൻ, തൊഴിൽതർക്കങ്ങൾ, വിലനിയന്ത്രണം തുടങ്ങിയ 47 വിഷയങ്ങളുമാണുള്ളതു്.

—വരുമാനമായ നികുതിയിനങ്ങൾ എല്ലാം കേന്ദ്രത്തിനാകയാൽ സാമ്പത്തികകാര്യത്തിൽ സ്റ്റേററുകൾ കേന്ദ്രത്തിനെ ആശ്രയിക്കേണ്ടിവരുന്നു. (ഈ നില കണ്ടുകൊണ്ടാണ് ഫിനാൻസ്കമ്മീഷനെ നിയമിക്കാൻ ഭരണഘടനയിൽ വ്യവസ്ഥചെയ്തിട്ടുള്ളതു്.)

—പല നിയമനിർമ്മാണങ്ങൾക്കും പ്രസിഡൻറിൻെറ സമ്മതം ആവശ്യമാണ് (കാർഷികപരിഷ്കരണനിയമം, ലാൻറ് അക്വിസിഷൻനിയമം മുതലായവ).

— ഭരണഘടനയനുസരിച്ച ഭരണം നടത്തിപ്പോകാൻ സ്റ്റേററുകൾക്ക് സാദ്ധ്യമല്ലെന്നു പ്രസിഡൻറിനു തോന്നിയാൽ സ്റ്റേററിലെ ഭരണം കേന്ദ്രത്തിനു നടത്താവുന്നതാണ്. വകുപ്പ് 356-ം 357-ം ഈ അധികാരങ്ങൾ നൽകുന്നവയാണ്. ആകെ 6 തവണ സംസ്ഥാനഭരണം കേന്ദ്രം ഏറെറടുത്തിട്ടുണ്ട്. കേരളത്തിലുണ്ടായ സംഭവം എല്ലാവർക്കും അറിയാവുന്നതാണ്.

## പ്രസിഡണ്ടും മന്ത്രിസഭയും

കേന്ദ്രഭരണനിർവ്വഹണസമിതി പ്രസിഡണ്ടും മന്ത്രിസഭയും കൂടിയതാണ്. പാർലിമെൻറിൻെറ ഇരുസഭകളിലേയും സംസ്ഥാനനിയമസഭകളിലേയും മെമ്പർമാർ ആനുപാതികപ്രാതിനിദ്ധ്യവ്യവസ്ഥയോടുകൂടിയ കൈമാററംചെയ്യപ്പെടാവുന്ന ഒററവോട്ടുസമ്പ്രദായത്തിൽ പ്രസിഡൻറിനെ തെരഞ്ഞെടുക്കുന്നു. 35 വയസ്സ് തികയുകയും പാർലിമെൻറ അംഗമാകാൻ യോഗ്യതയുണ്ടായിരിക്കയും, ഇന്ത്യൻപൗരനായിരിക്കയുംചെയ്യുന്നവർക്കേ പ്രസിഡൻറാകാൻ പാടുള്ളൂ. പ്രസിഡൻറിനെ തെരഞ്ഞെടുക്കുന്നതു് അഞ്ചുകൊല്ലത്തേക്കാണ്. എല്ലാ ഭരണനടപടികളും പ്രസിഡൻറിൻെറ പേരിലാണ് നടത്തപ്പെടുന്നതു്. പ്രസിഡൻറിന് പ്രതിമാസം 10000 ക. ശമ്പളവും മററലവൻസുകളും ഔദ്യോഗികവസതിയും ലഭിക്കുന്നതാണ്.

പാർലിമെൻറിന് പ്രസിഡൻറിനെ ന്യായവിസ്താരംനടത്തി നീക്കാൻ അധികാരമുണ്ട്. പക്ഷെ ഈ നടപടി വളരെ സങ്കീർണ്ണമാണ്. കാലംശത്തിൽ കുറയാത്ത അംഗങ്ങൾചേർന്ന് ആദ്യം ഒരു കുററപത്രം അവതരിപ്പിക്കാൻ സമ്മതം ചോദിക്കണം. മൂന്നിൽരണ്ടുഭാഗം അംഗങ്ങൾ ഇതിനെ അനുകൂലിച്ചാൽ അന്വേഷണം ആരംഭിക്കും. അന്വേഷണത്തിനുശേഷം പ്രസിഡൻറ് കുററംചെയ്തുവെന്ന് മൂന്നിൽരണ്ടുഭാഗം അംഗങ്ങൾ അംഗീകരിച്ചാൽ അദ്ദേഹത്തെ മാററാവുന്നതാണ്.

പ്രധാനമന്ത്രി, ഗവർണ്ണർമാർ, അററോർണിജനറൽ, ചീഫ്ജസ്റ്റീസ് അടക്കമുള്ള സുപ്രീംകോടതി ജഡ്ജിമാർ, ഹൈക്കോടതി ജഡ്ജിമാർ, ആഡിററർ ജനറൽ, യൂനിയൻ പബ്ലിക്സർവ്വീസ്കമ്മിഷൻ, ചീഫ് ഇലക്ഷൻ ആഫീസർ തുടങ്ങിയവരെ നിയമിക്കേണ്ടതു് പ്രസിഡൻറാണ്. പാർലിമെൻറ വിളിച്ചുകൂട്ടുക, പാർലിമെൻറിനു സന്ദേശമയയ്ക്കുക, പാർലിമെണ്ടിൽ പ്രസംഗിക്കുക, ഓർഡിനൻസ് പുറപ്പെടുവിക്കുക, ബില്ലുകൾക്ക് അനുമതി നൽകുക, ശിക്ഷ ഇളവുചെയ്യുക, മാപ്പുനൽകുക തുടങ്ങിയ കാര്യങ്ങൾ ചെയ്യുവാനും പ്രസിഡണ്ടിനു അധികാരമുണ്ട്.

മന്ത്രിസഭയുടെ ഉപദേശമനുസരിച്ചാണ് പ്രസിഡണ്ട് ഈ കാര്യമെല്ലാം ചെയ്യുന്നതു്. പ്രസിഡൻറിനുതന്നെ സ്വന്തമായി കാര്യങ്ങൾ ചെയ്യാൻ ഭരണഘടന അധികാരങ്ങൾ നൽകുന്നുണ്ടെന്ന ഒരു വാദം ഇതിനിടെ ഉയർന്നെങ്കിലും അതു് പരാജയപ്പെടുകയാണുണ്ടായതു്.

മന്ത്രിമാർ മൂന്നുതരത്തിലാണുള്ളതു്. ക്യാബിനററമന്ത്രിമാർ, മന്ത്രിമാർ, ഡെപ്യൂട്ടിമന്ത്രിമാർ എന്നിങ്ങനെ. പക്ഷെ ക്യാബിനററമന്ത്രിമാർ യോഗംചേന്നാണ് ക്യാബിനററതീരുമാനങ്ങൾചെയ്യുന്നതു്.

മന്ത്രിസഭ പാർലിമെൻറിനോടു കൂട്ടായി ഉത്തരവാദപ്പെട്ടതാണ്. എന്നാൽ കോൺഗ്രസ്സ് പാർട്ടി ഈ വകുപ്പിനു പ്രത്യേകം ചില വ്യാഖ്യാനങ്ങൾ നൽകിയിരിക്കയാണ്. മൂന്നു സംഭവങ്ങൾ ചൂണ്ടിക്കാണിക്കാം:

(1) 1953-ൽ വിദ്യാഭ്യാസമന്ത്രി കൊണ്ടുവന്ന ഒരു പ്രമേയത്തിനു ഗവൺമെണ്ടിൻെറ എതിർപ്പുണ്ടായിട്ടുണ്ട്. പ്രതിപക്ഷത്തിൻെറ ഒരു ഭേദഗതി പാസ്സായി. ഇതു് അവിശ്വാസമായി കരുതാൻ ചിലർ ആവശ്യപ്പെട്ടപ്പോൾ അന്നത്തെ മുഖ്യമന്ത്രി രാജാജി അതംഗീകരിച്ചില്ല.

(2) 1953-ൽ ആന്ധ്രയിൽ ശമ്പളബില്ലിന്നൊരു ഭേദഗതി പാസ്സായി. ഗവൺമെണ്ടിൻെറ എതിർപ്പുണ്ടായിട്ടുകൂടി ഭേദഗതി പാസ്സായപ്പോൾ മന്ത്രിസഭ രാജിവെച്ചില്ല.

(3) 1953-ൽ തിരു-കൊച്ചി അസംബ്ലിയിൽ മുഖ്യമന്ത്രി അവതരിപ്പിച്ച ഒരു പ്രമേയം (അതൊരു വിശ്വാസപ്രമേയമായി കരുതുമെന്നു സ്പീക്കർ വിധിച്ചിരുന്നു) പരാജയപ്പെട്ടു. അന്നത്തെ ഗവൺമെണ്ട് രാജിവെയ്ക്കുന്നതിനുപകരം അസംബ്ലി പിരിച്ചുവിടാൻ അവർ ഗവണ്മെൻറിനെ ഉപദേശിക്കയാണു ചെയ്തതു്.

ഭരണകക്ഷി അധികാരത്തിൽ തൂങ്ങിനില്ക്കാൻ ശ്രമിക്കയാണ് ഈ സന്ദർഭങ്ങളിലെല്ലാം ചെയ്തതു്. നല്ല ജനാധിപത്യകീഴ്‌വഴക്കങ്ങൾ ഉണ്ടാക്കാൻ തുനിയുകയല്ല ഉണ്ടായതു്.

## പാർലിമെൻറു്

രാജ്യസഭയും ലോക്‌സഭയും ചേർന്നതാണ് ഇന്ത്യയുടെ പാർലിമെണ്ട്. 12 നോമിനേററുചെയ്ത അംഗങ്ങൾ അടക്കം 250 പേർവരെ രാജ്യസഭയിലുണ്ടാകാം. ലോക്‌സഭയിൽ പ്രസിഡണ്ട് നോമിനേററുചെയ്യുന്ന 6 പേർ അടക്കം 506 അംഗങ്ങൾ ഉണ്ടാകും. ലോ 'സഭയിൽ ആകെ 520 പേർവരെ ആകാം.

രണ്ടുകൊല്ലത്തിലൊരിക്കൽ മൂന്നിൽ ഒരുഭാഗം അംഗങ്ങൾ പിരിഞ്ഞുപോകുന്നവിധത്തിലുള്ള ഒരു സ്ഥിരം സഭയാണ് രാജ്യസഭ. വൈസ്‌പ്രസിഡണ്ടാണ് ഈ സഭയുടെ ചെയർമാൻ. രാജ്യസഭയെ പിരിച്ചുവിടാൻ പ്രസിഡണ്ടിന്നു് അധികാരമില്ല. രാജ്യസഭയും ലോക്‌സഭയും തമ്മിൽ ഭിന്നാഭിപ്രായംവന്നാൽ ഇരുസഭകളും ഒരുമിച്ചിരുന്നു തീരുമാനംചെയ്യണം. മണിബില്ലുകളെസംബന്ധിച്ചും (ബില്ലുകൾ രണ്ടുവിധത്തിലാണ്, ഒന്നു മണിബിൽ, രണ്ടാമത്തേതു് സാധാരണ നിയമനിർമ്മാണത്തിനുള്ള സാധാരണബിൽ) ബജററിനെസംബന്ധിച്ചും ചർച്ച ചെയ്യാനും ശുപാർശകൾ അയയ്ക്കാനുംമാത്രമേ രാജ്യസഭയ്ക്കു് അധികാരമുള്ളു.

മണിബില്ലുകളും ബജററും ചർച്ചചെയ്യാനും, ഭേദഗതികളും ഉപക്ഷേപങ്ങളും അവതരിപ്പിക്കാനും മററും ഉള്ള അധികാരം ലോക്‌സഭയ്ക്കാണ്. സാധാരണ കാര്യങ്ങളെക്കുറിച്ചുള്ള നിയമനിർമ്മാണത്തിന്നു് ഇരുസഭകൾക്കും അവകാശമുണ്ട്.

ബജററിലെ ധനാഭ്യർത്ഥനകളുടെ തുക കുറയ്ക്കാനല്ലാതെ, വർദ്ധിപ്പിക്കാൻ അംഗങ്ങൾക്ക് അവകാശമില്ല.

## ഗവർണ്ണരും സംസ്ഥാനമന്ത്രിസഭയും

സംസ്ഥാനങ്ങളിലെ എക്സിക്യൂട്ടീവ് അധികാരം ഗവർണ്ണരിലാണ് നിക്ഷിപ്തമായിട്ടുള്ളതു്. മന്ത്രിസഭയുടെ ഉപദേശം അനുസരിച്ച് ഗവർണ്ണർ പ്രവർത്തിക്കണമെന്നുള്ളതാണ് കീഴ്‌വഴക്കം. നിയമസഭ പാസ്സാക്കുന്ന ബില്ലുകൾക്ക് ഗവർണ്ണർ അനുമതി നൽകുന്നതോടെ അവ നിയമമാകുന്നു. വേണമെങ്കിൽ അനുമതി നൽകാതെ ബിൽ വീണ്ടും നിയമസഭയ്ക്കു തിരിച്ചയയ്ക്കാൻ ഗവർണ്ണർക്ക് അധികാരമുണ്ട്. പക്ഷേ വീണ്ടും നിയമസഭ അതംഗീകരിച്ചാൽ ഗവർണ്ണർ അതിനു അനുമതി നൽകേണ്ടതാണ്. സംസ്ഥാനാന്തരനദികളിലെ ജലം ഉപയോഗിക്കുന്നതിനെക്കുറിച്ചും സ്വത്തുക്കൾ വിലയ്ക്കെടുക്കുന്നതിനെക്കുറിച്ചും, അവശ്യസാധനങ്ങളായി പാർലിമെൻറ് പ്രഖ്യാപിച്ച ചരക്കുകളിന്മേൽ വില്പനനികുതി ചുമത്തുന്നതിനെക്കുറിച്ചും മററും സ്റ്റേററ് അസംബ്ളി പാസ്സാക്കിയ ബില്ലുകൾക്ക് പ്രസിഡണ്ടിൻെറ അനുമതി വേണ്ടതുണ്ട്. അതിനാൽ അത്തരം ബില്ലുകൾ ഗവർണ്ണർ പ്രസിഡണ്ടിൻറിൻെറ അനുമതിക്കായി അയയ്ക്കുന്നതാണ്.

സാധാരണനിലയിൽ ഗവർണ്ണരുടെ കാലാവധി 5 വർഷമാണ്. 35 വയസ്സുപ്രായമുള്ള ഏതൊരു ഇന്ത്യക്കാരനും ഗവർണ്ണരാകാം. എന്നാൽ ഇതുവരെയും എതിർപക്ഷപാർട്ടികളിൽപ്പെട്ട ഒരാളും ഗവർണ്ണരായി നിയമിക്കപ്പെട്ടിട്ടില്ല. ഗവർണ്ണരുടെ ശമ്പളം പ്രതിമാസം 5500 ക. യാണ്. ഔദ്യോഗികവസതിയും ഉണ്ട്.

ചില സംസ്ഥാനങ്ങൾക്ക് ഇരുസഭകളുണ്ട് (ഉദാഹരണം ആന്ധ്ര, ബീഹാർ, ബോംബെ, മദ്ധ്യപ്രദേശ്, മദ്രാസ്, മൈസൂർ, പഞ്ചാബ്, ഉത്തരപ്രദേശ്, പശ്ചിമബംഗാൾ, കാശ്മീർ) ഒന്നു ലജിസ്ലേററീവ് കൗൺസിലും മററതു ലജിസ്ലേററീവ് അസംബ്ളിയും. തദ്ദേശഭരണസ്ഥാപനത്തിലെ അംഗങ്ങൾ, ബിരുദധാരികൾ, അദ്ധ്യാപകന്മാർ (സെക്കണ്ടറിസ്കൂൾ മുതൽ മേൽപോട്ടുള്ളവർ), എം. എൽ. എ-മാർ തുടങ്ങിയവരാണ് കൗൺസിൽ മെമ്പർമാരെ തിരഞ്ഞെടുക്കേണ്ടതു്. ബാക്കിയുള്ളവരെ ഗവർണ്ണർമാർ നോമിനേററുചെയ്യുന്നു. സംസ്ഥാനനിയമസഭ ശുപാർശചെയ്താൽ പാർലിമെൻറിനു നിയമംവഴി കൗൺസിലുകൾ വേണ്ടെന്നുവെയ്ക്കാം. ഇരണ്ടുകൊല്ലം കൂടുമ്പോൾ മൂന്നിലൊരുഭാഗം അംഗങ്ങൾ കൗൺസിലുകളിൽനിന്നു റിട്ടയർചെയ്യുന്നു.

ലജിസ്ലേററീവ് അസംബ്ളികളാണ് സ്റ്റേററിലെ നിയമനിർമ്മാണം നടത്തുന്നതു്. ഏററവും അധികം അംഗങ്ങളുള്ള അസംബ്ളി (430 പേർ) ഉത്തരപ്രദേശത്തിലാണ്; ഏററവും കുറഞ്ഞ അംഗങ്ങൾ ഉള്ള അസംബ്ളി (75) കാശ്മീരിലും.

ഉത്തരമേഖല, മദ്ധ്യമേഖല, പൂർവ്വമേഖല, പശ്ചിമമേഖല, ദക്ഷിണമേഖല എന്നിങ്ങനെ 5 മേഖലാകൗൺസിലുകളുണ്ട്. പ്രസിഡൻറ് നിയമിക്കുന്ന ഒരു യൂണിയൻമന്ത്രിയും, സംസ്ഥാനമന്ത്രിമാരും, ഗവർണ്ണർ നിയമിക്കുന്ന മററു രണ്ടു മന്ത്രിമാരും ഈ കൗൺസിലുകളിൽ അംഗങ്ങളായിരിക്കും.

സംസ്ഥാനസ്വയംഭരണത്തിൻെറ പൊള്ളത്തരം കേരളത്തിൽ കമ്മ്യൂണിസ്റ്റ് മന്ത്രിസഭ പിരിച്ചുവിട്ടതോടെ നഗ്നമായി പ്രത്യക്ഷപ്പെട്ടു.

## സുപ്രീംകോടതിയും ഹൈക്കോടതിയും

സുപ്രീംകോടതിയിലും ഹൈക്കോടതിയിലും ഉള്ള ജഡ്ജിമാരെ നിയമിക്കുന്നതു പ്രസിഡൻറാണ്. സുപ്രീംകോടതിയിൽ ഒരു ചീഫ്ജസ്റ്റീസും 10 ജഡ്ജിമാരുമാണുള്ളതു്. ചീഫ്ജസ്റ്റീസിനു 5000 ക-യും മററു ജഡ്ജിമാർക്കു 4000 ക-യും

വിതമാണ് പ്രതിമാസശമ്പളം. ഭരണഘടനാവ്യാഖ്യാനത്തിൻെറ പൂർണ്ണഅധികാരം സുപ്രീംകോടതിക്കാണ്. ചുരുങ്ങിയത് 5 വർഷമെങ്കിലും ഹൈക്കോടതി ജഡ്ജിയായ ആളെയോ, 10 വർഷമെങ്കിലും ഹൈക്കോടതിയിൽ പ്രാക്ടീസുചെയ്ത വക്കീലിനെയോ, കേമനായ നിയമപണ്ഡിതനെന്ന പ്രസിഡൻറിന ബോദ്ധ്യപ്പെട്ട ആളിനെയോ സുപ്രീംകോടതി ജഡ്ജിയായി നിയമിക്കാം. നിയമിച്ചുകഴിഞ്ഞാൽ 65 വയസ്സുവരെ അദ്ദേഹത്തിന ജോലിനോക്കാം.

## 3. ഭരണഘടനയുടെ സ്വഭാവം

മൗലികാവകാശങ്ങൾ എന്തെല്ലാമാണെന്ന പരിശോധിച്ചാണ് നമ്മുടെ ഭരണഘടനയുടെ സ്വഭാവം വ്യക്തമാക്കുക

ഭരണഘടനയുടെ മൂന്നാംഭാഗത്തിൽ 12 മുതൽ 35 വരെ വകുപ്പുകളിൽ ഏഴ് മൗലികാവകാശങ്ങൾ ഉൾക്കൊള്ളിച്ചിരിക്കുന്നു. സമത്വത്തിനുള്ള അവകാശം, സ്വാതന്ത്ര്യത്തിനുള്ള അവകാശം, ചൂഷണത്തിന് എതിരായുള്ള അവകാശം, മതസ്വാതന്ത്ര്യത്തിനുള്ള അവകാശം, സാംസ്കാരികവും വിദ്യാഭ്യാസപരവുമായ അവകാശം, സ്വത്തിനുള്ള അവകാശം, ഭരണഘടനാപരമായ പരിഹാരങ്ങൾക്കുള്ള അവകാശം ഇവയാണ് ഏഴ് അവകാശങ്ങൾ.

സ്വാതന്ത്ര്യത്തിനുള്ള അവകാശങ്ങളിൽ 7 എണ്ണമാണുള്ളത്. അഭിപ്രായപ്രകടനം, സമ്മേളനം, സംഘടന, സഞ്ചാരം, കുടിപാർപ്പ്, വസ്തുസമ്പാദനം, തൊഴിൽ എന്നിവയ്ക്കുള്ള സ്വാതന്ത്ര്യങ്ങളാണവ. പക്ഷെ ഈ സ്വാതന്ത്ര്യങ്ങളെല്ലാം യുക്തമായ നിയന്ത്രണങ്ങൾക്കു വിധേയമാണ്.

ഇത്രയും അവകാശങ്ങൾ കോടതികൾമൂലം നിർബന്ധിക്കാവുന്ന അവകാശങ്ങളാണ്. അതായത് യുക്തമായ നിയന്ത്രണങ്ങൾക്കു വിധേയമായി ഈ അവകാശങ്ങൾ സ്ഥാപിച്ചുകിട്ടാൻ നീതിന്യായക്കോടതികളെ സമീപിക്കാം എന്നർത്ഥം. പക്ഷേ അത്ഭുതകരമായ മറെറാരു കാര്യമുണ്ട്. ജനങ്ങളുടെ ജീവിതത്തെ ഉയർത്താൻ സഹായിക്കുന്ന വളരെയധികം അവകാശങ്ങൾ നിർദ്ദേശകതത്വങ്ങൾ മാത്രമായിട്ടാണ് നമ്മുടെ ഭരണഘടന അംഗീകരിച്ചിട്ടുള്ളത്. ഈ അവകാശങ്ങൾ സാധിച്ചുകിട്ടാൻ കോടതികളെ സമീപിച്ചുകൂടാ. കാരണം അവ സ്റ്റേററനയം സംബന്ധിച്ച നിർദ്ദേശകതത്വങ്ങൾ മാത്രമാണ്. ഇഷ്ടമുണ്ടെങ്കിൽ സ്റ്റേററിന നടപ്പിൽ വരുത്താവുന്നവമാത്രം. നിർദ്ദേശകതത്വങ്ങളായി ചേർത്തിട്ടുള്ളതിൽ ചിലതു ചുവടെ കൊടുക്കുന്നു.

1. സ്ത്രീപുരുഷഭേദമെന്യേ തുല്യവേലയ്ക്കു് തുല്യശമ്പളം അനുവദിക്കുക.
2. എല്ലാവർക്കും ഉപജീവനമാർഗ്ഗത്തിന തുല്യസൗകര്യം ലഭിക്കുക.
3. തൊഴിലിനുള്ള സൗകര്യം ലഭിക്കുക.
4. ജനങ്ങളുടെ ക്ഷേമത്തെ മുൻനിർത്തി നീതിപൂർണ്ണമായ ഒരു സമൂഹക്രമം കെട്ടിപ്പടുക്കുക.
5. തൊഴിലാളികൾക്കു മാന്യമായ ഒരു ജീവിതവും ജീവിക്കാൻ വേണ്ട കൂലിയും ലഭിക്കുക.
6. 1960-നു മുമ്പായി 14 വയസ്സുവരെയുള്ള കുട്ടികൾക്കു മുഴുവൻ സൗജന്യവും നിർബന്ധപൂർവ്വവുമായ വിദ്യാഭ്യാസം ലഭിക്കുക.

ഇങ്ങനെ മററു പല കാര്യങ്ങളും നിർദ്ദേശകതത്വങ്ങളിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഈ തത്വങ്ങൾ ഒന്നും നടപ്പിൽവന്നിട്ടില്ല. നടപ്പിൽവരുത്താൻ നമ്മുടെ ഭരണഘടന നിർബന്ധിക്കുന്നില്ല.

സോഷ്യലിസ്റ്റ്‌രാജ്യങ്ങളിലെയും നമ്മുടെ രാജ്യത്തിലെയും ഭരണഘടന തമ്മിലുള്ള വ്യത്യാസം ഇവിടെയാണ് മുഴച്ചുകാണുന്നതു്.

തൊഴിൽ നല്കുക, ചൂഷണം ഇല്ലാതാക്കുക, ജീവിതനിലവാരം ഉയർത്തുക തുടങ്ങിയ കാര്യങ്ങൾ പൌരന്മാർക്ക സാധിപ്പിച്ചുകൊടുക്കാൻ സോഷ്യലിസ്റ്റ ഭരണഘടനകൾ ഉറപ്പുനല്കുമ്പോൾ ആ തത്വങ്ങൾ വെറും നിർദ്ദേശകതത്വങ്ങളായിട്ടാണ് നമ്മുടെ ഭരണഘടനയിൽ ചേർത്തിട്ടുള്ളതു്. മാത്രമല്ല സ്വകാര്യസ്വത്തു് സമ്പാദിക്കാനും നിലനിർത്താനുമുള്ള അവകാശം നമ്മുടെ ഭരണഘടന നല്കുന്നുമുണ്ടു്.

ചുരുക്കിപ്പറഞ്ഞാൽ നമ്മുടെ മൗലികാവകാശങ്ങൾ പ്രയോഗത്തിൽ വളരെയധികം ദുർബലങ്ങളാണ്.

(1) നിയമനിർമ്മാണങ്ങൾവഴി (ഭരണഘടനയിലെ യുക്തമായ നിയന്ത്രണം ആവാം എന്ന വ്യവസ്ഥയനുസരിച്ചു്) നമ്മുടെ അവകാശങ്ങളുടെ ഗുണങ്ങൾ വളരെയധികം കുറച്ചിരിക്കുന്നു.

(2) വളരെ പ്രാധാന്യമുള്ള കാര്യങ്ങൾ മൗലികാവകാശങ്ങളിൽ ഉൾപ്പെടുത്താതെ, നിർദ്ദേശകതത്വങ്ങളിൽ മാത്രം ഉൾപ്പെടുത്തിയതുകൊണ്ടു് പ്രയോജനം ഇല്ലാതാകുന്നു.

(3) സ്വകാര്യസ്വത്തിനു ഭദ്രത നൽകുന്നു.

## 4. ഡെമോക്രസിയും തൊഴിലാളിവർഗ്ഗവും

ബൂർഷ്വാസ്റ്റേറ്റുകൾ സ്ഥാപിക്കാനുള്ള പരിശ്രമത്തിൽ, അതായതു് നാടുവാഴിത്തവ്യവസ്ഥകൾ നശിപ്പിക്കാനുള്ള ശ്രമത്തിൽ, ബൂർഷ്വാവർഗ്ഗം ഒരതിർത്തിവരെ ജനാധിപത്യഅവകാശങ്ങൾക്കുവേണ്ടി വാദിച്ചിട്ടുണ്ടു്; പ്രവർത്തിച്ചിട്ടുമുണ്ടു്. എന്നാൽ ബൂർഷ്വാസ്റ്റേറ്റുകൾ വന്നതോടെ സ്ഥിതി മാറി. ഇന്നു ബൂർഷ്വാ ഡെമോക്രസിയുള്ള രാജ്യങ്ങളിൽ കാണുന്ന ജനാധിപത്യ അവകാശങ്ങൾ ബൂർഷ്വാവർഗ്ഗം ജനങ്ങൾക്കു ദാനംചെയ്തതല്ല; നീണ്ടുനിന്ന പോരാട്ടങ്ങൾവഴി തൊഴിലാളിവർഗ്ഗം സമ്പാദിച്ചതാണവ. ഫ്രാൻസിൽ റിപ്പബ്ലിക്കൻ വ്യവസ്ഥ ഉണ്ടായതു് തൊഴിലാളിവർഗ്ഗസമരങ്ങൾമൂലമാണ്. ബ്രിട്ടനിലെ പാർട്ടിസ്റ്റ്പ്രസ്ഥാനമാണ് അവിടെ വോട്ടവകാശങ്ങൾ വിപുലമായ നിലയിൽ സമ്പാദിച്ചതു്. ഇങ്ങനെ ഉദാഹരണങ്ങൾ ധാരാളം കാണിക്കാം. എന്നാൽ മുതലാളിത്തം കുത്തകസമ്പ്രദായത്തിൽ വളർന്നതോടെ, സാമ്രാജ്യത്വമായതോടെ സ്ഥിതി വീണ്ടും മാറി. സ്വന്തം രാജ്യങ്ങളിലും മററു രാജ്യങ്ങളിലുമുള്ള ജനാധിപത്യത്തെ സാമ്രാജ്യത്വം തകർക്കാൻതുടങ്ങി. ഫാസിസമാകട്ടെ ബൂർഷ്വാജനാധിപത്യത്തെത്തന്നെ തകർത്തു.

രണ്ടാംലോകമഹായുദ്ധത്തിനുശേഷവും ഈ നില തുടരുകയാണ്. അമേരിക്കൻസാമ്രാജ്യത്വമാണ് ഇന്നു ജനാധിപത്യത്തെ തുരങ്കംവെയ്ക്കുന്ന പ്രധാനശക്തി.

1947-ൽ അമേരിക്കൻകോൺഗ്രസ്സ് പാസ്സാക്കിയ ടാഫ്ട് ഹാർട്ടലി ആക്ട് തൊഴിലാള പ്രസ്ഥാനത്തെ അത്യധികം ക്ഷീണിപ്പിക്കാനുള്ളതാണ്.

ഫ്രാൻസിൽ ഡിഗോളിന്റെ വരവും ഭരണഘടനാഭേദഗതികളും മറെറാരു ഉദാഹരണമാണ്. ഇററലിയിലും ഇതേനിലയ്ക്കുള്ള സംരംഭങ്ങൾ നടക്കുന്നുണ്ടു്. പശ്ചിമജർമ്മനിയടക്കം മുപ്പതോളം രാജ്യങ്ങളിൽ ഇന്നും കമ്മ്യൂണിസ്റ്റ്പാർട്ടിയെ നിരോധിച്ചിരിക്കുകയാണ്. പുതുതായി സ്വാതന്ത്ര്യം സമ്പാദിച്ച രാജ്യങ്ങളിലും ആപത്തുകൾ ഉണ്ടു്. പാകിസ്ഥാനിലും, ബർമ്മയിലും, നേപ്പാളിലും നടന്ന സംഭവങ്ങൾ ഉദാഹരണങ്ങളാണ്. കൂടുതൽ പിന്തിരിപ്പനും സാമ്രാജ്യത്വഹിതത്തിനനുസരിച്ചു പ്രവർത്തിക്കുന്നതുമായ ഗവൺമെൻറുകൾ ഈ പുതിയ രാജ്യങ്ങളിൽ കൊണ്ടു

വരാൻ സാമ്രാജ്യത്വം, വിശേഷിച്ചും അമേരിക്കൻസാമ്രാജ്യത്വം കിണഞ്ഞു പരിശ്രമിക്കുന്നുണ്ട്. ലാററിൻ അമേരിക്കയിൽ വളരെ നഗ്നമായ നിലയിലാണ് ഇതിന്നിടെ അമേരിക്ക ഇടപെട്ടത്.

അമേരിക്കൻ സാമ്രാജ്യത്വം ഇന്നു പുഷ്ടിപ്രാപിച്ച രാജ്യങ്ങളുടെ പരമാധികാരത്തെത്തന്നെ അപകടപ്പെടുത്തുകയാണ്. വിമാനത്താവളങ്ങൾ, റോക്കററ കേന്ദ്രങ്ങൾ, ആറോമിക്കായുധകേന്ദ്രങ്ങൾ, സൈനികകേന്ദ്രങ്ങൾ എന്നിവ സ്ഥാപിച്ചും മററുമാണ് ഇങ്ങനെ ചെയ്യുന്നത്.

അതിനാൽ സ്വാതന്ത്ര്യവും പരമാധികാരവും, ജനാധിപത്യവകാശങ്ങളും സംരക്ഷിക്കുകയും വികസിപ്പിക്കുകയും ചെയ്യേണ്ടതു് തൊഴിലാളിവർഗ്ഗത്തിന്റെ ഒഴിച്ചുകൂടാത്ത ആവശ്യമാണ്.

തെരഞ്ഞെടുപ്പുസമ്പ്രദായം പരിമിതപ്പെടുത്തണമെന്ന സഞ്ജീവറെഡ്ഡിയുടെ പ്രസ്താവന, മന്ത്രിസഭയക്കാൾ അധികാരം പ്രസിഡണ്ടിനാണെന്ന രാജേന്ദ്രപ്രസാദിന്റെ വാദം, നിയന്ത്രിതജനാധിപത്യമാണ് അഭികാമ്യം എന്ന ജയപ്രകാശിന്റെ അഭിപ്രായം——എല്ലാം ആപത്തിനെ സൂചിപ്പിക്കുന്നതാണ്. ജനാധിപത്യത്തെ സംരക്ഷിക്കുകയും വിപുലപ്പെടുത്തുകയും ചെയ്യാനുള്ള പരിശ്രമത്തിൽ തൊഴിലാളിവർഗ്ഗം വളരെയധികം ശ്രദ്ധിക്കണമെന്നാണ് ഇതെല്ലാം കാണിക്കുന്നത്.

# അദ്ധ്യായം ഒമ്പതു്

## കമ്മ്യൂണിസ്റ്റ്പാർട്ടി

1. മോസ്ക്കോപ്രഖ്യാപനത്തിൽ പറയുന്നപോലെ "ലോകകമ്മ്യൂണിസ്റ്റ്പ്രസ്ഥാനം നമ്മുടെകാലത്തെ ഏററവും സ്വാധീനംചെലുത്തുന്ന രാഷ്ട്രീയശക്തിയും സാമൂഹ്യപുരോഗതിയിലെ ഏററവുംപ്രധാനമായ ഘടകവുമായിത്തീർന്നിരിക്കുകയാണ്." ഈ പ്രഖ്യാപനം അംഗീകരിച്ച, 1960 നവമ്പറിൽ മോസ്ക്കോവിൽവച്ചു ചേർന്ന ലോകത്തിലെ മാർക്സിസ്റ്റ്പാർട്ടികളുടെ പ്രതിനിധികളുടെ സമ്മേളനത്തിൽ 81 രാജ്യങ്ങളിൽനിന്നുള്ള പ്രതിനിധികൾ പങ്കെടുത്തിരുന്നു. ലോകത്തിലെ 87 രാജ്യങ്ങളിൽ ഇന്നു കമ്മ്യൂണിസ്റ്റ് പാർട്ടികൾ പ്രവർത്തിക്കുന്നുണ്ട്; അവയിലെല്ലാംകൂടി 360 ലക്ഷത്തിൽപരം മെമ്പർമാരുണ്ട്. ഒരുപിടി പ്രക്ഷോഭകാരികളുടെ കുത്തിത്തിരിപ്പുകളുടെ ഫലമായിട്ടാണ് കമ്മ്യൂണിസ്റ്റ് പാർട്ടികൾ സൃഷ്ടിക്കപ്പെടുന്നതെന്ന സാമൂഹ്യപരിവർത്തനത്തിന്റെ ശത്രുക്കളുടെ ആക്ഷേപത്തിന്നും കമ്മ്യൂണിസ്റ്റ് പാർട്ടികൾക്കു് അവരുടെ രാജ്യങ്ങളിൽ ദേശീയമായ വേരുകളില്ലെന്നും അവ ഒരു വിദേശശക്തിയുടെ ഏജൻറുകളായിട്ടാണു പ്രവർത്തിക്കുന്നതെന്ന ആരോപണത്തിന്നും ലോകകമ്മ്യൂണിസ്റ്റ്പ്രസ്ഥാനത്തിന്റെ കഴിഞ്ഞ മൂന്നു ദശാബ്ദക്കാലത്തെ വളർച്ച അസന്ദിഗ്ദ്ധമായി മറുപടി പറയുന്നുണ്ട്.

★ 1928-ൽ ലോകത്തിലെ 46 രാജ്യങ്ങളിലാണ് കമ്മ്യൂണിസ്റ്റ്പാർട്ടികളുണ്ടായിരുന്നതു്. അവയുടെ അംഗസംഖ്യ 16,80,000 ആയിരുന്നു. സോവ്യററ് യൂണിയന്നുപുറമേയുള്ള മുതലാളിത്തലോകത്തിൽ അന്നു് 4,43,000 കമ്മ്യൂണിസ്ററു പാർട്ടിമെമ്പർമാരേ ഉണ്ടായിരുന്നുള്ളു. 1960-ലാകട്ടെ, 87 രാജ്യങ്ങളിൽ 360 ലക്ഷം മെമ്പർമാരോട്ടുകൂടിയ കമ്മ്യൂണിസ്ററുപാർട്ടികൾ പ്രവർത്തിക്കുന്നുണ്ട്. അതിൽ 52 ലക്ഷത്തിലധികം പാർട്ടിമെമ്പർമാർ സോഷ്യലിസ്റ്റ് ലോകത്തിന്നു പുറത്തുള്ള രാജ്യങ്ങളിലാണ്. അങ്ങനെ കഴിഞ്ഞ മൂന്നു ദശാബ്ദങ്ങൾക്കിടക്കു് സാർവ്വദേശീയകമ്മ്യൂണിസ്റ്റ്പ്രസ്ഥാനത്തിലെ അംഗസംഖ്യ ഇരുപത്തിരണ്ടിരട്ടി

വദ്ധിക്കുകയുണ്ടായി. 1957-നും 1960-നും ഇടയ്ക്കുതന്നെ 12 രാജ്യങ്ങളിൽ പുതുതായി കമ്മ്യൂണിസ്റ്റ്പാർട്ടികൾ രൂപീകരിക്കുകയും അംഗസംഖ്യ 30 ലക്ഷം വർദ്ധിക്കുകയും ചെയ്തു.

★ സ്വാതന്ത്ര്യത്തിന്നുവേണ്ടി പോരാടിക്കൊണ്ടിരിക്കുകയോ അടുത്തകാലത്തു് ദേശീയസ്വാതന്ത്ര്യം സമ്പാദിക്കുകയോ ചെയ്ത ഏഷ്യൻ-ആഫ്രിക്കൻരാജ്യങ്ങളിൽ കമ്മ്യൂണിസ്റ്റ്പ്രസ്ഥാനം പ്രത്യേകം വളരുകയും വിപുലപ്പെടുകയും ചെയ്തുകൊണ്ടിരിക്കുകയാണു്. 1939-ൽ ഏഷ്യൻരാജ്യങ്ങളിൽ 20,000-ത്തിലധികവും ആഫ്രിക്കയിൽ 5,000-ത്തോളവുമാണു കമ്മ്യൂണിസ്റ്റ്പാർട്ടിമെമ്പർമാർ ഉണ്ടായിരുന്നതു്. രണ്ടു ദശാബ്ദങ്ങൾക്കുശേഷം ഇന്നാകട്ടെ ഏഷ്യൻരാജ്യങ്ങളിൽ 25 ലക്ഷത്തോളവും ആഫ്രിക്കയിൽ 50,000-വും കമ്മ്യൂണിസ്റ്റ്കാരുണ്ടു്. (ഏഷ്യൻരാജ്യങ്ങളുടെകൂട്ടത്തിൽ ഇന്നു സോഷ്യലിസ്റ്റ്ലോകത്തിൽ ഉൾപ്പെടുന്ന രാജ്യങ്ങളിലെ പാർട്ടിമെമ്പർഷിപ്പ് കണക്കാക്കീട്ടില്ല.)

★ 1960-ൽ സോഷ്യലിസ്റ്റ്ലോകത്തിന്നുപുറത്തുള്ള 74 മാർക്സിസ്റ്റ്-ലെനിനിസ്റ്റ്പാർട്ടികളുടെ അംഗസംഖ്യ അൻപത്തിരണ്ടുലക്ഷത്തിൽകൂടുതലാണെന്നു പറഞ്ഞുവല്ലോ—1939-ൽ ഈ അംഗസംഖ്യ 6.5-7 ലക്ഷത്തോളംമാത്രമായിരുന്നു. കമ്മ്യൂണിസത്തിന്റെ ആശയങ്ങൾ ലോകത്തിന്റെ എല്ലാ മുക്കിലും മൂലയിലും ചെന്നെത്തിയിരിക്കുന്നു. കമ്മ്യൂണിസ്റ്റ്കാർക്കു നിയമവിധേയമായി പ്രവർത്തിക്കാൻ സൗകര്യമുള്ളതും അവർ പാർലിമെന്റുതെരഞ്ഞെടുപ്പുകളിൽ പങ്കെടുക്കുന്നതുമായ 30 മുതലാളിത്തരാജ്യങ്ങളിൽ 350 ലക്ഷത്തിലധികം ആളുകൾ കമ്മ്യൂണിസ്റ്റ്കാർക്കു് വോട്ടുചെയ്യുകയുണ്ടായി.

ചില പ്രക്ഷോഭകാരികളുടെ കത്തിത്തിരിപ്പുകളുടെ കുസൃഷ്ടിയോ വിദേശഏജൻസിപ്പണിയെടുക്കുന്നവരുടെ ഗൂഢാലോചനാഫലമോ ആയ ഒരു പ്രസ്ഥാനത്തിന്നു് ഒരിക്കലും ഇത്തരത്തിൽ വളരാനും ശക്തിപ്പെടാനും കഴിയുകയില്ല. മാത്രമല്ല, മിക്ക രാജ്യങ്ങളിലും എത്രയോകാലമായി ഭരണാധികാരിവർഗ്ഗങ്ങൾ ഏററവും മൃഗീയമായ മർദ്ദനത്തിനു വിധേയരാക്കീട്ടുള്ളവരാണു് കമ്മ്യൂണിസ്റ്റ്കാർ; അവർക്കെതിരായ ഏററവും രൂക്ഷമായ അപവാദങ്ങൾ തുടർച്ചയായി പറഞ്ഞുപരത്തപ്പെടുന്നുണ്ടു്. എങ്കിലും കമ്മ്യൂണിസ്റ്റ്പാർട്ടികളെ ഒരുസ്ഥലത്തും നശിപ്പിക്കാൻകഴിഞ്ഞിട്ടില്ല; നേരേമറിച്ചു് വളരുകയാണു ചെയ്യുന്നതു്, പുതിയ വിജയങ്ങൾ നേടുകയാണു ചെയ്യുന്നതു. എന്താണിതിനു കാരണം? കമ്മ്യൂണിസ്റ്റ്പാർട്ടികൾ നിലവിൽവന്നിട്ടുള്ളതു് സാമൂഹ്യവികാസത്തിന്റെ വസ്തുനിഷ്ഠമായ ആവശ്യങ്ങളിൽനിന്നാണു്; പ്രാഥമികമായും തൊഴിലാളിവർഗ്ഗത്തിന്റെ താല്പര്യങ്ങളിൽനിന്നും ആവശ്യങ്ങളിൽനിന്നുമാണു്.

അതായതു്, മുതലാളിത്തസമുദായത്തിൽനിന്നു് സോഷ്യലിസ്റ്റ്സമുദായത്തിലേക്കുള്ള വിപ്ലവകരമായ പരിവർത്തനം നടപ്പിൽവരുത്തുന്നതിന്റെ നേതൃത്വശക്തിയായി പ്രവർത്തിക്കുകയെന്ന ചരിത്രപരമായ പങ്കു് തൊഴിലാളിവർഗ്ഗത്തിന്നു നിറവേററാൻകഴിയണമെങ്കിൽ, ഒരു സ്വതന്ത്രരാഷ്ട്രീയപ്പാർട്ടി അതിന്നു് ഒഴിച്ചുകൂടാൻവയ്യാത്തതാണു്.

2. "...ഒരു <u>പ്രത്യേകവർ</u>ഗ്ഗത്തിന്നു് അതിന്റെ സ്വന്തംതാല്പര്യങ്ങളും സമുദായത്തിലുള്ള സ്ഥാനവും മനസ്സിലാക്കാൻ, പഠിക്കാൻ കഴിയണമെങ്കിൽ, അതിന്റെ സ്വന്തമായ നയങ്ങൾ അനുസരിക്കുന്നതിനു പഠിക്കാൻകഴിയണമെങ്കിൽ, അടിയന്തിരമായിട്ടും എന്തു വിലകൊടുത്തും ആവശ്യമായിട്ടുള്ളതു് ആ വർഗ്ഗത്തിലെ പുരോഗമിച്ച ആളുകൾ—അവർ തുടക്കത്തിൽ ആ വർഗ്ഗത്തിലെ നിസ്സാരമായ ഒരു ന്യൂനപക്ഷമാണെങ്കിൽത്തന്നെയും,— സംഘടിതമായി പ്രവർത്തിക്കുകയാണു്" എന്നു ലെനിൻ പറയുകയുണ്ടായി. തൊഴിലാളിവർഗ്ഗത്തിന്നു് ഒട്ടനവധി സംഘടനകളുണ്ടു്—സംഘടനകളുണ്ടാകേണ്ടതായിട്ടുണ്ടു്—ട്രേഡ്യൂണിയനുകൾ, മററുതരത്തിലുള്ള സാമൂഹ്യ-സാമ്പത്തിക-സാംസ്കാരികസംഘടനകൾ. ഈ സംഘടനകൾ തൊഴിലാളിവർഗ്ഗത്തിന്റെ പലതരം താല്പര്യങ്ങൾ നേടിയെടുക്കുന്നതിന്നും കാത്തുരക്ഷിക്കുന്നതിന്നും ആവശ്യമാണു്. എന്നാൽ തൊഴിലാളിവർഗ്ഗത്തിന്റെ അടിസ്ഥാനപരമായ താല്പര്യങ്ങൾക്കു പ്രകടരൂപം കൊടുക്കാൻകഴിയുന്നതു്, തൊഴിലാളിവർഗ്ഗത്തെ വിജയത്തിലേക്കു നയിക്കാൻകഴിയുന്നതു്, ഒരു രാഷ്ട്രീയപ്പാർട്ടിക്കുമാത്രമാണു. ട്രേഡ്യൂണിയനുകളുടെയോ മററു സംഘടനകളുടെയോമാത്രം സഹായത്തോടുകൂടി തൊഴിലാളിവർഗ്ഗത്തിന്നു് മുതലാളിത്തവ്യവസ്ഥയെ അവസാനിപ്പിക്കാനും ഒരു സോഷ്യലിസ്റ്റ് സമുദായം കെട്ടിപ്പടുക്കാനും കഴിയുകയില്ല. അതിന്നു കൂടുതലുയർന്ന ഒരു സംഘടനാരൂപം ആവശ്യമാണു്. തൊഴിലാളിവർഗ്ഗം

നടത്തുന്ന സമരങ്ങളുടെ ഏററവും ഉയന്ന രൂപമാണ് രാഷ്ട്രീയസമരമെങ്കിൽ, ആ രാഷ്ട്രീയസമരത്തിന്റെ ഏററവും ഉയർന്ന പതനമാണ് ഇന്നത്തെ സമുദായത്തിന്റെ പരിവത്തനത്തിനുവേണ്ടിയുള്ള സോഷ്യലിസ്റ്റ് വിപ്ലവമെങ്കിൽ, അതിനുള്ള തൊഴിലാളിവർഗ്ഗത്തിന്റെ ഉപകരണമായ ഏററവും ഉയന്ന സംഘടനാരൂപമാണ് അതിന്റെ രാഷ്ട്രീയപ്പാർട്ടി—മാർക്സിസ്റ്റ്-ലെനിനിസ്ററുപാർട്ടി, കമ്മ്യൂണിസ്റ്റ്പാർട്ടി.

താത്വികമായി ഈ വസ്തുത മനസ്സിലാക്കി ആവിഷ്കരിച്ച മാർക്സും, എംഗൽസും അത്തരത്തിലുള്ള തൊഴിലാളിവർഗ്ഗ രാഷ്ട്രീയപ്പാർട്ടിയുടെ പ്രാഥമികരൂപമായ കമ്മ്യൂണിസ്റ്റ്ലീഗ് സംഘടിപ്പിക്കുകയും ചെയ്തു. അതിന്റെ നയപ്രഖ്യാപനമായിട്ടാണ് കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോ തയ്യാറാക്കപ്പെട്ടതു. അതിൽ പറയുന്നപോലെ, "കമ്മ്യൂണിസ്റ്റ്കാർ തൊഴിലാളിവർഗ്ഗത്തിന്റെ അടിയന്തരലക്ഷ്യങ്ങൾ നേടുന്നതിനുവേണ്ടിയും തല്ക്കാലികതാല്പര്യങ്ങൾ കാത്തുരക്ഷിക്കുന്നതിനുവേണ്ടിയും പോരാടുന്നു; എന്നാൽ ഇന്നത്തെ പ്രസ്ഥാനത്തിൽതന്നെ ആ പ്രസ്ഥാനത്തിന്റെ ഭാവിയെക്കൂടി കമ്മ്യൂണിസ്റ്റ്കാർ പ്രതിനിധീകരിക്കുകയും സംരക്ഷിക്കുകയുംചെയ്യുന്നു" സോഷ്യലിസവും കമ്മ്യൂണിസവുമെന്ന ലക്ഷ്യം നേടുന്നതിനുവേണ്ടി പ്രവർത്തിക്കാൻ വേണ്ട ബോധവും സന്നദ്ധതയുമുള്ള തൊഴിലാളികളും കൃഷിക്കാരും മററധ്വാനിക്കുന്ന ജനവിഭാഗങ്ങളിൽപെട്ടവരും സ്വയമേവ ഒന്നിച്ചുചേർന്നുണ്ടാക്കുന്ന സംഘടനയാണ് കമ്മ്യൂണിസ്റ്റ്പാർട്ടി. അതു് തൊഴിലാളിവർഗ്ഗത്തിന്റെ രാഷ്ട്രീയപ്പാർട്ടിയും മുന്നണിവിഭാഗവുമാണ് തൊഴിലാളിവർഗ്ഗത്തിന്റെ രാഷ്ട്രീയപ്പാർട്ടിയായ കമ്മ്യൂണിസ്റ്റ്പാർട്ടിക്കുമാത്രമേ തൊഴിലാളിവർഗ്ഗത്തിന്റെ അത്തരമൊരു മുന്നണിവിഭാഗത്തേയും അധ്വാനിക്കുന്ന സാമാന്യജനങ്ങളെയാകെയും ഏകോപിപ്പിക്കാനും പഠിപ്പിക്കാനും സംഘടിപ്പിക്കാനും കഴിയുകയുള്ളൂ" (ലെനിൻ)

—തൊഴിലാളിവർഗ്ഗത്തിന്റെ രാഷ്ട്രീയപ്പാർട്ടിയെന്നു പറയുന്നതിന്റെ അത്ഥമെന്താണു? വ്യത്യസ്തവർഗ്ഗങ്ങളും അവയുടെ വിരുദ്ധതാല്പര്യങ്ങൾ തമ്മിൽ സംഘട്ടനങ്ങളും നടക്കുന്ന ഒരു സമുദായത്തിൽ മുഖ്യമായും വർഗ്ഗങ്ങളുടെ അടിസ്ഥാനത്തിലു അവയുടെ മുന്നണിവിഭാഗമെന്ന നിലയ്ക്കുമാണു രാഷ്ട്രീയപ്പാർട്ടികളാവിർഭവിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നതു്. മററു രാഷ്ട്രീയപ്പാർട്ടികൾ ഈ വസ്തുത തുറന്നുപറയാൻ തയ്യാറില്ല. ജനങ്ങളെയാകെ പ്രതിനിധീകരിക്കുന്ന പാർട്ടികളാണെന്നവകാശപ്പെട്ടുകൊണ്ടും, അങ്ങനെ ജനങ്ങളെ ധരിപ്പിക്കാൻ ശ്രമിച്ചുകൊണ്ടുമാണ് അവ പ്രതിനിധീകരിക്കുന്ന വർഗ്ഗങ്ങളുടെ താല്പര്യങ്ങൾ സംരക്ഷിക്കാൻ നോക്കുന്നതു്. നേരമറിച്ച് കമ്മ്യൂണിസ്റ്റ്പാർട്ടി അതിന്റെ വർഗ്ഗാടിസ്ഥാനം തുറന്നു പ്രഖ്യാപിക്കുന്നു. ആത്മാർത്ഥമായും സത്യസന്ധമായും യഥാർത്ഥമായും സാമൂഹ്യപരിവത്തനവും, സോഷ്യലിസവും ഉന്നംവച്ചു പ്രവത്തിക്കുന്ന ഒരു രാഷ്ട്രീയപ്പാർട്ടിക്ക് ആധുനികലോകത്തിൽ തൊഴിലാളിവർഗ്ഗത്തിന്റെ രാഷ്ട്രീയപ്പാർട്ടിയാകാനേ കഴികയുള്ളൂ.

—തൊഴിലാളിവർഗ്ഗത്തിന്റെ രാഷ്ട്രീയപ്പാർട്ടി ആയതുകൊണ്ടു് തൊഴിലാളിവർഗ്ഗത്തിന്റെമാത്രം പ്രത്യേകതാല്പര്യങ്ങൾക്കുവേണ്ടി നിലകൊള്ളുന്ന പാർട്ടിയെന്നത്ഥമാണോ? അല്ല രാജ്യത്തിന്റെ പൊതുതാല്പര്യങ്ങളിൽനിന്നും, ബഹുഭൂരിപക്ഷം ജനങ്ങളുടെയും താല്പര്യത്തിൽനിന്നും വ്യത്യസ്തമോ വിരുദ്ധമോ ആയ താല്പര്യങ്ങൾ തൊഴിലാളിവർഗ്ഗത്തിനില്ലാത്തതുകൊണ്ടു്, തൊഴിലാളിവർഗ്ഗത്തിന്റെയും കമ്മ്യൂണിസ്റ്റ്പാർട്ടിയുടെയും താല്പര്യങ്ങളും രാജ്യത്തിന്റെ ദേശീയതാല്പര്യങ്ങളും തമ്മിൽ പൊരുത്തക്കേടുണ്ടാകുന്നില്ല. എന്നുമാത്രമല്ല, രാജ്യത്തിന്റെയും ബഹുഭൂരിപക്ഷം ജനങ്ങളുടെയും താല്പര്യങ്ങൾക്കുവേണ്ടി നീക്കുപോക്കില്ലാതെയും വിട്ടുവീഴ്ചയില്ലാതെയും പോരാടാൻ കഴിയുന്നതു് തൊഴിലാളിവർഗ്ഗത്തിനും കമ്മ്യൂണിസ്റ്റ്പാർട്ടിക്കുമാണ്. ദേശീയസ്വാതന്ത്ര്യത്തിന്റെ കാര്യത്തിലായാലും, ഒരു സ്വതന്ത്ര ദേശീയ സാമ്പത്തികവ്യവസ്ഥ കെട്ടിപ്പടുക്കുന്ന കാര്യത്തിലായാലും പഞ്ചശീലതത്ത്വങ്ങളിലധിഷ്ഠിതമായ വിദേശനയത്തിന്റെ കാര്യത്തിലായാലും എല്ലാം ഇതു തെളിഞ്ഞുകാണാം.

—സോഷ്യലിസവും കമ്മ്യൂണിസവുമെന്ന ലക്ഷ്യം സ്വീകരിച്ചിട്ടുള്ള തൊഴിലാളികളും കൃഷിക്കാരും മററ് അദ്ധ്വാനിക്കുന്ന ജനവിഭാഗങ്ങളും സ്വയം ഒന്നിച്ചുചേർന്നുണ്ടാക്കിയിട്ടുള്ള സംഘടനയെന്നു പറഞ്ഞാൽ മററുള്ളവർക്കും അതിൽ സ്ഥാനമില്ലെന്നത്ഥമാണോ? അല്ല. ഈ ലക്ഷ്യങ്ങളംഗീകരിക്കുകയും അദ്ധ്വാനിക്കുന്ന ജനങ്ങളുടെ സമരങ്ങളിൽ അവരോടൊപ്പം നില്ക്കുകയും ചെയ്യുന്ന മററാളുകൾക്കും കമ്മ്യൂണിസ്റ്റ്പാർട്ടിയിൽ സ്ഥാനമുണ്ട്. മാത്രമല്ല അദ്ധ്വാനിക്കുന്ന

ജനവിഭാഗങ്ങൾക്കു സോഷ്യലിസ്റ്റ്ബോധമുണ്ടാക്കി അവരുടെ അടിയന്തിരാവശ്യങ്ങളേയും സോഷ്യലിസത്തിനുവേണ്ടിയുള്ള സമരത്തേയും കൂട്ടിയിണക്കുന്നതിൽ അവക്കു് ഗണ്യമായ ഒരു പങ്കു് നിർവ്വഹിക്കാനുമുണ്ടു്.

ബഹുജനകമ്മ്യൂണിസ്റ്റുപാർട്ടികളിൽ മുതലാളിത്തത്തിനെതിരായ സമരത്തിൽ പങ്കെടുക്കുന്ന എല്ലാ ജനകീയശക്തികളുടേയും പ്രതിനിധികളെ കാണാൻകഴിയും. തീർച്ചയായിട്ടും ഏതു കമ്മ്യൂണിസ്റ്റ്പാർട്ടിയുടേയും കാതലായ വിഭാഗം തൊഴിലാളിവർഗ്ഗത്തിൽനിന്നുയർന്നുവന്നിട്ടുള്ള, രാഷ്ട്രീയ-സോഷ്യലിസ്റ്റ്ബോധമുള്ള, ഏററവും നല്ല പ്രവർത്തകരാണു്. ഇററാലിയൻ കമ്മ്യൂണിസ്റ്റ്പാർട്ടിമെമ്പർമാരിൽ 45 ശതമാനത്തോളം തൊഴിലാളികളാണു്; 19 ശതമാനത്തോളം കൃഷിത്തൊഴിലാളികളാണു്, 13 ശതമാനം പങ്കുവാരക്കാരാണു്, 5 ശതമാനംവീതം ചെറുകൃഷിക്കാരും കൈത്തൊഴിൽക്കാരുമാണു്. ദേശീയസ്വാതന്ത്ര്യം നേടുവാനും ശക്തിപ്പെടുത്താനും പോരാടുന്ന രാജ്യങ്ങളിൽ ആ സമരത്തിൽ പങ്കെടുക്കുന്ന എല്ലാ ജനവിഭാഗങ്ങളിൽനിന്നും ഏററവുംനല്ല ആളുകൾ, ദേശാഭിമാനികൾ, കമ്മ്യൂണിസ്റ്റ്പാർട്ടിയിലേയ്ക്കു് ആകർഷിക്കപ്പെടുന്നതു കാണാം.

3. ഇങ്ങിനെ രൂപീകരിക്കപ്പെടുന്ന കമ്മ്യൂണിസ്റ്റ്പാർട്ടികൾ യഥാർത്ഥത്തിൽ തൊഴിലാളിവർഗ്ഗത്തിന്റെ മുന്നണിവിഭാഗവും ഒരു എണ്ണപ്പെട്ട ദേശീയശക്തിയുമായിത്തീരുന്നതിനുമുമ്പു്, സാധാരണഗതിയിൽ രാഷ്ട്രീയവും സംഘടനാപരവുമായ വളർച്ചയുടെ പലഘട്ടങ്ങളിലൂടെയും കടന്നുപോകുന്നുണ്ടെന്നു ചരിത്രം കാണിക്കുന്നു. ഒന്നു്, ആദ്യഘട്ടത്തിൽ കമ്മ്യൂണിസ്റ്റ്പാർട്ടികൾ ഏറെക്കുറെ പ്രചരണഗ്രൂപ്പുകളായിരിക്കും. ആശയപരമായ ഐക്യം ഉറപ്പിക്കാനും പാർട്ടിമെമ്പർമാരെ പഠിപ്പിക്കാനും സംഘടന ശക്തിപ്പെടുത്താനും സ്വന്തംഅണികളിൽ മുഖ്യമായും കേന്ദ്രീകരിച്ചുകൊണ്ടുള്ള പ്രവർത്തനമാണു് ഈ ഘട്ടത്തിൽ കൂടുതൽ നടക്കുക. രണ്ടു്, പിന്നീടാണു് ഈ പാർട്ടികൾ ബഹുജനങ്ങളുടെയിടയിലേയ്ക്കിറങ്ങിച്ചെന്നു് തൊഴിലാളിവർഗ്ഗത്തിന്റെ അണിമുടക്കങ്ങളും ബഹുജനസമരങ്ങളും സംഘടിപ്പിക്കാനും നയിക്കാനും തുടങ്ങുക. സ്വയമേവയുണ്ടാകുന്ന, സാമ്പത്തികവും അടിയന്തിരവുമായ ആവശ്യങ്ങളിൽ കേന്ദ്രീകരിച്ചുകൊണ്ടുള്ള, തൊഴിലാളിവർഗ്ഗപ്രസ്ഥാനവും സോഷ്യലിസത്തിന്റെ ആശയങ്ങളും കൂട്ടിയിണക്കപ്പെടുന്നതും അങ്ങിനെ തൊഴിലാളിവർഗ്ഗപ്രസ്ഥാനംതന്നെ വർഗ്ഗബോധത്തോടുകൂടിയ സംഘടിതപ്രസ്ഥാനമായി രൂപാന്തരപ്പെടുന്നതും ഈ ഘട്ടത്തിലാണു്. അതുകൊണ്ടിതിനു് വളരെ പ്രാധാന്യമുണ്ടു്. ഈ രണ്ടുഘട്ടങ്ങളും ഒരേസമയത്തു നടക്കുന്ന അനുഭവവും പല പാർട്ടികളുടേയും ചരിത്രത്തിൽ കാണാം. മൂന്നു്, അടുത്തഘട്ടത്തിൽ, തൊഴിലാളിവർഗ്ഗത്തിൽ ഭൂരിപക്ഷത്തെ മാത്രമല്ല, ഗണ്യമായ മററു ജനവിഭാഗങ്ങളെക്കൂടി നയിക്കാൻ കെല്പുള്ള യഥാർത്ഥ രാഷ്ട്രീയ-ദേശീയശക്തിയായി പാർട്ടി വളരുന്നു.

ഇററലി ഫ്രാൻസ്, ഇന്തോനേഷ്യ തുടങ്ങിയ രാജ്യങ്ങളിൽ കമ്മ്യൂണിസ്റ്റ്പാർട്ടികൾ ഈ മൂന്നാമത്തെ നിലവാരത്തിലെത്തിയിട്ടുണ്ടു്. എന്നാൽ മററുപല രാജ്യങ്ങളിലും കമ്മ്യൂണിസ്റ്റ്പാർട്ടികൾക്കു് ഇനിയും വിപുലമായതോതിൽ അദ്ധ്വാനിക്കുന്ന ജനങ്ങളുടെ പിന്തുണയാർജ്ജിക്കാനും ബഹുജനപ്പാർട്ടികളായിത്തീരാനും കഴിഞ്ഞിട്ടില്ല. ഒരു പാർട്ടി എത്രവേഗത്തിൽ ആ ഘട്ടത്തിലേയ്ക്കു് എത്തുന്നുവെന്നതു് വസ്തുനിഷ്ഠസാഹചര്യങ്ങളേയും അതിന്റെ സ്വന്തംനയങ്ങളുടെ ശരിയേയും നേതൃത്വത്തിനുള്ള അതിന്റെ കഴിവിനേയും ആശ്രയിച്ചിരിക്കുന്നു. ഇന്നത്തെ സ്ഥിതിയിൽ മുതലാളിത്തത്തിന്റെ മൂർഛിച്ച കുഴപ്പം, സോഷ്യലിസത്തിന്റേയും ദേശീയസ്വാതന്ത്ര്യസമരത്തിന്റേയും വിജയങ്ങൾ, പാർട്ടിമെമ്പർമാരുടെ രാഷ്ട്രീയമായ പക്വതയും അനുഭവസമ്പത്തും നിരന്തരംവളരുന്ന സാഹചര്യം—എല്ലാ മുതലാളിത്തരാജ്യങ്ങളിലേയും കമ്മ്യൂണിസ്റ്റ്പാർട്ടികൾക്കു് വളർന്നു ശക്തിപ്പെടാൻ ഏററവും അനുകൂലമായ സാഹചര്യങ്ങളാണുള്ളതു്.

4. തൊഴിലാളിവർഗ്ഗത്തിന്റെ രാഷ്ട്രീയപ്പാർട്ടിയായ കമ്മ്യൂണിസ്റ്റ്പാർട്ടി മററു രാഷ്ട്രീയപ്പാർട്ടികളിൽനിന്നു്, വിശേഷിച്ചു തൊഴിലാളിവർഗ്ഗത്തിന്റെ പാർട്ടികളെന്നവകാശപ്പെടുന്ന വലതുപക്ഷ സോഷ്യലിസ്റ്റ്പാർട്ടികളിൽനിന്നും ഇടതുപക്ഷ സോഷ്യലിസ്റ്റ്പാർട്ടികളിൽനിന്നും പല സംഗതികളിലും വ്യത്യാസപ്പെട്ടിരിക്കുന്നു.

"ഈ പുതിയതരത്തിലുള്ള പാർട്ടികളുടെ സ്വഭാവവിശേഷമായ മുഖ്യസംഗതി മുതലാളിത്തവ്യവസ്ഥയോടുള്ള രാജിയില്ലായ്മയാണു്. മുതലാളിത്തവ്യവസ്ഥയെ അവസാനിപ്പിക്കാൻവേണ്ടിയാണു്, മുതലാളിത്തസമുദായത്തിന്റെ

വിപ്ലവകരമായ പരിവർത്തനത്തിനുവേണ്ടിയാണ്, കമ്മ്യൂണിസ്റ്റ്കാർ സജീവമായി പോരാടിക്കൊണ്ടിരിക്കുന്നത്. കാരണം, തൊഴിലാളിവർഗ്ഗം രാഷ്ട്രീയാധികാരം പിടിച്ചെടുക്കുകയും തൊഴിലാളിവർഗ്ഗസർവ്വാധിപത്യം സ്ഥാപിക്കുകയും ചെയ്യേണ്ടതു് ഈ പരിവർത്തനത്തിനു് ഒഴിച്ചുകൂടാൻ വയ്യാത്ത ഉപാധികളാണെന്നു കമ്മ്യൂണിസ്റ്റ്കാർ കരുതുന്നു. അതുകൊണ്ടാണു്, മുതലാളിത്തവുമായി പ്രയോഗത്തിൽ ഒത്തിണങ്ങിപ്പോകാൻ നിലകൊള്ളുന്ന അവസരവാദത്തിന്റെ എല്ലാ രൂപങ്ങളോടും കമ്മ്യൂണിസ്റ്റ്കാർക്കു യാതൊരു സഹിഷ്ണുതയുമില്ലാത്തതു്.

"കമ്മ്യൂണിസ്റ്റ്പാർട്ടി അന്ധമായിട്ടല്ല, ഇരുട്ടിൽ തപ്പിത്തടഞ്ഞുകൊണ്ടല്ല പ്രവർത്തിക്കുന്നതു്; നേരേമറിച്ചു്, തൊഴിലാളിവർഗ്ഗത്തിന്റെ മൗലികതാല്പര്യങ്ങളെ ശാസ്ത്രീയമായി പ്രകടിപ്പിക്കുന്ന മാർക്സിസം-ലെനിനിസത്തിന്റെ വിപ്ലവകരമായ സിദ്ധാന്തം അവർക്കു വഴികാണിക്കുന്നു. മാർക്സിസ്റ്റ്ലോകവീക്ഷണഗതി പ്രായോഗികമാക്കുന്നതിനും തൊഴിലാളിവർഗ്ഗത്തിന്റെ ചരിത്രപരമായ ദൗത്യം നിറവേററുന്നതിനുംവേണ്ടി ഒന്നിച്ചുചേർന്നിട്ടുള്ള, ഒരേ ചിന്താഗതിക്കാരായ ആളുകളുടെ സ്വേച്ഛയോടെ ഉണ്ടാക്കിയ സംഘടനയാണു് കമ്മ്യൂണിസ്റ്റ് പാർട്ടി."

(മാർക്സിസം-ലെനിനിസത്തിന്റെ അടിസ്ഥാനതത്വങ്ങൾ—
നാലാംഭാഗം—അദ്ധ്യായം 13)

മറെറാരുതരത്തിൽ പറഞ്ഞാൽ, താഴെപ്പറയുന്ന കാര്യങ്ങളിലാണു് കമ്മ്യൂണിസ്റ്റ് പാർട്ടികൾ മററു പെററിബൂർഷ്വാ-ബൂർഷ്വാപ്പാർട്ടികളിൽനിന്നു വേർതിരിഞ്ഞുനില്ക്കുന്നതു്. (1) കമ്മ്യൂണിസ്റ്റ്പാർട്ടി തൊഴിലാളിവർഗ്ഗത്തിന്റെ രാഷ്ട്രീയപ്പാർട്ടിയാണു്; ആ വാസ്തവം അതു തുറന്നുപ്രഖ്യാപിക്കുന്നു. (2) കമ്മ്യൂണിസ്ററുപാർട്ടിയുടെ ലക്ഷ്യം ഇന്നു നിലവിലുള്ള മുതലാളിത്തസമുദായത്തിന്റെ വിപ്ലവകരമായ പരിവർത്തനവും ഒരു സോഷ്യലിസ്റ്റ്സമുദായം കെട്ടിപ്പടുക്കലും അതിന്റെ ഉപകരണമെന്ന നിലയ്ക്കു് തൊഴിലാളിവർഗ്ഗത്തിന്റെ ഭരണാധികാരം സ്ഥാപിക്കലുമാണു്. (3) ഈ ലക്ഷ്യത്തിനുവേണ്ടിയുള്ള പ്രവർത്തനത്തിൽ കമ്മ്യൂണിസ്റ്റ്പാർട്ടിയുടെ നയപരിപാടികൾക്കു മാർക്സിസം-ലെനിനിസത്തിന്റെ തത്വശാസ്ത്രമാണു്. (4) ആ പ്രവർത്തനത്തിന്റെ ഭാഗമായി ജനങ്ങളെയാകെ തൊഴിലാളിവർഗ്ഗനേതൃത്വത്തിൽ അണിനിരത്തി സംഘടിപ്പിച്ചു് അവരുടെ അടിയന്തിരപ്രശ്നങ്ങൾ പരിഹരിക്കാൻ സഹായിക്കുന്ന ഒരു അടിയന്തിരപരിപാടി പാർട്ടിക്കുണ്ടു്. (5) പാർട്ടിയുടെ വിപ്ലവകരമായ സ്വഭാവത്തിനനുസരിച്ചു വിപുലമായ ജനാധിപത്യത്തെയും സുദൃഢമായ സംഘടനയേയും കൂട്ടിയിണക്കുന്ന ജനാധിപത്യകേന്ദ്രീകരണമെന്ന സംഘടനാതത്വങ്ങൾ കമ്മ്യൂണിസ്റ്റ് പാർട്ടിക്കുണ്ടു്.

5. ഓരോ രാജ്യത്തിലേയും കമ്മ്യൂണിസ്റ്റ്പാർട്ടിക്കു് കമ്മ്യൂണിസ്റ്റാദർശങ്ങൾക്കുവേണ്ടിയുള്ള സമരം നടത്തേണ്ടതായിട്ടുള്ളതു് ദേശീയമായ അടിസ്ഥാനത്തിലാണു്. ഓരോ രാജ്യത്തിലേയും സമരത്തിന്റെ സവിശേഷോപാധികളും ദേശീയമായ പ്രത്യേകതകളും ഓരോ കമ്മ്യൂണിസ്റ്റ്പാർട്ടിയുടെമേലും അവയുടെ മുദ്ര പതിപ്പിച്ചിട്ടുണ്ടു്. എങ്കിലും കമ്മ്യൂണിസ്റ്റ്പ്രസ്ഥാനം അതിന്റെ സാരാംശത്തിൽ സാർവ്വദേശീയമാണു്. കാരണം "സാമൂഹ്യവികാസത്തിന്റെ നിയമങ്ങൾ സാർവ്വലൗകികങ്ങളാണു്, അവ എല്ലാ രാജ്യങ്ങളിലും പ്രവർത്തിക്കുന്നു. അതുകൊണ്ടു് വ്യത്യസ്തരാജ്യങ്ങളിലെ തൊഴിലാളിപ്രസ്ഥാനങ്ങൾക്കു പൊതുവിൽ വളരെയേറെ കാര്യങ്ങളുണ്ടു്. കമ്മ്യൂണിസ്റ്റ്പാർട്ടികൾ പരസ്പരം അടച്ചുകെട്ടി ഒററപ്പെട്ടു നില്ക്കരുതെന്നും നേരേമറിച്ചു് അനുഭവങ്ങൾ കൈമാറണമെന്നും ഇതു് അനുശാസിക്കുന്നു. മററു പാർട്ടികളുടെ അനുഭവങ്ങളെപ്പററി അറിവില്ലാതിരിക്കുകയും അവയെക്കൂടി കണക്കിലെടുക്കാതിരിക്കുകയും ചെയ്യുന്ന ഒരു പാർട്ടിക്കു് കുഴപ്പത്തിൽ തെററുപററാനിടയുണ്ടു്. സാർവ്വദേശീയ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ കൂട്ടായ അനുഭവത്തിന്റെ അടിസ്ഥാനത്തിൽ മുന്നോട്ടുപോകാൻ എത്രയോ കൂടുതലെളുപ്പമാണു്." (മാർക്സിസം-ലെനിനിസത്തിന്റെ അടിസ്ഥാനതത്വങ്ങൾ—നാലാംഭാഗം—അദ്ധ്യായം 13.) അതുകൊണ്ടാണു് 81 കമ്മ്യൂണിസ്റ്റ്പാർട്ടികളുടെ 1960-ലെ മോസ്ക്കോസമ്മേളനപ്രസ്താവനയിൽ ഇങ്ങിനെ പറഞ്ഞിട്ടുള്ളതു്:

"എല്ലാ മാർക്സിസ്റ്റ്-ലെനിനിസ്റ്റ്പാർട്ടികളും സ്വതന്ത്രങ്ങളാണു്. അവയ്ക്കു സമാവകാശങ്ങളുണ്ടു്. അതാതു രാജ്യങ്ങളിലെ പ്രത്യേകസാഹചര്യങ്ങൾക്കനുസരിച്ചും മാർക്സിസ്റ്റ്-ലെനിനിസ്റ്റ്തത്വങ്ങൾക്കു് അനുയോജ്യമായ രീതിയിലുമാണു് അവ നയങ്ങൾ രൂപീകരിക്കുന്നതു്; പരസ്പരം പിന്തുണ നൽകുന്നതു്. മാർക്സിസ്റ്റ്-ലെനിനിസ്റ്റ്പാർട്ടികളുടെ സാർവദേശീയസാഹോദര്യം കൂടാതെ ഏതെങ്കിലുമൊരു രാജ്യത്തു് തൊഴിലാളിവർഗ്ഗലക്ഷ്യം വിജയിപ്പിക്കുന്നതിനെപ്പററി ചിന്തി

ക്കാനവയ്യ. ഓരോ പാർട്ടിയും സ്വന്തം നാട്ടിലെ തൊഴിലാളിവർഗ്ഗത്തോടും അദ്ധ്വാനിക്കുന്ന ബഹുജനങ്ങളോടും സാർവദേശീയ തൊഴിലാളിവർഗ്ഗത്തോടും കമ്മ്യൂണിസ്റ്റ്പ്രസ്ഥാനത്തോടൊട്ടാകെയും ചുമതലപ്പെട്ടിരിക്കുന്നു.''

മററു പാർട്ടികളുടെ അനുഭവങ്ങളെ ഉപയോഗിക്കാനുള്ള കഴിവെന്നു പറയുന്നതിന്റെ അർത്ഥമെന്താണെന്ന് "മാർക്സിസം-ലെനിനിസത്തിന്റെ അടിസ്ഥാനതത്വങ്ങൾ'' ഇങ്ങിനെ വിവരിക്കുന്നു: "എല്ലാററിലുമുപരി ഈ അനുഭവങ്ങളെ യാന്ത്രികമായിട്ടല്ല ക്രിയാത്മകമായി മനസ്സിലാക്കുകയെന്നാണ് ഇതിന്റെ അർത്ഥം. ഏതു അനുഭവവും എല്ലായ്പ്പോഴും സ്ഥലകാലങ്ങൾ, പരിതഃസ്ഥിതി, വർഗ്ഗശക്തികളുടെ ബലാബലം എന്നിങ്ങിനെ പലതരം സാഹചര്യങ്ങളാൽ രൂപപ്പെടുത്തപ്പെടുന്നു. സമൂർത്തസാഹചര്യങ്ങൾ കണക്കിലെടുക്കാതിരുന്നാൽ, ഒരു പ്രത്യേക സാഹചര്യത്തിൽ സാധുവായ അനുഭവവും പ്രയോഗവും മറെറാരു സാഹചര്യത്തിൽ വ്യത്യസ്തഫലങ്ങൾ ഉളവാക്കിയേക്കും. എന്നാൽ അനുഭവത്തിന്റെ പ്രാധാന്യത്തെത്തന്നെ സംശയിക്കുന്നതു തെററായിരിക്കും. മാർക്സിസം-ലെനിനിസം ഏതനുഭവത്തിൽനിന്നും അതിന്റെ സത്തിനെ, പ്രാദേശികമോ ദേശീയമോ ആയ പ്രാധാന്യത്തെയല്ല, സാർവലൗകികമായ പ്രധാനത്തെ, അതായതു് ഒരു പൊതുനിയമത്തിന്റെ സ്വഭാവം ഉൾക്കൊള്ളുന്ന സാരാംശത്തെ, ആവാഹിച്ചെടുക്കുന്നു. ഈ പൊതുസാരാംശത്തെയാണ്, പാർട്ടികൾക്ക് അവരുടെ വ്യത്യസ്തരാജ്യങ്ങളിലെ സമൂർത്തസാഹചര്യങ്ങളുമായി ബന്ധപ്പെടുത്താൻ കഴിയേണ്ടതു.

"വ്യത്യസ്തരാജ്യങ്ങളിലെ കമ്മ്യൂണിസ്റ്റ്പാർട്ടികൾ തമ്മിൽ അനുഭവങ്ങൾ കൈമാറുകയും പ്രവർത്തനങ്ങളെ കൂട്ടിയിണക്കുകയും ചെയ്യണമെങ്കിൽ അവ തമ്മിൽ അടുത്ത ബന്ധങ്ങൾ സ്ഥാപിക്കേണ്ടതാവശ്യമാണ്. ഈ ബന്ധങ്ങളുടെ രൂപങ്ങൾ, ചരിത്രപരമായ സാഹചര്യങ്ങൾക്കനുസരിച്ച് അവ മാറുന്നു ''

കഴിഞ്ഞ നാല്പതുകൊല്ലങ്ങൾക്കിടയ്ക്കു് വിവിധ കമ്മ്യൂണിസ്റ്റ്പാർട്ടികൾ തമ്മിലുള്ള ബന്ധം പല രൂപങ്ങളും കൈക്കൊണ്ടിട്ടുണ്ട്: ഒന്നാമതായി, 1919—43 കാലത്തു പ്രവർത്തിച്ചിരുന്ന കമ്മ്യൂണിസ്റ്റിൻറർനാഷണൽ. 1919-ൽ കമ്മ്യൂണിസ്റ്റിൻറർനാഷണൽ രൂപീകരിച്ച സമയത്തു് അത്തരമൊരു സാർവ്വദേശീയ തൊഴിലാളിവർഗ്ഗവിപ്ലവസംഘടന അത്യാവശ്യമായിരുന്നു. അതുവരെ റഷ്യയിൽ മാത്രമായിരുന്നുവല്ലോ ലെനിന്റെ നേതൃത്വത്തിൽ യഥാർത്ഥമായൊരു കമ്മ്യൂണിസ്റ്റ് പാർട്ടിയുണ്ടായിരുന്നതു്. ഒക്ടോബർവിപ്ലവാനന്തരം പല രാജ്യങ്ങളിലും കമ്മ്യൂണിസ്റ്റ്പാർട്ടികൾ രൂപംകൊണ്ടു. ആ യുവകമ്മ്യൂണിസ്റ്റ്പാർട്ടികളെ ഉറപ്പിക്കുകയും മാർക്സിസം-ലെനിനിസത്തിന്റെ ആശയങ്ങളിൽ പഠിപ്പിക്കുകയും പാർട്ടിനേതാക്കന്മാരെ പരിശീലിപ്പിക്കുകയും ചെയ്യുന്നതിൽ സഹായിക്കാൻ ഒരു സാർവ്വദേശീയകേന്ദ്രീകൃതനേതൃത്വം ആവശ്യമായിരുന്നു. എന്നാൽ വിവിധ രാജ്യങ്ങളിൽ കമ്മ്യൂണിസ്റ്റ്പാർട്ടികൾ വളരുകയും ശക്തിപ്പെടുകയും ദേശീയരാഷ്ട്രീയജീവിതത്തിൽ കൂടുതൽ പ്രധാനമായ പങ്കുവഹിക്കാൻ തുടങ്ങുകയും ചെയ്തതോടുകൂടി ഇത്തരമൊരു കേന്ദ്രീകൃതസംഘടനാരൂപം അപ്രായോഗികമായിത്തീർന്നു. ഒരു ലോകകേന്ദ്രത്തിലുംനിന്നു വിവിധരാജ്യങ്ങളിലെ കമ്മ്യൂണിസ്റ്റ്പാർട്ടികളെ നയിക്കാൻ സാധ്യമല്ലാതായി. അതുകൊണ്ടു് 1943 മെയ്മാസത്തിൽ കമ്മ്യൂണിസ്റ്റിൻറർനാഷണലിനെ പിരിച്ചുവിടാൻ എക്സിക്യൂട്ടീവ്കമ്മിററി തീരുമാനിച്ചു.

പിന്നീട്, രണ്ടാംലോകമഹായുദ്ധത്തിനുശേഷം, യൂറോപ്പിലെ സോഷ്യലിസ്റ്റ്‌രാജ്യങ്ങളിലെയും ഇററലി, ഫ്രാൻസ് എന്നീ രാജ്യങ്ങളിലെയും പാർട്ടികൾ ചേർന്നു "കാമിൻഫോം'' എന്ന സംഘടന രൂപീകരിച്ചു. ലോകത്തിലെങ്ങുമുള്ള കമ്മ്യൂണിസ്റ്റ്പാർട്ടികളിൽ ബഹുഭൂരിപക്ഷവും അതിനു വെളിയിലായിരുന്നതുകൊണ്ടും, സ്റ്റാലിന്റെ വ്യക്തിപ്രഭാവസിദ്ധാന്തത്തിന്റെ സ്വാധീനത്തിൻകീഴിൽ ഓരോ രാജ്യത്തിലെയും പാർട്ടികളുടെ നയപരിപാടികളാവിഷ്കരിക്കുന്നതിൽ കോമിൻഫോം ഇടപെടാനുള്ള പ്രവണത കാണിച്ചതുകൊണ്ടും, ആ സംഘടന 1956-ൽ പിരിച്ചുവിടപ്പെട്ടു.

1957-ലും 1960-ലും മോസ്കോയിൽചേർന്ന ലോകത്തിലെങ്ങുമുള്ള കമ്മ്യൂണിസ്റ്റ്പാർട്ടികളുടെ പ്രതിനിധികൾ പങ്കെടുക്കുന്ന, സാർവ്വദേശീയസമ്മേളനങ്ങൾ യൂറോപ്പിലെ മുതലാളിത്തരാജ്യങ്ങളിലെ കമ്മ്യൂണിസ്റ്റ്പാർട്ടികൾ 1960 ജനുവരിയിൽ റോമിൽ സമ്മേളിച്ചു കൂടിയാലോചിച്ചതുപോലെയുള്ള പ്രാദേശികകൂടിയാലോചനായോഗങ്ങൾ, ഏതെങ്കിലും രണ്ടു രാജ്യങ്ങളിലെ കമ്മ്യൂ

ണിസ്റ്റ്പാർട്ടിപ്രതിനിധികൾ കൂടിയാലോചിയ്ക്കൽ തുടങ്ങിയ രൂപങ്ങളാണ് ഇപ്പോൾ അഭിപ്രായവിനിമയത്തിനു കമ്മ്യൂണിസ്റ്റ്പാർട്ടികൾ ഉപയോഗിക്കുന്നതു്.

"ഓരോ പാർട്ടിയുടേയും പരമാധികാരത്തേയും ലോകകമ്മ്യൂണിസ്റ്റ്പ്രസ്ഥാനത്തിന്റെയാകെ പ്രവൎത്തനൈക്യത്തേയും തമ്മിൽ കൂട്ടിയിണക്കുന്നതിലാണ് കമ്മ്യൂണിസ്റ്റ്പാർട്ടികൾ തമ്മിലുള്ള പരസ്പരബന്ധങ്ങളുടെ നന്തു് കിടക്കുന്നതു്. രാഷ്ട്രീയമായും സംഘടനാപരമായും സ്വതന്ത്രമായിരിക്കുമ്പോൾതന്നെ കമ്മ്യൂണിസ്റ്റ്പാർട്ടികൾ, തൊഴിലാളിവർഗ്ഗത്തിന്റെ സാൎവ്വദേശീയ പ്രശ്നങ്ങളെസംബന്ധിച്ചുള്ള അഭിപ്രായൈക്യംകാരണം, സമാനസ്സാലെയും പരസ്പരധാരണയുടെ അടിസ്ഥാനത്തിലും തങ്ങളുടെ പ്രവൎത്തനങ്ങളെ ഏകീകരിക്കുകയും ആവശ്യമാകുമ്പോൾ ഒന്നിച്ചുചേൎന്നു് യോജിച്ച പ്രവൎത്തനമാൎഗ്ഗം ആവിഷ്ക്കരിക്കുകയും എല്ലാ രാജ്യങ്ങളിലേയും തൊഴിലെടുക്കുന്ന ജനങ്ങളുടെ താല്പൎയ്യങ്ങളേയും സാൎവ്വദേശീയഭദ്രതയേയും ലോകസമാധാനത്തേയും കാത്തുരക്ഷിക്കുന്ന ഒരേകീകൃത സാൎവ്വദേശീയശക്തിയായി പ്രവൎത്തിക്കുകയും ചെയ്യുന്നു."

(മാർക്സിസം-ലെനിനിസത്തിന്റെ അടിസ്ഥാനതത്വങ്ങൾ—
നാലാംഭാഗം, അദ്ധ്യായം 13)

6. മാർക്സിസം-ലെനിനിസത്തെ വഴികാട്ടിയായി സ്വീകരിച്ചുകൊണ്ടു്, ശരിയായ നയങ്ങൾ രൂപീകരിച്ചു്, തൊഴിലാളിവർഗ്ഗനേതൃത്വത്തിൽ ജനങ്ങളെ ആകെ അണിനിരത്തി പ്രവർത്തനരംഗത്തിറക്കാൻ പ്രവൎത്തിക്കുന്ന കമ്മ്യൂണിസ്റ്റ് പാർട്ടി സംഘടിപ്പിച്ചിട്ടുള്ളതു് ജനാധിപത്യകേന്ദ്രീകരണമെന്ന തത്വത്തിന്റെ അടിസ്ഥാനത്തിലാണു്. പാർട്ടിയുടെ അഭ്യന്തരജീവിതത്തിന്നു മാൎഗ്ഗദർശകമായിട്ടുള്ളതു് ജനാധിപത്യകേന്ദ്രീകരണത്തിന്റെ പ്രമാണങ്ങളാണ്.

പരിപൂൎണ്ണമായ ഉൾപ്പാർട്ടിജനാധിപത്യത്തിന്റെ അടിസ്ഥാനത്തിലുള്ള കേന്ദ്രീകൃതനേതൃത്വം, കേന്ദ്രീകൃതനേതൃത്വത്തിൻകീഴിലുള്ള ഉൾപ്പാർട്ടിജനാധിപത്യമെന്നാണ് ജനാധിപത്യകേന്ദ്രീകരണത്തിന്റെ അർത്ഥം. ഒരൊററ സംഘടനാപ്രമാണത്തിന്റെ ഇരുവശങ്ങളാണ് ജനാധിപത്യവും കേന്ദ്രീകരണവും. ഒന്നിനെ മറേറതിനെ വേർതിരിക്കാൻ വയ്യ. പാർട്ടിയിൽ ഉദ്യോഗസ്ഥമേധാവിത്വവും അരാജകത്വവും വളർന്നുവരുന്നതിന്നെതിരായ ഏക ഉറപ്പു ജനാധിപത്യകേന്ദ്രീകരണപ്രമാണം നീക്കുപോക്കില്ലാതെ അനുഷ്ഠിക്കലാണ്.

ജനാധിപത്യകേന്ദ്രീകരണത്തിന്റെ പ്രമാണങ്ങൾ നമ്മുടെ പാർട്ടിഭരണഘടനയുടെ 14-ാംവകുപ്പിൽ വിശദീകരിച്ചിട്ടുണ്ടു്. എന്തുകൊണ്ടാണ് നമ്മുടെ സംഘടനയ്ക്കു് അടിസ്ഥാനമായി ജനാധിപത്യകേന്ദ്രീകരണം സ്വീകരിച്ചിട്ടുള്ളതു?

"ഭരണാധികാരത്തിന്നുവേണ്ടിയുള്ള സമരത്തിൽ തൊഴിലാളിവർഗ്ഗത്തിനു് സംഘടനയല്ലാതെ മറെറാരു ആയുധവുമില്ല. കടിഞ്ഞാണില്ലാത്ത കിടമത്സരംകൊണ്ടു് ഭിന്നിക്കപ്പെട്ടു.........മുടക്കുമുതലിന്നുവേണ്ടിയുള്ള അക്രമപ്പണികൊണ്ടു് അടിച്ചമൎത്തപ്പെട്ടു കിടക്കുന്ന തൊഴിലാളിവർഗ്ഗത്തിനു് ഒരു അജയ്യശക്തിയായി തീരാൻ കഴിയണമെങ്കിൽ, മാർക്സിസത്തിന്റെ അടിസ്ഥാനപ്രമാണങ്ങളുടെ ചുററുമായുണ്ടായിട്ടുള്ള അതിന്റെ പ്രത്യയശാസ്ത്രപരമായ ഐക്യം ഒരു സംഘടനയിലൂടെയുണ്ടാകുന്ന ഐക്യംകൊണ്ടു് ദൃഢീകരിക്കപ്പെടണം"

(ലെനിൻ)

അദ്ധ്വാനിക്കുന്ന ജനങ്ങളെയാകെ തൊഴിലാളിവർഗ്ഗത്തിന്റെ സൈന്യത്തിലേക്കാപ്പിച്ചു് അധികാരത്തിന്നുവേണ്ടിയുള്ള സമരം വിജയകരമായി നടത്താൻ വേണ്ട സംഘടന കെട്ടിപ്പടുക്കുന്നതിന്റെ അടിസ്ഥാനപ്രമാണങ്ങളാണ് ജനാധിപത്യകേന്ദ്രീകരണത്തിലടങ്ങിയിട്ടുള്ളതു്. ഏററവും ശക്തവും സംഘടിതവും സൂത്രശാലിയുമായ ഒരു ശത്രുവിനെ നേരിട്ടു ജയിക്കേണ്ട സൈന്യമായതുകൊണ്ടു ജനാധിപത്യകേന്ദ്രീകരണം ഒഴിച്ചുകൂടാൻ വയ്യാത്തതാണ് തൊഴിലാളിവർഗ്ഗത്തിന്റെ രാഷ്ട്രീയപാർട്ടിക്കു്. സാധാരണസൈന്യത്തിലെപ്പോലെ സേനാനായകന്മാരുടെ കല്പനകളെ അന്ധമായനുകരിക്കുന്ന മൂകസൈന്യമല്ല, തൊഴിലാളിവർഗ്ഗത്തിന്റെ വിപ്ലവസേന. കോടിക്കണക്കിനാളുകളെ സമരരംഗത്തിറക്കി സമൂഹപരിവൎത്തനം നടത്തേണ്ട ഒരു രാഷ്ട്രീയപാർട്ടിയുടെ ഓരോ മെമ്പറും വസ്തുനിഷ്ഠസ്ഥിതിഗതികൾ പഠിച്ചു് ശരിയായ നയം രൂപീകരിക്കുന്നതിലും അതു നടപ്പിലാക്കുന്നതിലും, പങ്കെടുക്കാൻ കഴിവുള്ളവരായിരിക്കണം. അതുകൊണ്ടു് പാർട്ടിക്കകത്തു് ജനാധിപത്യം ഒഴിച്ചുകൂടാൻവയ്യാത്തതാണ്. ഏററവും വിപുലമായി ജനാധിപത്യത്തേയും സുദൃഢമായ സംഘടനയേയും ജനാധിപ

ത്യകേന്ദ്രീകരണം കൂട്ടിയിണക്കുന്നു. പാർട്ടിയുടെ നേതൃത്വത്തിലിരിക്കുന്ന കമ്മിററികളേയും സംഘടനകളേയും പരസ്പരം ബന്ധിപ്പിക്കുകയും, ആ ബന്ധങ്ങളെ നിരന്തരം ശക്തിപ്പെടുത്തുകയും ചെയ്യുന്ന സംഘടനാതത്വങ്ങളും സംഘടനാപ്രവർത്തനരീതികളുമുൾക്കൊള്ളുന്നതാണു് ജനാധിപത്യകേന്ദ്രീകരണം.

ജനാധിപത്യകേന്ദ്രീകരണത്തിൻെറ മൗലികപ്രമാണങ്ങളിലൊന്നാണു് കൂട്ടായ നേതൃത്വം. വിവേകത്തിൻെറയും ശരിയുടേയും ഉറവിടവും ചരിത്രം നിർമ്മിക്കുന്നവരും ബഹുജനങ്ങളാണെന്ന താത്വികസത്യമാണീ പ്രമാണത്തിന്നടിസ്ഥാനം. സാധാരണജനങ്ങളുടെ ഇടയിൽ പ്രവർത്തിക്കുകയും അവരുടെ അഭിപ്രായങ്ങളും ആശയങ്ങളും മനസ്സിലാക്കുകയും, അവയെ പഠിക്കുകയും, മാർക്സിസം-ലെനിനിസത്തിൻെറ വെളിച്ചത്തിൽ അവയെ പരിശോധിച്ചു് പാർട്ടിയുടെ നയപരിപാടികൾ ആ അടിസ്ഥാനത്തിൽ രൂപീകരിക്കുകയും ആ നയപരിപാടികൾ ജനങ്ങളുടെ മദ്ധ്യത്തിലേയ്ക്കു കൊണ്ടുപോയി പ്രായോഗികമാക്കുകയും, പരീക്ഷിച്ചു നോക്കുകയും ചെയ്യുന്ന നേതൃത്വരീതിക്കാണു് കൂട്ടായ നേതൃത്വമെന്നു പറയുന്നതു്.

ബഹുജനങ്ങളുടെ ഇടയിൽ പ്രവർത്തിക്കുക, അവരുടെ സാമ്പത്തികവും രാഷ്ട്രീയവും മററുമായ ആവശ്യങ്ങൾക്കു വേണ്ടിയുള്ള സമരങ്ങൾക്കവരെ സംഘടിപ്പിക്കുക, ബഹുജനങ്ങളുടെ അഭിപ്രായങ്ങളും ആശയങ്ങളും ശ്രദ്ധാപൂർവ്വം കേട്ടു മനസ്സിലാക്കി പാർട്ടിയുടെ നേതൃഘടകങ്ങളെ അറിയിക്കുക, അവയുടെ അടിസ്ഥാനത്തിൽ നയങ്ങളും മുദ്രാവാക്യങ്ങളും രൂപീകരിക്കുക അങ്ങിനെ യാഥാർത്ഥ്യവുമായി പാർട്ടിയെ അടുത്തു ബന്ധപ്പെടുത്തുകയും, ശരിയായ നയങ്ങളാവിഷ്കരിക്കാൻ സഹായിക്കുകയും ചെയ്യുന്ന പ്രവർത്തനരീതിയാണു് കൂട്ടായ നേതൃത്വം.

കമ്മ്യൂണിസ്റ്റ്പാർട്ടി തുടർച്ചയായി പ്രായോഗികാനുഭവത്തെ പരിശോധിക്കുകയും തെററുകളിൽനിന്നും ദൗർബല്യങ്ങളിൽനിന്നുമെന്നപോലെ വിജയങ്ങളിൽനിന്നും ശക്തിയിൽനിന്നും പഠിക്കുകയും ചെയ്തുകൊണ്ടിരിക്കുന്നു. ഇതിനാണു് വിമർശനം-സ്വയംവിമർശനമെന്നു പറയുന്നതു്. തത്വവും പ്രയോഗവും തമ്മിലും, പ്രവർത്തനരീതികൾ തമ്മിലുമുണ്ടാകുന്ന വൈരുദ്ധ്യങ്ങൾ പരിഹരിച്ചുകൊണ്ടു് പാർട്ടിയെ വളർത്തുകയും ശക്തപ്പെടുത്തുകയും ചെയ്യുന്നതിനു് വിമർശനം സ്വയം വിമർശനം ഒഴിച്ചുകൂടാൻവയ്യാത്തതാണു്. മററു രംഗങ്ങളിൽ മനുഷ്യൻ അറിവും നെറിവും നമ്പാദിക്കുന്നപോലെതന്നെയാണു്, നാം പാർട്ടിയെ ശക്തിപ്പെടുത്തുകയും വളർത്തുകയും ചെയ്യുന്നതു്. പ്രായോഗികപ്രവർത്തനം നടത്തുക, ആ പ്രവർത്തനത്തിൻെറ ഫലങ്ങൾ പഠിക്കുക, അതിൽനിന്നും സാമാന്യനിഗമനങ്ങളിലെത്തുക, ആ സാമാന്യനിഗമനങ്ങൾ നമ്മുടെ അറിവിനു് മുതൽക്കൂട്ടുന്നു; തുടർന്നുള്ള പ്രായോഗികപ്രവർത്തനത്തിൻെറ മാർഗ്ഗത്തിൽ കൂടുതൽ വെളിച്ചംവീശുന്നു.

തൊഴിലാളിവർഗ്ഗത്തിൻെറ പൊതുതാല്പര്യങ്ങളിൽനിന്നു വ്യത്യസ്തമായ താല്പര്യങ്ങളൊന്നുമില്ലാത്ത കമ്മ്യൂണിസ്റ്റ്പാർട്ടിക്കു് സ്വന്തം തെററുകളേയും കുറവുകളേയും സ്വതന്ത്രമായും പരസ്യമായും വിമർശിക്കുന്നതിൽ ഭയമില്ല; കാരണം അതുകൊണ്ടു് പാർട്ടിക്കും ജനങ്ങൾക്കു കൂടുതൽ അറിവും, തൽഫലമായ ആത്മവിശ്വാസവും കിട്ടുകയാണുചെയ്യുന്നതു്. ജനങ്ങൾക്കിടയിൽ പാർട്ടിയുടെ പ്രശസ്തി ഉയരുകയാണുചെയ്യുന്നതു്.

അതുകൊണ്ടു് വിമർശനവും സ്വയം വിമർശനവും ഓരോ പാർട്ടികമ്മിററിയുടേയും എല്ലാ പാർട്ടിമെമ്പർമാരുടേയും ചുമതലയും അവകാശവുമാണു്. തൊഴിലാളിവർഗ്ഗത്തിൻേറതല്ലാത്തതും, കമ്മ്യൂണിസ്റ്റല്ലാത്തതുമായ ആശയങ്ങൾക്കും ധാരണകൾക്കും സ്വഭാവങ്ങൾക്കും പ്രവർത്തനരീതികൾക്കുമെതിരായി പോരാടി പാർട്ടിയെ ആകെ വളർത്തുകയും ഓരോ പാർട്ടിമെമ്പറേയും സ്വന്തം തെററുകളും കുറവുകളും കാണാനും തിരുത്താനും കൂടുതൽ നല്ല കമ്മ്യൂണിസ്റ്റാകാനും സഹായിക്കുകയുമാണു് വിമർശനം സ്വയം വിമർശനംകൊണ്ടുദ്ദേശിക്കുന്നതു്.

ഇത്തരത്തിൽ വിപുലമായും ഊർജ്ജസ്വലമായും ജനാധിപത്യം പാർട്ടിക്കകത്തു നടപ്പിലാക്കുന്നതോടൊപ്പംതന്നെ, ജനാധിപത്യകേന്ദ്രീകരണം പാർട്ടിയെ കൂട്ടിയിണക്കുകയും അതിനു് അച്ചടക്കവും ദൃഢതയും ശക്തിയും നൽകുകയും ചെയ്യുന്നു. അതുകൊണ്ടാണു് വിപുലവും സ്വതന്ത്രവുമായ വാദപ്രതിവാദത്തിനും ചർച്ചയ്ക്കും അഭിപ്രായപ്രകടനങ്ങൾക്കുംശേഷം പാർട്ടി ഏകകണ്ഠമായോ ഭൂരിപക്ഷപ്രകാരമോ എടുക്കുന്ന തീരുമാനങ്ങൾ അംഗീകരിക്കാനും നടപ്പിലാക്കാനും എല്ലാ പാർട്ടിമെമ്പർമാരും ബാദ്ധ്യസ്ഥരാണെന്നും പാർട്ടിക്കകത്തു കക്ഷിപിടുത്തത്തിനും ഗ്രൂപ്പുകൾ ഉണ്ടാക്കുന്നതിനും സ്ഥാനമില്ലെന്നും ജനാധിപത്യകേന്ദ്രീകരണം നിഷ്കർഷിക്കുന്നതു്.

7. ജനാധിപത്യകേന്ദ്രീകരണമെന്ന സംഘടനാപ്രമാണത്തിന്റെ അർത്ഥത്തെപ്പററി "മാർക്സിസം-ലെനിനിസത്തിന്റെ അടിസ്ഥാനതത്വങ്ങൾ" എന്ന ഗ്രന്ഥത്തിൽ പറയുന്നതിപ്രകാരമാണ്:

"ഇങ്ങനെ, കമ്മ്യൂണിസ്റ്റ്പാർട്ടിയിൽ വിപുലമായ ജനാധിപത്യത്തെ കേന്ദ്രീകൃതനേതൃത്വവുമായും സ്വതന്ത്രമായ വാദപ്രതിവാദത്തെ കണിശമായ അച്ചടക്കവും പ്രവർത്തനൈക്യവുമായും കൂട്ടിയോജിപ്പിച്ചിരിക്കുന്നു. കേന്ദ്രീകൃതനേതൃത്വമില്ലാത്ത ജനാധിപത്യം പാർട്ടിയെ ഒരു വാദപ്രതിവാദസഭയാക്കി മാററുന്നു. ജനാധിപത്യമില്ലാത്തതോ ജനാധിപത്യത്തെ വേണ്ടത്ര വളർത്താത്തതോ ആയ കേന്ദ്രീകൃതനേതൃത്വം മരവിപ്പിക്കുന്ന ഉദ്യോഗസ്ഥമേധാവിത്വമായിത്തീരുന്നു. നേരെമറിച്ച്, ജനാധിപത്യവും കേന്ദ്രീകൃതനേതൃത്വവും തമ്മിലുള്ള ശരിയായ കൂട്ടിയിണക്കൽ പാർട്ടിയിൽ പ്രവർത്തനത്തേയും മുൻകയ്യിനേയും വിപുലമായി വളർത്തുന്നതിനും അതേസമയം രാഷ്ട്രീയസമരത്തിൽ അത്രയും ആവശ്യമായ ഒരു സുശക്തനേതൃത്വത്തിനും ഉറപ്പുണ്ടാക്കുന്നു.

"ചരിത്രപരമായ പരിതഃസ്ഥിതികൾക്കുള്ളിലുണ്ടാകുന്ന മാററങ്ങൾക്കനുസരിച്ച് ജനാധിപത്യകേന്ദ്രീകരണതത്വത്തിനെ ഉൾക്കൊള്ളുന്ന സമൂർത്തരൂപങ്ങൾക്കും മാററമുണ്ടാകും. റഷ്യൻ കമ്മ്യൂണിസ്റ്റുകാരുടെ പാർട്ടിസംഘടനയുടെ അനുഭവത്തെപ്പററി ലെനിൻ എഴുതി: "ഇതു സംഘടനയ്ക്ക്, അതിന്റെ അടിസ്ഥാനരൂപമാതൃകയെ നിലനിർത്തിക്കൊണ്ടുതന്നെ, പരിതഃസ്ഥിതികൾക്കനുസരിച്ച് അതിന്റെ സമൂർത്തരൂപത്തെ മാററാൻ കഴിഞ്ഞു; അതാതു സന്ദർഭത്തിന്റെ ആവശ്യങ്ങൾക്കനുസരിച്ച് ആ രൂപം ഭേദപ്പെടുത്താനു സാധിച്ചു."

"ഓരോ കമ്മ്യൂണിസ്റ്റ്പാർട്ടിയും വളരുകയും അതിന്റെ പ്രവർത്തനത്തെ പൂർണ്ണമാക്കുകയും ചെയ്യുന്ന ഒരു ജീവിക്കുന്ന സംഘടിതസ്ഥാപനമാണ്. കമ്മ്യൂണിസ്റ്റ്പാർട്ടിയുടെ ഘടനയിലും ജീവിതത്തിലുമുള്ള ജനാധിപത്യകേന്ദ്രീകരണതത്വം അച്ചിലിട്ടു വാർത്തെടുത്ത സ്വഭാവത്തോടുകൂടിയതല്ല. ഓരോ പാർട്ടിയേയും നേരിടുന്ന പ്രശ്നങ്ങൾക്കനുസരിച്ചും ഓരോ രാജ്യത്തിന്റെയും പ്രത്യേകതകൾക്കനുസരിച്ചും അയവേറിയരീതിയിൽ പ്രവർത്തനം പ്ലാൻചെയ്യാൻ ആ തത്വം പാർട്ടികൾക്കു കഴിവുണ്ടാക്കുന്നു."

(ഭാഗം നാല്—അദ്ധ്യായം 13)

ജനാധിപത്യകേന്ദ്രീകരണതത്വത്തെപ്പററി പറയുമ്പോൾ ഒരു കാര്യം ഊന്നിപ്പറയേണ്ടതായിട്ടുണ്ട്. അതിന്റെ കാതലായ ഉൾപ്പാർട്ടിജനാധിപത്യത്തെ, വെറും നേതാക്കന്മാരെ തെരഞ്ഞെടുക്കുന്നതിൽ പങ്കെടുക്കലായി ചുരുക്കരുത്. ജനാധിപത്യത്തെസംബന്ധിച്ച അത്തരമൊരു ധാരണ ഔപചാരികമാണ്; ബൂർഷ്വാപാർലിമെന്ററിസമ്പ്രദായത്തിന്റെ ധാരണകളും ചട്ടങ്ങളും മാനദണ്ഡങ്ങളും പാർട്ടിയുടെ ജീവിതത്തിലേക്കു പകർത്തലായിരിക്കും അത്. കമ്മ്യൂണിസ്റ്റ്പാർട്ടിയുടെ ജനാധിപത്യം ഊർജ്ജിതമായ കൂട്ടായ പ്രവർത്തനത്തിന്റെ ജനാധിപത്യമാണ്. അതായത്, പാർട്ടിമെമ്പർമാർ ചർച്ചനടത്തുകയും തെരഞ്ഞെടുപ്പിൽ പങ്കെടുക്കുകയുംമാത്രം ചെയ്യുന്ന ജനാധിപത്യംമാത്രമല്ല അത്; പാർട്ടിയുടെ പ്രവർത്തനത്തെയാകെ നയിക്കുന്നതിൽ സജീവമായി പങ്കെടുക്കുന്ന ജനാധിപത്യമാണത്.

കമ്മ്യൂണിസ്റ്റ്പാർട്ടിയെ മററു പാർട്ടികളിൽനിന്നു വേർതിരിക്കുന്ന ഒരു മുഖ്യസ്വഭാവവും ഇതുതന്നെയാണല്ലോ. ഒരു പാർട്ടിമെമ്പറാകാനുള്ള അർഹതയിൽ പാർട്ടിയുടെ നയപരിപാടികൾ സ്വീകരിക്കലും പാർട്ടിവരിസംഖ്യ കൊടുക്കലുംമാത്രമുൾപ്പെടുത്തിയാൽപ്പോരാ, പാർട്ടിയുടെ ഏതെങ്കിലുമൊരു സംഘടനയിൽ അംഗമായി ആ സംഘടനയുടെ നേതൃത്വത്തിലും നിയന്ത്രണത്തിലും പാർട്ടിയുടെ പരിപാടി നടപ്പിലാക്കാൻ സജീവമായി സഹായിക്കുകയുംകൂടിവേണമെന്ന് ലെനിൻ 1903-ൽ നിഷ്കർഷിച്ചതും അതിന്റെ അടിസ്ഥാനത്തിൽ അന്നത്തെ റഷ്യൻ സോഷ്യലിസ്റ്റ് ഡെമോക്രാററിക്പാർട്ടി ബോൾഷെവിക് എന്നും മെൻഷെവിക് എന്നും രണ്ടായിപ്പിളർന്നതും ഓർക്കുമല്ലോ.

8. എല്ലാ പാർട്ടിമെമ്പർമാരെയും പാർട്ടിയുടെ നയപരിപാടികൾ നടപ്പിലാക്കുന്നതിൽ സജീവമായി പ്രവർത്തിപ്പിക്കാൻകഴിയണമെങ്കിൽ, പാർട്ടിയുടെ അടിസ്ഥാനഘടകങ്ങൾ, നമ്മുടെ പാർട്ടിശാഖകൾ, സുശക്തമായും സജീവമായും പ്രവർത്തിക്കണം; ഈ പാർട്ടിസംഘടനകൾ ബഹുജനങ്ങളുമായി ഏററവും അടുത്ത ബന്ധം പുലർത്തണം, ബഹുജനസംഘടനകൾവഴി ജനങ്ങൾക്കിടയിൽ നിരന്തരം പ്രവർത്തിക്കണം.

# അദ്ധ്യായം പത്ത്

## മോസ്കോ പ്രഖ്യാപനം

### സാർവ്വലൌകികസ്ഥിതിയിലെ മാററങ്ങൾ

പത്തൊൻപതാംനൂററാണ്ടിൻെറ ഭൂപടവും ഇരുപതാംനൂററാണ്ടിൻെറ ഭൂപടവും തമ്മിലുള്ള വ്യത്യാസം ഒന്നു പരിശോധിച്ചുനോക്കുക. അല്ലെങ്കിൽ വേണ്ട, അത്രയ്ക്കൊന്നും പിന്നോട്ട നോക്കേണ്ട. രണ്ടാംലോകമഹായുദ്ധത്തിനു മുമ്പുണ്ടായിരുന്ന ലോകത്തെയും ഇന്നത്തെ ലോകത്തെയും തമ്മിൽ ഒന്നു താരതമ്യപ്പെടുത്തിയാൽ മതി. ഈ ഒന്നര ദശാബ്ദത്തിന്നിടയ്ക്കുതന്നെ എത്ര വമ്പിച്ച മാററങ്ങളാണുണ്ടായിക്കഴിഞ്ഞിട്ടുള്ളത്.

രണ്ടാംലോകമഹായുദ്ധത്തിനുമുമ്പ് ലോകത്തിൻെറ ആറിൽ അഞ്ചുഭാഗവും സാമ്രാജ്യശക്തികളുടെ ചവിട്ടടിയിലായിരുന്നു. ഒട്ടാകെയുള്ള ജനസംഖ്യയുടെ വമ്പിച്ച ഭൂരിഭാഗം കോളണികളിലോ അർദ്ധകോളണികളിലോ കിടന്നു നടുങ്ങുകയായിരുന്നു. ഭൂപടത്തിൻെറ നാലിലൊരുഭാഗം ചുവപ്പുനിറമായിരുന്നു. ഇവിടെ ചുവപ്പെന്നുവച്ചാൽ സോഷ്യലിസമല്ല. അന്നത് ഇരുട്ടിൻെറ പര്യായമായിരുന്നു. ഇന്ത്യയുൾപ്പെടെ ലോകത്തിൻെറ കാൽഭാഗം ബ്രിട്ടൻെറ കാൽക്കീഴിൽ ആയിരുന്നു എന്നാണതു കാണിച്ചത്. യൂറോപ്പിലും ഏഷ്യയിലും ആഫ്രിക്കയിലും ലാററിനമേരിക്കയിലും ഒരുപിടി കുത്തകമുതലാളികൾ സ്വേച്ഛാനുസരണം ഭരണംനടത്തുകയായിരുന്നു. അവരുമായി കൂട്ടുകൂടിക്കൊണ്ട് അവിടെയും ഇവിടെയുമായി ചില വൻകിട ഭൂവുടമകളും മഹാരാജാക്കന്മാരും ചക്രവർത്തിമാരും വാണരുളിയിരുന്നു. തങ്ങളുടെ തേർവാഴ്ച ആചന്ദ്രതാരം നിലനില്ക്കുമെന്നാണവർ വിശ്വസിച്ചിരുന്നത്.

ഒററപ്പെട്ട ഒരു രാജ്യത്തിൽമാത്രം അന്ന് ചെങ്കൊടി പാറിക്കളിച്ചിരുന്നു എന്നത് നേരാണ്. ലോകത്തിലൊട്ടാകെയുള്ള ജനസംഖ്യയുടെ പന്ത്രണ്ടിലൊരുഭാഗം സോവിയററ്യൂണിയനിലായിരുന്നു. പക്ഷേ, സോഷ്യലിസം ഒരു പരീക്ഷണം മാത്രമാണെന്നേ പലരും അന്ന് കണക്കാക്കിയിരുന്നുള്ളു. മുതലാളിത്തത്തിൻെറ വേലിക്കെട്ടിനുള്ളിൽ കുടുങ്ങിക്കിടക്കുന്ന സോവിയററ്യൂണിയൻ എത്രനാൾ നിലനില്ക്കുമോ എന്ന് വലിയ വലിയ ബുദ്ധിമാന്മാർപോലും സംശയിച്ചിരുന്നു. കാരണം സോവിയററ്യൂണിയൻെറ പുറത്ത് യൂറോപ്പിലൊട്ടുക്കും ഫാസിസം വിജയോന്മത്തമായി നൃത്തംവയ്ക്കുകയായിരുന്നു.

ഇനി ഇന്നത്തെ ചിത്രം നോക്കുക: ഒരൊററപ്പെട്ട സോഷ്യലിസ്റ്റ്‌രാജ്യത്തിൻെറ സ്ഥാനത്ത് ഒരുഡസൻ സോഷ്യലിസ്റ്റ്‌രാജ്യങ്ങളുടെ സാർവ്വദേശീയച്ചേരിതന്നെ ഉയർന്നുവന്നിരിക്കുന്നു. ഭൂപടത്തിൻെറ അഞ്ചിൽ രണ്ടുഭാഗം നൂറുകോടി ജനങ്ങൾ നിവസിക്കുന്ന വിസ്തൃതഭൂഭാഗങ്ങൾ ചുവപ്പായിക്കഴിഞ്ഞിരിക്കുന്നു. ചുവപ്പ് എന്നുവച്ചാൽ ഇവിടെ ബ്രിട്ടീഷ് കോളനിമേധാവിത്വം എന്നല്ല, സോഷ്യലിസം, വെളിച്ചം, മനുഷ്യരാശിയുടെ ഭാവി എന്നൊക്കെയാണർത്ഥം.

രണ്ടാംലോകമഹായുദ്ധത്തിനുമുമ്പ് 8 കോടി 90 ലക്ഷം ചതുരശ്ര കിലോമീററർ കോളനിമേധാവികളുടെ കയ്യിലായിരുന്നു. ഇപ്പോൾ ഒന്നരക്കോടി കിലോമീററരേയുള്ളു. അതുതന്നെയും ഇളകിമറിഞ്ഞുകൊണ്ടിരിക്കുകയാണ്. രണ്ടാം ലോകമഹായുദ്ധമാരംഭിച്ചകാലത്ത് 150 കോടി ജനങ്ങൾ—ലോകത്തിലൊട്ടാകെയുള്ള ജനങ്ങളുടെ 63 ശതമാനം—അടിമകളായിരുന്നു. ആ 150 കോടിയിൽ

135 കോടി ജനങ്ങളും സാമ്രാജ്യത്വപഞ്ജരം പൊട്ടിച്ചെറിഞ്ഞ് സ്വാതന്ത്ര്യം നേടിയിരിക്കുന്നു. ബാക്കിയുള്ള 15 കോടിതന്നെയും സ്വാതന്ത്ര്യത്തിന്റെ പടിവാതില്ക്കലെത്തിക്കഴിഞ്ഞിരിക്കുകയാണ്.

രണ്ടു് ലോകമഹായുദ്ധങ്ങൾക്കിടയിലുള്ള കാലഘട്ടത്തിൽ ലോകത്തിലൊട്ടുക്കും ദേശീയവിമോചനപ്രസ്ഥാനങ്ങൾ അതിനുമുമ്പൊരിക്കലുമുണ്ടായിട്ടില്ലാത്തവിധം ശക്തിയാർജ്ജിച്ചുവെന്നതു ശരിയാണ്. പക്ഷേ, എന്തായിട്ടും, കോളണികളുടെ സ്വാതന്ത്ര്യമംഗീകരിക്കാൻ സാമ്രാജ്യവാദികൾ തയ്യാറായിരുന്നില്ല. എല്ലാ സ്വാതന്ത്ര്യസമരങ്ങളേയും അവർ മൃഗീയമായി അടിച്ചമർത്തി - സ്വാതന്ത്ര്യസമരമെന്നതു് ഒരുപിടി വിപ്ലവകാരികളുടെ ഗൂഢാലോചനയിൽക്കവിഞ്ഞ യാതൊന്നുമല്ലെന്നായിരുന്നു അവരുടെ പ്രചാരവേല. സൂര്യചന്ദ്രന്മാർ നിലനില്ക്കുന്ന കാലത്തോളം കോളണികളും നിലനില്ക്കുമെന്നായിരുന്നു അവരുടെ ധാരണ.

പക്ഷേ, ആ കാലം പോയി. യുദ്ധത്തിനുശേഷം മാത്രം നാല്പതോളം രാജ്യങ്ങളാണ് കൊളോണിയലിസത്തിന്റെ ചങ്ങലക്കെട്ടുകൾ പൊട്ടിച്ചെറിഞ്ഞ് സ്വാതന്ത്ര്യം നേടിയതു്. കോളണിവ്യവസ്ഥയാകെ പൊട്ടിത്തകർന്നു് തരിപ്പണമായിക്കൊണ്ടിരിക്കുകയാണ്. വിറകുവെട്ടികളും വെള്ളംകോരികളുമായി കരുതപ്പെട്ടിരുന്ന കോടിക്കണക്കിലുള്ള ജനങ്ങൾ ചരിത്രത്തിന്റെ പൂമുഖത്തുകയറി ഇരിപ്പുറപ്പിച്ചിരിക്കുന്നു. ഇരുട്ടിന്റെയും അപരിഷ്കൃതത്വത്തിന്റേയും വൻകരകളെന്നു പുച്ഛിച്ചുതള്ളപ്പെട്ടിരുന്ന ഏഷ്യയും ആഫ്രിക്കയും ലാററിനമേരിക്കയും സാർവ്വദേശീയരംഗത്തിൽ കൂടുതൽ കൂടുതൽ പങ്കുവഹിക്കുവാൻ തുടങ്ങിയിരിക്കുന്നു.

ഇപ്പോൾതന്നെ, സോഷ്യലിസ്റ്റ്‌രാജ്യങ്ങളും പുതുതായി സ്വാതന്ത്ര്യംനേടിയ രാജ്യങ്ങളും കൂടിയാൽ 180 കോടി ജനങ്ങളായി—ലോകത്തിലെ ജനസംഖ്യയുടെ വമ്പിച്ച ഭൂരിപക്ഷം! സാമ്രാജ്യത്വശക്തികൾ അത്രയ്ക്കൊററപ്പെട്ടുകഴിഞ്ഞിരിക്കുന്നു. ഇതു വെറും ഭൂമിശാസ്ത്രപരമായ ഒരു മാററമല്ല; സാർവ്വദേശീയശക്തികളുടെ ബലാബലത്തിലുണ്ടായ മാററമാണ്. പഴയ ലോകത്തിന്റെ തളർച്ചയേയും പുതിയലോകത്തിന്റെ വളർച്ചയേയും കുറിക്കുന്ന മാററങ്ങൾ.

1918-ൽ ഒരിമ്പാച്ചി മാത്രമായി കരുതപ്പെട്ടിരുന്ന കമ്മ്യൂണിസം 1961-ൽ ലോകത്തിലെ ഭൂരിപക്ഷം ജനങ്ങളെ ആഹ്ളാദിപ്പിക്കുകയും ആവേശംകൊള്ളിക്കുകയും ചെയ്യുന്ന ഒരു മഹൽശക്തിയാണ്.

1918-ൽ മുതലാളിത്തശക്തികൾ, ചർച്ചിലിന്റെ വാക്കുകളിൽ പറഞ്ഞാൽ "ബോൾഷെവിസത്തെ തൊട്ടിലിൽവച്ചുതന്നെ ഞെക്കിക്കൊല്ലാൻവേണ്ടി" തങ്ങളാലാവുന്നതൊക്കെ ചെയ്യുന്നാക്കി. അന്നത്തെ ആ സോഷ്യലിസ്റ്റ്‌ശിശു ഇന്നൊരു ഭീമാകാരനാണ്.

ഇന്നു് സോഷ്യലിസം ഒരു സങ്കല്പമല്ല; മുതലാളിത്തത്തിന്റെ പീരങ്കിയുണ്ടകളാൽ വലയംചെയ്യപ്പെട്ട ഒരു യാദൃച്ഛികതയുമല്ല. അതു് സജീവവും സുശക്തവും അനുദിനം വളർന്നുകൊണ്ടിരിക്കുന്നതുമായ ഒരു യാഥാർത്ഥ്യമാണ്.

രണ്ടു് ലോകമഹായുദ്ധങ്ങൾക്കിടയിലുള്ള ഘട്ടത്തിൽ സോവിയററ്യൂണിയനെ നശിപ്പിക്കാൻ ഫാസിസ്റ്റ്‌സാമ്രാജ്യശക്തികൾ പഠിച്ചപണി പതിനെട്ടും പയററിനോക്കി. സോഷ്യലിസത്തെ ഒരു യാഥാർത്ഥ്യമായംഗീകരിക്കാൻ അവർ കൂട്ടാക്കിയില്ല. പക്ഷേ, പിന്തിരിപ്പൻശക്തികളുടെ അയഥാർത്ഥസ്വപ്നങ്ങളല്ല, ചരിത്രത്തിന്റെ നിയമങ്ങളാണ് വിജയിച്ചതു്. ക്രെംലിനിലെ ചെങ്കൊടി വലിച്ചു താഴ്ത്തുമെന്നു് വീരസ്യംപറഞ്ഞു് പടയ്ക്കുപുറപ്പെട്ട ഹിററ്ലർ സ്വന്തം മാളത്തിനുള്ളിൽ വിഷംകുടിച്ചു ചത്തു. മുസ്സോലീനി ചരിത്രത്തിന്റെ ഏടുകളിൽ ഒരു കറുത്ത പുള്ളി മാത്രമായി അവശേഷിച്ചു.

സോഷ്യലിസത്തിന്റെ തല വെട്ടിക്കളയാനാണു് ഹിററ്ലറും മുസ്സലീനിയും ടോജോവും മററു പിന്തിരിപ്പന്മാരും വാളൂരിയതു്. പക്ഷേ, ഒരു തലയുടെ സ്ഥാനത്തു് പന്ത്രണ്ടു് തലകൾ മുളച്ചു പൊന്തിയിരിക്കുന്നു.

യുദ്ധത്തിന്റെ ഫലമായി സോഷ്യലിസം മുതലാളിത്തത്തെപ്പോലെതന്നെ ക്ഷീണിക്കുമെന്നു് പലരും പ്രതീക്ഷിച്ചിരുന്നു. പക്ഷേ, അതുണ്ടായില്ല. സോഷ്യലിസം ക്ഷീണിക്കുകയല്ല, കൂടുതൽ ശക്തിപ്പെടുകയാണു് ചെയ്തതു്. ഇനിയൊരിക്കലും സോവ്യററയൂണിയനേയോ സോവിയററയൂണിയന്റെ നേതൃത്വത്തിലുള്ള സോഷ്യലിസ്റ്റ്ചേരിയേയോ നശിപ്പിക്കുക സാദ്ധ്യമല്ലെന്നും സോഷ്യലിസത്തിന്റെ അവസാനവിജയത്തെ തടയാൻ കെല്പുള്ള യാതൊരു ശക്തിയും ഭൂമുഖത്തില്ലെന്നും പിന്തിരിപ്പന്മാർതന്നെ പിറുപിറുക്കാൻ തുടങ്ങിയിരിക്കുന്നു. മുതലാളിത്തത്തിന്റെ തടി രക്ഷിക്കേണ്ടതെങ്ങനെ എന്നു മാത്രമാണു് അവരിപ്പോൾ ആലോചിക്കുന്നതു്.

പഴയ ലോകത്തിന്റെ ശക്തികളും പുതിയ ലോകത്തിന്റെ ശക്തികളും തമ്മിലുള്ള സമരങ്ങൾ ഇപ്പോഴും തുടരുന്നുണ്ടെന്നുള്ളതു ശരിയാണു്. പക്ഷേ, പഴയ ലോകം എല്ലാ രംഗങ്ങളിലും അടിക്കടി പരാജയപ്പെട്ടുകൊണ്ടിരിക്കുകയാണു്. പുതിയ ലോകത്തിനാണു് മേൽക്കുമേൽ വിജയങ്ങളുണ്ടാക്കിക്കൊണ്ടിരിക്കുന്നതു്.

ഉദാഹരണത്തിനു്, സാമ്പത്തികരംഗമെടുക്കുക, 1957-നും 1959-നും ഇടയിലുള്ള 3 കൊല്ലങ്ങൾക്കുള്ളിൽ സോഷ്യലിസ്റ്റ്ചേരിയുടെ വ്യാവസായികോല്പാദനം 37·1 ശതമാനം വർദ്ധിച്ചു. മുതലാളിത്തരാജ്യങ്ങളുടേതു് വെറും 7·4 ശതമാനമാണു് വർദ്ധിച്ചതു്. ഈ മൂന്നുകൊല്ലങ്ങൾക്കിടയിൽ സോവ്യററയൂണിയന്റെ ഉല്പാദനം 23 ശതമാനം വർദ്ധിച്ചു. അമേരിക്കയുടേതു് വെറും 4·6 ശതമാനം മാത്രവും.

യുദ്ധത്തിനുശേഷമുള്ള 16 കൊല്ലങ്ങളിൽ സോവിയററയൂണിയന്റെ വ്യാവസായികോല്പാദനം പ്രതിവർഷം ശരാശരി 10·7 ശതമാനമാണു് വർദ്ധിച്ചതു്. അമേരിക്കയുടേതു് 1·8 ശതമാനംമാത്രം.

സോഷ്യലിസ്റ്റ്ലോകത്തിൽ ഉല്പാദനശക്തികൾ യാതൊരു തടസ്സവുമില്ലാതെ പ്ലാനോടുകൂടി അനുദിനം വളർന്നുകൊണ്ടിരിക്കുന്നു. മുതലാളിത്തലോകത്തിലാകട്ടെ, ഉല്പാദനശക്തികളുടെ വളർച്ച മുരടിച്ചിരിക്കുകയാണു്.

സാമ്പത്തികരംഗത്തിൽ മാത്രമല്ല, സാങ്കേതികവും ശാസ്ത്രീയവും സാംസ്കാരികവും ആത്മീയവുമായ എല്ലാ മേഖലകളിലും ഈ വ്യത്യാസം കാണാം.

മനുഷ്യഹൃദയങ്ങളിലുണ്ടായിക്കൊണ്ടിരിക്കുന്ന മാററമാണു് കൂടുതൽ പ്രധാനം. സോഷ്യലിസത്തിന്റേയും മുതലാളിത്തത്തിന്റേയും ബലാബലത്തിലുണ്ടായ മാററങ്ങൾ ലോകത്തിന്റെ മനസ്സാക്ഷിയെ പിടിച്ചുകുലുക്കിക്കൊണ്ടിരിക്കുകയാണു്.

അമേരിക്കൻനേതാവു് ചെസ്റ്റർ ബൗൾസ് ഇയ്യിടെ ഒരു ലേഖനമെഴുതുകയുണ്ടായി: 1957 ഒക്ടോബർ 5-ാംതീയതിവരെ അമേരിക്കയുടെ വ്യാവസായികവും സൈനികവും ശാസ്ത്രസംബന്ധവുമായ ശക്തിയേയും മേന്മയേയും ആരുംതന്നെ സംശയിച്ചിരുന്നില്ല; പക്ഷേ, പെട്ടെന്നു് ഒരു സ്പുട്ട്നിക്ക് വന്നു് ഭൂമിയെ ഒന്നു ചുററിക്കളഞ്ഞു. അതോടെ ദശലക്ഷക്കണക്കിലുള്ള ജനങ്ങൾ സ്വയം ചോദിക്കാൻ തുടങ്ങി, അവസാനം കമ്മ്യൂണിസംതന്നെയല്ലേ വിജയിക്കുക എന്നു്. ഇതാണു് ബൗൾസ് എഴുതിയതിന്റെ ചുരുക്കം.

എന്നാൽ, ഇതു് 1957 അല്ല; 1961 ആണു്. ഇന്നു് ബഹിരാകാശത്തിൽ ഭൂമിയെ പ്രദക്ഷിണംവെയ്ക്കുന്നതു് വെറും സ്പുട്ട്നിക്കുകളല്ല. വസ്തോക്കുകളാണു്. യൂറി ഗഗാറിനും ഗെർമാൻ ടിറ്റോവും ശൂന്യാകാശത്തെ മാത്രമല്ല, ജനകോടിക

ളുടെ ഹൃദയങ്ങളെക്കൂടി കീഴടക്കാൻ പുറപ്പെട്ടിരിക്കുകയാണ്. ഒരുകാലത്തു് മുതലാളിത്തത്തിൻെറ മേന്മയിൽ വിശ്വസിച്ചിരുന്ന കോടിക്കണക്കിലുള്ള ജനങ്ങൾ ഇന്നിതാ കമ്മ്യൂണിസത്തിൻെറ അവസാനവിജയത്തിൽ വിശ്വസിക്കാൻ തുടങ്ങിയിരിക്കുന്നു.

സാമ്രാജ്യത്വച്ചേരിക്കുള്ളിലാകട്ടെ വിള്ളലും പൊട്ടലും വർദ്ധിച്ചുവരികയാണ്. മുതലാളിത്തരാജ്യങ്ങളിലെ ഭൂരിപക്ഷക്കാരായ ജനങ്ങൾ തങ്ങളെ ചൂഷണംചെയ്യുന്ന കുത്തകക്കാർക്കെതിരായി കൂടുതൽ വീറോടെ പോരാടാൻ തുടങ്ങിയിട്ടുണ്ട്. സാമ്രാജ്യത്വത്തെ കുഴിച്ചുമൂടാൻ കെല്പുള്ള ദേശീയവിമോചനപ്രസ്ഥാനങ്ങൾ മുന്നോട്ടു മുന്നോട്ടു തള്ളിക്കയറുകയാണ്.

ഐക്യരാഷ്ട്രസഭ ഇപ്പോഴും ഈ പുതിയ മാററങ്ങളെ വേണ്ടത്ര പ്രതിഫലിപ്പിക്കുന്നില്ലെന്നുള്ളതു ശരിയാണ്. ജനകീയച്ചൈന ഇപ്പോഴും പുറത്താണ്. പക്ഷേ, ഐക്യരാഷ്ട്രസഭയെ സ്വന്തം വോട്ടിങ്ങ്‌യന്ത്രമായി ഉപയോഗിക്കാൻ അമേരിക്കയ്ക്കു സാധിക്കാതായിരിക്കുന്നു. ഐക്യരാഷ്ട്രസഭയുടെ ഉള്ളടക്കം സാമ്രാജ്യത്വത്തിന്നെതിരായി മാറിക്കൊണ്ടിരിക്കുകയാണ്.

രണ്ടാംലോകമഹായുദ്ധത്തിനുമുമ്പ് സാമ്രാജ്യശക്തികളാണ് ചരിത്രത്തിൻെറ ചുക്കാൻ പിടിച്ചിരുന്നതു്. ആ സ്ഥിതി മാറിയിരിക്കുന്നു. സാമ്രാജ്യത്വപക്ഷപാതം പിടിപെട്ടിരിക്കുകയാണ്. സോവിയററ്യൂണിയൻെറ നേതൃത്വത്തിലുള്ള സോഷ്യലിസ്റ്റ്ചേരിയാണ് ഇന്ന് ചരിത്രത്തിൻെറ ഗതിയെ നിർണ്ണയിച്ചുകൊണ്ടിരിക്കുന്നതു്.

യുദ്ധത്തിനുമുമ്പ് ചെറുകിടരാജ്യങ്ങൾക്കൊന്നും സാമ്രാജ്യശക്തികളുടെ കണ്ണുരുട്ടലുകളെ നേരിടാനുള്ള കരുത്തുണ്ടായിരുന്നില്ല. ഇന്നത്തെ സ്ഥിതി നേരെ മറിച്ചാണ്. ഈജിപ്തിനെ ആക്രമിക്കാൻ ചാടിപ്പുറപ്പെട്ട സാമ്രാജ്യവാദികൾക്ക് വാലുംപൊക്കി തിരിച്ചോടേണ്ടിവന്നു. ഇറാക്ക് സാമ്രാജ്യവാദികളെ ആട്ടിപ്പായിച്ചു. ക്യൂബയുടെ മുമ്പിൽ അമേരിക്കയ്ക്കു വിറയലാണ്. അൾജീരിയ, ലാവോസ്, കോംഗോ—എല്ലായിടത്തും സാമ്രാജ്യവാദികൾക്ക് കനത്ത പ്രഹരങ്ങളും തിരിച്ചടികളുമാണ് കിട്ടിക്കൊണ്ടിരിക്കുന്നതു്. ഏററവും ചെറിയൊരു രാജ്യത്തിനു പോലും ഏററവും വലിയ സാമ്രാജ്യശക്തികളെ ചെറുത്തുനിൽക്കാൻ കഴിയുമെന്നായിരിക്കുന്നു. സോഷ്യലിസവും മുതലാളിത്തവുംതമ്മിലുള്ള ബലാബലം സോഷ്യലിസത്തിന്നനുകൂലമായി മാറിയതിൻെറ ഫലമാണിതു്.

സാമ്രാജ്യശക്തികളുടെയിടയിൽ ഇപ്പോഴും ബോംബും പീരങ്കിയും അണുവായുധങ്ങളും എല്ലാമുണ്ട്. പക്ഷേ പണ്ടത്തെപ്പോലെ ഒരു യുദ്ധമഴിച്ചുവിടണമോ വേണ്ടയോ എന്ന് തീരുമാനിക്കാൻ അവർക്കിന്നു കെല്പില്ല. സോഷ്യലിസ്റ്റ്ചേരിയാണ് സാർവ്വദേശീയസംഭവവികാസങ്ങളുടെ ഗതിയെ കൂടുതൽ കൂടുതൽ നിർണ്ണയിച്ചുകൊണ്ടിരിക്കുന്നതു്.

1960 നവംബറിൽ മോസ്കോയിൽവച്ചു കൂടിയ കമ്മ്യൂണിസ്റ്റ്‌വർക്കേഴ്സ് പാർട്ടികളുടെ സമ്മേളനം പ്രഖ്യാപിച്ചതുപോലെ,

"സമുദായത്തിൻെറ വികാസത്തിൽ ലോകസോഷ്യലിസ്റ്റ്‌വ്യവസ്ഥ നിർണ്ണായക ഘടകമായിക്കൊണ്ടിരിക്കുന്നു എന്നതാണ് നമ്മുടെ യുഗത്തിൻെറ മുഖ്യമായ സ്വഭാവവിശേഷം ........ലോകസോഷ്യലിസ്റ്റ്‌വ്യവസ്ഥയും സാമ്രാജ്യാധിപത്യത്തിന്നെതിരായി സമുദായത്തിൻെറ സോഷ്യലിസ്റ്റ്‌പരിവർത്തനത്തിനുവേണ്ടി പോരാടുന്ന ശക്തികളുമാണ് ഇന്നു സമുദായത്തിൻെറ ചരിത്രപരമായ വികാസഗതിയുടെ മുഖ്യമായ ഗതിവിശേഷത്തേയും മുഖ്യമായ സ്വഭാവങ്ങളേയും നിർണ്ണയിക്കുന്നതു്. സാമ്രാജ്യശക്തികൾ എന്തെല്ലാം ശ്രമങ്ങൾ നടത്തിയാലും ചരിത്രത്തിൻെറ മുന്നേററത്തെ തടയാൻ അവർക്കു സാദ്ധ്യമല്ല. സോഷ്യലിസത്തിനു

കൂടുതൽ നിർണ്ണായകമായ വിജയങ്ങൾ നേടാൻവേണ്ട ഉറച്ച ഒരടിത്തറ ഉണ്ടായിരിക്കുന്നു. സോഷ്യലിസത്തിൻെറ പരിപൂർണ്ണവിജയം അനിവാര്യമാണ്.

ജനാധിപത്യത്തിനും സോഷ്യലിസത്തിനും കമ്മ്യൂണിസത്തിനുംവേണ്ടിയുള്ള തൊഴിലാളിപ്രസ്ഥാനങ്ങൾ, ദേശീയസ്വാതന്ത്ര്യത്തനുവേണ്ടിയുള്ള അടിമരാജ്യങ്ങളുടെ സമരങ്ങൾ, സമാധാനത്തിനുവേണ്ടി ലോകത്തിലൊട്ടുക്കുമുള്ള ജനങ്ങൾ നടത്തുന്ന പ്രക്ഷോഭങ്ങൾ—വ്യത്യസ്തങ്ങളും പക്ഷേ പരസ്പരം ബന്ധപ്പെട്ടവയുമായ ഈ മൂന്നുതരം സമരങ്ങളും കൂടിച്ചേർന്നുള്ള അപ്രതിഹതമായ ഒരു ജനകീയസമരപ്രവാഹം നമ്മുടെ ഭൂമണ്ഡലത്തിൻെറ മുഖമാകെ മാററിക്കൊണ്ടിരിക്കയാണ്; ഈ മാററങ്ങളുടെ ഫലമായി മനുഷ്യസമുദായത്തിൻെറ ചരിത്രത്തിൽ അഭൂതപൂർവ്വമായ പുതിയ സാദ്ധ്യതകൾ സൃഷ്ടിക്കപ്പെട്ടിരിക്കുന്നു. ഈ സാദ്ധ്യതകളെ ശരിക്കുപയോഗപ്പെടുത്താൻ കഴിവുള്ള ശക്തികളും വളർന്നുകൊണ്ടിരിക്കുകയാണ്.

## യുദ്ധവും സമാധാനവും

ഒന്നാംലോകമഹായുദ്ധത്തെത്തുടർന്നുകൊണ്ട് ഒരു സോഷ്യലിസ്റ്റ്രാജ്യമായി. രണ്ടാംലോകമഹായുദ്ധത്തെത്തുടർന്നുകൊണ്ട് ഒരുഡസൻ സോഷ്യലിസ്റ്റ്രാജ്യങ്ങളുണ്ടായി. ഇനി ഒരു മൂന്നാംലോകമഹായുദ്ധമുണ്ടായാൽ ലോകംമുഴുവനും സോഷ്യലിസമാവും. അതുകൊണ്ട് സോഷ്യലിസത്തിന്നു യുദ്ധം നല്ലതാണ്. യുദ്ധമില്ലെങ്കിൽ സോഷ്യലിസവുമില്ല.

യുദ്ധങ്ങളെത്തുടർന്ന് സോഷ്യലിസ്റ്റ്രാജ്യങ്ങളുണ്ടായി എന്നതു ശരിയാണ്. പക്ഷേ, വിപ്ലവം വിജയിക്കണമെങ്കിൽ യുദ്ധം വേണമെന്നല്ല. യുദ്ധമുണ്ടായാൽ അനിവാര്യമായും സോഷ്യലിസ്റ്റ്വിപ്ലവമുണ്ടാകുമെന്നുമല്ല. വിപ്ലവത്തിൻെറ കാരണങ്ങളും യുദ്ധത്തിൻെറ കാരണങ്ങളും വ്യത്യസ്തങ്ങളാണ്.

യുദ്ധത്തിൻെറ പ്രധാനമായ കാരണം മുതലാളിത്തത്തിൻെറ അസമമായ വളർച്ചയാണ്. ലാഭമടിച്ചുമാറ്റാനുള്ള വെമ്പലിൽ ഓരോ മുതലാളിവിഭാഗവും മററ വിഭാഗങ്ങളെ തോല്പിക്കാൻ ശ്രമിക്കുന്നു. മത്സരം മൂക്കുന്നു. മത്സരത്തിന്നിടയിൽ ആദ്യം താരതമ്യേന പിന്നിൽക്കിടന്നിരുന്ന രാജ്യം മുന്നോട്ടുവരുന്നു. ചൂഷണകേന്ദ്രങ്ങൾക്കും സ്വാധീനവൃത്തങ്ങൾക്കുംവേണ്ടിയുള്ള യുദ്ധങ്ങൾ പൊട്ടിപ്പുറപ്പെടുന്നു.

സാമ്രാജ്യയുദ്ധം ജനങ്ങളെ ചുട്ടുകരിച്ചുകൊണ്ട് ഒരുപിടി കുത്തകമുതലാളികളുടെ മടിശ്ശീല തടിപ്പിക്കാനുള്ള ഒരുപകരണമാണ്. രണ്ടാംലോകമഹായുദ്ധം കൊണ്ട് അമേരിക്കൻകുത്തകമുതലാളികൾ മാത്രം 5500 കോടി ഡോളർ ലാഭമുണ്ടാക്കി. പക്ഷേ ഭൂരിപക്ഷക്കാരായ ജനങ്ങൾക്ക് അതുകൊണ്ട് വമ്പിച്ച കഷ്ടനഷ്ടങ്ങളാണുണ്ടായതു്.

വിപ്ലവത്തിൻെറ കാരണം വ്യത്യസ്തമാണ്. ഒരു സാമൂഹ്യവ്യവസ്ഥയിൽനിന്നു മറെറാരു സാമൂഹ്യവ്യവസ്ഥയിലേയ്ക്കുള്ള പരിവർത്തനമാണ് വിപ്ലവം. മുതലാളിത്തത്തിലെ വൈരുദ്ധ്യങ്ങൾ, പ്രത്യേകിച്ചും ഉല്പാദനശക്തികളും ഉല്പാദനബന്ധങ്ങളുംതമ്മിലുള്ള വൈരുദ്ധ്യം മൂർച്ഛിക്കുമ്പോൾ ജനങ്ങൾക്ക് സോഷ്യലിസത്തിൻെറ ആവശ്യകത ബോദ്ധ്യമാവുന്നു. നിലവിലുള്ള ഉല്പാദനബന്ധങ്ങൾ—മുതലാളിത്തസ്വകാര്യസ്വത്തുടമ — അവ സമ്മതിപ്പിക്കാതെ ഉല്പാദനം വളർത്താൻ കഴിയാതാവുന്നു. ജനങ്ങളുടെ ബോധപൂർവ്വമായ വിപ്ലവപ്രവർത്തനങ്ങൾ കൂടാതെ അതു മാററാൻ കഴിയില്ല.

ഒരുകാര്യം ശരിയാണ്. യുദ്ധം മുതലാളിത്തവൈരുദ്ധ്യങ്ങളെ അങ്ങേയററം മൂർച്ഛിപ്പിക്കുകയും അതിൻഫലമായി മുതലാളിത്തം ക്ഷീണിക്കുകയും ചെയ്യുന്നു. സോഷ്യലിസ്റ്റ്വിപ്ലവത്തിന്നുള്ള സാദ്ധ്യതകൾ കൂടുതൽ വേഗത്തിൽ വളരുന്നു.

ഓരോ രാജ്യത്തും സാദ്ധ്യതകൾ പാകമായാലേ വിപ്ലവമുണ്ടാവൂ. വിപ്ലവം ഇറക്കുമതിചെയ്യാൻ സാദ്ധ്യമല്ല. എന്നാലും യുദ്ധമാണ് വിപ്ലവത്തെ സൃഷ്ടിക്കുന്നത് എന്നു പറയുന്നത് ശരിയല്ല. വർഗ്ഗസമരത്തിന്റെ വളർച്ചയുടേയും മുതലാളിത്തത്തിന്റെ ആഭ്യന്തരവൈരുദ്ധ്യങ്ങളുടേയും ഫലമായിട്ടാണ് വിപ്ലവമുണ്ടാകുന്നത്. വൈരുദ്ധ്യങ്ങൾ പ്രകടമാംവിധം പൊട്ടിപ്പുറപ്പെടാൻ യുദ്ധം വേണമെന്നില്ല. സമാധാനപരമായ സഹവർത്തിത്വത്തിന്റെ അടിസ്ഥാനത്തിൽ സോഷ്യലിസ്റ്റ്ചേരിയും മുതലാളിത്തച്ചേരിയും തമ്മിലുള്ള സാമ്പത്തികസമരങ്ങൾക്കും മുതലാളിത്തവൈരുദ്ധ്യങ്ങളെ പുറത്തുകൊണ്ടുവരാൻ കഴിയും.

രണ്ടാംലോകമഹായുദ്ധത്തിനുശേഷവും മുതലാളിത്തവ്യവസ്ഥയിൽ വൈരുദ്ധ്യങ്ങളും അസമമായ വളർച്ചയുമുണ്ട്. പക്ഷേ, മാർക്കറ്റുകളുടെ പുനർവ്വിഭജനത്തിനുവേണ്ടിയുള്ള പുതിയൊരു യുദ്ധം എളുപ്പമല്ല. യുദ്ധക്കൊതിയന്മാർക്ക് ആഗ്രഹമില്ലാഞ്ഞിട്ടല്ല. ലോകശക്തികളുടെ ബലാബലത്തിൽ മാററംവന്നതുകൊണ്ട്. ലോകസോഷ്യലിസ്റ്റ്വ്യവസ്ഥയും സമാധാനശക്തികളും അനുദിനം വളർന്നുകൊണ്ടിരിക്കുന്നു. ഈ ശക്തികൾക്ക് ഇന്നു യുദ്ധത്തെ തടയാൻകഴിയും.

മുതലാളിത്തത്തെ എങ്ങിനെയെങ്കിലും നശിപ്പിക്കണമെന്നുമാത്രമല്ല കമ്മ്യൂണിസ്റ്റ്കാർ ആഗ്രഹിക്കുന്നത്. മുതലാളിത്തത്തെ നശിപ്പിക്കുന്നതുതന്നെ സോഷ്യലിസം കെട്ടിപ്പടുക്കാനാണ്. യുദ്ധത്തിന്റെ ഫലമായുണ്ടാകുന്ന ആൾനാശവും സ്വത്തുനാശവും സോഷ്യലിസത്തിൽനിന്ന് കമ്മ്യൂണിസത്തിലേയ്ക്കുള്ള പോക്കിനെ മന്ദഗതിയിലാക്കും. എല്ലാം യുദ്ധത്തിന്റെ വെണ്ണീറിൽനിന്ന് തുടങ്ങേണ്ടിവരും. അതുകൊണ്ട് യുദ്ധംകൂടാതെകഴിക്കുക എന്നത് കമ്മ്യൂണിസ്റ്റ്കാർക്കാവശ്യമാണ്.

അതുകൊണ്ട് സമാധാനത്തിനുവേണ്ടിയുള്ള സമരവും സോഷ്യലിസത്തിനുവേണ്ടിയുള്ള സമരവും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു. സമാധാനപരമായ സഹവർത്തിത്വം സോഷ്യലിസ്റ്റ്വ്യവസ്ഥയും മുതലാളിത്തവ്യവസ്ഥയും തമ്മിലുള്ള സാമ്പത്തികസമരങ്ങളെ ഒഴിവാക്കുന്നില്ല. നേരേമറിച്ച് ഈ സാമ്പത്തികസമരങ്ങളാണ് സോഷ്യലിസത്തിന്റെ വിജയത്തിന്റെ ഒരു മുഖ്യോപാധി.

ആഭ്യന്തരയുദ്ധവും ആയുധമേന്തിയ കലാപവും സോഷ്യലിസ്റ്റ്വിപ്ലവത്തിന്റെ ഒഴിച്ചുകൂടാൻപറ്റാത്ത ഉപാധികളല്ല. വർഗ്ഗസമരം സമാധാനപരമായ പരിഷ്കരണങ്ങളേയും പരിവർത്തനങ്ങളേയും ഒഴിച്ചുനിർത്തുന്നില്ല.

ഭൂരിപക്ഷക്കാരായ ജനങ്ങളുടെ ഇച്ഛാശക്തിയെ പ്രകടിപ്പിക്കാൻ സമ്മതിക്കാതെ ആയുധബലംകൊണ്ട് വിപ്ലവത്തെ അടിച്ചമർത്താൻ ബൂർഷ്വാസി പരിശ്രമിക്കുമ്പോൾ തീർച്ചയായും അതിനെ നേരിടാൻ ആയുധമെടുക്കേണ്ടിവന്നേയ്ക്കും. അത്തരം ഘട്ടങ്ങളിൽ തൊഴിലാളികൾ നടത്തുന്ന സായുധസമരം നീതിപൂർവ്വകമായിരിക്കും.

വർഗ്ഗസമരത്തിന്റെ അനിവാര്യഫലമാണ് വിപ്ലവം. പഴയ സാമൂഹ്യവ്യവസ്ഥയെ മാററിമറിച്ച് പുതിയ സാമൂഹ്യവ്യവസ്ഥ സ്ഥാപിക്കുക എന്നിടത്തോളം വർഗ്ഗസമരത്തെ വളർത്തുന്നതിനാണ് വിപ്ലവമെന്നു പറയുന്നത്. ആഭ്യന്തരയുദ്ധം വർഗ്ഗസമരത്തിന്റെ രൂപങ്ങളിലൊന്നുമാത്രമാണ്. സമാധാനപരമായ രൂപവുമുണ്ട്. സമാധാനപരമായ വിപ്ലവമാണ് കൂടുതൽ കാമ്യം—1957-ലെ പ്രഖ്യാപനം.

പക്ഷേ, മാർഗ്ഗം പരിതഃസ്ഥിതിയെ ആശ്രയിച്ചിരിക്കും. അതായത് മുതലാളിവർഗ്ഗത്തിന്റെ നിലപാടിനെക്കൂടി ആശ്രയിച്ചിരിക്കും.

സാർവ്വദേശീയസ്ഥിതിയിൽ വന്ന മാററങ്ങളുടെ ഫലമായി ആഭ്യന്തരയുദ്ധം കൂടാതെ സമാധാനപരമായ വിപ്ലവം നടത്താൻ കൂടുതൽ സാദ്ധ്യതകളുണ്ട്.

## ദേശീയവിമോചനസമരങ്ങൾ

ദേശീയവിമോചനസമരങ്ങളുടെ ഫലമായി കോളണിവ്യവസ്ഥയുടെ തകർച്ചയിൽനിന്നു് ഒട്ടനവധി രാജ്യങ്ങൾ രാഷ്ട്രീയസ്വാതന്ത്ര്യം നേടിയിരിക്കുന്നു. ഈ പുതിയ സ്വതന്ത്രരാഷ്ട്രങ്ങളിലെ സാമ്പത്തിക-രാഷ്ട്രീയവികസനം വസ്തുനിഷ്ഠമായി നോക്കുമ്പോൾ സാമ്രാജ്യത്വത്തിന്നെതിരാണു്. സാമ്പത്തികമായി പിന്നണിയിൽ കിടക്കുന്ന ഈ സ്വതന്ത്രരാജ്യങ്ങൾക്കു് സാമ്പത്തികമായും വ്യാവസായികമായും അഭിവൃദ്ധിപ്പെടാതെ നിലനിൽക്കാൻ കഴിയില്ല. സാമ്രാജ്യത്വരാഷ്ട്രങ്ങളാകട്ടെ പിന്നണിരാജ്യങ്ങളെ പിന്നണിയിൽത്തന്നെ വെച്ചുകൊണ്ടിരിക്കാനാഗ്രഹിക്കുന്നു. അതുകൊണ്ടു് സ്വന്തം സാമ്പത്തികവികസനത്തെ തടസ്സപ്പെടുത്തുന്ന സാമ്രാജ്യവാദികൾക്കെതിരായ സമരം അനിവാര്യമായിത്തീരുന്നു.

സോഷ്യലിസ്റ്റ്‌രാജ്യങ്ങൾക്കു് മററു രാജ്യങ്ങളെ ചൂഷണംചെയ്യേണ്ട ആവശ്യമില്ല. പിന്നണിരാജ്യങ്ങളുടെ സാമ്പത്തികവും രാഷ്ട്രീയവുമായ സ്വാതന്ത്ര്യമുറപ്പിക്കാൻ സോഷ്യലിസ്റ്റ് രാജ്യങ്ങൾ സഹായിക്കുന്നു.

രണ്ടാംലോകയുദ്ധത്തിനുശേഷം നാല്പതോളം രാജ്യങ്ങൾ സ്വതന്ത്രങ്ങളായി. കഴിഞ്ഞ ആറുകൊല്ലങ്ങൾക്കിടയിൽ 28 രാജ്യങ്ങൾ സ്വാതന്ത്ര്യം നേടി. 1960-ൽ മാത്രം രണ്ടുഡസൻ രാജ്യങ്ങൾക്കു സ്വാതന്ത്ര്യം കിട്ടി. ഐക്യരാഷ്ട്രസഭയുടെ അംഗരാജ്യങ്ങളുടെ എണ്ണം 51-ൽനിന്നു് 99 ആയി.

സ്വാതന്ത്ര്യംനേടിക്കഴിഞ്ഞ പിന്നോക്കരാജ്യങ്ങളിൽ പലതിലും സാമ്രാജ്യവാദികളുടെ സാമ്പത്തികമേധാവിത്വം നിലനില്ക്കുന്നു. വ്യവസായവല്ക്കരണപരിശ്രമങ്ങളെ എതിർക്കുക, ഈ രാജ്യങ്ങളെ അസംസ്കൃതസാമഗ്രികളുടെ ഉറവിടങ്ങളായിമാത്രം നിലനിർത്തുക, അസമമായ വിനിമയബന്ധങ്ങൾ അവസാനിപ്പിക്കാതിരിക്കുക, ലാഭം കയററിഅയയ്ക്കുക ഇതെല്ലാം പിന്നോക്കരാജ്യങ്ങളുടെ യഥാർത്ഥതാല്പര്യങ്ങൾക്കെതിരാണു്. അതുകൊണ്ടു് സാമ്രാജ്യത്വരാഷ്ട്രങ്ങളും പിന്നോക്കരാജ്യങ്ങളും തമ്മിലുള്ള വൈരുദ്ധ്യം വളരുകയെന്നതു് സ്വാഭാവികംമാത്രമാണു്. രാഷ്ട്രീയസ്വാതന്ത്ര്യമുറപ്പിക്കുക, കാർഷികപ്രശ്നം പരിഹരിക്കുകയും ഫ്യൂഡൽ അവശിഷ്ടങ്ങൾ അവസാനിപ്പിക്കുകയും ചെയ്യുക, സാമ്രാജ്യമേധാവിത്വത്തിന്റെ സാമ്പത്തികവേരുകൾ പറിച്ചുകളയുക, ദേശീയവ്യവസായം വളർത്തുക, ജീവിതത്തോതുയർത്തുക, സ്വതന്ത്രമായ വിദേശനയം തുടരുക, സോഷ്യലിസ്റ്റ് രാജ്യങ്ങളുമായുള്ള സാമ്പത്തിക-സാംസ്കാരികബന്ധങ്ങൾ വളർത്തുക—ഈ അടിയന്തിരകടമകളെല്ലാം സാമ്രാജ്യത്വത്തിന്നെതിരായ സമരങ്ങളിലൂടെ മാത്രമേ നിർവ്വഹിക്കാൻ കഴിയൂ.

സാമ്രാജ്യവാദികൾ, പ്രത്യേകിച്ചും അമേരിക്കൻസാമ്രാജ്യവാദികൾ, കോളണികളുടെ സ്വാതന്ത്ര്യസമരത്തിന്റെ പുരോഗതിയെ തടഞ്ഞുനിർത്താൻ ശ്രമിക്കുന്നു; സ്വാതന്ത്ര്യം കിട്ടിക്കഴിഞ്ഞ രാജ്യങ്ങളുടെ സാമ്പത്തികാഭിവൃദ്ധിയെ തടസ്സപ്പെടുത്തുന്നു; പല തന്ത്രങ്ങളും പ്രയോഗിച്ചു് അവയെ പട്ടാളക്കൂട്ടുകെട്ടുകളിൽ കുടുക്കാൻ നോക്കുന്നു.

സാമ്രാജ്യവാദികൾ പിന്നോക്കരാജ്യങ്ങളുടെ സുഹൃത്തുക്കളും ഗുണകാംക്ഷികളുമാണെന്നു നടിക്കുന്നു. സാമ്പത്തികസഹായങ്ങൾ നൽകുകയും ചെയ്യുന്നു. പക്ഷേ, ഈ സാമ്പത്തികസഹായങ്ങൾ രാഷ്ട്രീയച്ചരടുവലിക്കു വിധേയമല്ലാത്ത സന്ദർഭങ്ങളിൽപ്പോലും പൊതുവിൽ വൻകിടവ്യവസായങ്ങളുടേയും പൊതുമേഖലയുടേയും വളർച്ചയെ ത്വരിതപ്പെടുത്തിക്കൊണ്ടു് സ്വാതന്ത്ര്യത്തിന്റെ സാമ്പത്തികാടിത്തറയുറപ്പിക്കാനല്ല പ്രയോജനപ്പെടാറുള്ളതു്.

സോഷ്യലിസത്തിൻെറ ശക്തികൾ വളർന്നുകൊണ്ടിരിക്കുകയും സാമ്രാജ്യത്വശക്തികൾ അധികമധികം ക്ഷീണിക്കുകയും ചെയ്യുന്ന ഒരു സാഹചര്യത്തിലാണ് സ്വാതന്ത്ര്യസമരങ്ങൾ നടക്കുന്നത്. ലോകസോഷ്യലിസ്റ്റ്‌വ്യവസ്ഥ സാർവ്വദേശീയസ്ഥിതിയിലൊട്ടുക്കും മുമ്പൊരിക്കലുമുണ്ടായിട്ടില്ലാത്തവിധം സ്വാധീനം ചെലുത്താൻ തുടങ്ങിയിരിക്കുന്നു. കോളണികളുടെ സ്വാതന്ത്ര്യസമരം പ്രാദേശികഘടകങ്ങളെ മാത്രമല്ല, സാർവ്വദേശീയബന്ധങ്ങളിലെ ബലാബലത്തേയും ആശ്രയിച്ചിരിക്കുന്നു. പുതിയ സാദ്ധ്യതകളാവിർഭവിച്ചിരിക്കുന്നു.

ഈ പുതിയ പരിതഃസ്ഥിതിയിൽ സായുധസമരം കൂടാതെതന്നെ സ്വാതന്ത്ര്യംനേടാനുള്ള സാധ്യതകളുളവായിരിക്കുന്നു. അടുത്തകാലത്ത് ആഫ്രിക്കയിലെ പല രാജ്യങ്ങളും സ്വാതന്ത്ര്യം നേടിയത് സായുധസമരം കൂടാതെയാണ്. ആഫ്രിക്കൻ വൻകരയുടെ ഭൂരിഭാഗത്തും ഉയർന്നുവന്ന സ്വാതന്ത്ര്യസമരങ്ങളെ ഒരേസമയത്തു നേരിടാൻ സാമ്രാജ്യവാദികൾക്കു കഴിയാതെവന്നതാണു കാരണം. ഉദാഹരണത്തിന് അൾജീരിയയിൽ യുദ്ധംചെയ്തുകൊണ്ടിരിക്കുന്ന ഫ്റാൻസിന് അതേ ശക്തിയോടെ മററ ഫ്റഞ്ചുകോളണികളുടെ സമരത്തെ നേരിടാൻ കഴിയുന്നില്ല.

രാഷ്ട്രീയസ്വാതന്ത്ര്യവും പരമാധികാരവും ലഭിക്കുന്നതോടെ ദേശീയസ്വാതന്ത്ര്യസമരം അവസാനിക്കുന്നില്ല. പുതിയ ദേശീയജനാധിപത്യകടമകൾ നിർവ്വഹിക്കേണ്ടതാവശ്യമായിത്തീരുന്നു. എന്നാലേ പിഃന്നാക്കനിലയവസാനിപ്പിക്കാനും സാമ്പത്തികസ്വാതന്ത്ര്യം നേടാനും കഴിയൂ.

ദേശീയജനാധിപത്യം സ്ഥാപിക്കാൻവേണ്ടി ജനങ്ങളെയാകെ യോജിപ്പിച്ചുകൊണ്ടുള്ള ഒരു ദേശീയജനാധിപത്യമുന്നണി കെട്ടിപ്പടുക്കുകയെന്നതാണു കമ്മ്യൂണിസ്റ്റ്‌പാർട്ടികളുടെ കടമ.

ദേശീയജനാധിപത്യമെന്നാലെന്തെന്ന് പരിപാടി വിശദീകരിക്കുന്നു.

ദേശീയജനാധിപത്യമുന്നണിയിലെ പ്രധാനഘടകങ്ങൾ തൊഴിലാളികളും കൃഷിക്കാരും ദേശീയബൂർഷ്വാസിയുമാണ്. ദേശീയബൂർഷ്വാസിക്ക് സാമ്രാജ്യാധിപത്യത്തോടും ഫ്യൂഡലിസത്തോടും എതിർപ്പുണ്ട്. പക്ഷേ, അവർ പലപ്പോഴും സന്ധിചെയ്യാൻ ശ്രമിക്കുന്നു. പുരോഗമനപരമായ പങ്കിനോടൊപ്പം ചാഞ്ചാട്ടവുമുണ്ട്. അവരുമായി യോജിക്കുന്നതോടൊപ്പംതന്നെ ചാഞ്ചാട്ടങ്ങളെ എതിർക്കുകയും ചെയ്യണം. ദേശീയജനാധിപത്യം മുതലാളിത്തേതരവളർച്ചയിലേയ്ക്കുള്ള ഒരിടക്കാലഘട്ടമാണ്. ഐക്യരാഷ്ട്രസഭയുടെ 15-ാം ജനറൽ അസംബ്ളിയോഗത്തിൽ സോവിയററയൂണിയൻെറ മുൻകയ്യോടെ എല്ലാ കോളണിരാജ്യങ്ങൾക്കും ഉടൻ സ്വാതന്ത്ര്യം നൽകണമെന്ന പ്രമേയം പാസ്സായിട്ടുണ്ട്. ഈ പ്രമേയം നടപ്പിൽവരുത്തിക്കാൻ സാർവ്വദേശീയമായ തോതിൽ യോജിച്ച പ്രക്ഷോഭണങ്ങളാവശ്യമാണ്. രണ്ടാംലോകമഹായുദ്ധത്തിനുശേഷം 1960-ൻെറ അവസാനംവരെയുള്ള കാലത്തു കോളണിപ്രദേശങ്ങളുടെ വിസ്തീർണം 3 കോടി 69 ലക്ഷം കിലോമീററിൽനിന്ന് ഒരുകോടി 32 ലക്ഷം കിലോമീററായും ജനങ്ങളുടെ സംഖ്യ 663,600,000-ത്തിൽനിന്ന് 83,300,000-മായും കുറഞ്ഞു. ഈ സംഭവവികാസം സാർവ്വദേശീയസ്ഥിതിയിലാകെ വമ്പിച്ച പ്രത്യാഘാതങ്ങളുണ്ടാക്കി.

## കമ്മ്യൂണിസ്റ്റ്‌പാർട്ടി

സാർവ്വലൌകികപരിതഃസ്ഥിതികളിൽ കമ്മ്യൂണിസ്റ്റ്‌കാർ വഹിക്കുന്ന പങ്ക് പൂർവ്വാധികം വർദ്ധിച്ചിരിക്കുന്നു. ജനങ്ങളെയാകെ സ്വാതന്ത്ര്യത്തിലേയ്ക്കും ജനാധിപത്യത്തിലേയ്ക്കും സമാധാനത്തിലേയ്ക്കും സോഷ്യലിസത്തിലേയ്ക്കും നയിക്കുന്ന ഒരു മുന്നണിപ്പടയായിട്ടാണ് അവർ പ്രവർത്തിക്കുന്നത്.

തൊണ്ണൂറോളം രാജ്യങ്ങളിൽ കമ്മ്യൂണിസ്റ്റ്‌പാർട്ടികൾ പ്രവർത്തിക്കുന്നുണ്ട്. വമ്പിച്ച വിഷമതകളേയും മർദ്ദനങ്ങളേയും നേരിട്ടുകൊണ്ടാണ് അവർ മുന്നേറുന്ന

ണ്ടു്. 36 രാജ്യങ്ങളിൽ കമ്മ്യൂണിസ്റ്റ് പാർട്ടി നിരോധിക്കപ്പെട്ടിരിക്കുകയാണ്. മററു പല രാജ്യങ്ങളിലും പാർട്ടിയുടെ സ്വാതന്ത്ര്യമായ പ്രവർത്തനങ്ങൾ പലതരത്തിലും നിയന്ത്രിക്കപ്പെടുന്നു. എന്നിരിക്കിലും ഇന്നത്തെ സാർവ്വദേശീയസ്ഥിതിയിൽ കമ്മ്യൂണിസ്റ്റ് പാർട്ടികൾക്ക് വളരാൻ കൂടുതൽ അനുകൂലമായ സാഹചര്യങ്ങളുണ്ട്.

മാർക്സിസം-ലെനിനിസമാണ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ അടിസ്ഥാനപ്രമാണം. മാർക്സിസം-ലെനിനിസത്തിൽനിന്നു വ്യതിചലിച്ചാൽ കമ്മ്യൂണിസ്റ്റ് പാർട്ടി കമ്മ്യൂണിസ്റ്റ് പാർട്ടിയല്ലാതായിത്തീരുന്നു.

റിവിഷണലിസത്തിന്നെതിരായും സെക്ടേറിയനിസത്തിന്നെതിരായും സമരം ചെയ്യേണ്ടതു് കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ വിജയത്തിന് ഒഴിച്ചുകൂടാൻവയ്യാത്ത ഒരാവശ്യമായിത്തീരുന്നു.

സാമൂഹ്യപരിവർത്തനം സാധിക്കാൻ പാർട്ടിയുടെ ക്രിയാത്മകമായ പങ്ക് ആവശ്യമാണ്. സാമൂഹ്യപരിവർത്തനത്തിനുവേണ്ടിയുള്ള സമരത്തിലൂടെയാണ് പാർട്ടി ശക്തിപ്പെടുന്നതു്.

ആശയപരമായ കെട്ടുറപ്പെന്നപോലെതന്നെ സംഘടനാപരമായ ദാർഢ്യവും ആവശ്യമാണ്.

വ്യക്തിപ്രഭാവസിദ്ധാന്തം പാർട്ടിയുടെ വളർച്ചയെ തടയുന്നു. അതിനാൽ വ്യക്തിപ്രഭാവസിദ്ധാന്തത്തിന്നെതിരായി ഓരോ പാർട്ടിയും പ്രായോഗികമായ സമരങ്ങൾ നടത്തേണ്ടതുണ്ട്.

ജനാധിപത്യകേന്ദ്രീകരണതത്വത്തിന്റെ അടിസ്ഥാനത്തിലാണ് പാർട്ടി സംഘടിപ്പിക്കപ്പെടുന്നതു്. സംഘടനയുടേയും പാർട്ടിജീവിതത്തിന്റെയും ലെനിനിസ്റ്റ് പ്രമാണങ്ങൾ പതറിച്ചുകൂടാതെ അനുഷ്ഠിച്ചാലേ ബഹുജനവിപ്ലവപ്രവർത്തനങ്ങളെ ഊർജ്ജസ്വലമായി വളർത്താൻ കഴിയൂ.

# അദ്ധ്യായം പതിനൊന്നു്

## കർഷകരംഗത്തെ പാർട്ടിയുടെ കടമകൾ

<u>ജന്മിത്വത്തിന്റെ ആവിർഭാവം ഇന്ത്യയിൽ:</u> ബ്രിട്ടീഷുകാർ വരുന്നതിനു മുമ്പ് ഇന്ത്യയിൽ നാം ഇന്നു കാണുന്നപോലെയുള്ള ജന്മിസമ്പ്രദായം ഉണ്ടായിരുന്നില്ല. അന്നു ഭൂമി ഗ്രാമസമൂഹത്തിന്റെ പൊതുഉടമയിലായിരുന്നു. ഈ ഗ്രാമങ്ങൾ ഏറെക്കുറെ സ്വയംസമ്പൂർണ്ണങ്ങളായിരുന്നു. കാലാകാലമായി നിലനിന്നുവന്ന ഈ സമ്പ്രദായം മാററിമറിച്ച് ബ്രിട്ടീഷ് ഭരണാധികാരികൾ സെമീന്ദാർമാർ എന്നൊരു വർഗ്ഗത്തെ ഭൂമികളുടെ ഉടമകളായി സൃഷ്ടിച്ചു. മുഗിൾ ചക്രവർത്തിമാരുടെയും നാട്ടുരാജാക്കന്മാരുടെയും കീഴിൽ നികുതിപിരിച്ചിരുന്ന ഉദ്യോഗസ്ഥന്മാരെയാണ് ബ്രിട്ടീഷുകാർ ഇങ്ങനെ ഭൂമിയിൽ ഉടമാവകാശത്തോടുകൂടിയ സെമീന്ദാരന്മാരാക്കി മാററിയതു്. 1793-ൽ ഗവർണ്ണർ ജനറൽ ആയിരുന്ന കോൺവാലീസ്സ്പ്രഭുവിന്റെ കാലത്തു് സെമീന്ദാരന്മാ

ക്കു് വമ്പിച്ച അധികാരാവകാശങ്ങൾ നല്കികൊണ്ടുള്ള ശാശ്വതസെററിൽമെൻറ് നടപ്പിലാക്കി. അതു് നടപ്പിലാക്കിയതു് ബങ്കാൾ, യു. പി., ബീഹാർ എന്നീ സംസ്ഥാനങ്ങളിലാണ്. ഈ ശാശ്വതസെററിൽമെൻറ് അനുസരിച്ചു് സെമിന്ദാരന്മാർ സർക്കാരിലേക്കടയ്ക്കേണ്ട കരം എത്രയെന്നു സ്ഥിരമായി നിശ്ചയിക്കപ്പെട്ടു. സെമിന്ദാരന്മാർക്കു് ഭൂമിയിൽ പ്രവൃത്തിക്കുന്ന കൃഷിക്കാരിൽനിന്നു് ഇഷ്ടമുള്ള തുക പിരിച്ചെടുക്കാൻ അവകാശവും നല്കി. ഈ അവകാശമുപയോഗിച്ചുകൊണ്ടു് സെമിന്ദാരന്മാർ കൃഷിക്കാരെ കണ്ടമാനം ഞെക്കിപ്പിഴിഞ്ഞു. ഈ സമ്പ്രദായമേർപ്പെടുത്തുന്നതിനു മുമ്പു് കൃഷിക്കാർ രാജഭോഗമായി വിളവിൻെറ 12-ൽ ഒരംശം മുതൽ 6-ൽ ഒരംശംവരെ കൊടുത്താൽ മതിയായിരുന്നു. സ്ഥിരം സെററിൽമെൻറ് കുറെ സ്ഥലങ്ങളിൽ നടപ്പിലാക്കിയ ബ്രിട്ടീഷ്ഗവണ്മെൻറ് മററു സംസ്ഥാനങ്ങളിലേക്കു് അതു വ്യാപിപ്പിക്കുകയുണ്ടായില്ല. അതിനു പകരം താല്ക്കാലികസെററിൽമെൻറാണ് പിന്നീടു് അവർ ഏർപ്പെടുത്തിയതു്. താല്ക്കാലികസെററിൽമെൻറു ഗവണ്മെൻറിനു കൂടുതൽ ലാഭകരമാണെന്നു കണ്ടതുകൊണ്ടാണ് അവർ അങ്ങിനെ ചെയ്തതു്. താല്ക്കാലികസെററിൽമെൻറ് അനുസരിച്ചു് സെമിന്ദാരന്മാർ ഗവണ്മെൻറിലേക്കടയ്ക്കേണ്ട കരം ഒരു നിശ്ചിതകാലത്തിനുശേഷം വർദ്ധിപ്പിക്കാൻ ഗവണ്മെൻറിനധികാരമുണ്ടായിരുന്നു. സ്ഥിരം സെററിൽമെൻറനുസരിച്ചു് അതുണ്ടായിരുന്നില്ല. ഇന്ത്യയിലുള്ള ആകെ ഭൂമിയിൽ 19 ശതമാനം ശാശ്വതസെററിൽമെൻറിനു കീഴിലും 30 ശതമാനം താല്ക്കാലികസെററിൽമെൻറിനു കീഴിലുമായിരുന്നു. അങ്ങനെ ഇന്ത്യയിലെ ഭൂമിയിൽ പകുതിയോളം സെമിന്ദാരിസമ്പ്രദായത്തിൻകീഴിലാക്കപ്പെട്ടിരുന്നു. പഞ്ചാബ്, കേരളം എന്നിങ്ങനെ അപൂർവം ചില സ്റ്റേററുകൾ ഒഴിച്ചാൽ മററു് എല്ലാം സ്റ്റേററുകളിലും സെമിന്ദാരിസമ്പ്രദായം ഉണ്ടായിരുന്നു.

ബാക്കിയുള്ള 51 ശതമാനത്തിൽ റയത്ത്വാരി സെററിൽമെൻറ് ഏർപ്പെടുത്തി. റയത്ത്വാരി സെററിൽമെൻറനുസരിച്ചു് ഭൂമിയുടെ ഉടമാവകാശം കൃഷിക്കാർക്കുതന്നെ ലഭിക്കുന്നുവെന്നാണ് വെപ്പു. കൃഷിക്കാരൻ സർക്കാരിലേക്കു കൊടുക്കേണ്ട കരം ഗവണ്മെൻറിൽനിന്നു നേരിട്ടു നിശ്ചയിക്കപ്പെടുകയാണ് ഈ വ്യവസ്ഥയിൽ ചെയ്യുന്നതു്. ഇതുകൊണ്ടു റയത്ത്വാരിസമ്പ്രദായത്തിൽ ജന്മിത്വമില്ലായെന്നു ധരിക്കുന്നതു് പിശകാണ്. ഭൂമി ക്രയവിക്രയംചെയ്യാവുന്ന സ്വകാര്യസ്വത്തായിത്തീരുകയും കൃഷിക്കാരുടെ മേലുള്ള നികുതിഭാരം വർദ്ധിക്കുകയും അവരുടെ ജീവിതനിലവാരം അധഃപതിക്കുകയുംചെയ്തപ്പോൾ അവരുടെ ഭൂമി അന്യാധീനപ്പെടുവാനിടയായി. അതു ഹുണ്ടിവ്യാപാരികളുടെയും പണക്കാരായ ഉദ്യോഗസ്ഥന്മാരുടെയും ഉടമയിലായി. യഥാർത്ഥകൃഷിക്കാർ അവരുടെ കീഴിൽ പാട്ടത്തിനു കൃഷിചെയ്യുന്ന വെറും കുടിയാന്മാരായിത്തീർന്നു. ഡോക്ടർ രാധാകമൽ മുക്കർജി എന്ന സാമ്പത്തികവിദഗ്ദ്ധൻ ഇന്ത്യയിലെ ഭൂപ്രശ്നങ്ങൾ എന്ന അദ്ദേഹത്തിൻെറ പുസ്തകത്തിൽ കണക്കാക്കി പറയുന്നതു് റയത്ത്വാരിഭൂമികളിൽ 70 ശതമാനത്തോളം അതിൻെറ ഉടമകൾ നേരിട്ടു കൃഷിചെയ്യാതെ പാട്ടത്തിനു നല്കിയിരിക്കുന്നുവെന്നാണ്. അങ്ങനെ സെമിന്ദാരിയെന്നോ റയത്ത്വാരി എന്നോ വ്യത്യാസംകൂടാതെ ഭൂമിയിൽ അദ്ധ്വാനിക്കുന്ന ഒരു വർഗ്ഗത്തിനു ഭൂമിയുടെമേലുള്ള ആധിപത്യം ഇന്ത്യയിൽ സാർവ്വത്രികമായിത്തീർന്നു.

## കേരളത്തിലെ ഭൂവുടമബന്ധങ്ങൾ

കേരളത്തിലെ ഭൂവുടമസ്ഥിതി ഇന്ത്യയിലെ മററു പ്രദേശങ്ങളിൽനിന്നും കുറച്ചു വ്യത്യസ്തമാണ്. കേരളത്തിൽ ജന്മിത്വത്തിൻെറ ഉത്ഭവത്തെയും ചരിത്രത്തെയുംപററി വ്യത്യസ്തങ്ങളായ പല അഭിപ്രായങ്ങളും നിലവിലുണ്ടു്. ഏതായാലും കേരളത്തിൽ ഭൂമിയുടെ ജന്മാവകാശികളായി അംഗീകരിക്കപ്പെട്ടവ

ന്നിട്ടുള്ളതു് ബ്രാഹ്മണരെയാണു്. ഇങ്ങനെയുള്ള പൂർവ്വാവകാശത്തിന്റെ കീഴിൽ കാണം, വെറുംപാട്ടം, അടിമ, അനുഭോഗം തുടങ്ങിയ പേരുകളിൽ കൃഷിക്കാർ ഭൂമി കൈവശംവച്ചു് അനുഭവിച്ചുവരികയും ആദായത്തിന്റെ ഒരോഹരി ബ്രാഹ്മണജന്മിമാക്കു കൊടുത്തുവരികയും ചെയ്തു. ഇതിനുപുറമേ സർക്കാരിന്റെ നേരിട്ടു കീഴിൽ ഭൂമി കൃഷിക്കാർക്കു ചാർത്തിക്കൊടുക്കുകയും ചെയ്തിരുന്നു. അങ്ങനെയുള്ള സർക്കാർകുടിയാന്മാരെ പണ്ടാരവക കുടിയാന്മാർ എന്നു പറഞ്ഞുവന്നു. ഇങ്ങനെയുള്ള ജന്മി-കുടിയാൻ ബന്ധങ്ങളിൽ ഇരുകൂട്ടരുടെയും താല്പര്യങ്ങളെ സംരക്ഷിക്കുന്നതിനുവേണ്ടി ഓരോ അവസരങ്ങളിലും ഗവൺമെന്റ് ഇടപെടുകയും വിളംബരങ്ങൾ മുഖേന ഓരോ വിഭാഗത്തിന്റെയും അവകാശങ്ങൾ വ്യവസ്ഥപ്പെടുത്തുകയും ചെയ്തിട്ടുണ്ടു്. തിരുവിതാംകൂറിൽ 1005-ലെ നീട്ടു്, 1040-ലെ പാട്ടവിളംബരം, 1042-ലെ കാണപ്പാട്ട വിളംബരം, 1071-ലെ ജന്മി-കുടിയാൻ റഗുലേഷൻ, 1108 ലെ ജന്മിക്കരം സെറ്റിൽമെന്റ്—ഇതെല്ലാം ഇത്തരത്തിലുള്ള ഗവൺമെന്റ നടപടികളായിരുന്നു.

കൊച്ചിയിൽ 1080-ലെ സെറ്റിൽമെന്റുവിളംബരം, 1090-ലെ കുടിയായ്മനിയമം, 1113-ലെ കുടിയായ്മനിയമം, 1118-ലെ വെറുമ്പാട്ട കുടിയാൻനിയമം എന്നിവയും ഇത്തരത്തിലുള്ള നടപടികളാണു്.

ബ്രിട്ടീഷ്ഭരണത്തിൻകീഴിൽ മലബാറിൽ ഉണ്ടായിട്ടുള്ള കുടിയായ്മനിയമങ്ങൾ 1900-ത്തിലെ കുഴിക്കൂറുചമയനിയമം, 1929-ലെ മലബാറിലെ കുടിയായ്മനിയമം എന്നിവയാണു്.

ബ്രിട്ടീഷ്ഭരണാധികാരികൾ ശാശ്വതസെറ്റിൽമെന്റും അതുപോലെയുള്ള മററു ജന്മിമേധാവിത്വവും സ്ഥാപിച്ചുകൊണ്ടു് ഇന്ത്യയുടെ സാമൂഹ്യവും സാമ്പത്തികവുമായ ജീവിതത്തിൽ വല്ലാത്ത ഒരു കോളിളക്കം സൃഷ്ടിച്ചു. അവർ ഇന്ത്യയിൽ പരമ്പരയായി നിലനിന്നുവന്ന കൈവേലകളെ നശിപ്പിക്കുകയും കാർഷികോല്പാദനം പ്രധാനമായും വ്യവസായാവശ്യത്തിനുവേണ്ടിയാക്കി മാററുകയുംചെയ്തു. ഇതുരണ്ടും ഇംഗ്ലണ്ടിലെ കുത്തകമുതലാളിമാരെ സഹായിക്കാൻവേണ്ടിച്ചെയ്ത കാര്യങ്ങളായിരുന്നു. നമ്മുടെ കൈവേലകൾ നശിപ്പിക്കപ്പെട്ട സ്ഥാനത്തു് ആധുനികരീതിയിലുള്ള യന്ത്രവൽകൃതവ്യവസായങ്ങൾ വളത്തുന്നതിനു് ബ്രിട്ടീഷ്ഭരണാധികാരികൾ അനുവദിച്ചില്ല. അങ്ങനെ കാറൽമാർക്സിന്റെ ഭാഷയിൽ "ഇന്ത്യയ്ക്കു് പഴയ യുഗത്തിന്റെ നന്മകൾ നഷ്ടപ്പെടുകയും പുതിയ യുഗത്തിന്റെ നേട്ടങ്ങൾ കൈവരാതിരിക്കുകയും ചെയ്തു."

## കമ്മ്യൂണിസ്റ്റ്പാർട്ടിയും ഭൂപരിഷ്കാരവും

ഭൂപരിഷ്കാരത്തിന്റെ കാര്യത്തിൽ ഏററവും പുരോഗമനപരവും മൗലികസ്വഭാവത്തോടുകൂടിയതുമായ പരിപാടി കമ്മ്യൂണിസ്റ്റ്പാർട്ടി വളരെമുമ്പുതന്നെ മുന്നോട്ടുവച്ചിട്ടുള്ളതാണു്. പ്രതിഫലംനൽകാതെ ജമിന്ദാരിസമ്പ്രദായം അവസാനിപ്പിക്കുക, എല്ലാ കുടിയാന്മാക്കും സ്ഥിരാവകാശവും പാട്ടത്തിൽ ഗണ്യമായ ഇളവും നൽകുക, ജന്മിസമ്പ്രദായം അവസാനിപ്പിച്ചു് ജന്മികളുടെ വക ഭൂമികൾ ദരിദ്രകർഷകക്കും കാർഷികത്തൊഴിലാളികൾക്കും സൗജന്യമായി നൽകുക എന്നിങ്ങനെയുള്ള ആവശ്യങ്ങളാണു് കാർഷികപരിഷ്കാരത്തിന്റെ കാര്യത്തിൽ കമ്മ്യൂണിസ്റ്റ്പാർട്ടി മുന്നോട്ടുവച്ചതു്. ജന്മിസമ്പ്രദായം അവസാനിപ്പിക്കുന്നതിന്റെ ഭാഗമായി കൈവശഭൂമിക്കു് പരിധിനിശ്ചയിക്കണമെന്നും വൻകിട ഭൂവുടമകളുടെ ഭൂമിയിൽ ഏറിയഭാഗവും ഭൂരഹിതക്കു നല്കുന്നതിനു പ്രയോജനപ്പെടുത്തണമെന്നും പാർട്ടി ആവശ്യപ്പെട്ടു.

പാർട്ടി ഈ ആവശ്യങ്ങൾ ഉന്നയിക്കുകമാത്രമല്ല ചെയ്തതു്; അതിനുവേണ്ടി പല സ്ഥലങ്ങളിലും വമ്പിച്ച സമരങ്ങൾ സംഘടിപ്പിക്കുകയുംചെയ്തു. ബംഗാളിലെ തേഭാഗാസമരം, തെലുങ്കാനാ കൃഷിക്കാരുടെ ആയുധമേന്തിയ സമരം മുതലായവ ഇതിനു് ഉദാഹരണമാണു്. പാർട്ടിയും കിസാൻസഭയും നിരന്തരമായി നടത്തിയിട്ടുള്ള പ്രക്ഷോഭണങ്ങളും സമരങ്ങളും, കൃഷിയുടെ പുനഃസംഘടനയിൽ കാർഷികപരിഷ്കാരത്തിനു് ഒരു പ്രധാനസ്ഥാനം നൽകുന്നതിനു കേന്ദ്രഗവണ്മെൻറിനെ പ്രേരിപ്പിച്ച കാരണങ്ങളിൽ ഒന്നാണു്. അങ്ങനെ ഒന്നാംപഞ്ചവത്സരപദ്ധതിയിൽതന്നെ കാർഷികപരിഷ്കാരം നടപ്പിൽവരുത്തേണ്ടതിൻെറ ആവശ്യകത ഊന്നുകയും ഈ കാര്യത്തിൽ വ്യക്തമായ ചില പരിപാടികൾ ആവിഷ്കരിക്കുകയുംചെയ്തു. കാർഷികപരിഷ്കാരത്തിനു് രണ്ടു് പ്രധാനലക്ഷ്യങ്ങളാണു് പ്ലാനിംഗ്കമ്മീഷൻ നിർദ്ദേശിച്ചതു്: ഒന്നു്, കാർഷികബന്ധങ്ങളിൽ അന്തർഭവിച്ചിരിക്കുന്നതും കാർഷികോല്പാദനത്തിനു പ്രതിബന്ധമായിരിക്കുന്നതുമായ തടസ്സങ്ങളെ തട്ടിനീക്കുക. രണ്ടു്, ഉയർന്ന കാര്യക്ഷമതയും ഉല്പാദനവർദ്ധനവും സാദ്ധ്യമാകുന്ന ഒരു കാർഷികസമ്പൽവ്യവസ്ഥ എത്രയും എളുപ്പത്തിൽ വളർത്തിക്കൊണ്ടുവരുന്നതിനുള്ള സാഹചര്യങ്ങൾ സൃഷ്ടിക്കുക. മറെറാരു വിധത്തിൽപറഞ്ഞാൽ ഇന്ത്യയുടെ വ്യവസായവികസനത്തിനു് ആവശ്യമായ അസംസ്കൃതപദാർത്ഥങ്ങളും ഭക്ഷണക്കുഴപ്പം പരിഹരിക്കുന്നതിനാവശ്യമായ ഭക്ഷ്യസാധനങ്ങളും ഉല്പാദിപ്പിക്കുന്നതിനു സഹായമായിത്തീരണം എന്നതാണു് ഒന്നും രണ്ടും പഞ്ചവത്സരപദ്ധതികളിൽ ഭൂനയത്തിനു് അടിസ്ഥാനമായി സ്വീകരിച്ചിരുന്ന കാര്യങ്ങൾ.

ഈ ലക്ഷ്യം മുൻനിറുത്തിക്കൊണ്ടു് ആവിഷ്കരിച്ച കോൺഗ്രസ്സ്ഗവണ്മെൻറിൻെറ ഭൂപരിഷ്കാരനടപടികളെ പൊതുവേ താഴെപ്പറയുന്ന മൂന്നു ഘടകങ്ങളായി തരംതിരിക്കാം:

1) സെമിന്ദാരിസമ്പ്രദായം അവസാനിപ്പിക്കുക.
2) കുടിയായ്മപരിഷ്കാരം.
3) പരിധിനിർണ്ണയം.

ഈ പരിഷ്കാരങ്ങളുടെയെല്ലാം അവസാനലക്ഷ്യമായി കൃഷിയെ സഹകരണാടിസ്ഥാനത്തിൽ സംഘടിപ്പിക്കുകയെന്ന കാര്യവും ഒന്നാംപഞ്ചവത്സരപദ്ധതിയിൽ പ്രഖ്യാപിക്കപ്പെട്ടിരുന്നു. സെമിന്ദാർമാർക്കും മററു ഭൂപ്രഭുക്കൾക്കും പലതരത്തിലുള്ള സൗജന്യങ്ങളും ആനുകൂല്യങ്ങളും നൽകിക്കൊണ്ടാണു് ഈ പരിപാടികൾ നടപ്പിൽവരുത്തിയതു്.

ഇതിൽ സെമിന്ദാരിസമ്പ്രദായവും തത്തുല്യമായ മദ്ധ്യവർത്തിവ്യവസ്ഥകളും അവസാനിപ്പിക്കുന്നതിനുള്ള നടപടികളാണു് കോൺഗ്രസ്സ്ഗവണ്മെൻറുകൾ ആദ്യമായി ആരംഭിച്ചതു്. സെമിന്ദാരിസമ്പ്രദായം അവസാനിപ്പിക്കുന്നതിനുള്ള നടപടികൾ മിക്ക സംസ്ഥാനങ്ങളിലും 1951-നു മുമ്പുതന്നെ ആരംഭിച്ചിരുന്നു. എന്നാൽ ഒന്നാംപഞ്ചവത്സരപദ്ധതിയുടെ കാലഘട്ടത്തിലാണു് ഈ നടപടികൾ പൂർത്തിയാക്കപ്പെട്ടതു്. ഈ സെമിന്ദാരിനിറുത്തലാക്കൽനിയമമനുസരിച്ചു മിക്ക സ്റ്റേററുകളിലും സെമിന്ദാരുടെ നേരിട്ടുകീഴിലുള്ള പ്രധാനകുടിയാൻ ഗവണ്മെൻറിൻെറകീഴിൽ ഭൂമിയുടെ ഉടമയായിത്തീർന്നു. സെമിന്ദാർക്കു ഭൂമിയിലുള്ള അവകാശം പ്രതിഫലംനൽകി ഗവണ്മെൻറിൽ അർപ്പിക്കപ്പെട്ടു. എന്നാൽ സെമിന്ദാരുടെ കുടുംബകൃഷിയെന്നപേരിൽ അറിയപ്പെടുന്ന ഭൂമികളും സ്വന്തം കൈവശത്തിലുള്ള മററു ഭൂമികളും അവർക്കു കൈവശംവയ്ക്കാൻ നിയമം അനുവാദം നൽകി. പല സെമിന്ദാർമാർക്കും ഈ നിലയിൽ ആയിരക്കണക്കിനു് ഏക്കർ ഭൂമി സ്വന്തമായി കിട്ടിയിട്ടുണ്ടു്. അത്തരം ഭൂമികളിലുള്ള കുടിയാന്മാർ ഈ സെമിന്ദാരുടെകീഴിൽ കുടിയാന്മാരായിത്തന്നെ തുടർന്നു. പല സ്റ്റേററുകളിലും ഈ കുടുംബഭൂമിയിലുള്ള കുടിയാന്മാർക്കു യാതൊരു അവകാശവും നൽകപ്പെട്ടിട്ടില്ല. സെമിന്ദാരന്മാർക്കുള്ള പ്രതിഫലം സർക്കാ

രിൽനിന്നു കൊടുക്കാനാണ് വ്യവസ്ഥചെയ്തതു്. ഇങ്ങനെ കൊടുക്കേണ്ട പ്രതിഫലം ആകെ 622·74 കോടി ക. വരുമെന്നു കണക്കാക്കപ്പെട്ടിരിക്കുന്നു. ഭൂമിയിൽ അവകാശം സിദ്ധിക്കുന്ന കൃഷിക്കാരെസംബന്ധിച്ചിടത്തോളം അവർ സെമിന്ദാർക്കു പാട്ടമായി കൊടുത്തിരുന്ന സംഖ്യ മേലിൽ ഗവണ്മെൻറിനു നികുതിയായി കൊടുക്കണം എന്ന വ്യവസ്ഥയാണ് ഏർപ്പെടുത്തിയതു്. ഇതുമൂലം സ്റ്റേററിന്റെ ഭൂനികുതിയിൽനിന്നുള്ള വരവു് വർദ്ധിക്കുന്നുണ്ടു്. നിയമംകൊണ്ടു് കുടിയാന്മാർക്കു താഴെപ്പറയുന്ന നേട്ടങ്ങളാണ് പ്രധാനമായും സിദ്ധിക്കുന്നതു്.

1. ഭൂമിയിൽ പരിപൂർണ്ണമായ ഉടമാവകാശം സെമിന്ദാർക്കു പാട്ടമായി കൊടുത്തുകൊണ്ടിരുന്ന സംഖ്യതന്നെ സർക്കാരിനു നികുതിയായി കൊടുക്കേണ്ടിവന്നാലും ഭൂമിയിൽ ഉടമസ്ഥാവകാശം സിദ്ധിക്കുന്നതുമൂലം കൃഷിക്കാരന്റെ പദവിയിൽ ഒരു മാററമുണ്ടാകുന്നു.

2. സെമിന്ദാർക്കു കാഴ്ചകളായും പുറവക പിരിവുകളായും മേലിൽ യാതൊന്നും കൊടുക്കേണ്ടതില്ലയെന്നതുമൂലമുള്ള സാമ്പത്തികനേട്ടം.

3. മേച്ചിൽസ്ഥലങ്ങൾ, വനഭൂമി, പൊതുഉപയോഗത്തിനുള്ള മററു ഭൂമികൾ എന്നിവയിലെല്ലാം സെമിന്ദാർക്കുണ്ടായിരുന്ന ആധിപത്യം സർക്കാരിൽ നിക്ഷിപ്തമായതുമൂലം കൃഷിക്കാർക്കു പൊതുവേ ആ ഭൂമികൾ സെമിന്ദാർക്കു കാഴ്ചകൊടുക്കാതെ ഉപയോഗിക്കാൻ ലഭിക്കുന്നു. ഇതോടെല്ലാമൊപ്പം ആയിരക്കണക്കിനേക്കർ ഭൂമിയുടെമേൽ ആധിപത്യം പുലർത്തുന്ന ഒരാളെന്നനിലയിൽ സെമിന്ദാർക്കു ജനസാമാന്യത്തിന്റെമേൽ ഉണ്ടായിരുന്ന അധികാരശക്തി നഷ്ടപ്പെട്ടതു നാട്ടിൻപുറങ്ങളിലെ സാമൂഹ്യസാമ്പത്തികബന്ധങ്ങളിൽ വലിയ പരിവർത്തനമുണ്ടാക്കി.

അതേ അവസരത്തിൽ ഫ്യൂഡൽമേധാവിത്വത്തിനു് ഇടിവു സംഭവിച്ചു എങ്കിൽപ്പോലും തന്റെ സാമ്പത്തികസ്ഥിതിക്കു് കാര്യമായ കോട്ടമൊന്നും തട്ടാത്തവിധം പുതിയ അടിസ്ഥാനത്തിൽ ജീവിതം കെട്ടിപ്പടുക്കുന്നതിനു് ഈ നിയമവും കോൺഗ്രസ്സുഗവണ്മെൻറുകളുടെ മററു നടപടികളും സെമിന്ദാരന്മാരെ സഹായിച്ചു. കുടിയാന്മാരെ സ്വതന്ത്രരാക്കിയെങ്കിലും Home farm എന്ന പേരിലും മററു പല പേരുകളിലുമായി ആയിരക്കണക്കിനേക്കർ ഭൂമി സ്വന്തമായി കൈവശംവയ്ക്കാൻ നിയമം സെമിന്ദാരന്മാർക്കു് സൗകര്യംനൽകി. തങ്ങളുടെ അവകാശം നിറുത്തലാക്കുന്നതിനു ലക്ഷക്കണക്കിനു രൂപ പ്രതിഫലമായി സെമിന്ദാരന്മാർക്കു് സ്റ്റേററിൽനിന്നും നൽകി. ഇങ്ങിനെ പ്രതിഫലമായി കിട്ടുന്ന സംഖ്യയുടെ ഒരു ഭാഗവും ഗവണ്മെണ്ടിൽനിന്നു പഞ്ചവത്സരപദ്ധതിയനുസരിച്ചു് കൃഷിവികസനത്തിനു് നൽകപ്പെടുന്ന സഹായവും വിനിയോഗിച്ചു് തങ്ങളുടെ കൈവശഭൂമിയിൽ വൻതോതിൽ പല സെമിന്ദാരന്മാരും നേരിട്ടു പരിഷ്കരിച്ചരീതിയിൽ കൃഷി ആരംഭിച്ചു. അങ്ങിനെ മുതലാളിത്തരീതിയിലുള്ള ഒരു കൃഷിസമ്പ്രദായത്തിന്റെ വളർച്ചയ്ക്കു് സെമിന്ദാരി അവസാനിപ്പിക്കൽനിയമം പരോക്ഷമായി വഴിതെളിയിച്ചു. ഈ പ്രക്രിയ ഭൂമിയിൽ ഉടമാവകാശം സിദ്ധിച്ച കുടിയാന്മാരുടെ കാര്യത്തിലും ഒരതിർത്തിവരെ വളർന്നുവന്നു. സെമിന്ദാരി അവസാനിപ്പിക്കൽനടപടികൊണ്ടു് ഉടമാവകാശം സിദ്ധിച്ച കുടിയാന്മാരിൽ പലരും ധാരാളം ഭൂമിയുള്ള വൻകിടകൃഷിക്കാരായിരുന്നു. അങ്ങിനെയുള്ള കൃഷിക്കാർ നിയമംമൂലം സിദ്ധിച്ച ആനുകൂല്യങ്ങളും ഗവണ്മെൻറിൽനിന്നു നൽകുന്ന സഹായങ്ങളും പ്രയോജനപ്പെടുത്തിക്കൊണ്ടു്, പരിഷ്കരിച്ച കൃഷിസമ്പ്രദായങ്ങൾ ഏർപ്പെടുത്തുകയും അങ്ങിനെ സമ്പന്നരായിത്തീരുകയുംചെയ്തു.

ഈ സ്ഥിതിവിശേഷം യാദൃച്ഛികമായി സംഭവിച്ചതല്ല. ഭൂമിയിൽ നിലനിന്നുവന്ന ഫ്യൂഡൽമേധാവിത്വം അവസാനിപ്പിച്ചു് പഴയ നാടുവാഴികളെയും അതോടൊപ്പം അവരുടെ കുടിയാന്മാരിൽ ഒരുവിഭാഗത്തെയും മൂലധനമിറക്കി പ

രിഷ്കൃതരീതിയിൽ കൃഷി ചെയ്യുന്ന ഒരു പ്രത്യേകവർഗ്ഗമാക്കി വളർത്തിയെടുക്കുക എന്ന ലക്ഷ്യവും കാഴ്ചപ്പാടും കോൺഗ്രസ്സ് ഗവണ്മെണ്ടിന്റെ സെമിന്ദാരി അവസാനിപ്പിക്കൽനിയമത്തിന്റെ കാര്യത്തിലും മററ് എല്ലാ കാർഷികപരിഷ്കാരനടപടികളിലും ഉണ്ടായിരുന്നു.

## കുടിയായ്മപരിഷ്കാരനടപടികൾ

സെമിന്ദാരിസമ്പ്രദായവും അതുപോലെയുള്ള മററു ഫ്യൂഡൽവ്യവസ്ഥയും പ്രതിഫലംനൽകി അവസാനിപ്പിച്ചതിന്റെ ഫലമായി എല്ലാത്തരം ഭൂമികളും റയിത്തുവാറിസമ്പ്രദായത്തിൻകീഴിലായിത്തീർന്നു എന്നാൽ ഇതുകൊണ്ട് ജന്മിസമ്പ്രദായം അവസാനിക്കുകയോ ഭൂമിയിൽ അദ്ധ്വാനിക്കുന്ന യഥാർത്ഥകൃഷിക്കാർക്ക് ശാശ്വതമായ അവകാശം സിദ്ധിക്കുകയോ ചെയ്യുന്നില്ല. റയത്ത്‌വാറിസമ്പ്രദായത്തിൻകീഴിലും യഥാർത്ഥകർഷകരിൽ ഗണ്യമായ ഒരുവിഭാഗം കുടിയാന്മാരായിരുന്നു. ഇന്ത്യയിൽ മൊത്തത്തിൽ കൃഷിവൃത്തിയിൽ ഏർപ്പെട്ടിട്ടുള്ള ജനങ്ങളിൽ 25% ഇങ്ങിനെയുള്ള കുടിയാന്മാരാണെന്നു കണക്കാക്കുന്നു. വാസ്തവിൽ സ്ഥിരാവകാശവും കൈവശാവകാശവും സിദ്ധിച്ച കുടിയാന്മാരെ ഈ 25%-ത്തിൽ ഉൾപ്പെടുത്തിയിട്ടില്ല

ഇങ്ങിനെയുള്ള യഥാർത്ഥകൃഷിക്കാരായ കുടിയാന്മാർക്ക് ആശ്വാസം നൽകുക എന്നതാണ് കുടിയായ്മപരിഷ്കാരംകൊണ്ടുദ്ദേശിക്കപ്പെടുന്നതു്. ആസ്സാം, ബോംബെ, ജമ്മു-കാശ്മീർ, മദ്ധ്യപ്രദേശ്, പഞ്ചാബ്, രാജസ്ഥാൻ, ഉത്തരപ്രദേശ്, പടിഞ്ഞാറൻ ബംഗാൾ, ഒറീസ്സാ, ആന്ധ്രപ്രദേശ്, കേരളം എന്നീ സ്റ്റേററുകളിൽ ഇതു സംബന്ധിച്ചുള്ള നിയമങ്ങൾ ഇതിനകം പാസ്സാക്കിയിട്ടുണ്ട്. മറെറല്ലാ സ്റ്റേററുകളിലും ബില്ലുകൾ നിയമസഭയുടെ പരിഗണനയിൽ ഇരിക്കുകയാണ്. കുടിയായ്മ പരിഷ്കരണത്തിന്റെകാര്യത്തിൽ പ്ലാനിങ്ങുകമ്മീഷൻ ഇന്ത്യയ്ക്കു് പൊതുവെ അംഗീകരിക്കേണ്ട ചില തത്വങ്ങൾ ആവിഷ്കരിച്ചിട്ടുണ്ട്. എന്നാൽ ഈ തത്വങ്ങൾ എല്ലാ സ്റ്റേററുകളിലും ഒരുപോലെ അംഗീകരിക്കയുണ്ടായിട്ടില്ല. രണ്ടാം പഞ്ചവത്സരപദ്ധതിയിൽ ഭൂപരിഷ്കാരത്തെസംബന്ധിച്ച് പ്ലാനിങ്ങ്കമ്മീഷനെ ഉപദേശിക്കുന്നതിനുവേണ്ടി നിയോഗിക്കപ്പെട്ട ഭൂപരിഷ്കരപാനൽ കുടിയായ്മപരിഷ്കാരംസംബന്ധിച്ച് താഴെപ്പറയുന്ന നിർദ്ദേശങ്ങൾ സമർപ്പിച്ചു.

1 എല്ലാവിധ ഒഴിപ്പിക്കലുകളും അടിയന്തിരമായി തടയുക.
2 സ്വമനസ്സാലെയുള്ള ഒഴിഞ്ഞുകൊടുക്കൽ അംഗീകരിക്കാതിരിക്കുക.
3. അടുത്തകാലത്ത് ഒഴിപ്പിക്കപ്പെട്ട കുടിയാന്മാർക്ക് ആവക ഭൂമികൾ തിരിച്ചുകൊടുക്കുക.
4. എല്ലാത്തരം കുടിയാന്മാർക്കും പാട്ടവാരക്കാരുൾപ്പെടെ സ്ഥിരാവകാശം നൽകുക
5. സ്വന്തം കൃഷിക്ക് ഒഴിപ്പിക്കാനുള്ള ജന്മിയുടെ അവകാശം പരിമിതപ്പെടുത്തുക. അങ്ങനെ ഒഴിപ്പിക്കുമ്പോൾ കുടിയാന് ഒരു നിശ്ചിതഭൂമി നൽകുന്നതിനു വ്യവസ്ഥചെയ്യുക
6. ഒഴിപ്പിക്കപ്പെടാൻ വയ്യാത്ത ഭൂമിയുടെ കുടിയാന്മാരെ പ്രതിഫലം നല്കുന്നുള്ള വ്യവസ്ഥയിൽ ഭൂമിയുടെ ഉടമകളാക്കുക.
7. പാട്ടം മൊത്തവിളവിന്റെ ആറിലൊന്നിൽ കൂടാത്തവിധം നിശ്ചയിക്കുക

ഈ നിർദ്ദേശങ്ങൾ ചില്ലറ ഭേദഗതിവരുത്തിക്കൊണ്ട് മുഴുവനുമായി പ്ലാനിങ്ങ്കമ്മീഷൻ അംഗീകരിച്ചു. ഒഴിപ്പിക്കലിന്റെ കാര്യത്തിൽ കുടിയാന് കുറച്ച് ഭൂമി നൽകിക്കൊണ്ട് മൂന്നു കുടുംബപരിധിവരെ ഒഴിപ്പിച്ചെടുക്കാൻ എല്ലാ ജന്മി

കൾക്കും അവകാശമുണ്ടായിരിക്കണം എന്നതാണ് പ്ലാനിങ്ങ്കമ്മീഷൻ വരുത്തിയ ഒരു പ്രധാനഭേദഗതി. മറ്റൊന്ന്, പാട്ടം മൊത്തം വിളവിന്റെ ആറിലൊന്നിൽ കൂടാൻ പാടില്ലായെന്ന സ്ഥാനത്ത് അതു നാലിലൊന്നോ അഞ്ചിലൊന്നോ എന്നതിൽ കൂടാൻ പാടില്ലായെന്നാക്കണമെന്നതാണ്. എന്നാൽ പ്ലാനിങ്ങ്കമ്മീഷന്റെ ഈ നിർദ്ദേശംപോലും അധികം സ്റ്റേററുഗവണ്മെന്റുകളും അംഗീകരിക്കയുണ്ടായില്ല. ഒഴിപ്പിക്കലിന്റെ കാര്യത്തിൽ ജന്മികൾക്കു കൂടുതൽ സൗകര്യം അവർ നൽകി. മര്യാദപ്പാട്ടം മൊത്തവിളവിന്റെ മൂന്നിലൊന്നും 40 ശതമാനവും മററുമായിട്ടാണ് പല സ്റ്റേററുകളിലും നിശ്ചയിക്കപ്പെട്ടിട്ടുള്ളത്. അടുത്തകാലത്ത് ഒഴിപ്പിക്കപ്പെട്ട കുടിയാന്മാർക്കു ഭൂമി തിരിച്ചുനൽകുന്ന നടപടി ഒരു സ്റ്റേററും അംഗീകരിക്കയുണ്ടായില്ല. ഒഴിപ്പിക്കപ്പെടാൻ വയ്യാത്ത ഭൂമിയുടെ കുടിയാന്മാരെ ഭൂമിയുടെ ഉടമകളാക്കാനുള്ള നിയമം പല സ്റ്റേററുകളിലും പാസ്സാക്കിയിട്ടുണ്ടെങ്കിലും ഒരു സ്റ്റേററിലും അതു നടപ്പിലാക്കിയിട്ടില്ല. നിയമത്തിനകത്തുള്ള ഈ പഴുതുകൾ കാരണവും അതു നടപ്പിലാക്കുന്നതിലുള്ള കാലവിളംബംമൂലവും ഈ കാലഘട്ടങ്ങളിൽ ഒഴിപ്പിക്കലുകൾ വൻതോതിൽ നടന്നിട്ടുണ്ട് എന്നതാണ് എല്ലാ സ്റ്റേററിലെയും അനുഭവം. അതേ അവസരത്തിൽ നിയമമനുസരിച്ചു സ്ഥിരാവകാശം സിദ്ധിച്ചിട്ടുള്ള ഒരു വിഭാഗം കുടിയാന്മാർക്ക് മര്യാദപ്പാട്ടത്തിന്റെയും മററും ആനുകൂല്യം കൊണ്ട് ചില്ലറ നേട്ടങ്ങൾ ഉണ്ടായിട്ടുമുണ്ട്. എന്നാൽ നിയമം നടപ്പിലാക്കുന്നതിനുള്ള മിഷനറിയുടെ അപര്യാപ്തതയും കാര്യക്ഷമതക്കുറവുംമൂലം നിയമംകൊണ്ട് ഉദ്ദേശിക്കപ്പെട്ട ആനുകൂല്യങ്ങൾതന്നെ അധികം കൃഷിക്കാർക്കും സിദ്ധിക്കാതിരിക്കയാണുചെയ്യുന്നത്.

## പരിധിനിർണ്ണയം

കൈവശഭൂമിക്കു് പരിധി നിർണ്ണയിക്കണമെന്ന ആവശ്യം കമ്യൂണിസ്റ്റ് പാർട്ടിയും കിസാൻസഭയുമാണ് ആദ്യമായി ഉന്നയിച്ചത്. ഇന്ത്യൻ നാഷണൽ കോൺഗ്രസ്സും പിന്നീട് ഒരു തത്വമെന്നനിലയിൽ അതു് അംഗീകരിക്കയുണ്ടായി. 1947-ൽ ഇന്ത്യ സ്വാതന്ത്ര്യമായതിനുശേഷം കോൺഗ്രസ്സിനു് ഒരു സാമ്പത്തികപരിപാടി തയ്യാറാക്കുന്നതിനുവേണ്ടി പണ്ഡിററ്നെഹ്റുവിന്റെ നേതൃത്വത്തിൽ എ. ഐ. സി. സി. നിയോഗിച്ച പ്രത്യേകകമ്മിററി തയ്യാറാക്കിയ റിപ്പോർട്ടിൽ ഭൂമിക്കു പരിധി നിർണ്ണയിക്കുന്നതിനെപ്പററി ഇപ്രകാരം പറഞ്ഞു: "ഒരാൾക്കു കൈവശംവയ്ക്കാവുന്ന ഭൂമിയുടെ പരമാവധി വിസ്തീർണ്ണം നിശ്ചയിക്കപ്പെടണം. അങ്ങനെയുള്ള പരിധിയിൽ കൂടുതലുള്ള മിച്ചഭൂമി പ്രതിഫലംനൽകി എടുക്കുകയും വില്ലേജ്സഹകരണസംഘത്തിന്റെ നിയന്ത്രണത്തിൽ അതു കൊണ്ടുവരികയും വേണം. തുണ്ടുഭൂമികൾ സംയോജിപ്പിക്കുകയും ഭാവിയിൽ ഭൂമി തുണ്ടംതുണ്ടമായി വിഭജിച്ചുപോകാതിരിപ്പാൻ ആവശ്യമായ നടപടികളെടുക്കുകയുംവേണം."

ഒന്നാം പഞ്ചവത്സരപദ്ധതിയിലും രണ്ടാംപഞ്ചവത്സരപദ്ധതിയിലും ഭൂമിക്കു് പരിധിനിർണ്ണയിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ അടങ്ങിയിരുന്നു. പരിധിനിർണ്ണയിക്കുന്നതിനുള്ള നിയമങ്ങൾ ആന്ധ്റപ്രദേശ് (തെലുങ്കാനായ്ക്കുമാത്രം), ആസ്സാം, ബോംബേ, കാശ്മീർ, മദ്ധ്യപ്രദേശ്, പഞ്ചാബ്, രാജസ്ഥാൻ, ഉത്തരപ്രദേശ്, വെസ്റ്റ്ബംഗാൾ, ഡൽഹി, ഹിമാചൽപ്രദേശ്, കേരളം, ഒറീസ്സ എന്നീ സ്റ്റേററുകളിലെല്ലാം ഇതിനകം പാസ്സായിക്കഴിഞ്ഞു. ബാക്കിയുള്ള സ്റ്റേററുകളിൽ ബില്ലുകൾ നിയമസഭയുടെ പരിഗണനയിൽ ഇരിയ്ക്കുകയാണ്.

പരിധിയുടെ കാര്യത്തിലും പ്ലാനിംഗ്കമ്മീഷൻ ചില പൊതുനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. അതനുസരിച്ച് മൂന്നു കുടുംബഭൂമിയാണ് ഒരു സാധാരണ കുടുംബത്തിനു് കൈവശംവയ്ക്കാവുന്ന പരമാവധി പരിധി. എന്നാൽ കേരളമൊഴിച്ചുള്ള മിക്ക സ്റ്റേററുകളിലും ഇതിനേക്കാൾ ഉയർന്ന പരിധിയാണ് നിശ്ചയിച്ചി

ട്ടുള്ളതു്. പല സ്റ്റേറ്റുകളിലും ഒരു കുടുംബത്തിനല്ല ഓരോ അംഗത്തിനുമാണു് ഈ പരിധി നിശ്ചയിച്ചിട്ടുള്ളതു്.

പ്ലാനിംഗ്കമ്മിഷന്റെ മറെറാരു നിർദ്ദേശം നിയമത്തെ തോല്പിക്കാൻ വേണ്ടി നടത്തപ്പെട്ടിട്ടുള്ള കൈമാററങ്ങൾ അസാധുവാക്കണമെന്നാണു്. അതും അധികം സ്റ്റേറ്റുകളും അംഗീകരിച്ചിട്ടില്ല. പരിധിയിൽനിന്നും ഒഴിവാക്കേണ്ടതായി പ്ലാന്റേഷൻ, കരിമ്പിൻതോട്ടങ്ങൾ, നല്ലനിലയിൽ മാനേജുചെയ്യുന്ന കൃഷിത്തോട്ടങ്ങൾ എന്നിങ്ങനെ പലയിനം ഭൂമികളും പ്ലാനിംഗ്കമ്മീഷൻ നിർദ്ദേശിക്കുന്നുണ്ടു്. എന്നാൽ ഓരോ സ്റ്റേററും ഇതുകൂടാതെയും മററു പലതരം ഭൂമികളെയും പരിധിയിൽനിന്നു് ഒഴിവാക്കിയിട്ടുണ്ടു്. ഇതിന്റെയെല്ലാം ഫലമായി പരിധിനിർണ്ണയത്തിന്റെ ഉദ്ദേശമായി പ്രഖ്യാപിക്കപ്പെട്ടിട്ടുള്ള കാര്യങ്ങൾ നടപ്പിലായിട്ടില്ല. കൃഷിഭൂമിയിൽ കുറച്ചാളുകൾക്കുള്ള കുത്തകാധിപത്യം അവസാനിപ്പിക്കുകയും ഭൂരഹിതരായവർക്കു് ചുരുങ്ങിയതോതിലെങ്കിലും ഭൂമിനൽകുകയുംചെയ്യുക എന്നതാണു് പരിധിനിർണ്ണയംകൊണ്ടു് നാം ഉദ്ദേശിക്കുന്നതു്. ഈ രണ്ടുകാര്യങ്ങളും ഇപ്പോഴത്തെ ഈ നിയമങ്ങൾകൊണ്ടു് വളരെയൊന്നും സാധിച്ചിട്ടില്ല. നിയമം പാസ്സായ സ്റ്റേറ്റുകളിൽതന്നെ ഇതുവരെയായി അതു നടപ്പിലാക്കാനുള്ള ഏർപ്പാടുകൾ ഉണ്ടാക്കപ്പെട്ടിട്ടില്ല.

കാർഷികപരിഷ്കാരങ്ങളുടെ പ്രവർത്തനപുരോഗതിയെ സംബന്ധിച്ചു് ഔദ്യോഗികവും അനൗദ്യോഗികവുമായ നിലവാരങ്ങളിൽ നടത്തപ്പെട്ട പല അന്വേഷണങ്ങളുടെയും ചുരുക്കം നിയമംമൂലം ഉദ്ദേശിച്ച ഫലപ്രാപ്തി ഉണ്ടായിട്ടില്ലെന്നാണു്. നിയമത്തിൽതന്നെയുള്ള പഴുതുകൾ, നിയമത്തെ സംബന്ധിച്ചു് കൃഷിക്കാർക്കു ശരിയായ വിവരമില്ലായ്മ, ഭരണയന്ത്രത്തിന്റെ കഴിവുകേടു്, ജന്മികൾക്കുള്ള സ്വാധീനത എന്നിങ്ങനെ പല കാരണങ്ങളും ഇതിന്റെ പിന്നിലുള്ളതായി ചൂണ്ടിക്കാണിക്കപ്പെടുന്നു.

ഇന്നത്തെ ഭരണാധികാരികളെ സംബന്ധിച്ചേടത്തോളം വ്യക്തമായ ചില ലക്ഷ്യവും കാഴ്ചപ്പാടും വച്ചുകൊണ്ടാണു് അവർ കാർഷികപരിഷ്കാരം നടപ്പിൽവരുത്തുന്നതു്. അതിലൊന്നു് കൃഷിക്കാരുടെ ക്രയശക്തി വർദ്ധിപ്പിച്ചുകൊണ്ടു് ആഭ്യന്തരകമ്പോളം വികസിപ്പിക്കുക എന്നതാണു്. അതോടൊപ്പം കാർഷികോല്പാദനം വർദ്ധിപ്പിക്കുക എന്നതും അവരുടെ ഒരു ലക്ഷ്യമാണു്. വ്യവസായവികസനത്തിനാവശ്യമായ അസംസ്കൃതപദാർത്ഥങ്ങൾ കൂടുതലായി ഉല്പാദിപ്പിക്കുന്നതിൽ ഇന്ത്യൻ മുതലാളിമാർക്കു് പ്രത്യേകതാല്പര്യമുണ്ടു്. മേൽപറഞ്ഞ ലക്ഷ്യങ്ങൾ സാധിക്കുന്നതിനു ബ്രിട്ടീഷ്ഭരണത്തിൻകീഴിൽ നിലനിന്നുവന്ന നാടുവാഴിത്തഭൂവുടമബന്ധം അവസാനിപ്പിക്കേണ്ടതു് ആവശ്യമാണെന്നു് അവർ മനസ്സിലാക്കിയിരുന്നു. അങ്ങനെ ഭൂമിയിൽ ഫ്യൂഡൽ ആധിപത്യം അവസാനിപ്പിച്ചു് അതിന്റെ സ്ഥാനത്തു കൂടുതൽ മൂലധനം ഇറക്കി പരിഷ്കരിച്ച രീതിയിൽ കൃഷി നടത്താൻ കെൽപുള്ള ഒരു ധനികകർഷകവർഗ്ഗത്തെ വളർത്തിയെടുക്കുക എന്നതാണു് ഇന്ത്യൻ ഭരണാധികാരിവർഗ്ഗത്തിന്റെ താല്പര്യം. ജമിന്ദാരി അവസാനിപ്പിക്കൽനിയമത്തിലെന്നപോലെ കുടിയായ്മപരിഷ്കരണനടപടികളിലും, പരിധിനിർണ്ണയനിയമങ്ങളിലും ഈ ലക്ഷ്യം മുഴച്ചുനില്ക്കുന്നതായി കാണാം.

ഈ നടപടികളുടെ ഫലമായി ഒരുവിഭാഗം കൃഷിക്കാർക്കു് ആശ്വാസവും കാർഷികരംഗത്തു് ഒരു തരത്തിലുള്ള പുരോഗതിയും ഉണ്ടായിട്ടുണ്ടു്. എന്നാൽ അതോടൊപ്പം പതിനായിരക്കണക്കിനു കൃഷിക്കാർ ഭൂമിയിൽനിന്നു് ഒഴിപ്പിക്കപ്പെട്ടു് പാപ്പരായിത്തീരുന്ന അവസ്ഥയും ഉണ്ടായിട്ടുണ്ടു്. നിയമംമൂലം താല്ക്കാലികമായി ആശ്വാസം കിട്ടിയ ചെറുതരക്കാരും ഇടത്തരക്കാരുമായ കൃഷിക്കാർക്കുതന്നെ ദുർവ്വഹമായ ജീവിതച്ചെലവിന്റെയും കൃഷിച്ചെലവിന്റെയും മററും കാരണങ്ങളാൽ തങ്ങളുടെ കൈവശഭൂമിയിൽ പിടിച്ചുനില്ക്കാൻ കഴിയാത്ത സാഹചര്യ

വും വളൻകൊണ്ടിരിയ്ക്കുയാണ്. അങ്ങനെ കാർഷികരംഗത്തെ കുഴപ്പം മൂർഛിച്ചുതന്നെയാണ വരുന്നതു്.

## നിയമം നടപ്പിലാക്കുന്നതിന്നുള്ള ഭരണയന്ത്രം

നിയമം പാസ്സാക്കുന്നതുപോലെതന്നെ പ്രധാനമാണ് അതു ശരിക്കു നടപ്പിൽ വരുത്തുകയെന്നതും. എന്നാൽ ഈ കാര്യത്തിൽ ഗുരുതരമായ വീഴ്ചയാണ് എല്ലാ സ്റ്റേററിലും കാണാൻ കഴിഞ്ഞിട്ടുള്ളതു്. ഇങ്ങിനെ വീഴ്ചവന്നിട്ടുള്ളതിന്ന് ഒട്ടനവധി കാരണങ്ങൾ ഭൂനയപാനലിന്റെ റിപ്പോർട്ടിൽ വിവരിക്കുന്നുണ്ട്. അവയിൽ പ്രധാനപ്പെട്ടവ താഴെ കൊടുക്കുന്നു.

(1) ഓരോ ഘട്ടത്തിലും പാസ്സാക്കപ്പെടുന്ന ഭൂപരിഷ്കാരനിയമങ്ങളിലെ വ്യവസ്ഥകളെപ്പററി ജനങ്ങൾക്കു വിവരമില്ലാഴ്മ.

(2) കൈവശത്തെസംബന്ധിച്ചും മററും ശരിയായ രേഖകളുടെ അഭാവം.

(3) നിയമം നടപ്പിൽ വരുത്തുന്നതിന്നു കാര്യക്ഷമതയുള്ള ഭരണയന്ത്രമില്ലാത്തതും, ഉള്ളതുതന്നെ ജന്മിപക്ഷപാതിയായിരിക്കുന്നതും.

(4) കുടിയാന്റെ സാമ്പത്തികവും സാമൂഹ്യവുമായ താഴ്ന്ന നില.

ഈ കുറവുകളെല്ലാം പരിഹരിച്ച് നിയമം ശരിക്കു നടപ്പിൽ വരുത്തുന്നതിന്നു നാട്ടുകാരുടെ സഹകരണം നേടിക്കൊണ്ടു പരിശ്രമിക്കേണ്ടതാണെന്നു രണ്ടാംപഞ്ചവത്സരപദ്ധതിയിൽ നിർദ്ദേശിച്ചിരുന്നു. ഈ കാര്യത്തിൽ വില്ലേജുപഞ്ചായത്തുകൾ, ബ്ലോക്ക് ഉപദേശകസമിതികൾ, ജില്ലാവികസനകൗൺസിലുകൾ എന്നിവയുടെ സഹകരണം സ്വീകരിക്കണമെന്നാണ് പദ്ധതിറിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നതു്. പ്രത്യേകിച്ച്, കൈവശത്തെ സംബന്ധിച്ച ശരിയായ രേഖകൾ തയ്യാറാക്കുക, ഒഴിപ്പിക്കൽ സംബന്ധിച്ചും പാട്ടബാക്കിസംബന്ധിച്ചും മററുമുള്ള തർക്കങ്ങൾ തീർക്കുക എന്നിങ്ങനെയുള്ള കാര്യങ്ങളിൽ പഞ്ചായത്തുകൾക്ക് പ്രധാനപ്പെട്ട പങ്കുവഹിക്കാൻ കഴിയുമെന്നു പ്ലാനിംഗ്കമ്മിഷൻ ചൂണ്ടിക്കാണിച്ചിരിക്കുന്നു. ഭൂപരിഷ്കാരം നടപ്പിലാക്കുന്നതിന്റെ അനുപേക്ഷണീയമായ പ്രാരംഭനടപടിയായി ഉടമാവകാശത്തേയും കൈവശാവകാശത്തേയും മററും പററിയുള്ള ശരിയായ രേഖകൾ തയ്യാറാക്കേണ്ടതാണെന്നു് പ്ലാനിംഗ്കമ്മിഷൻ ഊന്നി പ്രസ്താവിക്കുന്നുണ്ട്.

എന്നാൽ പ്ലാനിംഗ്കമ്മിഷന്റെ ഈ നിർദ്ദേശപ്രകാരം ജനപ്രതിനിധികളുടെ സഹകരണംതേടിക്കൊണ്ടു് ഭൂപരിഷ്കാരം നടപ്പിലാക്കാനുള്ള ശ്രമം ഒരു സ്റ്റേററിലും ഇതുവരെ ഉണ്ടായിട്ടില്ല. അതിന്റെ ഫലമായി നിയമം നടപ്പിലാക്കുന്ന പ്രവർത്തനം എല്ലാ സ്ഥലങ്ങളിലും വളരെ മന്ദഗതിയിലും കൃഷിക്കാരുടെ അവകാശങ്ങൾ പലപ്പോഴും നിഷേധിക്കപ്പെടുന്ന രീതിയിലുമാണ് നടക്കുന്നതു്.

## കാൺഗ്രസ്സ്ഗവണ്മെൻറിന്റെ ഭൂപരിഷ്കാര നടപടികളോടു് നമ്മുടെ സമീപനം എന്തായിരിക്കണം?

ഈ പരിഷ്കാരങ്ങളുടെ പരിമിതികളേയും അപര്യാപ്തതയേയുംപററി ജനങ്ങളുടെ ഇടയിൽ നന്നായി പ്രചാരവേല ചെയ്യുകയും നിയമങ്ങൾ കൂടുതൽ പുരോഗമനപരമാക്കിത്തീർക്കുന്നതിന്ന് പ്രക്ഷോഭണസമരങ്ങൾ സംഘടിപ്പിക്കുകയും വേണം. അതോടൊപ്പം നിയമത്തിന്റെ നല്ല വശങ്ങൾ വേഗം നടപ്പിലാക്കിക്കുന്നതിന്നു സഹായസഹകരണങ്ങൾ നൽകണം. ഈ നിയമങ്ങളിൽക്കൂടി കൃഷിക്കാർക്കു പൂർണ്ണമായ ആശ്വാസം സിദ്ധിക്കുമെന്നതരത്തിൽ അവരുടെയിടയിൽ വ്യാമോഹം സൃഷ്ടിക്കാതിരിക്കുകയും, നിയമംകൊണ്ടു് കൃഷിക്കാർക്ക് യാതൊരു ഗുണവുമില്ല എന്ന തികച്ചും നിഷേധാത്മകമായ നയം സ്വീകരിക്കാതിരിക്കുകയും വേണം.

# കാർഷികരംഗത്തെ നമ്മുടെ കടമകൾ എന്തെല്ലാം?

കർഷകപ്രസ്ഥാനത്തിൽ പൊതുവെ നമ്മുടെ ഇന്നത്തെ പ്രധാനപ്പെട്ട കടമ ജന്മി-നാടുവാഴിത്തവ്യവസ്ഥകളെ ഇല്ലായ്മചെയ്യുന്നതിനുവേണ്ടിയുള്ള സമരം തന്നെയാണ്. കൃഷിക്കാരനു തികച്ചും ഗുണകരമായ ഭൂനിയമങ്ങൾക്കുവേണ്ടിയുള്ള പ്രക്ഷോഭണങ്ങളിൽക്കൂടിയും നിയമം നടപ്പിലാക്കുന്നതിൽ സഹകരിച്ചും നാം ആ കടമ നിർവ്വഹിക്കണം. ഈ പ്രവർത്തനത്തിൽ വിപുലമായ കർഷകഐക്യം ഊട്ടിയുറപ്പിക്കാൻ പ്രത്യേകം ശ്രദ്ധിക്കുകയും വേണം.

എന്നാൽ ഇതുകൊണ്ടുമാത്രം കർഷകരംഗത്തു നമ്മുടെ കടമ അവസാനിക്കുന്നില്ല. കാർഷികപരിഷ്കാരത്തിനുവേണ്ടിയുള്ള സമരം വളരെ പ്രധാനപ്പെട്ടതാണെങ്കിൽതന്നെയും അതുകൊണ്ടുമാത്രം വിപുലമായ ഒരു കർഷകപ്രസ്ഥാനം കെട്ടിപ്പടുക്കാൻ കഴിയുകയില്ല. ഭൂനിയമങ്ങളോടൊപ്പം കൃഷിയുടെ നടത്തിപ്പിൽ നല്ലവിത്ത്, വളം, ജലസേചനം, വായ്പാസൗകര്യം, ഉല്പന്നം വിററഴിക്കാനുള്ള സൗകര്യം ഇങ്ങനെ പലതും കൃഷിക്കാർക്ക് വേണ്ടതുണ്ട്. ഭൂനിയമത്തിൽ പ്രത്യേകതാല്പര്യമില്ലാത്ത ഉടമാവകാശമുള്ള കൃഷിക്കാരുടെ കാര്യത്തിൽ രണ്ടാമതുപറഞ്ഞ കാര്യങ്ങളാണ് പ്രധാനപ്പെട്ടത്. ചെറുതരക്കാരനും, ഇടത്തരക്കാരനുമായ കർഷക ഭൂവുടമകൾ കേരളത്തിൽ ധാരാളമായുണ്ടെന്നകാര്യം നാം വിസ്മരിക്കരുത്. പ്രത്യേകിച്ച് തിരുവിതാംകൂർപ്രദേശത്തു കർഷകരിൽ ബഹുഭൂരിപക്ഷവും ഭൂമിയിൽ ഉടമസ്ഥാവകാശമുള്ളവരാണ്. അവരുടെ പ്രത്യേക പ്രശ്നങ്ങളെ കൈകാര്യം ചെയ്യാത്ത കാലത്തോളം ആ പ്രദേശങ്ങളിൽ കൃഷിക്കാരുടെ ശരിയായ ഒരു പ്രസ്ഥാനം വളരുകയില്ല. നാടുവാഴിത്തവിരുദ്ധപരിപാടിയിൽ നിൽപ്പ് ഉറപ്പിച്ചിട്ടുള്ള നമ്മുടെ കർഷകപ്രസ്ഥാനത്തിന് അതുകൊണ്ടുതന്നെയാണ് ഇതുവരെ ആ ഭാഗങ്ങളിൽ കൃഷിക്കാരുടെ ഇടയിൽ ആണ്ടിറങ്ങാൻ കഴിയാത്തതു.

കാർഷികപരിഷ്കാരം പൂർണ്ണമായും നടപ്പിൽവരുന്നതോടുകൂടി എല്ലാ സ്ഥലങ്ങളിലും ഈ സ്ഥിതിവിശേഷം വരികയുംചെയ്യും. അത്തരം സഹായങ്ങളിൽ ഉല്പാദനവർദ്ധനവിന്റെയും മാർക്കററിങ്ങിന്റെയും മററും കാര്യത്തിൽ കൃഷിക്കാർക്ക് ആവശ്യമായ സഹായം ലഭിക്കുന്നതിനുവേണ്ടിയായിരിക്കണം കർഷകപ്രസ്ഥാനം പ്രധാനമായും ശ്രദ്ധിക്കേണ്ടതു്. ഈ കാര്യത്തിൽ കാർഷിക സഹകരണസംഘങ്ങൾക്കു പ്രധാനപ്പെട്ട പങ്കുവഹിക്കാനുണ്ടെന്നു് മനസ്സിലാക്കിക്കൊണ്ട് കൃഷിക്കാരെ അവയിൽ കൊണ്ടുവരണം. ഈവക കാര്യങ്ങളിൽ ഭൂപരിഷ്കാരത്തിന്റെകാര്യത്തിലെന്നപോലെ ഗവൺമെൻറുനടപടികളുടെ അപര്യാപ്തതകൾക്കെതിരായ പ്രവർത്തനവും ഉള്ളവ കൃഷിക്കാർക്കുമുഴുവൻ കിട്ടുമാറാക്കുന്നതിനുള്ള പ്രവർത്തനവും ഒപ്പമൊപ്പം നടത്തണം.

അതേ അവസരത്തിൽ ഇതെല്ലാം എത്ര ഭംഗിയായി നടത്തിയാലും എല്ലാ കൃഷിക്കാർക്കും പൂർണ്ണമായി രക്ഷകിട്ടുകയില്ല എന്നു് നാം ശരിക്കും ധരിച്ചിരിക്കണം. ഒന്നാമതു്, മുതലാളിവർഗ്ഗം അധികാരം കയ്യടക്കിവച്ചിരിക്കുന്ന ഇന്നത്തെ സാമൂഹ്യ വ്യവസ്ഥയിൽ മുതലാളിവർഗ്ഗത്തിന്റെ താല്പര്യം സംരക്ഷിക്കുന്നതരത്തിലുള്ള നയപരിപാടികളായിരിക്കും ഓരോ കാര്യത്തിലും ആവിഷ്കരിക്കപ്പെടുക. അതു സ്വാഭാവികമായും ബഹുഭൂരിപക്ഷം അദ്ധ്വാനിക്കുന്ന ജനങ്ങളുടെ താല്പര്യത്തിനെതിരായിരിക്കും. ഗവൺമെൻറുനിലവാരത്തിൽ കൃഷിവികസനത്തിനുവേണ്ടി നല്കപ്പെടുന്ന സഹായങ്ങൾ ധനികകൃഷിക്കാരായിരിക്കും പ്രധാനമായും കയ്യടക്കുക. കാർഷികോല്പന്നങ്ങളുടെ മാറിക്കൊണ്ടിരിക്കുന്ന വില, നിത്യോപയോഗസാധനങ്ങളുടെ കയറിക്കൊണ്ടിരിക്കുന്ന വില, കൈവശമുള്ള ഭൂമിയുടെ പരിമിതി, മററു തൊഴിൽ സാഹചര്യങ്ങളുടെ അഭാവം ഇങ്ങിനെ പല കാരണങ്ങളെക്കൊണ്ടും കാർഷികത്തൊഴിലാളികളും ചെറുതരക്കാരും ഇടത്തരക്കാരുമായ കൃഷിക്കാരും ഇനിയും കൂടുതലായി വിഷമിക്കാനാണു പോകുന്നതു്.

തൊഴിലാളിവർഗ്ഗവും കർഷകരും യോജിച്ചുകൊണ്ട് മുതലാളിവർഗ്ഗത്തെ പരാജയപ്പെടുത്തി ഭരണാധികാരം ഏറെറടുക്കുകയും ഉല്പാദനോപകരണങ്ങളിലുള്ള സ്വകാര്യ ഉടമ അവസാനിപ്പിച്ച് ഒരു സോഷ്യലിസ്റ്റ് സാമൂഹ്യക്രമം കെട്ടിപ്പടുക്കുകയുമാണ് തൊഴിലാളികളുടെയെന്നപോലെ കൃഷിക്കാരുടെയും

ശാശ്വതമായ രക്ഷയ്ക്കുള്ള ഏകമാർഗ്ഗമെന്നു് അവരെ ബോദ്ധ്യപ്പെടുത്താൻ കമ്മ്യൂണിസ്റ്റുകാർ ശ്രമം ചെയ്യണം.

ഈ കാര്യങ്ങളെല്ലാം ഒറ്റയടിക്കു് പ്രചരിപ്പിക്കേണ്ടവയല്ല. സ്വന്തമായ ഒരു തുണ്ടു ഭൂമിക്കുവേണ്ടി എത്രയോകാലമായി കൊതിച്ചുകൊണ്ടിരിക്കുന്ന കൃഷിക്കാരനോടു് സോഷ്യലിസം വന്നാലേ അയാൾക്കു് രക്ഷയുള്ളുവെന്നു പറഞ്ഞാൽ അയാൾക്കു് അതു് ബോദ്ധ്യമാവുകയില്ല. അതുകൊണ്ടു് ഭൂമി കൃഷിക്കാരനു് കിട്ടുന്നതിനുള്ള പ്രവർത്തനമാണു് ഇന്നു നടത്തേണ്ടതു്. എന്നാൽ കാർഷികത്തൊഴിലാളികൾ, ചെറുതരക്കാരും ഇടത്തരക്കാരുമായ കൃഷിക്കാർ എന്നീ കർഷകവിഭാഗങ്ങൾക്കു് ഇന്നത്തെ വ്യവസ്ഥയിൻകീഴിൽ രക്ഷയില്ലാ എന്ന അനുഭവം ക്രമേണ അവരെ മനസ്സിലാക്കിക്കൊടുക്കുകയും അതിനനുസരിച്ചു് അവരുടെ രാഷ്ട്രീയബോധം ഉയർത്തുകയും സോഷ്യലിസ്റ്റു് സാമൂഹ്യ വ്യവസ്ഥയെക്കുറിച്ചു് ചിന്തിക്കാൻ അവരെ പഠിപ്പിക്കുകയും ചെയ്യേണ്ടതു് കമ്മ്യൂണിസ്റ്റുകാരുടെ കടമയാണു്.

## കർഷകപ്രസ്ഥാനം ശക്തിപ്പെടുത്തേണ്ടതിന്റെ ആവശ്യകതയും പ്രാധാന്യവും

കമ്മ്യൂണിസ്റ്റ് പാർട്ടി തൊഴിലാളിവർഗ്ഗത്തിന്റെ രാഷ്ട്രീയപ്പാർട്ടിയാണു്. എന്നാൽ തൊഴിലാളിവർഗ്ഗം ഒറ്റയ്ക്കുനിന്നല്ല അതിന്റെ ലക്ഷ്യത്തിനുവേണ്ടി പോരാടുന്നതു്. തൊഴിലാളികളെപ്പോലെതന്നെ സമ്പത്തു് ഉല്പാദിപ്പിക്കുന്നതിൽ മുഖ്യപങ്കുവഹിക്കുന്നവരും ചൂഷിതരും കഷ്ടപ്പെടുന്നവരുമായ ജനസംഖ്യയിൽ വലിയ ഒരുവിഭാഗം വരുന്ന കൃഷിക്കാരുമായി സമരസഖ്യത്തിൽ ഏർപ്പെട്ടുകൊണ്ടുമാത്രമേ തൊഴിലാളിവർഗ്ഗത്തിനു ജനാധിപത്യ-സോഷ്യലിസ്റ്റ് വിപ്ലവം വിജയത്തിലെത്തിക്കാനും ലക്ഷ്യം നേടാനും കഴിയുകയുള്ളൂ. തൊഴിലാളിവർഗ്ഗത്തിന്റെ നേതൃത്വത്തിൽ നടത്തപ്പെടുന്ന ഏതു വിപ്ലവത്തിന്റേയും വിജയത്തിന്നാടിസ്ഥാനം തൊഴിലാളി-കർഷകസഖ്യമാണു്. സോവിയറ്റുയൂണിയന്റെയും മററു് എല്ലാ സോഷ്യലിസ്റ്റ് രാജ്യങ്ങളുടേയും അനുഭവപാഠങ്ങൾ ഈ കാര്യത്തിൽ നമുക്കു് മാർഗ്ഗദർശകമായുണ്ടു്. വ്യാവസായികമായി പിന്നണിയിൽകിടക്കുക, ജനങ്ങളുടെ പ്രധാന ജീവിതമാർഗ്ഗം കൃഷിയായിരിക്കുക, നാടുവാഴിത്തപരമായ ഭൂവുടമബന്ധം നിലനില്ക്കുക എന്നിങ്ങനെയുള്ള സവിശേഷതകളോടുകൂടിയ വിദേശാധിപത്യത്തിൽനിന്നു് അടുത്തകാലത്തുമാത്രം സ്വാതന്ത്ര്യം നേടിയിട്ടുള്ള പിന്നോക്കരാജ്യങ്ങളെ സംബന്ധിച്ചിടത്തോളം, ജനാധിപത്യത്തിന്റെ വിജയത്തിനു് കൃഷിക്കാർക്കു വഹിക്കാനുള്ള പങ്കു് എത്രയും വമ്പിച്ചതാണു്. 81 കമ്മ്യൂണിസ്റ്റ് പാർട്ടികളുടെ സമ്മേളനം അംഗീകരിച്ച പ്രമേയത്തിൽ ഇങ്ങിനെയുള്ള രാജ്യങ്ങളെ സംബന്ധിച്ചിടത്തോളം അവയുടെ മുമ്പിലുള്ള മുഖ്യകടമ, തങ്ങൾ നേടിയ ദേശീയ സ്വാതന്ത്ര്യം കൂടുതൽ സുദൃഢമാക്കുകയും, കർഷകജനതയ്ക്കു് യാഥാർത്ഥത്തിൽ നന്മ ലഭിക്കുന്നതിനുതകുന്നവിധം കാർഷികപരിഷ്ക്കാരം നടപ്പിൽ വരുത്തുകയും ചെയ്കയെന്നതാണെന്നു പ്രസ്താവിച്ചിരിക്കുന്നു. ഇതു സാധിക്കുന്നതിനു് രൂപീകരിക്കേണ്ട വിശാലമായ ദേശീയ-ജനാധിപത്യമുന്നണിയുടെ കാതൽ തൊഴിലാളി-കർഷകസഖ്യമായിരിക്കണമെന്നും പ്രമേയത്തിൽ ഊന്നിപ്പറയുന്നു.

മേൽപറഞ്ഞ കാര്യങ്ങളെല്ലാം ഇന്ത്യയ്ക്കും ബാധകമാണു്. വിജയവാഡാ പാർട്ടികോൺഗ്രസ് അംഗീകരിച്ച രാഷ്ട്രീയപ്രമേയത്തിൽ അതു വ്യക്തമാക്കിയിട്ടുണ്ടു്. "തൊഴിലാളി-കർഷകസഖ്യമാണു് ദേശീയ ജനാധിപത്യമുന്നണിയുടെ കാതലും ആണിക്കല്ലും. ആ സഖ്യം വാർത്തെടുക്കാനുള്ള പ്രധാനപ്പെട്ട മാർഗ്ഗങ്ങളിലൊന്നു് കർഷകജനതയെ സംഘടിപ്പിക്കാൻ തൊഴിലാളിവർഗ്ഗത്തിന്റെ പാർട്ടി എടുക്കുന്ന മുൻകയ്യാണു്" എന്നു രാഷ്ട്രീയപ്രമേയത്തിൽ പറയുന്നു.

കർഷകമുന്നണിയിലെ നമ്മുടെ കടമകളെ പ്രമേയത്തിൽ ഇങ്ങനെ വിവരിക്കുന്നു:—"നാടുവാഴിത്തത്തിന്റെ അവശിഷ്ടങ്ങളവസാനിപ്പിക്കുക, നിലം ശരിയായനിലയിൽ മാററി പങ്കിടുക, ഉൾനാട്ടിലെ സാമൂഹ്യജീവിതത്തെ ജനാധിപത്യവൽക്കരിക്കുക, കൃഷിയിൽ ഉല്പാദനാഭിവൃദ്ധിയെ കെട്ടഴിച്ചുവിടുക, കർഷകബഹുജനങ്ങളുടേയും കർഷകത്തൊഴിലാളികളുടേയും ജീവിതസാഹചര്യങ്ങൾ മൗലികമായി ഉയർത്തുക." ഈ ലക്ഷ്യം നേടുന്നതിനുവേണ്ടിയുള്ള സമരത്തിൽ കൃഷിക്കാരിൽ ഏതെല്ലാം വിഭാഗങ്ങളെ നമ്മുടെകൂടെ അണിനിരത്താം എന്നതിനെപ്പററി പ്രമേയത്തിൽ ഇങ്ങനെ പറയുന്നു:—"ഈ പ്രക്ഷോഭണങ്ങളിലും സമര

ങ്ങളിലും കർഷകത്തൊഴിലാളികൾ, പങ്കുപാട്ടക്കാർ, ദരിദ്രകൃഷിക്കാർ എന്നിവരായിരിക്കും ഏററവും ഉറച്ച, ഏററവും വിശ്വാസയോഗ്യമായ ശക്തികൾ. എന്നാൽ ഇടത്തരക്കാരായ കൃഷിക്കാരെ നിർണ്ണായകമായ വിധത്തിൽ നമ്മുടെ പക്ഷത്തേക്കു നേടുകയും, പ്രത്യേകപ്രശ്നങ്ങളിൽ ധനികകൃഷിക്കാരെ കഴിയുന്നത്ര വിപുലമായ തോതിൽ പൊതുവായ പ്രവത്തനങ്ങളിലേക്കാകർഷിക്കുകയും ചെയ്യേണ്ടതത്യാവശ്യമാണ്."

അപ്പോൾ രാഷ്ട്രീയപ്രമേയത്തിൽ പറയുന്ന ലക്ഷ്യം സാധിക്കുന്നതിന് ബഹുഭൂരിപക്ഷംവരുന്ന കൃഷിക്കാരെ സംഘടിപ്പിക്കുകയും, അവരുമായി തൊഴിലാളിവർഗ്ഗം സഖ്യം ഊട്ടിയുറപ്പിക്കുകയുംവേണം. എന്നാൽ കൃഷിക്കാരുടെയിടയിൽ ഇന്നു നമുക്കുള്ള സ്വാധീനത വളരെ പരിമിതമാണെന്ന യാഥാർത്ഥ്യം ഇവിടെ മുഴച്ചു നില്ക്കുന്നു. പാർട്ടിപ്രമേയത്തിൽ പറയുന്നതു്, "ധനികകൃഷിക്കാരുടേയും ഇടത്തരംകൃഷിക്കാരുടേയും ഒരു വലിയ വിഭാഗംമാത്രമല്ല, ദരിദ്രകൃഷിക്കാരുടേയും കർഷകത്തൊഴിലാളികളുടേയും ഒരു വിഭാഗവും ഇന്നു കോൺഗ്രസ്സിന്റെ സ്വാധീനശക്തിയിലാണ്" എന്നാണ്. ഈ ദൗർബല്യം പരിഹരിക്കുന്നതിന് എങ്ങനെയാണു പ്രവർത്തിക്കേണ്ടതെന്നു പ്രമേയത്തിൽ വ്യക്തമാക്കിയിട്ടുണ്ട്.

(പേജ് 53—മലയാളം)

## കാർഷികരംഗത്തുള്ള വിവിധവർഗ്ഗങ്ങൾ

കാർഷികത്തൊഴിലാളി, ദരിദ്രകർഷകൻ, ഇടത്തരം കർഷകൻ, ധനികകർഷകൻ ഈ ഓരോ വിഭാഗത്തോടും പ്രസ്ഥാനത്തിന്റെ നിലപാട് എന്തായിരിക്കണം?

പാർട്ടിപ്രമേയത്തിൽ പറയുന്ന ദേശീയജനാധിപത്യകടമകൾ നിവ്വഹിക്കുന്നതിനു രൂപീകരിക്കപ്പെടുന്ന ദേശീയജനാധിപത്യമുന്നണി ഏററവും വിശാലമായതാണ്. സാമ്രാജ്യത്വവിരുദ്ധവും ഫ്യൂഡൽവിരുദ്ധവുമായ എല്ലാ ശക്തികൾക്കും ആ മുന്നണിയിൽ സ്ഥാനമുണ്ടായിരിക്കും. ഈ മുന്നണിയുടെ പ്രധാനഭാഗമായ കർഷകപ്രസ്ഥാനം ഫ്യൂഡലിസത്തിനെതിരായ എല്ലാത്തരം കൃഷിക്കാരും ഉൾക്കൊള്ളുന്നതായിരിക്കും. കാർഷികത്തൊഴിലാളി മുതൽ ധനികകഷകൻ വരെ എല്ലാ കഷകവിഭാഗങ്ങളെയും ഉൾക്കൊള്ളുന്നതായിരിക്കണം. ഈ കാലഘട്ടത്തിൽ നമ്മുടെ കർഷകപ്രസ്ഥാനം എന്നു ചുരുക്കം. എന്നാൽ പ്രസ്ഥാനത്തിൽ എല്ലാ കർഷകവിഭാഗങ്ങൾക്കും ഉള്ള പങ്കും പ്രാധാന്യവും ഒരുപോലെയല്ല. ഇന്നത്തെ സമുദായത്തിൽ ഏററവും കൂടുതലായി അവശത അനുഭവിക്കുന്ന കാർഷികത്തൊഴിലാളികളും, ദരിദ്രകർഷകരുമായിരിക്കണം പ്രസ്ഥാനത്തിന്റെ അടിസ്ഥാനം. ഇന്നത്തെ ഗവണ്മെന്റിന്റെ ഭൂപരിഷ്കാരനിയമങ്ങൾ കൊണ്ടും, വികസനപ്രവത്തനങ്ങൾകൊണ്ടും ഏററവും ചുരുക്കമായി ആനുകൂല്യം സിദ്ധിക്കുന്ന വിഭാഗമാണിവർ. ഇവക്ക് ഈ ഭരണത്തെക്കുറിച്ചുള്ള വ്യാമോഹവും താരതമ്യേന കുറവായിരിക്കും. ഈ വിഭാഗങ്ങളോടൊപ്പം ഇടത്തരം കഷകരേയും പ്രസ്ഥാനത്തിൽ പ്രധാനപങ്കാളികളായി അണിനിരത്താൻ നമുക്കു കഴിയണം. ദൈനംദിനജീവിതത്തിൽ ധാരാളം കഷ്ടപ്പാടുകൾ അനുഭവിക്കുന്നവരാണെങ്കിലും കുറച്ചു മിച്ചംപിടിച്ചു ധനികനാകാനുള്ള വ്യാമോഹം ഇവരിൽ പലക്കും ഉണ്ടായിരിക്കും. പക്ഷെ ജീവിതാനുഭവങ്ങൾ അവരുടെ ആശ അസ്ഥാനത്താണെന്നു തെളിയിക്കുന്നതാണ്. അങ്ങിനെ അവരും പ്രസ്ഥാനത്തിന്റെ സജീവഭാഗമായിത്തീരുന്നു. ധനികകർഷകരെ സംബന്ധിച്ചിടത്തോളം പ്രസ്ഥാനത്തിന്റെ ജന്മിവിരുദ്ധപരിപാടിയിൽ താല്പര്യമുള്ളവരായിരിക്കും. എത്രത്തോളം അവർ പ്രസ്ഥാനത്തെ അനുകൂലിക്കും. എന്നാൽ പരിധിനിർണ്ണയം തുടങ്ങിയ പരിപാടികളോടു അവരിൽ ഒരു വിഭാഗത്തിനു് എതിർപ്പായിരിക്കും. കാർഷികത്തൊഴിലാളികൾക്കു ന്യായമായ കൂലികൊടുക്കുന്ന കാര്യത്തിലും ഇവരിൽ പലരും എതിരായിരിക്കും. അങ്ങിനെ ധനികകൃഷിക്കാർ പ്രസ്ഥാനത്തിൽ ഉറച്ചു നില്ക്കുന്ന ഒരു വിഭാഗമായിരിക്കുകയില്ല. പ്രസ്ഥാനത്തിനകത്തുതന്നെ ഐക്യവും സമരവും എന്ന കാഴ്ചപ്പാടായിരിക്കണം ധനികകഷകരെ സംബന്ധിടത്തോളം നമുക്കുണ്ടായിരിക്കേണ്ടതു്.

ഈ പറഞ്ഞതെല്ലാം പിന്നോക്കംകിടക്കുന്ന ഏതു രാജ്യത്തേക്കും ബാധകമായ പൊതുതത്വങ്ങൾമാത്രമാണ്. ഈ തത്വങ്ങളെ ആധാരമാക്കി ഓരോ സ്ഥലത്തേയും പ്രത്യേകതകളെ കണക്കിലെടുത്തുകൊണ്ടു് സമൂർത്തമായ അപഗ്രഥ

നങ്ങൾ നടത്തുകയും കർഷകരിലുള്ള വിവിധവിഭാഗങ്ങളുടെ സ്വഭാവവും അവരോടുള്ള സമീപനവും നിർണ്ണയിക്കുകയും ചെയ്യേണ്ടതു് അതാതു പാർട്ടികളുടെ കടമയാണു്. എന്നാൽ പ്രശ്നത്തിലേക്കു് അങ്ങിനെ ആണ്ടുപോകാൻ ഇന്ത്യൻ പാർട്ടിക്കോ നമ്മുടെ സംസ്ഥാനപാർട്ടിക്കമ്മിററിക്കോ കഴിഞ്ഞിട്ടില്ല.

കാർഷികത്തൊഴിലാളികളെ സംബന്ധിച്ചിടത്തോളം അവരെ തരംതിരിക്കാൻ വിഷമമില്ല. ജീവിതത്തിനുള്ള പ്രധാന വരുമാനം കാർഷികത്തൊഴിലിൽനിന്നു കിട്ടുന്ന കൂലിയായിട്ടുള്ളവരെയെല്ലാം കാർഷികത്തൊഴിലാളികളായി പരിഗണിക്കാം.

കൃഷിക്കാരെ തരംതിരിക്കുന്നതിനു പ്ലാനിംഗ്കമ്മീഷന്റെ ഭൂനയപാനൽ ചില പൊതുതത്വങ്ങൾ ആവിഷ്കരിച്ചിട്ടുണ്ടു്. അതിപ്രകാരമാണു്. 1) Basic holding, (2) family holding, (3) ceiling limit. 400 ക. വാർഷികവരുമാനം കിട്ടുന്ന ഭൂമിയായിരിക്കും basic holding; ഇതിന്റെ മൂന്നിരട്ടി family holding. മൂന്നു് family holding കൂടിയാൽ ceiling limit. സ്വന്തം കൃഷിക്കു് ഒഴിപ്പിക്കാൻ ജന്മിയെ എത്രത്തോളം അനുവദിക്കാം എന്നു പരിശോധിക്കുന്നതിനാണു് കുടിയാനു് ഇങ്ങനെ ചില നിർവ്വചനങ്ങൾ അവർ നൽകിയതു്. ഈ നിർവ്വചനത്തെ ആധാരമാക്കിക്കൊണ്ടു് കേരളത്തിലെ കഷകവർഗ്ഗങ്ങളെ താഴെപ്പറയുന്നവിധത്തിൽ തരംതിരിച്ചാൽ ഒരുവിധം ശരിയായിരിക്കുമെന്നു തോന്നുന്നു:

| | |
|---|---|
| 2 basic holding വരെ: | ചെറുകഷ്കർ |
| 2 basic holding-നും 2 family holding-നും ഇടയ്ക്കുള്ളവർ: | ഇടത്തരംകഷ്കർ |
| 2 family hoiding-ൽ കൂടുതൽ ഉള്ളവർ: | ധനികകഷ്കർ |

ഏക്കറിന്റെ അടിസ്ഥാനത്തിൽ തരംതിരിച്ചാൽ ഇതു് ഏതാണ്ടു ക്രമപ്രകാരം മൂന്നര ഏക്കർ, പത്തു് ഏക്കർ, പത്തേക്കറിനുമേൽ എന്നീ തോതിൽ വരും. ഏതായാലും ഈ കാര്യത്തിൽ നാം കുറേക്കൂടി പ്രശ്നത്തിലേയ്ക്കു് ആണ്ടിറങ്ങി പഠിക്കേണ്ടതു് ആവശ്യമാണു്. ഇവിടെ ഇപ്പോൾ വച്ചിട്ടുള്ള നിർദ്ദേശങ്ങൾ സഖാക്കളുടെ ചർച്ചയ്ക്കും പരിശോധനയ്ക്കും വേണ്ടി മാത്രമാണു്.

## വിപുലമായ കർഷകപ്രസ്ഥാനം

കർഷകപ്രസ്ഥാനത്തിൽവരുന്ന കൃഷിക്കാരെ രാഷ്ട്രീയമായി വളർത്തുക എന്ന കടമ പാർട്ടി നിർവ്വഹിക്കുന്നതു്, എല്ലാ രാഷ്ട്രീയാഭിപ്രായക്കാരും വിഭാഗക്കാരുമായ കർഷകരെ ഉൾക്കൊള്ളുന്ന വിപുലമായ കഷകപ്രസ്ഥാനം കെട്ടിപ്പടുക്കുന്നതിനു് തടസ്സമാകുന്ന തരത്തിലാവരുതു്. ഇന്നു നമ്മുടെ മുമ്പിലുള്ള മുഖ്യകടമ എത്രയും വിപുലമായ ഒരു കർഷകപ്രസ്ഥാനം കെട്ടിപ്പടുക്കുക എന്നതുതന്നെയാണു്. അതിനു സഹായകമാകുന്ന തന്ത്രവും, അടവും, മുദ്രാവാക്യങ്ങളും സമീപനവും പാർട്ടി കർഷകപ്രസ്ഥാനത്തിൽ സ്വീകരിക്കണം. കേരളത്തിലെ കാർഷികപ്രശ്നത്തിന്റെ സങ്കീർണ്ണസ്വഭാവത്തെ കണക്കിലെടുത്തുകൊണ്ടു് ഓരോ സ്ഥലത്തേയ്ക്കും പ്രത്യേകരീതിയിലുള്ള മുദ്രാവാക്യങ്ങൾ കർഷകപ്രസ്ഥാനം ആവിഷ്കരിക്കേണ്ടിവരും. ചില സ്ഥലത്തു് കുടിയായ്മപ്രശ്നമായിരിക്കും ഭൂരിപക്ഷം കൃഷിക്കാർക്കും താല്പര്യമുള്ള കാര്യമെങ്കിൽ മററു ചില സ്ഥലത്തു് കാർഷികോല്പന്നങ്ങൾക്കു ന്യായമായ വില കിട്ടണം എന്ന കാര്യത്തിനായിരിക്കും പ്രാധാന്യം. വേറെ ചില സ്ഥലത്തു് കൃഷിവികസനത്തിനുവേണ്ട സഹായം നേടുന്ന കാര്യത്തിലായിരിക്കും മുഴുവൻ കൃഷിക്കാരേയും യോജിപ്പിക്കാൻ കഴിയുക. ഈ പ്രത്യേകതകൾ മനസ്സിലാക്കി പ്രവർത്തിക്കാൻ കഴിയുന്നതിലാണു് പ്രസ്ഥാനത്തിന്റെ വളർച്ച പ്രധാനമായും ഇന്നു സ്ഥിതിചെയ്യുന്നതു്. അതോടൊപ്പം രാഷ്ട്രീയമായി കമ്മ്യൂണിസ്റ്റുപാർട്ടിയോടു് എതിർപ്പുള്ള നല്ല ഒരുവിഭാഗം കൃഷിക്കാർ ഇന്നു് ഇവിടെയുണ്ടു്. അവർ മററു രാഷ്ട്രീയാഭിപ്രായക്കാരോ കത്തോലിക്കാപ്പള്ളിയുടെ സ്വാധീനതയിൽ ഉള്ളവരോ ആയിരിക്കാം. അങ്ങിനെയുള്ള കൃഷിക്കാരുമായി പ്രശ്നങ്ങളുടെ അടിസ്ഥാനത്തിൽ യോജിച്ചു ഫലപ്രദമായി പ്രവർത്തിക്കാൻ കഴിയുന്നതിലാണു്, കർഷകപ്രസ്ഥാനത്തിൽ പാർട്ടിയുടെ പ്രവർത്തനത്തിന്റെ വിജയം സ്ഥിതിചെയ്യുന്നതു്. എന്നാൽ ഇതിനു സഹായകമല്ലാത്ത ചിന്താഗതിയും സമീപനവും പ്രവർത്തനവും പാർട്ടിമെമ്പർമാരിൽ ഇന്നു ധാരാളമായി കാണുന്നുണ്ടു്. കർഷകയോഗങ്ങളിൽ പാർട്ടിപ്ലാററുഫോമിൽനിന്നു പ്രസംഗിക്കുന്നപോലെ മററു പാർട്ടികളെ എതിർത്തുകൊണ്ടു് പ്രസംഗിക്കുക, മററു രാഷ്ട്രീയാഭിപ്രായക്കാർക്കു യോജിക്കാൻ കഴിയാത്ത പ്രശ്നങ്ങളെ സംബന്ധിച്ചുള്ള

പ്രമേയങ്ങൾ കർഷകസംഘങ്ങൾ പാസ്സാക്കുക, കമ്മ്യൂണിസ്റ്റ്പാർട്ടി ആഫീസി ന്റെ ഭാഗമായി കർഷകസംഘത്തിന്റെ ആഫീസ് നടത്തുക. ഇതെല്ലാം തെററായ നമ്മുടെ പ്രവർത്തനരീതികളുള്ള ചില ഉദാഹരണങ്ങളാണ്. ഈ തെററു തിരുത്തുന്നതിന്ന് കൃഷിക്കാരുടെ ഇടയിൽ പ്രവർത്തിക്കുന്ന പാർട്ടിമെമ്പറന്മാർ വളരെ ബോധപൂർവ്വം ശ്രമിക്കേണ്ടതുണ്ട്. അങ്ങിനെ നാം പ്രവർത്തിക്കുകയാണെങ്കിൽ കൃഷിക്കാരെ രാഷ്ട്രീയത്തിന്റേയും മതത്തിന്റേയും മററും പേരിൽ ചേരിതിരിച്ചു നിർത്തിയിട്ടുള്ള ഇന്നത്തെ സ്ഥിതിവിശേഷം പാടെ മാററിനിർത്താൻ കഴിയുമെന്നതിന്ന് അമരാവതി-കൊട്ടിയൂർസമരങ്ങളുടെ അനുഭവങ്ങൾ തെളിവാണ്.

ഒരു സുശക്തമായ കർഷകപ്രസ്ഥാനം കെട്ടിപ്പട്ടുക്കുന്നതിന്ന് അനുകൂലമായ എല്ലാ സാഹചര്യങ്ങളും ഇന്നു നമ്മുടെ നാട്ടിലുണ്ട്. മുകളിൽപറഞ്ഞ കാര്യങ്ങളെല്ലാം കണക്കിലെടുത്തുകൊണ്ട് ഈ അനുകൂലസാഹചര്യം ശരിയായവിധം പ്രയോജനപ്പെടുത്താൻ പാർട്ടി ഒന്നാകെ ഒന്നു നീങ്ങുകയേ വേണ്ടൂ.

# അദ്ധ്യായം പന്ത്രണ്ട്

## പാർട്ടിശാഖാസെക്രട്ടറിമാരുടെ ചുമതലകൾ

1. കമ്മ്യൂണിസ്റ്റ്പാർട്ടിയിൽ അടിസ്ഥാനഘടകങ്ങൾക്കുള്ള പ്രാധാന്യത്തേയും സ്ഥാനത്തേയും ശരിക്കും മനസ്സിലാക്കുകയും ആ പ്രാധാന്യത്തിനും സ്ഥാനത്തിനുമനുസരിച്ച് പാർട്ടിയുടെ അടിസ്ഥാനഘടകത്തെ പ്രവത്തിപ്പിക്കുന്നതിൽ ശാഖാസെക്രട്ടറിമാക്കുള്ള ചുമതലകൾ നിർവ്വചിക്കുകയും ചെയ്യണമെങ്കിൽ, കമ്മ്യൂണിസ്റ്റ്കാർ ആ വാക്കിന്റെ യഥാത്ഥമായ അത്ഥത്തിൽ തൊഴിലാളിവർഗ്ഗത്തിന്റെ രാഷ്ട്രീയപ്പാർട്ടിയും മുന്നണിവിഭാഗവുമായിത്തീരുന്നതിന്ന് ബഹുജനങ്ങളുമായി ഏററവുമടുത്തു ബന്ധപ്പെടുകയും അവരുടെ പിന്തുണ്ണനേടുകയും ചെയ്യണമെന്ന സത്യം എപ്പോഴും ഓർക്കണം. "ന്യൂനപക്ഷത്തെന്ന് ബഹുജനങ്ങളെ നയിക്കാൻ കഴിയുന്നില്ലെങ്കിൽ, അവരുമായി അടുത്തു ബന്ധപ്പെടാൻ സാധിക്കുന്നില്ലെങ്കിൽ, അവർ സ്വയം ഒരു പാർട്ടിയാണെന്ന് അവകാശപ്പെട്ടാലും, ഒരു പാർട്ടിയായിത്തീരുകയില്ല, അതിന്ന് യാതൊരു വിലയും ഉണ്ടാവുകയുമില്ല" എന്നും; "സ്വയം മുന്നണിവിഭാഗമാണ്, ഏററവും പുരോഗമിച്ച വിഭാഗമാണ് എന്നു വിളിച്ചതുകൊണ്ടായില്ല; അത്തരത്തിൽ നാം പ്രവത്തിക്കണം; നാം മുന്നണിയിൽ മാർച്ചുചെയ്യുകയാണെന്ന് മറെറല്ലാ വിഭാഗങ്ങൾക്കും കാണാൻ കഴിയുകയും സമ്മതിക്കാൻ തോന്നുകയും ചെയ്യുന്നതരത്തിൽ നാം പ്രവത്തിക്കണ"മെന്നും ലെനിൻ നിഷ്ക്കഷിക്കുന്നുണ്ട്.

ഇതെങ്ങിനെ സാധിക്കും? എവിടെ ബഹുജനങ്ങളുണ്ട് അവിടെയെല്ലാം കമ്മ്യൂണിസ്ററുകാർ പ്രവത്തിക്കണം. കമ്മ്യൂണിസ്റ്റ്പാർട്ടിക്ക് ഒരു അടിസ്ഥാനപരിപാടിയുണ്ട്; തൊഴിലാളികളുടെ മമ്മപ്രധാനതാല്പര്യങ്ങൾക്കു തികച്ചും യോജിച്ച പാർട്ടിലക്ഷ്യങ്ങൾ ശാസ്ത്രീയമായി വിവരിക്കുന്നതാണ് ആ പരിപാടി. അതു് ജനങ്ങളെ ബോദ്ധ്യപ്പെടുത്തണം; അദ്ധ്വാനിക്കുന്ന ജനങ്ങളുടെ സമരത്തിന്റെ അന്തിമലക്ഷ്യങ്ങളെന്തെന്ന് അവക്ക് മനസ്സിലാവുന്ന രീതിയിൽ വിവരിച്ചുകൊടുക്കണം. അതേസമയം ജനസാമാന്യത്തിന്റെ അടിയന്തിരാവശ്യങ്ങൾ തൃപ്തിപ്പെടുത്താനുള്ള സമരത്തിന്റെ ഒരു അടിയന്തിരപരിപാടിയും പാർട്ടിക്കുണ്ടായിരിക്കണം.

ഇവിടെയാണ് ബഹുജനസംഘടനകളുടെ പ്രാധാന്യം കിടക്കുന്നതു്—ട്രേഡ്യൂണിയനുകൾ, കഷകസംഘങ്ങൾ, കഷകത്തൊഴിലാളിസംഘടനകൾ, സഹകരണസംഘങ്ങൾ, മഹിളാ-യുവജനസംഘടനകൾ മുതലായവയുടെയെല്ലാം ഈ സംഘടനകളെ സ്വാതന്ത്ര്യസംഘടനകളായി വളത്താനാണ് കമ്മ്യൂണിസ്റ്റ്കാർ ശ്രമിക്കുന്നതു്. ഓരോ ബഹുജനസംഘടനയും അതിന്റെ പ്രത്യേകമായ ചുമതലകൾ ഫലപ്രദമായി നിറവേററണമെന്നും ഓരോ ബഹുജനസംഘടനയിലും പ്രവത്തിക്കുന്ന കമ്മ്യൂണിസ്റ്റ്കാർ ആ സംഘടനയുടെ അച്ചടക്കവും ചട്ടങ്ങളും

തീരുമാനങ്ങളും ആദരിക്കണമെന്നും കമ്മ്യൂണിസ്റ്റ്കാർ നിഷ്ക്കർഷിക്കുന്നു. ബഹുജന സംഘടനകൾവഴിക്കാണ് പാർട്ടി ബഹുജനങ്ങളുമായി അടുത്തബന്ധം പുലർത്തുന്നതു്. ഇററലിയിൽ കമ്മ്യൂണിസ്റ്റ്പാർട്ടിയുടെ വിപുലമായ ബഹുജനാടിസ്ഥാനം നിരവധി ജനാധിപത്യ സംഘടനകളാണ്—ഇററലിയിലെ തൊഴിലാളികളിൽ ഭൂരിപക്ഷത്തെ ഉൾക്കൊള്ളുന്ന ഇററാലിയൻ ജനറൽലേബർ കൺഫെഡറേഷൻ, കൃഷിക്കാരുടേയും കർഷകത്തൊഴിലാളികളുടേയും നാഷനൽയൂണിയൻ മുതലായവ. ഫ്രാൻസിൽ ജനറൽ ലേബർ കൺഫെഡറേഷൻ, ഫ്രഞ്ച് മഹിളായൂണിയൻ, കർഷകയുവജനയൂണിയൻ തുടങ്ങിയ ഒട്ടനവധി ബഹുജനസംഘടനകളുണ്ട്. ഇന്തോനേഷ്യയിൽ 25 ലക്ഷത്തിലധികം അംഗങ്ങളുള്ള ട്രേഡ് യൂണിയൻ കേന്ദ്രകൗൺസിൽ, 23.5 ലക്ഷം അംഗങ്ങളുള്ള കർഷകമുന്നണി, 5 ലക്ഷം അംഗങ്ങളുള്ള മഹിളാസംഘടന തുടങ്ങിയ വമ്പിച്ച ബഹുജനസംഘടനകളെ കെട്ടിപ്പടുക്കുകയും നയിക്കുകയും ചെയ്യുന്നതിലൂടെയാണ് കമ്മ്യൂണിസ്റ്റ്പാർട്ടി 15 ലക്ഷം അംഗങ്ങളുള്ള ബഹുജനപ്പാർട്ടിയായി വളർന്നിട്ടുള്ളതു്. അദ്ധ്വാനിക്കുന്ന ജനവിഭാഗങ്ങളുടെ ബഹുജനസംഘടനകൾ കമ്മ്യൂണിസത്തിന്റെ സ്കൂളുകളാണെന്ന ലെനിന്റെ നിർവ്വചനം ശ്രദ്ധേയമാണ്. എല്ലാപ്പാർട്ടിമെമ്പർമാരും ഏതെങ്കിലുമൊരു ജനസംഘടനയിലംഗമായിച്ചേർന്നു പ്രവർത്തിക്കണമെന്നു നിഷ്കർഷിക്കുന്നതും അതുകൊണ്ടാണ്. പാർട്ടിയുടെ കണ്ണൂർ സ്റ്റേററ്സമ്മേളനം ചർച്ചചെയ്തംഗീകരിച്ച സ്റ്റേററ്കൗൺസിലിന്റെ റിപ്പോർട്ടിൽ ഇങ്ങനെ പറഞ്ഞിരുന്നു:

"ഒരുകാലത്തു് ബഹുജനസംഘടനകൾ കെട്ടിപ്പടുക്കുകയെന്നതു് പാർട്ടിഘടകങ്ങൾ സർവ്വപ്രധാനകടമയാക്കി എടുത്തിരുന്നു. തൊഴിലാളികളുടേയും കർഷകത്തൊഴിലാളികളുടെയും കൃഷിക്കാരുടേയും മററും ഇടയിൽ അവരുടെ പ്രശ്നങ്ങളെടുത്തു് പ്രക്ഷോഭങ്ങൾ സംഘടിപ്പിക്കുകയും അവരുടെ ബഹുജനസംഘടനകൾ കെട്ടിപ്പടുക്കുകയും ചെയ്തുകൊണ്ടാണ് പാർട്ടിപ്രവർത്തനം ഓരോസ്ഥലത്തും നാം ആരംഭിക്കുകയും പുതിയ പ്രദേശങ്ങളിലേക്കു വ്യാപിപ്പിക്കുകയും ചെയ്തിട്ടുള്ളതു്. ഈ ബഹുജനപ്രവർത്തനത്തിൽ പങ്കെടുക്കാനാണ് പാർട്ടിയോടടുത്തുവരുന്ന ആളുകളെ നാം ആദ്യമായി പ്രേരിപ്പിക്കാറുള്ളതു്. ഈ ബഹുജനപ്രവർത്തനത്തിലൂടെ ജനങ്ങളുടെ സംഘാടകന്മാരും നേതാക്കന്മാരുമായുയർന്നുവരുന്ന ആളുകളെയാണ് നാം പാർട്ടിമെമ്പറായി എടുക്കാറുള്ളതു്. കഴിഞ്ഞ കുറേ കൊല്ലങ്ങളിൽ ഈ സ്ഥിതിക്കു മാററംവന്നിട്ടുണ്ട്. യാതൊരു ബഹുജനസംഘടനയുമില്ലാതെ പാർട്ടിഘടകംമാത്രം പ്രവർത്തിക്കുന്ന പ്രദേശങ്ങളുണ്ടെന്നു പറയുന്നതു് അതിശയോക്തിയായിരിക്കാമെങ്കിലും, ബഹുജനസംഘടനകളിലേക്കാൾ കൂടുതൽ അംഗങ്ങൾ പാർട്ടിയിലും ട്രേഡ്യൂണിയനിൽ പ്രവർത്തിക്കാത്ത തൊഴിലാളികൾ ആയ പാർട്ടിമെമ്പർമാരും, കർഷകസംഘത്തിൽ പ്രവർത്തിക്കാത്ത കൃഷിക്കാരായ പാർട്ടിമെമ്പർമാരും മററുമുള്ള പ്രദേശങ്ങളും പാർട്ടിഘടകങ്ങളും ഉണ്ടെന്നുള്ളതു് തീർച്ച.

"അതുപോലെതന്നെ ബഹുജനസംഘടനകളുടെ എല്ലാ പ്രശ്നങ്ങളും പാർട്ടിക്കമ്മിററികൾ നേരിട്ടു കൈകാര്യംചെയ്യാനുള്ള വാസനയും ദൃഢമൂലമായിത്തന്നെയുണ്ട്.

"ബഹുജനസംഘടനകളുടെ, വിശേഷിച്ചും വർഗ്ഗസംഘടനകളുടെ, പ്രാധാന്യവും ആവശ്യവും നാം മനസ്സിലാക്കിയിട്ടില്ലെന്നതാണിതിന്റെ കാരണം. പാർട്ടി നിയമവിരുദ്ധവും ചെറുതുമായിരുന്ന കാലത്തു്, നിയമവിധേയമായി പ്രവർത്തിക്കുന്നതിനുള്ള ഒരു വേദിയെന്നനിലയ്ക്കും വിപുലമായി ജനങ്ങളുടെ പ്രശ്നങ്ങൾ കൈകാര്യംചെയ്യാനും ബഹുജനസംഘടനകൾ ഒഴിച്ചുകൂടാൻവയ്യാത്തതായിരുന്നു. ഇന്നാകട്ടെ പാർട്ടി എത്രയോ വലുതായിട്ടുണ്ട്. പാർട്ടിക്കു് നേരിട്ട് ബഹുജനങ്ങളെ സമീപിക്കാനും അവരുടെ പ്രശ്നങ്ങൾ കൈകാര്യംചെയ്യാനും സ്വാതന്ത്ര്യവും സൗകര്യവുമുണ്ട്. പിന്നെന്തിനാണ് ബഹുജനസംഘടനകൾ? ഇതാണ് പാർട്ടിമെമ്പറന്മാരുടേയും നമ്മുടെ അനുഭാവികളായ ജനങ്ങളുടേയും ഇടയിലുള്ള ശക്തമായ ഒരു ചിന്താഗതി എന്നുതോന്നുന്നു. "തൊഴിലാളിവർഗ്ഗത്തിനു് അവരുടെ സംഘടനയല്ലാതെ അധികാരത്തിനുവേണ്ടിയുള്ള സമരത്തിൽ മററായുധങ്ങളൊന്നുമില്ല", "ട്രേഡ്യൂണിയനുകൾ കമ്മ്യൂണിസത്തിന്റെ പാഠശാലകളാണ്", "കമ്മ്യൂണിസ്റ്റ്പാർട്ടി വർഗ്ഗസംഘടനകളുടെ ഏററവും ഉയർന്ന രൂപമാണ്", "ബഹുജനങ്ങൾക്കു് അവരുടെ മോചനം ആരിൽനിന്നും ദാനമായി കിട്ടുകയില്ല" എന്നെല്ലാം മാർക്സിസ്റ്റാചാര്യന്മാർ നിഷ്കർഷിക്കുന്നതിന്റെ അർത്ഥം ശരിക്കും നാം മനസ്സിലാക്കിയിട്ടുണ്ടോ എന്നു സംശയമാണ്.

“കമ്മ്യൂണിസ്റ്റ്പാർട്ടി ജനങ്ങൾക്കുവേണ്ടി പ്രവത്തിക്കുന്ന പാർട്ടിയല്ല, സ്വയം സംഘടിക്കാനും സമരംചെയ്യാനും ജനങ്ങളെ ബോധമുള്ളവരാക്കുകയും സഹായിക്കുകയുംചെയ്യുന്ന പാർട്ടിയാണ്. എത്രതന്നെ വലുതായാലും, ആ പാർട്ടിയിൽ ലക്ഷക്കണക്കിന്ന് അംഗങ്ങളുണ്ടെങ്കിൽതന്നെയും, കോടിക്കണക്കിന്ന് അദ്ധ്വാനിക്കുന്ന ജനവിഭാഗങ്ങളുടെ സംഘടിതപ്രവത്തനത്തിന്നു പകരമായിത്തീരുകയില്ല. വളരെ നിശിതമായി രാഷ്ട്രീയമായി ചേരിതിരിഞ്ഞുനില്ക്കുന്ന ജനങ്ങൾക്കിടയിൽ, ആ ചേരിതിരിവിന്നതീതമായി, താല്പര്യങ്ങളുടെ അടിസ്ഥാനത്തിൽ ജനങ്ങളെ ഏകോപിപ്പിക്കാൻ ബഹുജനസംഘടനകൾക്കേ കഴിയുകയുള്ളു.

“അതുകൊണ്ട് ബഹുജനസംഘടനകൾ—ഒന്നാമതായും തൊഴിലാളികളുടേയും കർഷകത്തൊഴിലാളികളുടേയും, കൃഷിക്കാരുടേയും വർഗ്ഗസംഘടനകൾ—കെട്ടിപ്പടുക്കുക എന്നതാണ് പാർട്ടിയുടെ സർവ്വപ്രധാനമായ ജോലി, ഓരോ പാർട്ടിമെമ്പറുടേയും ജോലി. താൻ മെമ്പറായ പാർട്ടിഘടകം, ഉപരികമ്മിററിയുടെ അംഗീകാരത്തോടുകൂടി, പ്രത്യേകകാരണങ്ങളാൽ ഒഴിവാക്കിയിട്ടില്ലെങ്കിൽ, ഏതെങ്കിലും ഒരു ബഹുജനസംഘടനയിൽ അംഗമായും സജീവമായും പ്രവത്തിക്കാത്ത ഒരാൾക്ക് പാർട്ടിമെമ്പറായിരിക്കാൻ അർഹതയില്ലെന്നു നിഷ്കർഷിക്കേണ്ടിയിരിക്കുന്നു.

2. ബഹുജനസംഘടനകൾ കെട്ടിപ്പടുക്കുന്നതുപോലെതന്നെ, ബഹുജനങ്ങളുമായി അടുത്ത ബന്ധം സ്ഥാപിക്കുന്നതിന്നും പാർട്ടിമെമ്പർമാരെ സജീവമായി പ്രവത്തിപ്പിക്കുന്നതിന്നും അത്യാവശ്യമായ ഒരുപാധിയാണ് പാർട്ടിശാഖകളുടെ ശരിയായ പ്രവത്തനം. കണ്ണൂർസമ്മേളനറിപ്പോർട്ടിൽ പറയുന്നതുപോലെ,

“ബഹുജനങ്ങളുമായി നേരിട്ടു ദൈനംദിനബന്ധം പുലത്തുന്നതിന്റേയും സ്വന്തം മേഖലയിൽ പാർട്ടിപ്രവത്തനം സംഘടിപ്പിക്കുന്നതിന്റേയും ചുമതല പാർട്ടിശാഖകൾക്കാണ്. പാർട്ടിമെമ്പർമാർ അവരവരുടെ ചുമതലകൾ നിറവേററുകയും അധികാരങ്ങളുപയോഗപ്പെടുത്തുകയുംചെയ്യുന്നതു് പാർട്ടിശാഖകളിലൂടെയാണ്. പാർട്ടിശാഖകളുടെ പ്രവത്തനം ദുർബ്ബലമായാൽ, പാർട്ടിയാകെ ദുർബ്ബലമാകും; പാർട്ടിയും ബഹുജനങ്ങളുമായുള്ള ബന്ധം ശിഥിലമാകും.”

“സ്റ്റേററു പാർട്ടികേന്ദ്രമെന്നപോലെതന്നെ, പാർട്ടിപ്രവത്തനത്തിലെ ഏററവും ദുർബലമായ കണ്ണിയാണ് ഇന്നു് പാർട്ടിശാഖകൾ. സെല്ലുകളല്ല, ശാഖകളാണ് പാർട്ടിയുടെ അടിസ്ഥാനഘടകമെന്ന് അമൃതസരസ്സ് കോൺഗ്രസ്സ് തീരുമാനിച്ചപ്പോൾ, അതനുസരിച്ച് സെല്ലുകൾക്കു് പകരം ശാഖകൾ രൂപീകരിച്ചുവെന്നല്ലാതെ, ഈ മാററത്തിന്റെ രാഷ്ട്രീയമായ ആവശ്യവും പ്രാധാന്യവും എന്താണ്, സെല്ലുകൾക്കുണ്ടായിരുന്ന ദൗർബല്യങ്ങൾ തീർത്തുകൊണ്ടും കൂടുതൽ വലിയ ശാഖകൾ രൂപീകരിക്കുന്ന സമയത്തുണ്ടാകുന്ന പ്രശ്നങ്ങൾ പരിഹരിച്ചുകൊണ്ടും പാർട്ടിശാഖകൾ പ്രവത്തിക്കേണ്ടതെങ്ങിനെയാണ് എന്നും വിശദമായി ചർച്ചചെയ്യുകയോ വ്യക്തമായ പ്രവത്തനരീതികളാവിഷ്കരിക്കുകയോ ചെയ്യുന്നതിൽ സ്റ്റേററ് പാർട്ടിനേതൃത്വത്തിന്റെ പരാജയം, സെല്ലുകളായിരുന്ന കാലത്തെ പ്രശ്നങ്ങൾ പുതിയരൂപത്തിൽ ഇന്നും നിലനില്ക്കുന്നതിന്നിടയാക്കിയിരിക്കുന്നു. സെല്ലുകൾ ഫങ്ഷൻചെയ്യുന്നില്ല. സെൽയോഗങ്ങളിൽ മെമ്പറന്മാർ പങ്കെടുക്കുന്നില്ല. ലോക്കൽകമ്മിററികൾ മാത്രമേ പ്രവർത്തിക്കുന്നുള്ളു എന്നതായിരുന്നു അന്നത്തെ യാഥാർത്ഥ്യം. സ്വന്തം ഘടകത്തിന്റെ യോഗത്തിൽ പങ്കെടുക്കുന്നതുൾപ്പെടെ പാർട്ടിമെമ്പർമാരിൽ 25—30 ശതമാനത്തിലധികം കൃത്യമായും തുടർച്ചയായും പ്രവത്തിക്കുന്നില്ലെന്നു അന്ന് ചൂണ്ടിക്കാണിക്കപ്പെട്ടിരുന്നു. ഇന്നും അതുതന്നെയാണ് സ്ഥിതി. ശാഖായോഗങ്ങളിലെ ഹാജർ വളരെ കുറവാണ്; ശാഖാസമ്മേളനങ്ങളിൽപോലും ഒട്ടാകെ പങ്കെടുക്കേണ്ട അംഗങ്ങളിൽ 75 ശതമാനത്തിലധികം പങ്കെടുത്തിട്ടില്ല. പാർട്ടിയുടെ നയം രൂപീകരിക്കുന്നതിലും പാർട്ടിതീരുമാനങ്ങൾ എടുക്കുന്നതിലും സ്വതന്ത്രമായി പങ്കെടുക്കുകയും സംഭാവനനൽകുകയും ചെയ്യുകയെന്ന അവകാശമാകട്ടെ, താനംഗമായ പാർട്ടിസംഘടനയുടെ പ്രവത്തനത്തിൽ സജീവമായും കൃത്യമായും പങ്കെടുത്തു് പാർട്ടിയുടെ നയവും തീരുമാനങ്ങളും നിർദ്ദേശങ്ങളും വിശ്വസ്തമായി നടപ്പിലാക്കുകയെന്ന ചുമതലയാകട്ടെ, പാർട്ടിമെമ്പർമാരിൽ ഗണ്യമായ ഒരു വിഭാഗം നിർവ്വഹിക്കുന്നില്ലെന്ന നിലയാണിന്നുള്ളതു്.

സംഘടനാരൂപത്തിലുള്ള മാററങ്ങൾമാത്രം പാർട്ടിശാഖയുടേയും പാർട്ടിമെമ്പർമാരുടേയും ബോധത്തിലും പ്രവത്തനത്തിലുമുള്ള അടിസ്ഥാനദൗർബല്യത്തിന്നു പരിഹാരമാവുകയില്ല. ആ പരിഹാരം കിടക്കുന്നതു് എല്ലാ പാർട്ടിമെമ്പർമാരുടേയും ആശയപരവും രാഷ്ട്രീയവുമായ നിലവാരം ഉയർത്തുന്നതിലും

പാർട്ടിമെമ്പർമാരുടെ കടമകൾ (നമ്മുടെ ഭരണഘടനയിൽ പറഞ്ഞിട്ടുള്ളതു്) ഓരോ പാർട്ടിമെമ്പറും നിറവേററണമെന്നു കൂട്ടതൽ കൂട്ടതൽ ശക്തിയായി നിഷ്കർഷിക്കുന്നതിലും അതിനു പാർട്ടിമെമ്പർമാരെ സഹായിക്കാൻ പ്രാപ്തമായ ശാഖാനേതൃത്വത്തെ വളർത്തിക്കൊണ്ടുവരുന്നതിലും പാർട്ടിശാഖയുടെ പ്രവർത്തനം പുതിയരീതിൽ സംഘടിപ്പിക്കുന്നതിലുമാണു്. ഇവ പരസ്പരം ബന്ധപ്പെട്ടിരിക്കുന്ന കാര്യങ്ങളാണുതാനും.

"മുമ്പു സെൽയോഗങ്ങൾ ചർച്ചചെയ്തിരുന്ന എല്ലാ കാര്യങ്ങളും ശാഖായോഗങ്ങളിൽ ചർച്ചചെയ്യാനോ തീരുമാനിക്കാനോ സാദ്ധ്യമല്ല. അടിസ്ഥാനഘടകത്തിൻെറ നിലവാരത്തിലും മൂന്നു തട്ടുകളുണ്ടു: ഗ്രൂപ്പുകൾ, ശാഖായോഗങ്ങൾ, എക്സിക്യൂട്ടീവ് കമ്മിററി. പാർട്ടിശാഖ പ്രവർത്തിക്കുന്ന പ്രദേശത്തോ സ്ഥാപനത്തിലോ അപ്പോഴപ്പോൾ നടത്തേണ്ട ക്യാമ്പേയിനുകളും അവയുടെ രൂപങ്ങളും ലക്ഷ്യങ്ങളും എന്തെന്നു പൊതുവിൽ ചർച്ചചെയ്തു തീരുമാനിക്കുകയും രാഷ്ട്രീയസ്ഥിതിയെ സംബന്ധിച്ചു് ആനുകാലികമായ് റിപ്പോർട്ടിങ്ങും ചർച്ചയും നടത്തുകയും അതുപോലെ ആനുകാലികമായി പ്രവർത്തനം റിവ്യൂ ചെയ്തു് പാഠങ്ങൾ പഠിക്കുകയും ചെയ്യുകയെന്നതാണു് ശാഖായോഗത്തിൽ ചെയ്യേണ്ടതും ചെയ്യാൻ കഴിയേണ്ടതും.

"പ്രവർത്തനത്തിൻെറ വിശദാംശങ്ങൾ തയ്യാറാക്കുകയും ഓരോ പാർട്ടിമെമ്പറും എന്തുചെയ്യണമെന്നു് നിശ്ചയിക്കുകയും അതനുസരിച്ചു് ഓരോ മെമ്പറും അയാൾക്കു കൊടുത്ത ജോലിചെയ്തിട്ടുണ്ടോ എന്നു് ചെക്കപ്പ് ചെയ്യുകയും ചെയ്യുന്നതു് ഗ്രൂപ്പുകളിലായിരിക്കണം. അതുപോലെതന്നെ, പാർട്ടിമെമ്പർമാരുടെ വിദ്യാഭ്യാസം സംഘടിപ്പിക്കുന്നതിലും ഗ്രൂപ്പുകൾ പ്രധാനമായ ഒരു പങ്കുവഹിക്കേണ്ടതുണ്ടു്. എല്ലാ മെമ്പർമാരും നമ്മുടെ ഏതെങ്കിലുമൊരു ദിനപത്രവും മററു പ്രസിദ്ധീകരണങ്ങളും വായിക്കണമെന്നു നിഷ്കർഷിക്കുക, കമ്മ്യൂണിസ്റ്റ് മാസിക, നവയുഗം വാരിക, പാർട്ടിലഘുലേഖകൾ മുതലായവയുടെ കൂട്ടായ വായന സംഘടിപ്പിക്കുക എന്നീ കാര്യങ്ങളും ഗ്രൂപ്പുകളിൽ നടത്തണം, ഒരു പാർട്ടിമെമ്പർ പാർട്ടിഭരണഘടനയ്ക്കു വിരുദ്ധമായും കമ്മ്യൂണിസ്റ്റ് സദാചാരത്തിന്നു് നിരക്കാത്ത നിലയിലും പ്രവർത്തിക്കുന്നുണ്ടെന്നു് ആരോപണങ്ങളുണ്ടായാൽ അതേപ്പററി ആലോചിക്കുകയും ആ സഖാവിൻെറ തെററുകൾ ചൂണ്ടിക്കാണിച്ചു് തിരുത്താൻ സഹായിക്കുകയും ചെയ്യേണ്ടതും ഗ്രൂപ്പുകളിൽവെച്ചാണു്. ഗ്രൂപ്പുകളുടെ പ്രവർത്തനത്തെ ബ്രാഞ്ചുസെക്രട്ടറി നേരിട്ടു് ഫലപ്രദമായി സഹായിക്കണം. ഗ്രൂപ്പുകളിൽനിന്നും അവയുടെ പ്രവർത്തനത്തെപ്പററി വിശദമായ റിപ്പോർട്ടുകൾ ശേഖരിക്കുകയും വേണം. ശാഖായോഗങ്ങളിൽ രാഷ്ട്രീയചർച്ച ഫലപ്രദമാക്കാൻ ആവശ്യമാണെങ്കിൽ ഗ്രൂപ്പുകളിൽ പ്രാഥമികചർച്ചകൾ നടത്താവുന്നതാണെന്നുംകൂടി നമ്മുടെ ഭരണഘടനയിൽ പറഞ്ഞിട്ടുണ്ടു്.

"ശാഖായോഗത്തിൽ ചർച്ചചെയ്യാനുള്ള പ്രവർത്തനപരിപാടി തയ്യാറാക്കുക, പ്രവർത്തനത്തിൻെറ റിവ്യൂറിപ്പോർട്ടു് തയ്യാറാക്കുക, രാഷ്ട്രീയസ്ഥിതിഗതികളെ സംബന്ധിച്ചു് റിപ്പോർട്ടിങ്ങിനൊരുങ്ങുക, പാർട്ടിയുടെ നേതൃത്വത്തിലുള്ളതും പാർട്ടിമെമ്പർമാർ പ്രവർത്തിക്കുന്നതുമായ ബഹുജനസംഘടനകളിലെ പാർട്ടിമെമ്പർമാർക്കു് അപ്പോഴപ്പോൾ ആവശ്യമായ സഹായങ്ങളും നിർദ്ദേശങ്ങളും നൽകുക, ഗ്രൂപ്പുകളുടെ ദൈനംദിനപ്രവർത്തനത്തെ സഹായിക്കുകയും നയിക്കുകയും ചെയ്യുക മുതലായ ജോലികൾ ശാഖാഎക്സിക്യൂട്ടീവുകമ്മിററി ചെയ്യേണ്ടതാണു്."

3. പാർട്ടിശാഖകളെ പ്രവർത്തിപ്പിക്കുന്നകാര്യത്തിൽ ശാഖാസെക്രട്ടറിമാർക്കുള്ള നിർണ്ണായകമായ പങ്കിനെപ്പററി എടുത്തുപറയേണ്ടതില്ലല്ലോ. ജനാധിപത്യകേന്ദ്രീകരണതത്വത്തെ അടിസ്ഥാനമാക്കി പ്രവർത്തിക്കുന്ന നമ്മുടെ പാർട്ടിയിൽ പാർട്ടിസംഘടനകളുടെ ഭാരവാഹികൾക്കു പ്രത്യേകമായ ഉത്തരവാദിത്വങ്ങളുണ്ടു്. ആ ഉത്തരവാദിത്വങ്ങൾ നിറവേററിയില്ലെങ്കിൽ അതു സംഘടനയുടെയാകെ പ്രവർത്തനത്തെ ദോഷകരമായി ബാധിക്കും. ശാഖാസെക്രട്ടറിമാർ താഴെപ്പറയുന്ന കാര്യങ്ങളിൽ പ്രത്യേകം ശ്രദ്ധിക്കേണ്ടതായിട്ടുണ്ടു്:

(എ) കൃത്യമായി മാസംതോറും ഒരു തവണ ബ്രാഞ്ചു് ജനറൽബോഡിയോഗം കൂട്ടുക. ഓരോ ജനറൽബോഡിയോഗത്തിൻെറയും തീയതി അതിനു മുമ്പു നടന്ന യോഗത്തിൽത്തന്നെ മുൻകൂട്ടി നിശ്ചയിക്കണം; അങ്ങിനെ എല്ലാ മെമ്പർമാർക്കും യോഗത്തിൽ പങ്കെടുക്കാൻ സൗകര്യപ്പെടുത്തണം. ഈ പ്രതിമാസ ജനറൽബോഡിയോഗത്തിൻെറ അജണ്ടയിൽ മൂന്നു കാര്യങ്ങൾ ഉൾപ്പെടുത്തണം: (i) രാഷ്ട്രീയറിപ്പോർട്ടു്; (ii) കഴിഞ്ഞ യോഗത്തിൻെറ തീരുമാനങ്ങം

നടപ്പിലാക്കിയതുൾപ്പെടെ ആ യോഗത്തിനുശേഷം ശാഖ നടത്തിയ പ്രവർത്തനങ്ങളുടെ റിവ്യൂ; (iii) അടുത്ത ഒരു മാസത്തേയ്ക്കുള്ള ശാഖയുടെ പൊതുപരിപാടി.

ഇതിൽ രാഷ്ട്രീയറിപ്പോർട്ട് തയ്യാറാക്കുന്നതിനു് നവയുഗം വാരികയിലെഴുതുന്ന ആഴ്ചക്കുറിപ്പുകളും കമ്മ്യൂണിസ്റ്റ് മാസികയിലെ "കഴിഞ്ഞമാസം" എന്ന പ്രതിമാസക്കുറിപ്പുകളും ഉപയോഗപ്പെടുത്തണം. ഇത്തരത്തിൽ സാർവ്വദേശീയവും ദേശീയവും [illegible] സ്റ്റേറ്റിലെയും സംഭവവികാസങ്ങളെ വിലയിരുത്തി മനസ്സിലാക്കുകയെന്നതു് പാർട്ടിമെമ്പർമാരുടെ രാഷ്ട്രീയധാരണയെ പുഷ്ടിപ്പെടുത്തുകയും ഉയർത്തുകയുംചെയ്യുന്നതിനു് ഒഴിച്ചുകൂടാൻവയ്യാത്തതാണു്, പാർട്ടിയുടെയാകെ രാഷ്ട്രീയവിദ്യാഭ്യാസത്തിന്റെ ഭാഗമാണു്. ഇങ്ങിനെ കൃത്യമായി രാഷ്ട്രീയറിപ്പോർട്ടുകൾ നൽകുകയും അതനുവേണ്ടി പഠിച്ചു തയ്യാറാവുകയുംചെയ്യുകയെന്നതു് ശാഖാസെക്രട്ടറിമാരുടെ പരിശീലനത്തിന്റെയും അഭേദ്യഭാഗമാണു്.

അതുപോലെതന്നെ ശാഖയുടെ ഓരോ മാസത്തേയും പ്രവർത്തനത്തേയും അതിൽ ഓരോ ഗ്രൂപ്പും പാർട്ടിമെമ്പറും എങ്ങിനെ എത്രത്തോളം പങ്കെടുത്തുവെന്നും അതിന്റെ പ്രത്യാഘാതങ്ങൾ നാട്ടുകാരിലുണ്ടാക്കിയിട്ടുള്ളതെന്താണെന്നും ജയാപജയങ്ങളെന്തൊക്കെയാണെന്നും പരിശോധിക്കുന്നതിനും വലിയ പ്രാധാന്യമുണ്ട്. പ്രവർത്തനാനുഭവപാഠങ്ങൾ പഠിക്കുകയും സ്വയംവിമർശനപരമായി പരിശോധിക്കുകയും ചെയ്യുന്നതിലൂടെയാണു് പാർട്ടിയാകെ വളരുന്നതു്, കൂടുതൽ നന്നായി ജനങ്ങളെ നയിക്കുന്നതിനുള്ള കഴിവു സമ്പാദിക്കുന്നതു്.

അതുപോലെതന്നെ ഓരോ പാർട്ടിശാഖയുടേയും അടുത്ത ഒരുമാസത്തേക്കുള്ള പ്രവർത്തനവും മുൻകൂട്ടി പ്ലാൻചെയ്യേണ്ടതാവശ്യമാണു്. എന്നാൽമാത്രമേ ഓരോ പാർട്ടിഗ്രൂപ്പും ഓരോ പാർട്ടിമെമ്പറും പാർട്ടി പരിപാടി നടപ്പിലാക്കാൻവേണ്ടി എന്തുചെയ്യണമെന്നു മുൻകൂട്ടി ധാരണയുണ്ടാവുകയുള്ളൂ.

ചുരുക്കത്തിൽ പാർട്ടിശാഖയുടെ ഈ പ്രതിമാസയോഗങ്ങളാണു്, മൊത്തത്തിൽ ആ ശാഖയുടേയും പ്രത്യേകിച്ചു് ഓരോ പാർട്ടിമെമ്പറുടേയും നിരന്തരമായ പ്രവർത്തനത്തിനുള്ള ഉറപ്പു്.

(ബി) പാർട്ടിശാഖയുടെ പ്രവൃത്തികളെന്തെന്നു് പാർട്ടിഭരണഘടനയിൽ വിവരിക്കുന്നകൂട്ടത്തിൽ "ഉപരിക്കമ്മിററിയുടെ നിർദ്ദേശങ്ങൾ നടപ്പിലാക്കുക"യും "ഉപരിക്കമ്മിററികളെ ദൈനംദിനസംഘടനാ-പ്രക്ഷോഭപ്രവർത്തനത്തിൽ സഹായിക്കുക"യും ചെയ്യുകയെന്ന ചുമതലകളുൾക്കൊള്ളിച്ചിട്ടുണ്ട്. ഇതിൽ പാർട്ടി ശാഖാസെക്രട്ടറി പ്രത്യേകം ശ്രദ്ധിക്കേണ്ടതായിട്ടുണ്ട്. ഉപരിക്കമ്മിററികളിൽനിന്നു് രേഖാമൂലമായി കിട്ടുന്ന സർക്കുലറുകളിലും നിർദ്ദേശങ്ങളിലും ആവശ്യപ്പെടുന്ന കാര്യങ്ങൾ ചെയ്യാൻ നടപടിയെടുക്കണമെന്നുമാത്രമല്ല മുകളിൽപറഞ്ഞതിന്റെ അർത്ഥം. പിന്നെയോ? ദേശീയവും സാർവ്വദേശീയവുമായ പ്രശ്നങ്ങളെപ്പററി, ദിനാചരണങ്ങൾ, പൊതുയോഗങ്ങൾ, പ്രകടനങ്ങൾ തുടങ്ങിയ രൂപങ്ങളിലുള്ള പ്രക്ഷോഭം സംഘടിപ്പിക്കാൻ പാർട്ടിയുടെ ദേശീയകൗൺസിലും അതുപോലത്തെ കേരളത്തിലെ പ്രശ്നങ്ങളുടെ അടിസ്ഥാനത്തിൽ പ്രക്ഷോഭംനടത്താൻ സ്റ്റേറ്റുകൗൺസിലും ഇടയ്ക്കിടയ്ക്കു് ജനങ്ങളോടു് ആഹ്വാനംചെയ്തുകൊണ്ടു് പ്രസ്താവനകളിറക്കാറുണ്ട്. അവയെപ്പററി, അപ്പഴപ്പോൾ സർക്കുലറുകളോ നിർദ്ദേശങ്ങളോ ഓരോ നിലവാരത്തിലുമുള്ള പാർട്ടിക്കമ്മിററികൾവഴി അയയ്ക്കാൻ കഴിഞ്ഞില്ലെന്നുവരും. ഇത്തരം ആഹ്വാനങ്ങൾ വരുമ്പോൾ അതനുസരിച്ചു് സ്വന്തം ശാഖയ്ക്കകത്തു് എന്തുചെയ്യാൻ കഴിയുമെന്നു് അടിയന്തിരമായി ശാഖാക്കമ്മിററിയോഗംചേർന്നും ഗ്രൂപ്പുനേതാക്കന്മാരെ വിളിച്ചു് ചർച്ചചെയ്തും ആലോചിച്ചു് പരിപാടിയിടേണ്ടതു് ശാഖാസെക്രട്ടറിയുടെ ചുമതലയാണു്.

പലപ്പോഴും പല കാരണങ്ങളാലും വൻതോതിലൊന്നും ചെയ്യാൻ കഴിഞ്ഞില്ലെന്നുവരും. ഒരുപക്ഷേ ശാഖ പ്രവർത്തിക്കുന്ന പ്രദേശത്തു് കുറേ പോസ്റ്ററെഴുതി ഒട്ടിക്കാനായിരിക്കും കഴിയുക; അല്ലെങ്കിൽ കുറേ നോട്ടീസടിച്ചു് വിതരണംചെയ്യാൻ; അതുമല്ലെങ്കിൽ മെഗഫോൺപ്രചാരവേല നടത്താൻ മാത്രം. സാദ്ധ്യമായ ഏതെങ്കിലും രൂപത്തിൽ പാർട്ടി ആഹ്വാനംചെയ്യുന്ന പ്രശ്നം ജനങ്ങളുടെ ശ്രദ്ധ

യിൽ പെട്ടത്തണം. ജനങ്ങൾക്കിതിൽ താല്പര്യം കാണുകയില്ലെന്നോ വൻതോതിൽ പ്രക്ഷോഭം നടത്താൻ സാദ്ധ്യമല്ലെന്നോ ഉള്ള കാരണംപറഞ്ഞു് പാർട്ടിയുടെ ആഹ്വാനത്തെ അവഗണിക്കാനുള്ള പ്രവണതയാണ് ഇനുള്ളതു്.

അതു പോലെതന്നെ ബഹുജനസംഘടനകളുടെ അഖിലേന്ത്യാ-സ്റ്റേററനേതൃത്വങ്ങൾ നല്കുന്ന ആഹ്വാനങ്ങൾ നടപ്പിലാക്കാൻ മുൻകയ്യെടുക്കേണ്ട ചുമതല ഓരോ ബഹുജനസംഘടനയിൽ പ്രവർത്തിക്കുന്ന സഖാക്കൾക്കുണ്ടു്; പാർട്ടിസെക്രട്ടറി അക്കാര്യം അവരുടെ ശ്രദ്ധയിൽ കൊണ്ടുവരികയും വേണം.

(സി) പാർട്ടിമെമ്പർമാരുടെ താത്വിക-രാഷ്ട്രീയ നിലവാരം ഉയർത്താനും ജനങ്ങളുടെയിടയിൽ പാർട്ടിയുടെ നയപരിപാടികൾക്കനുകൂലമായ ആശയപരവും രാഷ്ട്രീയപരവുമായ പ്രചാരവേല ചെയ്യുന്നതിനും ഏററവും ഫലപ്രദമായി സഹായിക്കുന്ന ഒരുപകരണമാണ് പാർട്ടിയുടെ പത്രമാസികകളും ലഘുലേഖകളും മററു പ്രസിദ്ധീകരണങ്ങളും. പാർട്ടിശാഖയിലുള്ള മെമ്പർമാരൊക്കെ അവ വായിക്കാൻ പരിപാടിയിടണം. "നവയുഗ"വും "കമ്മ്യൂണിസ്റ്റം" പാർട്ടിലഘുലേഖകളും കൂട്ടായി വായിക്കുകയെന്നതു് ഗ്രൂപ്പുകളിൽ ഒരു പരിപാടിയായിരിക്കണം. ആഴ്ചതോറും നിശ്ചയമുള്ള ഒരുദിവസം കുറെസമയം ഗ്രൂപ്പിലെ മെമ്പർമാരൊന്നിച്ചുചേർന്ന് വായിക്കുന്നു, ആവശ്യമായ ചർച്ചകൾ നടത്തുന്നു അതുകൊണ്ടു് പ്രശ്നങ്ങളും സംഭവവികാസങ്ങളും മനസ്സിലാക്കാനും നാട്ടുകാരെ എങ്ങനെ മനസ്സിലാക്കിക്കണമെന്നു പഠിക്കാനും പാർട്ടിമെമ്പറന്മാർക്ക് കഴിയുന്നു. എന്നുമാത്രമല്ല, അവർക്ക് പാർട്ടിപത്രമാസികളും ലഘുലേഖകളും എങ്ങനെ നന്നാക്കണമെന്നതിനെപ്പററി നിർദ്ദേശങ്ങൾനൽകി സഹായിക്കാനും കഴിയുന്നു.

മാസത്തിൽ ഒരു നിശ്ചിതദിവസം ഓരോ പാർട്ടിശാഖയിലെ പാർട്ടിമെമ്പറന്മാരും സ്ക്വാഡുകളായി നാട്ടുകാരുടെ ഇടയിൽപ്പോയി പത്രമാസികകളും ലഘുലേഖകളും വില്ക്കുകയെന്ന ഒരു പരിപാടിയും ആവിഷ്ക്കരിക്കേണ്ടതാണ്.

(ഡി) വിവിധജനവിഭാഗങ്ങളുടെ ബഹുജനസംഘടനകൾ കെട്ടിപ്പടുക്കുകയും സജീവമായി പ്രവർത്തിക്കുകയും ചെയ്യുന്നതിൽ ശാഖാസെക്രട്ടറി പ്രത്യേകം ശ്രദ്ധിക്കേണ്ട ഒരു കാര്യം പ്രത്യേകജനവിഭാഗങ്ങളുടെ പ്രത്യേകപ്രശ്നങ്ങൾ കൈകാര്യംചെയ്യാൻ പാർട്ടിശാഖ ഒരുമ്പെടാൻ പാടില്ലെന്നതാണ്. പാർട്ടിശാഖ കൈകാര്യംചെയ്യുന്നതു് പൊതുപ്രശ്നങ്ങളായിരിക്കണം. പ്രത്യേകജനവിഭാഗങ്ങളുടെ അടിയന്തരഭാഗികാവശ്യങ്ങൾ ഏറെറടുക്കേണ്ടതു് ആ ജനവിഭാഗത്തിന്റെ ബഹുജനസംഘടനയാണ്; അതിനു വേണ്ട സഹായം നല്കുകയാണ് പാർട്ടിശാഖയുടെ കടമ; സ്വന്തം ബഹുജനസംഘടനയുടെ നേതൃത്വത്തിൽ അടിയന്തിരാവശ്യങ്ങൾക്കുവേണ്ടി പ്രത്യേകജനവിഭാഗങ്ങൾ നടത്തുന്ന പ്രക്ഷോഭസമരങ്ങൾക്കു ജനങ്ങളുടെയാകെ പിന്തുണ നേടാൻ പാർട്ടിശാഖ പ്രവർത്തിക്കണം.

(ഇ) പാർട്ടിശാഖയ്ക്കു് ഒരു ആഫീസുണ്ടായിരിക്കണം; അതു് കൃത്യസമയങ്ങളിൽ തുറന്നിരിക്കണം. പാർട്ടിമെമ്പർമാർക്കും ഗ്രൂപ്പ്ലീഡർമാർക്കും സാധാരണജനങ്ങൾക്കും ആഫീസിൽവന്നു ശാഖാസെക്രട്ടറിയെ കാണാനും പ്രശ്നങ്ങൾ ചർച്ചചെയ്യാനും സാധിക്കണം. പാർട്ടിശാഖയുടെ വരവുചെലവുകണക്കുകൾ ശരിയായി സൂക്ഷിക്കുകയും ശാഖയുടെ പ്രതിമാസയോഗങ്ങളിൽ വായിച്ചു പാസ്സാക്കുകയും വേണം.

(എഫ്) പാർട്ടിശാഖയുടെ പ്രവർത്തനം നടത്താനും ഉപകമ്മിററികളെ സഹായിക്കാനും ആവശ്യമായ ഫണ്ടുപിരിക്കണം. പാർട്ടിമെമ്പർഷിപ്പ്, പാർട്ടിമെമ്പർമാർക്ക് വരുമാനാടിസ്ഥാനത്തിൽ നിശ്ചയിക്കുന്ന ലെവി, പാർട്ടിഅനുഭാവികളിൽനിന്നു കെട്ടുതെങ്ങ്, പിടിയരി മുതലായ രൂപത്തിൽ വിപുലമായി പിരിക്കു

ന്ന സ്ഥിരം സംഭാവന എന്നീ മാർഗ്ഗങ്ങളിലൂടെ പാർട്ടിഫണ്ടു പിരിക്കാൻ പ്രായോഗികപരിപാടി തയ്യാറാക്കണം; ശാഖായോഗത്തിൽ ചർച്ചചെയ്തു നടപ്പിലാക്കണം; ചെക്കപ്പ് ചെയ്യണം.

4. യാഥാർത്ഥ്യവുമായുള്ള ബന്ധം വിടാതെയും മുമ്പിലോടിപ്പോകാതെയും ബഹുജനങ്ങളുടെ അനുഭവങ്ങളെയും ബോധത്തിന്റെ നിലവാരത്തേയും കണക്കിലെടുത്തുകൊണ്ടുമാത്രമേ അവരെ നയിക്കാൻ കഴിയുകയുള്ളൂ. അല്ലെങ്കിൽ പിന്നിൽപ്പെട്ട പ്രധാനശക്തികളുമായുള്ള ബന്ധം മുറിഞ്ഞുപോയ ഒരു മുന്നണിപ്പടയുടെ സ്ഥിതി വന്നുചേരുക എന്ന ആപത്തു സംഭവിച്ചേയ്ക്കും.

എന്നാൽ, ബഹുജനങ്ങളുടെ ബോധത്തിന്റെ നിലവാരം കണക്കിലെടുക്കുക എന്നുവച്ചാൽ ആ ബോധത്തിന്റെ നിലവാരത്തിലേയ്ക്കു റങ്ങിച്ചെല്ലുകയെന്നോ അവരുടെ പിന്നാക്കനിലവാരത്തെ അംഗീകരിക്കുക എന്നോ അല്ല അർത്ഥം. ബഹുജനങ്ങളുമായുള്ള ബന്ധത്തെക്കുറിച്ചുള്ള ഇത്തരമൊരു ധാരണ അവസരവാദത്തിന്റെ സ്വഭാവമാണ്. വിപ്ലവകാരികളായ മാർക്സിസ്റ്റുകാർ മറെറാരുതരത്തിലാണതിനെ മനസ്സിലാക്കുന്നതു. അവർ ഒഴുക്കിന്നനുസരിച്ചു നീന്തിപ്പോകുന്നില്ല.

സ്വന്തം വർഗ്ഗത്തിന്റെയും ജനങ്ങളുടെയാകെയും അനുഭവങ്ങളിൽനിന്ന് സാമാന്യപാഠങ്ങൾ രൂപവല്ക്കരിക്കുകയും അവയെ ചരിത്രത്തിന്റെ പാഠങ്ങളുടേയും മാർക്സിസ്റ്റ് സിദ്ധാന്തത്തിന്റേയും വെളിച്ചത്തിൽ വ്യാഖ്യാനിക്കുകയും ചെയ്യുന്ന കമ്മ്യൂണിസ്റ്റ്പാർട്ടിക്ക് പൂർണ്ണമായി പ്രകടമായിക്കഴിഞ്ഞിട്ടില്ലാത്തവയും പക്ഷേ ഭാവിയിൽ പ്രകടമാകാൻപോകുന്നവയുമായ പ്രവണതകളെ ദർശിക്കാൻ കഴിയും. ഒരു മാർക്സിസ്റ്റ് പാർട്ടി യാതൊന്നും പുതുതായി കണ്ടുപിടിക്കുന്നില്ല. ജീവിതത്തെ അടസ്ഥാനപ്പെടുത്തിയാണ് അതു മുന്നോട്ടുപോകുന്നതു്. എന്നാൽ, അതു് സ്വാഭാവികമായി പൊട്ടിപ്പുറപ്പെടുന്ന പ്രസ്ഥാനങ്ങളുടെ മുമ്പിൽ മാർച്ചുചെയ്തുകൊണ്ടു് വഴികാണിക്കുന്നു. എന്തെന്നാൽ, ജനങ്ങളുടെ മനസ്സിനെ അലട്ടുന്ന പ്രശ്നങ്ങൾക്കു് തക്കസമയത്തു് പരിഹാരങ്ങൾ നിർദ്ദേശിക്കാൻ അതിനു സാധിക്കും.

പാർട്ടിതന്നെ ബഹുജനങ്ങളിൽനിന്നു പഠിച്ചാൽ മാത്രമേ, അതായത്‌ ജനങ്ങളുടെ പ്രായോഗികപ്രവർത്തനങ്ങളിൽനിന്നുയർന്നുവരുന്നവയെല്ലാം ശ്രദ്ധിച്ചു പഠിക്കുകയും ജനങ്ങളുടെ വിവേകത്തെ സ്വായത്തമാക്കുകയുംചെയ്താൽ മാത്രമേ, പാർട്ടിക്കു് ബഹുജനങ്ങളെ നയിക്കാൻ കഴിയുകയുള്ളൂ. ബഹുജനങ്ങളെ പഠിപ്പിക്കാൻ വേണ്ടി ബഹുജനങ്ങളിൽനിന്നു പഠിക്കുക — ഇതാണ്‌ എല്ലാ കമ്മ്യൂണിസ്റ്റ്പാർട്ടികളും അനുഷ്ഠിച്ചുവരുന്ന മാർക്സിസ്റ്റ്-ലെനിനിസ്റ്റ്തത്വം. ചൈനയിലെ കമ്മ്യൂണിസ്റ്റുകാർ ഇതിനെ "ബഹുജനങ്ങളുടെ ലൈൻ" എന്നു വിളിക്കുന്നു.

പാർട്ടിയുടെ അന്തസ്സ് എത്രതന്നെ വലുതായാലും ശരി അതിന്നു മുൻകാലത്തു സമ്പാദിച്ചുവെച്ച രാഷ്ട്രീയമൂലധനംകൊണ്ടുമാത്രം ജീവിക്കാൻ കഴിയില്ല. പാർട്ടി തുടർന്നു വരുന്ന നയങ്ങൾക്കു ബഹുജനങ്ങളുടെ പിന്തുണ നേടിക്കൊണ്ടും പാർട്ടിയെടുക്കുന്ന എല്ലാ നടപടികൾകൊണ്ടും ആ മൂലധനത്തെ ഇടവിടാതെ വർദ്ധിപ്പിക്കേണ്ടതുണ്ടു്. എന്നാൽ, ഒരിക്കലും തെററുപററാത്ത ഒരദ്ധ്യാപകന്റെ മനോഭാവം സ്വീകരിക്കാൻ പാടില്ല. സ്വന്തം വിജയങ്ങളെപ്പററിയും പരാജയങ്ങളെപ്പററിയും പാർട്ടി ബഹുജനങ്ങളോടു തുറന്നു സംസാരിക്കണം. സ്വന്തം ദൗർബ്ബല്യങ്ങളെപ്പററി സംസാരിക്കുവാൻ കമ്മ്യൂണിസ്റ്റുകാർക്കു പേടിയില്ല. തങ്ങളുടെ തെററുകളെ ബഹുജനങ്ങളിൽനിന്നു മറച്ചുവയ്ക്കുന്ന മററു പാർട്ടികൾക്കു ചെയ്യാൻകഴിയാത്ത ഒരു കാര്യമാണിതു്.

4409

PC Library & Research Center

PRINTED AT THE JANAYUGOM PRESS, QUILON.

PC Library & Research Center